
# അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ

## ഒരു പഠനം



ഫാദർ എബ്രഹാം കാടമല & ഫാദർ എബ്രഹാം നടുവിലേടം

www.malankaralibrary.com

# അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ

## ഒരു പഠനം

ഫാദർ ഏബ്രഹാം കാടമല & ഫാദർ ഏബ്രഹാം നടുവിലേടം

www.malankaralibrary.com

*'എന്റെ നാമത്തിൽ പിതാവയയ്ക്കുന്ന പരിശുദ്ധാത്മാവ്......*
*നിങ്ങളെ പഠിപ്പിക്കും' (യോഹ. 14/26).*

# അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ

- പ്രാർത്ഥനായോഗ സഹായിയായ
ഒരു പഠനക്കുറിപ്പ് -

**മഹാജൂബിലി ഒരുക്കവർഷ**
**പ്രസിദ്ധീകരണം**

**പരിശുദ്ധാത്മ നവീകരണ വർഷം**

**1998**

**തിരുവല്ല രൂപത**

www.malankaralibrary.com

Malayalam

**Appostolanmarude Pravarthanangal Oru Padhanam (The Acts of the Apostles - A Study)**

***Authors:*** **Fr. Abraham Kadamala**
**Fr. Abraham Naduviledom**

| | | |
|---|---|---|
| First Published (in booklets) | : | 1998 |
| Published (compilation) | : | 03-07-1999 |
| Printed at | : | Evangel Press,Thiruvalla |
| D.T.P | : | Micro Graphics, Kottayam |
| Copyright | : | The Authors |
| Cover design | : | Rev. Fr. Kuruvilla Parekkadavil |
| Price | : | Rs. 100.00 |
| Published by | : | The Great Jubilee Committee Diocese of Thiruvalla |


www.malankaralibrary.com

# ആമുഖം

മഹാജൂബിലിയുടെ അടുത്ത ഒരുക്കമെന്ന നിലയിൽ പരിശുദ്ധാത്മാവായ ദൈവത്തെ അറിയുന്നതിനും ആത്മാവിൽ കേന്ദ്രീകൃതമായ ആദ്ധ്യാത്മികത ആഴപ്പെടുത്തുന്നതിനും സാർവ്വത്രിക സഭ നീക്കിവെച്ചിരുന്ന വർഷമാണ് 1998. സഭാനവീകരണത്തിന് തുടക്കം കുറിക്കുമ്പോൾ ആദിമസഭയെ അടുത്തറിയുക ആവശ്യമാണ്. സഭാനവീകരണത്തിന് എന്നപോലെ തന്നെ ആത്മനവീകരണത്തിനും ആദിമസഭയുടെ ചൈതന്യം മാർഗ്ഗദർശനം നല്കും.

ആദിമസഭയിൽ പരിശുദ്ധാത്മ നടത്തിപ്പ് എത്ര ശക്തമായിരുന്നു എന്ന് മനസ്സിലാക്കുവാൻ 'പരിശുദ്ധാത്മാവിന്റെ സുവിശേഷം' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ആദിമസഭയുടെ തുലികാചിത്രം കൂടിയായ അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ വായിക്കുകയും ആഴത്തിൽ പഠിക്കുകയും ആവശ്യമാണ്. അതിന് സഹായകമായ ഒരു പഠനക്കുറിപ്പാണിത്. പ്രധാനമായും തിരുവല്ലാ രൂപതയിലെ ഇടവക പ്രാർത്ഥനായോഗങ്ങളെ മുമ്പിൽ കണ്ടുകൊണ്ടാണ് ഇത് തയ്യാറാക്കിയിരുന്നത്. ആഴ്ചതോറും വായിക്കുവാനും പഠിക്കുവാനും പ്രാർത്ഥിക്കുവാനും ആത്മചൈതന്യം ഉൾക്കൊള്ളുവാനും സഹായകമായ വിധത്തിൽ ഇരുപതോളം പഠനക്കുറിപ്പുകൾ തയ്യാറാക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്. നിർദ്ദിഷ്ടസമയ പരിധിക്കുള്ളിൽ 16 പഠനക്കുറിപ്പുകൾ തയ്യാറാക്കി നമ്മുടെ വിശ്വാസികളുടെ കൈയ്യിലെത്തിക്കുവാൻ കഴിഞ്ഞതിൽ ചാരിതാർത്ഥ്യമുണ്ട്.

ആഴ്ചതോറും പ്രാർത്ഥനാ ഗ്രൂപ്പുകളിൽ ഒത്തുചേരുന്ന സാധാരണ വിശ്വാസികൾക്ക് പ്രയോജനപ്പെടണം എന്നതാണ് ഇതിന്റെ പ്രഥമ പരിഗണന. അതേസമയം ഉപരിപ്ലവമായ വായനയെന്നതിലുപരി പഠനാത്മകമായ പരിചിന്തനമാണ് ലക്ഷ്യം വെക്കുന്നത്. വേദപഠനത്തിന്റെ ഒരു സംസ്കാരം (A culture of Bible study) നമ്മുടെ ഇടയിൽ ഇനിയും വളർന്നിട്ടില്ല എന്ന ദുഃഖകരമായ സത്യം നാം അംഗീകരിച്ചേ മതിയാകൂ. ബൈബിൾ പഠനത്തിൽ ഇന്ന് ലോകമെങ്ങും ഒരു പുത്തൻ ഉണർവ്വ് ദൃശ്യമാണ്. കാലത്തിന് മുമ്പേ ഓടാൻ കഴിഞ്ഞില്ലെങ്കിലും ഒപ്പം നടക്കുവാൻ നാം പരിശ്രമം തുടരേണ്ടിയിരിക്കുന്നു.

'അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ' എന്ന പേരിൽ പുതിയ നിയമത്തിലെ അഞ്ചാമത്തെ പുസ്തകമായി ചേർത്തിരിക്കുന്ന തിരുവചനങ്ങൾക്ക് 'പരിശുദ്ധാത്മാവിന്റെ സുവിശേഷം' എന്നോ അല്പംകൂടി വിശാലമായ അർത്ഥത്തിൽ 'പരിശുദ്ധത്രിത്വത്തിന്റെ ആവിഷ്കാര'മെന്നോ പേർ വിളിക്കാവുന്നതാണ്. മഹാജൂബിലിയുടെ അടുത്ത വർഷങ്ങളായ 1997, 1998, 1999 വർഷങ്ങളിൽ യഥാക്രമം മനുഷ്യരക്ഷകനായ യേശുവിനെക്കുറിച്ചും, ജീവദാതാവായ പരിശുദ്ധാത്മാവിനെക്കുറിച്ചും സ്നേഹപിതാവായ ദൈവത്തെക്കുറിച്ചും വിശദമായി പഠിക്കുവാനും ധ്യാനിക്കുവാനും സഭ ലക്ഷ്യം വെച്ചിരിക്കുന്നതിനാൽ ത്രിത്വാവിഷ്ക്കാരമായ അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പഠനം തികച്ചും അവസരോചിതവും പ്രയോജനപ്രദവുമാണ്.

ലോകത്തിലെ വിവിധ സംസ്കാരങ്ങളിൽ ദൈവാവബോധം പ്രകടമായിക്കാണാം. മതാത്മകത ശക്തവുമാണ്. എങ്കിലും വ്യക്തമായ ധാരണ ഉണ്ടെന്നു പറയുവാൻ കഴിയുകയില്ല. എന്നാൽ യഹൂദന്മാരെ സംബന്ധിച്ചു പറഞ്ഞാൽ ദൈവം അവർക്ക് അവ്യക്തമായ ഒരു സങ്കല്പമായിരുന്നില്ല. ജീവനുള്ളതും ജീവിക്കുന്നതുമായ ഒരു ശക്തിയും വ്യക്തിയുമായത്രെ അവർ ദൈവത്തെ കണ്ടത്. ഈ ദൈവാനു

www.malankaralibrary.com

ഭവം അവരിൽ വളർത്തുവാൻ പ്രവാചകന്മാരും തിരുവെഴുത്തുകളും കുറച്ചൊന്നുമല്ല സഹായിച്ചിട്ടുള്ളത്.

മനുഷ്യശരീരത്തിൽ പ്രാണവായുവും രക്തവും സംയോജിച്ച് അതിനെ ഓജസ്സുറ്റതാക്കുന്നതുപോലെ ദൈവാത്മാവ് പ്രപഞ്ചത്തിൽ പ്രവർത്തിക്കുകയും പരിവർത്തിക്കുകയും ചെയ്യുന്നുണ്ട്. എന്നുള്ള കാര്യവും ഇസ്രായേൽ ജനതയ്ക്ക് അജ്ഞാതമായിരുന്നില്ല. ഈ ദൈവം ഉന്നതങ്ങളിൽ വസിക്കുന്നവനെങ്കിലും എളിയ കാര്യങ്ങളിൽ ശ്രദ്ധിക്കുന്നവൻ കൂടിയാണെന്നും, വലിയവനായിരിക്കുമ്പോൾ തന്നെ തങ്ങളോടൊത്തു വസിക്കുന്ന "ഇമ്മാനുവേൽ" (=ദൈവം നമ്മോടു കൂടി) – അണിമയും ഗരിമയും മഹിമയും ഒത്തുചേർന്നവൻ – ആണെന്നും പറയുവാൻ അവർ മടിച്ചില്ല.

ഈ പശ്ചാത്തലത്തിൽ ജീവിച്ച ആദിമ ക്രൈസ്തവർക്ക് ചരിത്രപുരുഷനായ യേശുവിനെക്കുറിച്ച് അവൻ ഇമ്മാനുവേൽ ആണെന്ന് പറയുവാൻ അല്പം പോലും ആലോചിക്കേണ്ടി വന്നില്ല. വചനമായ ദൈവം മാംസം ധരിച്ച് നമ്മോടുകൂടി വസിച്ചു എന്ന് അസന്നിഗ്ദമായി അവർ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തു. മാത്രമല്ല യഹോവയായ ദൈവത്തിന് നൽകി ആദരിച്ചിരുന്ന കർത്താവ്, നാഥൻ, രക്ഷകൻ തുടങ്ങിയ സംബോധനകൾ യേശുവിന് നല്കിക്കൊണ്ട്, യേശുവിലൂടെ ദൈവാനുഭവത്തിന്റെ വ്യക്തമായ അവബോധം തങ്ങൾക്കുണ്ടെന്ന് അവർ സമ്മതിക്കുകയുമാണ് ചെയ്യുന്നത്.

ദൈവികരഹസ്യങ്ങളുടെ ഈ വെളിപാട് ഒരു നിമിഷംകൊണ്ട് നൽകപ്പെട്ടതല്ല. പരമാണുവിൽ നിന്നും പരമോന്നത സൃഷ്ടിയായ മനുഷ്യൻ വരെയുള്ള ജീവജാലങ്ങൾ യുഗങ്ങൾകൊണ്ട് പരിണാമം സംഭവിച്ചതാണെന്ന ഡാർവ്വിന്റെ സിദ്ധാന്തം ശരിയാണെങ്കിലും അല്ലെങ്കിലും ശരി ദൈവത്തെക്കുറിച്ചുള്ള വെളിപാടിന്റെ കാര്യത്തിൽ ഒരു പരിണാമം നമുക്ക് കാണാൻ കഴിയും.

സുദീർഘമായ പഴയനിയമകാലം ത്രിത്വകുടുംബത്തിലെ പിതാവിന്റെ പരിപാലനകാലമായും, സുവിശേഷങ്ങളിലെ യേശുവിന്റെ മനുഷ്യാവതാര വ്യാപാരകാലങ്ങൾ, കാലസമ്പൂർണ്ണതയിലെ വെളിപ്പെടലിന്റെയും പരിത്രാണനത്തിന്റെയും കാലമായും, അപ്പസ്തോല പ്രവർത്തനങ്ങളുടേതായ ഇക്കാലം മനുഷ്യരോടൊത്തുള്ള പരിശുദ്ധാത്മാവിന്റെ സഹവാസകാലമായും കരുതാറുണ്ട്. എന്നാൽ വ്യത്യസ്തമായ മൂന്നു കാലങ്ങളിൽ വേറിട്ടു പ്രവർത്തിച്ചു എന്നു കരുതുന്നതിനേക്കാൾ ഈ മൂവരും എക്കാലവും ഒന്നിച്ച് പ്രവർത്തിച്ചു എന്നു വിശ്വസിക്കുകയാണുത്തമം. അത് ബോദ്ധ്യപ്പെടുവാൻ കാലമിത്രയും വേണ്ടിവന്നു എന്നേ കരുതാനാവൂ.

എന്നാൽ ഇക്കാര്യങ്ങൾ നമുക്ക് ഇന്നും ശരിക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ? ത്രിയേകദൈവത്തിലുൾക്കൊണ്ടിരിക്കുന്ന ദൈവികരഹസ്യം ഉൾക്കൊള്ളുവാൻ എന്ന് ലോകത്തിന് സാധിക്കുന്നുവോ അന്നു മാത്രമേ മനുഷ്യവംശം രക്ഷപ്രാപിക്കുകയുള്ളു. മറ്റു വിധത്തിൽ പറഞ്ഞാൽ ലോകത്തിന്റെ രക്ഷാമന്ത്രമാണ് പരിശുദ്ധത്രിത്വം.

ഇത്ര ഗൗരവമുള്ള ഈ രഹസ്യം വെളിപ്പെടുത്തുവാൻ പ്രവാചകന്മാരെയോ മാലാഖമാരെപ്പോലുമോ അല്ല, സ്വപുത്രനെ തന്നെയാണ് പിതാവ് അയയ്ക്കുന്നത്.

അങ്ങനെ പിതാവിനാൽ അയയ്ക്കപ്പെട്ട പുത്രനാൽ അയയ്ക്കപ്പെട്ട പരിശുദ്ധാത്മാവിനാൽ അയയ്ക്കപ്പെട്ട അപ്പസ്തോലന്മാരുടെ നടപടിപുസ്തകമാണ് നാം പഠിക്കുന്നത്. കേവലം വിദ്യാവിഹീനരും മീൻപിടുത്തക്കാരുമായിരുന്ന ഏതാനും വ്യക്തികളുടെ വീരസാഹസങ്ങളുടെ അനാവരണമല്ല അത്. ഒരു സ്റ്റണ്ട്ചിത്രത്തിലെ അരങ്ങുതകർക്കുന്ന അടിപിടിയെ നോക്കികാണുന്ന മനോഭാവത്തോടെയല്ല ഈ ദൃശ്യാവി

www.malankaralibrary.com

ഷ്കരണത്തെ നാം നോക്കിക്കാണേണ്ടത്. ഇവിടെ ഉരുവാകുന്നതും ഉരുത്തിരിയുന്നതുമായ ദൈവാവിഷ്കരണത്തെ സ്വാംശീകരിക്കുവാനും ഉൾക്കൊള്ളുവാനുമാണ് നാം പരിശ്രമിക്കേണ്ടത്. പുറകോട്ട് പുറകോട്ട് പോകുമ്പോൾ അത് "സർവ്വശക്തനായ പിതാവും ആകാശത്തിന്റെയും ഭൂമിയുടെയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സൃഷ്ടാവുമായ സത്യമുള്ള ഏകദൈവത്തിൽ" ചെന്നെത്തി നില്ക്കുന്നതായി നാം കാണുന്നു. കാരണം പിതാവിന്റെ പ്രവർത്തനമാണ് തുടക്കം മുതലേ അതിനാധാരം. അത് പിതാവിന്റെ പ്രവർത്തനമാണ്; അത് പുത്രന്റെ പ്രവർത്തനമാണ്; അത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ്. ഒപ്പം അത് അപ്പസ്തോലന്മാരുടെ പ്രവർത്തനവുമാണ്. അത് ദൈവത്തിന്റേയും ദൈവത്തോട് ചേർന്നു നിന്ന, ലോകത്തിലെങ്കിലും ലോകത്തിന്റേതല്ലാത്ത മനുഷ്യരുടെയും സംയുക്തസംരംഭമാണ്. ചുരുക്കത്തിൽ ദൈവതൃക്കരങ്ങളിലെ ഉപകരണമായി പ്രവർത്തിച്ച

**അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ.**

ശ്ലീഹാ അഥവാ ശീലോഹാ (യോഹ. 9/7) എന്ന പദത്തിന് പ്രത്യേകമായ ഒരു അർത്ഥവ്യാപ്തി ലഭിക്കുന്നുണ്ട്. ശ്ലീഹാ എന്ന വാക്കിന്റെ അർത്ഥം അയയ്ക്കപ്പെട്ടവൻ എന്നാണ്. അയയ്ക്കപ്പെട്ടവനെപ്പറ്റി ചിന്തിക്കുമ്പോൾ അയച്ചവനെപ്പറ്റി ചിന്തിക്കുവാനാണ് നാം കൂടുതൽ പ്രേരിതരാകുക. കാരണം അയയ്ക്കപ്പെട്ടവന്റെ അസ്തിത്വം അയച്ചവനിലാണ് നിലകൊള്ളുക. അയച്ചവനെക്കൂടാതെ അയയ്ക്കപ്പെട്ടവന് പ്രസക്തിയില്ല. അയച്ചവന്റെ അസ്തിത്വവും ആധികാരികതയുമാണ് അയയ്ക്കപ്പെട്ടവന്റെ ആലംബം. പുത്രനും പരിശുദ്ധാത്മാവും ശ്ലീഹന്മാരും സഭതന്നെയും ശ്ലീഹാ അഥവാ ശീലോഹാ – അയയ്ക്കപ്പെട്ടവൻ – ആണ്. സഭ മിഷനറിയാണ്. തിരുസ്സഭ സ്വഭാവത്താലെ പ്രേഷിതയാണ് – അയയ്ക്കപ്പെട്ടവൾ.

ത്രിത്വരഹസ്യത്തിന് ക്രൈസ്തവ വിശ്വാസത്തിലും ജീവിതത്തിലും എത്രയേറെ പ്രാധാന്യമുണ്ടെന്നറിയുവാൻ നിഖ്യാവിശ്വാസപ്രമാണം പരിശോധിച്ചാൽ മതിയാകും. 115 വാക്കുകൾകൊണ്ട് കൊരുത്ത ആ മന്ത്രത്തിലെ 100 വാക്കുകളും ത്രിത്വത്തെ വിവരിക്കുന്ന ആദ്യത്തെ മൂന്നു ഖണ്ഡികകളിലാണടങ്ങിയിരിക്കുന്നത് (മൂന്നു വാക്യങ്ങളിൽ). ശേഷിച്ച കാര്യങ്ങൾ എല്ലാംകൂടി പറയുവാൻ വെറും 15 വാക്കുകൾ മാത്രം! ഇതിൽനിന്നു വ്യക്തമാകുന്ന സത്യം എന്താണ്? ത്രിത്വാവിഷ്കാരമാണ് വിശ്വാസപ്രമാണത്തിന്റെ പ്രധാന പരിഗണന. ആ അടിസ്ഥാനമുറയ്ക്കാതെ ആരൂഢം ഉറയ്ക്കുകയില്ല എന്നത് വ്യക്തം.

ആരാധനാക്രമത്തിലെ ഏറ്റവും വലിയ മന്ത്രമാണ് 'പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി' എന്നും, 'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ' എന്നുമുള്ള പ്രാർത്ഥനകൾ. ആവർത്തനം പ്രാധാന്യത്തിന്റെ ആധിക്യത്തെയാണല്ലോ ദ്യോതിപ്പിക്കുക. സഭയുടെ ആരാധനയിലും പ്രാർത്ഥനകളിലും കൂദാശകളിലും കൂദാശാനുകരണങ്ങളിലും ആരംഭത്തിലും അവസാനത്തിലും മാത്രമല്ല ഇടയ്ക്കിടയ്ക്കും ഒരു പല്ലവിപോലെ കാർമ്മികൻ ആവർത്തിക്കുന്നതും വിശ്വാസികൾ ഏറ്റുപറയുന്നതുമായ മന്ത്രം ഇതുമാത്രമാണ്. മനസ്സിനെ ഏകാഗ്രമാക്കിയും അന്യചിന്തകളകറ്റിയും പ്രാർത്ഥിക്കുമ്പോൾ പോലും അനുവദനീയമായ 'ഏക അന്യവിചാരം' ഇതു മാത്രമാണ് – ദൈവം ത്രിയേകനാണെന്ന ചിന്ത!

അതുവരെ മറഞ്ഞിരുന്ന ഈ പരമരഹസ്യം ഒന്നാമതായി വെളിപ്പെട്ടത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിനാണ്. (ലൂക്കോ. 1/35).പിന്നീട് സ്നാപകയോഹന്നാനും (മത്താ. 3/13-17), അതിനുശേഷം അപ്പസ്തോലന്മാർക്കും (അപ്പ. 1/4-5; 7-8) ഈ രഹസ്യം വെളിപ്പെടുത്തപ്പെട്ടു.

എന്തിനീ രഹസ്യം വെളിപ്പെടുത്തപ്പെട്ടു? അറിയാനുള്ള മനുഷ്യന്റെ ആകാം

www.malankaralibrary.com

ക്ഷയെ തൃപ്തിപ്പെടുത്തുവാൻ വേണ്ടിയോ? അല്ല. നമ്മുടെ കൂട്ടായ്മയെ ശക്തിപ്പെടുത്തുവാൻ വേണ്ടിയത്രെ ഈ സ്വർഗ്ഗീയ രഹസ്യം നമുക്ക് വെളിപ്പെടുത്തപ്പെട്ടത്. ത്രിത്വക്കൂട്ടായ്മയുടെ സാരാംശത്തിലും സാദൃശ്യത്തിലും (in the image and likeness of God) ആണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് (ഉല്പ. 1/26). ഈ വെളിപാട് നമ്മെത്തന്നെ ആഴത്തിലറിയുവാൻ വഴിയൊരുക്കുന്നു.

"എന്റെ ദൈവമേ ഞാൻ നിന്നെ അറിയട്ടെ നിന്നെ കൂടുതൽ സ്നേഹിക്കുവാൻ''

അഗസ്തിനോസിന്റെ ഈ പ്രാർത്ഥന എത്ര സാരഗർഭമാണ്.

വിശ്വാസപ്രമാണത്തിലെ മൂന്നാം ഖണ്ഡികയിൽ പരിശുദ്ധാത്മാവിനെക്കുറിച്ച് വിവരിച്ചതിനു ശേഷം "കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ തിരുസ്സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു" എന്ന പ്രസ്താവം ശ്രദ്ധിക്കുക. എന്താണതിന്റെ പ്രത്യേകത? ക്രൈസ്തവധർമ്മം കേവലം സ്വകാര്യഭക്തിയല്ലെന്നും മറിച്ച് കൂട്ടായ്മയിൽ കേന്ദ്രീകരിച്ചുകൊണ്ടുള്ളതാണെന്നും അടിവരയിട്ടുറപ്പിക്കുകയാണിവിടെ. ഉദാഹരണം വഴി വ്യക്തമാക്കാൻ ശ്രമിക്കാം. ഇഷ്ടികകൾക്ക് ഓരോന്നിനും അതതിന്റെ തനതായ അസ്തിത്വവും വ്യക്തിത്വവുമുണ്ടെങ്കിലും അവ നിർമ്മിക്കുന്നതു തന്നെ കെട്ടിടം പണിയുടെ ഭാഗമായിട്ടാണ്. തനിയെ ഇരിക്കുവാനല്ല. അവയെ ഒന്നിച്ചുചേർത്ത് കെട്ടിടം പണിയുമ്പോഴേ അവയ്ക്ക് അർത്ഥം കൈവരൂ. അവ തനിയെ ഇരുന്നാൽ പ്രയോജനമില്ലതാനും. മതപരമായ എല്ലാ പ്രവർത്തനങ്ങളുടെയും കർമ്മങ്ങളുടെയും പരിവൃത്തവും പ്രവർത്തനമേഖലയും വ്യക്തികളാണെങ്കിലും പ്രവർത്തനലക്ഷ്യം സാമൂഹികമായ ബന്ധമാണ്. ഈ സാമൂഹിക പ്രതിബദ്ധത അതിന്റെ പരമമായ രീതിയിൽ വിളങ്ങുന്നത് പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യത്തിലാണ്.

മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല (ഉല്പ.2/18). ദൈവം ഏകനായിരിക്കുന്നതും നന്നല്ല., കാരണം 'ദൈവം സ്നേഹമാകുന്നു' (1 യോഹ. 4/8). സ്നേഹത്തിന് ബഹിർഗമിക്കാതെ തന്നിൽത്തന്നെ ഒതുങ്ങിക്കൂടാൻ കഴിയില്ല. സ്നേഹം ഒരിക്കലും തനിയെ ഇരിക്കുന്നില്ല.

ഏകദൈവവിശ്വാസികളായ യഹൂദരോടും മുസ്ലീമുകളോടും ക്രൈസ്തവസഭയ്ക്കുള്ളതുപോലെയുള്ള ചാർച്ചയും ചേർച്ചയും മറ്റൊരു മതവിഭാഗത്തിനുമില്ല, മറ്റൊരു വിഭാഗത്തോടുമില്ല. എന്നിട്ടും അവരോടുള്ള ഐക്യത്തിനുവേണ്ടി ത്രിയേകദൈവമെന്ന അടിസ്ഥാന പ്രമാണത്തെ തള്ളിക്കളയുവാൻ നമുക്ക് സാദ്ധ്യമല്ല. കാരണം ക്രൈസ്തവ വിശ്വാസം പടുത്തുയർത്തപ്പെട്ടിരിക്കുന്നത് ഈ അടിസ്ഥാനത്തിന്മേലാണ്. കടുംപിടുത്തമെന്നു തോന്നാവുന്ന ഈ നിലപാടുപേക്ഷിച്ചാൽ ആ രണ്ട് വെളിപാടു മതങ്ങളോടും (Revealed Religion) ഫലപ്രദമായ സംവാദം സാദ്ധ്യമായേക്കാം. പക്ഷേ അടിസ്ഥാന തത്വത്തെ മറന്നുകൊണ്ടും ആധാരത്തെ അട്ടിമറിച്ചുകൊണ്ടും സത്യത്തെ വിസ്മരിച്ചുകൊണ്ടും ഒരു ഒത്തുതീർപ്പുണ്ടാക്കുന്നത് അപ്രസക്തവും അർത്ഥശൂന്യവുമാണ്. സത്യം ബലികഴിക്കാതെ സൗഹൃദം നിലനിർത്തുവാനേ കഴിയു (എക്യുമെനിസത്തിലും സഭയുടെ നിലപാട് വ്യത്യസ്ഥമല്ല). വെളിപാടുമതമായ യഹൂദമതത്തിന്റെ പൂർണ്ണതയാണ് ക്രിസ്തുമതം; ഇസ്ലാം മതത്തിലും വെളിപാടിന്റെ ലക്ഷണങ്ങൾ കാണാം. യേശുവിനെ രക്ഷകനായി അംഗീകരിക്കുന്നതൊഴിച്ചാൽ ഇവ മൂന്നും തമ്മിൽ ഏറെ സാജാത്യവും സാധർമ്മ്യവും കണ്ടേക്കാം. എന്നാൽ യേശുവിലൂടെ വെളിപ്പെട്ട സത്യത്തെ തിരസ്കരിച്ചാൽ – ആ ദൈവാവിഷ്കാരത്തെ മറന്നാൽ – പിന്നെ ക്രൈസ്തവമതത്തിന് നിലനില്പില്ല. തലയും വാലും മുറിച്ച മത്സ്യത്തിന് വെള്ളത്തിലായാലും ജീവിക്കാൻ കഴിയില്ലല്ലോ. സത്യത്തിന്റെയും

www.malankaralibrary.com

സ്നേഹത്തിന്റെയും ബന്ധത്തിന്റെയും കൂട്ടായ്മയുടെയും ജീവിതം എന്ന അടിസ്ഥാനമാണ് സഭയ്ക്കുള്ളത്.

ദൈവം സ്നേഹമാകുന്നു എന്ന അറിവ് പരിശുദ്ധ ത്രിത്വത്തിലേക്ക് നമ്മെ നയിക്കുന്നു. തനിയെ ആയിരിക്കുമ്പോൾ സ്നേഹിക്കുവാനുള്ള സാദ്ധ്യത തീരെ ഇല്ലാതാകുന്നു. അഥവാ അത് സ്വാർത്ഥതയോ ആത്മസ്നേഹമോ ആയിത്തീരുന്നു. ത്രിത്വത്തിൽ മൂന്നാളുകൾ ഉള്ളതുകൊണ്ട് അവർ പരസ്പരം സ്നേഹിച്ചതാണോ, ദൈവം സ്നേഹമായതുകൊണ്ട് ആ സ്നേഹം മൂന്ന് ആളുകളായി പരിണമിച്ചതാണോ എന്ന് നിശ്ചയിക്കാൻ കഴിയില്ലെങ്കിലും ഒരു കാര്യം ഉറപ്പായിപ്പറയാം. ത്രിത്വത്തിന്റെ രഹസ്യം സ്നേഹത്തിന്റെ രഹസ്യമാണ്; അത് ഐക്യത്തിന്റെ രഹസ്യമാണ്; അത് കൂട്ടായ്മയുടെ രഹസ്യമാണ്; അത് പങ്കുവയ്ക്കലിന്റെ രഹസ്യമാണ്; അത് സ്വയദാനത്തിന്റെ ചൈതന്യമാണ്; അത് സഹനത്തിന്റെ ചൈതന്യമാണ്; അത് സഹകരണത്തിന്റെ ഉദാത്തഭാവമാണ്.

ദൈവസ്നേഹം വർണ്ണിക്കുവാൻ വാക്കുകൾ മതിയാകയില്ല. അത് ആദ്യസ്നേഹമാണ്; അത് അനന്തസ്നേഹമാണ്. ഏകജാതനെ നൽകുവാൻ തക്കവിധമുള്ള സ്നേഹമാണ് (യോഹ. 3/16). സ്നേഹിക്കുന്നവന് മാത്രമേ നൽകുവാൻ കഴിയൂ. സ്നേഹമുള്ളിടത്ത് മാത്രമേ ശൂന്യവല്ക്കരണം സാദ്ധ്യമാകൂ (ഫിലി. 2/7). ജീവൻ കൊടുക്കുക (self-immolation)യാണ് പരമമായ സ്നേഹം, സ്നേഹിതനുവേണ്ടി ജീവൻ കൊടുക്കുന്നത്ര സ്നേഹമാണ് ക്രിസ്തുവിലൂടെ പ്രത്യക്ഷപ്പെട്ട ദൈവസ്നേഹം (യോഹ. 15/13).

യോഹന്നാൻ ദൈവസ്നേഹം വിശദീകരിക്കുമ്പോൾ പറയും: "ദൈവത്തിന്റെ സ്നേഹം നമ്മുടെ ഇടയിൽ വെളിപ്പെട്ടിരിക്കുന്നു. നാം ദൈവത്തെ സ്നേഹിച്ചു. എന്നതിലല്ല, അവിടുന്ന് നമ്മെ സ്നേഹിക്കുകയും നമ്മുടെ പാപങ്ങൾക്ക് പരിഹാരബലിയായി സ്വപുത്രനെ അയയ്ക്കുകയും ചെയ്തു എന്നതിലാണ് സ്നേഹം" (1 യോഹ. 4/10).

വേദപാരംഗതയായ അമ്മ ത്രേസ്യായും കുരിശിന്റെ വിശുദ്ധ യോഹന്നാനും എല്ലാം ദൈവസ്നേഹത്തെ വർണ്ണിക്കുവാൻ വാക്കുകൾ തേടിയലഞ്ഞവരാണ്. യോഗാത്മക (mystical) ചിന്തകരായ അവർക്ക് പോലും തൃപ്തികരമായി അത് വിവരിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന് ഓർക്കുക. പരിശുദ്ധ ത്രിത്വത്തിലെ സ്നേഹവ്യാപാരത്തിന്റെ ചിത്രരൂപത്തിലുള്ള ആവിഷ്കാരമാണ് ഈ പുസ്തകത്തിന്റെ പുറംചട്ടയിൽ വരച്ചിരിക്കുന്നത്. ഒരേ വലിപ്പത്തിലുള്ള മൂന്നു വളയങ്ങൾ ത്രിത്വത്തിലെ മൂന്നാളുകളുടെ സമാനതയെ കാണിക്കുന്നു. ആദ്യത്തെ വളയം പിതാവായ ദൈവത്തെ സൂചിപ്പിക്കുന്നതാണ്. അവിടുന്ന് സ്നേഹമായതിനാൽ ഏകനായി തന്നിൽത്തന്നെ ഒതുങ്ങിയിരിക്കുവാൻ ഇഷ്ടപ്പെട്ടില്ല. പിതാവ് തന്നെത്തന്നെ പുത്രന് പകർന്ന് കൊടുക്കുന്നു. അവൻ സ്നേഹപൂർണ്ണത (fullness of Love) ആയതിനാൽ തന്നെത്തന്നെ പരിപൂർണ്ണമായി പുത്രന് പകർന്നുകൊടുക്കുന്നു. അതാണ് സ്നേഹമൂർത്തിയായ, സ്നേഹത്തിന്റെ മൂർത്തീഭാവമായ പുത്രൻ തമ്പുരാൻ – പിതാവിന്റെ സമ്പൂർണ്ണ സ്നേഹം. ഞാനും പിതാവും ഒന്നാണെന്നും എന്നെക്കാണുന്നവൻ പിതാവിനെ കണ്ടു കഴിഞ്ഞു (യോഹ. 14/9) എന്നും ഉറപ്പിച്ചും തറപ്പിച്ചും ആവർത്തിച്ചും പറയാൻ കാരണം ഇതാണ്. തന്റെ ഉത്ഭവത്തിലും സത്തയിലും അവൻ പിതാവിനെ പൂർണ്ണമായി ഉൾക്കൊണ്ടിരിക്കുന്നു. ഇതാണ് രണ്ടാം വളയം സൂചിപ്പിക്കുന്നത്. പിതാവിന്റെ സത്തയിൽ നിന്നും സ്നേഹത്തിൽ നിന്നും സ്വയദാനാഭിവാഞ്ഛയിൽ നിന്നും ജനിച്ച പുത്രനിലും അതേ സ്നേഹത്തിന്റെ ഭാവഹാവാദികൾ അതേ അളവിൽ കാണാതിരിക്കയില്ലല്ലോ. യഥാപിതാ തഥാ സുതാ. അതിനാൽ പുത്രൻ തന്നെത്തന്നെയും തനിക്കുള്ളതെല്ലാറ്റിനെയും ഒട്ടും പ്രസരണ നഷ്ടംകൂടാതെയും കുറവു വരാതെയും പിടി

www.malankaralibrary.com

ച്ചുവയ്ക്കാതെയും പൂർണ്ണമായി പിതാവിങ്കലേയ്ക്ക് ആത്മദാനം ചെയ്യുന്നു. പിതാവിൽ നിന്നു പുത്രനിലേയ്ക്കും പുത്രനിൽ നിന്ന് തിരിച്ച് പിതാവിങ്കലേയ്ക്കുമുള്ള ഈ ആത്മദാനവും ആദാനപ്രദാനസ്വഭാവവും കേവലം ഒരിക്കൽ മാത്രം നടക്കുന്ന ഒരു കാര്യമല്ല; മറിച്ച് ഒരു നിർത്തും കുടാതെ അവിരാമം അനുസ്യൃതം ഈ സ്നേഹ ചംക്രമണം നടന്നുകൊണ്ടിരിക്കുന്നു. ഗോളങ്ങളുടെ സഞ്ചാരപഥത്തിന് നിർത്തില്ലാത്തതുപോലെ പരമാണുവിന്റെ കേന്ദ്രത്തെ ചുറ്റി അവിരാമം ചലിക്കുന്ന ഇലക്ട്രോൺ പോലെ നിർത്തില്ലാതെ സമ്പുർണ്ണമായ ദൈവസ്നേഹത്തിന്റെ ഈ ആദാനപ്രദാന ചക്രം തിരിഞ്ഞുകൊണ്ടിരിക്കുന്നു. ഇതിനെ സുചിപ്പിക്കുന്നതിനാണ് രണ്ട് വളയങ്ങളെയും യോജിപ്പിച്ചിരിക്കുന്ന മുന്നാമത്തെ വളയം. ഇതാണ് പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്ന (Filioque) സ്നേഹത്തിന്റെ അരുപിയായ പരിശുദ്ധാത്മാവ്. പൗരസ്ത്യ പാരമ്പര്യമനുസരിച്ച് പിതാവിൽ നിന്ന് പുറപ്പെടുകയും പുത്രനിൽ നിന്ന് എടുക്കപ്പെടുകയും ചെയ്യുക എന്ന പ്രയോഗവും ഇതുതന്നെയാണ് സൂചിപ്പിക്കുന്നത്.

ഈ ദൈവസ്നേഹത്തിന്റെ വലയത്തിൽ ഉൾച്ചേർന്നുകൊണ്ട് ആ സ്നേഹ ചലനത്തോടൊപ്പം ചലിക്കുവാൻ നമ്മെത്തന്നെ വിട്ടുകൊടുക്കുന്നതത്രെ മാമോദീസായും മറ്റു കുദാശകളും. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നാം മാമോദീസാ സ്വീകരിക്കുമ്പോഴും ആരാധനാ സമുഹത്തെ ആശീർവദിക്കുമ്പോഴും, പ്രാർത്ഥനകൾ ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്യുമ്പോഴും, പരിശുദ്ധ ത്രിത്വത്തിലെ അല്പവും അകൽച്ചയില്ലാത്ത സ്വല്പവും വിടവില്ലാത്ത, വേർതിരിവില്ലാത്ത, വ്യതിചലനമില്ലാത്ത, ഉച്ചനീചത്വങ്ങളില്ലാത്ത ആത്മദാനത്തിന്റെയും സ്നേഹചംക്രമണത്തിന്റെയും ധാരയിലേക്ക് ഉൾച്ചേരുവാനുള്ള ഉറച്ച തീരുമാനമാണ് എടുക്കുന്നത്. കുദാശകൾ സ്വീകരിച്ചതിനു ശേഷം ഒറ്റപ്പെട്ട് വ്യതിചലിച്ച് മാറിനില്ക്കുവാൻ എങ്ങനെയാണ് കഴിയുക?

ആദിമ ക്രൈസ്തവരെ നോക്കുക:
"വിശ്വാസികളുടെ സമുഹം
ഒരു ഹൃദയവും ഒരാത്മാവും ആയിരുന്നു" (അപ്പ. 4/32)
"ആരും തങ്ങളുടെ വസ്തുവകകൾ സ്വന്തമെന്നവകാശപ്പെട്ടില്ല;
എല്ലാം പൊതുസ്വത്തായിരുന്നു." (അപ്പ. 2/44-47)
അവർ എല്ലാ മനുഷ്യരുടെയും സംപ്രീതിക്ക് പാത്രമാവുകയും ചെയ്തു.

വൈവിധ്യമാർന്ന വസ്തുക്കളെയെല്ലാം ഒന്നിച്ച് ചേർത്തും ഒട്ടിച്ച് ചേർത്തും ഒരു മണി സൗധമാക്കിത്തീർക്കുന്ന സിമന്റുപോലെ, ദൈവാരുപി, ദൈവസ്നേഹാരൂപി എല്ലാ മനുഷ്യരെയും ഒന്നിപ്പിച്ച് ദൈവരാജ്യ രൂപീകരണത്തിൽ എന്നും പ്രവർത്തിച്ചുകൊണ്ടേയിരിക്കുന്നു. നാമതിൽ സഹകരിക്കണം; അനുസ്യൂതം സഹകരിച്ചുകൊണ്ടേയിരിക്കണം. അതിനുള്ള പ്രചോദനം അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളുടെ വ്യാഖ്യാനം വായിക്കുന്നതിലുടെ സമൃദ്ധമായി ലഭിക്കട്ടെ എന്നും സ്നേഹത്തിന്റെ അരുപി നമ്മെ എന്നും പ്രവർത്തന നിരതരാക്കട്ടെ എന്നും പ്രാർത്ഥിക്കുന്നു.

*തിരുവല്ല,*
*3 - 7 - 1999*

*ഫാദർ ഏബ്രഹാം കാടമല*
*ഫാദർ ഏബ്രഹാം നടുവിലേടം*

*(ദുഃഖ്റോനോ തിരുനാൾ) (പരിശുദ്ധാത്മ നവീകരണവർഷം കൺവീനേഴ്സ്)*

www.malankaralibrary.com

# അവതാരിക

സാധാരണയായി പരിശുദ്ധാത്മാവിന്റെ പ്രവർത്തനം മന്ദമാരുതൻ വീശുന്നതുപോലെയത്രേ 1 രാജ. 19/12. ആത്മാവിന്റെ സ്വരം മൃദുവായിരുന്നു. കൊടുങ്കാറ്റിലും അഗ്നിയിലും ഭൂകമ്പത്തിലും കർത്താവില്ലായിരുന്നു. എന്നാൽ സെഹിയോൻ മാളികയിൽ നടന്നത് പരിശുദ്ധാത്മാവിന്റെ അസാധാരണമായ ആവസിപ്പായിരുന്നു. അവിടെ കൊടുങ്കാറ്റും അഗ്നിയുമായി ആത്മാവ് പ്രത്യക്ഷപ്പെട്ട് വളരെ ശക്തിയോടെ അപ്പസ്തോലന്മാരുടെ മേൽ ആവസിക്കുകയാണുണ്ടായത്. അന്ന് വീശിയടിച്ച പരിശുദ്ധാത്മാവിന്റെ നിശ്വസനം ലോകത്തിന് പുതുജീവൻ പകർന്നു. സൃഷ്ടികർമ്മത്തിൽ താൻ മെനഞ്ഞെടുത്ത കളിമൺ പ്രതിമയിൽ സൃഷ്ടികർത്താവ് തന്റെ ജീവശ്വാസം ഊതിക്കയറ്റിയതിനു സമാനമായി പരിശുദ്ധാത്മാവിന്റെ ശക്തമായ ആവാസം മൂലം ശിഷ്യസമൂഹത്തിനു ലഭിച്ച ആത്മചൈതന്യത്തിന്റെ അനുരണനങ്ങളാണ് അപ്പസ്തോലപ്രവർത്തനങ്ങൾ എന്ന പുസ്തകത്തിലൂടെ നമുക്ക് ലഭിച്ചിരിക്കുന്നത്. ഈ വസ്തുത കണക്കിലെടുത്താണ് പരിശുദ്ധാത്മവർഷമായ 1998-ൽ അപ്പസ്തോല പ്രവർത്തനങ്ങൾ എന്ന പുസ്തകം പ്രത്യേകമായ പഠനത്തിനും ധ്യാനചിന്തക്കുമായി തിരുവല്ലാ രൂപത തെരഞ്ഞെടുത്തത്. 16 ലഘുലേഖകളുടെ രൂപത്തിൽ അവ പ്രസിദ്ധീകരിച്ച് സൗജന്യമായി വിതരണം ചെയ്യുകയായിരുന്നു. അവയെല്ലാം കൂടി സമാഹരിച്ച് ഇപ്പോൾ പുസ്തകരൂപത്തിൽ ആക്കിയിരിക്കുകയാണ്. പ്രധാനമായും നമ്മുടെ പ്രാർത്ഥനായോഗങ്ങൾക്ക് സഹായിയായിട്ട് ഉദ്ദേശിച്ചാണ് ഈ പുസ്തകം എഴുതപ്പെട്ടത്. സാധാരണക്കാരായ വായനക്കാർക്ക് പോലും ഗ്രഹിക്കാൻ കഴിയുന്നവണ്ണം ലളിതമാണീ ഗ്രന്ഥം. എന്നാൽ ദൈവശാസ്ത്ര വിദ്യാർത്ഥികൾ, സന്യാസിനികൾ എന്നുവേണ്ട എല്ലാ തലത്തിലും പ്രായത്തിലും ഉള്ളവർക്ക് വളരെ പ്രയോജനപ്രദവും ആണ്. പ്രായോഗികവും വിപ്ലവാത്മകവുമായ ആശയങ്ങളും ഇവിടെ കണ്ടെത്താൻ കഴിയും. മൂലഗ്രന്ഥകർത്താവായ വിശുദ്ധ ലൂക്കോസിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്ക് തെല്ലും ശോഷണം സംഭവിക്കാതെ അവതരിപ്പിക്കുവാൻ കഴിഞ്ഞു എന്ന് ഇതിന്റെ രചയിതാക്കൾക്ക് അഭിമാനിക്കാം. എല്ലാ വായനക്കാർക്കും പരിശുദ്ധാത്മനിറവു ലഭിക്കുമാറാകട്ടെ എന്ന് ആശംസിക്കുന്നു.

*ഗീവറുഗീസ് മാർ തീമോത്തിയോസ്*
*തിരുവല്ല മെത്രാൻ*

www.malankaralibrary.com

# ആസ്വാദനം

**'അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ – പ്രാർത്ഥനായോഗ സഹായിയായ ഒരു പഠനക്കുറിപ്പ്'** – എന്ന തലക്കെട്ടിൽ പ്രിയപ്പെട്ട കാടമല ഏബ്രഹാം അച്ചനും. നടുവിലേടം ഏബ്രഹാം അച്ചനും കൂടി തയ്യാറാക്കിയ ചിന്തോദ്ദീപകമായ ബൈബിൾ വിചിന്തനക്കുറിപ്പുകൾ, പൊതുവായ താല്പര്യത്തെ മാനിച്ച് പുസ്തക രൂപത്തിൽ പുറത്തിറക്കുകയാണ്. പരിശുദ്ധാത്മാവിന് പ്രതിഷ്ഠിക്കപ്പെട്ട 1998-ൽ തിരുവല്ലാ രൂപത പഠനവിഷയമാക്കിയ വേദഭാഗമാണ് അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ. പരിശുദ്ധാത്മാവിന്റെ സുവിശേഷം എന്ന അപരനാമത്തിൽ അതറിയപ്പെടുന്നു എന്നതാണ് ആ തീരുമാനം എടുക്കുവാൻ രൂപതാ നേതൃത്വത്തേയും, ജൂബിലി ഒരുക്ക വർഷക്കമ്മറ്റിയേയും പ്രേരിപ്പിച്ചത്. സഭയുടെ തൂണുകളായ അപ്പസ്തോലന്മാരുടേയും, അനിഷേദ്ധ്യരായ സഭാനേതാക്കന്മാരുടേയും, ഉൾത്തുടിപ്പും, ഹൃദയതാളവുമായി സഭയിൽ അന്തര്യാമിയായി വർത്തിക്കുന്ന പരിശുദ്ധാത്മാവിനേയും, ആത്മാവിന്റെ പ്രേരണ അനുസരിച്ച് രൂപപ്പെടുത്തിയ സഭയുടെ ആദ്യകാല ജീവിതശൈലിയേയും അനുവാചകർക്ക് പരിചയപ്പെടുത്തുകയാണ് ഈ പ്രബന്ധങ്ങളിലൂടെ.

പ്രാർത്ഥനായോഗ സഹായിയായിട്ടാണ് ഈ പ്രബന്ധങ്ങൾ രചിച്ചിട്ടുള്ളത്. രണ്ടാം വത്തിക്കാൻ കൗൺസിലിനെ തുടർന്ന് കത്തോലിക്കാ സഭയിലെ ഇതര റീത്തുകളിൽ B.C.C - അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ എന്ന പേരിൽ ' ആത്മീയ അയൽ കൂട്ടായ്മകൾ' രൂപപ്പെട്ടു വരുന്നത് നാം കാണുന്നു. നമ്മുടെ സഹോദരീ സഭകളിൽ വായനകൂട്ടം എന്നും, ഇടവക കൂട്ടായ്മ എന്നും, വാർഡ് യോഗം എന്നും പല പേരുകളിൽ ഇതറിയപ്പെടുന്നു. നമ്മുടെ സഭയിൽ പ്രാർത്ഥനായോഗം എന്നാണ് ഇതറിയപ്പെടുന്നത്. പ്രാർത്ഥന യോഗത്തിന് നമ്മുടെ സഭയുടെ ആരംഭം മുതൽ പ്രചുരപ്രചാരം ലഭിച്ചിട്ടുള്ളതുമാണ്. ഒരു പ്രദേശത്ത് വസിക്കുന്ന ക്രൈസ്തവർ ഒരുമിച്ച് വന്ന് പ്രാർത്ഥിക്കുന്നതിനും സൗഹൃദം പങ്കു വയ്ക്കുന്നതിനും അവരുടെ പ്രത്യേക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും ആപത്തിലും, രോഗത്തിലും, മരണത്തിലും പരസ്പരം താങ്ങും തണലുമായി വർത്തിക്കുന്നതിനും കൂട്ടായ്മകൾ ഏറെ സഹായിക്കുമെന്നതിൽ സംശയമില്ല. ഇടവകയുടെ ഹൃദയത്തുടിപ്പുമായി, ക്രൈസ്തവീകതയുടെ നാഡീസ്പന്ദനമായി മറ്റുള്ളവർ പ്രാർത്ഥനാക്കൂട്ടായ്മകളെ തിരിച്ചറിയുന്നു. ഇതര മതസ്ഥരെക്കൂടി ആകർഷിക്കുവാൻ ക്രൈസ്തവ കൂട്ടായ്മകൾക്ക് കഴിഞ്ഞിട്ടുണ്ട്. അവർ അവയെ അനുകരിച്ചു വരുന്നത് നാം കാണുകയും ചെയ്യുന്നു. ഈ കൂട്ടായ്മ നമ്മുടെ രൂപതയിൽ ശക്തിപ്പെടുത്തണമെന്നും, ഇടവക തോറും സജീവമാക്കണമെന്നും നാമാഗ്രഹിക്കുകയാണ്. അതിന്റെ ഏകീകരണത്തിനും ശക്തീകരണത്തിനും ഉള്ള ഒരു മാർഗ്ഗമെന്ന നിലയിൽക്കൂടിയാണ് ഈ സംരംഭം സമാഹരിച്ചത്. ഈ വേദിയിലൂടെ വിശുദ്ധഗ്രന്ഥത്തെക്കുറിച്ചും ക്രൈസ്തവ പുണ്യങ്ങളെക്കുറിച്ചും ദൈവിക രഹസ്യങ്ങളെക്കുറിച്ചും ഉൾക്കാഴ്ച ഉള്ളവരായി ദൈവജനം രൂപപ്പെടണമെന്ന് ആഗ്രഹിച്ചതിന്റെ ഫലമായിട്ടാണ് ഇതുപോലൊരു

www.malankaralibrary.com

പദ്ധതിയുടെ രൂപകല്പന തയ്യാറായത്.

തിരക്കേറിയ ജീവിതചുറ്റുപാടുകൊണ്ട് അത്യാവശ്യകാര്യങ്ങൾപോലും ചെയ്യവാൻ സാധിക്കാതെ പരാതിയും പരിഭാവവും പഴിചാരലുമായി ഊരുചുറ്റുന്ന ഇന്നിന്റെ മനുഷ്യൻ, പള്ളിയിലെ 'അത്യാവശ്യകാര്യങ്ങളിൽ' മാത്രം സംബന്ധിച്ച് സ്വയം തൃപ്തിയടയുവാൻ ബോധപൂർവ്വമായോ അല്ലാതെയോ ശ്രമിക്കുകയാണ്. ഇവിടെയാണ് പ്രാർത്ഥനയോഗങ്ങൾ അർത്ഥപൂർണ്ണമായും പ്രയോജനകരമായും നടതതേണ്ടത് അത്യന്താപേക്ഷിതമായി മാറുന്നത്. 'വേദപുസ്തകത്തെക്കുറിച്ചുള്ള അജ്ഞതയെ ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞത' എന്നാണഅ വേദപാരംഗതനും വേദപുസ്തകപണ്ഡിതനും ഭാഷ്യകാരനുമായ വിശുദ്ധ ജെറോം വിശേഷിപ്പിക്കുന്നത്. "ക്രിസ്തുവിനെക്കുറിച്ചുള്ള ജ്ഞാനം കുടുതൽ വിലയുള്ളതാകയാൽ, സർവ്വവും നഷ്ടമായിത്തന്നെ ഞാൻ പരിഗണിക്കുന്നു. അവനെപ്രതി ഞാൻ സകലവും നഷ്ടപ്പെടുത്തുകയും ഉച്ഛിഷ്ടംപോലെ കരുതുകയുമാണ്. ഇത് ക്രിസ്തുവിനെ നേടുന്നതിനുവേണ്ടയത്രെ" (ഫിലി. 3/8).

ആഴത്തിലുള്ള ദൈവാനുഭവത്തിനായി മനുഷ്യൻ പലയിടങ്ങളിലും ചേക്കേറുകയാണ്. എന്നാൽ വചനാഭിമുഖ്യവും അടിത്തറയുമുള്ള മലങ്കരസഭയുടെ പൈതൃകത്തെ പുണരുകയും പുനർജീവിപ്പിക്കുകയും അതിൽ പുനർജനിക്കുകയും ചെയ്യേണ്ട കാലഘട്ടമാണിത്. ബഹുമാനപ്പെട്ട വൈദികനും പ്രിയപ്പെട്ട കമ്മറ്റി അംഗങ്ങളും ഇതിൽ താല്പര്യത്തോടെ നേതൃത്വം നൽകുന്നു എന്നത് ആശാവഹമാണ്.

''അവന്റെ വചനം എന്റെ കാലുകൾക്ക് വിളക്കും ഊടുവഴികൾക്ക് പ്രകാശവുമാകുന്നു" (സങ്കീ. 119/105). ദൈവതിരുമനസ്സിന് കീഴ്വഴങ്ങുക എന്നതാണ് മനുഷ്യമഹത്വം. തിരുവചനത്തിലൂടെയാണ് നാം ദൈവതിരുമനസ്സറിയുന്നത്. ദൈവവചനത്തിന്റെ ഉൾപ്പൊരുൾ ഉറപ്പിച്ചുകൊടുക്കുക എന്നത് ആത്മീയ ഗുരുക്കന്മാരുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യമാണ്. മാറിമാറിയും മാറിമറിഞ്ഞും വരുന്ന സംസ്കാര വിഭ്രംശത്തിൽ, മാറ്റമില്ലാത്ത സത്യത്തെ പ്രഘോഷിക്കേണ്ടതും മനുഷ്യമനസ്സാക്ഷിയെ രൂപപ്പെടുത്തേണ്ടതും ശക്തിപ്പെടുത്തേണ്ടതും ഏറ്റവും ആവശ്യമായി വന്നിരിക്കുന്നു. ദൈവവചനത്തിന്റെ ശക്തിയെ വെളിപ്പെടുത്തുവാനും അതിന്റെ ആഴവും പരപ്പും ദ്യോതിപ്പിക്കുവാനും അതിനുള്ള പ്രത്യുത്തരമെന്തായിരിക്കണമെന്ന് സംശയമെന്യേ അവതരിപ്പിക്കുവാനും ഗ്രന്ഥകർത്താക്കൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന് ഞാൻ കരുതുന്നു. "ദൈവവചനം തേനിനെയും തേൻകട്ടയെക്കാളും മധുരമുള്ളതാണ്" (സങ്കീ. 19/10: 119/103) എന്ന സത്യം അന്വർത്ഥമാക്കത്തക്കവിധത്തിൽ വിഷയവിശകലനം നടത്തുന്നതുകൊണ്ട് ഏറെപ്പേർ താല്പര്യത്തോടെ ഇത് വായിച്ചിട്ടുണ്ട്. ചുരുങ്ങിയ വാക്കുകളിൽ ഏറെക്കാര്യങ്ങൾ അവതരിപ്പിക്കുന്ന ഓജസ്സുറ്റ ശൈലി വായനക്കാരുടെ പ്രശംസ ഇതിനകം നേടിക്കഴിഞ്ഞിട്ടുണ്ട്:

> "ഇന്നത്തെ നമ്മുടെ സമൂഹത്തിന്റെ ചിത്രമെന്താണ്? വ്യക്തിബന്ധങ്ങൾ നേർത്തു നേർത്ത് വരുന്നതായി നാം കാണുന്നു. ഏകാകിത്തവും ഒറ്റപ്പെടലുകളും അന്യഥാബോധവും അധികമധികം അനുഭവപ്പെടുന്നതായി നാമറിയുന്നു. മനുഷ്യന്റെ അകൽച്ചയും ഒറ്റപ്പടലും എത്ര ഏറെയാണ്!..... അപ്പത്തിന്റെ വിശപ്പോ, വെള്ളത്തിന്റെ ദാഹമോ അല്ല ഇന്നത്തെ ഏറ്റവും വലിയ പ്രശ്നം. പ്രത്യുത ഈ അകൽച്ചയുടെ പ്രശ്നമാണ്.''

പേജ് 4. പ്രബന്ധാവലി നമ്പർ 2)

www.malankaralibrary.com

"ലോകം ഇന്ന് ഒരു കൊച്ചുഗ്രാമം പോലെ ചെറുതായി കഴിഞ്ഞു. ഇനി ചെറുതാകേണ്ടത് ലോകത്തിൽ ജീവിക്കുന്ന നാമോരോരുത്തരുമാണ്. മനുഷ്യൻ തന്നിലെ രം വിട്ടുകളഞ്ഞ് ചെറുതാകണം."

(പേജ് 8, പ്രബന്ധാ. 6)

"ഏതു സുവിശേഷ പ്രചാരകനും അറിഞ്ഞിരിക്കേണ്ട സത്യമാണിത്. മറ്റൊരാളുടെ തെറ്റായ മനസ്സമാധാനം തകർക്കുവാനും, കുറ്റകരമായ അനാസ്ഥയെ കുറ്റപ്പെടുത്തുവാനും നിഷ്ക്രിയത്തത്തെ തട്ടിയുണർത്തുവാനും സുവിശേഷത്തിന് കഴിയണം. അവിടെ വീണ്ടുവിചാരത്തിന്റെ ഒരു കൊച്ചുവിത്തു വിതയ്ക്കാൻ കഴിഞ്ഞാൽ, ഒരുപക്ഷേ മാനസാന്തരത്തിലേക്കുള്ള ആദ്യത്തെ കാൽവെയ്പായിരിക്കും അത്. ശ്രോതാവിന്റെ മനസ്സിൽ ഒരു കൊച്ചു ചോദ്യചിഹ്നം ഇട്ടാൽ ബാക്കി പരിശുദ്ധാത്മാവ് ഏറ്റെടുത്തുകൊള്ളും."

പേജ് 10, പ്രബന്ധാ. 16)

"ഈ വചനങ്ങൾ നമ്മെ വെല്ലുവിളിക്കുകയാണ്. നാമെത്ര ഉന്നതരാകട്ടെ, എളിയവരാകട്ടെ; ഇല്ലായ്മയിലോ രോഗശയ്യയിലോ ആകട്ടെ നാം ക്രിസ്തുവിനെ പ്രഘോഷിക്കുകതന്നെ വേണം. അതും വല്ലപ്പോഴുമല്ല, ദിനംപ്രതി."

(പേജ് 16, പ്രബന്ധാ. 16)

ഇങ്ങനെ ഉദാത്തമായ ഉപദേശങ്ങളാലും തുളച്ചു കയറുന്ന വാഗ്പ്രയോഗത്താലും അനുവാചകർക്ക് സംതൃപ്തി പകരുന്ന ആഖ്യാനശൈലി ഏറെ പ്രശംസനീയമാണ്. ആംഗലേയ സാഹിത്യകാരനായ ഫ്രാൻസീസ് ബേക്കൺ പുസ്തകങ്ങളെ മൂന്നു ഗണമായി തിരിക്കുന്നുണ്ട്: വായിക്കാത്തവ; വയിച്ചു തള്ളേണ്ടവ; വായിച്ചുകൊള്ളേണ്ടവ; വീണ്ടും വീണ്ടും വായിക്കേണ്ടവ. ഒരിക്കലും മടുപ്പുകൂടാതെ വായിക്കാൻ സാധിക്കുന്നവയാണല്ലോ വേദഗ്രന്ഥങ്ങളെല്ലാം തന്നെ. ഒരു പ്രാവശ്യം മാത്രം വായിച്ചു തള്ളാനുള്ളവയല്ല ഇവ എന്നു പറഞ്ഞാൽ, വരികളിലും വാക്കുകളിലും കുത്തിനിറച്ചിരിക്കുന്ന ആശയസമ്പത്ത് പല ആവർത്തി വായിച്ചാൽ മാത്രമേ ഗ്രഹിക്കാൻ കഴിയു എന്ന് സൂചിപ്പിക്കുകയാണ്.

ഈ പ്രബന്ധാവലി പലയിടങ്ങളിലും പാഠ്യസഹായിയായിത്തന്നെ ഉപയോഗിക്കുന്നു എന്നറിയുവാൻ കഴിഞ്ഞു. ദൈവവചനത്തിന്റെ സമ്പന്നതയും സാന്ദ്രതയും കാട്ടിക്കൊടുക്കുന്നതിൽ ഈ ചെറുഗ്രന്ഥം ഒരു വലിയ സഹായമാകുന്നു എന്നാണതിന്റെ അർത്ഥം. കാലത്തിന്റെ കാലൊച്ചകൾ കേൾക്കുവാനും ചുവരെഴുത്തുകൾ വായിക്കുവാനും ദൈവവചനം കൊണ്ട് അവയെ ശുദ്ധീകരിക്കുവാനും നാമേവരും വിളിക്കപ്പെട്ടവരാണെന്ന് ഓർക്കാം.

എന്നെ സംബന്ധിച്ചിടത്തോളം ഈ പദ്ധതിയുമായി സഹകരിക്കുവാനും നിർദ്ദേശങ്ങൾ നല്കുവാനും കഴിഞ്ഞത് അനുഗ്രഹപ്രദമായി കരുതുന്നു. തിരുവല്ലാ രൂപതയിലെ രണ്ടു വൈദികർക്ക് അവരുടെ തുടർച്ചയായ കൂട്ടായ്മയും പ്രാർത്ഥനയും പഠനവും പര്യാലോചനയും വഴിയായി ദൈവജനത്തിന് എക്കാലവും പ്രയോജനപ്രദമായ ഒരു പുസ്തകം രൂപപ്പെടുത്തുവാൻ കഴിഞ്ഞു എന്നത് സഹോദരവൈദികർക്ക് മാതൃകയും വഴികാട്ടിയുമാണ്. ഈ വഴിയെ ചരിക്കുവാൻ പിൻമുറക്കാർ ഉണ്ടാകട്ടെ എന്നാണെന്റെ അഭിലാഷവും ആശംസയും. ആരാധനാപരവും ആത്മീകവു

www.malankaralibrary.com

മായ നല്ല പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും സഭയുടെ വിശ്വാസ സത്യങ്ങളെക്കുറിച്ച് തെറ്റുവരാത്ത. വിശദീകരണങ്ങളും ദൈവജനത്തിന് ഏറെ പ്രിയങ്കരമെന്ന് കുറച്ചുനാളത്തെ പരിചയത്തിൽ നിന്നും എനിക്കേറെ ബോദ്ധ്യമായിട്ടുള്ള വസ്തുതയാണ്. കാലത്തിന്റെ ആവശ്യമനുസരിച്ച് തങ്ങളുടെ ദൈവവിളിയോട് പ്രത്യുത്തരിച്ചതിന്റെ പ്രത്യക്ഷഫലവും പ്രതിഫലനവുമെന്ന് ഈ സംരംഭത്തെ വിശേഷിപ്പിക്കാം. ഈ ദൃശമായ പ്രവർത്തനങ്ങൾ ഉദാത്തമാണ്. സഭയെ ഉറപ്പിക്കുവാനും സമൂഹത്തെ ഉണർത്തുവാനും തങ്ങളുടെ വിളിയിൽ വളരുവാനും വൈദികരെ അവ സഹായിക്കുമെന്നതിൽ തർക്കമില്ല. നാം ഉണർന്നു പ്രവർത്തിക്കേണ്ട സമയമാണിതെന്നതിൽ സംശയമില്ല.

പ്രിയപ്പെട്ട കാടമലയച്ചനും നടുവിലേടത്തച്ചനും അവരോടുകൂടി സഹകരിച്ച എല്ലാവർക്കും അഭിനന്ദനത്തിന്റെയും ആസ്വാദനത്തിന്റെയും പൂച്ചെണ്ടുകൾ. തങ്ങളുടെ വിളിയിലുള്ള വിശ്വസ്തത നിലനിർത്തുവാനും നിറവേറ്റുവാനും വായനക്കാർക്ക് ഈ ഗ്രന്ഥം സഹായകമാകട്ടെ എന്നും, ആദിമസഭയുടെ ചൈതന്യത്തിൽ 21-ാം നൂറ്റാണ്ടിലെ സഭയുടെ പാത തെളിക്കുവാൻ ഈ പഠനക്കുറിപ്പുകൾ പഠിതാക്കൾക്ക് മാർഗ്ഗദർശനം പകരട്ടെ എന്നും പ്രാർത്ഥിച്ചുകൊണ്ട്, അനുവാദകന്റെ ആവേശത്തോടെയും ആസ്വാദകന്റെ ആത്മഹർഷത്തോടെയും അനുവാചകസമക്ഷം ഈ വേദപുസ്തകഭാഷ്യം അവതരിപ്പിച്ചുകൊള്ളട്ടെ.

ദൈവം അനുഗ്രഹിക്കട്ടെ.

*മേരിഗിരി, തിരുവല്ല*
*03 - 07 - 1999*

*സ്നേഹപൂർവ്വം കൊച്ചുപിതാവ്*
*തോമസ് മാർ കൂറീലോസ്*

www.malankaralibrary.com

## ഉള്ളടക്കം


| അദ്ധ്യായം | പ്രമേയങ്ങൾ | പേജ് |
|---|---|---|
| | ആമുഖം | III |
| | അവതാരിക | IX |
| | ആസ്വാദനം | X |
| | ഉള്ളടക്കം | XIV |
| അപ്പ. 1/1-11 | **പ്രബന്ധാവലി നമ്പർ - I** | |
| | **അതിർത്തികൾ വരെ സാക്ഷികൾ** | |
| | പൊതുവായ ആമുഖം | 1 |
| | സഭയെ രൂപപ്പെടുത്തുന്ന ഘടകങ്ങൾ | 1 |
| | സാക്ഷിയായിരിക്കുക | 2 |
| | പ്രാർത്ഥനയിൽ ഒന്നിക്കുന്ന സമൂഹം | 3 |
| | തിരുവുത്ഥാനം, സ്വർഗ്ഗാരോഹണം | 3 |
| | ആദിമ ക്രൈസ്തവരുടെ വിശ്വാസബോദ്ധ്യം | 5 |
| | ആത്മാഭിഷേക വാഗ്ദാനവും കാത്തിരിപ്പും | 5 |
| | പരിശുദ്ധാത്മാവ്: വ്യക്തിയും ശക്തിയും | 8 |
| | കേയോസും കോസ്മോസും | 9 |
| | പ്രപഞ്ചത്തിൽ ക്രമംതെറ്റിയ ഏകസ്ഥാനം-മനുഷ്യമനസ്സ് | 9 |
| | ആവാസം വ്യഷ്ടിയിലും സമഷ്ടിയിലും | 11 |
| | ദൈവരാജ്യം: ഒരവസ്ഥ | 12 |
| | ദൈവരാജ്യം: ആത്യന്തികരക്ഷ | 13 |
| | ദൈവരാജ്യം: പ്രത്യേകതകൾ | 13 |
| | സാർവ്വത്രികദൗത്യം | 14 |
| | ക്രിസ്തീയ ജീവിതം = സാക്ഷ്യജീവിതം | 15 |
| | കർത്താവിന്റെ പുനരാഗമനം | 15 |
| | വിശ്വാസം: മരണാനന്തരജീവിതത്തിലും അന്ത്യവിധിയിലും | 16 |
| | മനുഷ്യപുത്രന്റെ പ്രത്യാഗമനം = വിധിയാളന്റെ വരവ് | 16 |
| | **പ്രബന്ധാവലി നമ്പർ - 2** | |
| | **സഭയെ നയിക്കുകയും സഭയിൽ തുടരുകയും ചെയ്യുന്ന പരിശുദ്ധാത്മ സാന്നിദ്ധ്യം** | |
| | യേശുവിനെ വേണം സഭയെ വേണ്ട | 2 |
| | സഭയെപ്പറ്റി കേൾക്കുന്ന പരാതികൾ | 3 |
| | ഇന്നത്തെ നമ്മുടെ ദൗത്യം | 4 |
| | സഭയെഴുതിയ പുസ്തകം | 5 |
| | ഗ്രന്ഥകാരന്റെ ലക്ഷ്യം | 7 |
| | നവീകരണം സഭയ്ക്കുള്ളിൽ | 9 |
| | സഭയും സമൂഹവും | 11 |
| | സഭയും രാഷ്ട്രീയവും | 11 |
| | സഭയുടെ സാർവ്വത്രികത | 12 |


www.malankaralibrary.com

## ഉള്ളടക്കം



| അദ്ധ്യായം | പ്രമേയങ്ങൾ | പേജ് |
|---|---|---|
| അപ്പ. 1/12-16 | **പ്രബന്ധാവലി നമ്പർ - 3** | |
| | **രൂപീകൃതമാകുന്ന സഭാസമൂഹം** | |
| | അപ്പസ്തോലന്മാരും അടിത്തറയും | 3 |
| | സഭാസമൂഹത്തിൽ നമ്മുടെ സ്ഥാനം | 4 |
| | പന്ത്രണ്ടു പേർ ആരൊക്കെ | 5 |
| | സ്വാധീനം പുലർത്തിയ മൂന്നു സ്ഥലങ്ങൾ | 8 |
| | ഏകമനസ്സോടെ പ്രാർത്ഥനയിൽ | 9 |
| | നമ്മുടെ പ്രാർത്ഥന എപ്രകാരമായിരിക്കണം | 11 |
| | സ്വാധീനം പുലർത്തിയ മൂന്നു കൂട്ടർ | 11 |
| | നായകൻ കടിഞ്ഞാൺ കയ്യിലെടുക്കുന്നു | 12 |
| | യൂദാസിന്റെ പതനം | 13 |
| | ഒരു വിടവ് നികത്തലും വിളക്കിചേർക്കലും | 14 |
| | അപ്പസ്തോലത്വത്തിനുള്ള യോഗ്യത | 15 |
| | **പ്രബന്ധാവലി - 4** | |
| 1/17-36 | **പരിശുദ്ധാത്മാവിനാൽ സമ്പന്നമായ സഭ** | |
| | പരസ്യജീവിതത്തിലെ യേശുവും ആദിമസഭയിലെ യേശുവും | 2 |
| | രക്ഷാകര ചരിത്രത്തിന്റെ മൂന്നു ഘട്ടങ്ങൾ | 4 |
| | ജറുസലേമിന്റെ കേന്ദ്രീയത | 5 |
| | ക്രൈസ്തവസ്ഥിരത പ്രാപിക്കുക | 6 |
| | സുവിശേഷമറിയിക്കുക; കുദാശയായി മാറുക | |
| | ജീവിതം നവീകരിക്കപ്പെടുക | 6 |
| | പെന്തിക്കോസ്തിയും സഭയുടെ തുടക്കവും | 8 |
| | ബാബേൽ സംഭവം, ബാബേൽ അനുഭവം | 9 |
| | അസ്ഥികളുടെ താഴ്വര | 11 |
| | ആത്മാവ് എല്ലാവരുടെയും മേൽ | 12 |
| | കൂദാശകളും പരിശുദ്ധാത്മപ്രവർത്തനവും | 12 |
| | പരിശുദ്ധാത്മാവേ വരണമേ | 13 |
| | **പ്രബന്ധാവലി നമ്പർ - 5** | |
| 2/1-13 | **പരിശുദ്ധാത്മാവിന്റെ ആഗമനം** | |
| | പെന്തിക്കോസ്തി സംഭവം എങ്ങനെ മനസ്സിലാക്കാം | 2 |
| | ഉത്ഥാന ഞായറോ പെന്തിക്കോസ്തി ഞായറോ | 2 |
| | ആത്മാഭിഷേകത്തെപ്പറ്റി യേശു | 3 |
| | ഭാഷാവരത്തെപ്പറ്റി വി. പൗലോസ് | 4 |
| | എന്താണ് പെന്തിക്കോസ്തി | 5 |
| | ദൈവനിയമങ്ങളെ ഓർക്കുന്ന ദിനം | 7 |
| | കൂട്ടായ്മയുടെ പ്രസക്തി വർദ്ധിക്കുന്നു | 8 |



www.malankaralibrary.com

## ഉള്ളടക്കം


| അദ്ധ്യായം | പ്രമേയങ്ങൾ | പേജ് |
|---|---|---|
| അപ്പ, 2/1-13 | ആത്മാവിന്റെ അലയടി | 9 |
| | അഗ്നിജ്വാലകളുടെ അർത്ഥം | 9 |
| | ഭാഷാവരത്തെ എങ്ങനെ മനസ്സിലാക്കാം | 10 |
| | ആകാശത്തിൻ കീഴുള്ള ജനപദങ്ങൾ | 11 |
| | ഒന്നിപ്പിക്കുന്ന രണ്ടു കാര്യങ്ങൾ | 12 |
| | ഗലീലിയായുടെ പ്രത്യേകതകൾ | 13 |
| | നാനാത്വത്തിലെ ഏകത്വം | 14 |
| | അർത്ഥം തേടുന്ന മനുഷ്യൻ | 14 |
| | പുതുവീഞ്ഞിന്റെ അനുഭവം | 15 |
| | **പ്രബന്ധാവലി നമ്പർ – 6** | |
| 2/14-41 | **പത്രോസിന്റെ പ്രസംഗം** | |
| | സഭയിലെ ആദ്യത്തെ സുവിശേഷ പ്രസംഗം | 1 |
| | പത്രോസിന്റെ പരമാധികാരം | 3 |
| | മൂന്നാം മണിക്കൂറിന്റെ പ്രത്യേകത | 5 |
| | യൂദന്മാർ | 6 |
| | ആദ്യത്തെ സുവിശേഷ പ്രസംഗത്തിലെ പ്രമേയങ്ങൾ : | 6 |
| | അനുതാപം | 7 |
| | പാപമോചനം | 7 |
| | ജ്ഞാനസ്നാനം | 7 |
| | ദൈവപുത്രനായ യേശു | 8 |
| | ദൈവരാജ്യം | 8 |
| | സുവിശേഷം | 8 |
| | രാജ്യത്തിന്റെ സുവിശേഷം | 8 |
| | യോവേൽ പ്രവചനം: എല്ലാവരിലും ആത്മാവ് | 12 |
| | കർത്താവിന്റെ ദിനം | 13 |
| | വ്യത്യസ്ഥമായ ഒരു കാഴ്ചപ്പാട് | 14 |
| | **പ്രബന്ധാവലി നമ്പർ – 7** | |
| | **ആദിമസഭയുടെ അടിത്തറയും അടിസ്ഥാനലക്ഷണങ്ങളും** | |
| | അപ്പസ്തോല പഠനങ്ങളുടെ അടിത്തറ | 2 |
| | കൂട്ടായ്മയുടെ അടിത്തറ | 3 |
| | കർത്തൃമേശയെ ചുറ്റിനിന്ന് | 9 |
| | പ്രാർത്ഥനയിൽ അടിയുറച്ച് | 10 |
| | അത്ഭുതങ്ങളിലും അടയാളങ്ങളിലും | 10 |
| | ഐക്യതയിൽ അടിസ്ഥാനമിടുന്ന സമൂഹം | 12 |
| | പങ്ക് വയ്പിന്റെ അടിത്തറ | 12 |
| | വളർച്ചയുള്ള സമൂഹം | 13 |


www.malankaralibrary.com

## ഉള്ളടക്കം


| അദ്ധ്യായം | പ്രമേയങ്ങൾ | പേജ് |
|---|---|---|
| | സുവിശേഷത്തിലെ സാമ്പത്തിക ശാസ്ത്രത്തിന്റെ പ്രയോഗക്ഷമത | 15 |
| അപ്പ. 3/1-4/37 | **പ്രബന്ധാവലി നമ്പർ – 8** | |
| | **അത്ഭുതങ്ങളും രോഗശാന്തിയും യേശുവിൻ തിരുനാമത്തിൽ** | |
| | അത്ഭുതങ്ങൾ എന്നാൽ എന്താണ് | 2 |
| | അത്ഭുതങ്ങളും അടയാളങ്ങളും | 3 |
| | ആദ്യത്തെ അത്ഭുതം: മുടന്തന് സൗഖ്യം | 5 |
| | അത്ഭുതത്തിന്റെ പ്രത്യാഘാതങ്ങൾ | 8 |
| | അത്ഭുതങ്ങളെപ്പറ്റി ശരിയായ കാഴ്ചപ്പാട് | 10 |
| | മാനസാന്തരം: അത്ഭുതത്തിന് മുന്നോടി | 10 |
| | ധീരസാക്ഷ്യം | 12 |
| | മനസ്സലിവിന്റെ ആത്മാവ് | 14 |
| | **പ്രബന്ധാവലി നമ്പർ – 9** | |
| 5 - 8 | **ഒരു യുഗ്മ നൃത്തത്തിന്റെ തുടക്കം** | |
| | ആദിമസഭയിൽ നിന്നു പഠിക്കുന്ന രണ്ടു പാഠങ്ങൾ | 1 |
| | പ്രശ്നങ്ങളും പ്രതിവിധിയും | 2 |
| | ഗ്രീക്കുകാരും ഹെബ്രായരും | 3 |
| | വയറും മനസ്സും നിറയണം | 4 |
| | പരിഗണനയാണാവശ്യം | 4 |
| | അധികാരവികേന്ദ്രീകരണത്തിന് ചൂണ്ടുപലക | 5 |
| | പ്രശ്നങ്ങളെ നേരിടേണ്ട വിധം | 6 |
| | സ്തേഫാനോസിന്റെ ധീരത | 6 |
| | സുരക്ഷിതത്വം = സങ്കുചിതത്വം | 7 |
| | സ്ഥാപനവല്കരണത്തിന്റെ പ്രലോഭനം | 7 |
| | പ്രവാസിയായ മനുഷ്യൻ | 8 |
| | ജറുസലേം – സ്ഥാപനവല്ക്കരണത്തിന്റെ മൂർത്തരൂപം | 9 |
| | സ്ഥാപനവല്ക്കരണത്തിലെ തിന്മ | 9 |
| | ജറുസലേമിന്റെ നാശത്തെപ്പറ്റി യേശു | 11 |
| | ഇസ്രായേലിന്റെ അധഃപതനത്തെപ്പറ്റി സ്തേഫാനോസ് | 11 |
| | സുവിശേഷധർമ്മം | 12 |
| | സഭയിലെ ആന്തരിക സംഘർഷങ്ങൾ | 12 |
| | സംഘർഷങ്ങളിലൂടെ വിശ്വാസരഹസ്യങ്ങളുടെ ആവിഷ്കാരം | 13 |
| | അധികാരവികേന്ദ്രീകരണം – പരിഹാരമാർഗ്ഗം | 14 |


www.malankaralibrary.com

## ഉള്ളടക്കം


| അദ്ധ്യായം | പ്രമേയങ്ങൾ | പേജ് |
|---|---|---|
| അപ്പ. | **പ്രബന്ധാവലി നമ്പർ 10** | |
| | **മാനസാന്തരം വ്യക്തിയിലും സമൂഹത്തിലും** | |
| 9 & 10 | **(രക്തദാഹി രക്തസാക്ഷിയായ കഥ)** | |
| | സാവൂൾ സഭയുടെ ആദ്യത്തെ പീഡകൻ | 1 |
| | പൂർവ്വചരിത്രം | 2 |
| | ദർശനങ്ങളും വെളിപാടുകളും | 4 |
| | പീഡകൻ പ്രേഷിതനാകുന്നു | 4 |
| | ആദ്യം എഴുതപ്പെട്ട ക്രൈസ്തവഗ്രന്ഥങ്ങൾ | 5 |
| | സാവൂളിന്റെ മാനസാന്തരം | 6 |
| | ദമാസ്ക്കസ്സ് അനുഭവം | 7 |
| | അനേകരുടെ കണ്ണുതുറപ്പിക്കാൻ അന്ധനാക്കപ്പെടുന്നു | 9 |
| | ഗലീലേയാ നീതന്നെ വിജയിച്ചിരിക്കുന്നു | 10 |
| | നീ എന്തിന് എന്നെ പീഡിപ്പിക്കുന്നു | 10 |
| | എന്താണ് മാനസ്സാന്തരം? | 11 |
| | മാനസ്സാന്തരം വ്യക്തിപരമാണ് | 12 |
| | മുൻകൈ എടുക്കുന്ന ദൈവം | 12 |
| | മാനസാന്തരം ദൈവവിളിയാണ് | 13 |
| | വ്യക്തിയുടെ മാനസാന്തരം സമൂഹത്തിനു നന്മ | 14 |
| | പരോന്മുഖമായ മാനസ്സാന്തരം | 14 |
| | **പ്രബന്ധാവലി നമ്പർ – 11** | |
| 11 & 12 | **പത്രോസിന്റെ അപ്പസ്തോല പ്രവർത്തനങ്ങൾ** | |
| | സഭ കത്തോലിക്കാ എന്നാൽ എന്ത്? | 2 |
| | ക്രിസ്ത്യാനികൾ | 3 |
| | പെരുമാറ്റവും പേരുമാറ്റവും | 4 |
| | അന്ത്യോക്യാ – ക്രിസ്തീയതയുടെ ഈറ്റില്ലം | 5 |
| | അന്ത്യോക്യൻ സഭയുടെ സവിശേഷതകൾ | 7 |
| | പത്രോസിന്റെ നേതൃത്വവും ദൈവശാസ്ത്രവും | 9 |
| | പത്രോസ്: വ്യക്തിയും വീക്ഷണവും | 9 |
| | പത്രോസ്: ദൈവശാസ്ത്രവീക്ഷണം | 11 |
| | ദൈവം | 11 |
| | യേശുക്രിസ്തു | 11 |
| | പരിശുദ്ധാത്മാവ് | 12 |
| | ദൈവപരിപാലനം | 13 |
| | പാപം | 14 |
| | രക്ഷ | 15 |
| | യുഗാന്ത്യോന്മുഖ പഠനം | 15 |


www.malankaralibrary.com

## ഉള്ളടക്കം


| അദ്ധ്യായം | പ്രമേയങ്ങൾ | പേജ് |
|---|---|---|
| അപ്പ. 13 - 15 | **പ്രബന്ധാവലി നമ്പർ - 12** | |
| | **സാർവ്വത്രികമായിത്തീരുന്ന സുവിശേഷം** | |
| | കൈവയ്പും പ്രഘോഷണദൗത്യവും | 1 |
| | പ്രേഷിത പ്രവർത്തനം സഭയുടെയും പരിശുദ്ധാത്മാവിന്റെയും പ്രവർത്തനം | 2 |
| | പാരമ്പര്യം വഴിമാറുന്നു | 2 |
| | ദൈവിക ആസൂത്രണം | 3 |
| | ഞാൻ വിളിച്ചിരിക്കുന്ന ജോലിക്കായ് | 3 |
| | ദൈവികപദ്ധതികളും കടലാസ്സുപദ്ധതികളും | 4 |
| | വിശ്വാസവും ജീവിതവും ഒന്നാകുക | 5 |
| | മിഷൻ പര്യടനത്തിന്റെ വിശദാംശങ്ങൾ | 6 |
| | ഒന്നാം പ്രേഷിതയാത്രയും കന്നിപ്രസംഗവും | 7 |
| | പ്രേഷിതർ നിരസിക്കപ്പെടുന്നു | 8 |
| | വിജാതീയരും ക്രൈസ്തവരും തമ്മിലടുക്കുന്നു | 9 |
| | എന്നും ശ്രദ്ധയോടെ കാത്തിരിക്കുന്നു | 10 |
| | മഹത്വം ദൈവത്തിന് മാത്രം | 11 |
| | സാംസ്കാരിക അനുരൂപണം | 11 |
| | പ്രാദേശികനേതൃത്വം വളർത്തുക | 13 |
| | ജറുസലേം കൗൺസിൽ | 14 |
| | ആനുകാലിക പ്രസക്തി | 15 |
| | വിവാഹ ജീവിതത്തിന്റെ ശ്രേഷ്ഠത | 15 |
| | കൗൺസിലിന്റെ ദൈവശാസ്ത്രവിജയം | 16 |
| | **പ്രബന്ധാവലി നമ്പർ - 13** | |
| 16 - 18 | **പൗലോസിന്റെ രണ്ടാം പ്രേഷിതയാത്ര** | |
| | സുന്നഹദോസ് നല്കിയ ആത്മധൈര്യം | 1 |
| | ഒരു വഴിപിരിയലിന്റെ ദുഃഖകഥ | 2 |
| | അഭിപ്രായവ്യത്യാസമാകാം, പിൻമാറ്റം പാടില്ല | 3 |
| | സഭാപ്രവർത്തനങ്ങളിലൊരെത്തിനോട്ടം | 3 |
| | നിഷ്ഠ പുലർത്തുന്ന പൗലോസ് - അപ്പന്റെ പ്രതീകം | 4 |
| | സഹിഷ്ണതയുടെ സമീപനം | 5 |
| | ചെറിയ കാര്യത്തിലും ശ്രദ്ധയാവശ്യം | 5 |
| | വഴിപിരിയലുകൾ വളർച്ചയുടെ അടിസ്ഥാനം | 6 |
| | എല്ലാവർക്കും എല്ലാമാകാൻ | 7 |
| | ദൈവം നടത്തുന്നു | 8 |
| | യുറോപ്യൻ ഇതിഹാസം | 9 |
| | വിശ്വത്തോളം വിശാലം | 9 |
| | കാരാഗൃഹത്തിലെ ക്രൈസ്തവസാക്ഷ്യം | 10 |


www.malankaralibrary.com

## ഉള്ളടക്കം


| അദ്ധ്യായം | പ്രമേയങ്ങൾ | പേജ് |
|---|---|---|
| അപ്പ. 16 - 18 | ദൈവരാജ്യത്തിന്റെ രാജപാത | 11 |
| | ആഥൻസും ആരിയോപാഗസ്സും | 12 |
| | മാനസാന്തരത്തിന്റെ റൂഹാ | 12 |
| | നൂതനശൈലിക്ക് തുടക്കം | 13 |
| | വിജാതീയരിലേക്ക് പൂർണ്ണമായിതിരിയുന്നു | 13 |
| | ആത്മാവിന്റെ ഇടപെടലുകൾ | 14 |
| | പ്രേഷിതവൃത്തി ഒരു ജീവിതശൈലി | 15 |
| | **പ്രബന്ധാവലി നമ്പർ - 14** | |
| 18 - 21 | **പൗലോസിന്റെ മൂന്നാം പ്രേഷിതയാത്ര** | |
| | മിഷൻ പ്രവർത്തനത്തിലെ ജാഗ്രതയും വ്യഗ്രതയും | 1 |
| | പ്രേഷിതവേല ഒരു ഓഫീസ് ജോലിയല്ല | 2 |
| | രണ്ട് സമാനതകൾ | 3 |
| | ആത്മാഭിഷേകം ക്രൈസ്തവജീവിതത്തിന്റെ സമ്പൂർണ്ണത | 5 |
| | അനുഭവങ്ങളിലൂടെ വളരുന്ന വിശ്വാസജീവിതം | 5 |
| | ദർശനസ്ഥിരത കൈവരിക്കണം | 7 |
| | സ്ഥിരത - പരിശുദ്ധാത്മനൽവരം | 9 |
| | കണ്ണീർക്കടലിലെ വിടവാങ്ങൽ | 10 |
| | വെല്ലുവിളി ഉയർത്തുന്ന ജീവിതം | 11 |
| | ജറുസലേമിലേക്ക് ഒരു മടങ്ങിവരവ് | 13 |
| | അപ്രതീക്ഷിത അപകടം | 13 |
| | പൊതുജനം ശിക്ഷവിധിക്കുന്നു | 14 |
| | ഒരു തിരിഞ്ഞുനോട്ടം | 15 |
| | **പ്രബന്ധാവലി നമ്പർ - 15** | |
| 22 - 24 | **യേശുവിനുവേണ്ടി മരിക്കുയല്ല, യേശുവിനുവേണ്ടി ജീവിക്കുകയാണ്!** | |
| | സമാനതകളുള്ള രണ്ട് ജീവിതങ്ങൾ | 1 |
| | പ്രതികരണവ്യത്യാസം | 2 |
| | ഓരോ വിളിയും തനിമയുള്ളത് | 2 |
| | സ്വയസമർത്ഥനം - ഒന്നാമത്തെ ന്യായവാദം | 4 |
| | ദൈവനിർമ്മിതി | 5 |
| | ക്രൈസ്തവനാകുകയെന്നാൽ | 5 |
| | വർഗ്ഗീയഭീകരത: ദുരമൂത്ത ദുരാത്മാവിന്റെ പ്രവൃത്തി | 6 |
| | പീഢകളിൽ പതറുകയോ? | 7 |
| | രണ്ടാമത്തെ ന്യായവാദം | 8 |
| | വിജാതീയൻ രക്ഷകനാകുന്നു | 10 |
| | പിലാത്തോസ് X ഫേലിക്സ് | 11 |


www.malankaralibrary.com

## ഉള്ളടക്കം


| അദ്ധ്യായം | പ്രമേയങ്ങൾ | പേജ് |
|---|---|---|
| അപ്പ. | ജീവിതം കർത്തൃകരങ്ങളിൽ | 12 |
| 22- 24 | മൂന്നാമത്തെ ന്യായവാദം | 13 |
| | പ്രതിയോഗിയെ സമർത്ഥമായി നേരിടുന്ന പൗലോസ് | 14 |
| | കുറ്റം തെളിയിക്കപ്പെട്ടില്ലെങ്കിലും ശിക്ഷ | 15 |
| | ഗുണപാഠങ്ങൾ | 15 |
| | **പ്രബന്ധാവലി നമ്പർ – 16** | |
| 25- 28 | **ഭൂമിയുടെ അതിർത്തികൾ വരെ സാക്ഷികളായിരിക്കുക** | |
| | രക്ഷാകരചരിത്രമാണ്, ജീവചരിത്രമല്ല | 1 |
| | നീതിന്യായക്കോടതിയുടെ അന്യായം | 2 |
| | കാപട്യമില്ലാത്ത തന്ത്രം | 3 |
| | അന്തിമപ്രതിരോധം | 5 |
| | ഹേറോദേസ് രാജാക്കന്മാർ | 6 |
| | അവസാനത്തെവേദിയും സാക്ഷ്യത്തിന് | 7 |
| | ആദരം നല്കാൻ മടിവേണ്ട | 8 |
| | സുവിശേഷലക്ഷ്യം: തെറ്റായ മനസ്സാക്ഷിതകർക്കൽ | 9 |
| | ഒരു ഉപാഖ്യാനം | 10 |
| | 'ഇനി രക്ഷയില്ല' | 11 |
| | അന്ത്യയാത്രയിലെ സ്നേഹസാന്ത്വനം | 12 |
| | ലക്ഷ്യത്തിലെത്തിയ യാത്ര | 13 |
| | ക്രിസ്തുവിന്റെ പടയാളി റോമിൽ! | 14 |
| | സുവിശേഷം നിരസിക്കുന്ന യഹൂദർ | 15 |
| | ഭൂമിയുടെ അതിർത്തിയിലെ സാക്ഷി | 15 |


www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# അപ്പസ്തോല പ്രവർത്തനങ്ങൾ ഒരു പഠനം

## അതിർത്തികൾ വരെ സാക്ഷികൾ

(അപ്പ. 1/1-11)

### 1. പൊതുവായ ആമുഖം:

ക്രിസ്ത്യാനികളുടെ മൗലികഗ്രന്ഥമെന്നും 'ഗ്രന്ഥങ്ങളുടെ ഗ്രന്ഥമെന്നും' വിശുദ്ധ ഗ്രന്ഥമെന്നുമൊക്കെ വിളിക്കപ്പെടുന്ന ബൈബിൾ ദൈവവചനമാണ്. ദൈവനിവേശനത്താലും മനുഷ്യന്റെ സഹകരണത്തോടെയും വിരചിതമാണത്. വിശുദ്ധ ഗ്രന്ഥകർത്താക്കൾ ദൈവാത്മപൂരിതരായിരുന്നു. പഴയനിയമത്തിലെ 46-ഉം പുതിയ നിയമത്തിലെ 27-ഉം ഗ്രന്ഥങ്ങളുടെ സമുച്ചയമായ വിശുദ്ധ ഗ്രന്ഥം, ജീവനുള്ള വചനങ്ങളും ജീവൻ നല്കുന്ന വചനങ്ങളുമാണ്. (Living word and Life giving Word).

### തിരുസ്സഭയെ രൂപപ്പെടുത്തുന്ന ഘടകങ്ങൾ:

തിരുവചനങ്ങളും തിരുക്കുദാശകളുമാണ് തിരുസഭയെ രൂപപ്പെടുത്തുന്നത്. തിരുസഭയെ നിലനിർത്തുന്നതും ശക്തിപ്പെടുത്തുന്നതും തിരുവചനം തന്നെ. "വചനം പാദങ്ങൾക്ക് വിളക്കും പാതയിൽ പ്രകാശവുമാണ്" (സങ്കീ. 119/105). സഭയുടെ ഏറ്റം വലിയ ഈടുവയ്പും തിരുശേഷിപ്പും തിരുവചനമാണ്. സമ്പൂജ്യമായി അത് കാത്തുസൂക്ഷിക്കുന്നതിൽ മാത്രമല്ല തലമുറകൾക്ക് കൈമാറുന്നതിലും എക്കാലവും സഭ അതീവശ്രദ്ധാലുവാണ്. സമൂഹത്തെ വാർത്തെടുക്കുന്നതിനും വിശ്വാസികളുടെ മനഃസാക്ഷിയെ രൂപപ്പെടുത്തുന്നതിനും തിരുവചനം വഹിക്കുന്ന പങ്ക് അദ്വിതീയമാണ്.

നാലു സുവിശേഷങ്ങളും 21 ലേഖനങ്ങളും ഒരു പ്രവചനഗ്രന്ഥവും ഒരു ചരിത്ര ഗ്രന്ഥവും ഉൾക്കൊള്ളുന്ന സമാഹാരമാണ് പുതിയനിയമം. ഇരുകരകളെ തമ്മിൽ യോജിപ്പിക്കുന്ന ഒരു പാലം കണക്കെ നാലു സുവിശേഷങ്ങൾക്കും 21 ലേഖനങ്ങൾക്കും ഇടയ്ക്ക് ഇരുപത്തെട്ടദ്ധ്യായങ്ങളിൽ ഇതൾ വിരിച്ചു നില്ക്കുന്നതാണ് അപ്പസ്തോല പ്രവർത്തനങ്ങൾ എന്ന ഗ്രന്ഥം. ആദിമസഭയുടെ ചരിത്രമാണിത്. നിരന്തരം പീഡിപ്പിക്കപ്പെടുകയും ആട്ടിയകറ്റപ്പെടുകയും ചെയ്തിരുന്ന ഒരു കൂട്ടം മനുഷ്യരുടെ വിശ്വാസവും ജീവിതവും പ്രതീക്ഷയുമാണവിടെ പ്രകാശിക്കുന്നത്. ക്രിസ്തുവിന്റെ ജീവവചസ്സുകളുടെ ചുവട് പിടിച്ചുകൊണ്ടുള്ള ശ്ലൈഹികപ്രബോധനങ്ങൾക്ക് പശ്ചാത്തലമായി നില്ക്കുന്ന ഗ്രന്ഥമാണ് അപ്പസ്തോല പ്രവർത്തനങ്ങൾ. ആദിമ സഭയുടെ ജീവിതസാക്ഷ്യവും അനുഭവസാക്ഷ്യവും ജ്വലിച്ചു നില്ക്കുകയാണവിടെ. സഭാചരിത്രഗ്രന്ഥങ്ങളുടെ മാതാവെന്ന് ഇതിനെ വിശേഷിപ്പിക്കുന്നത് തികച്ചും യുക്തമാണ്.

### ഗ്രന്ഥകർത്താവ്:

താനെഴുതിയതിന്മേൽ മായാത്ത കയ്യൊപ്പ് പതിച്ച അനുഗൃഹീത ഗ്രന്ഥകാരനാണ് വിശുദ്ധ ലൂക്കോസ്. ഗ്രന്ഥം വായിക്കുന്നതിനൊപ്പം ഗ്രന്ഥകാരനെയും നാം വായിച്ചുതുടങ്ങും; ഗ്രന്ഥത്തെ സ്നേഹിക്കുന്നതിനൊപ്പം ഗ്രന്ഥകാരനെയും. സുവിശേഷകർത്താവായ വിശുദ്ധ ലൂക്കോസ് തന്നെയാണ് അപ്പസ്തോല പ്രവർത്തനങ്ങൾ എന്നറിയപ്പെടുന്ന പുതിയനിയമ ഗ്രന്ഥത്തിന്റെയും രചയിതാവ്. വാസ്തവത്തിൽ ഇവ രണ്ട് വ്യത്യസ്ഥ ഗ്രന്ഥങ്ങളല്ല; പ്രത്യുത ഒരേ ഗ്രന്ഥത്തിന്റെ ഒന്നും രണ്ടും ഭാഗങ്ങളാണ്.

### ഞങ്ങൾ പ്രയോഗത്തിന്റെ അർത്ഥം:-

ഗ്രന്ഥത്തിന്റെ ഉത്തരഭാഗത്ത് നിറഞ്ഞ് നില്ക്കുന്ന വിശുദ്ധ പൗലോസിന്റെ

www.malankaralibrary.com

ശിഷ്യനും സഹയാത്രികനുമാണ് ഗ്രന്ഥകാരനായ വി. ലൂക്കോസ്. കൂടാതെ അദ്ദേഹം ഒരു ഭിഷഗ്വരനുമായിരുന്നു (കൊളോ. 4/14, 2 തിമോ. 4/11). പൗലോസിന്റെ രണ്ടാമത്തെയും മൂന്നാമത്തെയും പ്രേഷിതയാത്രകളിലും റോമിലെ കാരാഗൃഹവാസകാലത്തും അദ്ദേഹം കൂടെ ഉണ്ടായിരുന്നു. ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്ത് 44 തവണ ആവർത്തിക്കുന്ന 'ഞങ്ങൾ' പ്രയോഗം അതിന് തെളിവായി കണക്കാക്കപ്പെടുന്നു. 'ആദ്യഗ്രന്ഥത്തിൽ ഞാൻ എഴുതിയിട്ടുണ്ടല്ലോ' (അപ്പ. 1/2) എന്ന പ്രയോഗം നല്കുന്ന സൂചന, അപ്പസ്തോല പ്രവർത്തനങ്ങൾക്ക് മുമ്പ് അദ്ദേഹം ക്രിസ്തുചരിതം (സുവിശേഷം) എഴുതിയിരിക്കുന്നു എന്നാണ്. ക്രിസ്തുചരിത്രത്തിന്റെ തുടർച്ചയും സ്വാഭാവിക പൂർത്തീകരണവുമാണ് 'അപ്പസ്തോലപ്രവർത്തനങ്ങൾ' എന്ന ഗ്രന്ഥം എന്നതിലേയ്ക്ക് ആമുഖം വെളിച്ചം വീശുന്നു (അപ്പ. 1/8). സുവിശേഷം അവസാനിക്കുന്നിടത്തു നിന്നാണ് അപ്പസ്തോല ചരിതം ആരംഭിക്കുന്നത്.

പീഡാനുഭവ വിവരണത്തിൽ മാതൃകാരക്തസാക്ഷിയും രക്തസാക്ഷികളുടെ മാതൃകയുമായി യേശുവിനെ സുവിശേഷകൻ അവതരിപ്പിക്കുന്നുണ്ട്. ആ യേശുവിന്റെ സാക്ഷികൾ, യേശുവിനെ ശക്തിപ്പെടുത്തിയ അതേ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ, തങ്ങളുടെ ജീവിതത്തിൽ ആ ഉദാത്ത മാതൃക പകർത്തിയതിന്റെ ചരിത്രമാണ് അപ്പസ്തോല പ്രവർത്തനങ്ങൾ

**തേയോഫിലോസ് = അനുവാചകൻ:**

രണ്ടു ഗ്രന്ഥങ്ങളിലും 'ഒരു തേയോഫിലോസിനെ' സംബോധന ചെയ്തുകൊണ്ടാണ് ഗ്രന്ഥരചന ആരംഭിക്കുന്നത്. തേയോഫിലോസ് എന്ന ഗ്രീക്ക് നാമത്തിന്റെ വാച്യാർത്ഥം ദൈവസ്നേഹി എന്നാണ്. ഒരു പ്രത്യേക വ്യക്തിക്ക് എഴുതിയ സ്വകാര്യ കത്ത് എന്നതിനേക്കാൾ ഏതൊരു 'തെയോഫിലോസിനും' — ദൈവത്തെ സ്നേഹിക്കുന്ന ഏവനും - ഉള്ള പൊതുവായ ഒരു കത്തായി ഇതിനെ കണക്കാക്കുവാൻ കഴിയും. ഏതൊരു ദൈവസ്നേഹിയും – നിങ്ങളും ഞാനും അനുവാചകരേവരും – ഈ സംബോധനാ പരിധിയിൽ വരുന്നു. വായിക്കുന്ന ഏവനെയും ഉദ്ദേശിച്ച് വിരചിതമായ ഒരു ഗ്രന്ഥം!

**രചനാകാലം:**

കൃത്യമായി രേഖപ്പെടുത്തപ്പെട്ടിട്ടില്ലെങ്കിലും രചനാകാലത്തെപ്പറ്റി അനുമാനങ്ങളിലെത്താൻ കഴിയും. A.D. 70-ന് മുമ്പായി ഗ്രീസിൽ വെച്ച് വി. ലൂക്കോസ് സുവിശേഷം എഴുതിയതായി കരുതപ്പെടുന്നു. ഏറെത്താമസിയാതെ ഗ്രീസിലോ റോമിലോ വെച്ച് അപ്പസ്തോല പ്രവർത്തനങ്ങൾ എന്ന ഗ്രന്ഥം വിരചിതമായി. അതു ക്രി. വ. 70-നും 80-നും ഇടയ്ക്കായിരിക്കണം. രക്ഷകന്റെ കുരിശുമരണത്തെത്തുടർന്നുള്ള 30 വർഷക്കാലത്തെ, ക്രിസ്തുശിഷ്യരുടെ സാക്ഷ്യജീവിതത്തിന്റെ ആവേശോജ്ജ്വലമായ വിവരണമാണ് അപ്പസ്തോല പ്രവർത്തനങ്ങൾ **സാർവ്വത്രികരക്ഷ**യുടെ സുവിശേഷകനായ വി. ലൂക്കോസ് നല്കുന്നത്. ഉത്ഥിതനായ യേശുവിന്റെ കല്പന അക്ഷരംപ്രതി നിറവേറ്റുന്നു എന്ന യാഥാർത്ഥ്യം ഉയർത്തിക്കാട്ടുകയാണ് ഗ്രന്ഥകാരന്റെ ലക്ഷ്യം. സുവിശേഷം അവസാനിപ്പിച്ചിടത്തു നിന്നുതന്നെയാണ് സഭാചരിത്രം ആരംഭിക്കുന്നത്. ലൂക്കോസെഴുതിയ അപ്പസ്തോല ചരിത്രത്തിന്റെ ആമുഖം താനെഴുതിയ സുവിശേഷത്തിന്റെ ഉപസംഹാരമാണെന്ന് പറയാം.

## സാക്ഷിയായിരിക്കുക:

ജറുസലെമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും തനിക്ക് **സാക്ഷികളാകുക** (അപ്പ. 1/8) എന്നതാണ് ശിഷ്യർക്ക് യേശു നല്കുന്ന പരമമായ നിർദ്ദേശം. റോമാസാമ്രാജ്യത്തിന്റെയും അന്നറിയപ്പെട്ടിരുന്ന ലോകത്തിന്റെ തന്നെയും തലസ്ഥാനമായ റോമിൽ സുവിശേഷമെത്തിയതോടെ (അപ്പ. 28/15-16) **ലോകാതിർത്തികൾ** വരെ ക്രിസ്തീയസാക്ഷ്യം വ്യാപിച്ചതായും (ലൂക്കോ. 24/47; അപ്പ. 1/8) ക്രിസ്തുരഹസ്യം പ്രചരിച്ചതായും ഗ്രന്ഥകാരൻ കരു

www.malankaralibrary.com

തുന്നു. ക്രിസ്തുവിന് ധീരസാക്ഷ്യം നല്കുന്ന 13 സുവിശേഷ പ്രസംഗങ്ങളാണ് ഗ്രന്ഥത്തിന്റെ മൂന്നിലൊരു ഭാഗം.

### പ്രാർത്ഥനയിൽ ഒന്നിക്കുന്ന സമൂഹം.

ലൂക്കോസിന്റെ വിവരണമനുസരിച്ച് പ്രാർത്ഥനയിൽ ഒന്നിക്കുന്ന സമൂഹമാണ് ആദിമക്രൈസ്തവർ. പ്രാർത്ഥനയ്ക്കു വേണ്ടിയാണ് അവർ ഒന്നിച്ചിരുന്നത്; പ്രാർത്ഥനയാണ് അവരെ ഒന്നിപ്പിച്ചിരുന്നത്. ജീവിതത്തിന്റെ വഴിത്തിരിവുകളിലൊക്കെയും, നിർണ്ണായകനിമിഷങ്ങളിലെപ്പോഴും പ്രാർത്ഥിച്ച യേശുവാണവരുടെ മാതൃക. ആ മാതൃക അവരും അനുകരിച്ചു. ലൂക്കോസിന്റെ സുവിശേഷം പ്രാർത്ഥനയുടെ സുവിശേഷമെന്നും പരിശുദ്ധാരൂപിയുടെ സുവിശേഷമെന്നും അറിയപ്പെടുന്നു. അപ്പസ്തോല പ്രവർത്തനങ്ങളും പരിശുദ്ധാത്മാവിന്റെ സുവിശേഷം എന്നാണ് അറിയപ്പെടുന്നത്. പ്രതിസന്ധികളിൽ എപ്പോഴും ദൈവത്തിലേയ്ക്ക് തിരിയുന്ന മനുഷ്യനെയാണ് ലൂക്കോസ് എന്ന ചരിത്രകാരൻ ചിത്രീകരിക്കുന്നത്. അപ്പസ്തോലചരിതത്തിൽ വരച്ചുചേർത്തിരിക്കുന്ന സമൂഹവും അങ്ങനെതന്നെ. ആവേശവും വിശ്വാസവും പ്രത്യാശയും പകർന്നു തരുന്നതാണ് ആ വീരഗാഥ.

## അപ്പസ്തോലപ്രവർത്തനങ്ങളിലെ പ്രധാന പ്രമേയങ്ങളിലേക്ക് ഒരെത്തിനോട്ടം

## 2. തിരുവുത്ഥാനം, സ്വർഗ്ഗാരോഹണം (അപ്പ. 1/2,9)

### ക്രൈസ്തവവിശ്വാസത്തിന്റെ ആണിക്കല്ലുകൾ:-

തിരുവുത്ഥാനവും സ്വർഗ്ഗാരോഹണവും ക്രൈസ്തവ വിശ്വാസത്തിന്റെ ആണിക്കല്ലുകളും വിശ്വാസ രഹസ്യത്തിന്റെ മർമ്മവുമാണ്. ഇവയെ എങ്ങനെയാണ് മനസ്സിലാക്കേണ്ടത്? മനുഷ്യാവതാരത്തെയും കുരിശുമരണത്തെയും യേശുവിന്റെ ഭൂമിയിലെ ശൂന്യവല്കരണമായി പൗലോസ് അപ്പസ്തോലൻ വിവരിക്കുന്നു (ഫിലിപ്പിയർ 2/7). ഈ ശൂന്യവല്കരണത്തിന്റെ പരിസമാപ്തിയും അതോടൊപ്പം സ്വർഗ്ഗീയമഹത്വത്തിന്റെ ആരംഭവുമായി ഉത്ഥാനത്തെയും സ്വർഗ്ഗാരോഹണത്തെയും അപ്പസ്തോലൻ വിവരിക്കുന്നു (ഫിലി. 2/9; റോമ. 1/4). യേശുവിന്റെ കബറിൽ നിന്നുള്ള ഉത്ഥാനവും സ്വർഗ്ഗാരോഹണവും രക്ഷാകരകൃത്യങ്ങളുടെ ഒന്നാം ഘട്ടത്തിന്റെ വിജയകരമായ പരിസമാപ്തിയാണ്. ഇതോടുകൂടി മനുഷ്യാസ്തിത്വം വഴിയുള്ള ഭൗമികമണ്ഡലത്തിൽ താൻ അദൃശ്യനായി നില്കുകയും അതേസമയം തന്നെ ദൈവികതയിൽ തന്റെ ആത്മാവ് വഴി തുടരുന്ന രക്ഷയുടെ രണ്ടാം ഘട്ടത്തെ ഉയർത്തിക്കാട്ടുകയുമാണ്, '**പിതാവിന്റെ വലതുഭാഗത്ത്** ഉപവിഷ്ടനായി' എന്ന പ്രയോഗം (അപ്പ. 2/33; 5/31; ഹെബ്രാ. 1/3). ദൈവാധിപത്യത്തെയും തുല്യപങ്കാളിത്തത്തെയും പൂർണ്ണ ഉത്തരവാദിത്വത്തെയും ശ്രേഷ്ഠതയെയും സൂചിപ്പിക്കുന്നതാണ് വലതുഭാഗം എന്ന പ്രയോഗം (അപ്പ. 2/36; സങ്കീ. 110/1).

### വിശ്വാസാനുഭവം:

തിരുവുത്ഥാനം ശിഷ്യരെ സംബന്ധിച്ച് കേട്ടുകേഴ്വിയോ വായിച്ചറിവോ അല്ല; അത് അവരുടെ ജീവിതാനുഭവം തന്നെയാണ്. നിനവിൽപ്പോലും അതവർക്ക് സന്ദേഹത്തിന് വിഷയമേ അല്ല. യുക്തിചിന്തകനും പരിശോധിച്ചറിയുന്നവർക്ക് മാതൃകയുമായ മാർത്തോമ്മായുടെയും, ഏതു കാര്യത്തിലും കൃത്യതയും കാർക്കശ്യവും പുലർത്തുന്ന ഫരിസേയനായ മാർപൗലോസിന്റെയും പില്ക്കാല ജീവിതസാക്ഷ്യങ്ങൾ ഉത്ഥാനത്തിന്റെ ഉറക്കെയുള്ള ഉദ്ഗാനമാണ്. മനഃപാഠമാക്കിയ ഉദ്ധരണികൾ വിശ്വാസാനുഭവമാകയില്ല. വിശ്വാസാനുഭവമില്ലാത്തവർക്ക് സാക്ഷ്യമാകാനും സാക്ഷ്യമേകാനും സാദ്ധ്യവുമല്ല. തിരുവുത്ഥാന രഹസ്യം അവരെ സംബന്ധിച്ച് വെറും ബൗദ്ധികമായ അറിവിന്റെ ഭാഗമല്ല; സുഖദമായ വെറും ഒരു സങ്കല്പവുമല്ല; മറിച്ച് ജീവിതാനുഭവത്തിന്റെ നിറക്കൂട്ടിൽ ചാലിച്ചെടുത്ത വർണ്ണചിത്രമാണ്. അത് കേവലം

www.malankaralibrary.com

അറിവല്ല, തിരിച്ചറിവാണ്. അറിവ് ഒരിക്കലും അനുഭവമാകയില്ല. അനുഭവമാണ് യഥാർത്ഥം. ബൗദ്ധികമായ അറിവ് അതിലേക്കുള്ള മാർഗ്ഗമാണ്. Seeing is believing എന്ന തത്വം അവരെ സംബന്ധിച്ച് അന്വർത്ഥമാകുകയാണ്. മരണശേഷവും ജീവിക്കുന്ന യേശുവിനെ കണ്ണാലെ കാണാൻ ഭാഗ്യം സിദ്ധിച്ചവരാണവർ. അവരുടെ ഹൃദയം തുറന്നപ്പോൾ കണ്ണുകളും തുറന്നു; അതോടൊപ്പം അധരങ്ങളും തുറക്കപ്പെട്ടു. ഈ തുറവി ലഭിച്ചപ്പോൾ അവർ വാഗ്വിലാസമുള്ള സാക്ഷികളായി മാറി. സത്യം അവരെ സ്വതന്ത്രരാക്കി (യോഹ. 8/32). എന്താണാ സത്യം? സത്യമെന്നാലെന്ത് എന്ന പീലാത്തോലിന്റെ പ്രസിദ്ധമായ ചോദ്യവും യോഹന്നാൻ ഏറെ മുമ്പേതന്നെ അതിനു നല്കുന്ന ഉത്തരവും നമുക്കറിവുള്ളതാണ്. ദൈവപുത്രനായ യേശുവല്ലാതെ മറ്റാരുമല്ല അവരെ സ്വതന്ത്രരാക്കിയ ആ സത്യം. മരിച്ചാലും ജീവിക്കാനും, സംസ്കരിക്കപ്പെട്ടാലും ഉത്ഥാനം ചെയ്യാനും കഴിവുള്ളവനാണ് പറഞ്ഞത് "എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" എന്ന്; "ഞാനാണ് പുനരുത്ഥാനവും ജീവനുമെന്ന്" (യോഹ. 11/25). അതാണ് സത്യം; അവനാണ് യഥാർത്ഥ സത്യം (God is Truth).

നിർവ്വചിക്കുവാൻ നിർവ്വാഹമില്ലാത്തതും വിശദീകരണത്തിന് വഴങ്ങാത്തതും തികച്ചും വേറിട്ടു നില്ക്കുന്നതുമായ ഒരു ബോദ്ധ്യമാണത്. അവരുടെ ഉറച്ച വിശ്വാസം തന്നെയാണവരുടെ തെളിവ്. പീഡാമരണങ്ങൾക്ക് ശേഷമുള്ള നിരവധി പ്രത്യക്ഷപ്പെടലുകളിലൂടെ ആഴമായ ബോദ്ധ്യവും ദൃഢമായ വിശ്വാസവും അതിന്റെ പരിണതഫലമായ ധൈര്യവും അവരാർജ്ജിച്ചു കഴിഞ്ഞു. ഉത്ഥാനാനന്തരം നാല്പതാം ദിവസം (അപ്പ. 1/3) അവസാനമായി പ്രത്യക്ഷപ്പെട്ടതിന് ശേഷമാകട്ടെ ആ ദിവ്യസാന്നിദ്ധ്യം അവർക്ക് പൂർവ്വോപരി ശക്തമായും അനുസ്യൂതമായും അനുഭവപ്പെട്ടുകൊണ്ടിരുന്നു. ഈ അനുഭവങ്ങളുടെ സമാഹാരമായിരുന്നു തിരുവുത്ഥാന-സ്വർഗ്ഗാരോഹണ രഹസ്യങ്ങളിലുള്ള അവരുടെ വിശ്വാസവും സാക്ഷ്യവും. അവരുടേത് ഒരു തോന്നലോ ഒരു സ്വപ്നമോ വെറും വിഭ്രമമോ കേവലം ഒരാഗ്രഹമോ അല്ല. അവരെ സംബന്ധിച്ച് സുനിശ്ചിതവും അചഞ്ചലവും അനിഷേദ്ധ്യവുമായ ഒരു ബോദ്ധ്യം തന്നെയാണത്.

## സ്വർഗ്ഗത്തിൽ നിന്നു വന്നവൻ സ്വർഗ്ഗത്തിലേയ്ക്ക്:

സ്വർഗ്ഗത്തിൽ നിന്ന് (=പിതാവിൽ നിന്ന്) വന്നവൻ സ്വർഗ്ഗത്തിലേയ്ക്ക് (=പിതാവുമായ അഭേദ്യബന്ധത്തിലേക്കും സമ്പൂർണ്ണൈക്യത്തിലേയ്ക്കും) എടുക്കപ്പെട്ടു. പിതാവിന്റെ വലത്തുഭാഗത്ത് (പൂർണ്ണ ഐക്യത്തിൽ, പൂർണ്ണാധികാരത്തിൽ, പൂർണ്ണ പങ്കാളിത്തത്തിൽ, പൂർണ്ണ ശക്തിയിൽ, സമ്പൂർണ്ണ മഹത്വത്തിൽ) അവൻ ജീവിക്കുന്നു. അത് മാനുഷീകമായ ഒരു തോന്നലല്ല; നൈമിഷികാനുഭൂതി നല്കുന്ന ഒരു ഇന്ദ്രജാലമല്ല. മറിച്ച് ആത്മാവിന്റെ ദിവ്യപ്രേരണയാൽ കൈവന്ന ഒരു തീർച്ചപ്പെടലായിരുന്നു; വിശ്വാസത്തിലുള്ള ഒരു ആഴപ്പെടലായിരുന്നു; ഉറച്ച ബോദ്ധ്യം വഴിയുള്ള ഉൾക്കരുത്തായിരുന്നു. അത് സ്വയം പ്രകാശിതമായ ഒരു തത്വമാകയാൽ തെളിവു നിരത്തി വിശദീകരിക്കേണ്ട ഒരു കാര്യമായി അവർ കരുതിയില്ല. അവരുടെ ബോദ്ധ്യമാണവരുടെ തെളിവ്. ഈ ബോദ്ധ്യത്തിൽ തങ്ങളുടെ വിശ്വാസത്തിന്റെ മാത്രമല്ല, ജീവിതത്തിന്റെ തന്നെ നങ്കൂരമിട്ടിരിക്കുന്ന ക്രിസ്തുശിഷ്യരുടെ ഇതിഹാസതുല്യമായ പ്രവർത്തനങ്ങളുടെ ചരിത്രമാണ് അപ്പസ്തോലചരിതം. വിശുദ്ധ ലിഖിതങ്ങളുടെ ചരിത്രപരവും വിശ്വാസപരവുമായ വിശദീകരണം 'എമ്മാവുസ് അനുഭവ'ത്തിലൂടെയാണ് അവർക്ക് ലഭിച്ചത്. ഇക്കാര്യം ലൂക്കോസ് തന്നെ തന്റെ സുവിശേഷത്തിൽ വിവരിക്കുന്നുണ്ട് (ലൂക്കോ. 24/25-27). അവരുടെ കണ്ണുതെളിയുകയും (ലൂക്കോ. 24/31) ഹൃദയം ജ്വലിക്കുകയും (ലൂക്കോ. 24/32) മനസ്സ് തുറക്കുകയും (ലൂക്കോ. 24/46) ചെയ്ത അനുഭവതലമാണ് അവരുടെ ശക്തമായ സാക്ഷി. അനുഭവമത്രെ ഉത്തമ ഗുരുനാഥൻ.

www.malankaralibrary.com

### ആദിമക്രൈസ്തവരുടെ വിശ്വാസ ബോദ്ധ്യം

ശിഷ്യന്മാരുടെ ബോദ്ധ്യം തന്നെയാണ് ആദിമക്രൈസ്തസമൂഹത്തിന്റെയും ബോദ്ധ്യം. ക്രിസ്തുരഹസ്യം അനന്യതയുള്ള ഒന്നായി ആദിമസഭ മനസ്സിലാക്കിയിരുന്നു. ക്രിസ്തു ശിഷ്യരുടെയെന്നപോലെ, ഉത്ഥാന – സ്വർഗ്ഗാരോഹണ രഹസ്യങ്ങളിലായിരുന്നു ആദിമസഭയുടെ ജീവിതവും വീക്ഷണവും ഉറപ്പിക്കപ്പെട്ടിരുന്നത്. നൂറ്റാണ്ടുകളായി സഭ വച്ചുപുലർത്തുന്നതും ഈ ബോദ്ധ്യം തന്നെയാണല്ലോ.

സ്വർഗ്ഗാരോഹണ രഹസ്യത്തെ അവർ മനസ്സിലാക്കിയത് സഭാ നായകനായ ക്രിസ്തുവിന്റെ മഹത്വത്തിലേക്കുള്ള പടിവാതിൽ കടക്കലായിട്ടാണ്. തലപോയ വഴിയെ ഉടലും; തലവന്റെ പിന്നാലെ അണികളും. അവരുടെ വിശ്വാസം അതായിരുന്നു; പ്രത്യാശയും അതു മാത്രമായിരുന്നു. ഇതാണവരുടെ സ്നേഹത്തിന്റെ രഹസ്യം. ഇങ്ങനെ ഒരേ വിശ്വാസവും ഒരേ പ്രത്യാശയും ഒരേ സ്നേഹവും പങ്കുവെച്ച ക്രിസ്തുസാക്ഷികളായിരുന്നു ആദിമ ക്രൈസ്തവർ.

അപ്പസ്തോലപ്രവർത്തനങ്ങൾ ഒന്നാമദ്ധ്യായം ആറാം വാക്യത്തിലും ലൂക്കോസിന്റെ സുവിശേഷം 24/36-49, യോഹ. 20/19, 1 കൊരി. 15/7 എന്നിവിടങ്ങളിലും വിവരിക്കുന്ന ഉത്ഥാനാനന്തര പ്രത്യക്ഷങ്ങൾ എല്ലാ ശിഷ്യന്മാർക്കും ലഭിച്ചതും തിരുവുത്ഥാനത്തിന്റെ 40-ാം ദിവസം സന്ധ്യയ്ക്ക് സംഭവിച്ചതും ആയിരിക്കണം. ബഥാനിയായിലേയ്ക്കുള്ള യാത്ര (ലൂക്കോ. 24/50). ആ രാത്രിയിലും സ്വർഗ്ഗാരോഹണം തുടർന്നു വരുന്ന പ്രഭാതത്തിലും ആകണം.

### 41-ാം ദിവസത്തെ ശ്രദ്ധാഞ്ജലിയുടെ അർത്ഥം:

മരിച്ചവരെ 40 ദിവസം പ്രത്യേകമായി അനുസ്മരിക്കുകയും 41-ാം ദിവസം അനുസ്മരണാബലിയും ശ്രാദ്ധാടിയന്തിരവും കഴിക്കുകയും ചെയ്യുന്ന കേരള ക്രൈസ്തവ പാരമ്പര്യത്തിന്റെ ഉറവിടം ഇവിടെ കണ്ടെത്തുവാൻ സാധിക്കും.

### 3. ആത്മാഭിഷേകവാഗ്ദാനം

(അപ്പ. 1/5; ലൂക്കോ. 24/49)

### a) കാത്തിരുപ്പ് (waiting):

ഏതിനും ഒരു കാത്തിരിപ്പുണ്ട്; അതാവശ്യവുമാണ്. വരുവാനുള്ള ഒരു രക്ഷകനുവേണ്ടി യുഗങ്ങളായി ക്ഷമാപൂർവ്വം കാത്തിരുന്നവരാണ് ഇസ്രായേല്യർ. കാലസമ്പൂർണ്ണതവരെ നീണ്ട കാത്തിരുപ്പ് (ഗലാ. 4/4; ഹെബ്രാ. 1/2). അനുസ്യൂതം തുടർന്ന ഈ കാത്തിരിപ്പിനൊടുവിൽ കൈവന്ന മഹാഭാഗ്യമാണ് മനുഷ്യാവതാരം. 'അത് സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്തയാണ്' (ലൂക്കോ. 2/10). പ്രതീക്ഷയോടെ കാത്തിരിക്കുന്ന കാര്യം കരഗതമാവുമ്പോഴാണല്ലോ സന്തോഷം സംജാതമാകുക. രക്ഷകനുവേണ്ടി നൂറ്റാണ്ടുകൾ നീണ്ട കാത്തിരുപ്പ് നടത്തിയതുപോലെ ആത്മാവിനുവേണ്ടിയും ആകാംക്ഷയോടെ, അനുസ്യൂതം കാത്തിരിക്കണം. ഈ കാത്തിരിപ്പാകട്ടെ എളുപ്പമല്ല. എങ്കിലും ജീവിതമത്രയും ഒരു നീണ്ട കാത്തിരുപ്പാണെന്നത് ജീവിതാനുഭവമാണ്. നാമൊക്കെ പ്രതീക്ഷിച്ചും കാത്തു കാത്തും ഇരിക്കുന്നവരാണെന്നതല്ലേ സത്യം?

### കാത്തിരുപ്പ് - ഒരു ജീവിത യാഥാർത്ഥ്യം:

ഉദാഹരണമായി വിവാഹിതയായ ഒരു സ്ത്രീ ആദ്യത്തെ കൺമണിക്കുവേണ്ടി നേർന്നും കാത്തും മാസങ്ങൾ ഇരിക്കുന്നില്ലേ? തന്റെ ഓമനക്കുഞ്ഞിനെ സ്കൂളിൽ വിട്ടശേഷം, മടങ്ങി വരവും കാത്ത് കവാടത്തിൽ കണ്ണുനട്ടിരിക്കുന്നവളല്ലേ ഒരു വീട്ടമ്മ? മുട്ട അടവെച്ചശേഷം കോഴിക്കുഞ്ഞിനെ കാത്ത് 22 ദിവസവും കാത്തിരിക്കേണ്ടതല്ലേ? നിലമൊരുക്കിയ ശേഷം മഴയ്ക്കും അനുകൂല കാലാവസ്ഥയ്ക്കും വേണ്ടി കാത്തിരിക്കുന്നവനല്ലേ ഏതു കർഷകനും? എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്ത് ഇന്റർവ്യൂ കാർഡിനുവേണ്ടി കാത്തിരിക്കുന്നവനല്ലേ ഉദ്യോഗാർത്ഥി?

www.malankaralibrary.com

സങ്കീർത്തകൻ പറയും: "കർത്താവിനുവേണ്ടി കാത്തിരിക്കുവിൻ" (സങ്കീ. 27/14). "കർത്താവിനുവേണ്ടി ക്ഷമാപൂർവ്വം കാത്തിരിക്കുക" (സങ്കീ. 37/34).

അതേ, നാം പരിശുദ്ധാത്മാവിനെ കാത്തിരിക്കുന്നവരാകണം. ആത്മാഭിഷേകം കാത്തിരുപ്പിന്റെ പരിണത ഫലമാണ്. പെന്തക്കുസ്താ അനുഭവത്തിനായി 10 ദിവസം കാത്തിരുന്നവരാണ് ശിഷ്യസമൂഹം.

## രക്ഷയ്ക്ക് മനുഷ്യന്റെ സഹകരണം:

ഭൂമിയിലെ സ്വർഗ്ഗരാജ്യത്തിൽ (സഭ) പരിശുദ്ധാത്മാവാണ് പ്രധാന പ്രവർത്തകനും ചാലക ശക്തിയും. ആത്മാവിന്റെ പ്രവർത്തനമാണ് സഭയിൽ. എന്നാൽ നമ്മുടെ സഹകരണം ആവശ്യമാണ്. അഗസ്തിനോസ് പുണ്യവാൻ പറയുന്നതുപോലെ, "നിന്നെക്കൂടാതെ നിന്നെ സൃഷ്ടിച്ച ദൈവത്തിന്, നിന്നെക്കൂടാതെ നിന്നെ രക്ഷിക്കുവാൻ കഴിയുകയില്ല." മനുഷ്യാവതാരത്തിലും ഇത് വ്യക്തമാണ്. 'ഫിയാത്ത്' – അപ്രകാരം ഭവിക്കട്ടെ – എന്നു പറഞ്ഞ് മറിയം സഹകരിച്ചപ്പോഴാണ് മനുഷ്യാവതാരം സാദ്ധ്യമായത്. സഭയുടെ പ്രവർത്തനം മാനുഷിക പ്രയത്നം ഒന്നുകൊണ്ട് മാത്രം സാക്ഷാത്കരിക്കപ്പെടുന്നതല്ല. തിടുക്കം കൂട്ടിയതുകൊണ്ട് മാത്രം കാര്യവുമില്ല. മറിച്ച് ക്ഷമയോടും പ്രത്യാശയോടും കൂടി കാത്തിരുന്ന് ആത്മാഭിഷേകം പ്രാപിച്ചിട്ടേ സഭാപ്രവർത്തനത്തിനിറങ്ങാവൂ. വിജയിക്കാതെ പോകുന്ന പല പ്രവർത്തനങ്ങളുടെയും കാരണം കണ്ടെത്താൻ ഈ 'ടെസ്റ്റ്' നടത്തിയാൽ മതിയാകും. പ്രാർത്ഥന കൂടാത്ത പ്രവർത്തനത്തെക്കാൾ അഭികാമ്യം പ്രവർത്തനം കൂടാത്ത പ്രാർത്ഥനയാണ്. വലിയ മിഷനറിയായ ഫ്രാൻസിസ് സേവ്യർ രണ്ടു ദശകം കൊണ്ട് നേടിയ ആത്മാക്കളേക്കാൾ ഏറെ ഒരുപക്ഷേ ഒരു പ്രഘോഷണവും നടത്താതെ കേവലം ഒരു ദശകം കർമ്മലമഠത്തിനകത്ത് പ്രാർത്ഥനയിലും കാത്തിരിപ്പിലും കഴിഞ്ഞുകൂടി 24-ാം വയസ്സിൽ ഐഹിക ജീവിതത്തോട് വിടപറഞ്ഞ കൊച്ചുത്രേസ്യാ പുണ്യവതി നേടി.

## പ്രാർത്ഥനയുടെ നിറവിൽ പ്രവർത്തനം:

ഇപ്പറഞ്ഞതിനർത്ഥം അകർമ്മണ്യതയുടെ ആലസ്യത്തിൽ അടിഞ്ഞുകൂടണമെന്നല്ല. പ്രാർത്ഥന പ്രവർത്തനങ്ങളുടെ ചാലകശക്തിയാണ്. ക്രിയാത്മക പ്രവർത്തനങ്ങൾക്ക് പ്രാർത്ഥന ചാലകശക്തിയാകുന്നതുപോലെതന്നെ നശീകരണ പ്രവർത്തനങ്ങൾക്ക് അത് തടയിടുകയും ചെയ്യും. തപസ്സിന്റെയും പ്രാർത്ഥനയുടെയും നിറവിൽ ആരംഭിച്ച പ്രസ്ഥാനങ്ങൾ ആ പന്ഥാവിലൂടെ തന്നെ പ്രയാണം തുടരുമ്പോൾ വിജയ പഥത്തിലെത്തുന്നത് നമുക്ക് കാണാൻ കഴിയുമല്ലോ. വളരുന്ന സന്യാസപ്രസ്ഥാനങ്ങളും ഉപവിപ്രവർത്തനങ്ങളുമെല്ലാം ഇതിനുദാഹരണങ്ങളാണ്. അസ്സീസ്സിയിലെ പുണ്യവാനാരംഭിച്ച ഫ്രാൻസിസ്കൻ പ്രസ്ഥാനവും, ലയോളയിലെ ഇഗ്നേഷ്യസ് ആരംഭം കുറിച്ച ഈശോസഭാ പ്രസ്ഥാനവും, പാവങ്ങളുടെ അമ്മയായ മദർ തെരേസയാരംഭിച്ച ഉപവികളുടെ സഹോദരികളുടെ സാമൂഹ്യപ്രവർത്തനവും അവരുടെ കൺമുമ്പിൽ വെച്ചുതന്നെ അത്ഭുതാവഹമായി വളർന്നത് ചരിത്രം നല്കുന്ന പാഠം. ആദിമസഭയിലെപ്പോലെ തന്നെ ആത്മാവിനാൽ നടത്തപ്പെടുന്ന അനുഭവം അവിടെ ദൃശ്യമാണ്. "സത്യാത്മാവ് വരുമ്പോൾ അവൻ നിങ്ങളെ സത്യത്തിന്റെ പൂർണ്ണതയിലേക്ക് നയിക്കും" (യോഹ. 16/13).

## ദീക്ഷയും പ്രതീക്ഷയും

കാത്തിരിക്കാതെ പ്രവർത്തനത്തിനിറങ്ങുന്നത് മൗഢ്യമാണ്. കാത്തിരിക്കുന്നവരാണ് ആത്മാവിൽ ശക്തീകരിക്കപ്പെടുക. പ്രവർത്തനവുമായി ലോകത്തിലേക്ക് ഇറങ്ങുന്നതിന് മുമ്പായി ആലോചനയുമായി കർത്താവിങ്കലേക്ക് തിരിയണം. കർത്തൃദാസന്മാർക്ക് കൈമുതലാകേണ്ടത് കർത്താവിന്റെ കാര്യങ്ങളിലുള്ള അവഗാഹവും വൈദഗ്ദ്ധ്യവുമാണ്. ഈ 'ദീക്ഷ'യും പ്രതീക്ഷയും വ്യക്തിജീവിതത്തിന് മാറ്റു കൂട്ടും. സഭാതലത്തിലും സംഘടനാതലത്തിലുമെല്ലാം ഈ ദീക്ഷ കുറയുമ്പോൾ – കാത്തിരിപ്പിനെ അവഗണിക്കുമ്പോൾ – അതിന് സമയം 'പാഴാക്കാനില്ലാതെ' വരുമ്പോൾ

www.malankaralibrary.com

സഭയുടെ പ്രവർത്തനം പരിശുദ്ധാത്മാവിന്റെ പ്രവർത്തനമല്ലാതായിത്തീരുകയും നമ്മുടെ പ്രവർത്തനമായി ചുരുങ്ങുകയും പരാജയത്തിന്റെയും വിനാശത്തിന്റെയും പടുകുഴിയിൽ എത്തിപ്പെടുകയും ചെയ്യും. "ദൈവത്തിന്റെ പ്രവൃത്തികളൊരിക്കലും വ്യർത്ഥമാകയില്ല" (ഏശാ. 45/18-19). "കർത്താവ് ചെയ്യാത്ത പ്രവൃത്തികളെല്ലാം വ്യർത്ഥമാണ്" (സങ്കീ. 127/1). പണിക്കാരനും കാവല്ക്കാരനും അവൻ തന്നെയാണല്ലോ (സങ്കീ. 127/1)

## കാത്തിരുപ്പ് എന്നും ആവശ്യം:

കരുത്തു ലഭിക്കുവാൻ പ്രാർത്ഥിക്കുകതന്നെ വേണം (ലൂക്കോ. 21/36). സഭയുടെ ഏതു പ്രസ്ഥാനത്തിനും ഏത് സഭാ പ്രവർത്തനങ്ങൾക്കും, എന്നെന്നപോലെ തന്നെ ഇന്നും ഈ കാത്തിരുപ്പാവശ്യമാണ്. ഇന്നും പെന്തിക്കോസ്തിക്ക് മുമ്പുള്ള പത്തുദിനങ്ങൾ "കാത്തിരുപ്പിന്റെ കാല''മായി, സഭ കരുതുന്നു. എന്നാൽ അർത്ഥപൂർണ്ണമായ ഒരാചരണമായി അത് മാറിയിട്ടില്ല എന്നത് ശ്രദ്ധിക്കേണ്ടതും സഭാതലത്തിൽ തിരുത്തിക്കുറിക്കേണ്ടതുമാണ്.

## b) ഈ കാത്തിരുപ്പ് ആർക്കുവേണ്ടി?

ഈ ചോദ്യത്തിനുള്ള ഉത്തരം യേശു നല്കുന്നുണ്ട്. 'പിതാവിൽ നിന്ന് പുത്രൻ അയയ്ക്കുന്ന ആത്മാവിനുവേണ്ടിയാണ് നാം കാത്തിരിക്കുന്നത്' (യോഹ. 14/26; 15/26). ആത്മാവ് ദൈവത്വത്തിലെ ഒരു വ്യക്തിയും ദൈവത്തിന്റെ ശക്തിയുമാണ്. **പരിശുദ്ധാത്മ നിറവിൽ** വരുന്ന യേശുവിനെയാണ് പരസ്യജീവിതത്തിന്റെ ആരംഭത്തിൽ ലൂക്കോസ് അവതരിപ്പിക്കുന്നത് (ലൂക്കോ. 4/1).

## പരിശുദ്ധാത്മാവ് ദൈവവ്യക്തിയും ദൈവശക്തിയും:

പരിശുദ്ധാത്മാവിനെ ഒരു ശക്തിയായിട്ടാണ് സാധാരണയായി ലൂക്കോസ് അവതരിപ്പിക്കുന്നത്:

അത്യുന്നതന്റെ ശക്തി (ലൂക്കോ. 1/35).
ഉന്നതത്തിൽനിന്നുള്ള ശക്തി (ലൂക്കോ. 24/49).
പരിശുദ്ധാത്മാവിനാലും ശക്തിയാലും (അപ്പ. 1/8; 10/38)
പരിശുദ്ധാത്മ ശക്തിയാൽ (റോമ. 15/13, 19)
ആത്മാവിന്റെയും ശക്തിയുടെയും വെളിപ്പെടുത്തൽ; ദൈവശക്തി (1 കോരി. 2/4,5)
ശക്തിയാലും പരിശുദ്ധാത്മാവിനാലും (1 തെസ്സ. 1/5).

## പരിശുദ്ധാത്മശക്തി നൽകപ്പെടുന്നതെന്തിനുവേണ്ടി?

പുത്രൻവഴി പിതാവായ ദൈവം നൽകുന്ന ഈ ശക്തി (അപ്പ. 2/33), സുവിശേഷം പ്രഘോഷിക്കുവാൻ വേണ്ടിയുള്ള ശക്തിയാണ്; സുവിശേഷ ജീവിതം നയിക്കുവാൻ ആവശ്യമായ ശക്തിയാണ്.

## ഈ ശക്തി പ്രകടമാകുന്നതെങ്ങനെ?

സുവിശേഷ സന്ദേശത്തിന് ഉറപ്പു നൽകുന്ന വരദാനങ്ങൾ നല്കിക്കൊണ്ട് ഇത് പ്രകടമാകുന്നു. ആത്മാവ് ഒന്നാണെങ്കിലും വരദാനങ്ങൾ വിവിധങ്ങളാണ്. ദൈവത്തിന്റെ ഏറ്റവും വലിയ ദാനം പരിശുദ്ധാത്മാവാണ്; ആത്മാവിന്റെ സാന്നിദ്ധ്യം പ്രകടമാകുന്നത് വരദാനങ്ങളിലൂടെയും. അനേകം വരങ്ങളെപ്പറ്റി വിശുദ്ധ ഗ്രന്ഥം പ്രതിപാദിക്കുന്നുണ്ട്.

ക്രിസ്തുസാക്ഷ്യവരം (അപ്പ. 1/8)
ഭാഷാവരം (അപ്പ. 2/4,11)
പ്രഘോഷണത്തിനുള്ള ആത്മവരം (അപ്പ. 4/8, 31; 5/32; 6/10)
അറിവിന്റെ വരം (അപ്പ. 6/3,5,10)
അത്ഭുതപ്രവർത്തനവരം (അപ്പ. 10/38)

www.malankaralibrary.com

പ്രവചനവരം (അപ്പ. 11/27; 20/23; 21/11)
(വിവിധ വരദാനങ്ങളെപ്പറ്റി 1 കോരി. 12/4-11; 14/1-40 ഭാഗങ്ങൾ കാണുക)

### ആത്മശക്തി പ്രകടമാകുന്നത് എപ്പോഴൊക്കെ?

സഭയുടെ സുപ്രധാന തീരുമാനങ്ങളിൽ ആത്മാവ് അവളെ നയിക്കുന്നു.

1) നിയമാനുഷ്ഠാനബാദ്ധ്യത കൂടാതെ വിജാതീയരെ സഭയിൽ സ്വീകരിക്കുന്ന തീരുമാനത്തിൽ (അപ്പ. 8/29,40; 10/19,44,48; 11/12-16; 15/8).

2) വിജാതീയരുടെ ഇടയിലെ ക്രിസ്തുസാക്ഷ്യത്തിന് വി. പൗലോസിന് ശക്തമായ പ്രേരണ നൽകുന്നതിൽ (അപ്പ. 13/2ff; 16/6-7; 19/1).

3) മാമോദീസായിലൂടെ സംലഭ്യമാകുന്ന പാപമോചനത്തെപ്പറ്റിയും ആത്മദാനത്തെപ്പറ്റിയും പഠിപ്പിക്കുന്നതിൽ (അപ്പ. 2/38).

### C) പരിശുദ്ധാത്മാവ് വ്യക്തിയും ശക്തിയും:

പരിശുദ്ധാത്മാവ് ഒരു ശക്തിയാണ് എന്ന വീക്ഷണത്തിലാണ് നാം പരിശുദ്ധാത്മാവിൽ നിറയുവാൻ പ്രാർത്ഥിക്കുന്നതും കാത്തിരിക്കുന്നതും.

"അങ്ങയുടെ ആരാധകരുടെ ഹൃദയങ്ങളിൽ നിറയണമേ" എന്ന പ്രാർത്ഥനയും "നിറയണമേ എന്നിൽ നിറയണമേ" എന്ന ആരാധനാശാനഭാഗവും ശ്രദ്ധിക്കുക. ഒരു വ്യക്തിക്ക് മറ്റൊരു വ്യക്തിയിൽ എങ്ങനെ നിറയുവാൻ കഴിയും? പരിശുദ്ധ ത്രിത്വത്തിലെ മൂന്നാമത്തെ ആളത്വമായ പരിശുദ്ധാത്മാവ് എന്ന വ്യക്തിക്ക് ഏതെങ്കിലും മനുഷ്യവ്യക്തിയിൽ ഉൾപ്പെടുവാനോ നിറയുവാനോ സാധ്യമല്ലല്ലോ.

പ്രകാശം, പരിമളം മുതലായ ദ്രവ്യഗുണങ്ങൾക്ക് പരിസരം മുഴുവൻ പരക്കുവാനും നിറഞ്ഞുനില്ക്കുവാനും കഴിയും. വായുവും വെള്ളവും, നമ്മിലും പ്രപഞ്ചത്തിലും നിറഞ്ഞുനില്ക്കുന്നെങ്കിലും നമുക്ക് അവയുടെ മേൽ ഒരു നിയന്ത്രണമുണ്ട്. എന്നാൽ പരിശുദ്ധാത്മാവിന്റെ മേൽ നമുക്ക് ഒരു നിയന്ത്രണവുമില്ല; ഉണ്ടാകുവാൻ സാധ്യമല്ല. ഇക്കാര്യമെല്ലാം വെളിപ്പെടുത്തുവാൻ പര്യാപ്തമാണ് ഗ്രബ്രിയേൽ മാലാഖയിലൂടെ പരിശുദ്ധ കന്യകമറിയത്തിന് ലഭിക്കുന്ന ദൂത്."പരിശുദ്ധാത്മാവ് നിന്റെ മേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും"(ലൂക്കോ. 1/35). മറിയാമിന്റെ പ്രത്യുത്തരവും ശ്രദ്ധേയമാണ്. "ഇതാ, ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" (ലൂക്കോ. 1/38). ആ ദിവ്യ ആളത്വത്തിന് സ്വയം വിട്ടുകൊടുക്കുകയാണ്, സമ്പൂർണ്ണമായി സമർപ്പിക്കുകയാണ് മറിയം. തന്നെ മെനയുവാൻ, വാർത്തെടുക്കുവാൻ പാകത്തിൽ സ്വയം കയ്യാളിക്കുകയാണ്.

### ചാത്തൻസേവ!

പരിശുദ്ധാത്മാവിന്റെ ആവാസത്തിനായി പ്രാർത്ഥിക്കുന്ന സകലർക്കും ഈ മനോഭാവമാണുണ്ടാകേണ്ടത്. അവനെ ഞാൻ ഉപയോഗിക്കുകയല്ല, അവൻ എന്നെ എടുത്ത് യഥേഷ്ടം ഉപയോഗിക്കുവാൻ ഞാൻ എന്നെത്തന്നെ വിട്ടുകൊടുക്കണം. പക്ഷേ പലപ്പോഴും അങ്ങനെയാകുന്നില്ല എന്നതാണ് സത്യം. അവിടെയാണ് പ്രാർത്ഥന വെല്ലുവിളിയാകുന്നത്. അതാണ് പരിശുദ്ധാത്മാവും ദുരാത്മാവും തമ്മിലുള്ള വ്യത്യാസം. 'ചാത്തൻ സേവ'യുടെ മാഹാത്മ്യത്തെപ്പറ്റി പത്രമാസികകളിലെ പരസ്യം കണ്ടിട്ടുണ്ടാകുമല്ലോ. അവിടെ കുട്ടിച്ചാത്തനെ, സേവക്കാരൻ ഉപയോഗിക്കുകയാണ്. ചാത്തൻ (സാത്താൻ) നമ്മുടെ ചൊല്പടിക്കു നില്ക്കും എന്നാണ് പരസ്യം. അത് നമുക്ക് ആദായകരമെന്നാണ് സങ്കല്പം. അവിടെയും ഒരു സമർപ്പണവും വിട്ടുകൊടുക്കലുമുണ്ട്. അതാണ് 'ഇടത്തുട്ട്' (Leftist) ആരാധന എന്ന് നാമതിനെ വിളിക്കുന്നത്. സേവ ആരംഭിക്കുന്നവൻ പുലിവാലു പിടിച്ച അനുഭവമാണ് എന്നത് പ്രസിദ്ധം.

### 'കേയോസും കോസ്മോസും'

ദൈവത്തിന്റെ ചൈതന്യം വെള്ളത്തിനുമേൽ ചലിച്ചപ്പോൾ (പരിവർത്തിച്ച

www.malankaralibrary.com

പ്പോൾ) വന്ന പരിവർത്തനത്തെക്കുറിച്ച് ഉൽപത്തിയുടെ രണ്ടാം വാക്യത്തിൽ വിവരിക്കുന്നത് നാം വായിക്കുന്നു (ഉൽപ. 1/2). രുപരഹിതവും അന്ധകാരാവൃതവുമായിരുന്ന പ്രകൃതിയിൽ ക്രമമോ ചിട്ടയോ ഉണ്ടായിരുന്നില്ല; വ്യവസ്ഥാപിത ക്രമമുണ്ടായിരുന്നില്ല. അത് 'കേയോസ്' (Chaos) അഥവാ ക്രമരാഹിത്യത്തിന്റെ അവസ്ഥയായിരുന്നു. ദൈവവചനവും ദൈവജ്ഞാനവും ദൈവാത്മാവും പരിവർത്തിച്ചപ്പോൾ (Logos and spirit) അവിടെ ക്രമവും ചിട്ടയും, രുപവും ഭാവവും, പ്രകാശവും ഭംഗിയും (Cosmos) സംജാതമായി. "ആകാശം ദൈവത്തിന്റെ മഹത്വം പ്രഘോഷിക്കുന്നു, വാനവിതാനം അവിടുത്തെ കരവേലയെ വിളംബരം ചെയ്യുന്നു..... അവയുടെ സ്വരം ഭൂമിയിലെങ്ങും വ്യാപിക്കുന്നു; അവയുടെ വാക്കുകൾ ലോകത്തിന്റെ അതിർത്തിയോളം എത്തുന്നു" (സങ്കീ. 19/1-4). അപ്പസ്തോലന്റെ വിശദീകരണം കേട്ടാലും: "ലോകസൃഷ്ടി മുതൽ ദൈവത്തിന്റെ അദൃശ്യപ്രകൃതി, അതായത് അവിടുത്തെ അനന്തശക്തിയും **ദൈവത്വവും** സൃഷ്ടവസ്തുക്കളിലുടെ സ്പഷ്ടമായി അറിഞ്ഞിട്ടുണ്ട്." (റോമ. 1/20). വീണ്ടും പറയുന്നു: "അവരുടെ ശബ്ദം ഭൂമി മുഴുവനിലും വ്യാപിച്ചിരിക്കുന്നു; അവരുടെ വചനങ്ങൾ ലോകത്തിന്റെ സീമകൾ വരെയും" (റോമ. 10/18).

## മനുഷ്യമനസ്സ് - ക്രമം തെറ്റിയ ഏകസ്ഥാനം!

എന്നാൽ ഈ പ്രപഞ്ചത്തിൽ ക്രമം തെറ്റിയതും അക്രമം മുറ്റിയതുമായ ഒരൊറ്റ സ്ഥാനമേയുള്ളു - മനുഷ്യമനസ്സ്! സ്വതന്ത്രബുദ്ധി നല്കിയതുകൊണ്ടാണത്. പ്രകൃതിനിയമങ്ങൾക്കുപരിയായ ഒരു നിയമമാണ് അഥവാ സർവ്വതന്ത്ര സ്വതന്ത്രയാണ് മനുഷ്യമനസ്സ്. എന്നാൽ എവിടെയും അലഞ്ഞുതിരിയുവാനും ആടിയുലയുവാനും അതിനെ വിടാതെ, അതിനെയും രക്ഷാകരചക്രത്തിലേക്കാനയിക്കുവാൻ ദൈവം തിരുമനസ്സായി എന്നതാണ് സത്യം. പരിശുദ്ധാത്മാവ് ഹൃദയാന്തരാളത്തിൽ വന്നു നിറയുമ്പോൾ മാത്രമേ സൃഷ്ടികർമ്മം പരിപുർത്തിയിലേയ്ക്കെത്തുകയുള്ളു. മനുഷ്യവംശത്തിനു മുഴുവൻ മാതൃകയായ - ആംഗലേയ കവി വില്യം വേർഡ്സ്വർത്ത് ഉദ്ഗാനം ചെയ്യും പോലെ "പങ്കിലമായ മനുഷ്യവംശത്തിന്റെ ഏക അഭിമാനഭാജനമായ" (Our tainted nature's solitary boast), ഭക്തരുടെ പുകഴ്ചയ്ക്ക് ഭാജനമായ, പരിശുദ്ധ മറിയത്തിന്റെ മനോഭാവം ആർജ്ജിക്കുമ്പോൾ മാത്രമാണ് അതുസാധിക്കുന്നത്. മറിയാമിനെപ്പോലെ ഓരോ ആത്മാവും ദൈവസമക്ഷം തനിക്കുള്ളവയെയും തന്നെത്തന്നെയും, തന്റെ ഉള്ളും തനിക്കുള്ളതും, സമർപ്പിക്കുവാൻ സന്നദ്ധത പ്രകടിപ്പിക്കുമ്പോൾ മാത്രമാണ്. അപ്പോൾ മാത്രമേ ദാസനെപ്പോലെയല്ല അധികാരിയെപ്പോലെ ദൈവാത്മാവിന് നമ്മിൽ പ്രവർത്തിക്കുവാൻ കഴിയു. അപ്പോൾ മാത്രമേ നമ്മിലുള്ള അക്രമവാസനകളെയെല്ലാം ദുരീകരിക്കുവാൻ കഴിയു. മർക്കടമുഷ്ടി ഉപേക്ഷിക്കാതെ മനുഷ്യമനസ്സ് പ്രശാന്തമാകുകയില്ല. മർക്കമുഷ്ടിയും പിടിവാശിയും പിന്തുടരുന്നിടത്തോളം ദൈവാത്മ വ്യാപാരവലയത്തിൽ നിന്ന്, അഭൗമികമായ ആ കാന്തവലയത്തിൽ നിന്ന് നാം അന്യരും പുറന്തള്ളപ്പെട്ടവരുമാകും. 'പ്രവാസികളും പുറന്തള്ളപ്പെട്ടവരു'മായി തുടരും.

## യുദ്ധം ആരംഭിക്കുന്നത് മനുഷ്യമനസ്സിൽ:

പ്രപഞ്ചത്തിന്റെ താളലയം നശിപ്പിക്കുന്നത് മനുഷ്യമനസ്സാണ്. പ്രകൃതിയെ ഭിന്നിപ്പിക്കുന്നത് മനുഷ്യമനസ്സാണ്. യുദ്ധകാഹളം മുഴക്കുന്നത് മനുഷ്യമനസ്സാണ്. എല്ലാ യുദ്ധങ്ങളും - കുടുംബത്തിലെ ചെറിയ സൗന്ദര്യപ്പിണക്കം മുതൽ ലോകമഹായുദ്ധം വരെ - ആരംഭിക്കുന്നത് ഒരു മനുഷ്യന്റെ മനസ്സിലല്ലേ? ഒരു ഹിറ്റ്ലറുടെ വ്യാമോഹമല്ലേ ലോകത്തെ വിറപ്പിച്ച, അറുപതുലക്ഷം യഹൂദരെ കൊന്നൊടുക്കിയ സംഹാര താണ്ഡവത്തിന് തുടക്കം കുറിച്ചത്? കർത്താവിന്റെ ദാസൻ അഥവാ കർത്തൃദാസി ഇതാ എന്നു പറയുന്നതുവരെ മനുഷ്യമനസ്സിലെ യുദ്ധം തുടർന്നുകൊണ്ടിരിക്കും - ലോകം എത്ര പുരോഗമിച്ചാലും, സംശയം വേണ്ട. അതുകൊണ്ട് മുഴുമനസ്സോടെ

www.malankaralibrary.com

നമുക്ക് നമ്മെത്തന്നെ ദൈവതൃക്കരങ്ങളിൽ നിരുപാധികം സമർപ്പിക്കാം. അങ്ങനെ നമ്മെയും ഈ പ്രപഞ്ചത്തെയും മെനഞ്ഞെടുക്കുവാനും വാർത്തെടുക്കുവാനും ക്രമഭംഗത്തിൽ നിന്ന് ക്രമീകരണത്തിലേക്ക് (Order) കൈപിടിച്ചു ഉയർത്തുവാനും കഴിയട്ടെ. നമുക്ക് പാടുകയും ഏറ്റുപാടുകയും ചെയ്യാം:

1) "**ദൈവപിതാവേ,** അങ്ങയെ ഞാൻ
ആരാധിക്കുന്നു സ്തുതിക്കുന്നു.
ജീവനുമെന്റെ സർവ്വസ്വവും
മുമ്പിലണച്ച് കുമ്പിടുന്നു.

2) **യേശുവേ നാഥാ** അങ്ങയെ ഞാൻ
ആരാധിക്കുന്നു സ്തുതിക്കുന്നു
ജീവനുമെന്റെ സർവ്വസ്വവും
മുമ്പിലണച്ച് കുമ്പിടുന്നു.

3) **പാവനാത്മാവേ** അങ്ങയെ ഞാൻ
ആരാധിക്കുന്നു സ്തുതിക്കുന്നു
ജീവനുമെന്റെ സർവ്വസ്വവും
മുമ്പിലണച്ച് കുമ്പിടുന്നു.

പ്രപഞ്ചത്തോടും സർവ്വസൃഷ്ടചരാചരങ്ങളോടും ചേർന്ന് പരിശുദ്ധത്രിത്വത്തെ നമുക്ക് മഹത്വപ്പെടുത്താം. അപ്പോൾ നഷ്ടപ്പെട്ടുപോയ ശാന്തിയും കൈവിട്ടുപോയ ആന്തരീകസമാധാനവും നമുക്ക് സ്വന്തമാകും. ജീവിതതാളം ശരിയാകും.

## ആത്മാവിന്റെ അനുഭവം:

ഒരു ശക്തിയായിട്ടാണ് പരിശുദ്ധാത്മാവ് നമുക്കനുഭവപ്പെടുന്നത്. എന്നാൽ അവൻ ഒരു വ്യക്തിയാണെന്ന സത്യം നാം ഓർക്കണം. ശക്തിയായി മാത്രം കണ്ടാൽ ആ ശക്തിയെ നമ്മുടെ നിയന്ത്രണത്തിലും വരുതിയിലും ചൊല്പടിയിലും നിർത്തുവാൻ കഴിയുമെന്നു വരും. ആണവശക്തിയും വൈദ്യുതശക്തിയുമെല്ലാം മതിയായ ഉദാഹരണങ്ങൾ തന്നെ. ഇവയെ എല്ലാം നമ്മുടെ ബുദ്ധിശക്തിയും കഴിവുമുപയോഗിച്ച് നിയന്ത്രിച്ച് വരുതിയിൽ വരുത്താൻ കഴിയും. കാരണം അവ വ്യക്തിത്വമില്ലാത്ത ശക്തികളാണ് എന്നതുതന്നെ. ശക്തിയെക്കാൾ മഹത്വമുറ്റതാണ് വ്യക്തി.

## പരിശുദ്ധാത്മാവ് - വ്യക്തിത്വമുള്ള ശക്തി:

എന്നാൽ പരിശുദ്ധാത്മാവാകട്ടെ വ്യക്തിത്വമുള്ള ശക്തിയാണ്; ദൈവശക്തിയാണ് (Power of God). അതിനാൽ ആത്മാവിനെ നാം നിയന്ത്രിക്കുകയല്ല, നാം ആത്മാവിനാലും ആത്മശക്തിയാലും നിയന്ത്രിക്കപ്പെടുകയാണ്. ആ നിയന്ത്രണത്തിനും അവന്റെ ആമന്ത്രണത്തിനും നമ്മെ വിട്ടുകൊടുക്കേണ്ടിരിക്കുന്നു - മറിയാം ചെയ്തതുപോലെ.

## ബലികളിൽ പ്രസാദിക്കുന്നില്ല:

നൈവേദ്യങ്ങളും, പൂജകളും, ഹോമബലികളും, മന്ത്രതന്ത്രങ്ങളും വഴി ആ പരാശക്തിയെ നിയന്ത്രിക്കാമെന്നും നയിക്കാമെന്നും പ്രസാദിപ്പിക്കാമെന്നുമുള്ള ധാരണ മറ്റുമതങ്ങളിൽ പ്രബലമാണ്. എന്നാൽ സങ്കീർത്തകനിലൂടെ പരിശുദ്ധാത്മാവ് നമ്മെ ഓർപ്പെടുത്തുന്നത് ശ്രദ്ധിക്കുക:

"ബലികളിൽ അങ്ങു പ്രസാദിക്കുന്നില്ല; ഞാൻ ദഹനബലിയർപ്പിച്ചാൽ അങ്ങു സന്തുഷ്ടനാവുകയില്ല" (സങ്കീ. 51/16).

പിന്നെ എന്തിലാണ് ദൈവപ്രസാദമുള്ളത് എന്നുകൂടി ആത്മാവ് നമ്മെ പഠിപ്പിക്കും.

www.malankaralibrary.com

"ഉരുകിയ മനസ്സാണ് ദൈവത്തിന് സ്വീകാര്യമായ ബലി; നുറുങ്ങിയ ഹൃദയത്തെ അങ്ങ് നിരസിക്കുകയില്ല. (സങ്കീ. 51/17).

'A proud soul rebells against God A humble soul submits to God itself'

അഹങ്കാരമുള്ള മനസ്സ് ദൈവത്തിനെതിരെ പടപൊരുതുന്നു; വിനയമുള്ള മനസ്ഥിതി ദൈവകരങ്ങളിൽ സ്വയം സമർപ്പിക്കുന്നു.

## ദൈവാത്മാവിന്റെ ആവാസം വ്യക്തിയിലും സൃഷ്ടിയിലും (വ്യഷ്ടിയിലും സമഷ്ടിയിലും):

"....യേശു വെള്ളത്തിൽ നിന്ന് കയറിയപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. ദൈവാത്മാവ് പ്രാവിന്റെ രുപത്തിൽ തന്റെ മേൽ ഇറങ്ങി വരുന്നത് അവൻ കണ്ടു. ......ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന് ഒരു സ്വരം സ്വർഗ്ഗത്തിൽ നിന്നു കേട്ടു" (മത്താ. 3/16-17).

സൃഷ്ടിയുടെ ആരംഭത്തിൽ ഏതൊരാത്മാവ് ആവസിച്ച് ക്രമവും ചിട്ടയും ലക്ഷ്യവും പ്രദാനം ചെയ്തുകൊണ്ട് അതിനെ നയിച്ചുവോ (ഉൽപ. 1/2) അതേ ആത്മാവുതന്നെ രണ്ടാം സൃഷ്ടിയിലും അഥവാ സൃഷ്ടിയുടെ നവീകരണത്തിലും രണ്ടാമാദം ആയ യേശുവിൽ ആവസിച്ച് അഭിഷേകം ചെയ്തു. മിശിഹായുടെ ദൗത്യം നിർവ്വഹിക്കുവാൻ യേശുവിനെ അഭിഷേകം ചെയ്തു (അപ്പ. 10/36-38). നന്മ പ്രവർത്തിക്കുവാനും പൈശാചിക പ്രലോഭനങ്ങളെ അതിജീവിക്കുവാനുമുള്ള ദൗത്യവും അഭിഷേകവുമാണത്. ഈ പരിശുദ്ധാത്മാവ് തന്നെയാണ് യേശുവിനെ അനുസ്യൂതം നയിച്ചുകൊണ്ടിരുന്നത് (മത്താ. 4/1 ff; 12/18,28; ലൂക്കോ. 4/14,18; 10/21). ഈ ആത്മാവുതന്നെയാണ് പ്രവാചകന്മാരെയും നയിച്ചുകൊണ്ടിരുന്നത് (ഏശാ. 11/2-9). അതേ ആത്മാവ് തന്നെയാണ് വിശ്വാസികളുടെ ഹൃദയങ്ങളിൽ വ്യാപരിച്ച് അവരെ സ്വർഗ്ഗോന്മുഖരായി വഴിനടത്തുന്നത് എന്ന് വിസ്മരിക്കരുത്.

## 4. ദൈവരാജ്യം (അപ്പ. 1/6)

ദൈവരാജ്യം സമീപസ്ഥം എന്നതായിരുന്നു സ്നാപകന്റെ സാക്ഷ്യവും സന്ദേശവും (മത്താ. 3/2). ദൈവരാജ്യം സമാഗതമായി; അതു മറ്റു പട്ടണങ്ങളിലും (=സാർവ്വത്രികമായി) പ്രസംഗിക്കപ്പെടണം എന്നായിരുന്നു യേശുവിന്റെ സാക്ഷ്യം (മത്താ. 4/17,23; ലൂക്കോ. 4/43; മർക്കോ.1/38,39).

## ഉടൻ വന്നുചേരുന്ന ദൈവരാജ്യം

ഈ ദൈവരാജ്യം ഉടൻ വന്നുചേരുമെന്ന പ്രതീക്ഷ സാമാന്യജനങ്ങളിൽ ശക്തമായിരുന്നു (ലൂക്കോ. 19/11). ദാവീദിന്റെ രാജ്യം പുനഃസ്ഥാപിക്കുന്നതാണ് ദൈവരാജ്യം എന്ന് ഉത്ഥാനശേഷം പോലും പ്രതീക്ഷ വെച്ചുപുലർത്തുന്ന ക്രിസ്തുശിഷ്യരെയാണല്ലോ അപ്പസ്തോല ചരിതത്തിന്റെ ആദ്യഭാഗത്ത് നാം കാണുന്നത്. നമ്മുടെ പിതാവായ ദാവീദിന്റെ സമാഗതമാകുന്ന രാജ്യം അനുഗൃഹീതം (മർക്കോ. 11/10) എന്ന് ആർത്തുവിളിച്ചാനന്ദിച്ചും ആമോദത്തിരകളുയർത്തിയുമാണ് ജറുസലേം നഗരത്തിലേക്ക് രക്ഷകനെ സ്വാഗതം ചെയ്യുന്നത്. "നീ ഇസ്രായേലിന് രാജ്യം പുനഃസ്ഥാപിക്കുന്ന**തിപ്പോഴോ?**" (അപ്പ. 1/6). ദൈവരാജ്യം സ്ഥാപിക്കപ്പെട്ടു കഴിഞ്ഞു എന്നതാണ് സത്യം; പക്ഷേ അവർക്ക് ഗ്രഹിക്കാനായില്ല.

## ദൈവരാജ്യം എന്നാലെന്ത്?

ഭൗതികമായി ശക്തവും, ദാവീദിന്റെ സാമ്രാജ്യം പോലെ പ്രബലവുമായ ഒരു ഭൗമികസാമ്രാജ്യമായി ദൈവരാജ്യത്തെ അവർ തെറ്റിദ്ധരിച്ചിരുന്നതായി കാണാം (മർക്കോ. 11/11; ലൂക്കോ. 19/11; അപ്പ. 1/6). എന്നാൽ ഈ ധാരണയെ അപ്പാടെ ക്രിസ്തു നിഷേധിക്കുന്നതായി കാണാം.

www.malankaralibrary.com

## a) ദൈവരാജ്യം സാമ്രാജ്യമോഹമല്ല; അത് ഒരു ആത്മിക പ്രസ്ഥാനമാണ്.

സുവിശേഷത്തിൽ പ്രകടമാകുന്ന ദൈവരാജ്യം ഒരു ആത്മികപ്രസ്ഥാനമാണ് (a spiritual movement). രോഗബാധിതരെയും പിശാചുബാധിതരെയും സുഖപ്പെടുത്തുന്നതിലൂടെ പ്രകടമാകുന്നത് ഈ ആത്മിക സാമ്രാജ്യത്തിന്റെ അലയടികളാണ് (മർക്കോ. 1/34). തന്റെ രാജ്യം ഐഹികമല്ലെന്നും താനൊരു സാമ്രാജ്യമോഹിയല്ലെന്നും തന്റെ ലക്ഷ്യം ഭൗമികമല്ലെന്നും അർത്ഥശങ്കക്കിട നല്കാതെ യേശു വ്യക്തമാക്കുന്നു. "എന്റെ രാജ്യം ഐഹികമല്ല" (യോഹ. 18/36). റോമൻ സാമ്രാജ്യത്തിന്റെ യഹൂദ ഭരണനായകനായ പീലാത്തോസിന്റെ സംശയം ദൂരികരിച്ചുകൊണ്ട് യേശു പ്രസ്താവിച്ചു. ഭൗമിക സാമ്രാജ്യമോഹം ഒരിക്കൽ പോലും യേശുവിനെ പ്രലോഭിപ്പിച്ചിട്ടില്ല. മരുഭൂമിയിലെ പ്രലോഭനത്തിൽ അന്തിമമായി താൻ വിജയിച്ചത് എക്കാലവും മനുഷ്യനുള്ള ഈ പ്രലോഭനത്തെ ആയിരുന്നുവല്ലോ (മത്താ. 4/1-10).

തെരഞ്ഞെടുക്കപ്പെട്ട ദൈവജനത്തിലൂടെ ലോകം മുഴുവനിലുമുള്ള ദൈവാധിപത്യം യേശുവിന്റെ പ്രബോധനത്തിന്റെ മർമ്മമാണ്. അബ്രഹാമിന് നല്കിയ രക്ഷാസന്ദേശത്തിലടങ്ങിയ ദൈവാധിപത്യവീക്ഷണവും അതുതന്നെയായിരുന്നു (ഉല്പ. 12/3; 28/14). ആജ്ഞാ ലംഘനത്തന്റെ അകൽച്ചയും മറുതലിപ്പിന്റെ വേർതിരിവും വഴി മനുഷ്യ സമൂഹത്തിൽ കടന്നുകയറിയ പാപംമൂലം താറുമാറായ ദൈവാധിപത്യം തന്റെ പ്രിയപുത്രന്റെ ഇടപെടൽവഴി ദൈവം പുനഃസ്ഥാപിക്കുമ്പോഴാണ് ദൈവരാജ്യം സമാഗതമാവുക. മനുഷ്യചരിത്രവുമായി താൻ നടത്തിയ നിർണ്ണായകമായ കൂടിക്കാഴ്ചവഴി യേശു നിർവ്വഹിച്ചത് അതാണ്. അവൻ ശത്രുതയുടെ വേലിപൊളിച്ചു; ശിഥിലമായ ദൈവ-മനുഷ്യബന്ധം വിളക്കിച്ചേർത്തു.

## b) ദൈവരാജ്യം - ദൈവേഷ്ടം നിറവേറ്റപ്പെടുന്ന ഒരവസ്ഥ

അത് പാവനചരിതരുടെ ഒരു സാമ്രാജ്യമാണ്. ദൈവം തന്നെയാണവരുടെ സർവ്വാധികാരി. ദൈവേച്ഛ സമ്പൂർണ്ണമായി നടമാടുന്ന ഒരവസ്ഥയാണിവിടെ. തന്നെ അറിഞ്ഞും തന്നെ മാത്രം സ്നേഹിച്ചും തന്റെ അധികാരം അംഗീകരിച്ചും കഴിയുന്ന ഒരവസ്ഥയെയാണ് ദൈവരാജ്യമെന്നും സ്വർഗ്ഗരാജ്യമെന്നും വിവക്ഷിക്കേണ്ടത്. സ്വർഗ്ഗത്തിൽ അങ്ങനെയാണല്ലോ. സ്വർഗ്ഗത്തിലെപ്പോലെ തന്നെഭൂമിയിലും (= മനുഷ്യരിലും) അത് നടപ്പാകണമെന്നാണ് ദൈവത്തിന്റെ ആഗ്രഹം. നമ്മുടെ അനുദിന പ്രാർത്ഥനയും.

ദൈവരാജ്യത്തിൽ കിടമത്സരമില്ല; വലിപ്പച്ചെറുപ്പമില്ല; കക്ഷിഭേദമോ ശത്രുദ്വേഷമോ ഇല്ല. മദമാത്സര്യാദി രാഗവൈരാഗ്യങ്ങളില്ല. തന്റെ തിരുവിഷ്ടം - അതു മാത്രം - നിറവേറ്റപ്പെടുന്ന അവസ്ഥയാണത്. നിന്റെ തിരുവിഷ്ടം എന്ന ഒരേ ഒരു മന്ത്രം മാത്രം. സ്വതന്ത്രബുദ്ധിയായ മനുഷ്യന്റെ ആജ്ഞാലംഘനവും ധിക്കാരവും വഴി ശിഥിലമായ ഈ കൂട്ടായ്മ, "എന്റെ ഹിതമല്ല, അവിടുത്തെ ഹിതം നിറവേറട്ടെ" (ലൂക്കോ. 22/42) എന്ന ദൈവപുത്രന്റെ സമ്പൂർണ്ണ സമർപ്പണത്തിലൂടെ പുനഃസ്ഥാപിക്കപ്പെട്ടു. ഈ പുത്രൻ മനുഷ്യവംശത്തിന്റെ പ്രതിനിധിയാണ്. കാരണം അവൻ പൂർണ്ണമനുഷ്യനാണല്ലോ. 'നിന്റെ ഇഷ്ടം എന്നിൽ നിറവേറട്ടെ' (ലൂക്കോ. 2/38) എന്ന പരിശുദ്ധ അമ്മയുടെ സമർപ്പണം അതിനു മുന്നോടിയാണ്. ഒരു സ്ത്രീയും ഒരു പുരുഷനും - ആദിമാതാപിതാക്കളായ ആദവും ഹവ്വയും - സ്വതന്ത്രബുദ്ധിയാൽ മറുതലിച്ചതിന് പകരമായി ഒരു സ്ത്രീയും ഒരു പുരുഷനും - രണ്ടാം ഹവ്വായും രണ്ടാമാദവും - സമ്പൂർണ്ണ സമർപ്പണവും പൂർണ്ണവിധേയത്വവും വഴി അത് സൂചനാപരമായി സാധ്യമാക്കി എന്നതാണ് രക്ഷാകര രഹസ്യത്തിലെ വിജയം. സ്നാപകൻ ഈ ദൈവരാജ്യത്തിന് വഴിയൊരുക്കുകയും വാതിൽ തുറക്കുകയും ചെയ്യുന്നു. യേശു അത് സാധ്യമാക്കി; ശിഷ്യന്മാർ അതിലൂടെ സഞ്ചരിച്ചു. സഭയ്ക്കാകട്ടെ എന്നും അത് ഒരു ക്ഷണമാണ്; ലോകത്തിനാകട്ടെ എന്നും ഒരു വെല്ലുവിളിയും. ലോകത്തിന്റെ അരൂപിക്ക് അതിനെ സ്വന്തമാക്കാനാവില്ല.

www.malankaralibrary.com

### c) ദൈവരാജ്യമെന്നത് ആത്യന്തികരക്ഷയാണ്

മനുഷ്യപുത്രനും സഹനദാസനുമെന്ന നിലയിൽ രക്ഷാകര പ്രവർത്തനങ്ങളുടെ ആത്യന്തികമായി ലക്ഷ്യം വെച്ചത് ആത്യന്തിക രക്ഷയും ആത്മിക വിജയവുമാണ് (Eschathological salvation and spiritual victory) (മത്താ. 8/20). താൻ വിജയം കൈവരിച്ചതാകട്ടെ അധികാരം കയ്യാളിയല്ല, വിധേയത്വം സ്വീകരിച്ചുകൊണ്ടാണ്. അധികാരി എന്ന നിലയിലല്ല, ശുശ്രൂഷകൻ എന്ന നിലയിലാണ് (മത്താ. 8/17; 20/28; 26 / 28). അധികാരിയുടെ നിലയങ്കിയും ഉടവാളുമല്ല ശുശ്രൂഷകന്റെ അരക്കച്ചയാണ് താനണിഞ്ഞത്. "ഞാനാകട്ടെ നിങ്ങളുടെ ഇടയിൽ പരചരിക്കുന്നവനെപ്പോലെയാകുന്നു" (ലൂക്കോ. 22/27). അതാകട്ടെ അവർ തന്റെ രാജ്യത്തിൽ തന്റെ മേശയിൽ നിന്നു ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നതിനുവേണ്ടിയത്രെ (ലൂക്കോ. 22/30).

### d) ദൈവരാജ്യം രക്ഷാകരശുശ്രൂഷയാണ്

ദൈവാധിപത്യവുമായി നിരന്തരം മല്ലടിക്കുകയും പോർ വിളിക്കുകയും ചെയ്യുന്ന സാത്താന്റെ – ലോകത്തിന്റെ അധിപതിയുടെ – ആധിപത്യത്തിൽ നിന്ന് മനുഷ്യമക്കളെ സ്വതന്ത്രരാക്കുന്ന രക്ഷാകര ശുശ്രൂഷയാണത്. (മത്താ. 4/8; 8/29; 12/25,26). രക്ഷാകരകൃത്യത്തിൽ നമ്മുടെ സ്വതന്ത്രബുദ്ധിയോടുകൂടിയ സഹകരണം ആവശ്യമാണ്. വേദപാരംഗതനായ അഗസ്തീനോസ് പഠിപ്പിക്കുന്നതതല്ലേ? രക്ഷയ്ക്ക് നിന്റെ സഹകരണം അത്യന്താപേക്ഷിതമാണ്. യുഗാന്ത്യോന്മുഖ സാക്ഷാല്ക്കാരത്തിൽ (eschathological realization) തെരഞ്ഞെടുക്കപ്പെട്ടവർ – പിതാവിനോടൊത്തു സ്വർഗ്ഗീയ വിരുന്നാസ്വദിക്കും. അതിനു മുമ്പായി ദൈവരാജ്യ പ്രവർത്തനങ്ങൾ പരിസമാപ്തിയിലെത്തേണ്ടതുണ്ട്. "കിഴക്കുനിന്നും പടിഞ്ഞാറുനിന്നും..... സ്വർഗ്ഗരാജ്യത്തിൽ വിരുന്നിനിരിക്കും" (മത്താ. 8/11). സാർവ്വത്രിക രക്ഷയിലേക്കുള്ള കൈചൂണ്ടിയാണീ തിരുവാക്യം. 'യുഗാന്ത്യത്തിൽ നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രശോഭിക്കും" (മത്താ. 13/43).

### e) ദൈവരാജ്യത്തിന്റെ പ്രത്യേകതകൾ:

1) അതിന്റെ തുടക്കം ലളിതലും സൂക്ഷ്മവും രഹസ്യാത്മകവുമായ വിധത്തിലാണ് (മത്താ. 11/11). ദൈവരാജ്യം കടന്നുവരുന്നത് ഹൃദയഹാരിയായ വിധമല്ല (മത്താ. 13/3133).

2) അതു കടന്നുവരുന്നത് ശ്രദ്ധേയമായ രീതിയിലല്ല (മത്ത. 12/28; ലൂക്കോ. 17/ 20,21) പ്രത്യക്ഷമായ അടയാളങ്ങളോടെയുമല്ല.

3) ഭൂമിയിലെ അതിന്റെ വളർച്ച സാവധാനമാണ് (മത്താ. 24/2629).

4) അത് ഇടർച്ചക്കിടം നൽകുന്നതും എതിർപ്പുളവാക്കുന്നതുമാണ് (മത്താ. 13/ 2430)

5) യേശു സ്ഥാപിച്ച സമൂഹത്തിലൂടെയാണ് – സഭയിലൂടെയാണ് – അത് പ്രാവർത്തികവും സാക്ഷാത്കൃതവുമാകുന്നത് (മത്താ. 16/18).

6) ജറുസലേമിന്റെ മേലുള്ള ശിക്ഷാവിധിക്കു ശേഷം ക്രിസ്തുരാജ്യമായി (kingdom of christ) അത് വളർന്നു വരും (മത്താ. 16/28; ലൂക്കോ. 21/31).

7) അപ്പസ്തോല മിഷനറി പ്രവർത്തനം വഴി അത് ലോകമെമ്പാടും പ്രസംഗിക്കപ്പെടും (മത്താ. 10/7; 24/14; അപ്പ. 1/8).

8) ക്രിസ്തു മഹത്വപൂർണ്ണനായി മടങ്ങി വരുന്ന (മത്താ. 16/27; 25/31) അന്ത്യവിധിസമയം വരെ (മത്താ. 13/37–43, 47–50; 25/31–46) അത് പ്രവർത്തനനിരതമാണ്. ദൈവരാജ്യ പുനഃസ്ഥാപനപ്രക്രിയയുടെ പരിസമാപ്തി ആ സമയത്താണ്.

9) പിതാവിന്റെ പക്കൽ പുത്രൻ രാജ്യം ഭരമേല്പിക്കുന്നത് അപ്പോഴാണ് (1 കോരി. 15/24).

10) അതുവരെ ദൈവരാജ്യം ആർക്കും സംലഭ്യമായിത്തുടരുകയും സൗജന്യ

www.malankaralibrary.com

ദാനമായി കരുതപ്പെടുകയും ചെയ്യും (മത്താ. 20/116; 22/910; ലൂക്കോ. 12/32).

11) വിനീതഹൃദയർക്കാണ് അത് സ്വീകരിക്കുവാൻ കഴിയുന്നത് (മത്താ. 5/3; 18/3,4; 19/14, 2324).

12. അത് സ്വന്തമാക്കുന്നതാവട്ടെ ഔദാര്യവും ഹൃദയ വിശാലതയുമുള്ളവരാണ് (മത്താ. 13/4446; 19/12; മർക്കോ. 9/47; ലൂക്കോ. 9/62; 18/29).

13) ഉദ്ധതരും സ്വാർത്ഥമതികളും അത് തിരസ്കരിക്കും (മത്താ. 21/3132, 43; 22/28; 23/13).

14) നവജീവൻ എന്ന വിവാഹവസ്ത്രം കൂടാതെ അവിടെ പ്രവേശിക്കുക അസാദ്ധ്യമാണ് (മത്താ. 22/11-13; യോഹ. 3/35)

15) എല്ലാവർക്കും പ്രവേശനം ലഭിക്കുന്ന 'ഓൾ പ്രമോഷൻ സിസ്റ്റം' ദൈവരാജ്യത്തിനന്യമാണ് (മത്താ. 8/12; 1 കോരി. 6/9-10; ഗലാ. 5/21).

16. അത് കടന്നു വരുന്നതാകട്ടെ തികച്ചും അപ്രതീക്ഷിതമായ സമയത്താണ്. സദാ ഒരുക്കത്തോടും ഉണർവ്വോടും കൂടി ഇരുന്നെങ്കിലേ പ്രവേശനം സാദ്ധ്യമാകൂ (മത്താ. 25/113).

## 5. ശിഷ്യസമൂഹത്തെ ഭരമേല്പിച്ച സാർവ്വത്രിക ദൗത്യം (The Mission) (അപ്ഷ. 1/8)

അപ്പസ്തോലപ്രവർത്തനങ്ങളുടെ കേന്ദ്രബിന്ദുവും കുറിവാക്യവും ഇതാണ്. "ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കും" (അപ്പ. 1/8; മത്താ. 28/16, 20; മർക്കോ. 16/1516; ലൂക്കോ. 24/47; യോഹ. 20/19-23).

യേശു തന്റെ ശിഷ്യരെ ഭരമേല്പിച്ച ദൗത്യം തനിക്ക് അഥവാ ദൈവരാജ്യത്തിന് സാക്ഷ്യം വഹിക്കുക എന്നതാണ്. അവർ 'പെസഹാ രഹസ്യത്തിന്' (പീഡാസഹനം, കുരിശുമരണം, തിരുവുദ്ധാനം, സ്വർഗ്ഗാരോഹണം) മാത്രമല്ല ക്രിസ്തുസംഭവത്തിന് (മനുഷ്യാവതാരം, നസ്രത്തിലെ അജ്ഞാതവാസം, പരസ്യജീവിതം + പെസഹാരഹസ്യം) സമ്പൂർണ്ണവും സജീവവുമായ സാക്ഷ്യം വഹിക്കേണ്ടവരാണ്.

(a) തിരുവുദ്ധാന സാക്ഷികൾ (അപ്പ. 2/32;3/15; 4/33; 5/23; 13/31; 22/15; ലൂക്കോ. 24/48).

(b) ക്രിസ്തുസംഭവത്തിന് (പരസ്യജീവിതത്തിന്) സാക്ഷികൾ (അപ്പ. 1/21; 10/39ff; ലൂക്കോ.1/2; യോഹ. 15/27).

### ക്രിസ്തുസംഭവം ഏറ്റുപറയുന്ന ആരാധനാക്രമം:

അന്ത്യോക്യൻ പാരമ്പര്യമുള്ള മലങ്കര വിശുദ്ധ കുർബ്ബാനയുടെ പരസ്യാരംഭത്തിന് ഒരുക്കമായി ആലപിക്കുന്ന ആരാധനാഗാനം, ക്രിസ്തുസംഭവത്തിന് സമ്പൂർണ്ണ സാക്ഷ്യം വഹിക്കുവാനുള്ള കടമയെ അനുസ്മരിപ്പിക്കുന്നതാണല്ലോ.

"നാഥാ നിൻജനനം, സ്നാനം പീഢ, ക്രൂശേറ്റം
മൃതിയുത്ഥാനം സ്വർഗ്ഗാരോഹണമെന്നിവയേയും
ആദിപിതാക്കളെയും ഞങ്ങൾ
ഓർത്തീടുന്നീ യാഗത്തിൽ."

യാഗം ഈ അനുസ്മരണം (Anamnesis) അല്ലാതെ വേറെന്താണ്? പുനരാവർത്തനമല്ലാതെ മറ്റെന്താണ്? കുർബ്ബാന പരസ്യമായി ആരംഭിച്ചു കഴിഞ്ഞ് ആദ്യത്തെ സമുഹപ്രാർത്ഥനയും ഇതിന്റെ ആവർത്തനമല്ലേയോ? "സ്വഭാവപ്രകാരം മരണമില്ലാത്തവനും..... കരുണ ചെയ്യേണമെ."

www.malankaralibrary.com

## 6. ക്രിസ്തീയജീവിതം = സാക്ഷ്യജീവിതം (Witnessing)

(അപ്പ. 1/8)

### നിത്യസാക്ഷി, രക്തസാക്ഷി:

സാക്ഷ്യമെന്നത് പ്രഘോഷണം മാത്രമല്ല. അത് സാക്ഷ്യജീവിതത്തിന്റെ ഒരു ഘടകം മാത്രമാണ്. സ്വന്തമായതൊക്കെയും - ജീവൻ പോലും - ഈ ഉദാത്തസന്ദേശത്തിനുവേണ്ടി ഉഴിഞ്ഞ് വെച്ച് ഊഴിയം ചെയ്യുന്നതാണത്. അതേ, സാക്ഷ്യമെന്നാൽ 'രക്തസാക്ഷ്യ'ത്തോളമെത്തുന്നതാണ്. സാക്ഷ്യത്തിനും രക്തസാക്ഷ്യത്തിനും ഗ്രീക്കുഭാഷയിൽ ഉപയോഗിക്കുന്ന വാക്ക് ഒന്നുതന്നെയാണ്. ക്രൈസ്തവന്റെ ജീവിതസാക്ഷ്യം നീണ്ട ഒരു രക്തസാക്ഷിത്വം തന്നെ:

"നിന്നെപ്രതി നിത്യം കൊലചെയ്യപ്പെടുവോർ
ഹാലേലുയ്യാ യൗഹാലേലുയ്യാ
ബലിയാടുകൾ പോലായ് ഞങ്ങൾ"

ഇതാണു ക്രിസ്തീയ ജീവിതസാക്ഷ്യത്തിന്റെ മുഖമുദ്രയും മുദ്രാവാക്യവും (റോമ. 8/36).

പ്രസംഗത്തിലൂടെ, പ്രബോധനത്തിലൂടെ, ആതുര ശുശ്രൂഷയിലൂടെ, ആരാധനയിലൂടെ, കൗദാശിക അനുഷ്ഠാനങ്ങളിലൂടെ സർവ്വോപരി, മാതൃകാജീവിതത്തിലൂടെ സാക്ഷ്യജീവിതം സാദ്ധ്യമാണ്. ക്രിസ്തു അറിയപ്പെടണമെന്നതും അംഗീകരിക്കപ്പെടണമെന്നതും ആരാധിക്കപ്പെടണമെന്നതുമാണ് ഒരു സാക്ഷിയുടെ ജീവിതാഭിലാഷം. സാർവ്വത്രിക രക്ഷയാണവന്റെ ദർശനം. ദൈവമഹത്വമാണ് അതിന്റെ പിന്നിലെ പ്രചോദനം. 'പ്രവർത്തനം എനിക്കും പ്രയോജനം മറ്റുള്ളവർക്കും മഹത്വം ദൈവത്തിനും.' ഇതാണ് വിശുദ്ധന്മാരെ നയിച്ച ചിന്താധാര. ഉദ്ദേശശുദ്ധി കൂടാതെയുള്ള പ്രസംഗവും പ്രബോധനവും സാക്ഷ്യമല്ലെന്നു മാത്രമല്ല എതിർസാക്ഷ്യവുമാണ്.

### യജ്ഞസംസ്കാരം വളർത്തണം:

വ്യക്തിപരമായും സംഘാതമായും സാക്ഷ്യം സാദ്ധ്യമാണ്. സംഘാതയജ്ഞം കുടുതൽ ഫലപ്രദമായേക്കാം. ഈ **'യജ്ഞസംസ്കാരം'** വളർന്നു വരേണ്ടത് സാക്ഷ്യവിജയത്തിന് ആവശ്യമാണ്. **യജ്ഞസംസ്കാരത്തിന്റെ വിശദാംശങ്ങൾ അനാവരണം ചെയ്യുകയാണ് അപ്പസ്തോല പ്രവർത്തനങ്ങൾ.** ആദ്യ അദ്ധ്യായത്തിലെ എട്ടാം വാക്യമാണ് ഈ ഗ്രന്ഥത്തിന്റെ കേന്ദ്രബിന്ദുവായ തിരുവാക്യം. "ഭൂമിയുടെ അതിർത്തികൾ വരെ സാക്ഷികളാകുക."

## 7. കർത്താവിന്റെ പുനരാഗമനം (Parousia)

കർത്താവിന്റെ പുനരാഗമനത്തെപ്പറ്റിയുള്ള പ്രതീക്ഷ ക്രൈസ്തവ വിശ്വാസത്തിന്റെ കേന്ദ്രബിന്ദുവാണ്. ഒരുപക്ഷേ മറ്റു മതങ്ങളിലൊന്നും ഇത്തരമൊരു വിശ്വാസം കാണാൻ കഴിയുകയില്ല. വെള്ളവസ്ത്രം ധരിച്ച ദൈവദുതന്മാർ അവർക്കു നല്കുന്ന പ്രത്യാശ കർത്താവിന്റെ പ്രത്യാഗമനത്തേപ്പറ്റിയാണ്. "യേശു സ്വർഗ്ഗത്തിലേക്ക് പോകുന്നതായി നിങ്ങൾ കണ്ടതുപോലെ തന്നെ തിരിച്ചുവരും" (അപ്പ. 1/11). ഇത് തങ്ങളുടെ ജീവിതകാലത്തു തന്നെ സംഭവിച്ചേക്കുമെന്ന് അപ്പസ്തോലന്മാർ പ്രതീക്ഷിച്ചതുപോലെ തോന്നുന്നു. എന്നാൽ സ്വാഭിഷ്ഠപ്രകാരം പിതാവ് ക്രമീകരിച്ചിരിക്കുന്ന പദ്ധതിയുടെ കാലമോ സമയമോ അറിയുക അവർക്കുള്ളതല്ലെന്ന് ശിഷ്യന്മാരെ യേശു ബോദ്ധ്യപ്പെടുത്തുന്നു (അപ്പ. 1/7). സങ്കീർത്തകൻ പറയും: കർത്താവിന്റെ പദ്ധതികൾ ശാശ്വതമാണ് (സങ്കീ. 33/11).

### മരണാനന്തര ജീവിതത്തിലും അന്ത്യവിധിയിലുമുള്ള വിശ്വാസം:

മരണാനന്തര ജീവിതത്തിൽ അവർ വിശ്വസിച്ചിരുന്നു. ജീവിക്കുന്നവരെയും മരിച്ചവരെയും ന്യായം വിധിക്കുവാൻ താൻ വീണ്ടും വരുമെന്ന് യേശു അപ്പസ്തോല

www.malankaralibrary.com

ന്മാരെ പഠിപ്പിച്ചിരുന്നു. അവർ അത് ഉറപ്പായി വിശ്വസിച്ചിരുന്നു. മനുഷ്യപുത്രൻ തന്റെ എല്ലാ ദൂതന്മാരോടും കൂടെ മഹത്വത്തിൽ എഴുന്നള്ളുമെന്നും, മഹിമയുടെ സിംഹാസനത്തിൽ ഉപവിഷ്ടനാകുമെന്നും എല്ലാ ജനതകളും അവന്റെ മുമ്പിൽ ഒരുമിച്ചു കൂട്ടപ്പെടുമെന്നും, ഇടയൻ ചെമ്മരിയാടുകളെ കോലാടുകളിൽ നിന്നും വേർതിരിക്കുന്നതുപോലെ അവൻ അവരെ തമ്മിൽ വേർതിരിക്കുമെന്നും യേശു അരുളിച്ചെയ്തത് അവർ അനുസ്മരിച്ചു (മത്താ. 25/31-32). നീതിമാന്മാർ – തന്റെ തെരഞ്ഞെടുക്കപ്പെട്ടവർ; ജീവിതത്തിൽ തന്നെ തെരഞ്ഞെടുത്തവർ – സ്വർഗ്ഗീയ മഹത്വത്തിൽ പ്രവേശിക്കുന്ന സമ്മോഹനസന്ദർഭമാണത്. കർത്താവിന്റെ പുനരാഗമനം ഒരു വിശ്വാസ വിഷയമാണ്. കാന്തയായ സഭയെ സ്വീകരിക്കുവാൻ കാന്തനായ യേശു വരുന്ന അവസരമാണത്. മണവാളന്റെ വരവ് കാത്തിരിക്കുന്ന മണവാട്ടിയാണ് സഭ. വെളിപാടു പുസ്തകം ഈ വിശ്വാസത്തിന് അടിവരയിടുന്നുണ്ട്. ക്രിസ്തുവിന്റെ ദിനമായി പൗലോസ് അതിനെ കാണന്നു (ഫിലി. 1/11). അന്ത്യവിധി അഥവാ പൊതുവിധി എന്ന് ഇതിനെ ക്രൈസ്തവർ മനസിലാക്കുന്നു. ക്രൈസ്തവ പ്രത്യാശയേയും ക്രിസ്തുവിന്റെ പ്രത്യാഗമനത്തേയും പറ്റി തെസലോനിക്യായിലെ സഭയ്ക്ക് പൗലോസ് എഴുതുന്നുണ്ട്. 1 തെസ്സ. 4/13 മുതൽ 5/11 വരെയുള്ള വചനഭാഗം ഇക്കാര്യം പ്രതിപാദിക്കുന്നു.

## മനുഷ്യപുത്രന്റെ പ്രത്യാഗമനം = വിധിയാളന്റെ വരവ്

യുഗാന്ത്യപ്രഭാഷണത്തിലെ (ലൂക്കോ. 21/5-36) പ്രധാന വിഷയമാണ് മനുഷ്യപുത്രന്റെ പ്രത്യാഗമനം. വിധിയാളനായി വരുന്ന ദൈവപുത്രന്റെ പ്രഭാവം സുചിപ്പിക്കുന്ന ഈ വചനഭാഗം ഒരു മുന്നറിയിപ്പുകൂടിയാണ്. "ആകാശ ശക്തികൾക്കെല്ലാം ഇളക്കം തട്ടും; അപ്പോൾ മനുഷ്യപുത്രൻ വലിയ ശക്തിയോടും മഹത്വത്തോടും കൂടെ വാനമേഘങ്ങളിൽ വരുന്നത് അവർ കാണും (മത്താ. 24/29-31). "അന്ന് ആകാശം പെട്ടെന്ന് അപ്രത്യക്ഷമാകും, മൂലപദാർത്ഥങ്ങൾ എരിഞ്ഞ് ചാമ്പലാകും" (2 പത്രോ. 3/10). ഒന്നാം വരവിൽ രക്ഷകനായ് അവതരിച്ചവൻ രണ്ടാം വരവിൽ വിധിയാളനായി പ്രത്യക്ഷപ്പെടും. വാനമേഘങ്ങളിൽ വരുന്ന മനുഷ്യപുത്രൻ തന്നെ കാത്തിരിക്കുന്നവർക്ക് ആശ്വാസവും ധൈര്യവും നൽകുന്ന രക്ഷകനാണ്. പ്രതിയോഗികൾക്കാകട്ടെ ദാക്ഷിണ്യമില്ലാത്ത വിധിയാളനും. മനുഷ്യപുത്രന്റെ ആഗമനം ദുഷ്ടശക്തികൾക്കെതിരെയുള്ള വിധിയും ദൈവാധിപത്യത്തിന്റെ സംസ്ഥാപനവുമാണ്. പുതിയ ഇസ്രായേലിന് രാജ്യം പുനഃസ്ഥാപിച്ചു നൽകുന്ന ശുഭമുഹൂർത്തമാണത്. രക്ഷാകര ചരിത്രത്തിന്റെ ഈ ലോകത്തിലെ അന്ത്യദൃശ്യമാണത്.

ലോകാന്ത്യം പെട്ടെന്നു സംഭവിക്കുമെന്ന് ലൂക്കാ കരുതുന്നില്ല. എന്നാൽ അപ്രതീക്ഷിതമായിരിക്കുമെന്ന് കരുതുന്നു. ഇതാണ് ഫിലിപ്പിയർ 1/11ൽ പറയുന്ന ക്രിസ്തുവിന്റെ ദിനം.

| | |
|---|---|
| മത്താ. 24/3,30 | ലൂക്കാ. 21/27 |
| യോഹ. 8/56 | അപ്പ. 1/7 |
| 1 കൊരി. 1/8; 15/24 | 1തെസ്സ. 5/1 |
| 1 തിമോ. 6/14 | വെളി. 22/17 |

തയ്യാറാക്കിയത്:-

*ഫാ. ഏബ്രഹാം കാടമല*

*ഫാ. ഏബ്രഹാം നടുവിലേടം*

മേരിഗിരി
1-1-98

(തുടരും)

www.malankaralibrary.com

# അപ്പസ്തോല പ്രവർത്തനങ്ങൾ ഒരു പഠനം

## സഭയെ നയിക്കുകയും സഭയിൽ തുടരുകയും ചെയ്യുന്ന പരിശുദ്ധാത്മ സാന്നിദ്ധ്യം

`അപ്പസ്തോല പ്രവർത്തനങ്ങൾ' പഠിക്കുവാൻ ആരംഭിക്കുമ്പോൾ തന്നെ നാം മനസ്സിലാക്കേണ്ട സുപ്രധാനമായ ഒരു കാര്യം ഇത് ദൈവത്തിന്റെ *`ജീവനുള്ള വചനങ്ങൾ'* തന്നെയാണ് എന്നതാണ്. പുർവ്വന്മാരുടെ ഒരു പുരാവൃത്തമായി മാത്രം ഇതിനെ കണ്ടാൽപോരാ. സത്യത്തിൽ കഴിഞ്ഞകാല സംഭവങ്ങൾ വിവരിക്കുന്ന ഒരു ഗ്രന്ഥമാണിത്. എന്നാൽ ഇവിടെ വിവരിക്കുന്ന `ആ കഴിഞ്ഞകാല സംഭവങ്ങ'ളുടെ അർത്ഥം അന്നെന്നപോലെ തന്നെ ഇന്നും, എന്നും പ്രസക്തമാണെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. അതുകൊണ്ട് തന്നെയാണ് `ജീവിക്കുന്ന വചനങ്ങൾ' (The Living Word of God) എന്ന് നാമതിനെ വിളിക്കുന്നതും.

അത് ജീവനുള്ള വചനമാണ്; ജീവൻ നൽകുന്ന വചനമാണ്; ജീവിക്കുന്ന വചനമാണ്.

### ആദിമ ക്രൈസ്തവ സമൂഹവും നാമും:

ആദിമ ക്രൈസ്തവ സമൂഹത്തെ അവരുടെ ജീവിതത്തോടും വിശ്വാസജീവിതത്തോടും കൂടി പച്ചയായി ചിത്രീകരിച്ചിരിക്കുന്ന ഒരു ഗ്രന്ഥമാണത്. അവരുടെ ജീവിതവും വിശ്വാസജീവിതവും ഗ്രന്ഥകാരൻ വേറിട്ടുകാണുന്നില്ല. യേശുവിന്റെ അരൂപിയായ പരിശുദ്ധാത്മാവിന്റെ സജീവസാന്നിദ്ധ്യം അവരിലും അവരുടെ ഇടയിലും നിരന്തരം പ്രവർത്തിച്ചിരുന്നതുകൊണ്ട്, യേശു തങ്ങളെ വിട്ടുപിരിഞ്ഞുപോയതായി ഒരിക്കലും അവർക്ക് തോന്നിയിട്ടേയില്ല. യേശു നിരന്തരം തങ്ങളോടൊത്തുണ്ടെന്ന ബോദ്ധ്യമാണ് അവരുടെ ജീവിതത്തെ നയിച്ചിരുന്നത്. ഇതേ ***അനുഭവത്തിൽ*** പങ്കുചേരുന്ന വിശ്വാസികളുടെ സമൂഹമാണ് നാം. ഈ അനുഭവം ഉൾക്കൊള്ളുമ്പോൾ മാത്രമാണ് നാം ആ സമൂഹത്തിന്റെ കണ്ണിയാകുന്നത്, തുടർച്ചയാകുന്നത്.

യേശു നമ്മുടെയിടയിൽ, നമ്മോടുകൂടി ഇന്നും ജീവിക്കുന്നതായി നാം മനസ്സിലാക്കുന്നു; ഉറച്ച് വിശ്വസിക്കുന്നു; ഉറക്കെ പ്രഘോഷിക്കുന്നു. പരിശുദ്ധാത്മാവിൽ കൂടിയുള്ള ക്രിസ്തുവിന്റെ സജീവസാന്നിദ്ധ്യത്തെപ്പറ്റിയുള്ള ഉറച്ചബോദ്ധ്യമാണ് യഥാർത്ഥ ക്രിസ്തു ശിഷ്യരായിരിക്കുവാൻ - സഭാംഗങ്ങളായിരിക്കുവാൻ - നമ്മെ പ്രേരിപ്പിക്കുന്നത്. ആ അർത്ഥത്തിൽ ക്രൈസ്തവസഭയെ, അതിന്റെ എല്ലാ വിശദാംശങ്ങളോടും കുടി വിവരിക്കുന്ന ഒരു ചരിത്ര

www.malankaralibrary.com

ഗ്രന്ഥമാണിത്. *സഭ* യഥാർത്ഥത്തിൽ എന്താണെന്നും എന്തായിരിക്കണ മെന്നും, എങ്ങനെയായിരുന്നെന്നും എങ്ങനെ ആയിരിക്കണമെന്നും, ഈ വേദ ഗ്രന്ഥം പ്രതിപാദിക്കുന്നു.

തന്റെ അസ്സാന്നിദ്ധ്യത്തിൽ അനുവർത്തിക്കേണ്ട കാര്യങ്ങളുടെ ഒരു പട്ടിക നല്കിയിട്ടല്ല യേശു സ്വർഗ്ഗാരോഹണം ചെയ്തത്. നേരെമറിച്ച് അവൻ നമുക്ക് നല്കിയത് അവന്റെ ആത്മാവിനെ തന്നെയാണ് - പരിശുദ്ധാത്മാ വിനെ.

അവൻ നമുക്ക് നല്കിയത് തന്റെ ആത്മാവിനാൽ നയിക്കപ്പെടുകയും ആത്മാവിൽ ശക്തിപ്പെടുകയും ചെയ്യുന്ന ഒരു ചെറിയ സമൂഹത്തെയാണ്. തന്റെ രക്ഷാകരദൗത്യം അനുസ്യൂതം തുടരുവാൻ നിയുക്തമായ ഒരു സമൂ ഹത്തെ. ഈ സമൂഹത്തെ - *സഭയെ* - അത്രെ അവൻ ഏല്പിച്ചു പോയത്. അതത്രെ അവൻ തന്റെ ശിഷ്യന്മാരെ ഏല്പിച്ചു പോയത്. അതത്രെ അവൻ നമ്മെ ഏല്പിച്ചുപോയത്.

## യേശുവിനെ വേണം സഭയെ വേണ്ട!

യേശുവിനെ പിൻചെല്ലാൻ അനേകർ ഇന്നും തയ്യാറാണെങ്കിലും സഭയെ അത്യാവശ്യമുള്ള ഒരു ഘടകമായി അവരിൽ പലരും കാണുന്നതേ യില്ല. അവരെ സംബന്ധിച്ചിടത്തോളെ വിശ്വാസം ഒരു സ്വകാര്യസ്വത്തുപോ ലെയാണ്; പ്രാർത്ഥന ഒരു സ്വകാര്യ സമ്പാദ്യംപോലെയും! മറ്റാരും ഇതിൽ ഇടപെടേണ്ട, കടന്നുവരേണ്ട എന്നാണവരുടെ ഭാവം. മറ്റാർക്കും അതിൽ ഒരു പങ്കും ഇല്ലത്രെ! ക്രിസ്തുവിനെ സ്നേഹിക്കുകയും സഭയെ തള്ളിപ്പറയുകയും ചെയ്യുന്ന ഒരു പ്രവണതയാണിത്. ഒരു `ഫാഷൻഭ്രമം' പോലെ ഇന്ന് പല രെയും പിടികൂടിയിരിക്കുന്ന ഒരു ദുർഭൂതമാണിത്. തികച്ചും അപകടകരമായ ഒരു അവസ്ഥയാണിത്. എതിർക്കാനും തള്ളിപ്പറയാനുള്ള വെമ്പലിൽ കൈവി ട്ടുപോകുന്നത് വിശ്വാസവും കൂട്ടായ്മയുടെ മധുരമായ അനുഭവങ്ങളും സമൂ ഹത്തിലൂടെ രൂപപ്പെടുന്ന ധാർമ്മികതയും ദൈവാനുഭവവും തന്നെയാണ്. ഇതൊരു ഞാണിന്മേൽ കളിയാണ്. ഈ കളി ഏറെക്കാലം തുടരുവാൻ ആർക്കും സാധിക്കയില്ല. അനേകരുടെ ജീവിതാനുഭവം പഠിപ്പിക്കുന്ന പാഠം ഇതാണ്. തിരിച്ചറിവുണ്ടാകുമ്പോൾ വളരെ വൈകിയിരിക്കും. `പണ്ടൊന്നും ദൈവത്തെ ഞാൻ അത്ര ഗൗരവമായി കരുതിയിരുന്നില്ലെന്നും എന്നാൽ അത് പണ്ടത്തെ കാര്യമാണെന്നും' നവതിയോടടുക്കുന്ന മലയാള സാഹിത്യത്തറ വാട്ടിലെ ഈ ആദരണീയനായ കാരണവർ ഈ അടുത്തകാലത്ത് പ്രസ്താ വിക്കുകയുണ്ടായി എന്നത് പ്രസ്തുതത്തിൽ ഓർത്തുപോകുന്നു. `ഞാൻ ക്രിസ്തുവിനെ സ്നേഹിക്കുന്നു, എന്നാൽ ക്രിസ്ത്യാനികളെ വെറുക്കുന്നു' എന്ന് ഒരിക്കൽ മഹാത്മജി പറഞ്ഞത് ഏറ്റുപാടുന്നത് പലർക്കും ഉത്സാഹ മുള്ള ഒരു കാര്യമാണ്. തീർച്ചയായും ക്രിസ്തുവിനെ അറിയാത്ത, ക്രിസ്തു വിനെ സ്നേഹിക്കാത്ത, ക്രിസ്തുവിൽ വളരാത്ത, ക്രിസ്തുവിൽ വിളയാത്ത `ക്രിസ്ത്യാനി' ഉറകെട്ട ഉപ്പുപോലെ പുറത്തറിയപ്പെടുകയും ചവിട്ടേല്ക്കു

www.malankaralibrary.com

കയും ചെയ്യും (മത്താ. 5/13). ജീവിക്കുന്ന തിരുവചനം അതിന് സാക്ഷിയാണ്. ക്രിസ്ത്യാനിയുടെ മുമ്പിൽ എക്കാലമുള്ള ഒരു വിളിയും വെല്ലുവിളിയുമാണിത്. ക്രിസ്തുവിന്റെ വിളി കേൾക്കുവാനും, ആത്മാവിന്റെ സ്വരം തിരിച്ചറിയാനുമുള്ള വിളിയാണിത്. ഉറ നഷ്ടപ്പെടാതിരിക്കുവാനും നിത്യം പ്രകാശിക്കുവാനുമുള്ള ഒരു വെല്ലുവിളി.

## സഭയെപ്പറ്റി കേൾക്കുന്ന പരാതികൾ :

സഭയുടെ (അതോ സഭാംഗങ്ങളുടേയോ?) കുറവുകളെയും വീഴ്ചകളെയും പറ്റിയുള്ള പരാതിയും പരിഭവവുമാണ് പലപ്പോഴും അവർ ഉയർത്തിപ്പിടിക്കുന്നത്. സഭയുടെ തെറ്റുകൾ, സങ്കീർണ്ണമായ ഘടനകൾ, അതിന്റെ സങ്കുചിതത്തം, അധികാര പ്രമത്തം, കപടനാട്യം എന്നിങ്ങനെ പല കുറവുകളും അവർ കാണുന്നുണ്ട്. ഈ വിമർശനങ്ങൾ പലതും പരിഗണിക്കേണ്ടതും പരിഹരിക്കേണ്ടതുമാണ്. രണ്ട് മനോഭാവങ്ങൾ ഇവിടെ കാണാം.

ഒന്ന്: വിശ്വാസം വ്യക്തിപരമായ ഒരു കാര്യമാണ്.

രണ്ട്: സഭ കുറ്റമറ്റതല്ലാത്തതിനാൽ അതിനോട് ചേർന്നുപോകേണ്ട ആവശ്യമില്ല.

ഈ രണ്ട് സന്ദേശങ്ങളും 'അപ്പസ്തോല പ്രവർത്തനങ്ങ'ളിലെ സന്ദേശത്തിന് ഘടകവിരുദ്ധമാണ്.

## സഭ – ദൗത്യം സ്വീകരിച്ച ഒരു സമൂഹം:

തന്റെ ദൗത്യം യേശു ഭരമേല്പിച്ചത് ഒരു സമൂഹത്തെയാണ്; പന്ത്രണ്ടുപേരുടെ ഒരു ചെറു സമൂഹത്തെ. – തന്റെ നിരന്തരസാന്നിദ്ധ്യം തിരിച്ചറിയുവാനും അനുഭവിക്കുവാനും കഴിയുന്ന ഒരു സമൂഹത്തെ.

തന്റെ പ്രവർത്തനങ്ങൾ അനുസ്യൂതം തനിക്കുവേണ്ടി തുടരുന്ന ഒരു സമൂഹത്തെ. ആത്മാനുഭവത്തിൽ നിരന്തരം വ്യാപരിക്കുകയും അതു പങ്കുവെയ്ക്കുകയും ചെയ്യുന്ന സമൂഹത്തെ. സഭയുടെ ആരംഭകാലത്തെ ജീവൻതുടിക്കുന്ന ഈ അനുഭവങ്ങൾ വ്യക്തമായി ചിത്രീകരിക്കുന്ന ഒരു വിശിഷ്ടഗ്രന്ഥമാണ് അപ്പസ്തോല പ്രവർത്തനങ്ങൾ. `ഈ സമൂഹ'മെന്നാൽ തന്റെ തുടർച്ചയാണ്. `നീ എന്തിന് എന്നെ പീഡിപ്പിക്കുന്നു? നീ പീഡിപ്പിക്കുന്ന യേശുവാണ് ഞാൻ' (അപ്പ. 9/ 4,5). തന്റെ തുടർച്ചക്കും സഭയുടെ വളർച്ചക്കും വേണ്ടി തങ്ങളെത്തന്നെ വ്യയം ചെയ്യാനുള്ള ഉത്തരവാദിത്തമാണ് തന്റെ ശ്രേഷ്ഠ ശിഷ്യരെ യേശു വിശ്വസിച്ച് ഭരമേല്പിച്ചത്. ഈ ദൗത്യമാണവർ ഗുരുവിൽനിന്നും ഏറ്റുവാങ്ങിയത്. ഇതിനുവേണ്ടിയാണവർ തങ്ങളുടെ ഉള്ളും തങ്ങൾക്കുള്ളതും ഉഴിഞ്ഞുവെച്ചത്. അങ്ങനെയാണവർ സഭയെ പടുത്തുയർത്തിയത്. ഇതിന്റെ പിന്തുടർച്ചയാണ് കണ്ണിപൊട്ടാതെ ഇരുപത് നൂറ്റാണ്ടുകളായി സഭയിൽ തുടരുന്നത്. ചരിത്രത്തിന്റെ ഈ ദശാസന്ധിയിൽ സഭയ്ക്ക് ഉയർത്തി കാണിക്കുവാനും ഉച്ചൈസ്തരം ഉൽഘോഷിക്കുവാനും ഉള്ളത്

www.malankaralibrary.com

ഇതു തന്നെയാണ്. മഹാജ്യൂബിലി - 2000 ഇതിന്റെ കാഹളമാണ്; വിളംബരമാണ്.

### ഇന്നത്തെ നമ്മുടെ ദൗത്യം:

ഇതേ ചൈതന്യം നിലനില്ക്കുന്ന ഒരു സമൂഹമായി നാം തീരേണ്ടതല്ലേ? ഈ ചൈതന്യം ഇന്നു നമ്മുടെയിടയിൽ നിലനില്ക്കുന്നുണ്ടോ? ആത്മശോധനയ്ക്ക് വിഷയമാക്കേണ്ട കാര്യമാണിത്. അടിയന്തിര ശ്രദ്ധപതിയേണ്ട കർമ്മരംഗമാണിത്.

ഇന്നത്തെ നമ്മുടെ സമൂഹത്തിന്റെ ചിത്രമെന്താണ്? വ്യക്തിബന്ധങ്ങൾ നേർത്തുനേർത്ത് വരുന്നതായി നാം കാണുന്നു. ഏകാകിത്തവും ഒറ്റപ്പെടലുകളും അന്യഥാബോധവും അധികമധികം അനുഭവപ്പെടുന്നതായി നാമറിയുന്നു. മനുഷ്യന്റെ അകൽച്ചയും ഒറ്റപ്പെടലും എത്ര ഏറെയാണ്! എത്ര കഠിനമാണ്! എത്ര അഗാധമാണ്! മനശാസ്ത്രജ്ഞന്മാർ ഇന്ന് ഉറക്കെപ്പറയുന്ന ഒരേ ഒരു കാര്യം ഇതല്ലേ? `അപ്പത്തിന്റെ വിശപ്പോ, വെള്ളത്തിന്റെ ദാഹമോ' അല്ല ഇന്നത്തെ ഏറ്റവും വലിയ പ്രശ്നം. പ്രത്യുത ഈ അകൽച്ചയുടെ പ്രശ്നമാണ്. നമ്മുടെ ഇടയിലുള്ള കുന്നുകളുടെയും ഗർത്തങ്ങളുടെയും മതിലുകളുടെയും പ്രശ്നമാണ്. യേശു മതിലുകൾ തകർക്കുകയും ശത്രുതയുടെ വേലി പൊളിച്ചുകളയുകയും ചെയ്യുമ്പോൾ മനുഷ്യൻ വൻമതിലുകൾ ഉയർത്തുന്നു! നമ്മുടെ മുമ്പിൽ ഇന്ന് എത്ര മതിലുകളാണ് ഉയർന്നു നില്ക്കുന്നത്!

പുരോഗതിക്കും കാര്യക്ഷമതയ്ക്കും വേണ്ടി മാനുഷീക ബന്ധങ്ങൾ പോലും മറക്കുകയും മാനുഷീകാവശ്യങ്ങൾ പോലും അവഗണിക്കുകയും ചെയ്യുന്ന അടിച്ചമർത്തലിന്റെ അനുഭവം ഇന്ന് ഏറെയാണ്. സാങ്കേതിക വളർച്ചക്കുവേണ്ടി മനുഷ്യൻ കുരുതികഴിക്കപ്പെടുന്നു. കണ്ടുപിടിത്തങ്ങൾക്കുവേണ്ടി മനുഷ്യൻ ബലികഴിയ്ക്കപ്പെടുന്നു. സാങ്കേതികമികവിനു വേണ്ടി മനുഷ്യത്വവും ദൈവത്വവും തുത്തെറിയപ്പെടുന്നു. പുരോഗതിക്കൊപ്പം പിടിച്ചു നില്ക്കാനുള്ള ഈ വെപ്രാളം ആരെയാണ് ബാധിക്കാത്തത്. ഈ മത്സരത്തിൽ നിന്ന് വിട്ടുനില്ക്കുന്നവരെത്രയുണ്ട്? നമ്മുടെ സ്വകാര്യതകളിൽ നമ്മെ തളച്ചിടുന്നതിനും നിസ്സംഗതയിൽ നമ്മെ കുടുക്കുന്നതിനും ഇന്നത്തെ സാങ്കേതിക വളർച്ച വഴിതെളിക്കുന്നു. നാം ബലിയാടുകളാകുന്നു. മോചനം വിദുര സ്വപ്നമായി, മരീചികയായി മാറുന്നുവോ? മനുഷ്യൻ മനുഷ്യനിൽ തന്റെ പ്രതിഛായയും സാന്നിദ്ധ്യവും ദർശിക്കണമെന്നാണ് യേശു പഠിപ്പിക്കുന്നത്. അപരനിൽ തന്നെ ദർശിക്കണമെന്നാണ് ഉപദേശിക്കുന്നത്. വിശ്വാസസമൂഹത്തിൽ തന്റെ തിരുസാന്നിദ്ധ്യം അനുഭവിക്കണമെന്ന് യേശു പഠിപ്പിച്ചു. നമ്മുടെ ജീവിതം മറ്റുള്ളവരുമായി പങ്കുവെയ്ക്കണമെന്നു തന്നെയാണ് യേശു പഠിപ്പിച്ചത്. നാം അന്യോന്യം സ്നേഹിക്കണമെന്നും പരസ്പരം ഭാരങ്ങൾ വഹിക്കണമെന്നും കണ്ണീരൊപ്പണമെന്നും യേശു പഠിപ്പിച്ചു. പരസ്പരം പങ്കുവെച്ചും, കൈകൊടുത്ത് സഹായിച്ചും, കൈക്കുപിടിച്ചുയർത്തിയും, നാം കൈകോർത്ത് നടക്കണമെന്ന് യേശു പഠിപ്പിച്ചു. ഒന്നിച്ച് പ്രാർത്ഥിച്ചും ഒന്നിച്ച്

www.malankaralibrary.com

പ്രവൃത്തിച്ചും ഒന്നിച്ച് ജീവിച്ചും ഒരേഹൃദയം പങ്കുവെച്ചും (സൗഹൃദം!) സൃഷ്ടിക്കപ്പെടുന്ന ഒരു സമൂഹത്തെയാണ് - ***സഭയെയാണ്*** - യേശു വിഭാവനം ചെയ്തത്. സ്വർഗ്ഗത്തിന്റെ പ്രതിഛായയിലുള്ള ഒരു സമൂഹസൃഷ്ടിയാണവിടുത്തെ ലക്ഷ്യം. അതിനെതിരായി നില്ക്കുന്നതിനെയൊക്കെ വിപാടനം ചെയ്ത് കുറ്റമറ്റ മക്കളായി നാം തീരണമെന്ന് യേശു ആഗ്രഹിക്കുന്നു. അതിന്‌വേണ്ടിയാണ് തന്റെ പിതാവിന്റെ വലത്തുഭാഗത്ത് (അപ്പ. 2/33; 5/31) വലിയ മദ്ധ്യസ്ഥനായി യേശു വന്നിരിക്കുന്നത്. നമുക്കുവേണ്ടിയുള്ള മദ്ധ്യസ്ഥത നാം തന്നെപ്പോലെയായിത്തീരുന്നതിനാണ്.

ദൈവരാജ്യത്തിന് അനുയോജ്യമായ വിധം നമ്മുടെ ജീവിതത്തിന്റെ പുനസൃഷ്ടിക്ക് നാം അനുവർത്തിക്കേണ്ടതെന്തൊക്കെയാണെന്ന് യേശു നമ്മെ പഠിപ്പിക്കുന്നു. സഭ എന്തായിരുന്നെന്നു മാത്രമല്ല, ***എന്തായിരിക്കണമെന്നുകൂടി*** പഠിപ്പിക്കുകയാണ് അപ്പസ്തോല പ്രവർത്തനങ്ങൾ.

യഥാർത്ഥത്തിലുള്ള ക്രിസ്തീയസമൂഹം എന്താണെന്ന് അത് നമ്മെ പഠിപ്പിക്കുന്നു. ആ സമൂഹത്തിൽ സംജാതമായ ചിലപ്രശ്നങ്ങൾ അത് നമുക്ക് കാണിച്ചുതരുന്നു. പ്രശ്നങ്ങളോടുള്ള പ്രതികരണശൈലി എന്തായിരിക്കണമെന്ന് അത് വരച്ചുകാണിക്കുന്നു. സഭയുടെ ശരിയായ ദൗത്യം എന്താണെന്ന് അത് നമ്മോട് വ്യക്തമായി പറയുന്നു. നമ്മെ നവീകരിക്കേണ്ടതെങ്ങനെയെന്ന് അത് ചൂണ്ടിക്കാണിക്കുന്നു. സഭയുടെ അംഗങ്ങളായിത്തീരുന്നവരുടെ ജീവിതശൈലി എന്തായിരിക്കണമെന്ന് ഈ പഠനം വെളിപ്പെടുത്തും.

സ്വയം തിരുത്തലിനുള്ള വെല്ലുവിളിയാണതുയർത്തുക. യേശു ആഗ്രഹിക്കുന്ന വിധത്തിലുള്ള സമൂഹമായി രൂപാന്തരപ്പെടുവാൻ അത് നമ്മെ നിർബന്ധിക്കുകയും ചെയ്യും.

## വേദചരിത്രകാരനും വേദശാസ്ത്രിയുമായ ലൂക്കോസ്:

ഈ വേദഗ്രന്ഥത്തിന്റെ കർത്താവായ വി. ലൂക്കോസ് ഒരേസമയം ഒരു ചരിത്രകാരനും ദൈവശാസ്ത്രജ്ഞനുമാണ്. ആദിമസഭയിൽ ***എന്തുസംഭവിച്ചു*** എന്നവതരിപ്പിക്കുന്നതിലാണ് ചരിത്രകാരന്റെ പാടവം പ്രകടമാകുന്നതെങ്കിൽ ***എന്തുകൊണ്ട്*** അപ്രകാരം സംഭവിച്ചു എന്ന് ഉൾക്കാഴ്ച നല്കുന്നതിലാണ് ദൈവശാസ്ത്രജ്ഞന്റെ മികവ് ദൃശ്യമാകുന്നത്. സംഭവങ്ങൾപത്രറിപ്പോർട്ടറെപ്പോലെ വിവരിക്കുന്ന വെറും ഒരു ചരിത്രകാരനെന്നതിലുപരി അവയുടെ അന്തരാർത്ഥത്തിലേയ്ക്ക് വെളിച്ചം വീശുന്ന വേദശാസ്ത്രജ്ഞനാണദ്ദേഹം.

## സഭയെഴുതിയ പുസ്തകം:

ഈ പുസ്തകം സഭയെക്കുറിച്ച എഴുതപ്പെട്ടതാണ്; അതേസമയം തന്നെ ***സഭയാൽ*** എഴുതപ്പെട്ടതുമാണ്. അതേ, സഭയുടെ `ആത്മകഥ' യുടെ ഒന്നാം ഭാഗം! പുതിയനിയമത്തിലെ ഒരു വാക്യമെങ്കിലും രേഖപ്പെടുത്തുന്നതിനും എത്രയോ മുമ്പ് തന്നെ സഭ പ്രാർത്ഥിക്കുകയും പഠിപ്പിക്കുകയും

www.malankaralibrary.com

പ്രഘോഷിക്കുകയും ആരാധിക്കുകയും ചെയ്തിരുന്നു! ഇങ്ങനെ സജീവവും ചലനാത്മകവും സൃഷ്ടുന്മുഖവുമായ ഒരു സഭയാണ് പുതിയനിയമം എഴുതിയത്. പുതിയനിയമഗ്രന്ഥങ്ങൾ സഭയ്ക്ക് രൂപംനല്കുകയല്ല മറിച്ച് സഭ പുതിയനിയമഗ്രന്ഥങ്ങൾക്ക് രൂപം നല്കുകയാണ് ചെയ്തത്. ക്രിസ്തുവർഷം 70 നും 90 നും ഇടയ്ക്ക് ഈ ഗ്രന്ഥം വിരചിതമായി എന്നു കരുതപ്പെടുന്നു. അതായത് സഭ ആരംഭിച്ച് അരനൂറ്റാണ്ടിന് ശേഷം!

പത്രവാർത്തകണക്കെ അതിലെ സംഭവങ്ങൾ തത്സമയം രേഖപ്പെടുത്തിയതല്ല. മുൻകാല സംഭവങ്ങളുടെയും അനുഭവങ്ങളുടെയും അർത്ഥം കണ്ടെത്തുന്ന ഒരു പില്ക്കാല വിവരണമാണത്. അഞ്ചുപതിറ്റാണ്ടുകൾ നീണ്ട വിശ്വാസികളുടെ പ്രാർത്ഥനാപൂർവ്വമായ വിചിന്തനവും ഉൾക്കാഴ്ചകളും ഗ്രന്ഥരചനയ്ക്ക സഹായകമായിത്തീർന്നു. വിശ്വസിക്കുകയും പ്രാർത്ഥിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന സഭയുടെ അനുഭവജ്ഞാനത്തോടൊപ്പം ദൈവനിവേശനവും (Inspiration = ദൈവാത്മാവിന്റെ പ്രത്യേക ഇടപെടൽ) ഈ ഗ്രന്ഥരചനയിൽ ഗ്രന്ഥകാരനെ സഹായിച്ച ഘടകങ്ങളാണ്. ചരിത്രകാരനെന്ന നിലയിൽ വാമൊഴിയും വരമൊഴിയുമായ വിവിധ സ്രോതസ്സുകളിൽ നിന്നും ലൂക്കോസ് ഉൾക്കാഴ്ചകൾ സ്വീകരിക്കുന്നു. ജറുസലെം, കേസറിയാ, അന്തോക്യാ മുതലായ പ്രാദേശിക സഭകളുടെ ചരിത്രരേഖകളാണ് വരമൊഴികൾ (written sources). വിശ്വാസധീരരായ ചില വ്യക്തികളെക്കുറിച്ചുള്ള കേട്ടറിവും ചരിത്രരേഖകളും കുറെയൊക്കെ ലഭ്യമായിരുന്നു. പത്രോസ്, യോഹന്നാൻ, സ്തേഫാനോസ്, ഫീലിപ്പോസ് മുതലായ വിശ്വാസധീരന്മാരെപ്പറ്റിയും വിശുദ്ധപൗലോസിന്റെ പ്രേഷിതയാത്രകളെപ്പറ്റിയുള്ള ചില യാത്രാവിവരണക്കുറിപ്പുകളും അവയിൽപെടുന്നു. അവയിൽ ചിലതാകട്ടെ ഗ്രന്ഥകാരൻ ഉൾപ്പെട്ടയാത്രകൾ തന്നെയാണ്. (വി. പൗലോസിന്റെ സഹചാരിയായിരുന്നുവല്ലോ വി. ലൂക്കോസ്). എങ്കിൽത്തന്നെ ആദിമസഭയിലെ എല്ലാചരിത്രസംഭവങ്ങളും വസ്തുതകളും കാലാനുക്രമമനുസരിച്ചും സമ്പൂർണ്ണമായും അടുക്കിഒരുക്കി രൂപഭദ്രതയും ഭാവഭദ്രതയും വരുത്തി സ്ഫുടപാകം ചെയ്തെടുത്ത ഒരു വിവരണഗ്രന്ഥമല്ല ഇത് എന്നത് വിസ്മരിക്കരുത്. ഏതൊരു ഗ്രന്ഥകാരനെപ്പോലെതന്നെ ലൂക്കോസും, ആദിമസഭയിലെ സുപ്രധാനമായ ചില സംഭവങ്ങൾ തന്റെ രചനാലക്ഷ്യത്തിന് സഹായകമായി തെരഞ്ഞെടുത്തിട്ടുണ്ട്. അതുകൊണ്ടുതന്നെ നാം ന്യായമായും പ്രതീക്ഷിക്കുന്ന പലതും അവിടെ കണ്ടെത്താൻ കഴിഞ്ഞെന്നു വരില്ല. ഉദാഹരണമായി :-

(1) യേശുവിന്റെ പന്ത്രണ്ട് ശിഷ്യന്മാരിൽ പലർക്കും എന്തുസംഭവിച്ചു എന്നതിനെപ്പറ്റിയോ അവർ എവിടെയാണ് സുവിശേഷപ്രഘോഷണം നടത്തി എന്നതിനെപ്പറ്റിയോ കാര്യമായി ഒന്നുംതന്നെ നമുക്കവിടെ കണ്ടെത്താൻ കഴിയുന്നില്ല. യോഹന്നാൻ, യാക്കോബ്, പത്രോസ്, എന്നിവരൊഴിച്ച് ബാക്കി ഒമ്പത് പേർക്ക് എന്തു സംഭവിച്ചു?

(2) സിറിയ തുടങ്ങിയ പൂർവ്വദിക്കിലേക്കും ഈജിപ്ത് മുതലായ ദക്ഷിണദേശത്തേക്കും എപ്രകാരമാണ് സഭ വ്യാപിച്ചത് എന്ന് അറിയുവാൻ നമുക്ക്

www.malankaralibrary.com

ആകാംക്ഷയുണ്ട്. എന്നാൽ പശ്ചിമഭാഗമായ ഗ്രീസിലേക്കും റോമിലേയ്ക്കുമുള്ള സഭയുടെ വളർച്ചയെപ്പറ്റി മാത്രമാണ് ഗ്രന്ഥത്തിൽ വിവരിക്കുന്നത്!

(3) മാർപത്രോസിന്റെയും മാർ പൗലോസിന്റെയും ജീവിതങ്ങളെപ്പറ്റി കൂടുതൽ കേൾക്കുവാൻ ന്യായമായും നമുക്കാഗ്രഹമുണ്ടാകും. എന്നാൽ ഗ്രന്ഥത്തിന്റെ ആദ്യപകുതിക്കുശേഷം പത്രോസിനെ കാണുന്നതേയില്ല. പൗലോസിന്റെ മിഷനറിയാത്രയെപ്പറ്റി വിവരിക്കുന്ന രണ്ടാം പകുതി അദ്ദേഹം റോമിൽ ചെന്നെത്തുന്നതോടെ അവസാനിക്കുകയും ചെയ്യുന്നു! ഹ്രസ്വമായ വിവരണം പോലെതന്നെ ഗ്രന്ഥസമാപ്തി പെട്ടെന്നായതും എന്തുകൊണ്ട്?

ഇവിടെയാണ് ചരിത്രകാരനെയും വേദശാസ്ത്രജ്ഞനെയും വേർതിരിച്ചറിയേണ്ടത്. ഒരു ദൈവശാസ്ത്രജ്ഞൻ എന്ന നിലയിൽ അടിസ്ഥാനപരമയ പല താല്പര്യങ്ങളും തന്റെ രചനയിൽ ലൂക്കോസ് പ്രകടിപ്പിക്കുന്നുണ്ട്. തന്റെ ലക്ഷ്യത്തിന് ഉപയുക്തമായ സംഭവങ്ങൾ മാത്രമേ അദ്ദേഹം തെരഞ്ഞെടുത്തിട്ടുള്ളു. സംഭവങ്ങൾ വിവരിക്കുന്ന ചരിത്രകാരനെക്കാൾ അവയുടെ അർത്ഥതലം കണ്ടെത്തുന്ന ദൈവശാസ്ത്രജ്ഞനെയാണ് നാമിവിടെ കണ്ടെത്തുക.

### ഗ്രന്ഥകാരന്റെ യഥാർത്ഥ ലക്ഷ്യം:

(1) ***പരിശുദ്ധാത്മാവിന്*** സഭയിലുള്ള സ്ഥാനം എന്താണെന്ന് വ്യക്തമാക്കുവാനാണ് ലൂക്കോസ് ഒന്നാമതായി ശ്രമിക്കുക. പിതാവായ ദൈവം തന്റെ പ്രീയപുത്രനായ യേശുവിനെ രക്ഷാകരദൗത്യനിർവ്വഹണത്തിന് ***ആത്മാഭിഷേകം*** ചെയ്തയച്ചതുപോലെ, അതേദൗത്യം തുടരുന്നതിനായി ഉത്ഥിതനായ ക്രിസ്തു തന്റെ സഭയെയും ***ആത്മാഭിഷേകം*** ചെയ്തയയ്ക്കുന്നു. അപ്പസ്തോല പ്രവർത്തനങ്ങളെ `പരിശുദ്ധാത്മാവിന്റെ സുവിശേഷം' (The gospel of the Holy Spirit) എന്ന് വിളിക്കാറുണ്ട്. അപ്പസ്തോല പ്രവർത്തനങ്ങൾ എന്ന് വിളിക്കുന്നതുപോലെതന്നെ അർത്ഥവത്താണ് `പരിശുദ്ധാത്മ പ്രവർത്തനങ്ങൾ' എന്ന് വിളിക്കുന്നതും.

ആദിമസഭയുടെ ഐക്യത്തിന്റെയും ഊർജ്ജസ്വലതയുടെയും ശ്രോതസ്സ് യഥാർത്ഥത്തിൽ പരിശുദ്ധാരുപിതന്നെയാണ്. സത്യത്തിൽ നിന്ന് വ്യതിചലിക്കാതെ സഭയെ വഴിനടത്തിയതും (നടത്തുന്നതും) കഷ്ടതകളിൽ പതറാതെ നിലനിർത്തിയതും ഈ ആത്മാവ് തന്നെയാണ്. തന്റെ ആരാധകരെ ***സ്ഥിരീകരിക്കുന്നവനായ,*** രക്തസാക്ഷികളെ കിരീടമണിയിക്കുന്നവനായ, പ്രവർത്തകരെ ശക്തിധരിപ്പിക്കുന്നവനായ പരിശുദ്ധാത്മാവ്.

(2) രണ്ടാമതായി മുഴുവൻ ലോകത്തെയും ഉൾക്കൊള്ളുവാൻ പ്രാപ്തമായ ഒരു സമുഹമാണ് ***സഭ*** എന്ന് വി. ലൂക്കോസ് സ്ഥാപിക്കുന്നു. പുതിയ പുതിയ സ്ഥലങ്ങളിലേക്കും ജനപദങ്ങളിലേക്കും സുവിശേഷം പ്രചരിക്കുന്നതും, അവിടെയുള്ള വിജാതീയർ അത് സ്വീകരിക്കുന്നതും, അങ്ങനെ സഭ വളരുന്നതുമാണ് ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്ത് നാം കാണുന്നത്. അപ്പസ്തോല പ്രവർത്തികളുടെ മുഴുവൻ ഒരു സംഗ്രഹം എന്ന നിലയിൽ, ഒരു

www.malankaralibrary.com

മൂന്നാസ്വാദനം പോലെ, ഒന്നാമദ്ധ്യായം എട്ടാംവാക്യം മിഴിവാർന്ന് ഒരു കുറി വാക്യമായി നില്ക്കുന്നു. ``നിങ്ങൾ *ശക്തി* പ്രാപിക്കും. ജറുസലേമിലും യൂദയാ ***മുഴുവനിലും*** സമരിയായിലും ഭൂമിയുടെ ***അതിർത്തികൾവരെയും*** നിങ്ങൾ എനിക്ക് ***സാക്ഷി***കളാകും''.

ജറുസലേം കേന്ദ്രീകരിച്ചുള്ള സഭാ പ്രവർത്തനമാണ് ഗ്രന്ഥത്തിന്റെ ആദ്യപകുതിയിൽ നമുക്ക് കാണാൻ സാധിക്കുന്നത്. യൂദയാ, പലസ്തീനാ, സമറിയാ മുതലായ സമീപപ്രദേശങ്ങളിലേക്ക് പടിപടിയായി പടർന്ന് പന്ത ലിക്കുന്ന സഭയെയാണ് തുടർന്ന് നാം കാണുന്നത്. അവിടുന്നങ്ങോട്ട്, ഏഷ്യാ മൈനറിലും ഗ്രീസിലും സഭാതരുവിന്റെ വേരുകൾ പടരുന്നത് അടുത്തപടി യാണ്. അവസാനമായി റോമാസാമ്രാജ്യത്തിന്റെ എല്ലാ പ്രവിശ്യകളിലും (oikamen = the inhabited world) വേരുറപ്പിച്ച് ശാഖകൾ നീട്ടി തലഉയർത്തി വളരുന്ന ഒരു സഭയെ കാണിച്ചുതരുകയാണ് ഗ്രന്ഥകാരൻ. സംസ്കാരങ്ങ ളുടെ സംഗമനഗരിയും രാഷ്ട്രീയാധികാരത്തിന്റെ സിരാകേന്ദ്രവുമായ റോമിൽ എത്തുന്നതോടെ മൂന്നാസ്വാദനം (അപ്പ. 1/8) സാക്ഷാല്കരിക്കപ്പെട്ട യാഥാർത്ഥ്യമായി തീർന്നതായി - ലക്ഷ്യം കൈവരിച്ചതായി - ഗ്രന്ഥകാരൻ വ്യാഖ്യാനിക്കുന്നു.

(3) തുടർന്ന്, ക്രിസ്ത്യാനികളാകട്ടെ സഭയാകട്ടെ, ഏതൊരു സാമ്രാ ജ്യത്തിന്റെയും സൽഭരണത്തിന് ഭീഷണിയല്ലെന്ന് ചിത്രീകരിക്കുവാൻ വെമ്പുന്ന ഗ്രന്ഥകാരനെ കാണാം. റോമാസാമ്രാജ്യത്തിന് ഭീഷണിയായ ഒരു വിപ്ലവ പ്രസ്ഥാനമല്ല ക്രിസ്ത്യാനികളെന്ന് ലൂക്കോസ് സമർത്ഥിക്കുന്നു. ഒരു വന് ഒരേസമയം ഒരു റോമൻ പൗരനും ഒരു ക്രിസ്ത്യാനിയുമായിരിക്കാമെന്ന് അദ്ദേഹം തെളിയിക്കുന്നു. റോമൻ പൗരത്വമുള്ള പൗലോസിനെപ്പോലെ പല ക്രിസ്ത്യാനികളും റോമാസാമ്രാജ്യത്തിനെതിരായ കുറ്റങ്ങളിൽ നിരപരാധി കളായി തെളിയിക്കപ്പെടുന്ന രംഗങ്ങൾ ഈ ചിത്രത്തിൽ വരച്ചുചേർത്തത് അതിന്റെ തെളിവാണ്. നീറോയുടെ (എ.ഡി. 54-68) മതമർദ്ദനകാലത്താണ് മാർപത്രോസ് പൗലോസ് ശ്ലീഹന്മാർ രക്തസാക്ഷിമകുടം ചൂടുന്നത്. ഡൊമീ ഷ്യൻ (എ.ഡി. 81-96) ചക്രവർത്തിയുടെ ക്രിസ്ത്യാനികൾക്കെതിരെയുള്ള സംഹാരതാണ്ഡവകാല ത്താണ് ഗ്രന്ഥരചനയെന്നത് എടുത്തു പറഞ്ഞുകൊ ള്ളട്ടെ. ക്രൂരമായ മതമർദ്ദനത്തിന്റെയും നീചമായ സഭാ പീഡനത്തിന്റെയും ഒരു കാലയളവിൽ, ക്രിസ്ത്യാനികൾ, റോമാസാമ്രാജ്യത്തിനോ മറ്റേതെങ്കിലും വ്യവസ്ഥാപിത ഭരണകൂടങ്ങൾക്കോ ഒരിക്കലും ഒരു ഭീഷണിയാവില്ലെന്ന് ലൂക്കോസ് ഈ ഗ്രന്ഥത്തിൽ വ്യക്തമാക്കുന്നു. `റാം അല്ലെങ്കിൽ റോം' എന്നു തുടങ്ങിയ മുദ്രാവാക്യങ്ങൾ അന്തരീക്ഷത്തിൽ അലയടിക്കുന്ന സന്ദർഭത്തിലും ഈ ഗ്രന്ഥത്തിന്റെ ആനുകാലിക, സാർവ്വലൗകിക പ്രസക്തി നഷ്ടപ്പെടുന്നില്ല എന്നതും ആനുഷംഗികമായി ഓർക്കുന്നത് നന്നായിരിക്കും.

(4) ക്രിസ്ത്രീയസഭ എല്ലാത്തരം മനുഷ്യരെയും ഉൾക്കൊള്ളുന്ന ഒരു സമൂഹമാണെന്ന് കാട്ടിത്തരുന്ന ഒരു ഗ്രന്ഥമാണിത്. നൂറ്റാണ്ടുകളായി ദൈവി കവെളിപാടുകൾ സ്വീകരിച്ച യഹൂദ സമുദായത്തിൽ പെട്ടവരായിരുന്നുവല്ലോ

www.malankaralibrary.com

യേശുവും ശിഷ്യന്മാരും. ആദ്യകാല സഭാംഗങ്ങൾ ഏറെയും അങ്ങനെതന്നെയായിരുന്നു. രക്ഷാസന്ദേശം നൂറ്റാണ്ടുകളായി കാത്തിരുന്ന യഹൂദരുടെ ഇടയിലവതരിച്ചതെങ്കിലും `സ്വന്തത്തിലേക്കു വന്നു, സ്വന്തമോ അവനെ കൈക്കൊണ്ടില്ല' എന്ന ഘട്ടത്തിൽ സാർവ്വത്രികതയുടെ രക്ഷാപാത വെട്ടിത്തുറക്കുക അനായസമായിരുന്നു. അതൊരു പ്രവചനമായിരുന്നു. അർത്ഥസമ്പുഷ്ടമായ ഒരു ഉൾക്കാഴ്ചയായിരുന്നു. വിജാതീയരായ അനേകർ താല്പര്യപൂർവ്വം ക്രിസ്തുവിൽ രക്ഷകനെ കണ്ടെത്തുന്നതായി നാം ഇവിടെ കാണുന്നു. `ഇനിയും ഞാൻ വിജാതീയരിലേക്ക് തിരിയുവാൻ ആത്മാവ് കല്പിക്കുന്നു' (അപ്പ. 13/46) എന്നുൽഘോഷിച്ചുകൊണ്ട് വിജാതീയരുടെ അപ്പസ്തോലനായി വി. പൗലോസ് ഇറങ്ങിത്തിരിക്കുന്ന സമ്മോഹനമായ കാഴ്ച നാം കാണുന്നു. അവിടെ പ്രശ്നങ്ങൾ സംജാതമാകുന്നതും നമുക്ക് കാണാം. വിജാതീയ വിശ്വാസികളെ സഭാംഗങ്ങളായി പരിഗണിക്കുന്നത് ശരിയോ? അവർ ക്രിസ്ത്യാനികളാകുന്നതിന് മുമ്പ് യഹൂദരാകണമോ? ഇത് ആദിമസഭ അഭിമുഖീകരിച്ച അടിസ്ഥാനപരമായ ഒരു പ്രശ്നമായിരുന്നു. ഈ പ്രശ്നത്തെയും സമാനമായ പ്രശ്നങ്ങളെയും എങ്ങനെ വിജയകരമായി പരിഹരിച്ചു എന്ന് ഗ്രന്ഥത്തിന്റെ താളുകൾ മിഴിവോടെ വിവരിക്കുന്നു. വിജാതീയർ കൂട്ടമായി സഭയിലേക്ക് കടന്നുവന്നുകൊണ്ടിരുന്നു. തൽഫലമായി സഭ സാർവത്രികമായി വളർന്നു കൊണ്ടുമിരുന്നു. സഭാംഗങ്ങൾ എന്ന നിലയിൽ `നമ്മെപ്പറ്റി' ത്തന്നെ മനസ്സിലാക്കുവാനും ഈ ഗ്രന്ഥപഠനം ഏറെ സഹായിക്കും.

സഭയും അതിന്റെ സ്ഥാപനവും, അതിന്റെ നിലനില്പും, അതിന്റെ ദൗത്യവും, അതിന്റെ പ്രശ്നങ്ങളുമൊക്കെ ആദിമകാലത്തെ പോലെതന്നെ ഇന്നും പ്രസക്തമാണ്. ഇന്നത്തെ സഭയുടെ വെളിച്ചത്തിൽ നിന്നു കൊണ്ട് അപ്പസ്തോല പ്രവർത്തനങ്ങളിലെ ഈ അടിസ്ഥാന പ്രമേയങ്ങൾ നമുക്ക് വിലയിരുത്താം.

### പരിശുദ്ധാത്മാവ് കേന്ദ്രബിന്ദുവായ സഭ:

പരിശുദ്ധാത്മാവ് സഹായകനാണ്. (യോഹ. 14/16; 15/26; 16/7 1യോഹ. 2/1)

ആത്മാവ് ആദിമസഭയെ സഹായിക്കുകയും നയിക്കുകയും ചെയ്തു. ഈ ആത്മാവുതന്നെയാണ് സഭയെ അനുസ്യൂതം നയിച്ചുകൊണ്ടിരിക്കുന്നത്. സഭയെ ഐക്യത്തിൽ നിലനിർത്തുന്നത് ആത്മാവാണ്. വൈവിധ്യമാർന്ന സമൂഹങ്ങളെയും വിരുദ്ധസ്വഭാവമുള്ള വ്യക്തികളെയും ഒരേ ചരടിൽ ഇണക്കിക്കോർത്ത പുഷ്പങ്ങളെപ്പോലെ ഒരേ കുടക്കീഴിൽ നിർത്തുന്നതും ഐക്യത്തിൽ വിളക്കിച്ചേർക്കുന്നതും പരിശുദ്ധാത്മാവാണ്. സഭയെ നിരന്തരം നവീകരിക്കുന്നതും എന്നും ഊർജ്ജസ്വലയാക്കുന്നതും ഈ ആത്മചൈതന്യമാണ്.

### (1) നവീകരണം സഭയ്ക്കുള്ളിൽ:

പരിശുദ്ധാത്മാവ് വഴി സഭയിൽ നടന്നുകൊണ്ടിരിക്കുന്ന അത്ഭുതകരമായ നവീകരണങ്ങൾക്ക് ദൃക്സാക്ഷികളാണല്ലോ നാമോരോരുത്തരും. ആദി

www.malankaralibrary.com

മസഭയിൽ നിലനിന്നിരുന്നതും ഏറെക്കാലമായി വിസ്മരിക്കപ്പെട്ടിരുന്നതുമായ ആരാധനയുടെയും വിവിധങ്ങളായ സഭാശുശ്രൂഷകളുടെയും കാരുണ്യ പ്രവർത്തനങ്ങളുടെയും ഒരു നവോത്ഥാനം തന്നെയാണ് നാമിന്ന് സഭയിൽ കാണുന്നത്. ശക്തമായ രീതിയിൽ പരിശുദ്ധാത്മാവ് സഭയ്ക്കുള്ളിൽ ആഞ്ഞ ടിച്ച് അതിനെ നവീകരിക്കുവാനും സംശുദ്ധമാക്കുവാനും വേണ്ടി (റൂഹാ = കാറ്റ്; റൂഹ്ക്കുദിശാ = പരിശുദ്ധാരൂപി. അപ്പ. 2/2) രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചുക്കൂട്ടുക വഴി 23-ാം ജോൺ മാർപ്പാപ്പ, സഭയുടെ വാതി ലുകളും വാതായനങ്ങളും മലർക്കെ തുറന്നിടുകയാണ് ചെയ്തത്. ആത്മാവ് യഥേഷ്ടം നിർബാധം, നിരന്തരം സഭയെ നവീകരിക്കുവാൻ വേണ്ടിയായി രുന്നു ഇത്. തൽഫലമായി കൂദാശകളുടെ അനുഷ്ഠാനത്തിലും സഭയുടെ ആരാധനാ ക്രമങ്ങളിലും വന്ന പരിവർത്തനം എത്ര അത്ഭുതാവഹമാണ്; എത്ര വിസ്മയനീയമാണ്! പൗരാണികമായ ആരാധന ക്രമങ്ങളുടെ അർത്ഥവും ലക്ഷ്യവും അല്പംപോലും ചോർന്നുപോകാതെ ആധുനികലോ കത്തിന് പ്രയോജനപ്രദമായ രീതിയിൽ നവീകരിക്കുവാൻ സഹായിച്ചുകൊ ണ്ടിരിക്കുന്നത് ഈ പരിശുദ്ധാത്മാവല്ലാതെ മറ്റാരാണ്? ആരാധനയിൽ വർദ്ധിച്ച ഭാഗഭാഗിത്വം ലഭിക്കണമെന്ന സഭയുടെ പുർവ്വികമായ താല്പര്യം സംരക്ഷി ക്കുവാൻ ഇത് സഹായകമായി. വിവിധ രീതികളിലും വിവിധ മേഖലകളിലും ധാരാളം ശുശ്രൂഷകൾ ചെയ്യുവാൻ സഭ ഇന്ന് സന്നദ്ധയായി നില്ക്കുന്നത് നാം കാണുന്നുണ്ടല്ലോ.

ആത്മായർക്ക് പ്രവർത്തിക്കുവാൻ നൂതനങ്ങളായ പ്രവർത്തനസരണി കളും ശുശ്രൂഷാ തലങ്ങളും രൂപപ്പെടുത്തുന്നതും പരിശുദ്ധാത്മാവ് തന്നെ യാണ്. വേദഗ്രന്ഥ പഠനത്തിനുള്ള വർദ്ധിച്ച താല്പര്യം എവിടെയും ദൃശ്യമാ ണിന്ന്. ഈ പൗരാണിക ഗ്രന്ഥം സത്യത്തിൽ ``ദൈവത്തിന്റെ ജീവനുള്ള വചനങ്ങൾ" തന്നെ ആണെന്നും, അത് സഭാസമൂഹത്തെ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനും നയിക്കുന്നതിനും ശക്തിമത്തായിത്തീരുന്നത് പരിശുദ്ധാ ത്മാവിന്റെ ഇടപെടൽ കൊണ്ടാണെന്നും ഈ ഗ്രന്ഥം വിശദമാക്കുന്നു.

സഭ ഇന്ന് ലോകത്തിന്റെ മനഃസാക്ഷിയായി വർത്തിക്കുന്നു. പുരോഗ മനപരമായ അതിന്റെ എല്ലാ പ്രവർത്തനങ്ങളെയും സഭ പ്രോത്സാഹിപ്പി ക്കുന്നു. അടിച്ചമർത്തപ്പെട്ടവരും ഞെരുക്കമനുഭവിക്കന്നവരുമായ എല്ലാ സമൂ ഹങ്ങളോടും സഭയ്ക്കുള്ള ആഭിമുഖ്യവും സഹാനുഭൂതിയും പ്രതിബദ്ധതയും ക്രീയാത്മകമായി പ്രകടിപ്പിക്കുവാൻ പരിശുദ്ധാത്മാവിന്റെ ശക്തമായ പ്രേരണ നമുക്കുണ്ട്.

എവിടെയൊക്കെ ആളുകൾ വിശ്വാസത്തിൽ നവീകരിക്കപ്പെട്ടു കാണു ന്നുവോ, എവിടെയൊക്കെ ഉത്ഥിതനായ ക്രിസ്തുവിന്റെ വിളിയെ ശ്രവിക്കു വാൻ പ്രത്യാശയോടെ, സമർപ്പണത്തോടെ മനുഷ്യവ്യക്തികൾ കടന്നുവരു ന്നുവോ, എവിടെയൊക്കെ സഹജീവികളെ സഹായിക്കുവാൻ കരുണാർദ്ദ്രമായ ഹൃദയത്തോടെ കരങ്ങൾ നീട്ടുന്നുവോ അവിടെയൊക്കെ പരിശുദ്ധാത്മാവിന്റെ സജീവസാന്നിദ്ധ്യവും പ്രവർത്തനവും നമുക്ക് ദർശിക്കാം.

www.malankaralibrary.com

## (2) സഭയും സമൂഹവും:

സഭ വിശ്വവിശാലമായ ഒരു സമുഹമായി മാറിക്കൊണ്ടിരിക്കുകയാണ്. ഒരു ഗ്രാമീണ കലാസമിതിയോ, ഉൾനാടൻ വായനശാലയോ പോലെ, സ്വന്തം അംഗങ്ങളുടെ പ്രയോജനത്തിന് മാത്രമായി രൂപീകരിക്കപ്പെട്ടിട്ടുള്ള ഒരു കൊച്ചു സംഘടനയല്ല സഭ എന്ന് നമുക്ക് നല്ല ബോദ്ധ്യമുണ്ട്. മറിച്ച് നമുക്കുള്ള സർവ്വകഴിവുമുപയോഗിച്ച് മറ്റുള്ളവരുടെ നന്മക്കായി നാം പ്രവർത്തിക്കുന്നു. അതാണ് നമ്മുടെ ദൗത്യം. നാമോരോരുത്തരും വ്യക്തിപരമായി നമ്മുടെ കഴിവിന്റെ പരമാവധി ഉപയോഗിച്ച് സുവിശേഷവല്കരണത്തിനായി നമ്മുടെതായ പ്രത്യേകരീതിയിൽ പ്രവർത്തിക്കുവാൻ ബാദ്ധ്യസ്ഥരാണ് എന്ന് നമുക്കറിയാം. അതിനുള്ള സന്നദ്ധത ശക്തികേന്ദ്രമായ പരിശുദ്ധാത്മാവിൽ നിന്നു നാം നേടിയെടുക്കണം.

യേശുവിൽ നമുക്ക് ലഭിച്ചതായ പുതുജീവൻ നമ്മുടെ ആത്മാവിന്റെ കേന്ദ്രമാണ് എന്ന ബോദ്ധ്യമുള്ളതുകൊണ്ടാണ് അത് എല്ലാ മനുഷ്യരുമായി പങ്കുവെയ്ക്കുവാൻ നാം ആഗ്രഹിക്കുന്നതും ബദ്ധപ്പെടുന്നതും. അതിശീഘ്രം മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു ലോകത്തിൽ സ്ഥായിയായ സത്യങ്ങൾക്കും സുസ്ഥിരമായ ജീവിത ലക്ഷ്യങ്ങൾക്കും വേണ്ടി മനുഷ്യൻ ഇന്ന് നട്ടം തിരിയുകയാണ്. നമ്മുടെ ജോലിസ്ഥലത്തും അയൽവക്കത്തും എന്തിനേറെ, നമ്മുടെ കുടുംബത്തിൽ പോലും നാം കണ്ടുമുട്ടുന്ന ഓരോ വ്യക്തിയും ആ നിത്യ സത്യത്തിനായി ദാഹിക്കുകയാണ്. നാമോരോരുത്തരിൽ കൂടിയും യേശുവിന്റെ ആ പുതുജീവൻ അവരിലേക്ക് എത്തിച്ചുകൊടുക്കുവാൻ സഭ ഇന്നും ആഗ്രഹിക്കുന്നു.

## 3. സഭയും രാഷ്ട്രീയവും

ക്രൈസ്തവ സഭ നല്ലൊരു ഗവൺമെന്റിന് ഒരിക്കലും ഒരു ഭീഷണി ആയിരുന്നിട്ടില്ല. രാഷ്ട്രത്തിന്റെ പുരോഗതിക്കും വളർച്ചക്കുമായി സഭ ഇന്നും അക്ഷീണം യത്നിച്ചുകൊണ്ടിരിക്കുന്നു. ഭരണകൂടങ്ങൾ ബാഹ്യമായ നിയമവും നിയന്ത്രണവും അടിച്ചേല്പിക്കുമ്പോൾ സഭ മനുഷ്യന്റെ ആത്മാവിൽ കടന്നുചെന്ന് ആന്തരികമായ അച്ചടക്കവും ജീവിത വിശുദ്ധിയും സാന്മാർഗ്ഗിക നിഷ്ടയും വഴി ലോകത്തിൽ സമാധാനവും നിരപ്പും നിലനിർത്തുന്നു. ലോകത്തിൽ സമാധാനവും നീതിയും നിലനിർത്തുവാനാണ് ഇരുകൂട്ടരും - സഭയും രാഷ്ട്രവും - പരിശ്രമിക്കുന്നത്. ഒന്ന് ആന്തരികമായും മറ്റത് ബാഹ്യമായും. മനുഷ്യജീവനും മനുഷ്യാവകാശങ്ങൾക്കും മനുഷ്യാന്തസിനും വേണ്ടി സ്വരവും കരവും ഉയർത്തുവാൻ ഒരു ക്രൈസ്തവൻ വിളിക്കപ്പെട്ടിരിക്കുന്നു. എവിടെയൊക്കെ മനുഷ്യൻ അടിച്ചമർത്തപ്പെടുന്നുവോ, എവിടെയൊക്കെ അവൻ അനീതിക്ക് അടിപ്പെടുന്നുവോ, എവിടെയൊക്കെ രമ്യതയുടെ ശക്തികളെ കായബലം കീഴടക്കുന്നുവോ, അവിടെയൊക്കെ സഭ സ്നേഹത്തിന്റെ സാമ്രാജ്യം കെട്ടിപ്പടുക്കുവാൻ, ശാന്തിയുടെ ദൂതുമായി കടന്നുചെന്ന് നീതിയുടെ സമൂഹം രൂപീകരിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു.

www.malankaralibrary.com

## 4. സഭയുടെ സാർവ്വത്രികത

എല്ലാത്തരം ആളുകളും ചേർന്ന ഒരു സമൂഹമാണ് സഭ എന്നു നാം മനസ്സിലാക്കുന്നു. എല്ലാത്തിനേയും ഉൾക്കൊള്ളുവാനുള്ള ഈ കഴിവു വഴി സഭ കൂടുതൽ സമ്പന്നയാവുകയാണ് ചെയ്യുന്നത്. നമ്മേപ്പോലെ തന്നെ സമാന സ്വഭാവവും ചിന്താഗതികളുമായി ഒത്തുപോകുവാൻ എളുപ്പമാണ്. എന്നാൽ യേശുവിന്റെ ശിഷ്യത്വം എല്ലാത്തരത്തിലും എല്ലാനിറത്തിലും എല്ലാ ജാതിയിലും എല്ലാ വർഗ്ഗത്തിലും എല്ലാ ദേശത്തും എല്ലാ സാമൂഹ്യസാമ്പത്തിക നിലവാരത്തിലുമുള്ള ആളുകളുമായി ബന്ധപ്പെടുവാനും ഐക്യപ്പെടുവാനും നമ്മെ നിർബന്ധിക്കുന്നു. ഈ വൈരുദ്ധ്യവും വൈജാത്യവും സഭയുടെ സമ്പന്നതയാണെന്ന് നാം അറിയുന്നു. ഒരുപോലെ ഇരിക്കുവാനോ ഒരുപോലെ പ്രവർത്തിക്കുവാനോ ഒരുപോലെ ചിന്തിക്കുവാനോ ഒരുപോലെ ആരാധിക്കുവാനോ അല്ല നാം വിളിക്കപ്പെട്ടിരിക്കുന്നത്. നേരെമറിച്ച് നമ്മുടെ ഐക്യവും സ്നേഹവും യേശുക്രിസ്തുവിലാണ്. അവൻ നമ്മിൽ നിറക്കുന്ന ദിവ്യാത്മാവിന്റെ ശക്തിയിലാണ്. എന്തിനേറെ, നമ്മുടെ കുടുംബത്തിൽ പോലും നാം കണ്ടുമുട്ടുന്ന ഓരോ വ്യക്തിയും ആ നിത്യ സത്യത്തിനായി ദാഹിക്കുകയാണ്. നാമോരോരുത്തരിൽ കൂടിയും യേശുവിന്റെ ആ പുതുജീവൻ അവരിലേക്ക് എത്തിച്ചുകൊടുക്കുവാൻ സഭ ഇന്നും ആഗ്രഹിക്കുന്നു.

## 3. സഭയും രാഷ്ട്രീയവും

ക്രൈസ്തവ സഭ നല്ലൊരു ഗവൺമെന്റിന് ഒരിക്കലും ഒരു ഭീഷണി ആയിരുന്നിട്ടില്ല. രാഷ്ട്രത്തിന്റെ പുരോഗതിക്കും വളർച്ചക്കുമായി സഭ ഇന്നും അക്ഷീണം യത്നിച്ചുകൊണ്ടിരിക്കുന്നു. ഭരണകൂടങ്ങൾ ബാഹ്യമായ നിയമവും നിയന്ത്രണവും അടിച്ചേല്പിക്കുമ്പോൾ സഭ മനുഷ്യന്റെ ആത്മാവിൽ കടന്നുചെന്ന് ആന്തരികമായ അച്ചടക്കവും ജീവിത വിശുദ്ധിയും സന്മാർഗ്ഗിക നിഷ്ടയും വഴി ലോകത്തിൽ സമാധാനവും നിരപ്പും നിലനിർത്തുന്നു. ലോകത്തിൽ സമാധാനവും നീതിയും നിലനിർത്തുവാനാണ് ഇരുകൂട്ടരും - സഭയും രാഷ്ട്രവും - പരിശ്രമിക്കുന്നത്. ഒന്ന് ആന്തരികമായും മറ്റത് ബാഹ്യമായും. മനുഷ്യജീവനും മനുഷ്യാവകാശങ്ങൾക്കും മനുഷ്യാന്തസിനും വേണ്ടി സ്വരവും കരവും ഉയർത്തുവാൻ ഒരു ക്രൈസ്തവൻ വിളിക്കപ്പെട്ടിരിക്കുന്നു. എവിടെയൊക്കെ മനുഷ്യൻ അടിച്ചമർത്തപ്പെടുന്നുവോ, എവിടെയൊക്കെ അവൻ അനീതിക്ക് അടിപ്പെടുന്നുവോ, എവിടെയൊക്കെ രമ്യതയുടെ ശക്തികളെ കായബലം കീഴടക്കുന്നുവോ, അവിടെയൊക്കെ സഭ സ്നേഹത്തിന്റെ സാമ്രാജ്യം കെട്ടിപ്പടുക്കുവാൻ, ശാന്തിയുടെ ദൂതുമായി കടന്നുചെന്ന് നീതിയുടെ സമൂഹം രൂപീകരിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു.

## 4. സഭയുടെ സാർവ്വത്രികത

എല്ലാത്തരം ആളുകളും ചേർന്ന ഒരു സമൂഹമാണ് സഭ എന്നു നാം മനസ്സിലാക്കുന്നു. എല്ലാത്തിനേയും ഉൾക്കൊള്ളുവാനുള്ള ഈ കഴിവു വഴി

www.malankaralibrary.com

സഭ കൂടുതൽ സമ്പന്നയാവുകയാണ് ചെയ്യുന്നത്. നമ്മേപ്പോലെ തന്നെ സമാന സ്വഭാവവും ചിന്താഗതികളുമായി ഒത്തുപോകുവാൻ എളുപ്പമാണ്. എന്നാൽ യേശുവിന്റെ ശിഷ്യത്വം എല്ലാത്തരത്തിലും എല്ലാനിറത്തിലും എല്ലാ ജാതിയിലും എല്ലാ വർഗ്ഗത്തിലും എല്ലാ ദേശത്തും എല്ലാ സാമൂഹ്യസാമ്പത്തിക നിലവാരത്തിലുമുള്ള ആളുകളുമായി ബന്ധപ്പെടുവാനും ഐക്യപ്പെടുവാനും നമ്മെ നിർബന്ധിക്കുന്നു. ഈ വൈരുദ്ധ്യവും വൈജാത്യവും സഭയുടെ സമ്പന്നതയാണെന്ന് നാം അറിയുന്നു. ഒരുപോലെ ഇരിക്കുവാനോ ഒരുപോലെ പ്രവർത്തിക്കുവാനോ ഒരുപോലെ ചിന്തിക്കുവാനോ ഒരുപോലെ ആരാധിക്കുവാനോ അല്ല നാം വിളിക്കപ്പെട്ടിരിക്കുന്നത്. നേരെമറിച്ച് നമ്മുടെ ഐക്യവും സ്നേഹവും യേശുക്രിസ്തുവിലാണ്. അവൻ നമ്മിൽ നിറക്കുന്ന ദിവ്യാത്മാവിന്റെ ശക്തിയിലാണ്.

### സംഗ്രഹം

ചുരുക്കത്തിൽ അപ്പസ്തോല പ്രവർത്തനം എന്ന പുസ്തകം പഠിക്കുന്നതുകൊണ്ട് സഭയെ അടുത്തറിയുവാനും വിലമതിക്കുവാനും നാം പ്രാപ്തരായിത്തീരുന്നു. സംഭവബഹുലമായ ഇതിന്റെ താളുകളിലൂടെ കണ്ണോടിച്ചു കടന്നുപോകുമ്പോഴും അവിടെ പരാമർശിക്കപ്പെടുന്ന ചരിത്രനായകന്മാരും വിശ്വാസ ധീരന്മാരും വിശുദ്ധരുമായ നമ്മുടെ പൂർവ്വ പിതാക്കന്മാരുടെ ജീവചരിത്രം പഠിക്കുമ്പോഴും പരിശുദ്ധ സഭക്ക് സുദീർഘമായ ഒരു പൂർവ്വചരിത്രം ഉള്ളതായി നാം മനസ്സിലാക്കുന്നു. കഠിനമായ കഷ്ടപ്പാടുകളും സ്വന്തം അംഗങ്ങളുടെ ബലഹീനതകളും മറ്റുള്ളവരുടെ നിന്ദയും പഴിയും പരിഹാസവും പീഡനവും ഒക്കെ ഉണ്ടായിട്ടും സഭ തകർന്നു പോകാതെ തല ഉയർത്തി നിൽക്കുന്നു. നിലനിൽക്കുന്നു എന്നു മാത്രമല്ല അത് ദിനം പ്രതി വളർന്നും പുഷ്ടിപ്രാപിച്ചും കൊണ്ടും ഇരിക്കുന്നു. സഭ ഇന്നും യേശുവിന്റെ സുവിശേഷം പ്രചരിപ്പിച്ചു കൊണ്ടും കൈമാറിക്കൊണ്ടും ഇരിക്കുന്നു. ഉയർപ്പിന്റെ ജീവനിൽ പങ്കു പറ്റിക്കൊണ്ടിരിക്കുന്നു. നമ്മുടെ ഇടയിൽ തന്നെയുള്ള ദൈവരാജ്യത്തിന്റെ സാന്നിദ്ധ്യത്തിന് സാക്ഷ്യം വഹിച്ചുകൊണ്ട്, സമൂഹത്തെ പരിവർത്തനം ചെയ്തുകൊണ്ടിരിക്കുന്നു. നാം പങ്കുചേരുന്ന പരിശുദ്ധ സഭയ്ക്ക് ആവേശകരമായ ഒരു ഭൂതകാലമുണ്ട്. ഊർജ്ജസ്വലമായ ഒരു വർത്തമാന കാലമുണ്ട്. പ്രത്യാശാജനകമായ ഒരു ഭാവികാലവുമുണ്ട്. ആ ഭാവിയെ കരുപ്പിടിപ്പിക്കേണ്ടവർ നാമാണ്; യേശുക്രിസ്തുവിന്റെ യഥാർത്ഥ ശിഷ്യന്മാരായി അവന്റെ ജീവനുള്ള വചനത്തിൽ കുതിർന്നവരായി; അവന്റെ ആത്മാവിനാൽ പ്രേരിതരായി; കരുണാദ്രവും സ്നേഹനിർഭരവുമായ ശുശ്രൂഷകളിൽ കൂടി; സർവ്വ ജനത്തേയും ആശ്ലേഷിച്ചുകൊണ്ട് അപ്പസ്തോല പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഈ പഠനം ഒരു സത്യ സഭയായി രൂപപ്പെടുവാൻ നമ്മെ സഹായിക്കട്ടെ. ഉയർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ യഥാർത്ഥ ശിഷ്യരായിത്തീരുവാൻ നമ്മെ സഹായിക്കട്ടെ. നാം പരിശുദ്ധാത്മാവിനാൽ നിറയുമാറാകട്ടെ.

◆

www.malankaralibrary.com

# ചോദ്യാവലി

1. വി. ഗ്രന്ഥത്തെ ദൈവത്തിന്റെ സജീവ വചനങ്ങൾ എന്നുവിളിക്കാൻ കാരണമെന്ത്?
2. നാം ആദിമ ക്രൈസ്തവ സമൂഹത്തിന്റെ തുടർച്ചയാകുന്നതെങ്ങനെ?
3. യേശു സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ നമുക്ക് തന്നിട്ടു പോയത് എന്തൊക്കെയാണ്?
4. സഭയുടെ ദൗത്യം എന്താണ്?
5. അപ്പസ്തോല പ്രവർത്തനങ്ങളിലെ സന്ദേശത്തിന് വിരുദ്ധവും നാം ഉപേക്ഷിക്കേണ്ടതുമായ രണ്ട് മനോഭാവങ്ങൾ ഏവ?
6. ആധുനി ലോകത്തിൽ വ്യക്തി ബന്ധങ്ങൾ കുറഞ്ഞു വരാൻ കാരണമെന്ത്? പരിഹാരം നിർദ്ദേശിക്കുക.
7. സഭയുമായി തന്നെത്തന്നെ താദാത്മ്യപ്പെടുത്തുന്നതിലൂടെ യേശു വെളിപ്പെടുത്തുന്നതെന്താണ്?
8. ബൈബിൾ സഭയുടെ പുസ്തമാണെന്ന് തെളിയിക്കുക.
9. ലൂക്കോസ് വെറും ചരിത്രകാരൻ മാത്രമല്ല നല്ലൊരു ദൈവ ശാസ്ത്രജ്ഞൻ കൂടി ആണെന്ന് സമർത്ഥിക്കുക.
10. അപ്പസ്തോല പ്രവർത്തനത്തെ പരിശുദ്ധാത്മാവിന്റെ സുവിശേഷം എന്നു വിളിക്കാൻ കാരണമെന്ത്?
11. ഗ്രന്ഥകാരൻ അവതരിപ്പിക്കുന്ന സഭയുടെ 4 ലക്ഷണങ്ങൾ ഏവ? വിശദീകരിക്കുക
12. പരിശുദ്ധാത്മാവ് ഇന്നും സജീവമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. വിവരിക്കുക?
13. എല്ലാ മനുഷ്യരും സഭയുടെ അംഗങ്ങൾ ആകണമെന്ന് നാം ആഗ്രഹിക്കാൻ കാരണമെന്ത്?
14. സമീപനം വ്യത്യസ്ഥമെങ്കിലും സഭയും രാഷ്ട്രവും പരിശ്രമിക്കുന്നതെന്തിനു വേണ്ടി?
15. യഥാർത്ഥ ക്രൈസ്തവർ വിളിക്കപ്പെട്ടിരിക്കുന്നതെന്തിനൊക്കെ വേണ്ടിയാണ്?
16. സഭയുടെ സമ്പന്നത പ്രകാശിക്കുന്നതെപ്രകാരമാണ്?
17. ത്രികാലങ്ങളിലും സഭയുടെ സവിശേഷതയെന്താണ്?

www.malankaralibrary.com

# ഉത്തരങ്ങൾ

1. ആത്മീയജീവൻ നല്കുവാൻ കഴിവുള്ളതുകൊണ്ടും കാലാതിശായിയായ അർത്ഥമുള്ളതുകൊണ്ടും അങ്ങനെ വിളിക്കുന്നു.

2. യേശു നമ്മോടൊത്തു ജീവിക്കുന്നു എന്ന സജീവ ബോദ്ധ്യം ആദിമക്രിസ്ത്യാനികൾക്കൊപ്പം നമുക്കും ഉള്ളതുകൊണ്ട്.

3. തന്റെ ആത്മാവിനെയും, ആത്മാവിനാൽ നയിക്കപ്പെടുന്ന ഒരു സമൂഹത്തെയും (സഭ) നല്കി.

4. തന്റെ പുനരാഗമനം വരെ യേശുവിന്റെ രക്ഷാകാരദൗത്യം അനുസ്യൂതംതുടരുക എന്നതാണ്.

5. (a) വിശ്വാസം തികച്ചും വ്യക്തിപരമായ ഒരു കാര്യം മാത്രമാണ്

   (b) സഭയ്ക്കും കുറവുകൾ ഉണ്ട്; കുറവുകൾ ഉള്ള ഒരു സഭയിൽ ഞാൻ അംഗമാകേണ്ടതില്ല. എന്നീ മനോഭാവങ്ങൾ ഉപേക്ഷിക്കേണ്ടതാണ്.

6. പുരോഗതിയ്ക്കുവേണ്ടി മാനവീകതയും മാനുഷീകാവശ്യങ്ങളും കുരുതികഴിയ്ക്കപ്പെടുന്നു; സാങ്കേതികവളർച്ചയുടെ വ്യഗ്രതയിൽ സ്വകാര്യതകളിലും തിരക്കിലും സ്വയം തളച്ചിടപ്പെടുന്നു; കൂട്ടായ്മയുടെ അനുഭവം കുറഞ്ഞുവരുന്നു. കൂട്ടായ്മയെ പരിപോഷിപ്പിക്കുകയും, ആത്മാവിന്റെ ദിവ്യനടത്തിപ്പിന് വിധേയരാകുകും ചെയ്യുക.

7. ഓരോ മനുഷ്യനിലും തന്റെ പ്രതിഛായ ദർശിക്കണമെന്ന്; നമ്മുടെ ഉള്ളും നമുക്കുള്ളതും മറ്റുള്ളവരുമായി പങ്കുവെയ്ക്കണമെന്ന്; അന്യോന്യം സ്നേഹിക്കണമെന്ന്; കൈയ്ക്കു പിടിച്ചുയർത്തുകയും, കൈകോർത്ത് നടക്കുകയും ചെയ്യണമെന്ന്; ഒന്നിച്ച് പ്രാർത്ഥിക്കുകയും ഒന്നിച്ച് പങ്കുവയ്ക്കുകയും ചെയ്യുന്ന ഒരു സമൂഹമായി രൂപാന്തരപ്പെടണമെന്ന്.

8. സഭ ആരംഭിച്ച് ദശാബ്ദങ്ങൾക്ക് ശേഷമാണ് വിശുദ്ധ ഗ്രന്ഥം (പുതിയ നിയമം) വിരചിക്കപ്പെടുന്നത്.

9. സംഭവങ്ങൾക്ക് പിന്നിലുള്ള അർത്ഥവും പരിശുദ്ധാത്മ നടത്തിപ്പും കണ്ടെത്തുന്നതിലൂടെ.

10. ഗ്രന്ഥത്തിലെ പ്രധാന നടനും നടത്തിപ്പുകാരനും പരിശുദ്ധാത്മാവാകുന്നതുകൊണ്ട്.

11. i) സദാ ആത്മാഭിഷേകം പ്രാപിക്കുന്ന സഭ

   ii) സർവ്വലോകത്തെയും ഉൾക്കൊള്ളുവാൻ പ്രാപ്തമായ ഒരു സമൂഹം

   iii) സഭയും ക്രിസ്ത്യാനികളും വ്യവസ്ഥാപിതമായ ഏതെങ്കിലും ഭരണകൂടങ്ങൾക്ക് ഭീഷണിയല്ല.

   iv) യഹൂദരെ മാത്രമല്ല എല്ലാ ജനപദങ്ങളെയും ഉൾക്കൊള്ളുന്ന സമൂഹമാണ് സഭ

www.malankaralibrary.com

(cfr. ശ്ലൈഹികം, സാർവ്വത്രികം, ഏകം, വിശുദ്ധി)

(നിഖ്യാവിശ്വാസ പ്രമാണത്തിലെ സഭയുടെ ലക്ഷണങ്ങൾ)

12. i) നൂറ്റാണ്ടുകൾ പഴക്കമുള്ള ഈ ഗ്രന്ഥം പഠിക്കുന്നതിൽ വർദ്ധിച്ച താൽപര്യം

ii) സഭ ഇന്ന് ലോകത്തിന്റെ മനഃസ്സാക്ഷിയായി വർത്തിക്കുന്നു.

iii) എല്ലാ രംഗങ്ങളിലുമുള്ള നവീകരണ അഭിവാഞ്ച.

13. യേശു നമ്മുടെ ജീവന്റെ കേന്ദ്രമാകുന്നതുകൊണ്ട്; നമ്മുടെ ജീവൻ പങ്കുവെയ്ക്കാൻ നാമാഗ്രഹിക്കുന്നതുകൊണ്ട്; യേശുവിൽക്കൂടി ലഭിച്ച പുതുജീവൻ പങ്കുവെയ്ക്കുവാൻ പരിശുദ്ധാത്മ പ്രേരണ നമുക്ക് നിരന്തരം ലഭിക്കുന്നതുകൊണ്ട്.

14. ലോകത്തിൽ സമാധാനവും നീതിയും നിലനിർത്തുവാൻ.

15. മനുഷ്യജീവനും, മാനുഷ്യാവകാശങ്ങൾക്കും മനുഷ്യാന്തസ്സിനും വേണ്ടി സ്വരവും കരവും ഉയർത്തുവാൻ; ക്രിസ്തുവിൽ ഒരു സ്നേഹസാമ്രാജ്യം കെട്ടിപ്പടുക്കുവാൻ; സർവ്വലോകത്തിനും ശാന്തിദൂത് നല്കുവാൻ; നീതിപൂർവ്വമായ ഒരു സമൂഹം രൂപീകരിക്കുവാൻ.

16. എല്ലാ ജാതിയിലും വർഗ്ഗത്തിലും നിറത്തിലും തരത്തിലും തലത്തിലുംനിലവാരത്തിലും ജനപദങ്ങളിലുമുള്ളവരെ ഒന്നിപ്പിക്കുവാൻ കഴിയുന്നതിൽ.

17. ആവേശകരമായ ഒരു ഭൂതകാലം; ഊർജ്ജസ്വലമായ ഒരു വർത്തമാനകാലം; പ്രത്യാശജനകമായ ഒരു ഭാവികാലം.

മേരിഗിരി

30–1–98

തയ്യാറാക്കിയത്:

**ഫാദർ ഏബ്രഹാം കാടമല**

**ഫാദർ ഏബ്രഹാം നടുവിലേടം**

www.malankaralibrary.com

# അപ്പസ്തോല പ്രവർത്തനങ്ങൾ
# ഒരു പഠനം

## അദ്ധ്യായം 1:12-26

### മത്തിയാസ്

12. അവർ ഒലിവു മലയിൽ നിന്നു ജറുസലെമിലേക്കു മടങ്ങിപ്പോയി. ഇവ തമ്മിൽ ഒരു സാബത്തു ദിവസത്തെ യാത്രാദൂരമാണുള്ളത്.

13. അവർ പട്ടണത്തിലെത്തി. തങ്ങൾ താമസിച്ചിരുന്ന വീടിന്റെ മുകളിലത്തെ നിലയിലുള്ള മുറിയിൽ ചെന്നു. അവർ: പത്രോസ്, യോഹന്നാൻ, യാക്കോബ്, അന്ത്രയോസ്, ഫീലിപ്പോസ്, തോമസ്, ബർത്തലോമിയോ, മത്തായി, ഹൽപൈയുടെ പുത്രനായ യാക്കോബ്, തീവ്രവാദിയായ ശിമയോൻ, യാക്കോബിന്റെ പുത്രനായ യൂദാസ് എന്നിവരായിരുന്നു.

14. ഇവർ ഏകമനസ്സോടെ യേശുവിന്റെ അമ്മയായ മറിയത്തോടും മറ്റു സ്ത്രീകളോടും അവന്റെ സഹോദരരോടുമൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നു.

15. അന്നൊരു ദിവസം നൂറ്റി ഇരുപതോളം സഹോദരർ സമ്മേളിച്ചിരിക്കെ, പത്രോസ് അവരുടെ മദ്ധ്യേ എഴുന്നേറ്റുനിന്നു പ്രസ്താവിച്ചു:

16. സഹോദരരേ, യേശുവിനെ പിടിക്കാൻ വന്നവർക്ക് നേതൃത്വം നൽകിയ യൂദാസിനെക്കുറിച്ചു ദാവീദുവഴി പരിശുദ്ധാത്മാവ് അരുളിച്ചെയ്ത വചനം പൂർത്തിയാകേണ്ടിയിരുന്നു.

17. അവൻ നമ്മിലൊരുവനായി എണ്ണപ്പെടുകയും ഈ ശുശ്രൂഷയിൽ അവന് ഭാഗഭാഗിത്വം ലഭിക്കുകയും ചെയ്തിരുന്നു.

18. എന്നാൽ അവൻ തന്റെ ദുഷ്കർമ്മത്തിന്റെ പ്രതിഫലംകൊണ്ട് ഒരു പറമ്പ് വാങ്ങി. അവൻ തലകുത്തിവീണു; ഉദരം പിളർന്ന് അവന്റെ കുടലെല്ലാം പുറത്തുചാടി.

19. ജെറുസലെം നിവാസികൾക്കെല്ലാം ഈ വിവരം അറിയാം. ആ സ്ഥലം അവരുടെ ഭാഷയിൽ രക്തത്തിന്റെ വയൽ എന്നർത്ഥമുള്ള `ഹക്കൽദ്മാ' എന്ന് വിളിക്കപ്പെട്ടു.

20. അവന്റെ ഭവനം ശൂന്യമായിത്തീരട്ടെ, ആരും അതിൽ വസിക്കാതിരിക്കട്ടെ എന്നും അവന്റെ ശുശ്രൂഷയുടെ സ്ഥാനം മറ്റൊരുവൻ എടുക്കട്ടെ എന്നും സങ്കീർത്തന പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നു.

21. അതിനാൽ കർത്താവായ യേശുവിന്റെ ***പുനരുത്ഥാനത്തിന്*** ഒരാൾ ഞങ്ങളോടൊപ്പം സാക്ഷിയായിരിക്കണം.

www.malankaralibrary.com

22. യോഹന്നാന്റെ സ്നാനം മുതൽ നമ്മിൽ നിന്ന് ഉന്നതങ്ങളിലേക്ക് സംവഹിക്കപ്പെട്ട നാൾവരെ യേശു നമ്മോടൊപ്പം സഞ്ചരിച്ചിരുന്ന കാലം മുഴുവനും നമ്മുടെ കൂടെ ഉണ്ടായിരുന്നവരിൽ ഒരുവനായിരിക്കണം അവൻ.

23. അവർ ബാർസബാസ് എന്നു വിളിക്കപ്പെട്ടിരുന്ന ജോസഫ്, മത്തിയാസ് എന്നീ രണ്ടുപേരെ നിർദ്ദേശിച്ചു. ജോസഫിന് യൂസ്തോസ് എന്നും പേരുണ്ടായിരുന്നു.

24. അവർ പ്രാർത്ഥിച്ചു:

25. കർത്താവേ, എല്ലാ മനുഷ്യരുടെയും ഹൃദയങ്ങൾ അങ്ങ് അറിയുന്നുവല്ലോ. യൂദാസ് താൻ അർഹിച്ചിരുന്നിടത്തേക്ക് പോകാൻ വേണ്ടി ഉപേക്ഷിച്ച അപ്പസ്തോല സ്ഥാനവും ശുശ്രൂഷാ പദവിയും സ്വീകരിക്കാൻ ഈ ഇരുവരിൽ ആരെയാണ് അങ്ങ് തിരഞ്ഞെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കണമേ.

26. പിന്നെ അവർ കുറിയിട്ടു. മത്തിയാസിന് കുറി വീണു. പതിനൊന്ന് അപ്പസ്തോലന്മാരോടു കൂടെ അവൻ എണ്ണപ്പെടുകയും ചെയ്തു.

## പ്രധാന പ്രമേയങ്ങൾ:

1. **അപ്പസ്തോലന്മാരും അടിത്തറയും**
2. **സഭയുടെ രുപീകരണത്തിൽ നിർണ്ണായക സ്വാധീനം വഹിച്ച മൂന്ന് സ്ഥലങ്ങൾ: അപ്പ: 1/12**
3. **ഏക മനസ്സോടെ പ്രാർത്ഥനയിൽ മുഴുകിയിരുന്നു. 1/14**
4. **അമ്മ, സഹോദരന്മാർ, സ്ത്രീകൾ - സഭയെ സ്വാധീനിച്ച മൂന്നു കൂട്ടർ. 1/14**
5. **കടിഞ്ഞാൻ കയ്യിലെടുത്ത നായകൻ: 1/15**
6. **യൂദാസിന്റെ പതനം 1/16-20**
7. **ഒരു വിടവ് നികത്തലും വിളക്കി ചേർക്കലും. 1/23-26**
8. **യോഗ്യതാ പത്രം. 1/22.**

www.malankaralibrary.com

# രൂപീകൃതമാകുന്ന സഭാസമൂഹം

## 1. അപ്പസ്തോലന്മാരും അടിത്തറയും:

അപ്പസ്തോലസമൂഹത്തെ ക്രൈസ്തവ സഭയുടെ `ന്യൂക്ലിയസ്' എന്ന് വിശേഷിപ്പിക്കാം.

**ആരാണപ്പസ്തോലൻ?**

അപ്പസ്തോലൻ എന്ന പദത്തിന് `അയയ്ക്കപ്പെട്ടവൻ' എന്നാണർത്ഥം. ഇതൊരു ഗ്രീക്ക് പദമാണ്. ഏതെങ്കിലും ഒരു പ്രത്യേക ദൗത്യനിർവ്വഹണത്തിനായിട്ടാണല്ലോ ഒരാൾ അയയ്ക്കപ്പെടുക. എന്താണാ ദൗത്യം? യേശുവിന്റെ മനുഷ്യാവതാരണത്തിനും ജീവിതത്തിനും മരണോത്ഥാനങ്ങൾക്കും സാക്ഷ്യം വഹിക്കുക എന്നതാണ് പ്രഥമ ദൗത്യം. അയയ്ക്കുന്നവൻ ക്രിസ്തുതന്നെയാണ്. ക്രിസ്തുവാകട്ടെ പിതാവിനാൽ അയയ്ക്കപ്പെട്ടവനാണ്. വ്യാപകമായ അർത്ഥത്തിൽ `മിഷനറിമാരെ' എല്ലാം അയയ്ക്കപ്പെട്ടവർ എന്നു വിളിയ്ക്കാമെങ്കിലും ഈ പുസ്തകത്തിൽ പന്ത്രണ്ടുപേർക്ക് മാത്രമായി ഈ നാമം നിജപ്പെടുത്തിയിരിക്കുന്നതായി കാണാം. അപ്പസ്തോലൻ എന്ന് പൗലോസ് സ്വയം വിളിച്ചിട്ടുണ്ട്. താൻ ക്രിസ്തുവിനാൽ അയയ്ക്കപ്പെട്ടവനാണെന്നുള്ള പൂർണ്ണമായ സ്വയാവബോധം - അഹംബോധം - ഉണ്ടായപ്പോഴാണ് ആ ചുമതല ഏറ്റെടുക്കുവാൻ സന്നദ്ധനായതും അപ്പസ്തോലനെന്ന് അവകാശപ്പെടാൻ തയ്യാറായതും. (അപ്പ: 26/17; റോമ 11/13; 1 കോരി: 9/2; ഗലാ. 2/8; 1 തിമോ. 2/7).

മാമോദീസാ സ്വീകരിച്ച ഓരോ വ്യക്തിയും യേശുവിന്റെ രക്ഷാകരപ്രവർത്തനങ്ങൾക്ക് സജീവ സാക്ഷിയും സാധനപാഠവും ആകേണ്ടവനാണ്. ഓരോ ക്രിസ്ത്യാനിക്കും, ഞാൻ ക്രിസ്തുവിനാൽ അയയ്ക്കപ്പെട്ടനാണെന്നുള്ള അവബോധം ഉണ്ടാകണം. ഈ സ്വയാവബോധമാണ് ക്രിസ്തീയ ജീവിതത്തിന്റെ ധാർമ്മിക ശക്തിയും ഉൾക്കരുത്തും. സ്വയാവബോധം നഷ്ടപ്പെടുമ്പോൾ ഒരുതരം പൊള്ളത്തരവും വഴുവഴുപ്പൻ മനോഭാവവുമായി `ചൂടും തണുപ്പുമില്ലാത്ത മന്ദോഷ്ണനായ' ക്രിസ്ത്വനുയായി തരം താഴും. ഇന്ന് ഏറെപ്പേരെയും ബാധിച്ചിരിക്കുന്ന `ആദ്ധ്യാത്മീയ അർബ്ബുദാ'മാണീ മനോഭാവം വെളിപാടുകാരൻ ശപിച്ചു തള്ളിയ ഒരു മനോഭാവമാണിതെന്നു കൂടി ഓർക്കുന്നത് കൊള്ളാം. (വെളി. 3/16). സഭ സ്വഭാവത്താലെ പ്രേഷിതയാണ് എന്ന് രണ്ടാം വത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നു. ഓരോ ക്രൈസ്തവനും പ്രേഷിതനാണെന്നർത്ഥം.

ഇസ്രായേലിലെ 12 ഗോത്ര പിതാക്കന്മാരോട് സാദൃശപ്പെടുത്തിക്കൊണ്ട് 12 അപ്പസ്തോലന്മാരെ നിയമിക്കുക വഴി ക്രൈസ്തവസഭ ***`പുതിയ ഇസ്രായേൽ'***

www.malankaralibrary.com

ആണെന്ന് സ്ഥാപിക്കുകയാണ് ഗ്രന്ഥകാരൻ. അത് ലൂക്കോസിന്റെ കണ്ടുപിടിത്തമല്ല, ക്രിസ്തുതന്നെ അരുളിച്ചെയ്തതാണല്ലോ. എണ്ണം തികയ്ക്കാനുള്ള തത്രപ്പാട് നാം കാണുന്നു; ഒരു എണ്ണത്തിലെന്തിരിക്കുന്നു എന്നാണ് ചോദ്യമെങ്കിൽ, ഒരു ഉദാഹരണം വഴി വ്യക്തമാക്കാം. ഒരു കെട്ടിടത്തിന് 12 അടിക്കല്ലുകൾ വേണമെന്ന് കരുതി 12 കല്ലുകൾ പ്രത്യേകം കീറിയെടുത്ത് കൊത്തിമിനുക്കുന്നതിനിടയിൽ ഒന്ന് ചീന്തിപ്പോയി എന്നു കരുതുക. പകരം മറ്റൊന്നു കണ്ടുപിടിക്കാതിരിക്കുമോ? ഒരു കുടിലിന് 4 തൂണുകൾ ക്രമീകരിക്കുന്നതിനിടയിൽ ഒന്ന് ഒടിഞ്ഞുപോയാൽ പകരമൊന്ന് കണ്ടെത്താതെ കാര്യം നടക്കുമോ? ഇവിടെ സംഭവിച്ചതും മറ്റൊന്നല്ല (1/26). സഭ രൂപീകൃതമായി ഏറെത്താമസിയാതെ രക്തസാക്ഷിയായ യാക്കോബിനു പകരം മറ്റൊരാളെ തെരഞ്ഞെടുക്കുന്നില്ല എന്ന കാര്യം ശ്രദ്ധിക്കുക.

സ്വർഗ്ഗത്തിൽ 12 സിംഹാസനങ്ങളിലിരുന്ന് യേശുവിനോടൊപ്പം `സഹജഡ്ജിമാരായി' മനുഷ്യരാശിയെ ന്യായം വിധിപ്പാൻ 12 അപ്പസ്തോലന്മാർ വേണമെന്നുള്ള അവബോധം അവർക്കുണ്ടായിരുന്നു. (മത്താ. 19/28; ലൂക്കോ. 22/30). സ്വർഗ്ഗീയ നഗരത്തിന്റെ അടിക്കല്ലുകളും ആണിക്കല്ലുകളുമാണീ 12 അപ്പസ്തോലന്മാർ എന്ന് അവർ മനസ്സിലാക്കിയിരുന്നു (വെളി. 21 /12-14).

**രൂപീകൃതമാകുന്ന സഭാസമുഹത്തിൽ നമ്മുടെ സ്ഥാനം:**

സ്വർഗ്ഗീയനഗരത്തിന് അടിക്കല്ലുകൾ മാത്രം പോരാ (1 പത്രോ. 2/5). സ്വർഗ്ഗരാജ്യത്തിന്റെ കെട്ടുപണിയിൽ ചേരുന്ന ***`സജീവശിലകളാണ്'*** നാമോരോരുത്തരും ഈ കെട്ടുപണിയിൽ ഓരോ ശിലയും ആവശ്യവും അവിഭാജ്യഘടകവും തന്നെ.

അപ്പസ്തോലൻ ആകുക എന്നതാകട്ടെ പരിശുദ്ധാത്മാവിന്റെ വിവിധ വരങ്ങളിലൊന്നാണ്. (1കോരി 12/28; എഫേ. 4/11). റിക്രൂട്ടിങ്ങ് ഏജൻസ് എന്ന നിലയിൽ ഇവരെ മനസ്സിലാക്കുന്നതിൽ തെറ്റില്ല. സ്വർഗ്ഗരാജ്യത്തിനുവേണ്ടി പകലെല്ലാം പണിയെടുക്കുന്നവരും, സ്വർഗ്ഗത്തിനുവേണ്ടി ഭൂമിയിൽ നിക്ഷേപങ്ങൾ കരുതുന്നവരും, ടിക്കറ്റെടുത്തു കൊടുക്കുന്നവരുമായി അവരെ കാണുന്നതിൽ പന്തികേടില്ല. പരിശുദ്ധാത്മാവാകുന്ന വിദഗ്ധ ശില്പിയാണ് സഭാ മന്ദിരത്തെ സത്യത്തിൽ പടുത്തുയർത്തുന്നത്. ക്രിസ്തുവാകുന്ന സത്യത്തിലാണ് പണിയപ്പെടുന്നത്. ആയതിലേക്ക് യോജിച്ച ജീവനുള്ള ശിലകളെ - നമ്മെ - അവൻ ഒരുക്കി മെരുക്കി, കോർത്തിണക്കി ദിനംപ്രതി പണിതുകൊണ്ടേയിരിക്കുന്നു. എഫേ: 2/20-22. യേശുക്രിസ്തുവിന്റെ ജീവിതവും മരണവും ഉത്ഥാനവും, പഠിപ്പിക്കലും കരുതലും കാഴ്ചപ്പാടുമൊക്കെയാണ് സഭയുടെ രൂപീകരണത്തിന് വഴിതെളിച്ചത്. പരിശുദ്ധാത്മാവിനെ അയച്ച് വിവിധങ്ങളായ വരദാനങ്ങളാൽ സഭയെ പണിതുയർത്തുന്നത് ക്രിസ്തുവും ക്രിസ്തുവിലും ക്രിസ്തുവിന്റെ പരിശുദ്ധനാമത്തിലുമാകയാൽ ഈ സഭാ മന്ദിരം

1) യേശുവാകുന്ന അടിത്തറമേലാണ് പണിയപ്പെട്ടിരിക്കുന്നത് (1കോരി 3/10-11). എന്നാൽ തന്റെ രക്ഷാകരപദ്ധതി യേശു വെളിപ്പെടുത്തിക്കൊടുത്തതും വിവിധ വരദാനങ്ങളാൽ പരിശുദ്ധാത്മാവു ജ്വലിപ്പിച്ചതും സുവിശേഷ പ്രചരണ ദൗത്യം ഏല്പിക്കപ്പെട്ടതും ഒന്നാമതായി പന്ത്രണ്ട് അപ്പസ്തോലന്മാരേ ആകയാൽ

www.malankaralibrary.com

2) അപ്പസ്തോലന്മാരും പ്രവാചകന്മാരുമായ അടിത്തറമേൽ ഈ ദൈവീക മന്ദിരം പണിയപ്പെട്ടിരിക്കുന്നു. (എഫേ. 2/20-22) ക്രിസ്തുവിൽ സഭ - സഭാഗാത്രം - ഒന്നാകെ സമന്വയിക്കപ്പെട്ടിരിക്കുന്നു. ഒരു കെട്ടിടം പണിയുന്നതിനു മുമ്പ് അടിത്തറയും മൂലക്കല്ലും മറ്റു കല്ലുകളും വ്യത്യസ്തവും വ്യതിരിക്തവും വെവ്വേറെ കാണപ്പെടുമെങ്കിലും പണിയപ്പെട്ടു കഴിഞ്ഞാൽ പിന്നെ അവയെല്ലാം കൂടി ഒന്നായിരിക്കുന്നു. ഒരു കെട്ടിടമായിത്തീരുന്നു. യാതൊരു വേർതിരിവും ദൃശ്യമല്ല, ഉണ്ടാക്കാൻ പാടില്ല. ജീവനുള്ള ശിലകളാകയാൽ അവയെ ഉറപ്പിച്ച് യഥാസ്ഥാനത്ത് നിലനിർത്താൻ സ്നേഹത്തിന്റെയും ജീവന്റെയും ആത്മാവായ പരിശുദ്ധാത്മാവു തന്നെ വേണം. ഈ ആത്മാവിന്റെ സംസർഗ്ഗം നഷ്ടപ്പെടുത്തുമ്പോഴാണ് സഭാമന്ദിരത്തിന്റെ ഭിത്തികളിൽ പിളർപ്പു പ്രത്യക്ഷപ്പെടുന്നതും ഛിന്നഭിന്നമാകുന്നതും.

**അടിത്തറയും അയക്കപ്പെട്ടവരുമായ പന്ത്രണ്ടുപേർ:**

ആരൊക്കയായിരുന്നു ആ 12 പേർ?

വ്യക്തിപരമായി യേശു ശിഷ്യപ്പെടുത്തുകയും തന്നോടൊപ്പം രക്ഷയുടെ മാർഗ്ഗത്തിലൂടെ കൈപിടിച്ചു നടത്തുകയും ഈ ദൗത്യം ലോകാവസാനംവരെയും, ലോകത്തിന്റെ അതിർത്തികളോളവും എത്തിക്കുവാൻ ചുമതലപ്പെടുത്തപ്പെട്ടവരുമായിരുന്നു ആ 12 പേർ. ഇവരായിരുന്നു 12 അപ്പസ്തോലന്മാർ. ഇവരിൽ ആദ്യത്തേ നാലുപേർ- പത്രോസും അന്ത്രയോസും, യാക്കോബും, യോഹന്നാനും – യേശുവിനോട് ഏറ്റവും അടുത്തു പ്രവർത്തിച്ചവരും സഭയുടെ പ്രവർത്തനങ്ങളിൽ വളരെ മർമ്മ പ്രധാനമായ പങ്കുവഹിച്ചവരുമാണ്. അടുത്ത നാലുപേർ - ഫീലിപ്പോസ്, തോമസ്, ബർത്തലോമിയോ, മത്തായി- എന്നിവർ യൂദന്മാരായിരുന്നെങ്കിലും വിജാതീയരുമായി അടുത്തിടപഴകിയവരും അവരോട് കൂടുതൽ സ്ഥായി ഉള്ളവരുമാണ്.

മൂന്നാമതു വരുന്ന നാലുപേർ - യാക്കോബ്, ശിമയോൻ, യൂദാതദ്ദേവൂസ്, യൂദാസ്ക്കരിയോത്ത - എന്നിവർ യൂദവാദികളും യഹൂദപാരമ്പര്യങ്ങളിൽ തീക്ഷ്ണമതികളും ആയിരുന്നു എന്നു വേണം കരുതുവാൻ.

പന്ത്രണ്ടപ്പസ്തോലന്മാരുടെ പേരുകൾ മത്തായി 10/2-4; മർക്കോസ് 3/16-19; ലൂക്കോസ് 6/14-16; അപ്പ. 1/13: എന്നീ നാലു ഭാഗങ്ങളിലും കാണാം. ഈ നാലു ലിസ്റ്റുകളിലും ***പത്രോസിന്റെ പേര് ഒന്നാമതും*** ഒറ്റുകാരനായ യൂദായുടെ പേര് ഏറ്റവും അവസാനവും നാലാം പട്ടികയിൽ തീരെ ഇല്ലാതാകുന്നതും അർത്ഥവത്താണ്. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന ഒരു സമൂഹത്തിൽ എല്ലാവരും സമന്മാരാണെന്നുള്ള തെറ്റായ ധാരണ വച്ചു പുലർത്തുന്നവർ അല്പം കൂടി ശ്രദ്ധിച്ചു പഠിച്ചാൽ, സമത്വമല്ല പരസ്പരസ്നേഹവും ബഹുമാനവും സഹായവുമാണ് പരമ പ്രധാനമെന്ന് മനസ്സിലാകും. എല്ലാവർക്കും തുല്യപദവിയാണെന്നല്ല ഓരോരുത്തർക്കും പ്രത്യേകം പ്രത്യേകം പദവിയും ധർമ്മവും ഉണ്ടെന്നാണ് പറയേണ്ടത്.

www.malankaralibrary.com

## പുതിയനിയമത്തിൽ 4 പ്രാവശ്യം വിവരിക്കുന്ന അപ്പസ്തോലന്മാരുടെ പട്ടിക:

| മത്തായി 10/2-4 | മർക്കോസ് 3/16-19 | ലൂക്കോസ് 6/14-16 | അപ്പ. 1/13 |
|---|---|---|---|
| പത്രോസ് | പത്രോസ് | പത്രോസ് | പത്രോസ് |
| അന്ത്രയോസ്<br>യാക്കോബ്<br>യോഹന്നാൻ | യാക്കോബ്<br>യോഹന്നാൻ<br>അന്ത്രയോസ് | അന്ത്രയോസ്<br>യാക്കോബ്<br>യോഹന്നാൻ | യോഹന്നാൻ<br>യാക്കോബ്<br>അന്ത്രയോസ് |
| ഫീലിപ്പോസ് | ഫീലിപ്പോസ് | ഫീലിപ്പോസ് | ഫീലിപ്പോസ് |
| ബർത്തലോമ്യു<br>തോമസ്<br>മത്തായി | ബർത്തലോമ്യു<br>മത്തായി<br>തോമസ് | ബർത്തലോമ്യു<br>മത്തായി<br>തോമസ് | തോമസ്<br>ബർത്തലോമ്യു<br>മത്തായി |
| യാക്കോബ്<br>(ഹൽപൈയുടെ<br>പുത്രൻ) | യാക്കോബ്<br>(ഹൽപൈയുടെ<br>പുത്രൻ) | യാക്കോബ്<br>(ഹൽപൈയുടെ<br>പുത്രൻ) | യാക്കോബ്<br>(ഹൽപൈയുടെ<br>പുത്രൻ) |
| തദ്ദേവൂസ്<br><br>ശിമയോൻ<br>(കാനാൻകാരൻ)<br><br>യൂദാസ്<br>സ്കരിയോത്താ | തദ്ദേവൂസ്<br><br>ശിമയോൻ<br>(കാനാൻകാരൻ)<br><br>യൂദാസ്<br>സ്കരിയോത്താ | ശിമയോൻ<br>(തീവ്രവാദി)<br>യൂദാ<br>(യാക്കോബിന്റെ<br>മകൻ)<br>യൂദാസ്<br>സ്കരിയോത്താ | ശിമയോൻ<br>(തീവ്രവാദി)<br>യൂദാ<br>(യാക്കോബിന്റെ<br>മകൻ)<br>.......... |

1. പത്രോസ്: പത്രോസ് (ഗ്രീക്ക്) കേഫാ, (അരമായ) = പാറ
   - ശിലാതുല്യൻ (മത്താ 16/18) (യോഹ. 1/42)
   - കർമ്മകുശലൻ. മത്താ. 14/28 യോഹ. 18/10
   - യേശുവിനെ ഏറ്റം അധികം സ്നേഹിച്ച ശിഷ്യൻ യോഹ. 21/15

2. യോഹന്നാൻ - യേശു ഏറ്റവുമധികം സ്നേഹിച്ച ശിഷ്യൻ
   യോഹ. 21/20
   - സ്നേഹത്തിന്റെ പ്രവാചകൻ 1യോഹ. 3/18, 4/7.

3. യാക്കോബ് : 12 പേരിൽ ആദ്യത്തേ രക്തസാക്ഷി. അപ്പ. 12/2
   - യോഹന്നാന്റെ ജ്യേഷ്ടസഹോദരൻ

www.malankaralibrary.com

- ആത്മാവിൻ തീക്ഷ്ണതയും ആവേശവും നിറഞ്ഞവൻ ലൂക്കോ. 9/54.

4. അന്ത്രയോസ് : ആദ്യശിഷ്യരിലൊരാൾ
പത്രോസിന്റെ സഹോദരൻ. യോഹ. 1/40

5. ഫീലിപ്പോസ് : ആദ്ധ്യാത്മികതയുടെ ഉന്നതങ്ങളിലേക്ക് ഉയരുവാൻ ആഗ്രഹിച്ചവൻ. യോഹ 1/43; 14/8

6. തോമസ് : യേശുവിനോട് രൂപസാദൃശ്യമുള്ളതിനാൽ യേശുവിന്റെ ഇരട്ട സഹോദരൻ എന്ന അപരനാമത്തിൽ അറിയപ്പെട്ടവൻ യോഹ 20/25, /au. 11/16
- വിശ്വാസം ശാസ്ത്രദൃഷ്ട്യാ - പരീക്ഷണ നിരീക്ഷണങ്ങളിലൂടെ കാണുന്നവൻ. യോഹ 20/25.
- ആത്മാർത്ഥതയുള്ള സ്വാമി ഭക്തൻ. യോഹ. 20/28
- ധീരോദാത്തൻ യോഹ. 11/16.

7. ബർത്തലോമിയോ (നഥാനയേൽ) : ആത്മാവിൽ കളങ്കം തീണ്ടാത്ത സാക്ഷാൽ ഇസ്രായേൽക്കാരൻ. യോഹ. 1/45

8. മത്തായി (ലേവി) : ചുങ്കം പിരിക്കുന്നവൻ. മത്താ. 9/9.
സമ്പത്തും ധനസമ്പാദന മാർഗ്ഗവും വിട്ടുപേക്ഷിച്ച ധനികൻ. ലൂക്കോ - 5/28

9. യാക്കോബ്. : (ചെറിയ യാക്കോബ്) (ഹൽപൈയുടെ മകൻ) : മർക്കോ 15/40 ജറുസലേം സുന്നഹദോസ് (AD 48-49) –ൽ പ്രസംഗിച്ചവൻ.
- ഊർശലേമിലെ ഒന്നാമത്തെ പ്രധാനാചാര്യനും സ്ലീഹായും സഹദായും (മദ്ധ്യസ്ഥ പ്രാർത്ഥന V)

10. തീവ്രവാദിയാ ശിമയോൻ : കാനാൻകാരൻ : വിപ്ലവകാരിയായ ശീമോൻ മാത്യു. 10/4, മർക്കോ 3/18

11. യൂദാ തദ്ദേവൂസ് : യാക്കോബിന്റെ പുത്രൻ കർത്താവിന്റെ സഹോദരൻ. അപ്പ 1/13. മത്താ. 10/2; 3/18 ഗലാത്തി. 1/19.

12. യൂദാസ് (ഒറ്റുകാരനായ യൂദാസ്ക്കരിയോത്ത): ക്രിസ്തുവിന്റെ ചൈതന്യവും പരിശുദ്ധാത്മാവിന്റെ പ്രേരണയും ഉൾക്കൊള്ളാത്ത നാമമാത്ര ക്രിസ്ത്യാനികളുടെ നരക മദ്ധ്യസ്ഥൻ.

പൊതുവേ പറഞ്ഞാൽ അസാധാരണമായ എന്തെങ്കിലും ഈ 12 പേരിൽ നാം കണ്ടെത്തിയെന്നു വരികയില്ല. എന്നാൽ അവരിൽ കൂടി പ്രവർത്തിച്ച പരിശു

www.malankaralibrary.com

ദ്ധാത്മാവ് അവരേ അനിതര സാധാരണന്മാരാക്കി. അവരുടെ പരിമിതികളും പരുക്കൻ സ്വഭാവങ്ങളും നീക്കി പരിശുദ്ധരാകാൻ അവരേ സഹായിച്ചു. ഇന്നും അനേകർ പരിശുദ്ധിയുടെയും നിത്യജീവന്റെയും പടവുകൾ കയറുവാൻ അവർ ഉപകരണങ്ങളായി.

## 2. സഭയുടെ രൂപീകരണത്തിൽ നിർണ്ണായക സ്വാധീനം വഹിച്ച മൂന്ന് സ്ഥലങ്ങൾ:

**a) ജറുസലെം = ശാന്തിയുടെ അടിത്തറ (അപ്പ: 1/12)**

സാലെം രാജാവായ മൽക്കി സദേക്ക് ..... അബ്രഹാമിനെ ആശിർവദിച്ചു. ഉല്പ. 14/18

സാലെം എന്നാൽ ശാന്തി എന്നാണർത്ഥം. സ്ലോമ്മോ എന്ന സുറിയാനി വാക്കിന്റെയും സലാം എന്ന അറബി വാക്കിന്റെയും അർത്ഥം സമാധാനം, ശാന്തി എന്നൊക്കെയാണ്. യഹോവാ തന്റെ മഹത്വത്തിനായി തെരഞ്ഞെടുത്ത നഗരമത്രേ ജറുസലേം. 1 രാജാ 11/13. 2 രാജാ. 21/4. , 2 രാജാ : 23/27

അത് വിശുദ്ധ നഗരമത്രെ. സങ്കീ. 2/6. ജറ. 3/16.

സീയോൻ എന്നും ജറുസലേമിനെ വിളിക്കുന്നു. ജീവന്റെ നദി അവിടെ നിന്നും ഉത്ഭവിക്കുമെന്ന് എസക്കിയേൽ പ്രവാചകൻ ദർശിച്ചു. എസ. 47/2 – 12. സഖറിയാ. 4/8.

ലോകത്തിന്റെ ആദ്ധ്യാത്മിക തലസ്ഥാനമാണത്. ഈ നഗരത്തെ സംരക്ഷിക്കുവാൻ യേശു അത്യധികമായി ആഗ്രഹിച്ചിരുന്നു. മത്താ. 23/27; ലുക്കോ. 13/34. യേശുവിന്റെ പ്രയാണം ജറുസലേമിനെ ലക്ഷ്യം വച്ചുള്ളതായിരുന്നു. അവിടെ തന്റെ മനുഷ്യജീവിതം സമാപിക്കുന്നു. അവിടെ നിന്ന് സുവിശേഷം ലോകത്തിന്റെ അതിർത്തികളോളം വ്യാപിക്കുന്നു. ലൂക്കോ 24/47; അപ്പ 1/8; പൗലോസ് അപ്പസ്തോലൻ തന്റെ സുവിശേഷ പ്രചരണ യാത്ര ആരംഭിക്കുന്നത് ഇവിടെ നിന്നാണ്. റോമ. 15/19. ഇസ്രായേൽ ജനതയുടെ അവിശ്വസ്തതയാൽ തകർന്നുപോയ ജറുസലേമിന്റെ സ്ഥാനത്ത് പുതിയനിയമം സർവ്വലോകത്തിന്റെ പ്രത്യാശയുടെ പ്രതീകമായ സ്വർഗ്ഗീയ ജറുസലേമിലേക്ക് നോക്കി പാർക്കുന്നു. ഗലാ. 4/26; ഹെബ്രാ. 12/22. വെളി. 3/12; 14/1; 21/9 – 22/6.

യഹൂദമതത്തിന്റെയും രാഷ്ട്രത്തിന്റെയും കേന്ദ്രമായിരുന്നു ജറുസലെം. ഇസ്രായേല്യരുടെ ഭൗതീകവും ആദ്ധ്യാത്മീയവുമായ തലസ്ഥാനം. മഹാരാജാവിന്റെ പട്ടണം.

**(b) ഒലിവുമല:** ഇവിടെ വച്ചായിരിക്കണം യേശു ശിഷ്യന്മാർ കാൺകെ സ്വർഗ്ഗാരോഹണം ചെയ്തത്. ജറുസലേമിൽ നിന്നും ഒരു സാബത്തു ദിവസത്തേ യാത്രാദൂരമുണ്ടിതിന്. സാബത് ദിവസം യാത്രചെയ്യാൻ അനുവദിക്കപ്പെട്ടിട്ടുള്ള ദൂരം ഏകദേശം 2000 മുഴം (1/2 മൈൽ) ആയി (പുറ. 16/29; സംഖ്യ. 35/5) യഹൂദ പണ്ഡിതന്മാർ നിശ്ചയിച്ചിരുന്നു.

**(c) മുകളിലത്തെ മുറി:** (അപ്പ. 1/13) പലസ്തീനായിലെ വീടുകളുടെ ഒരു പ്രത്യേകതയാണിത്. തീരെ പാവങ്ങൾ മുകൾ തട്ട് വെറുതെ ഇടുമെങ്കിലും

www.malankaralibrary.com

എന്തെങ്കിലും നിവർത്തിയുണ്ടായാൽ അവർ ആദ്യം ചെയ്യുന്നത് മുകളിലത്തേ മുറി പണിയുക എന്നുള്ളതാണ്. വീട്ടുകാരുടെ സ്വകാര്യതക്ക് ഭംഗം വരാതെ തന്നെ അതിഥികളെ സൽക്കരിക്കാനും പ്രാർത്ഥനായോഗം ചേരാനും ഇത് സൗക ര്യപ്രദമാണ്. (2 രാജാ 4/3.) മരിച്ചവരെ കബറടക്കത്തിന് കൊണ്ടുപോകുന്നതിനു മുൻപ് ഒരുക്കി കിടത്തുന്നത് ഇവിടെയാണ്. അപ്പ 9/37: അന്ത്യഅത്താഴം ഒരുക്കു വാൻ യേശു കണ്ടെത്തിയ അതേ മാളികമുറികൾ തന്നെ ആയിരിക്കാം ഇവിടെ പറ യുന്ന മുറി. ലൂക്കോ 22/12. മർക്കോസിന്റെ അമ്മ മറിയത്തിന്റെ ഭവനം എന്ന് അപ്പ. 12/ 12-ൽ പറഞ്ഞിരിക്കുന്നതും ഈ വീടുതന്നെ ആയിരിക്കാനാണ് സാദ്ധ്യത. പരിശു ദ്ധാത്മാവ് തീ നാവിന്റെ സാദൃശ്യത്തിൽ ഇറങ്ങിയതും ഈ വീട്ടിൽ വച്ചായി രിക്കാം. നാം ഭവനങ്ങൾ പണിയുമ്പോൾ ഭവനാംഗങ്ങളെ പരിഗണിച്ച്, കഴിയുമെ ങ്കിൽ ഓരോരുത്തർക്കും പ്രത്യേകം പ്രത്യേകം മുറികൾ പണിയുമ്പോൾ നമ്മുടെ ഭവനത്തിന്റെ നാഥനായ ക്രിസ്തുവിനെ പരിഗണിച്ച് പ്രാർത്ഥനക്കായി ഒരു സ്ഥാനം പണിയുന്നത് ഉചിതമായിരിക്കും. അതിഥികളും കൂട്ടായ്മയിലുള്ളവരും എല്ലാം പരിഗണിക്കപ്പെടേണ്ടവർ തന്നെയാണ്. സംശയമില്ല.

### 3. ഏകമനസ്സോടെ പ്രാർത്ഥനയിൽ മുഴുകിയിരുന്നു: 1/14:

കൂട്ടായ പ്രാർത്ഥന ശക്തിയുള്ളതാകുന്നത് സ്വരം ഉച്ചത്തിലാകുന്നതു കൊണ്ടോ എണ്ണം വർദ്ധിക്കുന്നതു കൊണ്ടോ അല്ല. ***ഒരുമനപ്പെടുക*** എന്നത് പരമപ്രധാനമാണ്. പ്രാർത്ഥനയെ സംബന്ധിച്ചും പ്രാർത്ഥനാ സമൂഹത്തെ സംബ ന്ധിച്ചും ഇത് വാസ്തവമാണ്. മത്താ 15/19-ൽ യേശു പറയുന്നു ``ഭൂമിയിൽ നിങ്ങൾ രണ്ടുപേർ ***യോജിച്ച്*** ചോദിക്കുന്ന ഏതു കാര്യവും എന്റെ സ്വർഗ്ഗസ്ഥ നായ പിതാവ് നിറവേറ്റിത്തരും. ഒരു മനസ്സോടെ പ്രാർത്ഥിക്കാനും, ഒരു മന സ്സോടെ പ്രവർത്തിക്കാനും, ഒരു മനസ്സോടെ ജീവിക്കുവാനും കഴിയുക വലിയ ഭാഗ്യ മാണ്; വലിയ ശക്തിയും നേട്ടവുമാണ്. വീട്ടിലും സഭയിലും ഒരു മനവും മുഴുഹൃദ യവും; അവിടെ മാത്രമേ പരിശുദ്ധാത്മാവ് കടന്നു വരുകയുള്ളൂ. അഹങ്കാരം അസൂയ സ്വാർത്ഥത മുതലായ ദുഷ്പ്രേരണകളാണ് നമ്മെ ഭിന്നിപ്പിക്കുന്നത്.

**പ്രാർത്ഥനയിൽ മുഴുകിയിരുന്നു:**

വായു, വെള്ളം, ഭക്ഷണം തുടങ്ങി അടിസ്ഥാനാവശ്യങ്ങൾ നമ്മിൽ മുടക്കം കൂടാതെ ഉണ്ടായിരിക്കണമെന്ന് നമ്മുടെ ശരീരം താല്പര്യപ്പെടുന്നു. ഇപ്രകാരം ആത്മാവിനും വേണം മുടക്കം കൂടാതെയുള്ള ദൈവസംസർഗ്ഗം, അതാണ് പ്രാർത്ഥന. വൈദ്യുതി കൊണ്ടോടുന്ന തീവണ്ടി, ഓടിക്കൊണ്ടിരിക്കുമ്പോഴും വൈദ്യു തകമ്പികളിലെ ബന്ധം ഒരിക്കലും അകന്നുപോകാതിരിക്കാനുള്ള സംവിധാന മുണ്ട്. തിരക്കേറിയ ആധുനിക മനുഷ്യന്റെ ജീവിതത്തിലും വേണം തുടർച്ചയായ ദൈവബന്ധം. സർവ്വവ്യാപിയായ ദൈവത്തോട് സ്നേഹത്തിൽ ഒട്ടിനില്ക്കാൻ (സങ്കീ: 91/14) നമുക്ക് സാധിക്കും. ദൈവം സർവ്വവ്യാപിയായിരിക്കുന്നതു തന്നെ ഇതിനുവേണ്ടിയാണല്ലോ? പ്രാർത്ഥനയിലൂടെയും അപേക്ഷകളിലൂടെയും കൃത ജ്ഞതാ സ്തോത്രങ്ങളോടെ നിങ്ങളുടെ യാചനകൾ ദൈവസന്നിധിയിൽ അർപ്പി ക്കുവിൻ. (ഫിലി 4/6). ഇടവിടാതെ പ്രാർത്ഥിക്കുവിൻ (1 തെസ്സ. 5/17) വാഗ്ദാനം ചെയ്തിരുന്ന പരിശുദ്ധാത്മാവിന്റെ നിറവിനായി അവർ കാത്തിരുന്നു പ്രാർത്ഥിച്ചി

www.malankaralibrary.com

രുന്നു. പെന്തക്കോസ്തി പെരുനാളിനൊരുങ്ങുവാൻ സഭ, കാലാകാലങ്ങളായി പത്ത് ദിവസങ്ങൾ വേർതിരിച്ചിട്ടുണ്ട്. കാത്തിരുപ്പിന്റെ ദിവസങ്ങൾ എന്നു പേരുമുണ്ട്. പക്ഷേ നാം വേണ്ടതുപോലെ ഒരുങ്ങുന്നില്ല; കാത്തിരിക്കുന്നില്ല. പെന്തിക്കോസ്തി ശുശ്രൂഷ ദീർഘിച്ചുപോയി എന്ന പരാതി പോലുമുണ്ട് പലർക്കും. കല്യാണമായാലും കുർബ്ബാനയായാലും എല്ലാം ചുരുങ്ങിയ സമയം കൊണ്ട് തീർത്തുകിട്ടുവാൻ വെമ്പൽ കൊള്ളുകയാണ്. സംഗീതസായാഹ്നത്തിലോ, സിനിമാശാലയിലോ, നാടകവേദിയിലോ, മിമിക്സ് പരേഡിലോ, രാഷ്ട്രീയ സമ്മേളനങ്ങളിലോ, കലാലയത്തിന്റെ കാമ്പസിലോ നിമിഷനേരം കൊണ്ട് പരിപാടി തീർന്നുപോയാൽ, തീർത്തു തന്നാൽ ഇപ്പറയുന്നവർ തന്നെ പരാതിപറയുകയായി! നോക്കണേ. ഞായറാഴ്ച ഒരു ദിവസമെങ്കിലും 24 മണിക്കൂർ സമയവും പ്രാർത്ഥനക്കായും കൂട്ടായ്മക്കായും ദൈവവചനം പഠിക്കാനായും നാം മാറ്റിവെക്കുകതന്നെ വേണം. പൂർണ്ണമായി ഉഴിഞ്ഞുവെക്കുവാൻ നമുക്ക് സാധിക്കണം. *`ശാബ്ബത്തിനെ ശുദ്ധമായി ആചരിക്കുക'* എന്നതു കൊണ്ട് എന്താണ് നാം അർത്ഥമാക്കുക? ഒരുമണിക്കൂർ ആരാധനയും 10 മണിക്കൂർ വിനോദപരിപാടികളും എന്ന അനുപാതമാണോ? പ്രാർത്ഥനയുടെ പ്രാധാന്യം. യേശു ശിഷ്യന്മാരെ ബോദ്ധ്യപ്പെടുത്തിയിരുന്നു. (മത്താ. 14/23). നിരന്തരമായി പ്രാർത്ഥിക്കുന്നതിന്റെ ഉത്തമവും ഉദാത്തവുമായ ഉദാഹരണം യേശു തന്നെയാണ്. തന്റെ പരസ്യജീവിതം ആരംഭിക്കുന്നതിന് മുമ്പ് താൻ 40 ദിന രാത്രങ്ങൾ ഏകാന്തതയിലും ധ്യാനത്തിലും ഉപവാസത്തിലും പ്രാർത്ഥനയിലും പരിത്യാഗത്തിലും ചിലവഴിച്ചു. (മത്താ 4/1).

ഭക്ഷണത്തിന് മുമ്പ് അവൻ പ്രാർത്ഥിച്ചിരുന്നു. (മത്താ 14/19; 15/36; 26/26 – 27) സുപ്രധാനമായ സംഭവങ്ങൾ നടക്കുന്നതിന് മുമ്പ്, പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നതിന് മുമ്പ് അവൻ പ്രാർത്ഥിച്ചു. തന്റെ ജ്ഞാനസ്നാനത്തിന് മുമ്പ് (ലൂക്കോ 3/21)

പന്ത്രണ്ട് അപ്പസ്തോലന്മാരെ തെരഞ്ഞെടുക്കുന്നതിന് മുമ്പ് (ലൂക്കോ 6/12).

കർത്തൃപ്രാർത്ഥന പഠിപ്പിക്കുന്നതിനു മുമ്പ് (ലൂക്കോ 11/1) താൻ മിശിഹായാണെന്നുള്ള പ്രഖ്യാപനത്തിന് മുമ്പ് (ലൂക്കോ 9/18) താബോർ മലയിലെ രൂപാന്തരീകരണത്തിന് മുമ്പ് (ലൂക്കോ 9/28 – 29) പീഡാനുഭവത്തിന് മുമ്പ് ഗദ്സമനിൽ പ്രാർത്ഥിക്കുന്ന യേശു (മത്താ. 26/36 – 44).

കാൽവരിയിൽ ഭൂസ്വർഗ്ഗങ്ങൾക്ക് മദ്ധ്യേ മുള്ളാണികളിൽ മരക്കുരിശിൽ തൂങ്ങിക്കിടന്നുകൊണ്ട് (മത്താ 27/46). പീഢകളുടെ പാതകർക്കും വേണ്ടി (ലൂക്കോ 23/34).

പത്രോസിന്റെ വിശ്വാസസ്ഥിരതർക്കായി (ലൂക്കോ 22/32). തന്റെ എല്ലാ ശിഷ്യർക്കും വേണ്ടി (യോഹ. 17/ 9 – 24) തനിക്കുവേണ്ടിത്തന്നെ യേശു പ്രാർത്ഥിക്കുന്നുണ്ട്. (മത്താ 26/39; യോഹ: 17/1 – 5; ഹെബ്ര. 5/7)

ഇപ്രകാരം പ്രാർത്ഥന വഴി പിതാവുമായി നിരന്തരസമ്പർക്കത്തിലിരിക്കുന്ന പുത്രനെയാണ് സുവിശേഷങ്ങളിൽ നാം കാണുന്നത് (മത്താ: 11/25 – 27; യോഹ. 8/29) ; 11/ 22 – 42).

www.malankaralibrary.com

മഹത്വീകൃതനായിരിക്കുന്ന ഈ കാലയളവിൽ അവൻ നമുക്കേവർക്കും വേണ്ടി സദാ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. (റോമ: 8/34; ഹെബ്രാ 7/25; 1 യോഹ 2/1; യോഹ 14/16).

**നമ്മുടെ പ്രാർത്ഥന എപ്രകാരമായിരിക്കണം?**

നാം ഇടവിടാതെ പ്രാർത്ഥിക്കണം 1തെസ്സ. 5/17

നാം കൃതജ്ഞതാ സ്തോത്രങ്ങളോടുകൂടെ പ്രാർത്ഥിക്കണം. ഫിലി. 4/6.

നാം എളിമയോടെ ദൈവസന്നിധിയിൽ പ്രാർത്ഥിക്കണം. ലൂക്കോ. 18/10 – 14.

നാം ഏകാഗ്രവും ഏകാന്തവുമായി പ്രാർത്ഥിക്കണം. മത്താ 6/5 – 6.

നാം ഹൃദയംഗമായി പ്രാർത്ഥിക്കണം. വെറും അധര വ്യാപാരമായാൽ പോരാ. മത്താ. 6/7.

നാം ദൈവ നന്മയിൽ പൂർണ്ണമായ വിശ്വാസത്തോടെ വേണം പ്രാർത്ഥിക്കുവാൻ. മത്താ. 6/8, 7/7 – 11.

നാം മടുത്തുപോകാതെ പ്രാർത്ഥിക്കണം. ലൂക്കോ. 11/5,8 : 18/1 – 8.

നാം വിശ്വാസത്തോടെ പ്രാർത്ഥിച്ചെങ്കിലേ ഉത്തരം ലഭിക്കുകയുള്ളു. മത്താ. 21/22.

നാം ഈശോയുടെ ദിവ്യമായ *നാമ*ത്തിലാണ് പ്രാർത്ഥിക്കേണ്ടത്. മത്താ. 18/19 – 20. /യോഹ. 14/13 – 14. 15/7; 16; 16/23 – 27.

നല്ലവനായ ദൈവത്തോട് നല്ല കാര്യങ്ങളേ നാം ചോദിക്കാവൂ. മത്താ. 7/11.

***നാം പരിശുദ്ധാത്മാവിനെ ചോദിക്കണം.*** ലൂക്കോ 11/13.

നാം പാപമോചനം യാചിക്കണം. മത്താ. 11/25.

നമ്മേ പീഢിപ്പിക്കുന്നവരുടെ നന്മക്കായി നാം പ്രാർത്ഥിക്കണം. മത്താ 5/44.

ദൈവരാജ്യം വേഗം വരാനും അന്തിമ പീഢനത്തിൽ നിന്ന് മോചനം കിട്ടാനും നാം പ്രാർത്ഥിക്കണം. മത്താ. 24/20; 26/41; ലൂക്കോ. 21/36; 22/31 – 32

ഈ ലക്ഷണങ്ങൾ എല്ലാം തന്നെ യേശു പഠിപ്പിച്ച സ്വർഗ്ഗസ്ഥനായ പിതാവേ എന്നു തുടങ്ങുന്ന പ്രാർത്ഥനയിൽ സമഞ്ജസമായി സമ്മേളിച്ചിരിക്കുന്നതിനാൽ അത് തികച്ചും മാതൃകാ പരമായ ഒരു പ്രാർത്ഥനയായി സഭ പരിഗണിക്കുന്നു.

**4. അമ്മ, സഹോദരന്മാർ, സ്ത്രീകൾ. സഭയെ സ്വാധീനിച്ച മൂന്നു കൂട്ടർ. 1/14 സ്ത്രീകൾ സഭയിൽ.**

അന്നത്തെ സാമൂഹ്യ പശ്ചാത്തലം പരിഗണിക്കുമ്പോൾ, വിപ്ലവാത്മകമായ ഒരു മാറ്റത്തിന്റെ അടയാളമാണ് ആദിമസഭയിലെ സ്ത്രീകളുടെ സാന്നിദ്ധ്യം തെളിയിക്കുന്നത്. പുതിയ നിയമത്തിന്റെ പുതുമകളിൽ ഒന്ന് സ്ത്രീകൾക്ക് നൽകിയിരിക്കുന്ന മഹത്തായ സ്ഥാനമാണ്. യേശുക്രിസ്തുവിൽ ആയിരിക്കുമ്പോൾ പുരുഷനെന്നോ സ്ത്രീയെന്നോ വ്യത്യാസം ഇല്ല. (ഗലാ. 3/28;) സ്ത്രീകളുടെ മഹിമയും സ്ഥാനവും ഉയർത്താൻ സഭ എന്നും ബദ്ധശ്രദ്ധയായിരുന്നു. യാതൊരു വേറുകൃത്യവും യേശുവിന്റെ സഭയിൽ സ്ത്രീകൾക്കില്ല. അന്ന് അപ്പസ്തോല സമൂഹത്തോടൊത്ത് പ്രാർത്ഥിക്കുവാനും പ്രവർത്തിക്കുവാനും പരസ്പരം ആശ്വസിപ്പിക്കുവാനും പ്രത്യാശയോടെ കാത്തിരിക്കുവാനും ആരൊക്കെയായിരുന്നു ഉണ്ടായിരുന്നത്? ലൂക്കോസ് 8/1 –ലും യോഹന്നാൻ 19/25 –ലും ഏതാനും പേരുടെ പേരുകൾ കാണാം. പരിശുദ്ധ ദൈവമാതാവിനെ കൂടാതെ മഗ്ദലനമറിയം, യാക്കോബി

www.malankaralibrary.com

ന്റെയും ജോസിയുടെയും മാതാവായ മറിയം, കൂസായുടെ ഭാര്യ ജോഅന്നാ, യോഹന്നാന്റെയും യാക്കോബിന്റെയും അമ്മ സലോമി, സൂസന്നാ എന്നിവർ. ഒരിക്കൽക്കൂടി ശക്തനായ ദൈവത്തിന്റെ ആത്മാവ് അതിശക്തിയോടെ അപ്പസ്തോലസമൂഹത്തിന്മേൽ ആവസിച്ച് ദൈവപുത്രന്റെ ഭൗതീക ശരീരമാകുന്ന സഭ രൂപീകൃതമാകുന്നത് കണ്ട് സംതൃപ്തി അടയുവാൻ പരിശുദ്ധ കന്യകമറിയത്തിന് സാധിച്ചു. ഈ പരിശുദ്ധാത്മാവു തന്നെയായിരുന്നല്ലോ വചനമായ ദൈവപുത്രനെ ഗർഭം ധരിക്കുവാനും ഭൂമിയിൽ ദൃശ്യമാക്കാനും ആ അമ്മയെ ശക്തമാക്കിയത്. ഇത്തവണയും അവൾ ആവർത്തിച്ചു പറഞ്ഞു കാണും. ``എന്റെ ആത്മാവ് കർത്താവിനെ സ്തുതിക്കുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു." (ലൂക്കോ 1/46,47) അതെ, വ്യാകുലാംബികയായ സീയോൻ പുത്ര ആത്മാവിൽ ആനന്ദിക്കുന്ന ഒരു ഉദാത്ത സന്ദർഭമാണത്.

**യേശുവിന്റെ സഹോദരന്മാർ 1/14,15;**

സഹോദരൻ എന്ന വാക്ക് വളരെ വിശാലമായ അർത്ഥത്തിലാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. എല്ലാ മനുഷ്യരും ദൈവപിതാവിന്റെ മക്കളാകയാൽ പരസ്പരം സഹോദരങ്ങളായി കണക്കാക്കാം; നാമെല്ലാവരും അങ്ങനെ ഏകോദര സഹോദരന്മാരെപ്പോലെ കഴിയുന്ന ഒരു രാജ്യം രൂപീകരിക്കുക എന്നതാണ് യേശുക്രിസ്തുവിന്റെയും സഭയുടെയും ദൈവവചനത്തിന്റെയും എല്ലാം താല്പര്യം. കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലുള്ളവർ പരസ്പരം`സഖാവ്' എന്ന് അഭിസംബോധന ചെയ്യുന്നതുതന്നെ അപ്പസ്തോല പ്രവർത്തനങ്ങളിൽ അനുവർത്തിച്ച ശൈലി അനുകരിച്ചതാണ്. സഖി, സഖാവ്, സഖിത്തം ഇത് കൂട്ടായ്മയെ കാണിക്കുന്നതാണ്. ബന്ധുക്കളെയും ചാർച്ചക്കാരെയും നാം സഹോദരിയെന്നോ സഹോദരൻ എന്നോ വിളിക്കാറുണ്ടല്ലോ. ഉല്പത്തി. 9/25; 13/8; 16/12 പുറ. 2/11; ആവർത്ത. 2/4; 15/2; സങ്കീ. 22/22. ഉടമ്പടിയുടെ ബന്ധത്തിലുള്ളവരെയും സഹോദരങ്ങൾ എന്നു വിളിക്കാം. സഹോദരൻ, സഹോദരി, എന്നിങ്ങനെയാണല്ലോ സന്യാസികൾ പരസ്പരം വിളിക്കുന്നത്. ക്രൈസ്തവർ അന്യോന്യം സഹോദരങ്ങൾ എന്നു വിളിക്കുന്ന പതിവാണുണ്ടായിരുന്നത്. പ്രവർത്തി 6/3; 9/30; 11/1; 12/17; മത്താ. 28/10; യോഹ. 20/17; റോമാ 1/13; മത്താ. 12/50, 25/40; റോമ.8/29; ഹെബ്രാ. 2/11,17; റോമ. 12/10, 1 തെസ്സ. 4/9; 1 പത്രോ. 1/22; 1 യോഹ. 3/14 പുതിയനിയമത്തിൽ ഒരിക്കൽപോലും കർത്താവിന്റെ സഹോദരങ്ങളെ, മറിയത്തിന്റെ മക്കളായി ചിത്രീകരിച്ചിട്ടില്ല. മാത്രമല്ല. മറിയത്തിന് അങ്ങനെ വേറെ മക്കളുണ്ടായിരുന്നെങ്കിൽ ക്രൂശിൽ കിടന്നുകൊണ്ട് (യോഹ. 19/26) തന്റെ അമ്മയെ നോക്കിക്കൊള്ളാൻ പ്രീയ ശിഷ്യനോട് പറയേണ്ടിവരില്ലായിരുന്നു.

**5. നായകൻ കടിഞ്ഞാൺ കൈയ്യിലെടുക്കുന്നു. 1/15**

സമൂഹം ചെറുതായാലും വലുതായാലും അതിനെ നയിക്കാൻ ഒരു ഇടയൻ നേതാവ്, തലവൻ, കൂടിയേ തീരൂ. മൂന്നുപേരുള്ള ഒരു കുടുംബത്തിലും 120 കോടി ജനങ്ങൾ പാർക്കുന്ന ചൈനയിലും ഇത് വാസ്തവമാണ്. ശിഷ്യസമൂഹത്തിന്റെ ഗുരുവും നാഥനുമായ യേശു, താൻ പോയികഴിയുമ്പോൾ ഈ സമൂഹത്തെ നയിക്കാൻ പത്രോസിനെ ചുമതലപ്പെടുത്തുന്നു. മത്താ. 16/18; യോഹ 21/15 – 17; ലൂക്കോ. 22/31;

www.malankaralibrary.com

തന്നിൽ നിക്ഷിപ്തമായ ചുമതല ഏറ്റെടുക്കാൻ സമയമായി എന്ന് പരിശുദ്ധാത്മാവ് പത്രോസിനെ മനസ്സിലാക്കി. അതിനാലാണ് കൂടിയിരുന്ന 120 ഓളം പേരുടെ അദ്ധ്യക്ഷപദം ഏറ്റെടുത്തുകൊണ്ട് സഭയുടെ കുറവുകൾ നികത്താനും അവർക്ക് മാർഗ്ഗനിർദ്ദേശം നൽകാനും പത്രോസ് തയ്യാറായത്. അവനെ ഞാൻ അറിയുകയില്ല എന്ന് പറഞ്ഞ് യേശുവിനെ തള്ളി പറയുവാൻ തക്കവണ്ണം ഭീരുവായിരുന്ന പത്രോസിന് എത്രപെട്ടെന്നാണ് രൂപാന്തരം സംഭവിച്ചത്! എത്ര അത്ഭുതകരമായ രീതിയിലാണ് അദ്ദേഹത്തിന് ധൈര്യവും ശക്തിയും സ്ഥൈര്യവും മറ്റെല്ലാ നേതൃത്വ ഗുണങ്ങളും ലഭിച്ചത്. ഇത് തീർച്ചയായിട്ടും പരിശുദ്ധാത്മാവിന്റെ ഇടപെടലാണ്. ലോകത്തിൽ നാം ഉയർന്ന ഉദ്യോഗങ്ങൾക്കും സ്ഥാനമാനങ്ങൾക്കും പറ്റിയ ***യോഗ്യത***യുള്ളവരെ കണ്ടെത്താൻ ആയിരങ്ങളെ ഇന്റർവ്യൂ നടത്തുന്നു. ദൈവമാകട്ടെ തന്റെ തിരഞ്ഞെടുക്കപ്പെട്ടവരെ അതാതു സ്ഥാനത്തിനൊത്ത കൃപാവരം നൽകി ശക്തിപ്പെടുത്തി ***യോഗ്യരാ***ക്കുന്നു. വിശുദ്ധ പൗലോസിന്റെ വാക്കുകളിൽ ``അവൻ ബലഹീന പാത്രങ്ങളെക്കൊണ്ട് വലിയ കാര്യങ്ങൾ പ്രവർത്തിപ്പിക്കുന്നു." ആരും തന്നിൽ തന്നെ അഹങ്കരിക്കാതിക്കാനും പൂർണ്ണമായ മഹത്വം ദൈവത്തിന് മാത്രം സമർപ്പിക്കാനും വേണ്ടിയത്രേ ഇത്. നാം ദൈവ തൃക്കരങ്ങളിൽ ഉപകരണങ്ങൾ മാത്രം. നമ്മെചലിപ്പിക്കുന്ന ചാലകശക്തി പരിശുദ്ധാത്മാവാണ്. നമ്മുടെ കഴിവുകളെ ഉജ്ജ്വലിപ്പിക്കുന്നത് പരിശുദ്ധാത്മാവാണ്. നമ്മുടെ കുറവുകളെ പരിഹരിക്കുന്നത് പരിശുദ്ധാത്മാവാണ്. നമ്മെ പവിത്രീകരിക്കുന്നതും പരിശുദ്ധാത്മാവാണ്.

### 6. യൂദാസിന്റെ പതനം. 1/16–20

പാപത്തിന്റെ ശമ്പളം മരണമത്രേ റോമാ 6/23; തന്റെ അവിശ്വസ്തതക്ക് യൂദാസ് വലിയ വിലയാണ് കൊടുക്കേണ്ടിവന്നത്. ദാവീദുരാജാവിനെ ഒറ്റിക്കൊടുത്ത `അഹിത്തൊഫെൽ' (2 സാമു. 17/23) തൂങ്ങി മരിച്ചതുപോലെ യൂദാസും തൂങ്ങിമരിച്ചു എന്നാണ് മത്തായിയുടെ സുവിശേഷത്തിൽ (മത്താ. 27/6 – 8) വിവരിച്ചിരിക്കുന്നത്. നീതിമാന്റെയും ദുഷ്ടന്റെയും പ്രതിഫലം എന്തായിരിക്കുമെന്ന് ജ്ഞാനത്തിന്റെ പുസ്തകം 3 ഉം 4 ഉം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു. ഈ വിവരണത്തിന് യോജിച്ച വിധത്തിലാണ് ലൂക്കോസ്, യൂദോസിന്റെ അന്ത്യം കാണുന്നത്.

ദ്രവ്യാഗ്രഹം മൂലം, യേശുവിന്റെ അപ്പസ്തോലൻ എന്ന ശ്രേഷ്ടമായ പദവി കൈവിട്ടു കളഞ്ഞു യൂദാസ്. ദ്രവ്യാഗ്രഹം എല്ലാ തിന്മകളുടെയും മാതാവാണ് എന്നുള്ള വേദവാക്യം എത്ര സത്യമാണ്" (1 തിമോത്തി 6/6 – 10) പത്രോസിനെപ്പോലെ, സാക്ഷാൽ യേശുവിന്റെ അപ്പസ്തോലനായി തിരഞ്ഞെടുക്കപ്പെട്ടിട്ടും തന്റെ ദൈവവിളിയും പദവിയും നിലനിർത്താൻ സാധിക്കാതെ പോയ ദുർഭഗനായ മനുഷ്യൻ. യേശുവിനോട് പറ്റി തിന്നാൻ എന്തു കിട്ടുമെന്നും യേശുവിനെ തള്ളിക്കളഞ്ഞാലുള്ള നഷ്ടം എന്താണെന്നും ഉള്ളതിന്റെ മാതൃകയാണ് യൂദാസ്.

പണമാണെല്ലാമെന്നു കരുതി അത്യാർത്തി പൂണ്ട് അന്ധത ബാധിച്ച് അതിന്റെ പിന്നാലെ പായുന്നവർ ഇന്നുമുണ്ടല്ലോ. പണത്തിന്റെ പേരിൽ ബന്ധങ്ങൾ മറക്കുന്നവരും തകർക്കുന്നവരും സ്വയം മറക്കുന്നവരും എത്ര അധികം!

www.malankaralibrary.com

ഏതു നീചമാർഗ്ഗത്തിലൂടെയും ധനം സമ്പാദിച്ചാൽ മതിയെന്ന് വിചാരിക്കുന്ന വരും ഉണ്ട്. അവരുടെ ഒക്കെ അന്ത്യം യൂദാസിന്റേതിൽ നിന്നും വ്യത്യസ്ഥമാകാൻ ഇടയില്ല.

അപ്പസ്തോല സമൂഹത്തിന്റെ ഖജാൻജിയായി നിയമിതനായിരുന്നു യൂദാസ്. യോഹ. 13/29. എന്നാൽ പൊതുഫണ്ടിൽ നിന്നും അയാൾ പണം മോഷ്ടിക്കുമാ യിരുന്നു എന്ന് യോഹന്നാൻ സൂചിപ്പിച്ചിട്ടുണ്ട്. (യോഹ. 12/16) പൊതുവിന്റെ പണം അപഹരിക്കുന്നതും അനാവശ്യമായി ധൂർത്തടിക്കുന്നതും കോഴവാങ്ങുന്നതു മൊന്നും ഇന്ന് പുതിയ വാർത്തയല്ല. രാഷ്ട്രീയത്തിലെ ഇതു സംഭവിക്കുന്നുള്ളു എന്ന് തറപ്പിച്ചു പറയാനും വയ്യല്ലോ. അന്യായമായി ഒരു കൊച്ചു കാശെങ്കിലും വീട്ടിലെത്തിയാൽ ആ ഭവനവും സന്തതിപരമ്പരകൾപോലും അതിന്റെ തിക്ത ഫലം അനുഭവിക്കേണ്ടിവരുമെന്നുള്ളത് തീർച്ചയാണ്. ഓരോ മനുഷ്യനും അവന വന്റെ പ്രവർത്തിക്കനുസരിച്ചുള്ള പ്രതിഫലം ലഭിക്കും. പൊതുരംഗത്തും സഭാഭര ണത്തിൽ ഏർപ്പെട്ടിരിക്കുന്നവരും ഈ സത്യം ഓർത്തിരിക്കേണ്ടതാണ്. പള്ളി യുടെ പണം തീയാണ്. അത് കുലം ചുട്ടു മുടിക്കും. നാം പൊതു മുതലിന്റെ ട്രസ്റ്റി സൂക്ഷിപ്പുകാർ മാത്രമാണെന്നും ഉടമകളല്ലെന്നും രാഷ്ട്രപിതാവ് മഹാത്മജി നമ്മെഓർപ്പിക്കുന്നു. വാസ്തവത്തിൽ നമ്മുടെ സ്വന്തം താലന്തുകൾ പോലും നല്ല കാര്യ വിചാരകരെപ്പോലെ വിശ്വസ്തതയോടെ കൈകാര്യം ചെയ്യാൻ നാം ബാദ്ധ്യ സ്ഥരാണ്.

## 7. ഒരു വിടവു നികത്തലും വിളക്കിചേർക്കലും

### മത്തിയാസ് അപ്പസ്തോല സമൂഹത്തിൽ ചേർക്കപ്പെടുന്നു. 1/ 23-26

വായുവിൽ വരച്ച വെറും വരയല്ല സഭ. അതിന് നിയതമായ രൂപവും ഘട നയും കൂടിയേ തീരു. നിയമസംഹിത, അത് കൃത്യമായി നടപ്പാക്കുന്ന ഭരണ സംവി ധാനം ആരാധനാക്രമം, എന്നൊക്കെ കേൾക്കുന്നതു തന്നെ ചിലർക്ക് 'അലർജി'യാണ്.എന്തിനീ കെട്ടുപാടുകളും ചുറ്റുപാടുകളും അനുഷ്ഠാനങ്ങളും എന്നൊക്കെ ചോദിക്കുന്നവർ ഓർക്കുക. വീടായാലും സഭയായാലും രാഷ്ട്രമായാലും അതിന്റെ നിലനില്പിനും സുഗമമായ നടത്തിപ്പിനും ഇവയൊക്കെ അത്യാവശ്യം തന്നെ. ഓടുന്ന വാഹനത്തിന് ധാരാളം യന്ത്രഭാഗങ്ങൾ ഉണ്ട്. ഏതെങ്കിലുമൊരു ആണി ഇള കിയാൽ അത് മുറുക്കിയിട്ടേ വണ്ടി ഓടിക്കാറുള്ളു. ഓടാതെ എവിടെയെങ്കിലും ഇട്ടേ ക്കാനാണെങ്കിൽ എത്ര ആണികൾ ഇളകിയാലും കുഴപ്പമില്ല. സഭ ലോകത്തിലെ ഏറ്റവും വലുതും പഴക്കമുള്ളതുമായ സംഘടനയാണ്. അതിലുപരി സ്വർഗ്ഗരാജ്യം ഭൂമിയിൽ അവതരിക്കുന്ന ബൃഹത്തും മഹത്തുമായ പദ്ധതിയാണ്. എല്ലാ മനുഷ്യരേയും പരി ശുദ്ധാത്മാവിൽ ലയിപ്പിച്ച് ഏക ശരീരമാക്കി ക്രിസ്തുവാകുന്ന ശിരസ്സിനോട് ചേർത്ത് ഒരു 'സൂപ്പർമാനേ' രൂപീകരിക്കുന്ന അത്ഭുത പ്രവർത്തനമാണ്. ലോകത്തിന്റെ സുസ്ഥി തിയും നിലനില്പും സഭയുടെ സജ്ജീവപ്രവർത്തനത്തെ ആശ്രയിച്ചാണിരിക്കുന്നത്. അതിനാൽ സഭയുടെ ഹയരാർക്കിയും ഘടനയുമെല്ലാം അത്യാവശ്യം തന്നെ. ആരംഭം മുതലേ തന്നെ ഇക്കാര്യം നിഷ്ടയോടെ നിലനിർത്തി പോകുന്നു. പരിശുദ്ധാത്മാവി നാൽ പ്രേരിതമായി മേലധികാരികൾക്ക് വിധേയപ്പെട്ട്, ക്രിസ്തുവിന്റെ തിരുമനസ്സ് അറിഞ്ഞ്, അതിനനുസരിച്ച്, പൂർവ്വപിതാക്കന്മാരുടെയും പ്രവാചകന്മാരുടെയും ദൈവ

www.malankaralibrary.com

നിവേശിതമായ വചനങ്ങളെ മാനിച്ചും ധ്യാനിച്ചും ഒരു തെരഞ്ഞെടുപ്പു വഴി അവർ മത്തിയാസിനെ അപ്പസ്തോലഗണത്തിൽ ചേർക്കുന്നു. അദൃശ്യനെങ്കിലും സജീവമായി തങ്ങളോടൊത്തുള്ള ക്രിസ്തുവിന് അന്തിമമായ തീരുമാനം വിടുകയാണ്. നറുക്കെടുപ്പിലൂടെ അന്നുതൊട്ടിന്നോളം ഈ തെരഞ്ഞെടുപ്പ് ആവർത്തിക്കുന്നു. മരണം വഴിയോ വീഴ്ചവഴിയോ ഒക്കെ വരുന്ന വിടവ് സഭ അപ്പപ്പോൾ നികത്തിയിരുന്നു. തക്കതായ ആളിനെ ദൈവം എന്നും ഒരുക്കുന്നു. എത്ര സമ്മോഹനമായ ചിത്രം ! എത്ര ഉദാത്തമായ സംവിധാനം.

നേതൃത്വത്തെ കുറ്റം പറയുന്നവരും മാതൃകാദോഷികളായ നേതാക്കന്മാരുടെ പതനം മൂലം ഉതപ്പിനിടയാകുന്നവരും ഒരു പോലെ ഓർക്കണം, സഭയെ നയിക്കുന്നത് പരിശുദ്ധാത്മാവ് ആണെന്ന്. ദൈവത്തിന് സഭയെ, കറയോ ചെളിയോ ഇല്ലാതെ പരിരക്ഷിക്കാൻ കഴിയുമെന്ന്. ഏതെങ്കിലും മനുഷ്യവ്യക്തികളുടെ അപചയത്തെ ഉറ്റുനോക്കാതെ അതിനെയെല്ലാം അതിജീവിക്കാൻ കരുത്തു നല്കുന്ന പരിശുദ്ധാത്മാവിൽ ദൃഷ്ടി പതിപ്പിച്ചുകൊണ്ട് പ്രത്യാശയോടെ ജീവിക്കാൻ ശ്രമിക്കുകയാണ് വേണ്ടത്. വ്യക്തികളുടെ വീഴ്ചകളും തെറ്റുകുറ്റങ്ങളും കുറവുകളും സഭയുടെ ശുദ്ധീകരണത്തിനും വളർച്ചയ്ക്കും നിദാനമാക്കി തീർക്കാൻ കഴിവുള്ളവനാണ് പരിശുദ്ധാത്മാവ്.

## 8. യോഗ്യതാപത്രം 1/ 22

**അപ്പസ്തോലസമൂഹത്തിൽ അംഗമാകാനുള്ള യോഗ്യത.**

യേശുവിന്റെ രക്ഷാകരപ്രവർത്തനത്തെ ഒരു ദീർഘമായ, കഷ്ടതകൾ നിറഞ്ഞ ***വഴി***യാത്രയോടാണ് വിശുദ്ധ ലൂക്കോസ് സാമ്യപ്പെടുത്തിയിരിക്കുന്നത്. ബത്‌ലഹേം മുതൽ കാൽവരി വരെ നീണ്ടുകിടക്കുന്ന പാത. ഈ പാതയിൽ ***യേശുവിനോടൊപ്പം നടന്നവനായിരിക്കണം*** അപ്പസ്തോലൻ.

അങ്ങനെ യേശുവിനോടൊപ്പം മാർഗ്ഗത്തിൽ (വഴിയിൽ) - യേശുമാർഗ്ഗത്തിൽ – ചരിച്ചവനേയത്രേ ***മാർഗ്ഗവാസികൾ*** എന്നു വിളിക്കുന്നത്. അതിനാലാണ് ക്രൈസ്തവരെ മാർഗ്ഗവാസികൾ എന്നു വിളിക്കുന്നത്. ഇത് ഒരു പരിഹാസവാക്കായി കണക്കാക്കരുത് . നസ്രാണിയും മാർഗ്ഗവാസിയും ഒന്നു തന്നെ. യേശു ഇന്നും ജീവിക്കുന്നു. ***അവനോടൊപ്പം*** നടക്കാൻ ഇന്നും നമുക്ക് കഴിയും. അവന്റെ വചനത്തിലൂടെ, വിശുദ്ധസഭയിലൂടെ, നാം യേശുവിനോടൊപ്പം ജീവിച്ച് അപ്പസ്തോലപദവി നേടിയെടുക്കണം. അത് ഒരു തുറന്ന സാദ്ധ്യതയാണ്. നമ്മുടെ വ്യക്തിപരമായ പരിശ്രമത്തിലൂടെ സിദ്ധിയായി മാറണം.

അവന്റെ ഉത്ഥാനത്തിന് നാം സാക്ഷികളാകണം. ഉത്ഥാനം ചെയ്ത യേശുവിന് സാക്ഷികളാകുക എന്നതാണ് ഓരോ അപ്പസ്തോലന്റേയും പരമമായ ധർമ്മം. അതാകട്ടെ വെറും വാക്കുകളിൽ ഒതുക്കുകാൻ സാധ്യമല്ല താനും. എങ്ങിനെയാണ് ഒരാൾ ഉയർപ്പിന് സാക്ഷിയാവുന്നത്? തന്റെ ജീവിതം തന്നെ അത് വിളിച്ചു പറയുന്നതായി മാറണം. വാക്കിലും പ്രവർത്തിയിലും പെരുമാറ്റത്തിലും അത് നിഴലിക്കണം. ഖദറും ഗാന്ധിതൊപ്പിയും ഒരു കാലത്ത് സാക്ഷ്യമായിരുന്നു. പില്ക്കാലത്ത് വെറും സൂചനയും വിശേഷാവസരത്തിലെ കല്യാണവസ്ത്രവുമായി മൂല്യശോഷണം വന്നതു പോലെ ആയിരിക്കരുത് ക്രിസ്ത്യാനിയുടെ സാക്ഷ്യം. അവനവന്റെ ജീവിതത്തിലും

www.malankaralibrary.com

ആരാധനയുടെ അന്തരീക്ഷത്തിലും മാറ്റത്തിലും മാത്രമല്ല അനുദിനജീവിതത്തിന്റെ ഭാഗമാക്കണം.. നിഴലല്ല പൊരുളാകണം. വരിക നമുക്ക് തിന്ന് കുടിച്ച് ആനന്ദിക്കാം കാരണം നാം നാളെ മരിക്കും എന്ന് പറയുന്ന എപ്പിക്യൂറിയൻ, മരണ സംസ്ക്കാര ത്തിന്റെ സാക്ഷികളാണ്,  ഉയർപ്പിന്റെ സാക്ഷികളല്ല.

*ലോകം താത സഹോദരർ ജാതിയതും തറവാടും*
*ആകെയുപേക്ഷിച്ച യേശുവിനായ് മരണം സ്നേഹിച്ച*
*സഹദേന്മാരെ സദാകാലം*
*സ്മരണം ചെയ്വതുനന്നേറ്റം.*
*തൂക്കപ്പെട്ടു മരത്തിൽ വിലാവുതുന്നച്ചവളം*
*രക്തം വെള്ളമൊടൊഴുകും മിശിഹായേ സഹദേന്മാർ*
*കണ്ടങ്ങോടി മരിപ്പിനായ്*
*കർത്താവിൻ പേർക്കെല്ലാരും.*

കാരണം അവർക്ക് നല്ല ഉറപ്പുണ്ടായിരുന്നു ഈ ലോകജീവിതത്തിനപ്പുറത്തിന് നിത്യജീവൻ തങ്ങളെ കാത്തിരിക്കുന്നു എന്ന്. ഇപ്രകാരം സജീവമായ ജീവിതസാക്ഷ്യം വഴി മാത്രമേ ഉത്ഥാനം ചെയ്ത ക്രിസ്തുവിന് സാക്ഷികളാകാൻ നമുക്ക് കഴിയുക യുള്ളൂ. ആ സാക്ഷ്യം കൂടാതെയുള്ള ക്രൈസ്തവ ജീവിതം പൊങ്ങച്ചക്കളരിയിലെ ഒരു കെട്ടുകാഴ്ച മാത്രം. സജീവസാക്ഷ്യം നൽകാൻ, ജീവിക്കുന്ന സാക്ഷികളാകാ നുള്ള വരവും കൃപയും സകലവും 'പൂർത്തിയാക്കുന്ന' പരിശുദ്ധാത്മാവിനോട് അപേ ക്ഷിക്കാം. ആ ദിവ്യ നടത്തിപ്പ് നമുക്കോരോരുത്തർക്കും സ്വന്തമായിത്തീരട്ടെ ഇന്നും, എന്നും, സ്വർഗ്ഗകവാടത്തോളവും, തുടർന്നും.

❄

MALANKARA
LIBRARY

www.malankaralibrary.com

# അപ്പസ്തോല പ്രവർത്തനങ്ങൾ ഒരു പഠനം

## പരിശുദ്ധാത്മാവിനാൽ സമ്പന്നമായ ക്രിസ്തീയ സഭ

ആദിമ ക്രൈസ്തവ സമൂഹത്തിന്റെ ജീവിതവും വിശ്വാസ ജീവിതവും ചിത്രീകരിക്കുന്ന ഒരു വേദഗ്രന്ഥമാണ് അപ്പസ്തോല പ്രവർത്തനങ്ങളെന്ന് മുൻ ലക്കത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഈ പുസ്തകത്തിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയം, പരിശുദ്ധസഭയിൽ കൂടി ***തന്റെ ജീവിതം യേശു തുടർന്നുകൊണ്ടിരിക്കുന്നു*** എന്നതാണ്. (അപ്പ. 9/4-5) യേശു ഇന്നും സഭയിൽ ജീവിക്കുന്നു: പഠിപ്പിക്കുന്ന ക്രിസ്തു, അനുരഞ്ജിപ്പിക്കുന്ന ക്രിസ്തു, വേദന സഹിക്കുന്ന ക്രിസ്തു, ഉയർത്തെഴുന്നേറ്റ ക്രിസ്തു, ഇന്നും സഭയിൽ ജീവിക്കുന്നു. ഒരർത്ഥത്തിൽ, `സഭ'യെന്നു പറഞ്ഞാൽ തന്നെ അതാണ്: ക്രിസ്തുവിന്റെ സജീവ സാന്നിദ്ധ്യമായിത്തീരുക. അതാണ് പരമപ്രധാനമായിട്ടുള്ളതും. ബാക്കി എല്ലാംതന്നെ രണ്ടാം സ്ഥാനത്തേ വരുന്നുള്ളു. പ്രബോധനങ്ങളിലൂടെ, ആരാധനാനുഷ്ഠാനങ്ങളിലൂടെ, വൈവിദ്ധ്യമാർന്ന ശുശ്രൂഷകളിലൂടെ യേശുവിന്റെ സാന്നിദ്ധ്യമാണ് സഭ ഇന്നും ലോകത്തിൽ അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്. പഠിപ്പിക്കുകയും അനുരഞ്ജിപ്പിക്കുകയും സുഖപ്പെടുത്തുകയും സർവ്വോപരി രക്ഷിക്കുകയും ചെയ്യുന്ന, യേശുവിന്റെ രക്ഷാകരസാന്നിദ്ധ്യമാണ് കൂദാശകളുടെ അനുഷ്ഠാനങ്ങളിൽ കൂടെ സഭ തുടർന്നുകൊണ്ടിരിക്കുന്നത്. തന്റെ വിലയേറിയ സാന്നിദ്ധ്യം അഗതികൾക്കും അശരണർക്കും ആവശ്യക്കാർക്കും യേശു ഇന്നു നൽകുന്നത് സഭയുടെ സാമൂഹ്യപ്രവർത്തനങ്ങളിലൂടെയാണ്. `ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു' (യോഹ: 9/5) എന്നരുളി ചെയ്ത യേശു മനുഷ്യ മനസുകളിലേ അജ്ഞാനാന്ധകാരം നീക്കാൻ സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ പ്രകാശം ചൊരിയുന്നു. രോഗികൾക്ക് സൗഖ്യം നൽകുന്ന യേശു സൗഖ്യദായകനായി അവതരിക്കുന്നത് സഭയുടെ ആശുപത്രികളിലും ആതുരാലയങ്ങളിലും കൂടിയാണ്. സമൂഹത്തിൽ പരിത്യക്തരും അശരണരുമായവരുടെ സംരക്ഷണവും കരുതലും ഇന്ന് തുടരുന്നത് സഭയുടെ ആതുരാലയങ്ങളും വൃദ്ധമന്ദിരങ്ങളും വികലാംഗരെ ശുശ്രൂഷിക്കുന്ന കേന്ദ്രങ്ങളും വഴിയാണ്. യേശുവിന്റെ പ്രബോധനങ്ങളും, പ്രബോധകനും വിസ്മയനീയനായ ഉപദേഷ്ടാവും (ഏശാ. 9/6) സത്യത്തിന്റെ സാക്ഷിയും (യോഹ. 18/37) കാഴ്ചയില്ലാത്തവർ കാണുകയും കാഴ്ചയുള്ളവർ അന്ധരായിത്തീരുകയും ചെയ്യേണ്ടതിന് ന്യായവിധിക്കായിട്ട് ലോകത്തിലേക്ക് വന്നവനും (യോഹ 9/39), നിത്യജീവന്റെ വചനങ്ങൾ തന്റെ പക്കലുള്ളവനും (യോഹ 6/68), രണ്ടോ മൂന്നോ പേർ തന്റെ നാമ

www.malankaralibrary.com

ത്തിൽ ഒരുമിച്ച് കൂടുന്നിടത്ത് അവരുടെ മദ്ധ്യേ ഉണ്ടായിരിക്കുന്നവനും (മത്താ. 18/20) ആയ യേശുവും ഇന്ന് ശക്തമായി പ്രവർത്തിക്കുന്ന രംഗങ്ങളാണ് ധ്യാനകേന്ദ്ര ങ്ങളും ധ്യാനവേളകളും. അന്നെന്നപോലെ ഇന്നും അനേകരുടെ മാനസാന്തര ത്തിന്റെ വേദികളാണ് അവ. ഈ, ദൃശ പ്രവർത്തനങ്ങളിലൂടെ സഭലോകത്തിൽ യേശുവിന്റെ സജീവ സാന്നിദ്ധ്യമായി മാറുകയാണ്. മാത്രമല്ല യേശുവിന്റെ സാന്നി ദ്ധ്യമായി മാറാനുള്ള നമ്മുടെ വിളി സഭയിലും സഭയിലൂടെയും നമുക്ക് ബോദ്ധ്യ മാവുകയും ചെയ്യുന്നു. ഉത്ഥാനം ചെയ്ത യേശു വൈവിദ്ധ്യമാർന്ന രീതിയിൽ നമുക്ക് പ്രത്യക്ഷനാകുന്നു. എളിയവരുടെ രൂപത്തിൽ നമ്മുടെയിടയിലും (മത്താ. 25/40), പീഡിപ്പിക്കപ്പെടുന്നവന്റെ രൂപത്തിൽ സമൂഹത്തിലും, പ്രബോധകന്റെ രൂപ ത്തിൽ വൈജ്ഞാനിക തലത്തിലും, അപ്പത്തിന്റെ രൂപത്തിൽ അൾത്താരയിലും (= ബലിപീഠം) അവനെ കണ്ടെത്താനാകുന്നു. എത്ര എത്ര വേഷങ്ങൾ! എത്ര എത്ര രൂപങ്ങൾ!! എത്ര എത്ര ഭാവങ്ങൾ !!! ഉയർത്തെഴുന്നേറ്റ യേശുവിന്റെ വൈവിദ്ധ്യ മാർന്ന അനുഭവങ്ങൾ സംവഹിക്കുന്ന പാത്രമാണ് പരിശുദ്ധ സഭ.

## പരസ്യ ജീവിതത്തിലെ യേശുവും ആദിമസഭയിലെ യേശുവും;

അപ്പസ്തോല പ്രവർത്തനങ്ങളിൽ വളരെ സ്പഷ്ടമായി ലൂക്കോസ് വെളി വാക്കുന്ന ഒരു കാര്യം യേശുവിന്റെ ജീവൻ സഭയിൽ തുടരുന്നു എന്നതാണ്. സഭ യിൽ യേശു ജീവിക്കുന്നു. യേശുവിന്റെ ജീവിതത്തിലെ വിവിധ സംഭവങ്ങളും ആദിമസഭയിൽ നടന്ന വിവിധ സംഭവങ്ങളും തമ്മിൽ താരതമ്യപ്പെടുത്തിക്കൊണ്ടാണ് ഈ ആശയം അദ്ദേഹം സ്ഥാപിക്കുന്നതും സ്ഥിരീകരിക്കുന്നതും. ഉദാഹരണത്തിന്:-

[1] 40 എന്ന സംഖ്യക്ക് പ്രതീകാത്മകമായ ഒരർത്ഥം ബൈബിളിലുണ്ട്. പഴമയിൽ നിന്നും പുതുമയിലേയ്ക്കുള്ള പരിവർത്തനത്തിന്റെ സൂചനയാണത്. (ഉല്പ. 7/4; പുറ. 34/28; നിയമാവ. 8/2, 4; 9/18; സംഖ്യ 14/34) യേശു നാല്പത് ദിനരാത്ര ങ്ങൾ ഉപവസിച്ചു. (മത്താ 4/1). തന്റെ പരസ്യജീവിതത്തിന്റെ തയ്യാറെടുപ്പും അടുത്ത ഒരുക്കവുമായി അതിനെ നമുക്ക് കാണാം. ഇപ്രകാരം തന്നെ ഉയർപ്പിന്റെ 40 ദിവസം ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ട് അവരെ ഒരുക്കുകയും ഉറപ്പിക്കുകയും സഭാശുശ്രൂഷയ്ക്കായി തയ്യാറാക്കുകയും ചെയ്യുന്നു.

[2] യേശുവിന്റെ പരസ്യശുശ്രൂഷ ഉദ്ഘാടനം ചെയ്യപ്പെട്ടത് ഒരു സ്നാനത്തോടെ ആയിരുന്നു. സഭ തന്റെ ശുശ്രൂഷ ആരംഭിച്ചതും ഒരു സ്നാനത്തോടെ ആയിരുന്നു - പരിശുദ്ധാത്മാഭിഷേകത്തോടെ. തുടക്കത്തിലെ സ്നാപകൻ പറഞ്ഞു ``ഞാൻ നിങ്ങളെ വെള്ളം കൊണ്ട് സ്നാനപ്പെടുത്തുന്നു. എന്നാൽ എന്നെക്കാൾ ശക്ത നായവൻ വരുന്നുണ്ട്, അവൻ നിങ്ങളെ അഗ്നിയാലും ആത്മാവാലും സ്നാനപ്പെ ടുത്തും (മത്താ 3/11; ലൂക്കോ 3/16). സ്നാപക യോഹന്നാൻ വെള്ളം കൊണ്ട് യേശുവിനെ സ്നാനപ്പെടുത്തിക്കൊണ്ട് യേശുവിന്റെ പരസ്യജീവിതം ഉൽഘാ ടനം ചെയ്തു. യേശുവാകട്ടെ തന്റെ ശിഷ്യന്മാരെ അഗ്നിയാലും ആത്മാവാലും സ്നാനം നല്കിക്കൊണ്ട് സഭയുടെ ശുശ്രൂഷാകർമ്മത്തിന് തുടക്കം കുറിച്ചു. പെന്തിക്കോസ്തിയിൽ അരങ്ങേറാനിരുന്ന മഹാസംഭവത്തിന് നാന്ദികുറിച്ചുകൊണ്ട് ഉയിർത്തെഴുന്നേറ്റ യേശു പറഞ്ഞു: ``യോഹന്നാൻ വെള്ളം കൊണ്ട് സ്നാനം നൽകി; നിങ്ങളാകട്ടെ ഏറെത്താമസിയാതെ പരിശുദ്ധാത്മാവിനാൽ സ്നാനം ഏല്ക്കും'' (അപ്പ. 1/5).

www.malankaralibrary.com

തന്റെ സ്നാനത്തിൽ പരിശുദ്ധാത്മാവ് യേശുവിന്റെ മേൽ ആവസിച്ച് രക്ഷാകര വേലക്ക് ശക്തിപ്പെടുത്തിയതുപോലെ തന്നെ, സഭയുടെമേൽ ആത്മാവ് ശക്തിയോടെ ആവസിച്ച് വൈവിദ്ധ്യമാർന്ന ശുശ്രൂഷക്ക് സഭയെ ശക്തയാക്കി. അന്നു തൊട്ടിന്നുവരെയും മിശിഹായുടെ രാജ്യത്തിലേക്ക് ഓരോ വ്യക്തിയേയും കൂട്ടി ചേർക്കുവാനും ദൈവിക ശക്തിയാൽ നിറയ്ക്കാനും മാമോദീസാ എന്ന കൂദാശ തന്നെയാണ് സഭ പ്രയോജനപ്പെടുത്തുന്നത് (അപ്പ 8/12; 38; 9/18; 10/48; 16/15, 33; 18/8; 19/5) യേശുവിന്റെ കല്പനയും അതുതന്നെ ആയിരുന്നുവല്ലോ (മത്താ. 28/19)

[3] യേശുവിന്റെ പരസ്യ ജീവിതകാലത്ത് താൻ പ്രവർത്തിച്ച രോഗശാന്തികളോട് സമാനതയുള്ള ധാരാളം അത്ഭുതകരമായ രോഗസൗഖ്യങ്ങൾ സഭയിലും നടക്കുന്നതായി അപ്പസ്തോലപ്രവർത്തനങ്ങളിൽ നാം കാണുന്നു. അതായത് രോഗികളോടും കഷ്ടപ്പെടുന്നവരോടും കരുണ കാണിക്കുന്ന യേശു ഇന്നും ലോകത്തിൽ ജീവിക്കുന്നു എന്ന് സ്പഷ്ടം. യഥാർത്ഥത്തിൽ യേശു അപ്പസ്തോലന്മാരിലൂടെ ജീവിക്കുന്നു; ***പരിശുദ്ധാത്മാവിലൂടെ നമ്മുടെ ഇടയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു.***

[4] സുവിശേഷങ്ങളിൽ നാം കണ്ടുമുട്ടുന്ന യേശു ഗലീലായിൽ നിന്നും യാത്ര പുറപ്പെട്ട് യെറുശലേമിൽ എത്തുന്നതോടുകൂടി തന്റെ പ്രയാണം ഉച്ചകോടിയിലെത്തുന്നു. ഇതിന് സമാനമായ ഒരു യാത്രയാണ് ജറുസലേമിൽ തുടങ്ങി റോമാ നഗരത്തിൽ സമാപിക്കുന്ന സഭയുടെ ശില്പിയായ വി. പൗലോസിന്റെ പ്രേഷിത യാത്ര.

[5] യേശുവിന്റെ പീഡാനുഭവത്തിന്റെയും ജീവത്യാഗത്തിന്റെയും പുനരാവിഷ്കാരമായിരുന്നല്ലോ തുടർന്ന് സഭയിൽ സംഭവിച്ചത്. രക്തസാക്ഷികൾ യേശുവിന്റെ നാമത്തിൽ പീഢനങ്ങളും നിന്ദനങ്ങളും സഹിക്കുന്നവരും സഹനത്തിന്റെ ദാസനായ യേശുവിന്റെ സാന്നിദ്ധ്യം ഈ ലോകത്തിൽ യാഥാർത്ഥ്യമാക്കിക്കൊണ്ടിരിക്കുന്നവരുമാണ്. യേശുവിൽ ***വിശ്വസിച്ചു*** എന്ന ഏക കുറ്റത്തിനാണല്ലോ അനേകർ ക്രൂരമായ മരണ ശിക്ഷക്ക് വിധിക്കപ്പെട്ടത്!!

യേശു തന്റെ ദൗത്യം ശിഷ്യന്മാരെ ഏല്പിക്കുകയാണ് ചെയ്തത്. മനുഷ്യ കരങ്ങളിൽ തന്റെ രക്ഷണ്യവേല ഏല്പിച്ചുകൊടുത്തതിനു ശേഷമാണ് തന്റെ പിതാവിന്റെ സന്നിധിയിലേക്ക് യേശു പോയത്. അതായത് നാം ഓരോരുത്തരുടെയും കരങ്ങളിൽ. ഈ ബോദ്ധ്യം നമുക്കുണ്ടോ? സഭയിലൂടെ യേശു നമ്മുടെ ഇടയിൽ ഇന്നും സന്നിഹിതനാണെന്ന് നമുക്ക് ഉറപ്പുണ്ടോ? യേശുവിന്റെ രക്ഷാകര പ്രവർത്തനങ്ങൾ നമ്മിലും നമ്മുടെ ഇടയിലും നാം ജീവിക്കുന്ന ഈ ലോകത്തിലും തുടർന്നുകൊണ്ട് പോകാനുള്ള കടമയെക്കുറിച്ച് നാം ബോധവാന്മാരാണോ? സ്വർഗ്ഗത്തിലേക്ക് പോയ യേശുവിന്റെ `അസാന്നിദ്ധ്യം' ഇല്ലാതാക്കാൻ പര്യപ്തമാകും വിധം പരിശുദ്ധാത്മാവ് തമ്മിൽ സജീവമാണോ?

യേശു സ്വർഗ്ഗാരോഹണം ചെയ്തു കഴിഞ്ഞപ്പോൾ ദൂതന്മാർ അപ്പസ്തോലന്മാരോട് ചോദിക്കുന്ന ഒരു ചോദ്യമുണ്ട്: `അല്ലയോ ഗലീലിയരേ, നിങ്ങൾ ആകാശത്തേക്ക് നോക്കിനിൽക്കുന്നതെന്ത്? (= നിഷ്ക്രീയരായി നിൽക്കുന്നതെന്ത്?) (അപ്പ: 1/11) പലപ്പോഴും നാം ഇപ്രകാരം വെറും `മാനം നോക്കി'കളായിപ്പോകാ

www.malankaralibrary.com

റുണ്ട്. ഒരുതരം നിഷ്ക്രീയമായ കാത്തിരുപ്പ്! ഇതല്ലായിരുന്നു ആദിമസഭയുടെ ചൈതന്യം. ചെയ്തുതീർക്കാൻ ധാരാളം വേല ബാക്കികിടക്കുന്നു എന്നുള്ള തോന്ന ലായിരുന്നു അവരെല്ലാവരിലും ഉണ്ടായിരുന്നത്. ``വിളവു ധാരാളം, വേലക്കാരോ ചുരുക്കം'' (മത്താ. 9/37) എന്ന പ്രതീതി. യേശു തുടങ്ങി വച്ച പ്രവർത്തനം തുടർന്നുകൊണ്ടു പോയേ മതിയാകൂ എന്നുള്ള നിർബന്ധബുദ്ധി. ഈ ലോക ത്തിൽ അവന്റെ സാന്നിദ്ധ്യമായി മാറാനുള്ള വെമ്പൽ. ആ ധന്യ ജീവിതമാകുന്ന ദീപശിഖ തലമുറകളിലൂടെ കൈമാറാനുള്ള അഭിവാഞ്ഛ, ആ വെളിച്ചം പൊലി ഞ്ഞുപോകാതെ സംരക്ഷിക്കാനും എല്ലാ തലമുറകളിലുമുള്ള എല്ലാവർക്കും എത്തി ച്ചുകൊടുക്കുവാനുമുള്ള അടങ്ങാത്ത അഭിനിവേശം.

സഭയേയും യേശുവിനെയും ലയിപ്പിച്ച് ഒന്നാക്കിത്തീർക്കുന്ന ഘടകം പരി ശുദ്ധാത്മാവ് ആണെന്നുള്ളതിന് രണ്ടു പക്ഷമില്ല. എന്നാൽ ഈ പ്രക്രിയയിൽ പന്ത്രണ്ട് അപ്പസ്തോലന്മാർക്കുള്ള സ്ഥാനവും നമുക്ക് മറക്കാവതല്ല. അതുകൊ ണ്ടാണല്ലോ, യൂദാസിനു പകരം വേറൊരാളെ - മത്തിയാസിനെ - തിരഞ്ഞെടുക്കേ ണ്ടത് വളരെ അത്യാവശ്യമായി ആദിമസഭ കരുതിയത്. സഭയുടെ ഒന്നാമത്തെ കൗൺസിൽ ഒന്നാമതായി സ്വീകരിച്ച നടപടി ഇതായിരുന്നല്ലോ. മാത്രമല്ല തിര ഞ്ഞെടുക്കപ്പെടാൻ പോകുന്ന വ്യക്തി യേശുവിനോടൊപ്പം നടന്നിരുന്നവനും തന്റെ പരസ്യ ജീവിതത്തിനും ഉത്ഥാനത്തിനും എല്ലാം ദൃക്സാക്ഷി ആയിരിക്കണമെന്നു മുള്ള നിബന്ധനവച്ചതും അതുകൊണ്ടാണല്ലോ. 12 ഗോത്രപിതാക്കന്മാർ എങ്ങനെ ഇസ്രായേൽ സമൂഹത്തിന് ദൃശ്യമായ അടിത്തറയായി തീർന്നുവോ അപ്രകാരം തന്നെ 12 അപ്പസ്തോലന്മാർ പുതിയ ഇസ്രായേലിന് – പുതിയ ദൈവജനത്തിന്, സഭക്ക് – അടിത്തറയായി മാറി.

സുവിശേഷകനായ ലൂക്കോസു തന്നെയാണ് അപ്പസ്തോല പ്രവർത്തന ങ്ങളും രചിച്ചത് എന്ന് നാം കണ്ടു കഴിഞ്ഞു. വാസ്തവത്തിൽ ഇവ രണ്ടും ഒരു ഗ്രന്ഥത്തിന്റെ രണ്ടുഭാഗങ്ങൾ ആണ്. പുതിയനിയമ ഗ്രന്ഥങ്ങളെല്ലാം ക്രോഡികരി ക്കപ്പെട്ടപ്പോൾ സംഗതിവശാൽ യോഹന്നാന്റെ സുവിശേഷം ഇവകൾക്കിടയിൽ കടന്നു കൂടി എന്നേയുള്ളു.

## രക്ഷാകര ചരിത്രത്തിന്റെ മൂന്ന് ഘട്ടങ്ങൾ:-

രക്ഷാകര ചരിത്രത്തെ മൂന്നുപ്രത്യേക രംഗങ്ങളായി ലൂക്കോസ് വേർതി രിച്ചു കാണുന്നു.

(1) പഴയനിയമത്തിൽ വിവരിച്ചിരിക്കുന്ന ഇസ്രായേൽ ചരിത്രം.

(2) ലൂക്കോസ് തന്നെ തന്റെ സുവിശേഷത്തിൽ വിവരിക്കുന്ന യേശുവിന്റെ ജീവി തകഥ.

(3) അപ്പസ്തോല പ്രവർത്തനങ്ങളിൽ വിവരിച്ചുതുടങ്ങിയതും ഇന്നയോളം തുടരു ന്നതുമായ സഭയുടെ ശുശ്രൂഷ. ലൂക്കോസ് തന്റെ ഗ്രന്ഥ രചന അപൂർണ്ണമായി നിർത്തിയിരിക്കുന്നത് ശ്രദ്ധിക്കുക. കാരണം സഭയുടെ ചരിത്രവും പ്രവർത്ത നവും അനുസ്യൂതം തുടർന്നുകൊണ്ടിരിക്കുകയാണല്ലോ. ആ ചരിത്രം തുടരേ ണ്ടതും ആ ദൗത്യം ഏറ്റെടുത്ത് ഇന്നത്തെ ലോകത്തിൽ ആവിഷ്കരിക്കേ ണ്ടതും നാം ഓരോരുത്തരുമാണ്. ലൂക്കോസ് എഴുതിത്തുടങ്ങിയ രക്ഷാകര

www.malankaralibrary.com

ചരിത്രം നമ്മുടെ ജീവിത സാക്ഷ്യംകൊണ്ട് എഴുതി സ്വന്ത രക്തത്തിൽ തൂലിക മുക്കി പൂരിപ്പിച്ചുകൊണ്ടിരിക്കണം.

## ജറുസലെമിന്റെ കേന്ദ്രീയത:

ജെറുസലേം നഗരം ലൂക്കോസിന്റെ രചനകളുടെ കേന്ദ്രബിന്ദുവാണ്. ഗലീലായിൽ ആരംഭിച്ച് ജെറുസലേമിനെ ലക്ഷ്യമാക്കി നീങ്ങുന്ന ഒരു ജീവിതയാത്രയായിട്ടാണ് യേശുവിന്റെ പരസ്യ ജീവിതത്തെ ലൂക്കോസ് അവതരിപ്പിക്കുന്നത്. അപ്പസ്തോല പ്രവർത്തനത്തിന്റെ ആരംഭത്തിൽ, ഉയർത്തെഴുന്നേറ്റ യേശു ജറുസലേമിൽ നിന്ന് സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുന്നതായി ലൂക്കോസ് ചിത്രീകരിച്ചിരിക്കുന്നു. തുടർന്ന് സ്വർഗ്ഗത്തിൽനിന്ന് പരിശുദ്ധാത്മാവ് ജെറുസലേമിൽ വസിച്ചിരുന്ന അപ്പസ്തോലന്മാരിലേക്കിറങ്ങി വസിച്ചു. തുടർന്ന് സുവിശേഷദൗത്യം ജറുസലേമിൽ ആരംഭിച്ച് റോമാനഗരം വരെ എത്തുന്നു. അന്ന് അറിയപ്പെട്ടിരുന്ന മുഴുവൻ ലോകത്തിന്റെയും തലസ്ഥാനമായിരുന്നു റോമാനഗരം. അവിടെ സുവിശേഷം എത്തുന്നതോടെ, ലോകം എങ്ങും പോയി സുവിശേഷം അറിയിക്കുക എന്ന ദൗത്യം (ലൂക്കോ. 24/47; അപ്പ. 1/8) പ്രതികാത്മകമായിട്ടെങ്കിലും നിറവേറ്റപ്പെട്ടു കഴിഞ്ഞതായി ലൂക്കോസ് കാണുന്നു. നിങ്ങൾ ലോകത്തിന്റെ അതിർത്തികൾവരെയും എനിക്ക് സാക്ഷികളാകുവിൻ എന്ന കല്പന പാലിക്കാനുള്ള ചുമതല ഓരോ തലമുറയിലുള്ളവരും ഏറ്റെടുത്ത് നടപ്പിൽ വരുത്തേണ്ടിയിരിക്കുന്നു.

**സാക്ഷ്യം = രക്തസാക്ഷ്യം:**

സാക്ഷ്യം എന്ന വാക്ക് വാസ്തവത്തിൽ രക്തസാക്ഷിത്വം എന്നതിന്റെ ചുരുക്കപ്പേരാണ്. താൻ വിശ്വസിക്കുന്ന ***സത്യത്തിനുവേണ്ടി*** നിലനിൽക്കാനും, ജീവിക്കാനും, വേണ്ടിവന്നാൽ ജീവൻപോലും സമർപ്പിക്കുവാനുമുള്ള സന്നദ്ധതയാണ് യഥാർത്ഥ സാക്ഷ്യം. ഇവിടെ ***സത്യം*** എന്നതാകട്ടെ, കർത്താവായ യേശുവിന്റെ ജീവിതവും മരണവും ഉത്ഥാനവും മനുഷ്യരക്ഷക്ക് നിദാനമാണെന്നുള്ളതു തന്നെ. ക്രിസ്തുശിഷ്യൻ ഈ സത്യത്തിന് സാക്ഷ്യം നൽകുന്നത് തന്റെ പ്രഭാഷണങ്ങൾകൊണ്ടു മാത്രമല്ല തന്റെ ജീവിതം കൊണ്ടുമാണ്. ജീവിത വീക്ഷണം കൊണ്ടും, ജീവിതരീതികൊണ്ടും, പ്രവർത്തനങ്ങൾ കൊണ്ടുമാണ്. മുഴുവൻ ലോകത്തെയും ഉൾപ്പെടുത്തിയുള്ള ഈ സാക്ഷ്യം വാസ്തവത്തിൽ ഏശയാ പ്രവാചകന്റെ പ്രവചന പൂർത്തീകരണമാണ്. ``ദൂരത്തുനിന്ന് എന്റെ പുത്രന്മാരെയും, ഭൂമിയുടെ അതിർത്തികളിൽ നിന്ന് പുത്രിമാരെയും കൊണ്ടുവരുവിൻ. എന്റെ മഹത്വത്തിനായി ഞാൻ സൃഷ്ടിച്ച് രൂപം കൊടുത്തവരും എന്റെ നാമത്തിൽ വിളിക്കപ്പെട്ടവരുമായ എല്ലാവരെയും കൊണ്ടുവരുവിൻ. `(ഏശാ. 43/6-7) ``എന്റെ ഉടമ്പടിയോട് വിശ്വസ്തത പുലർത്തുന്ന പരദേശികളെയും ഞാൻ എന്റെ വിശുദ്ധ ഗിരിയിലേക്ക് കൊണ്ടുപോകും. എന്റെ പ്രാർത്ഥനാലയത്തിൽ അവർക്ക് സന്തോഷം നൽകും........ എന്റെ ആലയം എല്ലാ ജനങ്ങൾക്കുമുള്ള പ്രാർത്ഥനാലയം എന്ന് അറിയപ്പെടും........ ഇതുവരെ ശേഖരിച്ചതു കൂടാതെ ബാക്കിയുള്ളവരെയും ഞാൻ ശേഖരിക്കും.'' (ഏശാ. 56/7-8). ``കർത്താവരുളിച്ചെയ്യുന്നു: നിങ്ങൾ എനിക്ക് സാക്ഷികളാണ്. എന്നെ അറിഞ്ഞു വിശ്വസിക്കാനും ഞാനാണ് ദൈവമെന്ന് ഗ്രഹിക്കാനും ഞാൻ തിരഞ്ഞെടുത്ത ദാസൻ (ഏശാ: 43/10; 44/8). കർത്താവിന്റെ ദാസൻ വഴി കൈവ

www.malankaralibrary.com

രുന്ന രക്ഷയെക്കുറിച്ച് അദ്ദേഹം വിവരിക്കുന്നത് ഇസ്രായേലിലെ 12 ഗോത്രങ്ങൾക്ക് മാത്രമല്ല വിജാതീയരായ ജനതകളുടെ പ്രകാശവും ലോകത്തിന്റെ അതിർത്തികളോളം എത്തുന്ന രക്ഷയുമായിട്ടാണ്. ദൈവത്തിന്റെ ഈ രക്ഷാകരപദ്ധതി — സർവ്വലോകത്തെയും ഉൾക്കൊള്ളിച്ചുള്ള ഈ സാർവ്വത്രിക രക്ഷാകര പദ്ധതി — പരിപൂർത്തിയിലെത്തുന്നത് സഭയുടെ മിഷണറി പ്രവർത്തനങ്ങളിലൂടെയാണ്.

യഥാർത്ഥത്തിൽ അപ്പസ്തോല പ്രവർത്തനങ്ങൾ എന്ന പുസ്തകം മൂന്നു ഭാഗങ്ങളായി വേർതിരിച്ചു കാണാവുന്നതാണ്:

1-ാം ഭാഗം : ജറുസലേമിൽ ഒതുങ്ങുന്ന സുവിശേഷ പ്രചരണ പരിപാടി.

2-ാം ഭാഗം : യൂദയാ മുഴുവനിലും സമറിയായിലും വിന്യസിക്കുന്ന മിഷനറി പ്രവർത്തനം.

3-ാം ഭാഗം : ലോകത്തിന്റെ അതിർത്തികളോളം വ്യാപിക്കുന്ന സാർവ്വത്രിക സഭയുടെ പ്രവർത്തനം.

## ക്രൈസ്തവ സ്ഥിരത പ്രാപിക്കുക:

രക്ഷയുടെ ഈ സാർവ്വത്രിക സുവിശേഷത്തിന് സാക്ഷികളാകാൻ സാധിക്കുന്നത് തന്നെ ഒരു ക്രിസ്തു ശിഷ്യനെ സംബന്ധിച്ച് വലിയ സന്തോഷത്തിന്റെയും പ്രത്യാശയുടെയും കാരണമായി ഭവിക്കുന്നു. തങ്ങൾക്ക് ലഭിച്ച സദ്വാർത്ത അവർ എല്ലായിടത്തും പ്രചരിപ്പിക്കുന്നു. പീഡനങ്ങളാണ് അവരെ എതിരേറ്റത്. എന്നാൽ പീഡകളുടെ മദ്ധ്യേ തളരുന്നതും തകരുന്നതും തകർന്നടിയുന്നതുമായിരുന്നില്ല അവരുടെ തീക്ഷ്ണത. മതപീഢനകാലങ്ങളിൽ അവരുടെ സാക്ഷ്യപ്രകടനത്തിന് ശക്തിയും സ്ഥിരതയും കൂടുന്നതേയുള്ളു. വർദ്ധിച്ച ധൈര്യത്തോടും ഉത്സാഹത്തോടും കൂടെ അവർ യേശുവിന് സാക്ഷ്യം നൽകുന്നു. അടിച്ചമർത്തപ്പെടുമ്പോൾ സഭ കൂടുതൽ പുഷ്ടിയോടെ; ഓജസ്സോടെ ഉയർത്തെഴുന്നേല്ക്കുന്ന അനുഭവമാണ് നമുക്ക് കാണാനാവുക. ഉദാഹരണം ആദ്യത്തെ മൂന്നു നൂറ്റാണ്ടുകളിലരങ്ങേറിയ മതപീഢനങ്ങൾ തന്നെ. അതിനു കാരണം തന്നെ മാനുഷികമായ എന്തെങ്കിലും പ്രത്യേകതയോ ശക്തിവിശേഷമോ അല്ലാ പ്രത്യുത തങ്ങളുടെ രക്ഷകനും നാഥനും കർത്താവുമായ യേശുവിൽ അടിയുറച്ച് വിശ്വസിക്കുകയും സ്ഥിരതയോടെ നില്ക്കുകയും ചെയ്യുവാൻ പരിശുദ്ധാത്മാവ് സഹായിക്കുന്നു എന്നതാണ്. ഈ ക്രൈസ്തവ സ്ഥിരതയാണ് പരിശുദ്ധാത്മ നവീകരണ വർഷത്തിന്റെ പ്രത്യേക അനുഗ്രഹമായി നാം പ്രാർത്ഥിക്കേണ്ടതും പ്രാപിക്കേണ്ടതും. പ്രാർത്ഥനയിലും ആരാധനയിലും ആത്മീകകാര്യങ്ങളിലും ക്രൈസ്തവ പുണ്യങ്ങൾ അഭ്യസിക്കുന്നതിലും മൂല്യങ്ങൾ മുറുകെ പിടിക്കുന്നതിലും എല്ലാം ഈ സ്ഥിരത നമുക്കാവശ്യമാണ്. അത് കേവലം ബലഹീനരായ നമ്മുടെ ബലം കൊണ്ടെന്നതിനെക്കാൾ പരിശുദ്ധാത്മബലം കൊണ്ട് കരഗതമാകേണ്ടതാണ്.

*``പ്രാപിക്കും ബലമവൻ ബലത്തിനുമേൽ*
*ചെന്നെത്തുമേവരും സീയോനിൽ........''*

## സുവിശേഷം അറിയിക്കുക; കൂദാശയായി മാറുക; ജീവിതം നവീകരിക്കപ്പെടുക:

സുവിശേഷ പ്രവർത്തനം തന്നെയായിരുന്നു ആദിമ ക്രൈസ്തവരുടെ മുഖ്യ

www.malankaralibrary.com

ജോലി. അത് ഹൃദയസ്പന്ദനം പോലെ മുഖ്യവും, പ്രാണവായുപോലെ അത്യന്താപേക്ഷിതവുമായിരുന്നു. *``സുവിശേഷം അറിയിക്കുക''* എന്ന പ്രയോഗം തന്നെ വിശുദ്ധ ലൂക്കോസിന് പ്രീയങ്കരമായ ഒരു പദമാണ് എന്നു നമുക്ക് കാണാം.

10 പ്രാവശ്യം സുവിശേഷത്തിലും, 25 തവണ അപ്പസ്തോല പ്രവർത്തനങ്ങളിലും ഈ ശൈലി കടന്നു വരുന്നത് അതിന്റെ തെളിവാണ്.

രണ്ടാം വത്തിക്കാൻ സുന്നഹദോസ് ഈ വിഷയം പ്രത്യേകം പരാമർശിക്കുന്നുണ്ട്. സഭയുടെ മിഷനറി പ്രവർത്തനത്തെക്കുറിച്ചുള്ള പ്രമാണരേഖയിൽ നാം വായിക്കുന്നത് ഇപ്രകാരമാണ്: ``സഭ സ്വഭാവത്താലെ മിഷനറിയാണ്''. ദൈവജനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ജോലിയും സുവിശേഷപ്രചരണം തന്നെയാണ്. സഭ സുവിശേഷവല്ക്കരണത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു. സഭയുടെ മുഴുവൻ ചലനങ്ങളും ഈ ദൗത്യനിർവ്വഹണം ലാക്കാക്കിയുള്ളതാണ്. അതു പ്രസംഗം മാത്രമല്ല. സുവിശേഷവല്കരണം എന്നാൽ മൈതാനപ്രസംഗം നടത്തുകയെന്നല്ല അർത്ഥം. വാക്കുകളിലൂടെയും, ജീവിതസാക്ഷ്യത്തിലൂടെയും വിവിധങ്ങളായ സഭാ സഭാശുശ്രൂഷകളിലൂടെയും എല്ലാം കൂടിച്ചേർന്ന ഒരു ഉറച്ച പ്രഖ്യാപനമാണത്. വാക്കുകൾക്ക് പ്രവൃത്തിയുടെ പിൻബലമില്ലെങ്കിൽ സദ്വാർത്താ പ്രഖ്യാപനം ഒരിക്കലും ഫലവത്താകയില്ല. അങ്ങനെയുള്ള വാക്കുകൾ വെറും വാക്കുകൾ മാത്രമായിരിക്കും; അത് സദ്വാർത്തയാകുകയില്ല. കറയില്ലാത്ത സ്നേഹശുശ്രൂഷ സുവിശേഷ പ്രചരണത്തിന്റെ ആവശ്യഘടകം തന്നെയാണ്. പ്രസംഗങ്ങളുടെയും പ്രഭാഷണങ്ങളുടെയും വചനങ്ങൾ `കൂദാശാവചന'ങ്ങൾ ആയി പരിണമിക്കണം; ***കൂദാശയായി മാറണം.*** സഭയുടെ വിവിധ കൂദാശാശുശ്രൂഷകളിലേക്ക് മനുഷ്യഹൃദയങ്ങളെ അത് ചലിപ്പിക്കണം; കർമ്മനിരതമാക്കണം. അപ്പസ്തോലന്മാരുടെ പ്രഭാഷണങ്ങളെല്ലാം തന്നെ അവസാനിക്കുന്നത് മാനസാന്തരത്തിലേക്കും മാമോദീസായിലേക്കും അതുവഴി സഭയോടൊട്ടി ചേരുന്നതിലേക്കും പൂർണ്ണമായ കൂട്ടായ്മയിലേക്കും അതിന്റെ കൂദാശപരമായ ആവിഷ്ക്കരണമായ വിശുദ്ധകുർബ്ബാനയിലേക്കുമായിരുന്നുവല്ലോ. ``ഇതു കേട്ടപ്പോൾ അവർ ഹൃദയം നുറുങ്ങി പത്രോസിനോടും മറ്റ് അപ്പസ്തോലന്മാരോടും ചോദിച്ചു: സഹോദരന്മാരേ, ഞങ്ങൾ എന്താണ് ചെയ്യേണ്ടത്? പത്രോസ് പറഞ്ഞു: നിങ്ങൾ പശ്ചാത്തപിക്കുവിൻ, പാപമോചനത്തിനായി എല്ലാവരും യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം സ്വീകരിക്കുവിൻ. പരിശുദ്ധാത്മാവിന്റെ ദാനം നിങ്ങൾക്ക് ലഭിക്കും. ഈ വാഗ്ദാനം നിങ്ങൾക്കും നിങ്ങളുടെ സന്താനങ്ങൾക്കും വിദൂരസ്ഥർക്കും നമ്മുടെ ദൈവമായ കർത്താവ് തന്റെ അടുക്കലേക്ക് വിളിക്കുന്ന എല്ലാവർക്കും ഉള്ളതാണ്......... അവർ അപ്പസ്തോലന്മാരുടെ പ്രബോധം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവ്വം പങ്കുചേർന്നു'' (അപ്പ. 2/37-42; 3/19, 26; 5/31; 10/43; 13/38; 17/30; 26/20). മാമോദീസാ എന്ന കൂദാശ സ്വീകരിക്കുന്ന ഓരോ വ്യക്തിയും വെറും ഒരു അനുഷ്ഠാനത്തിൽ പങ്കെടുക്കുകയല്ല. അവൻ ദൈവപൈതലായി മാറുന്നു എന്നു മാത്രമല്ല വേർതിരിക്കാനാകാത്ത ഒരു ബന്ധത്തിൽ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയോട് കൂട്ടിയിണക്കപ്പെടുന്നു. ഇനി കുമ്പസാരമെന്ന കൂദാശ എടുക്കാം. കുമ്പസാരത്തിനണയുന്ന ഓരോ വ്യക്തിയും തന്റെ ആത്മാവിൽ പറ്റിപ്പിടിച്ച പാപക്കറകളെ മായിച്ചില്ലാതാക്കുക മാത്രമല്ല, ദൈവത്തോടും സമൂഹത്തോടും ഉണ്ടായിരുന്ന വിടവ് നികത്തി

www.malankaralibrary.com

ധൂർത്തപുത്രന്റെ മടങ്ങിവരവിൽ, ആ പിതാവിനും, അവനും, ആ കുടുംബത്തിനും ഉണ്ടായ കൂട്ടായ്മയുടെയും അത്ഭുതകരമായ ആനന്ദനിർവൃതിയുടെയും അനുഭവം പങ്കുവെക്കുകയുമാണ് ചെയ്യുന്നത്. ഒരുക്കത്തോടെ ഒരാൾ വിശുദ്ധ കുർബ്ബാനയ്ക്ക് അണയുമ്പോൾ യേശുവിന്റെ തിരുശരീര രക്തങ്ങൾ അവനിൽ ലയിച്ചു ചേരുക മാത്രമല്ല, അവൻ തന്നെ യേശുവിലും യേശുവിന്റെ ശരീരമാകുന്ന സഭയിലും ലയിച്ചു ചേരുകയാണ്. വിവാഹമെന്ന കൂദാശയിലൂടെ ദമ്പതികൾ പരിശുദ്ധ ത്രിത്വത്തിലെ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും പ്രതീകമായി മാറുകയാണ്. ``ഇക്കാരണത്താൽ പുരുഷൻ പിതാവിനെയും മാതാവിനെയും വിട്ട് ഭാര്യയോട് ചേരും. അവർ രണ്ടുപേരും ഒന്നാവുകയും ചെയ്യും. ***ഇത് ഒരു വലിയ രഹസ്യമാണ്''*** (എഫേ. 5/31). ഈ രഹസ്യമാണ് നാം മനസ്സിലാക്കേണ്ടത്. ക്രിസ്തുവും സഭയുമായുള്ള ബന്ധം ഭാര്യാ ഭർത്തൃബന്ധം പോലെ തന്നെ അഭേദ്യമാണ്. മാത്രമല്ല വിവാഹിതരാകുന്ന ഓരോ വ്യക്തിയും ഭാര്യയോട് അല്ലെങ്കിൽ ഭർത്താവിനോട് യോജിക്കുന്നതുപോലെ തന്നെ സഭയോടും ദൈവത്തോടും യോജിക്കുന്നു.

`സുവിശേഷവല്ക്കരണം ആധുനികയുഗത്തിൽ' (Evengelii Nuntiandi) എന്ന ചാക്രിക ലേഖനത്തിൽ പോൾ ആറാമൻ മാർപാപ്പാ ഇങ്ങനെ പഠിപ്പിക്കുന്നു: ``വചനത്തിന്റെ പ്രഘോഷണവും കൂദാശകളുടെ പരികർമ്മവും സഭ ഒന്നുചേർന്ന് ക്രിസ്തുവിന് സമർപ്പിക്കുന്ന സാക്ഷ്യവും നീതിക്കും സത്യത്തിനും വേണ്ടിയുള്ള പോരാട്ടവും ഒക്കെ കൂടിചേർന്നതാണ് സുവിശേഷവല്കരണം''.

## പെന്തിക്കോസ്തിയും സഭയുടെ തുടക്കവും:

യഹൂദന്മാരുടെ മൂന്ന് തീർത്ഥാടന തിരുനാളുകളിൽ പ്രധാനപ്പെട്ട തിരുനാളായിരുന്നു പെന്തിക്കോസ്തി (പുറ. 23/14). ഈ അവസരത്തിൽ വിവിധ രാജ്യങ്ങളിൽ നിന്നും വളരെയധികം ആളുകൾ ഈ തിരുനാളിൽ സംബന്ധിക്കുന്നതിന് ജറുസലേം ദേവാലയത്തിൽ വന്നിരുന്നു. പെന്തിക്കോസ്തി (പെന്തക്കുസ്താ) എന്നതിന്റെ വാച്യാർത്ഥം `അമ്പതാം ദിവസം' എന്നാണ്. (ലേവ്യ: 23/16) തന്മൂലം `അമ്പതാം പെരുനാൾ' എന്നും ആഴ്ചകളുടെ തിരുനാൾ എന്നും അതറിയപ്പെടുന്നു. തന്റെ ജനമായ ഇസ്രായേലിന് സീനായ്മലയിൽ വെച്ച് മോശവഴി നിയമങ്ങൾ നല്കിയതിന്റെ അനുസ്മരണയാണ് പെന്തിക്കോസ്തി ആഘോഷം. ഇസ്രായേലും ദൈവവുമായുള്ള ഉടമ്പടിയുടെ അനുസ്മരണയാണത്. ജീവിതനിയമം ഏറ്റുവാങ്ങിയതിന്റെ ആഘോഷമാണത്. ഒരു ജനപദമായി - ഒരു പരമാധികാരരാഷ്ട്രമായി - തീർന്നതിന്റെ ആവേശമാണവിടെ പ്രകടമാകുക. റിപ്പബ്ലിക്ക് ദിനാഘോഷം ജനുവരി 26-ന് ഭാരതം ആഘോഷിക്കുന്നത് എങ്ങനെയോ അങ്ങനെ.

## പെന്തിക്കോസ്തിയും സഭാജീവിതവും:

ഇനി സഭയിൽ പെന്തിക്കോസ്തിയുടെ പ്രത്യേകത എന്താണെന്ന് നോക്കാം. ദൈവജനത്തിന്റെ ജനനമാണ് - ഔദ്യോഗിക ജനനമാണ് - സഭയിൽ പെന്തിക്കോസ്തി സംഭവം അനുസ്മരിക്കുന്നത്. ഒന്നാമത്തെ പെന്തക്കുസ്തായിൽ പഴയനിയമം നല്കപ്പെട്ടതെങ്ങനെയോ അങ്ങനെതന്നെ ***രണ്ടാമത്തെ പെന്തിക്കോസ്തിയിൽ പുതിയനിയമം സ്ഥാപിക്കപ്പെട്ടു.*** ഒന്നാമത്തെ പെന്തക്കുസ്തായിൽ ഇസ്രാ

www.malankaralibrary.com

യേൽ സ്ഥാപിക്കപ്പെട്ടതെങ്ങനെയോ അങ്ങനെതന്നെ രണ്ടാമത്തെ പെന്തിക്കോസ്തിയിൽ പുതിയ ഇസ്രായേൽ സ്ഥാപിതമായി.

അഗ്നിയും കാറ്റും ഇടിമുഴക്കവും ദൈവസാന്നിദ്ധ്യം സൂചിപ്പിക്കുന്ന പ്രതീകങ്ങളാണ്, പഴയനിയമത്തിൽ. പുതിയ പെന്തിക്കോസ്തിയിൽ അഗ്നിയുടെയും കാറ്റിന്റെയും അടയാളത്തിലൂടെ പരിശുദ്ധാത്മാവിനെ സകലജനങ്ങൾക്കും അനുഭവവേദ്യമാക്കിതീർക്കുന്നതിലൂടെ ദൈവസാന്നിദ്ധ്യം ക്രിസ്തുവിശ്വാസികളുടെമേൽ ഉണ്ടെന്ന് സൂചിപ്പിക്കുകയാണ്. പെന്തിക്കോസ്തി സംഭവത്തിന്റെ പ്രാധാന്യം എത്ര വിവരിച്ചാലും അധികമാവില്ല. സഭയിൽ ഏറ്റം പ്രധാനതിരുനാൾ ഉയർപ്പ് തിരുനാളാണ്. പെന്തിക്കോസ്തി (50-ാം പെരുനാൾ) ഉയർപ്പിന്റെ 50-ാം ദിനത്തിന്റെ ആഘോഷം മാത്രമല്ല, 50 ദിനങ്ങൾ നീണ്ടു നില്ക്കുന്ന ഉയർപ്പിന്റെ വലിയ ആഘോഷമായി വേണം കരുതാൻ. ആ രീതിയിൽ സവിശേഷമായ പ്രാധാന്യമുള്ള തിരുനാളായി എക്കാലവും സഭയിൽ അത് ആചരിക്കപ്പെട്ടുവരുന്നു.

## ബാബേൽ സംഭവം, ബാബേൽ അനുഭവം:

പെന്തിക്കോസ്തി ദിനത്തിലുള്ള പരമ്പരാഗതമായ പഴയനിയമ വായനകൾ ഈ തിരുനാളിന്റെ ആഴവും അർത്ഥവും, പ്രാധാന്യവും പ്രാമാണ്യവും വ്യക്തമാക്കുന്നു. ഒന്നാമത്തെ വായന ഉല്പത്തിപുസ്തകത്തിൽ നിന്നുള്ളതാണ്. ഉല്പത്തി 11-ാം അദ്ധ്യായം 1 മുതൽ 9 വരെ വാക്യങ്ങളിൽ ബാബേൽഗോപുരത്തെപ്പറ്റി പ്രതിപാദിച്ചിരിക്കുന്ന ഭാഗമാണത്. (cfr. ഉല്പത്തി 11/1-9 x അപ്പ. 2 /5-12) ബാബേൽ എന്ന വാക്കിന്റെ അർത്ഥം ദൈവത്തിന്റെ പ്രവേശന കവാടം എന്നാണ്. ഒപ്പം ചിതറിപ്പോക്ക്, ആശയപ്പിശക്, പൊരുത്തക്കേട് എന്നീ അർത്ഥങ്ങളും ഉണ്ട്. ആ വാക്കിന്റെ യഥാർത്ഥ അർത്ഥം - ദൈവത്തിന്റെ പ്രവേശനകവാടം - സാദ്ധ്യമാകുന്നത് ``രണ്ടാം ബാബേൽ" എന്ന് വിളിക്കപ്പെടുന്ന പുതിയനിയമ പെന്തക്കോസ്തായിലാണ്. മനുഷ്യവംശത്തിന്റെ ആരംഭത്തിൽ അവരെല്ലാവരും ഒരേ ഭാഷ സംസാരിച്ചിരുന്നു. എന്നാൽ അവർ പാപത്തിൽ നിപതിച്ചപ്പോൾ, ആദ്യമുണ്ടായിരുന്ന തന്നിൽത്തന്നെ ഉള്ള ഐക്യവും പരസ്പരൈക്യവും, ഒരുമയും സ്നേഹവും എല്ലാം നഷ്ടപ്പെടുന്നു. ആശയപ്പൊരുത്തവും ഒരുമയും ഇല്ലാതെ ഗോപുരം പണിയാരംഭിച്ചപ്പോൾ അവർ ചിതറിക്കപ്പെടുന്നു! ഐക്യവും ഒരുമയും കൂട്ടായ്മയും നഷ്ടപ്പെട്ട അവർക്ക് ഉദാത്തമായ ആ ആശയം സാക്ഷാല്കരിക്കുവാൻ കഴിയാതെ പോയി! കാരണം `ഉണ്ടായതും, ഉള്ളതും, ഉണ്ടാകുവാനിരിക്കുന്നതുമായ സകലത്തെയും പൂർണ്ണമാക്കി തികയ്ക്കുന്ന ജീവിക്കുന്ന പരിശുദ്ധാത്മാവിന്റെ ആവാസം' അവരിൽ നിന്നെടുക്കപ്പെട്ടു; ദൈവകൃപ അവരിൽ നിന്നും അകന്നുപോയി. ഈ ദൈവകൃപ കൂടാതെ എത്ര ഉദാത്തമായ ആശയവും ആവിഷ്കരിച്ച് സഫലമാക്കുവാൻ ആർക്കും സാധിക്കുകയില്ലെന്നറിഞ്ഞാലും. ക്രിസ്തുവിനെ വിട്ടുമാറി ഒരു രാത്രിമുഴുവൻ അദ്ധ്വാനിച്ച ശിഷ്യന്മാരുടെ അനുഭവം എന്തായിരുന്നു? എന്നാൽ, ആ രാത്രിയിൽ അവർക്ക് ഒന്നും കിട്ടിയില്ല! (യോഹ. 21 /2-3). `വള്ളത്തിന്റെ വലത്തുവശത്തു വലയിടാനുള്ള' ദിവ്യാഹ്വാനം ശ്രവിച്ചപ്പോഴോ? അത്ഭുതമേ, `വലയിലകപ്പെട്ട മത്സ്യങ്ങളുടെ ആധിക്യം നിമിത്തം അത് വലിച്ചുകയറ്റാൻ അവർക്ക് കഴിഞ്ഞില്ല! (യോഹ. 21/6). എന്തൊരു വിസ്മയമാണ്.

www.malankaralibrary.com

ദൈവകൃപ നിരസിച്ച അവർക്ക് പിന്നീട് ഒരിക്കലും ഒന്നിച്ച് നില്ക്കാനേ കഴിഞ്ഞില്ല; അവർ ചിതറിപ്പോയി. ആത്മാവിന്റെ ഐക്യം നഷ്ടപ്പെടുമ്പോൾ പരിണതഫലം ചിതറിക്കലാണ്. കുടുംബത്തിലും, സമൂഹത്തിലും, സംഘടനയിലും, സഭയിലും ഇതല്ലേ സംഭവിക്കുന്നത്? ദൈവാത്മാവിന്റെ വ്യാപാരങ്ങളെ മറക്കുമ്പോഴും, ആത്മാവിന്റെ ഫലങ്ങളെ ത്യജിക്കുമ്പോഴുമല്ലേ ഭിന്നിപ്പും വിഭാഗീയതയും സംഘട്ടനവും ഛിന്നഭിന്നമായ സ്ഥിതിവിശേഷവും സംജാതമാകുക? നമ്മുടെ സഭാപ്രവർത്തനങ്ങളെ ആത്മാവിന്റെ വെളിച്ചത്തിൽ അവലോകനം ചെയ്യാൻ നമുക്ക് കഴിയട്ടെ.

ചിതറിക്കപ്പെടലിന്റെ ഈ അനുഭവമാണ് *`ബാബേൽ അനുഭവം'.* പൊരുത്തക്കേടിന്റെയും തന്മൂലമുള്ള `കുരുത്തക്കേടിന്റെയും' (ഗുരുത്തക്കുറവ്, കൃപനഷ്ടപ്പെട്ട അവസ്ഥ, അനുഗ്രഹദോഷം) അനുഭവമാണത്. എപ്പോഴെല്ലാം മനുഷ്യൻ ദൈവത്തെ മറന്ന്, തന്റെ സ്വന്തം പദ്ധതി നടപ്പാക്കാനും, സ്വന്തം ഭവനവും സാമ്രാജ്യവും കെട്ടിപ്പൊക്കുവാനും സ്വന്തം ബാബേൽ ഗോപുരം പണിയുവാനും ശ്രമിക്കുന്നുവോ അപ്പോഴെല്ലാം `ബാബേൽ സംഭവം' ആവർത്തിക്കപ്പെടുന്നു. സങ്കീർത്തകനെ ശ്രവിക്കുക: ``കർത്താവു വീട് പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അദ്ധ്വാനം വ്യർത്ഥമാണ്. കർത്താവ് നഗരം കാക്കുന്നില്ലെങ്കിൽ കാവല്ക്കാർ ഉണർന്നിരിക്കുന്നതും വ്യർത്ഥം" (സങ്കീ. 127/1.)

`ദൈവത്തിന്റെ പ്രവേശന കവാടം' (ഏൽ = ദൈവം) എന്നൊരർത്ഥം ബാബേൽ എന്ന നാമത്തിനുണ്ടല്ലോ. ഈ അർത്ഥം യഥാർത്ഥത്തിൽ സാക്ഷാല്കരിക്കപ്പെട്ടത് സെഹിയോൻ മാളികയിൽ, പുതിയ ഇസ്രായേലിന്റെ ഒന്നാമത്തെ പെന്തിക്കോസ്തിയിലാണ്. അവിടെ വെച്ച് ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും വന്ന `ജന പ്രതിനിധികളോട് ' – അവരിലൂടെ സർവ്വജനങ്ങളോടും – ദൈവം സംസാരിച്ചു (അപ്പ. 2/8). എവിടെ നിന്ന് ലോകത്തിന്റെ നാനാഭാഗങ്ങളിലേക്ക് അവർ ചിതറിക്കപ്പെട്ടുവോ (ബാബേൽ സംഭവം), അവിടേയ്ക്ക് പെന്തിക്കോസ്തി ദൈവാത്മാവ് അവരെയെല്ലാം കൂട്ടിവരുത്തി; വിളക്കിച്ചേർത്തു; ഒന്നാക്കി തീർത്തു; ഐക്യത്തിന്റെ ആത്മാവിനെ നല്കി.

സൃഷ്ടിയുടെ ആരംഭത്തിൽ, രൂപരഹിതവും ശൂന്യവുമായിരുന്ന, അന്ധകാരം വ്യാപിച്ചിരുന്ന ആഴത്തിനു മുകളിൽ പരിശുദ്ധാത്മാവ് പരിവർത്തിച്ച് (ഉൽപ. 1/2) ഈ വിശ്വത്തെ എങ്ങനെ ക്രമവും ചിട്ടയും, ഐക്യവും താളവും, ലയവും മേളവുമുള്ള മനോഹരമായ ഒരു ലോകമായി ക്രമീകരിച്ചുവോ അപ്രകാരം തന്നെ പരിശുദ്ധാത്മാവ്, പാപാന്ധകാരത്തിലും ചിതറിക്കപ്പെട്ട അവസ്ഥയിലും ആയിരുന്ന മനുഷ്യവംശത്തെ അതിശക്തമായ സ്നേഹത്തിന്റെ അരൂപിയാൽ സമ്യക്കായി സംയോജിപ്പിക്കുന്ന മനോജ്ഞമായ ദൃശ്യമാണ് നാമിവിടെ ദർശിക്കുന്നത്. (അപ്പ. 2/5–12).

രണ്ടാമത്തെ വായന, പുറപ്പാട് പുസ്തകത്തിൽ നിന്നുമാണ്. സീനായ് മലയുടെ അടിവാരത്ത് വെച്ച് തന്റെ സ്വന്തം ജനത്തിന് രൂപവും ഭാവവും നൽകുന്ന ദൈവത്തിന്റെ മഹത്തായ പ്രവർത്തനങ്ങളുടെ സമ്മോഹനമായ വിവരണമാണവിടെ നാം കാണുക. (പുറ. 19/1 –25). മലമുകളിൽ പ്രത്യക്ഷനാകുന്ന ദൈവത്തെ ദർശിക്കുവാൻ വേണ്ടി മോശ ഇസ്രായേൽ മക്കളെ തങ്ങളുടെ കൂടാരങ്ങളിൽ നിന്ന് സീനായ് മലയുടെ അടിവാരത്തേക്ക് നയിച്ചു. പുകപടലങ്ങളാൽ ആവൃതമായ സീനായ്

www.malankaralibrary.com

മലയിലേക്ക് *അഗ്നിയുടെ* രൂപത്തിൽ യഹോവയായ ദൈവം താഴ്ന്നിറങ്ങി വന്നു. കനത്ത മേഘം നിറഞ്ഞതും ധൂമാവൃതവുമായ മലയിൽ നിന്ന് ചൂളയിൽ നിന്നെന്നപോലെ പുക ഉയർന്നുകൊണ്ടിരുന്നു. അത് ശക്തമായി ഇളകി വിറച്ചു; ഇടിമുഴക്കത്തിൽ ഉത്തരം നല്കുന്ന ദൈവം. ഈ ദൈവപ്രത്യക്ഷത്തെ സങ്കീർത്തകൻ വിവരിക്കുന്നത് നോക്കുക:

*``കർത്താവിന്റെ സ്വരം ജലരാശിക്കു മീതെ മുഴങ്ങുന്നു*
*മഹത്വത്തിന്റെ ദൈവം ഇടിനാദം മുഴക്കുന്നു.*
*കർത്താവിന്റെ സ്വരം ശക്തിനിറഞ്ഞതാണ്.*
*അവിടുത്തെ ശബ്ദം പ്രതാപമുറ്റതാണ്. ........*
*അവിടുന്ന് ലബനോനെ കാളക്കുട്ടിയെപ്പോലെ തുള്ളിക്കുന്നു; ........*
*കർത്താവിന്റെ സ്വരം അഗ്നിജ്ജ്വാലകൾ പുറപ്പെടുവിക്കുന്നു;*
*കർത്താവിന്റെ സ്വരം ഭൂമിയെ വിറകൊള്ളിക്കുന്നു; കർത്താവ് കാദേഷ്*
*മരുഭൂമിയെ നടുക്കുന്നു.... (സങ്കീ. 29)*

ഇപ്രകാരം തന്നെ തന്റെ പുതിയ ഉടമ്പടി രൂപീകരിക്കാനായി ദൈവം പഴയ നിയമ പ്രതീകങ്ങളായ അഗ്നിയുടെയും ശക്തിയുടെയും ഇടിമുഴക്കത്തിന്റെയും പ്രകടനത്തിലൂടെ സെഹിയോൻ മാളികയിൽ ഇറങ്ങി വരുന്നതായി പെന്തിക്കോസ്തായിൽ നാം കാണുന്നു. ഇങ്ങനെ തന്റെ നൂതനമായ ഉടമ്പടി പുതിയ ഇസ്രായേലായ സഭയുമായി ഊട്ടി ഉറപ്പിക്കുകയും ചെയ്യുന്നു.

## അസ്ഥികളുടെ താഴ്‌വര:

ഈ `പെന്തക്കോസ്താ സംഭവത്തെ' വിശദമാക്കുവാൻ എസക്കിയേൽ പ്രവചനം 37-ാം അദ്ധ്യായത്തിൽ വിവരിക്കുന്ന അസ്ഥികളുടെ താഴ്‌വര നമ്മെ സഹായിക്കും. ഉണങ്ങിവരണ്ട അസ്ഥികൾ ജീവൻ പ്രാപിക്കുന്നതായി പ്രവാചകൻ കാണുന്നു. ***കർത്താവിന്റെ ആത്മാവ്*** (ജീവചൈതന്യം) ഉണങ്ങിയ അസ്ഥികളിൽ ആവസിക്കുമ്പോൾ അവ ജീവൻ പ്രാപിക്കുന്നു.

ഈ ദർശനത്തെ വ്യാഖ്യാനിച്ചുകൊണ്ട് പ്രവാചകൻ തന്നെ പറയുന്നതിപ്രകാരമാണ്: `` ഓ എന്റെ ജനമേ, എന്റെ ആത്മാവിനെ ഞാൻ നിങ്ങളിൽ നിവേശിപ്പിക്കും; നിങ്ങൾ ജീവിക്കും" (എസക്കി. 37/13, 15). പെന്തക്കോസ്താദിനത്തിൽ ഈ ആത്മാവു തന്നെയാണ് പുതിയ ജനതയെ – സഭയെ – രൂപീകരിക്കുകയും സജ്ജീകരിക്കുകയും ശക്തീകരിക്കുകയും ജീവനിലേക്ക് നയിക്കുകയും ചെയ്യുന്നത്. യൂദന്മാരെ ഭയന്നും ശത്രുക്കളെ പേടിച്ചും മരണതുല്യമായ അവസ്ഥയിൽ പേടിച്ചരണ്ട് ഒളിസങ്കേതത്തിൽ അഭയം തേടിയ അപ്പസ്തോല സമൂഹത്തെ ധൈര്യപ്പെടുത്തി പുതുജീവൻ പകർന്നുകൊണ്ടും, പുത്തനുണർവ്വ് നല്കിക്കൊണ്ടും പുതിയ ഇസ്രായേലിന് രൂപം കൊടുത്തു; ശക്തികൊടുത്തു; ചൈതന്യം കൊടുത്തു; `നിർജ്ജീവമായ അസ്ഥികൾക്ക് സജീവമായ അസ്ഥിത്വം നല്കി.

*``ഉണർവ്വിൻ കാറ്റേ, ഉണർവ്വിൻ കാറ്റേ*
*വീശുക ഈ സഭമേൽ........*
*അസ്ഥികളാർക്കാൻ, ശക്തിലഭിക്കാൻ*

www.malankaralibrary.com

*വീണ്ടും നിൻ ജീവനെ നല്കണമെ."*
*ഇതാണല്ലോ ആത്മാവിനോടുള്ള സഭയുടെ പ്രാർത്ഥന.*

## ആത്മാവ് എല്ലാവരുടെയും മേൽ:

അവസാനത്തെ വായന ജോയേൽ പ്രവാചകന്റെ പുസ്തകത്തിൽ നിന്നുമാണ്. (ജോയേ. 3/1-5). ഈ പ്രവചനഭാഗം ഉദ്ധരിച്ചുകൊണ്ടാണ് പത്രോസ് ശ്ലീഹാ പെന്തിക്കോസ്താ ദിനത്തിലെ തന്റെ കന്നി പ്രസംഗം ആരംഭിക്കുന്നതു തന്നെ. (അപ്പ. 2/17). പഴയനിയമം പരിശോധിക്കുമ്പോൾ നമുക്ക് വ്യക്തമാകുന്ന ഒരു കാര്യമുണ്ട്: ചില പ്രത്യേക ദൗത്യനിർവ്വഹണത്തിനായി ദൈവാത്മാവ് നിരന്തരം ദൈവജനത്തിന്റെ മദ്ധ്യത്തിൽ പ്രവർത്തിച്ചിരുന്നതായി.

ന്യായാധിപന്മാരെ ഇസ്രായേലിലെ നീതിന്യായ നടത്തിപ്പിനായി വിളിക്കുമ്പോൾ; ധീരമായി ദൈവഹിതം അറിയിക്കുന്നതിന് പ്രവാചകന്മാരെ ശക്തിപ്പെടുത്തുമ്പോൾ; ദൈവജനശുശ്രൂഷക്കായി പുരോഹിതന്മാരെ അഭിഷേകം ചെയ്യുമ്പോൾ; യാഹ്വേ അരുളിചെയ്യുന്നത് കേൾക്കുക: ***"എല്ലാവരുടെയും*** മേൽ എന്റെ ആത്മാവിനെ ഞാൻ വർഷിക്കും; നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും" (യോവേ. 2/28). ദൈവത്തിന്റെ സാർവ്വത്രിക രക്ഷ എല്ലാ ജനപദങ്ങളെയും ***അറിയിക്കുന്നതിന് വേണ്ടിയാണ്*** പെന്തക്കോസ്തായിൽ ***ആത്മാവിനെ അയച്ച്*** അവരെ ശക്തിപ്പെടുത്തുന്നത്.

സൃഷ്ടിയുടെ ആരംഭം മുതലേ ദൈവത്തിന്റെ ആത്മാവ് ലോകത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. പെന്തക്കോസ്താ തിരുനാളിലെ തന്റെ പ്രസംഗത്തിൽ മഹാനായ വിശുദ്ധ ലെയോ മാർപ്പാപ്പ ഇപ്രകാരം പറയുന്നു: "നമുക്ക് സംശയിക്കുവാൻ ഒന്നുമില്ല. പെന്തക്കോസ്താദിനത്തിൽ ശിഷ്യരുടെ ഹൃദയങ്ങളിൽ ദൈവാത്മാവ് നിറഞ്ഞപ്പോൾ ഇദംപ്രഥമമായി അവൻ തന്റെ ആത്മാവിനെ മനുഷ്യ മക്കളിലേക്ക് പകർന്നു കൊടുക്കുകയായിരുന്നില്ല. മറിച്ച്, അനാദിമുതൽ നല്കപ്പെട്ടിരുന്ന ആ മഹാദാനത്തെ ഒന്നുകൂടി ശക്തമായി അവർക്ക് അനുഭവവേദ്യമാക്കുക മാത്രമായിരുന്നു." ഗോത്രപിതാക്കന്മാരും, പുരോഹിതന്മാരും, പ്രവാചകന്മാരും, ആദിമ നീതിമാന്മാരും, വിശുദ്ധരും, രക്തസാക്ഷികളുമെല്ലാം തന്നെ ഈ ആത്മാവിനാൽ നിറഞ്ഞവരും ശക്തി പ്രാപിച്ചവരുമായിരുന്നു. ആത്മാവിന്റെ പ്രവർത്തനം ഇന്നും തുടരുന്നു എന്നതിന്റെ തെളിവാണ് ***'പെന്തിക്കോസ്താ അനുഭവം.'***

## കൂദാശകളും പരിശുദ്ധാത്മ പ്രവർത്തനവും

പരിശുദ്ധാത്മ പ്രവർത്തനത്താലല്ലാതെ ഏതെങ്കിലും കൂദാശ സ്ഥാപിക്കപ്പെട്ടിട്ടുണ്ടോ? പരികർമ്മം ചെയ്യപ്പെടുന്നുണ്ടോ? ഈ പവിത്രാത്മാവിനെ കൂടാതെ രക്ഷാകരകർമ്മങ്ങളും വിശ്വാസത്തിന്റെ മർമ്മങ്ങളുമായ ആഘോഷങ്ങൾ ഒന്നും തന്നെ നടന്നിട്ടുമില്ല. തന്റെ ദാനങ്ങളുടെ ശക്തി ഒരിക്കലും കുറഞ്ഞുപോയിട്ടില്ല. പ്രവാചകൻ പറയുന്നതുപോലെ "യഹോവായുടെ ശക്തി ഇനിയും കുറഞ്ഞുപോയിട്ടില്ല. രക്ഷിക്കാൻ കഴിയാത്തവിധം കർത്താവിന്റെ കരം കുറികിപ്പോയിട്ടില്ല; കേൾക്കാനാവാത്തവിധം അവിടുത്ത കാതുകൾക്ക് മാന്ദ്യം സംഭവിച്ചിട്ടില്ല." (ഏശാ 59/1). ഇതൊക്കെയാണെങ്കിലും കർത്താവിന്റെ ആത്മാവ് തന്റെ വരദാനങ്ങളെ മാനവരാശി

www.malankaralibrary.com

യുടെ മേൽ ഇത്രയേറെ കോരിച്ചൊരിഞ്ഞ മറ്റൊരു സംഭവവും മനുഷ്യചരിത്രത്തിൽ ഇല്ലതന്നെ. തീർച്ചയായും പെന്തക്കോസ്താ, പരിശുദ്ധാത്മാവാസത്തിന്റെ ഉച്ചകോടി തന്നെ ആയിരുന്നു. എന്നാൽ ഇന്നും പരിശുദ്ധാത്മാവ് ശക്തിയോടെ നമ്മിൽ പ്രവർത്തിക്കുകയും നാം ശക്തരായി ജീവിക്കുകയും ചെയ്യുന്നു.

## പരിശുദ്ധ കൂദാശകളിലൂടെ പ്രവർത്തിക്കുന്ന ദൈവാത്മാവ്

മാമോദീസയിലും വി. മൂറോൻ അഭിഷേകത്തിലും (സ്ഥൈര്യലേപനം) കൂടെ ലഭിച്ചിട്ടുള്ള പരിശുദ്ധാത്മാവിന്റെ ശക്തിയാലാണ് ഓരോ ക്രൈസ്തവനും ഇന്നും ജീവിക്കുന്നത്. നമ്മുടെ ഹൃദയങ്ങളെയും മനസുകളെയും സ്വർഗ്ഗസ്ഥനായ പിതാവിങ്കലേക്ക് ഉയർത്തി പ്രാർത്ഥിക്കുവാൻ തുനിയുമ്പോൾ, ഈ ആത്മാവ് നമ്മുടെ ഉള്ളിൽ ഇരുന്നുകൊണ്ട് "ആബ്ബാ, പിതാവേ, എന്നു വിളിക്കുവാൻ" (റോമ 8/15) നമ്മെപ്രാപ്തരാക്കും; അവാച്യമായ നെടുവീർപ്പുകളോടെ, ഇതേ ആത്മാവ് തന്നെ പ്രാർത്ഥിക്കുവാൻ നമ്മെ ശക്തിപ്പെടുത്തു (റോമ. 8/26)

അപ്പത്തിനേയും വീഞ്ഞിനെയും ആശീർവദിച്ച് യേശുവിന്റെ തിരുശരീര രക്തങ്ങളാക്കി പരിശുദ്ധ കുർബാനയിൽ മാറ്റുന്നതുപോലെ തന്നെ നമ്മുടെ ആത്മാവിൽ പ്രവർത്തിച്ച് നമ്മേയും ഈ ആത്മാവ് പവിത്രീകരിക്കുന്നു. വിശ്വാസത്തിലും ഐക്യത്തിലും നമ്മെ ഉറപ്പിച്ചു നിർത്തുന്നത് ഈ ആത്മാവാണ്. ഈ ആത്മാവ് സഭയിലൂടെ പ്രവർത്തിച്ചുകൊണ്ട് നമ്മുടെ പാപം മോചിക്കുകയും ദൈവവുമായും പരസ്പരവും നമ്മെ അനുരഞ്ജിപ്പിക്കുകയും ചെയ്യുന്നു. ഈ ആത്മാവുതന്നെയാണല്ലോ വിവാഹമെന്ന കൂദാശയിലും ക്രിസ്തുവിനോട് ഐക്യപ്പെടുവാനും പരസ്പരം യോജിക്കുവാനും യേശുവിൽ ഒന്നിക്കുവാനും യേശുവിനെപ്പോലെ ആത്മാർപ്പണം ചെയ്യുവാനും മാതൃകാപരമായ ക്രിസ്തീയ കുടുംബ ജീവിതത്തിലൂടെ മാനവ രാശിക്കു മുഴുവനും മാനവും മഹത്വവും ഉളവാക്കുവാനും ഭാര്യാഭർത്താക്കന്മാരെ സഹായിക്കുന്നത്.

## പരിശുദ്ധാത്മാവേ വരണമെ:

പരിശുദ്ധാത്മാവിന്റെ നൽവരങ്ങൾ നമ്മുടെ ജീവിതത്തിൽ വർദ്ധമാനമാകുവാൻ നമുക്ക് പ്രാർത്ഥിക്കാം; അനുദിനം പ്രാർത്ഥിക്കാം; ആത്മാർത്ഥമായി പ്രാർത്ഥിക്കാം. 104-ാം സങ്കീർത്തനത്തിൽ സങ്കീർത്തകൻ വിവരിച്ചിരിക്കുന്നതുപോലെ പരിശുദ്ധാത്മാവിന്റെ സമൃദ്ധമായ ആവാസത്തിനു വേണ്ടി നമുക്ക് തീക്ഷ്ണമായി ഇപ്രകാരം പ്രാർത്ഥിക്കാം.

*"പരിശുദ്ധാത്മാവേ വരിക;*
*അങ്ങയുടെ വിശ്വാസികളുടെ ഹൃദയങ്ങളെ നിറക്കുക;*
*അങ്ങയുടെ സ്നേഹാഗ്നി അവരിൽ ഉജ്ജ്വലിപ്പിക്കുക.*
*അങ്ങയുടെ ആത്മാവിനെ അയക്കുക.*
*അപ്പോൾ അവ സൃഷ്ടിക്കപ്പെടും.*
*അങ്ങനെ അവിടുന്ന് ഭൂമുഖത്തെ നവീകരിക്കുകയും ചെയ്യും. "*

*(സങ്കീർ. 104/29-30)*

'പരിശുദ്ധാത്മാവേ വരണമേ' എന്നപേക്ഷിക്കുമ്പോൾ ഏറെ കാര്യങ്ങൾ നാം

www.malankaralibrary.com

ചോദിക്കുകയാണ്. അപ്പസ്തോല പ്രവർത്തനം എന്ന തിരുലിഖിതത്തിന്റെ പഠനത്തിൽ കൂടെ പരിശുദ്ധാത്മാവ് നമുക്ക് പ്രദാനം ചെയ്യുന്ന നിരവധിയായ നന്മകളെ കുറിച്ച് മനസിലാക്കുന്നതിനും സർവ്വോപരി ആ നന്മകൾ നമ്മിൽ ഫലവത്തായിത്തീരുന്നതിനും സഹായിക്കുന്നു. എത്ര കൂടുതൽ നാം അത് മനസ്സിലാക്കുന്നുവോ, അത്രത്തോളം ആത്മാവിനെ മനസ്സിലാക്കാൻ ഒരുക്കവും കഴിവും ഉള്ളവരായി നാം തീരുന്നു. ഇക്കാര്യം വിശദമാക്കാൻ ഉതകുന്ന ഒരു സംഭവ കഥ പറയട്ടെ.

മാതാപിതാക്കളും മക്കളും അടങ്ങുന്ന ഒരു പാവപ്പെട്ട കുടുംബം ചൈനയിൽ നിന്ന് അമേരിക്കയിലേക്ക് കുടിയേറി പാർക്കുവാനായി കപ്പൽ കയറി. യാത്രയുടെ ചിലവ് പരമാവധി കുറക്കുവാനായി അവർ ആ യാത്രക്കാലം മുഴുവൻ ഭക്ഷിക്കാനുള്ള അവൽ നനച്ചതും അവലോസുണ്ടയും കരുതിക്കൊണ്ടാണ് യാത്ര പുറപ്പെട്ടത്. രണ്ടു മൂന്നാഴ്ച ക്കാലം ഈ ഭക്ഷണ പദാർത്ഥങ്ങൾ തന്നെ ആവർത്തിച്ചാവർത്തിച്ച് കഴി ക്കേണ്ടിവന്നതുകൊണ്ട് യാത്ര വളരെ അരോചകമായിത്തീർന്നു. ഏതാണ്ട് യാത്രയുടെ അവസാനത്തോടടുത്തപ്പോഴാണറിയുന്നത് തങ്ങളുടെ യാത്രാ ടിക്കറ്റിന്റെ വിലയിൽ ദിനംപ്രതി മൂന്നു നേരവും കപ്പലിലേ ഭക്ഷണ ശാലയിൽ വിളമ്പുന്ന സമ്പന്നമായ ഭക്ഷണ പദാർത്ഥങ്ങളുടെ ചിലവും കൂടി ഉൾപ്പെടുത്തിയിരുന്നു എന്നുള്ള വസ്തുത. ഈ സൗകര്യം അവർ മുൻകൂട്ടി മനസിലാക്കിയിരുന്നുവെങ്കിൽ അവരുടെ ആ യാത്ര എത്രയേറെ ആനന്ദപ്രദമാകുമായിരുന്നു! ഇതുപോലെ പരിശുദ്ധാത്മാവിലൂടെ നമ്മിൽ ചൊരിഞ്ഞുകൊണ്ടിരിക്കുന്ന ദൈവീക ദാനങ്ങളെ കുറിച്ചുള്ള അറിവിൽ നാം നിറയു മ്പോൾ ഈ ലോകത്തിലെ നമ്മുടെ ജീവിതയാത്ര കൂടുതൽ കൂടുതൽ ആനന്ദപ്ര ദവും ആദായ പ്രദവും ആയിത്തീരും. "ഞാൻ വന്നിരിക്കുന്നത് നിങ്ങൾക്ക് ജീവൻ ഉണ്ടാകുവാനും അത് ***സമൃദ്ധിയായി*** ഉണ്ടാകുവാനുമാണ്" (യോഹ. 10/10).

തയ്യാറാക്കിയത്:
ഫാദർ ഏബ്രഹാം കാടമല
ഫാദർ ഏബ്രഹാം നടുവിലേടം

മേരിഗിരി,
25-2-98

www.malankaralibrary.com

## ചോദ്യാവലി

1. അപ്പസ്തോല പ്രവർത്തനങ്ങളിലെ പ്രധാന പ്രമേയമെന്ത്?
2. യേശുവിന്റെ സാന്നിദ്ധ്യം സഭ തുടരുന്നതും, സഭയിൽ തന്റെ സാന്നിദ്ധ്യം യേശു തുടരുന്നതും എപ്രകാരമാണ്?
3. സഭ യേശുവിനെ പ്രതിഫലിപ്പിക്കുന്ന വേദികൾ ഏവ?
4. സഭയിൽ യേശു ജീവിക്കുന്നു എന്നു ലൂക്കോസ് സ്ഥാപിക്കുന്നതെങ്ങനെ?
5. സഭയെയും യേശുവിനെയും തമ്മിൽ ഒന്നിപ്പിക്കുന്ന ഘടകമേത്?
6. യഥാർത്ഥ സാക്ഷ്യം എന്താവശ്യപ്പെടുന്നു.
7. അപ്പസ്തോല പ്രവർത്തനങ്ങളെ 3 ഭാഗങ്ങളായി തിരിക്കുന്നതെങ്ങനെ?
8. സുവിശേഷമറിയിക്കുന്നതിന്റെ പ്രാധാന്യത്തെപ്പറ്റി വി. ലൂക്കോസിന്റെയും രണ്ടാം വത്തിക്കാൻ സുന്നഹദോസിന്റെയും വീക്ഷണമെന്ത്?
9. സദ്വാർത്ത കുദാശയായി പരിണമിക്കുന്നതെപ്പോൾ?
10. പെന്തിക്കോസ്തിയുടെ പഴയനിയമ അടിസ്ഥാനമെന്ത്?
11. 'ബാബേൽ അനുഭവം' എന്നാലെന്ത്?
12. 'ഉണങ്ങിവരണ്ട അസ്ഥികൾ' ജീവിക്കുന്നതെപ്പോൾ?
13. 'എല്ലാവർക്കും ആത്മാവ്' നല്കപ്പെടുന്നതെന്തിനായിട്ടാണ്?
14. പെന്തിക്കോസ്തിയെപ്പറ്റി മഹാനായ ലെയോ മാർപ്പാപ്പ പഠിപ്പിക്കുന്നതെന്ത്?
15. കൂദാശകളിലൂടെ ദൈവാത്മാവ് പ്രവർത്തിക്കുന്നതെങ്ങനെ?
16. 'പരിശുദ്ധാത്മാവേ വരണമേ' എന്ന സഭ പ്രാർത്ഥിക്കുമ്പോൾ അർത്ഥമാക്കുന്നതെന്ത്?
17. നമ്മുടെ ജീവിതയാത്ര കൂടുതൽ ആനന്ദപ്രദവും ആദായപ്രദവും ആകുന്നതെങ്ങനെ?

www.malankaralibrary.com

# പരിശുദ്ധാത്മാവുമായി ബന്ധപ്പെട്ട വേദവായനക്കുറിപ്പുകൾ

## ജനുവരി

| | | |
|---|---|---|
| 1 | വ്യാഴം | ഉല്പ. 1: 1–13 |
| 2 | വെള്ളി | ഉല്പ. 1: 14–31 |
| 3 | ശനി | ഉല്പ. 6: 1–8 |
| 4 | ഞായർ | ഉല്പ. 6: 13–22 |
| 5 | തിങ്കൾ | ഉല്പ. 7: 17–24 |
| 6 | ചൊവ്വ | ഉല്പ. 8: 1–5 |
| 7 | ബുധൻ | ഉല്പ. 41: 25–45 |
| 8 | വ്യാഴം | പുറ. 13: 17–22 |
| 9 | വെള്ളി | പുറ. 14: 21–31 |
| 10 | ശനി | പുറ. 15: 1–21 |
| 11 | ഞായർ | പുറ. 15: 22–27 |
| 12 | തിങ്കൾ | പുറ. 31: 1–11 |
| 13 | ചൊവ്വ | പുറ. 34: 1–9 |
| 14 | ബുധൻ | പുറ. 34: 29–35 |
| 15 | വ്യാഴം | പുറ. 35: 20–35 |
| 16 | വെള്ളി | സംഖ്യ. 11: 16–23 |
| 17 | ശനി | സംഖ്യ. 11: 24–35 |
| 18 | ഞായർ | സംഖ്യ. 14: 20–25 |
| 19 | തിങ്കൾ | സംഖ്യ. 16: 20–30 |
| 20 | ചൊവ്വ | സംഖ്യ. 24: 1–9 |
| 21 | ബുധൻ | സംഖ്യ 27: 12–23 |
| 22 | വ്യാഴം | നിയമാ. 2: 26–37 |
| 23 | വെള്ളി | നിയമാ. 6: 4–15 |
| 24 | ശനി | നിയമാ. 9: 6–24 |
| 25 | ഞായർ | നിയമാ. 11: 8–12 |
| 26 | തിങ്കൾ | നിയമാ. 30: 15–20 |
| 27 | ചൊവ്വ | നിയമാ. 31: 1–6 |
| 28 | ബുധൻ | നിയമാ. 32: 1–18 |
| 29 | വ്യാഴം | നിയമാ. 34: 1–12 |
| 30 | വെള്ളി | ന്യായാ. 3: 7–11 |
| 31 | ശനി | ന്യായാ. 6: 28–35 |

## ഫെബ്രുവരി

| | | |
|---|---|---|
| 1 | ഞായർ | ന്യായാ. 11: 29–33 |
| 2 | തിങ്കൾ | ന്യായാ. 13: 21–25 |
| 3 | ചൊവ്വ | ന്യായാ. 14: 1–9 |
| 4 | ബുധൻ | ന്യായാ. 14: 15–20 |
| 5 | വ്യാഴം | ന്യായാ. 15: 9–20 |
| 6 | വെള്ളി | ന്യായാ. 16: 13–22 |
| 7 | ശനി | 1 സാമു. 1: 12–20 |
| 8 | ഞായർ | 1 സാമു. 10: 1–16 |
| 9 | തിങ്കൾ | 1 സാമു. 11: 1–11 |
| 10 | ചൊവ്വ | 1 സാമു. 15: 17–31 |
| 11 | ബുധൻ | 1 സാമു. 16: 6–23 |
| 12 | വ്യാഴം | 1 സാമു. 19: 11–24 |
| 13 | വെള്ളി | 1 സാമു 30: 7–15 |
| 14 | ശനി | 2 സാമു. 22: 1–24 |
| 15 | ഞായർ | 2 സാമു. 23: 1–7 |
| 16 | തിങ്കൾ | 1 രാജാ 18: 7–16 |
| 17 | ചൊവ്വ | 1 രാജാ 19: 9–18 |
| 18 | ബുധൻ | 1 രാജാ 22: 24–36 |
| 19 | വ്യാഴം | 2 രാജാ 2: 1–12 |
| 20 | വെള്ളി | 2 രാജാ. 2: 13–22 |
| 21 | ശനി | 1 ദിന. 12: 16–22 |
| 22 | ഞായർ | 1 ദിന. 15: 1–7 |
| 23 | തിങ്കൾ | 2 ദിന. 18: 12–27 |
| 24 | ചൊവ്വ | 2 ദിന. 20: 13–19 |
| 25 | ബുധൻ | 2 ദിന. 24: 17–20 |
| 26 | വ്യാഴം | നെഹമിയ 9: 16–25 |
| 27 | വെള്ളി | നെഹമിയ 9: 26–31 |
| 28 | ശനി | ജോബ് 4: 1–11 |

www.malankaralibrary.com

# അപ്പസ്തോല പ്രവർത്തനങ്ങൾ ഒരു പഠനം

## അദ്ധ്യായം 2:1 - 13

## പരിശുദ്ധാത്മാവിന്റെ ആഗമനം:

1. പെന്തക്കോസ്താ ദിനം സമാഗതമായപ്പോൾ അവരെല്ലാവരും ഒരുമിച്ചു കൂടിയിരിക്കുകയായിരുന്നു.
2. കൊടുങ്കാറ്റടിക്കുന്നതുപോലുള്ള ഒരു ശബ്ദം പെട്ടെന്ന് ആകാശത്തുനിന്നുണ്ടായി. അത് അവർ സമ്മേളിച്ചിരുന്ന വീടുമുഴുവൻ നിറഞ്ഞു.
3. അഗ്നിജ്വാലകൾ പോലുള്ള നാവുകൾ തങ്ങൾ ഓരോരുത്തരുടേയും മേൽ വന്നു നില്ക്കുന്നതായി അവർ കണ്ടു.
4. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. ആത്മാവ് കൊടുത്ത ഭാഷണവരം അനുസരിച്ച് അവർ വിവിധ ഭാഷകളിൽ സംസാരിക്കുവാൻ തുടങ്ങി.
5. ആകാശത്തിൻ കീഴുള്ള സകല ജനപദങ്ങളിലും നിന്ന് വന്ന ഭക്തരായ യഹൂദർ ജറുസലെമിൽ ഉണ്ടായിരുന്നു.
6. ആരവം ഉണ്ടായപ്പോൾ ജനം ഒരുമിച്ച് കൂടുകയും തങ്ങൾ ഓരോരുത്തരുടെയും ഭാഷകളിൽ അപ്പസ്തോലന്മാർ സംസാരിക്കുന്നതു കേട്ട് അത്ഭുതപ്പെടുകയും ചെയ്തു.
7. അവർ വിസ്മയ ഭരിതരായി പറഞ്ഞു: ഈ സംസാരിക്കുന്നവരെല്ലാവരും ഗലീലിയരല്ലേ?
8. നാമെല്ലാവരും താന്താങ്ങളുടെ മാതൃഭാഷയിൽ ശ്രവിക്കുന്നതെങ്ങനെ?
9. പാർത്തിയാക്കാരും മേദിയാക്കാരും ഏലാമിയാക്കാരും മെസപ്പൊട്ടാമിയൻ നിവാസികളും യൂദയായിലും കപ്പദോക്കിയായിലും, പോന്തസിലും ഏഷ്യയിലും താമസിക്കുന്നവരും
10. ഫ്രീജിയായിലും പാംഫീലിയായിലും ഈജിപ്റ്റിലും കിറേനോയുടെ ലിബിയ പ്രദേശങ്ങളിലും നിവസിക്കുന്നവരും
11. റോമായിൽ നിന്നുള്ള സന്ദർശകരും യഹൂദരും യഹൂദമതം സ്വീകരിച്ചവരും ക്രേത്യരും അറേബ്യരും ആയ നാമെല്ലാം ദൈവത്തിന്റെ അത്ഭുതപ്രവൃത്തികൾ അവർ വിവരിക്കുന്നത് നമ്മുടെ മാതൃഭാഷകളിൽ കേൾക്കുന്നല്ലോ?
12. ഇതിന്റെയെല്ലാം അർത്ഥമെന്ത്? എന്ന് പരസ്പരം ചോദിച്ചുകൊണ്ട് എല്ലാവരും വിസ്മയിക്കുകയും പരിഭ്രമിക്കുകയും ചെയ്തു.
13. എന്നാൽ മറ്റുചിലർ പരിഹസിച്ചു പറഞ്ഞു: പുതുവീഞ്ഞ് കുടിച്ച് അവർക്ക് ലഹരിപിടിച്ചിരിക്കുകയാണ്.

www.malankaralibrary.com

## പെന്തിക്കോസ്തി സംഭവം എങ്ങനെ മനസ്സിലാക്കാം?

അപ്പസ്തോല പ്രവർത്തനങ്ങളുടെ പ്രധാന ആശയം യേശു സഭയിൽ ജീവിക്കുന്നു എന്നതാണ്. തുല്യപ്രാധാന്യമുള്ള മറ്റൊരു വിഷയംകൂടി അവിടെ അവതരിപ്പിക്കുന്നത് നമുക്ക് ശ്രദ്ധിക്കാൻ കഴിയും. ത്രിത്വത്തിലെ മൂന്നാമാളായ ***പരിശുദ്ധാത്മാവ് സഭയെ നയിച്ചുകൊണ്ടിരിക്കുന്നു*** എന്നതാണത്. പരിശുദ്ധാത്മാവ് സഭയുടെ മേൽ ആവസിച്ച് ശക്തിചൈതന്യം പ്രദാനം ചെയ്യുന്ന ***'പെന്തക്കോസ്തിസംഭവം'*** വിവരിക്കുന്ന രണ്ടാമദ്ധ്യായമാണ് ഈ ആഴ്ചയിലെ നമ്മുടെ പഠനവിഷയം. വളച്ചുകെട്ടില്ലാതെയും നാടകീയത കൂടാതെയും ആ സംഭവം വിവരിക്കുന്നത് നാം വായിക്കുന്നു.

യേശുവിന്റെ ഉയർപ്പിനെ തുടർന്ന് അപ്പസ്തോലന്മാരുടെമേൽ പരിശുദ്ധാത്മാവ് ശക്തിയോടെ ആവസിക്കുകയും അവർ ശക്തരാകയും ചെയ്തു എന്നത് സംശയിക്കേണ്ട കാര്യമേയല്ല. കാരണം അത്രയ്ക്കും പ്രകടമായ മാറ്റമാണവരിൽ സംഭവിക്കുന്നത്. ശത്രുക്കൾപോലും സമ്മതിക്കുന്ന ഈ കാര്യം ഒരു തർക്കവിഷയമേയല്ല. അവരെ പരിഹസിച്ചു പറയുമ്പോൾ പോലും 'ഏതോ ലഹരി' അവരിൽ കടന്നു കുടിയിട്ടുണ്ട് എന്ന വസ്തുത എതിരാളികൾ പോലും നിഷേധിക്കുന്നില്ലല്ലോ (അപ്പ. 2/13).

ഉയർത്തെഴുന്നേറ്റ യേശു, അപ്പസ്തോല സമൂഹത്തിന്മേൽ നിശ്വസിച്ചുകൊണ്ട്: "നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ" എന്നരുളിച്ചെയുന്നത് യോഹന്നാന്റെ സുവിശേഷത്തിൽ നാം കാണുന്നു. (യോഹ. 20/22). സൃഷ്ടിയുടെ ആരംഭത്തിൽ, മനുഷ്യനെ മണ്ണുകൊണ്ട് മെനഞ്ഞുണ്ടാക്കി. അവന്റെ നാസാരന്ധ്രങ്ങളിലേക്ക് ജീവശ്വാസം നിശ്വസിച്ചു (ഉല്പ. 2/7). ആദിസൃഷ്ടിയെ അനുകരിക്കുകയും അനുസ്മരിപ്പിക്കുകയും ആവർത്തിക്കുകയുമല്ലേ ഈ പുനഃസൃഷ്ടിയിൽ? അതേ, സംശയമില്ല. ആദ്യത്തേത് വ്യക്തിപരമാണ്; രണ്ടാമത്തേത് സമൂഹപരവും. ആദ്യത്തേത് ജീവശ്വാസമാണെങ്കിൽ രണ്ടാമത്തേത് സ്നേഹശ്വാസമാണ്. അദ്യത്തേത് ശാരീരികമാണെങ്കിൽ രണ്ടാമത്തേത് ആത്മീയമത്രേ.

## പരിശുദ്ധാത്മാവാസം ഉത്ഥാന ഞായറോ പെന്തിക്കോസ്തി ഞായറോ?

ഉയർപ്പുദിവസം തന്നെ ശിഷ്യഗണത്തിന് പരിശുദ്ധാത്മാവിനെ നൽകിയതായി യോഹന്നാന്റെ സുവിശേഷത്തിൽ നാം കാണുന്നു (യോഹ. 20/19). ഉയിർത്തെഴുന്നേറ്റ യേശുവിന്റെ ആദ്യത്തെ പ്രവൃത്തിയായി അത് വിവരിക്കുന്നു. അപ്പസ്തോല പ്രവർത്തനങ്ങളിലാകട്ടെ ഉയർപ്പിന്റെ അമ്പതാം പക്കമാണത് സംഭവിക്കുന്നത്. (അപ്പ. 2/1) സ്വർഗ്ഗാരോഹിതനായ യേശുവിന്റെ ആദ്യത്തെ പ്രവൃത്തിയായി അത് വിവരിക്കപ്പെടുകയും ചെയ്യുന്നു.- വ്യത്യസ്ഥമായ ഈ രണ്ട് വിവരണങ്ങളെ എങ്ങനെയാണ് മനസ്സിലാക്കേണ്ടത്? രണ്ടാമത്തെ വിവരണം, ആദ്യത്തേതിന്റെ പുരണവും പൂർത്തീകരണവുമായി വേണം കാണുവാൻ. പെന്തിക്കോസ്തി ദിവസം സംഭവിച്ച പരിശുദ്ധാത്മാവാസം ചരിത്രത്തിൽ പരിശുദ്ധാത്മാവിന്റെ ആദ്യത്തെ ഇടപെടലോ പ്രത്യക്ഷീകരണമോ ആയിരുന്നില്ലല്ലോ. പ്രപഞ്ചോല്പത്തിയിൽ ശൂന്യവും പാഴുമായിരുന്ന ആഴത്തിന്മേൽ ദൈവത്തിന്റെ ചൈതന്യം (= ദൈവാത്മാവ്) ചലിച്ചുകൊണ്ടിരുന്നു (ഉല്പ. 1/2). പ്രവാചകന്മാരെ പ്രചോദിപ്പിച്ചതും (അപ്പ. 1/16 = ദാവീദുവഴി പരിശുദ്ധാത്മാവ് അരുളിച്ചെയ്ത വചനം; 2/17 ജോയേൽ പ്രവാചകൻ പറഞ്ഞതാണിത്. ഹെബ്ര. 1/1 പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർ വഴി വിവിധഘട്ടങ്ങളിലും വിവിധരീതികളിലും ..... സംസാരിച്ചിട്ടുണ്ട്.) രാജാക്കന്മാരെ ശക്തിപ്പെടുത്തിയതും (അപ്പ. 2/25-28 ഞാൻ കർത്താവിനെ എപ്പോഴും കൺമുമ്പിൽ ദർശിച്ചിരുന്നു എന്നു പ്രഖ്യാപിക്കുന്ന ദാവീദ് രാജാവ് തുടരുന്നു: ഞാൻ പതറിപ്പോകാതിരിക്കാൻ അവിടുന്ന് എന്റെ വലത്തുവശത്തുണ്ട്. എന്റെ ഹൃദയം സന്തോഷിച്ചു; എന്റെ നാവ് സ്തോത്രമാലപിച്ചു; എന്റെ ശരീരം പ്രത്യാശ

www.malankaralibrary.com

യിൽ നിവസിക്കും........ ജീവന്റെ വഴികൾ അവിടുന്ന് എനിക്ക് കാണിച്ചുതന്നു. തന്റെ സാന്നിദ്ധ്യത്താൽ അവിടുന്ന് എന്നെ സന്തോഷഭരിതനാക്കും = സങ്കീ. 16/ 8-11) ന്യായാധിപന്മാരെ നയിച്ചതും (ന്യായ. 7/9) ഈ ആത്മാവ് തന്നെയാണ്. യേശുവിന്റെ സ്നാനസമയത്ത് സംഭവിച്ച ത്രിത്വപ്രത്യക്ഷത്തിൽ പ്രാവിന്റെ രൂപത്തിൽ ഇറങ്ങി ആവസിച്ചതും (മത്താ. 3/16), യേശു സാക്ഷാൽ ദൈവപുത്രനാണെന്ന് പത്രോസിന് വിശ്വാസബോദ്ധ്യം വരുത്തിയതും (ലൂക്കോ. 9/20 = നീ ദൈവത്തിന്റെ ക്രിസ്തു ആണ്) ദൈവാത്മാവിന്റെ പ്രവർത്തനഫലമായിരുന്നുവല്ലോ. ഉയർത്തെഴുന്നേറ്റ യേശുവിനെ കാണാനും മനസ്സിലാക്കാനും ഈ ആത്മാവ് അപ്പസ്തോലന്മാരെ സഹായിച്ചു. അതുകൊണ്ട് പെന്തിക്കോസ്തിയിൽ സംഭവിച്ചത്, പരിശുദ്ധാത്മാവിന്റെ, ചരിത്രത്തിലെ ഇദംപ്രഥമമായ സാന്നിദ്ധ്യമോ പ്രത്യക്ഷമോ ആണെന്ന് ആരും കരുതുകയില്ലല്ലോ. പിന്നെയോ ആത്മാവിന്റെ സാന്നിദ്ധ്യത്തെപ്പറ്റിയുള്ള ഒരു ***'പുതിയ അനുഭവമാണ്',*** അവബോധമാണ്. ഒരു ഉദാഹരണം പറഞ്ഞാൽ: വായു ഭൂമണ്ഡലത്തെയും നമ്മെയും ചുറ്റിപ്പൊതിഞ്ഞിരിക്കുന്നു എന്നത് ഏവർക്കും ബോദ്ധ്യമുള്ള സത്യമായ ഒരു കാര്യമാണ്. എന്നാൽ സാധാരണഗതിയിൽ വായുവിനെപ്പറ്റി നാം അത്ര ബോധവാന്മാരല്ല എന്നത് സത്യമല്ലേ? പിന്നെ എപ്പോഴാണ് ഈ അവബോധമുണ്ടാക്കുന്നത്? ഒന്നുകിൽ കാറ്റടിച്ച് ചലനമുണ്ടാക്കുമ്പോൾ, അല്ലെങ്കിൽ ശ്വാസം കിട്ടാതെ ആസ്മാ രോഗിയെപ്പോലെ വായുവിനുവേണ്ടി വലയുമ്പോൾ! സാധാരണ അവസരങ്ങളിൽ നാം വായുവിനെപ്പറ്റി ഓർക്കാറേയില്ല എന്നതല്ലേ സത്യം? സാധാരണ ജീവിതത്തിലെ മറ്റൊരുദാഹരണം പറയാം. ഫാൻ കറങ്ങിക്കൊണ്ടിരിക്കുമ്പോഴോ, ബൾബ് പ്രകാശിച്ചുകൊണ്ടിരിക്കുമ്പോഴോ വൈദ്യുതിയെപ്പറ്റി നാം ചിന്തിക്കാറില്ല. എന്നാൽ പെട്ടെന്ന് ഫാൻ നില്ക്കുകയും ബൾബ് പ്രകാശം തരാതെ വരുകയും ചെയ്യുമ്പോൾ വൈദ്യുതിയെപ്പറ്റിയും, ചുമതലപ്പെട്ട മന്ത്രിയെപ്പറ്റിയും ചിന്തിക്കുകതന്നെ ചെയ്യും.

## ആത്മാഭിഷേകത്തെപ്പറ്റി യേശു പറഞ്ഞതെന്ത്?

ഇതുപോലെ പത്തുനാൾ നീണ്ടുനിന്ന ആ ഉപാസനയുടേയും (ലൂക്കോ 24/ 53) (ഒരുപക്ഷേ ഉപവാസ) പ്രാർത്ഥനയുടെയും ഏകാഗ്രചിത്തത്തോടെയുള്ള ധ്യാനത്തിന്റെയും അത്യുച്ചകോടിയിൽ ദൈവാവബോധവും, ക്രിസ്ത്വാവബോധവും, ആത്മാവബോധവും - ***പരിശുദ്ധാത്മ നിറവ്*** - അവർക്കനുഭവപ്പെട്ടതിലതിശയമില്ല. ഇന്നും തുടർന്നുകൊണ്ടിരിക്കുന്ന അനുഭവമായി അതിനെ കാണുവാൻ ഏറെ വിഷമിക്കേണ്ടതുമില്ല. അത്യപൂർവ്വവും ഒറ്റപ്പെട്ടതും അന്യം നിന്നുപോയതുമായ അനുഭവമായി അതിനെ കാണേണ്ടതില്ല. എല്ലാവരോടും എക്കാലവുമുള്ള ക്രിസ്തുവിന്റെ വാഗ്ദാനമാണത്, (അപ്പ. 1/5,8,11; മത്താ. 28/18; മർക്കോ. 16/20; ലൂക്കോ 24/49= എന്റെ പിതാവിന്റെ വാഗ്ദാനം നിങ്ങളുടെ മേൽ ഞാൻ അയയ്ക്കുന്നു. യോഹ. 16/7 ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കലേക്ക് അയയ്ക്കും.

യോഹ. 16/13 സത്യാത്മാവ് വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണ്ണതയിലേക്ക് നയിക്കും....... അവൻ..... സംസാരിക്കും. വരാനിരിക്കുന്ന കാര്യങ്ങൾ നിങ്ങളെ അറിയിക്കും. യോഹ. 15/26.... സത്യാത്മാവ് വരുമ്പോൾ എന്നെക്കുറിച്ച് സാക്ഷ്യം നല്കും.)

## പ്രകടനത്തിലെ ഭാവഭേദങ്ങൾ ഏവ?

സ്വയാവബോധം നല്കുന്ന ശക്തിയായി, ദൗത്യബോധം ഉണർത്തുന്ന ശക്തിയായി, ധൈര്യം നൽകുന്ന ശക്തിയായി, ബലപ്പെടുത്തുന്ന നിയമമായി ഇറങ്ങിത്തിരിക്കാനും ഉറക്കെപ്പറയാനുമുള്ള പ്രേരണയും പ്രചോദനവുമായി, പരിശുദ്ധാത്മ സാന്നിദ്ധ്യവും ശക്തിയും അപ്പസ്തോലന്മാരിൽ പ്രവർത്തിക്കുന്നു. ആത്മാവിന്റെ പ്രകടന

www.malankaralibrary.com

ത്തിന് ഭാവഭേദങ്ങളുണ്ട്. വൈദ്യുതി ശക്തിയാണ്. ഈ ശക്തി വിവിധ രൂപഭാവങ്ങളിൽ, തികച്ചും വ്യത്യസ്ഥമെന്ന് തോന്നിപ്പിക്കും വിധം പ്രവർത്തിക്കുമെന്ന് ഏവർക്കും അറിവുള്ളതാണല്ലോ. ഉദാഹരണമായി വിദ്യുഛക്തി ശക്തിയായി, ചലനമായി, യാന്ത്രിക ശക്തിയായി, താപമായി, കാറ്റായി, വെളിച്ചമായി...... വിവിധ രൂപഭാവങ്ങളിൽ പ്രവർത്തിക്കുമെന്നതിനെപ്പറ്റി ആർക്കും സംശയമില്ല. ഇത് ഭൗതികതലത്തിലെ ഒരു പ്രതിഭാസമാണ്. ശാസ്ത്രതത്വമാണ്; പരീക്ഷണ നിരീക്ഷണ വിധേയമാണ്. വിവിധരൂപഭാവങ്ങളിൽ പ്രവർത്തിക്കുന്ന വൈദ്യുതി എന്ന ഈ ഒരേ ശക്തിയെപ്പറ്റി നമുക്ക് മനസ്സിലാക്കാവുന്നതുപോലെ തന്നെ പരിശുദ്ധാത്മ ശക്തിയുടെ പ്രകടനത്തിന്റെ ഭാവഭേദങ്ങൾ അല്പം ശ്രദ്ധിച്ചാൽ നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും.

## മനുഷ്യശക്തിയുടെയും ദൈവശക്തിയുടെയും വ്യത്യാസങ്ങൾ

ബാബേൽ സംഭവത്തിൽ പ്രകടമായത് മനുഷ്യാത്മ ശക്തിയാണ്; പെന്തിക്കോസ്തിയിലാകട്ടെ ദൈവാത്മശക്തിയും. ചിതറിയ്ക്കപ്പെടാതിരിക്കുവാനും ഒറ്റക്കെട്ടായി നില്ക്കുവാനും ഉള്ള മനുഷ്യന്റെ ആസൂത്രിതമായ ശ്രമമാണ് ബാബേലിൽ നടന്നത്. പക്ഷേ വിപരീതഫലമാണ് പ്രകടമാകുക! മനുഷ്യന്റെ പരാജയപ്പെടുന്ന പാഴ്‌വേലയുടെ മകുടോദാഹരണമാണത്. എന്നാൽ പെന്തിക്കോസ്തി സംഭവത്തിൽ ആകട്ടെ ലോകത്തിന്റെ അറുതിവരെ ചിതറിപ്പോകാനും അതേസമയംതന്നെ മുഴുവൻലോകത്തെയും ഒന്നിപ്പിച്ച് നിർത്താനും ഉള്ള ദൈവത്തിന്റെ ആസൂത്രിതമായ പദ്ധതിയാണ് നാം കാണുക. കേവലമനുഷ്യന്റെ പരാജയപ്പെടുന്ന ശ്രമങ്ങൾ ദൈവത്തിന്റെ വിജയം വരിക്കുന്ന പദ്ധതിയുടെ മുമ്പിൽ ശിരസ്സ് നമിക്കുന്നു. അത് എപ്പോഴും അങ്ങനെ തന്നെയാണ്. മനുഷ്യന്റെ പരാജയത്തെ തിരുത്തിക്കുറിക്കുന്ന ദൈവത്തിന്റെ ശക്തിയും പ്രവർത്തനവും വിജയവുമാണ് പെന്തിക്കോസ്തിയിൽ പ്രകടമാകുന്നത്.

## പെന്തിക്കോസ്തി അനുഭവത്തിന്റെ തനിമ എന്ത്?

ആത്മാവിന്റെ ഇതഃപര്യന്തമുള്ള പ്രത്യക്ഷപ്പെടലുകളിൽ നിന്ന് വ്യത്യസ്തമായി പെന്തിക്കോസ്തി അനുഭവത്തിന് ഒരു തനിമ അവകാശപ്പെടാനുണ്ട്. ഇക്കാര്യം വ്യക്തമാക്കാൻ ലൂക്കോസ് ശ്രമിക്കുന്നുമുണ്ട്. ചരിത്രത്തിൽ ഇതുവരെയുള്ള ദൈവത്തിന്റെ എല്ലാ വെളിപ്പെടുത്തലുകളും സമൂഹത്തെ ലക്ഷ്യം വെച്ചുകൊണ്ടായിരുന്നെങ്കിലും, ഒറ്റപ്പെട്ട വ്യക്തികളിലാണ് അത് പ്രത്യക്ഷപ്പെട്ടിരുന്നത്.

ഉദാ: പുരോഹിതന്മാർ, പ്രവാചകന്മാർ, ന്യായാധിപന്മാർ, രാജാക്കന്മാർ എന്നിവരിൽ. എന്നാൽ പെന്തിക്കോസ്തിയിലാകട്ടെ ഈ വെളിപാട് ഒരു സമൂഹത്തിന്റെ മേൽ ഒന്നടങ്കമായിരുന്നു എന്നത് സവിശേഷമായ ഒരു കാര്യമാണ്. ഇതുവരെ സംഭവിക്കാത്തതും. സമൂഹത്തെ മുന്നിൽ കണ്ടിരുന്നു എന്നു മാത്രമല്ല അത് 120 പേരടങ്ങുന്ന (അപ്പ. 1/15; 2/1) ഒരു സമൂഹത്തിന്റെ മേൽ തന്നെയായിരുന്നു: "അന്നൊരുദിവസം 120 ഓളം സഹോദരന്മാർ സമ്മേളിച്ചിരിക്കെ....... പെന്തക്കോസ്തി ദിനം സമാഗതമായപ്പോൾ അവരെല്ലാവരും ഒരുമിച്ചുകൂടിയിരിക്കുകയായിരുന്നു.''

## ഭാഷാവരത്തെപ്പറ്റി വി. പൗലോസ് എന്തുപറയുന്നു?

അവിടെ അരങ്ങേറിയ ഭാഷാവാരത്തിന്റെ പ്രകടനത്തിലും ഈ തനിമ ദൃശ്യമാണ്. സാധാരണയായി ഭാഷാവരങ്ങൾ പ്രകടമാകുന്നത് അവ്യക്തമായ ചില സ്വരങ്ങൾ പുറപ്പെടുവിക്കുന്നതിലൂടെയാണ്. 1 കോരി: 14/2– 'ഭാഷാവരമുള്ളവൻ മനുഷ്യരോടല്ല ദൈവത്തോടാണ് സംസാരിക്കുന്നത്. അവൻ പറയുന്നത് ആരും ഗ്രഹിക്കുന്നില്ല. അവൻ ആത്മാവിനാൽ പ്രചോദിതനായി രഹസ്യങ്ങളെപ്പറ്റി സംസാരിക്കുന്നു.... ഭാഷാവരത്തോടെ സംസാരിക്കുന്നവൻ തനിക്കുതന്നെ അഭിവൃദ്ധി കൈവരുത്തുന്നു.

www.malankaralibrary.com

........ നിങ്ങളെല്ലാവരും ഭാഷാവരത്തോടെ സംസാരിക്കണമെന്ന് ഞാനാഗ്രഹിക്കുന്നു........ ഭാഷാവരമുള്ളവന്റെ വാക്കുകൾ സഭയുടെ ഉത്ക്കർഷത്തിനുതകും വിധം ആരെങ്കിലും വ്യാഖ്യാനിക്കുന്നില്ലെങ്കിൽ പ്രവചിക്കുന്നവനാണ് അവനെക്കാൾ വലിയവൻ. ........ ഭാഷാവരംകൊണ്ട് അവ്യക്തമായി സംസാരിച്ചാൽ ആർക്ക് എന്തു മനസ്സിലാകും? വായുവിനോടായിരിക്കും നിങ്ങൾ സംസാരിക്കുന്നത്.......***ഭാഷയുടെ അർത്ഥം*** ഞാൻ *ഗ്രഹി*ക്കുന്നില്ലെങ്കിൽ സംസാരിക്കുന്നവന് ഞാനും, എനിക്ക് അവനും അന്യനായിരിക്കും..... അതിനാൽ ഭാഷാവരത്തോടെ സംസാരിക്കുന്നവൻ വ്യാഖ്യാനത്തിനുള്ള കഴിവിനായി പ്രാർത്ഥിക്കണം. ഞാൻ ഭാഷാവരത്തോടെ പ്രാർത്ഥിക്കുമ്പോൾ എന്റെ ആത്മാവ് പ്രാർത്ഥിക്കുന്നു. എന്നാൽ എന്റെ മനസ്സ് ഫലരഹിതമായിരിക്കും. ..... ആത്മാവ്കൊണ്ട് മാത്രം സ്തോത്രംചെയ്താൽ നിന്റെ വാക്കുകൾ ഗ്രഹിക്കുവാൻ ത്രാണിയില്ലാത്ത അന്യൻ നിന്റെ കൃതജ്ഞതാ സ്തോത്രത്തിന് എങ്ങനെ ആമ്മേൻ പറയും. ....... സഭയിൽ പതിനായിരം വാക്കുകൾ ഭാഷാവരത്തിൽ സംസാരിക്കുന്നതിനെക്കാൾ ഞാൻ ഇഷ്ടപ്പെടുന്നത്. മറ്റുള്ളവരെ പ്രബോധിപ്പിക്കുന്നതിന് അഞ്ചുവാക്കുകൾ ബോധപൂർവ്വം സംസാരിക്കുന്നതാണ്....... ഭാഷാവരം വിശ്വാസികൾക്കുള്ളതല്ല, അവിശ്വാസികൾക്കുള്ള അടയാളമാണ്...... സഭമുഴുവൻ സമ്മേളിച്ചിരിക്കെ ഓരോരുത്തരും ഭാഷാവരത്തോടെ സംസാരിക്കുന്നതായി അജ്ഞരോ അവിശ്വാസികളോ വന്നു കണ്ടാൽ നിങ്ങൾക്ക് ഭ്രാന്താണെന്ന അവർ പറയുകയില്ലേ?..........

ഭാഷാവരത്തോടെ സംസാരിക്കുന്നെങ്കിൽ രണ്ടോ മൂന്നുപേർ മാത്രമേ സംസാരിക്കാവൂ...... വ്യാഖ്യാനിക്കാൻ ആളില്ലെങ്കിൽ അവർ സഭയിൽ മൗനം ദീക്ഷിക്കുകയും ....... ചെയ്യട്ടെ....... ദൈവം ***കോലാഹലത്തിന്റെ ദൈവമല്ല,*** സമാധാനത്തിന്റെ ദൈവമാണ്. ....... ഭാഷാവരത്തോടെ സംസാരിക്കുന്നവരെ നിരോധിക്കേണ്ട. എല്ലാ കാര്യങ്ങളും ഉചിതമായും ക്രമമായും ചെയ്യുവിൻ" (1 കോരി 14/2-40)

## ആത്മാവിനെ നിയന്ത്രിക്കുകയോ ആത്മാവിനാൽ നിയന്ത്രിക്കപ്പെടുകയോ?

ആത്മാവിനെ സഭ നിയന്ത്രിക്കുന്നു എന്നല്ല, സഭ ആത്മാവിനാൽ നിയന്ത്രിക്കപ്പെടുന്നു എന്നുള്ളതാണ് വാസ്തവം. ഇത് വളരെ പ്രധാനപ്പെട്ട ഒരു വസ്തുതയാണ്. സഭയിൽ എന്നല്ല ചെറുതും വലുതുമായ ഏത് സമൂഹത്തിലും ഔചിത്യത്തിന് വലിയ സ്ഥാനമുണ്ട്. എല്ലാ കാര്യങ്ങളും ഉചിതമായും ക്രമമായും ചെയ്യുവാൻ അപ്പസ്തോലൻ നല്കുന്ന നിർദ്ദേശമാണ് സഭയുടെ നിയാമക തത്വം എന്നു പറയാം. കോലാഹലത്തിന്റെ വേദികളായി സഭാസമൂഹങ്ങൾ തരംതാഴാതിരിക്കാനുള്ള താക്കീത് ശ്രദ്ധേയമാണ്. നമ്മുടെ പ്രാർത്ഥനാ യോഗങ്ങൾക്കും, ഇടവകയോഗങ്ങൾക്കും, സംഘടനായോഗങ്ങൾക്കും എല്ലാം ഈ തത്വം ബാധകമല്ലേ? ശ്രദ്ധിക്കുക; ദൈവം കോലാഹലത്തിന്റെ ദൈവമല്ല (1 കോരി. 14/33). ദൈവാത്മാവ് കോലാഹലത്തിന്റെ ആത്മാവല്ല.

### *അപ്പ. 2/1 പെന്തക്കോസ്തി ദിനം സമാഗതമായപ്പോൾ .....*

## എന്താണി പെന്തക്കോസ്തി?

യഹൂദന്മാർക്ക് ഉണ്ടായിരുന്ന മൂന്ന് പ്രധാന ഉത്സവാഘോഷ ദിനങ്ങളാണ് (a) പെസഹാ (b) പെന്തിക്കോസ്തി (c) കൂടാരപ്പെരുനാൾ.

'എന്റെ ബഹുമാനത്തിനായി വർഷംതോറും മൂന്നു തവണ നിങ്ങൾ ഉത്സവമാഘോഷിക്കണം' (പുറ: 23/14). 'വർഷത്തിൽ മൂന്നു തവണ നിങ്ങളുടെ പുരുഷന്മാരെല്ലാവരും ഇസ്രായേലിന്റെ ദൈവമായ കർത്താവിന്റെ മുമ്പിൽ ഹാജരാകണം' പുറ. 23/17; 34/23; നിയമാ. 16/16)

www.malankaralibrary.com

**എന്താണ് പെസഹാത്തിരുനാൾ?**

(a) **പെസഹാ** (പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ) ഈജിപ്തിൽ നിന്നുള്ള പുറപ്പാടിന്റെ (രക്ഷ) അനുസ്മരണമായി വർഷം തോറും ആചരിക്കുന്ന തിരുനാൾ (പുറ.23/15; 34/18; നിയമാ. 16/1) തെരഞ്ഞെടുക്കപ്പെട്ട ദേശത്തിന്റെ തലസ്ഥാനമായ ജറുസലെമിൽ വെച്ച് ആചരിക്കണം. പെസഹാബലി അർപ്പിക്കണം (നിയമ. 16/6) അത് സന്ധ്യാസമയത്ത് ആയിരിക്കണം. (നിയമ 16/2).

ഒന്നാം മാസം (ആബീബ്) 14-ാം തീയതി സന്ധ്യാസമയത്ത് ബലി അർപ്പിക്കുകയും 7 ദിവസം പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാളായി അചരിക്കുന്നു. ഈജിപ്തിൽ നിന്ന് പലായനം ചെയ്തദിവസങ്ങളിൽ പുളിപ്പില്ലാതെ (തിടുക്കത്തിൽ) അപ്പം ഭക്ഷിച്ചതിന്റെ അനുസ്മരണമാണത്.

(b) **പെന്തിക്കോസ്തി** (ആഴ്ചകളുടെ തിരുനാൾ (നിയമ. 16/10); പുത്തരിപ്പെരുനാൾ (പുറ. 23/16, 19); വാരോത്സവം (സംഖ്യ. 28/26); ആദ്യഫലപ്പെരുനാൾ (പുറ 34/22).

പെസഹായുടെ അമ്പതാം ദിവസം ആചരിച്ചിരുന്ന പെരുനാൾ (ലേവ്യ. 23/16) ദേശത്തിന്റെ തലസ്ഥാനമായ ജറുസലെമിൽ ഒത്തുകൂടി ആചരിച്ചിരുന്നു. (നിയമ. 16/11) അത് വലിയ സന്തോഷാവസരമായിരുന്നു. ഓരോ യഹൂദനും തന്റെ ഭാര്യയോടും, പുത്രീപുത്രന്മാരോടും, ദാസീദാസന്മാരോടും, ലേവ്യനോടും, പരദേശി, അനാഥർ, വിധവകൾ എന്നിവരോടുകൂടിയും സാഘോഷം ആചരിച്ചുവന്ന തിരുനാൾ ആയിരുന്നു പെന്തിക്കോസ്തി.

വിവിധ പേരുകളിൽ അറിയപ്പെട്ടിരുന്ന തിരുനാളായിരുന്നു.

**കൂടാരപ്പെരുനാൾ എന്താണ്?**

c) **കൂടാരപ്പെരുനാൾ.** (സംഭരണിതിരുനാൾ (പുറ. 23/16) ലേവ്യ. 23 /33-43; സംഖ്യ. 29/12-38) വർഷാവസാനം ആചരിച്ചുവന്നിരുന്നു (പുറ. 34/22) 7 ദിവസത്തെ ഉത്സവാഘോഷം (നിയമ. 16/13) കുടുംബമൊന്നാകെ, ദാസീദാസന്മാരെയും പരദേശികളെയും അനാഥരെയും എല്ലാം പങ്കെടുപ്പിച്ചുകൊണ്ട് ആചരിച്ചിരുന്നു. സന്തോഷത്തിന്റെ ദിവസങ്ങൾ ആയിരുന്നു അവ.

പുരുഷന്മാരെല്ലാവരും ജറുസലെമിൽ സമ്മേളിക്കണം (നിയ. 16/16).

ഏഴാംമാസം 15-ാം ദിവസം മുതൽ 7 ദിവസം (ലേവ്യ. 23/34). വിളവ് ശേഖരിച്ച ശേഷം മരച്ചില്ലകൾ, ഈന്തപ്പനയോലകൾ എന്നിവ ഉയർത്തി ഉല്ലാസഭരിതരായി, 7 ദിവസത്തേയ്ക്ക് കൂടാരങ്ങളിൽ വസിച്ചുകൊണ്ട് (ലേവ്യ 23/42) ആഘോഷിച്ചു വന്നു.

അപ്പ. 2/1 'പെന്തക്കോസ്താ ദിനം സമാഗതമായപ്പോൾ'....... പശ്ചാത്തലം നാം കണ്ടു കഴിഞ്ഞു. ഈ തിരുനാളിനെ ആഴ്ചകളുടെ തിരുനാൾ എന്നും വിളിച്ചിരുന്നു. കാരണം പെസഹായ്ക്കു ശേഷം 7 ദിവസങ്ങളുടെ 7 ആഴ്ചകൾ പൂർത്തീകരിച്ചു കഴിഞ്ഞതിലുള്ള സന്തോഷപ്രകടനമാണ്. (7 x 7 = 49) 50-ാം മത്തെ ദിവസം നടത്തുന്ന പെരുനാൾ. അതുകൊണ്ട് അമ്പതാം പെരുനാൾ അഥവാ ***പെന്തക്കോസ്തി (പെന്തക്കോസ്താ)*** എന്ന് അറിയപ്പെട്ടു. 50-ാം വർഷം ജൂബിലി (ജോബേൽ) വർഷമായി അത്യാഹ്ലാദപൂർവ്വം ആഘോഷിച്ചിരുന്നു. 50-ാം ദിവസം സാഘോഷം വാരരോത്സവം ആചരിച്ചിരുന്നു. മാത്രമല്ല വിളവെടുപ്പിന്റെ ആഹ്ലാദ പ്രകടനവും കുടി ഇവിടെ കാണാം. കാർഷികസംസ്കാരത്തിൽ വിളവെടുപ്പ്, മഹോത്സവമായിരുന്നു. ദൈവദാനം ഏറ്റുവാങ്ങുന്ന ശുഭസുന്ദരസുദിനങ്ങളായി അവ

www.malankaralibrary.com

ഘോഷിച്ചിരുന്നു. (ഒട്ടെല്ലാ സംസ്കാരങ്ങളിലും ഇതിന്റെ അനുരണനം കാണാനാവും). യഹോവയോടുള്ള നന്ദിയുടെ പ്രകടനവും കുടി ഈ ആഘോഷങ്ങളിൽ പ്രകടമാണ്. മനസ്സ് നന്ദികൊണ്ട് തിങ്ങിനിറയുമ്പോൾ മാത്രമേ മനുഷ്യന് ഹൃദയംതുറന്ന് ആഹ്ലാദിക്കാനും മനസ്സു തുറന്ന് ആഹ്ലാദം പങ്കുവെക്കാനും ഉല്ലസിക്കുവാനും കഴിയു എന്ന് ആർക്കാണറിയാത്തത്.

## ദൈവനിയമങ്ങളെ ഓർക്കുന്ന ദിനമോ?

'ചൊല്ലും ചോറും' കൊടുത്ത് മക്കളെ വളർത്തുക എന്ന ശൈലി നമുക്ക് പരിചിതമാണല്ലോ. ദൈവ പിതാവും അതുതന്നെയാണ് ചെയ്യുക. വിളവെടുപ്പിന്റെ ഈ ആഹ്ലാദദിനങ്ങൾ – ഈ ഉത്സവദിനങ്ങൾ – അതിപ്രധാനമായ മറ്റൊരു ദൈവികദാനത്തെക്കുടി നന്ദിപുർവ്വം അവർ സ്മരിച്ചിരുന്നു. സീനായി മലയിൽ വെച്ച് മോശവഴി ഇസ്രായേൽ മക്കൾക്ക് ദൈവം നൽകിയ അമുല്യനിധിയായ ***നിയമങ്ങളെ ഓർക്കുന്ന അവസരം***കുടിയാണത്. ആ നിയമങ്ങൾ വഴി മനുഷ്യവംശത്തിന് കൈവന്ന ശ്രേഷ്ഠത എത്രയേറെയൊണ്. ലിഖിതമോ അലിഖിതമോ ആയ ചില നിയമശാസനകൾ ചരിത്രാതീതകാലത്തും, ചരിത്രത്തിന്റെ ആരംഭം മുതലും മനുഷ്യൻ മുറുകെപ്പിടിച്ചിരുന്നതായി നമുക്ക് കാണാൻ കഴിയും. നിയമം ഇല്ലാത്തിടത്ത് മനുഷ്യന്റെ ശ്രേഷ്ഠതക്ക് മങ്ങലേൽക്കുന്നു എന്നു മാത്രമല്ല, മാനവജീവിതം തന്നെ അവതാളത്തിലാകുന്നു. ഉദാഹരണത്തിന് റോഡിലുടെ തലങ്ങും വിലങ്ങും വാഹനങ്ങൾ ഓടിക്കൊണ്ടിരിക്കുന്നത് നമുക്ക് കാണാം. അത് ഓടിക്കുന്നവർ വളരെ കർശനമായും കർക്കശമായും ചില നിയമങ്ങൾ പാലിക്കുന്നതുകൊണ്ടും, അതു പാലിയ്ക്കപ്പെടുന്നുണ്ടോ എന്നു പരിശോധിക്കുവാൻ അധികാരികൾ – നിയമപാലകർ – പ്രതിജ്ഞാ ബദ്ധരാകുന്നതുകൊണ്ടും മാത്രമാണ് സുഗമമായി ഈ ക്രമീകരണം മുന്നോട്ട് പോകുന്നത് എന്ന് ഏത് കൊച്ചുകുട്ടിക്കുപോലും അറിവുള്ളതാണല്ലോ. മുഖം നോക്കിയും സുഖം നോക്കിയും നിയമത്തിന് നേരെ കണ്ണടച്ചാൽ എന്താപത്തായിരിക്കും സംഭവിക്കുക! എത്ര ജീവൻ അപഹരിക്കപ്പെടും! എത്ര വാഹനങ്ങൾ നാശമാകും! വഴിതന്നെ അലങ്കോലപ്പെടും. യാത്ര തന്നെ അസാദ്ധ്യമായിത്തീരുകയും ചെയ്യും. വാഹനങ്ങളോ, ഉപകരണങ്ങളോ, യന്ത്രങ്ങളോ നിർമ്മിക്കുന്ന കമ്പനികൾ അവ എങ്ങനെ പ്രവർത്തിപ്പിക്കണം എന്ന് നിർദ്ദേശിക്കുന്ന നിയമങ്ങൾ എഴുതിയ പുസ്തകം കൂടി തയ്യാറാക്കി അതോടൊപ്പം ഉപഭോക്താവിന് നല്കുവാൻ പ്രത്യേകം ശ്രദ്ധിക്കും. ആ നിർദ്ദേശം അനുസരിച്ച് പ്രവർത്തിക്കുവാൻ തയ്യാറായെങ്കിൽ മാത്രമേ ആ വക യന്ത്രോപകരണങ്ങൾക്ക് ഗാരന്റിയും ദീർഘായുസ്സും പുർണ്ണപ്രയോജനവും ലഭിക്കു. നിർമ്മാതാവിന് തന്നെയാണ് യന്ത്രത്തിന്റെ ഉപയോഗക്രമവും നിയമങ്ങളും നിർണ്ണയിക്കുവാൻ അവകാശവും അർഹതയുമുള്ളത്. തന്റെ സൃഷ്ടിയായ മനുഷ്യന്റെ ശരിയായ ജീവിത രീതിയും ജീവിതയാത്രയും സംബന്ധിച്ച നിയമങ്ങൾ എന്തൊക്കെയായിരിക്കണമെന്ന് നിർദ്ദേശിക്കാൻ സർവ്വഥാ യോഗ്യൻ, അവന്റെ സൃഷ്ടാവും ഉടയവനുമായ, അവനെക്കുറിച്ച് അത്യന്തം താല്പര്യവും ശ്രദ്ധയുമുള്ളവനായ, ദൈവം തന്നെയാണ്. കാലമേറെ കഴിഞ്ഞിട്ടും ആ നിയമങ്ങൾ ഒട്ടും തന്നെ കാലഹരണപ്പെട്ടിട്ടില്ല എന്ന നമ്മുടെ തിരിച്ചറിവ് ആ നിയമങ്ങളുടെ മഹത്വം വിളിച്ചോതുന്നില്ലേ?

ഏതൊരു ദൈവാത്മാവിന്റെ ആവസിപ്പാൽ രുപരഹിതവും ക്രമരഹിതവുമായിരുന്ന വിശ്വം, രുപവും ഭാവവും, അടുക്കും ചിട്ടയും, വരുതിയും ക്രമവും സ്വീകരിച്ചുവോ, ഏതൊരു ദൈവാത്മാവിനാൽ കല്പനകളും നിയമങ്ങളും നൽകപ്പെട്ടുവോ ആ പരിശുദ്ധാത്മാവ് തന്നെ ***ആദ്യനിയമം കൊടുത്തതിന്റെ ഉത്സവമായ പെന്തക്കോസ്തി ദിവസം തന്നെ*** ഒരിക്കൽക്കുടി കൊടുങ്കാറ്റടിക്കുന്ന ശബ്ദത്തിന്റെ അകമ്പടിയിൽ അഗ്നി

www.malankaralibrary.com

ജാലകളുടെ പശ്ചാത്തലത്തിൽ, അവരിൽ ഇറങ്ങി ആവസിക്കുകയും നവ്യമായ നിയമം – സ്നേഹത്തിന്റെ പുത്തൻനിയമം – പുതുവീഞ്ഞിന്റെ അനുഭവം – അരങ്ങേറാൻ കള മൊരുക്കിയതും, സന്ദർഭോചിതവും ആത്യന്തികമായ വെളിപ്പെടുത്തലും ആണെന്ന തിൽ തർക്കമില്ല.

## *2/1:– അവർ ഒരുമിച്ചു കൂടിയിരിക്കയായിരുന്നു:–*
## കൂട്ടായ്മയുടെ പ്രസക്തി വർദ്ധിക്കുന്നുവോ?

മനസ്സുകൊണ്ടും ശരീരം കൊണ്ടും അവർ ഒന്നിച്ചായിരുന്നു. ഒരു മനസ്സോടെ അവർ ദൈവസന്നിധിയിൽ തന്നെയായിരുന്നു, കഴിഞ്ഞ 10 ദിവസങ്ങളിൽ. കല്പന ലംഘിച്ച ആദ്യഹവ്വായ്ക്ക് പകരം രണ്ടാം ഹവ്വായായ പരിശുദ്ധ കന്യകമറിയം അവിടെ ഉണ്ടായിരുന്നു, ജീവിക്കുന്നവരുടെ അമ്മയായി; 'നിന്റെ അമ്മയായി' (യോഹ. 19/27); നമ്മുടെ അമ്മയായി. പെന്തിക്കോസ്തിയിൽ സംഭവിച്ച ദൈവാത്മാവിന്റെ ആവാസം ഒരു പുതിയ സമൂഹ സൃഷ്ടി – നവലോകസൃഷ്ടി – ലക്ഷ്യം വെക്കുന്നതായി നാം കാണുന്നു.

ഉയിർത്തെഴുന്നേറ്റ യേശു ഒരൊറ്റ തവണമാത്രമേ ഒരു വ്യക്തിക്ക് മാത്രമായി പ്രത്യക്ഷപ്പെട്ടിട്ടുള്ളു – മഗ്ദലനമറിയത്തിന്. (മത്താ. 28 /9–10 = "അപ്പോൾ യേശു എതിരേ വന്ന് അവരെ അഭിവാദനം ചെയ്തു..... യേശു അവരോടു പറഞ്ഞു: ഭയപ്പെ ടേണ്ട; നിങ്ങൾ ചെന്ന് എന്റെ സഹോദരന്മാരോട് ഗലീലിയിലേക്ക് പോകണമെന്നും അവിടെ അവർ എന്നെ കാണുമെന്നും പറയുക." മർക്കോ: 16/9 = 'ഉയിർത്തെഴുന്നേ റ്റതിനു ശേഷം, യേശു ആദ്യം മഗ്ദലന മറിയത്തിന് പ്രത്യക്ഷപ്പെട്ടു.')

അപ്പോൾ പോലും യേശു തന്റെ ശിഷ്യ സമൂഹത്തിനുള്ള സന്ദേശം കൊടു ത്തുവിടാനാണ് താല്പര്യമെടുത്തത്. അപ്പസ്തോലന്മാർക്ക് ആർക്കും ഒറ്റക്ക് താൻ പ്രത്യക്ഷനായിട്ടില്ല. അവർ ഒന്നിച്ചുള്ളപ്പോൾ മാത്രമേ അവൻ അവരുടെ മദ്ധ്യേ പ്രത്യ ക്ഷപ്പെട്ടിട്ടുള്ളു. പരിശുദ്ധാത്മാവ് കടന്നുവന്നതും ഇതേരീതിയിൽ തന്നെയാണ് – അവർ ഒന്നിച്ചു കുടിയിരുന്നപ്പോൾ (2/1). ചുരുക്കത്തിൽ നമുക്ക് എത്രത്തോളം ഒരുമിക്കാനും സ്വരുമിക്കാനും തന്മയീഭവിക്കാനും കഴിയുന്നുവോ അത്രത്തോളമേ ദൈവാത്മാവ് നമ്മിൽ കടന്നു വരൂ എന്ന് വ്യക്തം.

ലോകം ഇന്നു ഒരു കൊച്ചുഗ്രാമംപോലെ ചെറുതായി കഴിഞ്ഞു (globel village). ഇനി ചെറുതാകേണ്ടത് ലോകത്തിൽ ജീവിക്കുന്ന നാമോരോരുത്തരുമാണ്. മനു ഷ്യൻ തന്നിലെ അഹങ്കാരം വിട്ടുകളഞ്ഞ് ചെറുതാകണം. രാഷ്ട്രപിതാവായ മഹാ ത്മജി ഉപദേശിക്കുമ്പോലെ 'വിനയം കൊണ്ട് ചെറുതായി ഒരു പൂജ്യമായി തീരണം'. അങ്ങനെ സ്നേഹത്തിൽ ഒന്നിക്കണം; ആത്മാവിൽ ഐക്യപ്പെടണം. ഈ ലക്ഷ്യത്തോ ടെയാണ് പരിശുദ്ധാത്മാവ് പെന്തിക്കോസ്തിയിൽ ഇറങ്ങിവന്നത്. മനസ്സിൽ വിദ്വേഷമോ അകൽച്ചയോ പകയോ വെച്ചുകൊണ്ടിരുന്നാൽ ദൈവാത്മാവിന് കടന്നുവരാൻ കഴി യാതെ പോകും. അടഞ്ഞവാതിൽ തള്ളിത്തുറന്ന് കടന്നുവരുന്ന ശൈലി ആത്മാവിന് സാധാരണയല്ല. അത് സ്വാതന്ത്ര്യധ്വംസനമാകാൻ സാദ്ധ്യതയുള്ളതുകൊണ്ടാണങ്ങനെ പ്രവർത്തിക്കാത്തത്. വ്യക്തികൾ തമ്മിലും, കുടുംബങ്ങൾ തമ്മിലും, സഭകൾ തമ്മിലും, ഒന്നാകണം. സഭകൾ തമ്മിൽ ഐക്യപ്പെടണമെന്നും, ഒരു സഭയായി– ലക്ഷണമൊത്ത ഏക സത്യസഭയായി – തീരണമെന്നും പറയുന്നത് വെറും ഭംഗിക്കുവേണ്ടിയല്ല. ദൈവി കപദ്ധതി അത് ആകുന്നതുകൊണ്ട് ആണ്. ഇന്നു പല സഭകളും തമ്മിൽ ശത്രുക്കളെ പ്പോലെ വെട്ടിമുറിക്കുകയും, തല്ലിഇടയ്ക്കുകയും, കടിച്ചുകീറുകയും, പടപൊരുതുകയും ചെയ്യുന്നു! പല സഭകളുടെയും ആവിർഭാവം തന്നെ പകയും പകരം പോക്കലുമാണ്. അതിനാൽ ക്രിസ്തുവിന്റെ ശരീരം ഇന്ന് കീറിമുറിക്കപ്പെട്ട അവസ്ഥയിലാണ്. തന്റെ

www.malankaralibrary.com

അങ്കിപോലും പങ്കുവെയ്ക്കപ്പെട്ടില്ലെന്ന് ഓർക്കുക (ലൂക്കോ 23/34; മത്തായി. 27/35). ലോകത്തിന്റെ രക്ഷാനൗകയും ശാന്തിസങ്കേതവുമാകേണ്ട സഭയ്ക്ക് സ്വന്തം രക്ഷ പോലും അപകടത്തിലായ അവസ്ഥയാണിന്ന്! ഈ അവസ്ഥ തുടരുന്നതുകൊണ്ട് എത്ര എത്ര അനുഗ്രഹങ്ങളാണ് അനുദിനം നാം നഷ്ടമാക്കിക്കൊണ്ടിരിക്കുന്നത്. ഇങ്ങനെ കഷ്ടതയിൽ വലയുന്ന നമ്മെ തട്ടിഉണർത്തണമെ എന്നു ആത്മാവിനോട് തീവ്രമായി പ്രാർത്ഥിക്കേണ്ടതാവശ്യമാണ്. ഓരോരുത്തരും ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും അതിനനുസരിച്ച് വഴിനടത്തപ്പെടുകയും ചെയ്യേണ്ടിയിരിക്കുന്നു.

### *2/2 കൊടുങ്കാറ്റടിക്കുന്നതുപോലെയുള്ള ഒരു ശബ്ദം പെട്ടെന്ന് ആകാശത്തുനിന്നുണ്ടായി. അത് അവർ സമ്മേളിച്ചിരുന്ന വീട് മുഴുവൻ നിറഞ്ഞു.*

**ആത്മാവിന്റെ അലയടിയോ? അതെന്താണ്?**

ആത്മാവിൽ ജനിക്കുന്നതിനെക്കുറിച്ച് യോഹന്നാന്റെ സുവിശേഷം പറയുന്നു: "കാറ്റ് അതിനിഷ്ടമുള്ളിടത്തേയ്ക്ക് വീശുന്നു; അതിന്റെ ***ശബ്ദം*** നീ കേൾക്കുന്നു. എന്നാൽ അത് എവിടെനിന്ന് വരുന്നെന്നോ എവിടേയ്ക്ക് പോകുന്നെന്നോ നീ അറിയുന്നില്ല. ഇതുപോലെയാണ് ആത്മാവിൽ നിന്നു ജനിക്കുന്ന ഏവനും" (യോഹ 3/8) കാറ്റിനും ആത്മാവിനും ഒരേ പദം തന്നെയാണ്. ഹീബ്രുഭാഷയിലും അറമായ (സുറിയാനി) ഭാഷയിലും ഉപയോഗിച്ചിരിക്കുന്നത് – റൂഹ്. റൂഹാ അഥവാ റൂഹ് കുദിശാ (റൂഹാദ്ക്കുദിശാ) പരിശുദ്ധാത്മാവിന്റെ സംജ്ഞയാണ്.

കാറ്റടിച്ചുണ്ടായ ശബ്ദമല്ല അവർ കേട്ടത്, 'അതുപോലുള്ള' ഒരു ശബ്ദമാണ്. ശക്തിയായി ഊതുമ്പോൾ അനുഭവപ്പെടുന്ന സ്വരം – കൊടുങ്കാറ്റടിച്ചാലുണ്ടാകുന്ന അത്ര വലിയ സ്വരം – അവർ കേട്ടു. 'അവരുടെ മേൽ നിശ്വസിച്ചുകൊണ്ട് അവരോടരുളിച്ചെയ്തു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ' (യോഹ. 20/22). കൊടുങ്കാറ്റടിച്ചില്ല, കൊടുങ്കാറ്റടിക്കുമ്പോഴുണ്ടാകുന്നതു പോലുള്ള സ്വരം ശ്രവിക്കുകയാണവർ. ഉയിർത്തെഴുന്നേറ്റ യേശു അവരുടെ മേൽ ***ജീവശ്വാസം ഊതുന്ന സ്വര***മാണ് അവർ കേട്ടത്. പുനഃസൃഷ്ടി നടക്കുകയാണവിടെ. ജീവൻ കൊടുക്കുന്ന പ്രക്രിയയാണത്. "അവൻ നിങ്ങളെ അഗ്നിയാലും ആത്മാവാലും സ്നാനപ്പെടുത്തും" (മത്താ. 3/11) സ്നാപകൻ മുന്നറിവ് നൽകുകയാണ്. സഭയിൽ പൗരോഹിത്യപട്ടം നൽകുന്നത് കൈവയ്പിനോടൊപ്പം ശിരസ്സിൽ ഊതി (നിശ്വസിച്ച്) കൊണ്ടാണ്. മാമോദീസായിൽ സ്നാനാർത്ഥിയുടെ മുഖത്ത് നിശ്വസിക്കുന്ന ശുശ്രൂഷയുണ്ട്. ആത്മീക ജീവൻ നല്കുന്നത്, പുനഃസൃഷ്ടി നടത്തുന്നത്, ആദിയിൽ ആദാമിന് ജീവശ്വാസം നല്കിയതിന്റെ മാതൃകയിലാണ്.

### *2/3: അഗ്നിജ്വാലകൾ പോലുള്ള നാവുകൾ തങ്ങൾ ഓരോരുത്തരുടെയും മേൽ വന്നു നില്ക്കുന്നതായി അവർ കണ്ടു:-*

**അഗ്നിയുടെ അർത്ഥമെന്ത്?**

ദൈവസാന്നിദ്ധ്യത്തിന്റെ അടയാളമായി തീയും പുകയും ഇടിമുഴക്കവും കാർമേഘാവരണവും പഴയനിയമത്തിൽ കണ്ടിരുന്നു. (പുറ: 19/1-25). മരുഭൂമിയിലൂടെ പ്രയാണം ചെയ്ത ഇസ്രായേൽ ജനത്തിന് കാവലും കരുതലുമായി പകൽ മേഘസ്തംഭവും, രാത്രി അഗ്നിത്തൂണും നീങ്ങിക്കൊണ്ടിരുന്നു. മുൾപ്പടർപ്പിൽ കത്തുന്ന അഗ്നി മോശ ദർശിച്ചു (പുറ. 3/2-6). പഴയനിയമം സീനായ് മലയിൽ അവതരിച്ചതു പോലെ തന്നെ പുതിയനിയമം സെഹിയോൻ മാളികമുറിയിൽ അവതരിപ്പിക്കുന്നു. തീ രുപത്തിലുള്ള നാവാണോ, നാവ് രുപത്തിലുള്ള തീയാണോ അവിടെ സംഭവിച്ചത് എന്നു

www.malankaralibrary.com

ചോദിച്ചാൽ ഇവ രണ്ടും എന്നാണുത്തരം. യോഹന്നാൻ വെള്ളം കൊണ്ട് സ്നാനം നൽകി. വെള്ളം വെടിപ്പാക്കലിന്റെ ഉത്തമ പ്രതീകമാണ്, ലോകത്തെമ്പാടും, ഏതു മതകർമ്മാനുഷ്ഠാന വിധിയനുസരിച്ചും, ബാഹ്യമായി നമ്മെ കഴുകി വെടിപ്പാക്കുവാനും, ആന്തരികമായി ശുദ്ധീകരണ പ്രക്രിയ നടത്തുവാനും ജലം വേണം. നാം കുടിക്കുന്ന വെള്ളം നമ്മുടെ ശരീരത്തിനകത്തുള്ള മാലിന്യങ്ങളെ വിയർപ്പായും മൂത്രം മുതലായ വിസർജ്ജ്യങ്ങളായും പുറത്ത് കളഞ്ഞ് നമ്മെ ശുദ്ധീകരിക്കുന്നു. അഗ്നിയാകട്ടെ കുറെ ക്കൂടി ശക്തിയുള്ള ഒരു ശുദ്ധീകരണ ഉപാധിയാണ്. അതുകൊണ്ടാണല്ലോ "അഗ്നി യാൽ ശോധനചെയ്യപ്പെടും" എന്ന് വി. പൗലോസ് പറയുന്നത് (1 കോരി 3/ 13-15; പ്രഭാഷ. 2/5; ഏശാ: 1/25; സഖ: 13/9; മലാ: 3/2-3; മത്താ. 3/11). ജീവിച്ചിരിക്കു മ്പോൾ പരിശുദ്ധാത്മാവാകുന്ന അഗ്നിയാൽ സ്വയം ശുദ്ധീകരിക്കപ്പെടാത്തവരാകട്ടെ നരകാഗ്നിയിൽ നിത്യം ശോധന ചെയ്യപ്പെടും!

ഓരോ ക്രൈസ്തവനും പരിശുദ്ധാത്മാവിന്റെ അഗ്നിയാൽ വെടിപ്പാക്കപ്പെട്ടവനും വസ്ത്രത്തിന് തീ പിടിച്ചവനെപ്പോലെ ആത്മാവിൽ തീപിടിച്ചവനും ആയിരിക്കണം. മുൾപ്പടർപ്പിൽ ഉജ്ജ്വലിച്ച അഗ്നിപോലെ ***ഇരുളിനെ*** പാടേ ***നീക്കുന്നതും*** എന്നാൽ മുൾമരം എരിയാതിരുന്നതുപോലെ ***സംഹാരപ്രവണത ഒഴിവാക്കി***യതുമായ ദൈവാ ത്മാവിന്റെ കുളിർ നാളമായി പ്രവർത്തിക്കേണ്ടവനുമാണ് ക്രൈസ്തവൻ.

*2/4* ***അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. ആത്മാവ് കൊടുത്ത ഭാഷണവരമനുസരിച്ച് അവർ വിവിധ ഭാഷകളിൽ സംസാരിക്കുവാൻ തുടങ്ങി.***

*2/6...* ***തങ്ങൾ ഓരോരുത്തരുടേയും ഭാഷകളിൽ അപ്പസ്തോലന്മാർ സംസാ രിക്കുന്നത് കേട്ട് അത്ഭുതപ്പെടുകയും ചെയ്തു.***

**ഭാഷാവരമെന്നാലെന്ത്? എങ്ങനെ മനസ്സിലാക്കാം?**

രണ്ടുതരത്തിലുള്ള ഭാഷാവരമുള്ളതായി നാം കാണുന്നു.

(1) നാം ***പഠിച്ചിട്ടില്ലാത്ത*** ഏതെങ്കിലും ഒന്നോ അതിലധികമോ ***ഭാഷ*** സംസാരിക്കു വാനുള്ള പ്രത്യേകസിദ്ധി. പാദുവായിലെ വിശുദ്ധ അന്തോനീസിന് അഫ്രിക്കൻ മിഷൻ പ്രദേശത്ത് സുവിശേഷ പ്രഘോഷണത്തിന് ഈ വരം കിട്ടിയിരുന്നതായി അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ നാം വായിക്കുന്നു. മറ്റുചില വിശുദ്ധന്മാർക്കും തങ്ങൾ പഠിച്ചിട്ടില്ലാത്ത ഭാഷകളിൽ സംസാരിക്കുവാനുള്ള വരം ലഭിച്ചിരുന്നതായി നമുക്കറിയാം.

(2) പരിശുദ്ധാത്മാവ് ഒരു വ്യക്തിയിൽ കടന്ന് വന്നതിനാൽ ആത്മാവിൽ നിറയുന്ന 'ആനന്ദത്തിന്റെയും ശക്തിയുടെയും ബാഹ്യപ്രകടനമായ ***അവ്യക്തവും അസ്പ ഷ്ടവും ശിശുതുല്യവു***മായ ഉച്ചാരണങ്ങൾ (Glossalalia)

ഈ രണ്ടാമത് പറഞ്ഞ അനുഭവമാണ് പരക്കെ പ്രത്യക്ഷപ്പെട്ടിരുന്നത്. ഇതു വ്യക്തിനിഷ്ഠമായ ഒരു ആത്മാനുഭവമാകയാൽ അധികം ആളുകളും ആഗ്രഹിക്കുകയും ആശയോടെ പ്രാർത്ഥിക്കുകയും ചെയ്തിരുന്നു എന്നത് സത്യമാണ്. [1 കോരി. 14/ 2,4,13,23]. എന്നാൽ സമൂഹത്തിന്റെ അഭ്യുന്നതിക്ക് ഉപകരിക്കുന്നതിനാൽ ആദ്യത്തെ രീതിയിലുള്ള ഭാഷാവരം കുറെക്കൂടി ശ്രേഷ്ഠമെന്ന് വി. പൗലോസ് ഊന്നിപ്പറയുന്നു. അദ്ദേഹം അതിനെ *പ്രവചനവരം* എന്നാണ് വിളിക്കുന്നത്. [അപ്പ 2/6,11, ; 1 കൊരി. 14/4] ***ഈ രണ്ടുതരം ഭാഷാവരവും അവിടെ നൽകപ്പെട്ടിരുന്നു എന്നാണ് നാം മനസ്സിലാക്കേണ്ടത്.*** കൂടാതെ ശ്രോതാക്കളുടെ മനസ്സിനെയും ഹൃദയത്തെയും ഉജ്ജ്വ ലിപ്പിക്കുന്ന മൂന്നാമതൊരു ഭാഷാ വരവും അവിടെ പ്രകടിതമായിരുന്നില്ലേ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. ഇവയെല്ലാം തന്നെ പരിശുദ്ധാത്മാവിന്റെ പ്രേരണയാലാ

www.malankaralibrary.com

ണുണ്ടായതെന്ന് പ്രത്യേകം എടുത്തു പറയുന്നു. ആത്മാവിന്റെ പ്രേരണ കൂടാതെയും മിമിക്രി (ശബ്ദാനുകരണം) ക്കാരെപ്പോലെ ആർക്കെങ്കിലുമൊക്കെ അനുകരണം നടത്താൻ കഴിഞ്ഞേക്കാം. ഇപ്രകാരം കപടനാട്യം നടത്തുന്നവരെ തിരിച്ചറിയുവാൻ അത്ര പ്രയാസമൊന്നുമില്ല. സമൂഹത്തിന്റെ പൊതു നന്മയ്ക്കായി പ്രവൃത്തിക്കാതെ സ്വന്ത മഹത്വത്തിനോ നേട്ടത്തിനോ ആയിരിക്കും ഇക്കൂട്ടർ പ്രാധാന്യം നൽകുന്നത്. ക്രിസ്തുവിന്റെ പരിശുദ്ധാത്മാവാണ് പ്രവർത്തിക്കുന്നതെങ്കിൽ രക്ഷകനായ യേശുവിനെപ്പോലെ അവസാനശ്വാസം വരെയും, അവസാനത്തുള്ളി രക്തം വരെയും ജീവന്റെ അവസാന കണികവരെയും, ക്രിസ്തുവിനു വേണ്ടിയും, സഭയ്ക്കും സമൂഹത്തിനും വേണ്ടിയും, ലോകനന്മയ്ക്കുവേണ്ടിയും സർവ്വലോകോദ്ധാരണാർത്ഥവും, സമർപ്പിക്കുവാൻ അവർ സന്നദ്ധരായിരിക്കും. അപ്പസ്തോലന്മാരും ആദിമക്രൈസ്തവരും ചരിത്രത്തിലുടനീളം നീണ്ടുനില്ക്കുന്ന വിശുദ്ധന്മാരും ചെയ്തത് അതാണ്. അതിനാൽ ആത്മാക്കളെ വിവേചിക്കാൻ നാം പഠിക്കണം. മറുഭാഷ പറയുന്നവരെയെല്ലാം അടച്ചു പുച്ഛിക്കുന്ന പ്രവണത നന്നല്ല.

അവിടെ കൂടിയിരുന്ന, വ്യത്യസ്തങ്ങളായ ഭാഷ സംസാരിച്ചിരുന്ന അവർക്ക് ദൈവത്തിന്റെ വൻകാര്യങ്ങൾ ***മനസ്സിലാക്കാനുള്ള പ്രത്യേകവരം*** [ഭാഷാവരം = ഭാഷ ഗ്രഹിക്കുവാനുള്ള വരം] ലഭിച്ചതായിട്ടാണ് ലൂക്കോസ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ വരം വക്താവിലും, ശ്രോതാവിലും ഒരുപോലെ പ്രവൃത്തിച്ചു കാണുന്നു.

ഭക്തിയുടെ പേരിൽ പലപ്പോഴും നാം ദൈവിക പ്രവർത്തനങ്ങളെ നമ്മുടെ വരുതിയിൽ നിർത്താൻ ബോധപൂർവ്വമല്ലെങ്കിൽ പോലും ശ്രമിക്കാറുണ്ട്. ചില മതങ്ങളിൽ, തുള്ളി തുള്ളി ആത്മാവു കേറുന്ന വെളിച്ചപ്പാടിനെയും, കൊട്ടിയും പാടിയും, ശബ്ദപ്രകടനത്തിന്റെയും, താളമേളങ്ങളുടെ പ്രകമ്പനത്തിന്റെയും അകമ്പടിയോടെ ആത്മാവിനെ പ്രാപിപ്പാൻ ചെയ്യുന്ന പരിശ്രമങ്ങൾ നാം കാണുന്നതാണല്ലോ. ബോധപൂർവ്വം അവ്യക്തമായ സ്വരം പുറപ്പെടുവിച്ച് ഭാഷാവരമെന്ന് സ്വയം ബോധ്യപ്പെടുന്നവരും, മറ്റുള്ളവരെ വിശ്വസിപ്പിക്കുന്നവരും ഉണ്ടായിരിക്കാം. അവരുടെയൊക്കെ സദുദ്ദേശത്തെ ചോദ്യം ചെയ്യാതെതന്നെ പറയുകയാണ്, പരിശുദ്ധാത്മാവിനെ നാം നമ്മുടെ വരുതിയിൽ കൊണ്ടുവരുകയല്ല, നാം അവന്റെ വരുതിയിൽ വരുകയാണ് വേണ്ടത്. ഒരുവനിൽ ആത്മാവ് യഥാർത്ഥത്തിൽ ആവസിച്ചുകഴിഞ്ഞാൽ അതിന്റെ ഫലമായി അവൻ പാടുകയും, നെടുവീർപ്പിടുകയും ഒക്കെ ചെയ്തേക്കാം. എന്നാൽ പാടിയതുകൊണ്ടോ, അവ്യക്തമായ ശബ്ദം പുറപ്പെടുവിച്ചതുകൊണ്ടോ, പരിശുദ്ധാത്മാവ് ഒരുവനിൽ ആവസിക്കണമെന്നില്ല. ലഹരികഴിച്ചവൻ ആടുകയും പാടുകയും ചെയ്യാറുണ്ടെങ്കിലും, ഒരുവൻ ആടുകയും പാടുകയും ചെയ്തതുകൊണ്ട് ലഹരി ലഭിക്കുകയില്ലല്ലോ.

***2/5 ആകാശത്തിൻ കീഴിലുള്ള സകല ജനപദങ്ങളിൽ നിന്നും വന്ന ഭക്തരായ യഹൂദർ ജറുസലെമിൽ ഉണ്ടായിരുന്നു.***

**ലോകം മുഴുവൻ ജറുസലെമിൽ!**

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് കച്ചവടക്കാരും സന്ദർശകരും തീർത്ഥാടകരും മറ്റുമായി ധാരാളം ആളുകൾ ജറുസലേമിൽ വന്നുകൂടുക പതിവാണ്; ഇന്നും അങ്ങനെ തന്നെ. കാരണം അതൊരു സാംസാകാരിക കേന്ദ്രവും മതപരമായി പ്രാധാന്യമുള്ള ഒരു നഗരവും ആയിരുന്നു. പ്രത്യേകിച്ച് പെന്തിക്കോസ്തിയുടെ ഉത്സവകാലത്ത്. അനുകൂലമായ കാലാവസ്ഥ, വിളവെടുപ്പിന്റെ ഉന്മേഷവും സാമ്പത്തിക ഭദ്രതയും, പൊതു അവധിയുടെ സൗകര്യം, മതപരമായ പ്രാധാന്യം; ഇങ്ങനെ വിവിധ കാരണങ്ങളാൽ ഈ ഉത്സവദിവസങ്ങൾ സമാകർഷകമായിരുന്നു. യഹൂദന്മാരും, വിജാതീയരും, യഹൂദ മതത്തിലേക്ക് പരിവർത്തനം ചെയ്തവരും, യഹൂദ മതാനുയായികളും, അനുഭാവികളും അടങ്ങുന്ന ആ ജനസമൂഹം ലോകം മുഴുവന്റെയും പ്രാതിനിധ്യം വഹിക്കുന്നു. നിങ്ങൾ ലോകം എങ്ങും പോയി സുവിശേഷം അറിയിക്കുവിൻ

www.malankaralibrary.com

എന്നുള്ള സാർവ്വത്രിക സുവിശേഷദൗത്യം പ്രതീകാത്മകമായിട്ടെങ്കിലും ഉത്ഘാടന ദിവസം തന്നെ സഫലമായി എന്നുള്ളത്, ഒരു വൻവടവൃക്ഷത്തെ അതിന്റെ വിത്തിനുള്ളിൽ അടക്കിയൊതുക്കി, ഞെക്കിഞെരുക്കി ഒതുക്കുന്ന സർവ്വശക്തന്റെ പ്രവർത്തന ശൈലിയുടെ വശ്യമനോഹാരിതയായി കാണാൻ സാധിക്കും.

***2/6,8 ആരവം ഉണ്ടായപ്പോൾ ജനം ഒരുമിച്ച് കൂടുകയും തങ്ങൾ ഓരോരുത്തരുടെയും ഭാഷകളിൽ അപ്പസ്തോലന്മാർ സംസാരിക്കുന്നത് കേട്ട് അത്ഭുതപ്പെടുകയും ചെയ്തു. ......... നാം എല്ലാവരും താന്താങ്ങളുടെ മാതൃഭാഷയിൽ ശ്രവിക്കുന്നതെങ്ങനെ.***

**ഒരുമിച്ചുകൂടുന്ന ജനാവലി:**

നാം ഇന്ന് ജീവിയ്ക്കുന്ന ലോകത്തിൽ വിരുദ്ധതയുടെയും, വേർപാടിന്റെയും ശക്തികൾ നമ്മുടെ നിലനില്പ് തന്നെ അവതാളത്തിലാക്കിക്കൊണ്ടിരിക്കുന്നു. സാമ്പത്തികവും, രാഷ്ട്രീയവുമായ വൈരുദ്ധ്യങ്ങൾ രാഷ്ട്രങ്ങളെ വിരുദ്ധ ചേരിയിലാക്കിയിരിക്കുന്നു. കക്ഷി രാഷ്ട്രീയവും, വർഗ്ഗീയതയും മൂലം രാഷ്ട്രങ്ങൾക്കകമെ ഭിന്നതയും ചേരിതിരിയും വർദ്ധിച്ചിരിക്കുന്നു. വിവാഹമോചനംവഴി കുടുംബ ബന്ധങ്ങൾ ശിഥിലീകരിക്കപ്പെടുന്നു. വ്യക്തികൾ തമ്മിൽത്തമ്മിൽ മാത്രമല്ല. അവനവനിൽ തന്നെ അന്യവത്ക്കരണത്തിന്റെയും, അകൽച്ചയുടെയും പ്രവണത കടന്നാക്രമിച്ച് കൊണ്ടിരിക്കുന്നു. നമ്മെയെല്ലാം ഒന്നിച്ച് നിർത്താൻ ശക്തിയുള്ള ആ ശക്തിയെ – ദൈവത്തെ – തേടുകയും കണ്ടെത്തുകയും വേണ്ടിയിരിക്കുന്നു. അല്ലാത്തപക്ഷം മാനവജാതി വംശനാശം സംഭവിച്ച ഏതെങ്കിലും ജീവജാലങ്ങളുടെ പട്ടികയിൽ എണ്ണപ്പെട്ടു എന്ന് വരാം.

ഈ പശ്ചാത്തലത്തിൽ നോക്കുമ്പോൾ ക്രൈസ്തവരായ നമുക്ക് മറ്റ് ആരെക്കാൾ കൂടുതലായി പ്രത്യാശയ്ക്ക് വകയുണ്ട്. കാരണം പെന്തക്കോസ്തിയിൽ സംഭവിച്ചത് പോലെ മനുഷ്യരെ കൂട്ടിച്ചേർക്കുന്ന ആത്മാവിന്റെ പരിലാളനയിലും, പരിപാലനയിലും കഴിയുന്നവരാണ് നാം. പരിശുദ്ധാത്മാവ് വന്ന് കഴിയുമ്പോൾ വിഘടനശക്തികളെല്ലാം തന്നെ അപ്രത്യക്ഷമാകും. യേശുവിന്റെ സാന്നിദ്ധ്യം അറിഞ്ഞ മാത്രയിൽ ഭൂതബാധിതനിൽ നിന്ന് അവ തന്നെ അകന്ന് പോയതായി സുവിശേഷം പഠിപ്പിക്കുന്നുവല്ലോ. പെന്തക്കോസ്തിയെക്കുറിച്ചുള്ള ഓർമ്മ തന്നെ നമ്മുടെ പ്രത്യാശ ഊതിപ്പെരുപ്പിക്കും. പെന്തിക്കോസ്തിയുടെ പുനരാവിഷ്ക്കാരമാകട്ടെ നാം പ്രത്യാശവയ്ക്കുന്ന ഐക്യതയുടെ സാക്ഷാൽക്കാരം തന്നെയായിരിക്കും.

**മനുഷ്യനെ ഒന്നിപ്പിക്കുന്ന രണ്ടു കാര്യങ്ങൾ:**

രണ്ട് കാര്യങ്ങളാണ് മനുഷ്യരെ ഒന്നിപ്പിക്കുന്നത്. ഒരു പൊതു ശത്രു (അഥവാ ആപത്ത്) അതല്ലെങ്കിൽ ഒരു പൊതു ഭക്തി: ആദ്യത്തേത് ഐക്യത്തിന് നിർബന്ധിക്കുമ്പോൾ രണ്ടാമത്തേത് അതിലേക്ക് മനസ്സിനെ ആകർഷിക്കുകയാണ് ചെയ്യുന്നത്. ക്രൈസ്തവർ ഈ രണ്ടാമത്തെ ഗണത്തിൽപ്പെടുന്നു. ആത്മാവിന്റെ ആകർഷണത്താൽ സ്വതന്ത്രമായി ഒന്നായിത്തീരുന്ന, ഒന്നിപ്പിക്കപ്പെടുന്ന സമൂഹമാണ് ക്രൈസ്തവർ. ഒന്നാമത്തെ പെന്തിക്കോസ്തിയിൽ സംഭവിച്ചത് ഇതുതന്നെയാണ്. അവരെ ഒന്നിപ്പിക്കാൻ ആത്മാവിന്റെ ആകർഷണമൊഴികെ, യേശുവിനോടുള്ള സ്നേഹവും ഭക്തിയും ഒഴികെ, മറ്റൊരു താത്പര്യവും ഉണ്ടായിരുന്നില്ല. തങ്ങളുടെ വ്യത്യാസങ്ങളെല്ലാം മറന്ന് അവർ ഒന്നിച്ചുകൂടി, യേശുവിനെ ആരാധിക്കാനും സ്നേഹിക്കുവാനും. എക്കാലവും ക്രൈസ്തവരെ ഒന്നിപ്പിച്ചു നിർത്തുന്നതും ഇതുതന്നെയാണ് – യേശുവിനോടുള്ള സ്നേഹവും പരിശുദ്ധാത്മാവിനോടുള്ള വിധേയത്വവും. ഇന്നും ലോകമെങ്ങും സഭാസമൂഹങ്ങൾ ആരാധനയ്ക്കായി ഒരുമിച്ചുചേരുന്നു. വ്യത്യാസങ്ങൾ മറക്കാനും രാജ്യാതിർത്തികൾ കടക്കാനും വർഗ്ഗ-വർണ്ണ വ്യത്യാസങ്ങൾക്കുപരി ഉയരാനും മാനവസമൂഹത്തെ സഹാ

www.malankaralibrary.com

യിക്കുന്നത് *പെന്തിക്കോസ്തി അനുഭവമാണ്;* മനുഷ്യമക്കളെ ഒന്നിപ്പിക്കുന്ന പരിശുദ്ധാത്മാവിന്റെ മാസ്കരികശക്തി തന്നെയാണ്.

**മനുഷ്യനെ യഥാർത്ഥത്തിൽ ഒന്നിപ്പിക്കുന്ന ദൈവാത്മാവ്:** ലോകത്തിലെവിടെയുമുള്ള മനുഷ്യരെ പരസ്പരം ബന്ധിപ്പിക്കാനും ഒന്നിപ്പിക്കാനും രഞ്ജിപ്പിക്കാനും സഹകരിപ്പിക്കാനും സഹായിക്കുന്ന നിരവധി ഘടകങ്ങൾ ഭൗതിക ലോകത്തിൽ ദൈവം തന്നെ ക്രമീകരിച്ചിട്ടുണ്ട്. സാഹിത്യവും സംഗീതവും ശാസ്ത്രവും വിവിധ കലകളും പോരാ. ഈ ലോകത്തിലെ ഓരോ വസ്തുവും വ്യക്തിയും പ്രവൃത്തിയും നമ്മെ കുട്ടിയിണക്കുന്ന കണ്ണികളാണ്. എന്നാൽ നിർഭാഗ്യവശാൽ ഇവയൊക്കെ തന്നെയാണ് നമ്മെ പരസ്പരം അകറ്റുമെന്നതും തമ്മിലടിപ്പിക്കുന്നതും! ഈ ദുരവസ്ഥയ്ക്ക് ഒരു പരിഹാരമായിട്ടാണ് പെന്തിക്കോസ്തിയിൽ ദൈവാത്മാവ്, സ്വർഗ്ഗം തുറന്നിറങ്ങി വന്നത്. ആകാശത്തിൻ കീഴിലുള്ള എല്ലാ ജനതയെയും ജനതകളെയും ഒന്നിപ്പിക്കാൻ; ഏകലോകം പടുത്തുയർത്തുവാൻ; നവ സമൂഹം കെട്ടിപ്പടുക്കുവാൻ; നവയുഗം സൃഷ്ടിക്കുവാൻ.

***2/7 അവർ വിസ്മയഭരിതരായി പറഞ്ഞു. ഈ സംസാരിക്കുന്നവരെല്ലാം ഗലീലിയരല്ലേ?***

ശ്രോതാക്കളെ അദ്ഭുതപ്പെടുത്തിയ ഒന്നാമത്തെ കാര്യം, സംസാരിച്ചുകൊണ്ടിരുന്ന മത്തിയാസുൾപ്പെടെയുള്ള 12 അപ്പസ്തോലന്മാർ എല്ലാവരും തന്നെ ഗലീലിയാകാരായിരുന്നു എന്നതാണ്. ആ സമുഹത്തിൽ ഉദ്ദേശം 120 പേർ ഉണ്ടായിരുന്നുയെന്ന്. അവരെല്ലാവരും ഗലീലിയാക്കാരായിരുന്നു വിചാരിക്കാൻ തരമില്ല. ആ സമുഹത്തിന്റെ നേതൃത്വത്തിലിരുന്ന അപ്പോസ്തോലന്മാരാണ് അന്നു സംസാരിച്ചവർ.

പ്രസംഗവരം അവർക്ക് പ്രത്യേകമായി ലഭിക്കുകയായിരുന്നു. അതിനെക്കുറിച്ച് അവർ ബോധവാന്മാരുമായിരുന്നു. അതിനാലാണല്ലോ 6/2 ൽ ഏഴു ഡീക്കന്മാരെ തെരഞ്ഞെടുക്കുന്നതിന് ആമുഖമായി അപ്പസ്തോലന്മാർ ശിഷ്യരുടെ സമൂഹത്തെ ഒന്നിച്ചുകുട്ടി പറഞ്ഞത്: "ഞങ്ങൾ ദൈവവചന ശുശ്രുഷയിൽ ഉപേക്ഷകാണിച്ച്, ഭക്ഷണമേശകളിൽ ശുശ്രുഷിക്കുന്നതു ശരിയല്ല."

**ഗലീലിയായുടെ പ്രത്യേകതകൾ എന്ത്?**

പലസ്തീനായുടെ 3 പ്രവിശ്യകളിൽ തെക്ക് ഭാഗത്ത് യുദയായും വടക്കുഭാഗത്ത് ഗലീലിയായും ഇവയുടെ മദ്ധ്യത്തിൽ സമരിയായും സ്ഥിതി ചെയ്തിരുന്നു. തലസ്ഥാനമായ ജറുസലേം തെക്കേ അറ്റത്തുള്ള യൂദയിലായിരുന്നു. (നമ്മുടെ സംസ്ഥാനമായ കേരളത്തെ അനുസ്മരിപ്പിക്കുന്നു) ഗലീലാ, പർവ്വതനിരകൾ നിറഞ്ഞ പ്രദേശമാണ്. രാജ്യത്തിന്റെ തലസ്ഥാനവും സാംസ്കാരിക നഗരിയുമായ ജറുസലേമിൽ നിന്ന് വിദുരമാകയാൽ വിദ്യാഭ്യാസപരമായും സാംസ്കാരികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലായിരുന്നു. യേശുവിന്റെ ബാല്യ- കൗമാരകാലങ്ങളും യുവത്വവും ചിലവഴിച്ചത് ഗലീലായിലായിരുന്നുവല്ലോ. രാഷ്ട്രീയമായ പ്രബുദ്ധതയോ സാംസ്കാരികമായ ഉന്നതിയോ സാമുഹ്യമായ ഉയർച്ചയോ പരിഷ്കാരമോ അവകാശപ്പെടാനില്ലാത്ത ഗലീലി പ്രദേശം തന്നെയാണ് തന്റെ രഹസ്യ ജീവിതത്തിനും പരസ്യജീവിതത്തിന്റെ അരങ്ങേറ്റത്തിനും യേശു തെരഞ്ഞെടുത്തത് (മത്താ. 4/12-17) സ്വാഭാവികമായും തന്റെ ശിഷ്യരെ യേശു കണ്ടെത്തിയത് ഈ പ്രദേശത്തു നിന്നു തന്നെയായിരുന്നു. (മത്താ. 4/18-22; മർക്കോ: 1 /16-20; ലൂക്കോ. 5/1.

**ഗനേസറത്ത് തടാകം (= ഗലീലാ കടൽ):** യേശുവിനെ ഒറ്റിക്കൊടുത്ത കിരിയത്ത്കാരനായ യൂദാ (യൂദാ ഇസ്കാരിയറ്റ് അഥവാ യുദാസ് സ്കരിയോത്താ) ഒഴിച്ച് മറ്റെല്ലാവരും ഗലീലിയാക്കാരായിരുന്നു. യേശുവിന്റെ ജീവിതത്തിന്റെയും പ്രവൃത്തിയുടെയും തുടക്കം വളരെ വിനീതവും അധികം അറിയപ്പെടാത്ത വിധവുമായിരുന്നു.

www.malankaralibrary.com

സ്ഥാനവലിപ്പമോ പ്രഭുതയോ.... ഒന്നുമില്ലാതിരുന്നിട്ടും തന്റെ പ്രവർത്തനം വിജയമകുടമണിയുന്നു. വിദ്യാഭ്യാസംകൊണ്ടും രാഷ്ട്രീയ പിടിപാടുകൊണ്ടും അനുഗ്രഹീതനായിരുന്ന യൂദാസാകട്ടെ ഗുരുനിന്ദകനും ദുർഭഗനും ആയിതീർന്നു. ഇത് നമ്മെ ചിന്തിപ്പിക്കേണ്ട ഒരു വസ്തുതയാണ്. ഇന്ന് നാം ശ്രേഷ്ഠമായിട്ടും മഹത്വമായിട്ടും കരുതുന്ന പലതും പലരും, ദൈവരാജ്യത്തെ ഒറ്റിക്കൊടുക്കാൻ സാദ്ധ്യതയുണ്ടെന്നും യൂദാസിനെപ്പോലെ ദൈവത്തെയും ദൈവരാജ്യത്തെയും ഒറ്റിക്കൊടുക്കുന്നവരും, അന്ധകാരശക്തികളുടെ പിണിയാളുകളായി പ്രവൃത്തിയ്ക്കാനുള്ള സാദ്ധ്യതയുണ്ടെന്ന മുന്നറിയിപ്പ് നമുക്കുതരാൻവേണ്ടി കൂടെയല്ലേ യൂദാസിനെ മാത്രം മറ്റൊരു പ്രദേശത്തുനിന്ന് യേശു തിരഞ്ഞെടുത്തത്? അതോ യഹൂദ പ്രമാണിമാരുമായുള്ള യൂദാസിന്റെ പിടിപാടും സ്വാധീനവും കൊണ്ട് തന്റെ ഒറ്റികൊടുക്കലും രക്ഷാകാര പ്രവൃത്തികളും എളുപ്പമാക്കുകയായിരുന്നുവോ?

***2/9,10 & 11 നാനാത്വത്തിലെ ഏകത്വം:*** അവിടെ കൂടിയ പുരുഷാരം നാനാ ദേശക്കാരും ഭാഷക്കാരുമായിരുന്നു. ലോകസംസ്കാരത്തിന്റെ ഒരു ചെറു പതിപ്പുതന്നെ. പതിനഞ്ചു വ്യത്യസ്ത രാജ്യങ്ങൾ പേരെടുത്ത് പറയുന്നുണ്ട്.

(1) പാർത്തിയാക്കാർ – മേദിയായുടെ വടക്ക് കിഴക്കൻ രാജ്യം
(2) മേദിയാക്കാർ – അർമേനിയായുടെയും പേർഷ്യയുടെയും സമീപരാജ്യം
(3) ഏലാമിയാക്കാർ – ടൈഗ്രീസ് നദിക്കപ്പുറം നുമീഡിയായ്ക്ക് സമീപം
(4) മെസൊപ്പൊട്ടാമിയ – ടൈഗ്രീസ് യൂഫ്രട്ടീസ് നദികൾക്കിടയിലുള്ള ഭൂഭാഗം
(5) യൂദയാക്കാർ – പലസ്തിനായിലെ യഹൂദർ
(6) കപ്പദോക്കിയക്കാർ – ഏഷ്യാമൈനറിനു കിഴക്ക് ഉള്ളവർ
(7) പോന്തസുകാർ – ഏഷ്യാമൈനറിനു വടക്ക് കിഴക്കുള്ളവർ
(8) ഏഷ്യാക്കാർ – ഏഷ്യാമൈനറിനു പടിഞ്ഞാറുള്ളവർ
(9) ഫ്രിജിയാക്കാർ – ഏഷ്യാമൈനറിനു കിഴക്കുള്ളവർ
(10) പാംഫിലിയാക്കാർ – ഫ്രിജിയായ്ക്കു സമീപമുള്ളവർ
(11) ഈജിപ്തുകാർ – ആഫ്രിക്കയുടെ വടക്കു കിഴക്ക്, ചെങ്കടലിനു പടിഞ്ഞാറ്, മദ്ധ്യധരണി കടലിനു തെക്കുള്ള നൈൽനദിയുടെ തടാകത്തിലുള്ളവർ
(12) കിറേനേയുടെ ലിബിയാ പ്രദേശം – ഈജിപ്തിന് പടിഞ്ഞാറ് ആഫ്രിക്കയുടെ വടക്കൻ പ്രദേശം
(13) റോമാക്കാർ – ഇറ്റലിയുടെ തലസ്ഥാനമായ റോമിൽ നിന്നുള്ളവർ
(14) ക്രേത്തിയർ – മെഡിറ്ററിയൻ (മദ്ധ്യധരണി) ദ്വീപസമൂഹം
(15) അറേബ്യർ – ചെങ്കടലിന് കിഴക്കുള്ളവർ

ലോകത്തിന്റെ ഒരു പരിഛേദം തന്നെ പെന്തിക്കോസ്തി ഉത്സവകാലത്ത് ജറുസലെമിൽ സന്നിഹിതരായിരുന്നു. ***"പെന്തക്കോസ്തി സംഭവം"*** നടന്ന സെഹിയോൻ മാളികമുറിയിലും ലോകത്തിന്റെ ഒരു പരിച്ഛേദം കടന്നുവരുന്നത് നമുക്ക് കാണാൻ സാധിക്കും.

***2/12 & 13– ഇതിന്റെയെല്ലാം അർത്ഥമെന്ത്? ....... വിസ്മയിക്കുകയും പരിഭ്രമിക്കുകയും ചെയ്തു. മറ്റു ചിലർ പരിഹസിച്ചു പറഞ്ഞു. പുതുവീഞ്ഞ് കുടിച്ച് ലഹരി പിടിച്ചിരിക്കുന്നു.***

**അർത്ഥം തേടുന്ന മനുഷ്യൻ :** വിസ്മയകരമായ ഈ പ്രതിഭാസത്തോടുള്ള പ്രതികരണം ഈ വാക്യങ്ങളിൽ തുടിച്ചു നില്ക്കുന്നു. അവരുടെ പ്രതികരണത്തെ ലൂക്കോസ്

www.malankaralibrary.com

മുന്നായി തിരിക്കുന്നു.

**(1) അവർ അദ്ഭുത പരതന്ത്രരായി :** അവരുടെ പ്രതികരണത്തിൽ അത്ഭുതപ്പെടുവാനൊന്നുമില്ല. സാധാരണമല്ലാത്ത ഒരു കാഴ്ച കാണുമ്പോൾ അത്ഭുതപ്പെടുവാനേ കഴിയൂ. അവരുടെ ഓരോരുത്തരുടേയും മുഖത്തുനിന്ന് നമുക്ക് വായിച്ചെടുക്കാൻ സാധിക്കും. അനിതരസാധാരണമായി എന്തോ ഒന്ന് അവിടെ സംഭവിച്ചുവെന്ന്.

**(2) അവർ പരിഭ്രമിച്ചു :** കാണുകയും കേൾക്കുകയും ചെയ്യുന്ന കാര്യങ്ങൾക്ക് യുക്തിയുക്തമായ വിശദീകരണം കണ്ടെത്താൻ കഴിയാതെ വന്നതുകൊണ്ട് അവർ പരിഭ്രമിക്കുക തന്നെ ചെയ്തു. മനുഷ്യബുദ്ധിക്കും യുക്തിക്കും അതീതമായ ഒരു പ്രതിഭാസത്തെയാണല്ലോ അവർ അഭിമുഖീകരിച്ചത്. അർത്ഥമറിയാതെ അവർ കുഴഞ്ഞു. എന്താണിതിന്റെ രഹസ്യം? അവർ പരസ്പരം ചോദിച്ചു. ഇതെന്താണ്? അഭിനന്ദിക്കപ്പെടേണ്ടതും, അനുകരിക്കേണ്ടതുമായ ഒരു സ്വാഭാവമാണിത്. പ്രകൃതിയുടേയും പ്രകൃത്യതീത സംഭവങ്ങളുടേയുംമൊക്കെ അർത്ഥമെന്തെന്നറിയാനുള്ള അന്വേഷണ തൃഷ്ണയാണ് മാനവരാശിയുടെ സർവ്വപുരോഗതിക്കും നിദാനം. ചെമ്മാനത്തെ, കാർമേഘത്തെ, ആകാശത്തിന്റെ ഭാവഭേദങ്ങളെ, അത്തിവൃക്ഷത്തിന്റെ തളിരുകളേ, കാലത്തിന്റെ ചുവരെഴുത്തുകളെ, പ്രകൃതിയെ, പ്രപഞ്ചത്തെ, പ്രതിഭാസത്തെ, പ്രതികരണത്തെ ..... നോക്കിപ്പഠിക്കുവാൻ യേശു കൽപിക്കുന്നുണ്ടല്ലോ. ഇത്രയേറെ പുരോഗമിച്ച നമുക്ക് – പ്രാപഞ്ചിക കാര്യങ്ങളിലും, ഭൗതിക ശാസ്ത്രത്തിലും, ഏറെ വളർന്ന നമുക്ക് – ആത്മീയ തലങ്ങളെയും ദൈവത്തിന്റെ അത്ഭുതകരങ്ങളായ പ്രതിഭാസങ്ങളെയും കണ്ടെത്തുവാനും പൂർണ്ണമായി ഗ്രഹിക്കുവാനും ഇനിയും കഴിഞ്ഞിട്ടില്ലല്ലോ. പ്രപഞ്ചവും, നിയമവും ദൈവമഹത്വം ഉദ്ഘോഷിക്കുന്നതായി സങ്കീർത്തകൻ പറയുന്നു. 19–ാം സങ്കീർത്തനം നോക്കു: "ആകാശം ദൈവത്തിന്റെ മഹത്വം പ്രഘോഷിക്കുന്നു. വാനവിതാനം അവിടുത്തെ കരവേലയെ വിളംബരം ചെയ്യുന്നു പകൽ പകലിനോട് അവിരാമം സംസാരിക്കുന്നു. രാത്രി രാത്രിക്ക് വിജ്ഞാനം പകരുന്നു........ അത് വിനീതരെ വിജ്ഞാനികളാക്കുന്നു. അവ ഹൃദയത്തെ സന്തോഷിപ്പിക്കുന്നു. അവ കണ്ണുകളെ പ്രകാശിപ്പിക്കുന്നു. അവ പൊന്നിനെയും തങ്കത്തെയുംകാൾ അഭികാമ്യമാണ്. തേനിനേയും, തേൻകട്ടയേയുംകാൾ മധുരമാണ്........" പ്രപഞ്ചത്തെ നോക്കി അത്ഭുതം കുറുന്ന സങ്കീർത്തകൻ നമുക്ക് തരുന്ന മാതൃക എന്താണ്? പ്രാപഞ്ചിക കാര്യങ്ങളെപ്പറ്റി മാത്രമല്ല, പാരമാർത്ഥിക സത്യങ്ങളെയും ഓർത്ത് നമുക്ക് വിസ്മയഭരിതരാകാം.

**(3) മറ്റു ചിലർ പരിഹസിച്ചു :** മൂന്നാമത്തെ കൂട്ടരുടെ പ്രതികരണം തികഞ്ഞ പരിഹാസമായി മാറിയത് ശ്രദ്ധിക്കേണ്ട വസ്തുതയാണ്. 1–ാം സങ്കീർത്തനത്തിൽതന്നെ നാം ഇവരെ കണ്ടുമുട്ടുന്നു: "പരിഹാസികളുടെ പീഠങ്ങളിൽ ഇരിക്കുന്നവർ" (1/1) എത്ര ഉദാത്തമായ കാര്യങ്ങളേയും പരിശുദ്ധാത്മാവിന്റെ പരിപാവനമായ ആവാസത്തെപോലും പരിഹാസത്തോടെ നോക്കിക്കാണാൻ കഴിയുന്ന ഒരേ ഒരു കൂട്ടർ മനുഷ്യരല്ലാതെ മറ്റാരാണ്? എത്ര നന്മയായി പ്രവൃത്തിച്ചാലും വിദൂര സാധ്യതയിൽ അതിൽ ഒളിഞ്ഞിരിക്കുന്ന തിന്മയെ കണ്ടെത്തുവാൻ, പെരുപ്പിക്കാൻ, പ്രചരിപ്പിക്കാൻ, ഉള്ള ലോകത്തിന്റെ കൗശലം അപാരം തന്നെ. നല്ല പട്ടിയെ കൊല്ലണമെങ്കിൽ അതിനെ പേപ്പട്ടി എന്നു വിളിച്ചാൽ മതി. മതത്തെയും മതപരമായ പാരമ്പര്യങ്ങളെയും, മതാനുഭൂതികളെയും, പരിഹാസത്തോടെ വീക്ഷിക്കുന്ന പ്രവണത ലോകത്തെമ്പാടുമുണ്ട്. എക്കാലവും ഉണ്ടായിരുന്നു. ഇന്നും അത് തുടരുന്നു. നന്മയെ തിന്മയെന്ന് വിളിക്കുന്ന ഇവരാണ് മാനവരാശിയുടെ തീരാശാപം. ഇവരെപ്പറ്റിയാണ് ഷേക്സ്പിയർ പാടിയത്.

*Fair is foul and foul is fair*
*Hover through the filthy air (Macbeth)*

www.malankaralibrary.com

ഈക്കൂട്ടരെ നാം പ്രത്യേകം ഭയപ്പെടണം; അകറ്റിനിർത്തുകയും വേണം. നന്മയെ തിന്മയെന്നും തിന്മയെ നന്മയെന്നും വിളിക്കുന്ന കുഴിഞ്ഞ ഹൃദയമുള്ളവരെ ശപിക്കുന്നതായി ഏശയ്യായുടെ പുസ്തകത്തിൽ നാം വായിക്കുന്നു. (ഏശ: 29/15). നിന്ദകരെയും പരിഹാസികളെയും വിശുദ്ധഗ്രന്ഥം താക്കീതു ചെയ്യുന്നു. നിന്ദകർ ഇല്ലാതാകുമെന്നു തന്നെയാണ് വി. ഗ്രന്ഥം പറയുന്നത് [ഏശ. 29/20]

## *2/13 പുതുവീഞ്ഞു കുടിച്ച അനുഭവം*

"നിങ്ങൾ വീഞ്ഞുകുടിച്ച് ഉന്മത്തരാകരുത്. അതിൽ ദുരാസക്തിയുണ്ട്." [എഫേ. 5/18] ദൈവാത്മാവിനാൽ പൂരിതരായവരുടെ ഹൃദയത്തിന് നിത്യം വസന്ത കാലമാണെന്ന് വി. ജോൺ വിയാനി പറയുന്നു. ആത്മനിറവു പ്രാപിച്ച അപ്പസ്തോലന്മാരെ ലഹരി ബാധിച്ചതായി അവർ പരിഹസിക്കുന്നു. വീഞ്ഞിനെ ലഹരി പടർത്തുന്ന മദ്യമായും, തിന്മയ്ക്കായും, ഈ ലോകം ഉപയോഗിക്കുമ്പോൾ, യേശുവിന്റെ ദൈവരാജ്യം അതേ പദാർത്ഥങ്ങളേത്തന്നെ പവിത്രമായി മാറ്റിയെടുക്കുന്നതാണ് കാനായിലെ അനുഭവം (യോഹ 2/1-11) മദ്യലഹരി ഒരുവനിൽ വരുത്തുന്ന പരിവർത്തനം പോലെതന്നെ, പ്രകടമാണ് ഒരുവനിൽ ക്രിസ്തുവിന്റെ ആത്മാവ് നിറയുമ്പോഴുള്ള അനുഭവവും. ക്രിസ്തു ഉള്ളിടത്ത് പച്ചവെള്ളം പോലും ലഹരിയായി മാറും. ക്രിസ്തുവിന്റെ ആത്മാവില്ലാത്തിടത്ത് വീഞ്ഞും ദുരാസക്തി ഉയർത്തുന്ന മദ്യലഹരിയായി അധഃപ്പതിക്കും. അതുകൊണ്ട് അപ്പസ്തോലൻ പറയുന്നു. "നിങ്ങൾ വീഞ്ഞു കുടിച്ചല്ല മത്തരാകേണ്ടത്. മറിച്ച് പരിശുദ്ധാത്മാവിൽ ഉന്മത്തരാകുകയാണ് വേണ്ടത്. ആ ഉന്മാദത്തിനുദാഹരണമാണ് പെന്തക്കോസ്തായിൽ ആത്മനിറവു പ്രാപിച്ച അപ്പസ്തോലന്മാർ. ആത്മാവിനെയും ലഹരിപദാർത്ഥങ്ങളെയും കുറിക്കുവാൻ സ്പിരിറ്റ് (spirit) എന്ന പദമാണ് ഇംഗ്ലീഷിൽ ഉപയോഗിക്കുന്നത്. രണ്ടും പകരുന്നത് ലഹരിതന്നെ. അതു ശരീരത്തെ മാത്രമല്ല, മനുഷ്യനെ മുഴുൻ ബാധിക്കും. അതവനെ നിശബ്ദനാക്കുകയോ കർമ്മനിരതനാക്കുകയോ ചെയ്യും. ആന്തരികഅനുഭവത്തിലും പ്രവർത്തനാരൂപിയിലും വ്യത്യാസമുണ്ടാകുമെന്നു മാത്രം. ഒരു വസ്തു അതിൽത്തന്നെ ചീത്തയായി കാണാൻ കഴിയുകയില്ല. അതിന്റെ ഉപയോഗരീതിയും സാഹചര്യവുമാണ് ഗുണദോഷഭേദം നിശ്ചയിക്കുക. എത്രനല്ല വസ്തുവും മോശമായ ലക്ഷ്യത്തോടെയും മോശമായ വിധത്തിലും ഉപയോഗിക്കുവാൻ സാധിക്കും. ദൈവാത്മാവിന്റെ വിവേചനവും ക്രിസ്തുവിന്റെ മനോഭാവവുമാണ് നാം പാലിക്കേണ്ട നിയമം.

പരിശുദ്ധാത്മാവ് ഒരു 'ബാധ'യായി, ഒരു ലഹരിയായി, ഒരു ഹരമായി, ആത്മചൈതന്യമായി നമ്മിൽ പടരട്ടെ. ആത്മനിറവിനായി നമ്മുടെ മനസ്സുകളെയും ഇന്ദ്രിയങ്ങളെയും ശരീരങ്ങളെയും സാദരം സമർപ്പിക്കാം. തപസ്സിന്റെയും നോമ്പിന്റെയും ഈ വേളയിൽ സമചിത്തതയും സംയമനവും പാലിക്കുകയും ദൈവാനുഭവം പ്രാപിക്കുകയും ചെയ്യാം. "ശാന്തമാകുക; ഞാൻ ദൈവമാണെന്നറിയുക"(സങ്കീ.46/10). ***പരിശുദ്ധാത്മാവാസ***ത്തിന് വേണ്ടി നമുക്ക് തീക്ഷ്ണമായി പ്രാർത്ഥിക്കാം; സമ്പൂർണ്ണമായി സമർപ്പിക്കുകയും ചെയ്യാം. പെന്തിക്കോസ്തി അനുഭവം നമ്മുടെ ജന്മാവകാശമാണ്. ഭൗതികതയുടെ കുത്തൊഴുക്കിന് അത് അടിയറവ് വെയ്ക്കാതിരിക്കാൻ നമുക്ക് ശ്രദ്ധയുള്ളവരാകാം.

തയ്യാറാക്കയിത്

മേരിഗിരി,
5-3-98.

ഫാദർ ഏബ്രഹാം കാടമല
ഫാദർ ഏബ്രഹാം നടുവിലേടം

www.malankaralibrary.com

# അപ്പസ്തോല പ്രവർത്തനങ്ങൾ ഒരു പഠനം

## അദ്ധ്യായം 2: 14 – 41

## പത്രോസിന്റെ പ്രസംഗം

*14. എന്നാൽ പത്രോസ് മറ്റ് പതിനൊന്നു പേരോടുമൊപ്പം എഴുന്നേറ്റുനിന്നു ഉച്ചസ്വരത്തിൽ അവരോട് പറഞ്ഞു: യഹൂദ ജനങ്ങളേ, ജറുസലെമിൽ വസിക്കുന്നവരേ, ഇത് മനസ്സിലാക്കുവിൻ; എന്റെ വാക്കുകൾ ശ്രദ്ധിക്കുവിൻ.*

*15. നിങ്ങൾ വിചാരിക്കുന്നതുപോലെ ഇവർ ലഹരി പിടിച്ചവരല്ല. കാരണം, ഇപ്പോൾ ദിവസത്തിന്റെ മൂന്നാം മണിക്കൂറല്ലേ ആയിട്ടുള്ളൂ?*

*16. മറിച്ച്, ജോയേൽ പ്രവാചകൻ പറഞ്ഞതാണിത്:*

*17. ദൈവം അരുളിച്ചെയ്യുന്നു: അവസാന ദിവസത്തിൽ എല്ലാ മനുഷ്യരുടേയും മേൽ എന്റെ ആത്മാവിനെ ഞാൻ വർഷിക്കും. നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ യുവാക്കൾക്ക് ദർശനങ്ങളുണ്ടാകും; നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും.*

*18. എന്റെ ദാസന്മാരുടെയും ദാസികളുടെയും മേൽ ഞാൻ എന്റെ ആത്മാവിനെ വർഷിക്കും. അവർ പ്രവചിക്കുകയും ചെയ്യും.*

### യോവേൽ പ്രവചനപൂർത്തിയും സഭയിലെ ആദ്യത്തെ സുവിശേഷ പ്രസംഗവും

പരിശുദ്ധാത്മാവാസം അഥവാ 'പെന്തിക്കോസ്തി സംഭവം' എങ്ങനെ മനസ്സിലാക്കാം എന്നാണല്ലോ കഴിഞ്ഞ പഠനക്കുറിപ്പിൽ നാം ചർച്ചചെയ്തത്. അത്ഭുതപരതന്ത്രർ, പരിഭ്രമിക്കുന്നവർ, പരിഹസിക്കുന്നവർ ഇങ്ങനെ വ്യത്യസ്തമായ മൂന്ന് വിധത്തിൽ പ്രതികരിക്കുന്ന ഒരു ജനാവലിയെ നാമവിടെ കാണുകയുണ്ടായി. സമ്മിശ്രവികാരങ്ങളുണർന്ന ആ സന്നിഗ്ദ്ധഘട്ടത്തിൽ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച ശിഷ്യപ്രമുഖനായ പത്രോസിന്റെ പ്രതികരണമാണ് ഈ പ്രബന്ധത്തിൽ ചർച്ചചെയ്യപ്പെടുന്നത്. അപ്പസ്തോല പ്രവർത്തനങ്ങൾ 2-ാം അദ്ധ്യായത്തിന്റെ 14 മുതൽ 41 വരെ വാക്യങ്ങൾ ഒരു 'യൂണിറ്റായി' പരിഗണിക്കാം.

അപ്പ. 2/14:- പത്രോസ് ***പതിനൊന്ന് പേരോടുമൊപ്പം, എഴുന്നേറ്റ് നിന്ന്, ഉച്ചസ്വരത്തിൽ പറയുന്നതിന്റെ അർത്ഥമെന്ത്?***

പത്രോസ് സമൂഹമദ്ധ്യേ എഴുന്നേറ്റ് നില്ക്കുന്ന ചിത്രമാണിവിടെ വരച്ചുകാട്ടുക. നേതാവിനോടൊപ്പമുള്ള ചിത്രം പത്രത്താളിൽ പതിയാൻ വേണ്ടി തിക്കിത്തിരക്കി എത്തി

www.malankaralibrary.com

ക്കുത്തി നില്ക്കുന്ന അനുയായി വൃന്ദത്തിന്റെ ചിത്രമാണ് നമ്മുടെ ഭാവനയിൽ വരുക. എന്നാൽ അപ്പസ്തോലന്മാർ 12 പേരും കുടി എഴുന്നേറ്റു നിന്നു എന്നല്ല നാം ഗ്രഹിക്കേണ്ടത്. അങ്ങനെ കരുതിയാലും അപാകതയൊട്ടില്ലതാനും. പ്രശ്നത്തിന്റെ കാതൽ അവിടെയല്ല. പത്രോസ് എഴുന്നേറ്റു നിന്നു എന്നതാണ് കഥാസാരം. സുവിശേഷത്തിലെയും, അപ്പസ്തോല പ്രവർത്തനങ്ങളിൽ തന്നെ മറ്റുഭാഗങ്ങളിലും തെളിയുന്ന, പത്രോസിന്റെ ചിത്രം ഒന്നു പരിശോധിക്കാം. മത്തായിയുടെ സുവിശേഷം 16-ാം അദ്ധ്യായം 18ഉം 19ഉം വാക്യങ്ങളിലുടെ കണ്ണോടിക്കുമ്പോൾ കാണുന്നതിപ്രകാരമാണ്. "ഞാൻ നിന്നോട് പറയുന്നു: നീ പത്രോസാണ്: ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും നരക കവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല. സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ നിനക്ക് ഞാൻ തരും. നീ ഭുമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭുമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും". ലുക്കോസ് 22/32 ഉം യോഹന്നാൻ 21/15 മുതലുള്ള വാക്യങ്ങളിലെ പ്രതിപാദ്യവും ഇതിന് സമാനമാണ്.

"നിന്റെ വിശ്വാസം ക്ഷയിക്കാതിരിക്കുവാൻ ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ചു. നീ തിരിച്ചുവന്ന് നിന്റെ സഹോദരരെ ശക്തിപ്പെടുത്തണം". (ലുക്കോ. 22/32)

"...... എന്റെ ആടുകളെ മേയിക്കുക. (3 പ്രാവശ്യം)

എന്നെ അനുഗമിക്കുക" (യോഹ. 21/ 15, 16, 18, 19).

അപ്പസ്തോല സമൂഹത്തിന്റെ 'നേതൃത്വപട്ടം' ഏല്പിച്ചുകൊടുക്കുന്ന പ്രതീതിയാണിവിടെ കാണാനാകുന്നത്. ഒരു നേതാവിന്റെ ഉയർത്തെഴുന്നേല്പ്! സമകാലീന രാഷ്ട്രീയ ശൈലിയിൽ പറഞ്ഞാൽ 'പാർലമെന്ററി പാർട്ടി ലീഡർ തെരഞ്ഞെടുപ്പ്.' യേശുവിന്റെ ഐഹിക ജീവിതകാലത്ത് തന്നെ ഈ പദവി കൈകാര്യം ചെയ്യുന്ന പത്രോസിനെ സുവിശേഷകന്മാർ ഉയർത്തിക്കാട്ടുന്നുണ്ട്. അപ്പസ്തോല പ്രവർത്തനങ്ങളിൽ ഇതിന് ഏറെ തെളിവുകൾ ഉണ്ട്? ഉദാഹരണമായി: "120 ഓളം സഹോദരർ സമ്മേളിച്ചിരിക്കെ, പത്രോസ് അവരുടെ മദ്ധ്യേ എഴുന്നേറ്റ് നിന്ന് പ്രസ്താവിച്ചു"; (അപ്പ. 1/15) "പത്രോസിനോടും മറ്റ് അപ്പസ്തോലന്മാരോടും ചോദിച്ചു" (അപ്പ. 2/37).

"പത്രോസ് യോഹന്നാനോടൊപ്പം അവനെ സുക്ഷിച്ച് നോക്കിക്കൊണ്ട് പറഞ്ഞു" (അപ്പ. 3/4)

"പത്രോസ് പറഞ്ഞു: വെള്ളിയോ സ്വർണ്ണമോ എന്റെ കയ്യിലില്ല" (3/6)

"ഇതു കണ്ട് പത്രോസ് പറഞ്ഞു: ഇസ്രായേൽ ജനമേ, നിങ്ങളെന്തിന് ഇതിൽ അദ്ഭുതപ്പെടുന്നു" (3/12)

"അപ്പോൾ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് പത്രോസ് പറഞ്ഞു: ഭരണാധികാരികളേ, ജനപ്രമാണികളേ, ഒരു രോഗിക്ക് ഞങ്ങൾ ചെയ്ത ഒരു സൽപ്രവൃത്തിയെക്കുറിച്ചാണ്...... ഞങ്ങൾ ഇന്നു വിചാരണ ചെയ്യപ്പെടുന്നതെങ്കിൽ" (അപ്പ. 4/8)

"പത്രോസിന്റെയും യോഹന്നാന്റെയും ധൈര്യം കാണുകയും അവർ വിദ്യാഹീനരായ സാധാരണ മനുഷ്യരാണെന്ന് മനസ്സിലാക്കുകയും ചെയ്തപ്പോൾ അവർ അത്ഭുതപ്പെട്ടു (4/13)

www.malankaralibrary.com

"പത്രോസ് ചോദിച്ചു: അനനിയാസേ, പരിശുദ്ധാത്മാവിനെ വഞ്ചിക്കാനും....... സാത്താൻ നിന്റെ ഹൃദയത്തെ പ്രേരിപ്പിച്ചതെന്ത്" (അപ്പ. 5/3). " പത്രോസ് അവളോട് ചോദിച്ചു. ഈ തുകയ്ക്കു തന്നെയാണോ നിങ്ങൾ പറമ്പ് വിറ്റത്" (5/8).

"അപ്പോൾ പത്രോസ് പറഞ്ഞു: കർത്താവിന്റെ ആത്മാവിനെ പരീക്ഷിക്കുവാൻ നിങ്ങൾ ഒത്തുചേർന്നതെന്ത്"? (5/9)

"പത്രോസ് കടന്നു പോകുമ്പോൾ അവന്റെ നിഴലെങ്കിലും അവരിൽ ഏതാനും പേരുടെമേൽ പതിക്കുന്നതിനുവേണ്ടിയായിരുന്നു അത്" (5/15).

"പത്രോസും അപ്പസ്തോലന്മാരും പ്രതിവചിച്ചു: മനുഷ്യരെക്കാൾ ദൈവത്തെയാണ് അനുസരിക്കേണ്ടത്" (5/29).

പത്ത്, പതിനൊന്ന് അദ്ധ്യായങ്ങൾ ഉടനീളവും പത്രോസിന്റെ നായകസ്ഥാനം ഉയർത്തിക്കാണിക്കുന്നു.

## പത്രോസിന്റെ പരമാധികാരം സർവ്വകാല പ്രതിഭാസം:

പരിശുദ്ധ കത്തോലിക്കാസഭയുടെ പരമ്പരാഗതമായ വിശ്വാസപ്രകാരം അപ്പസ്തോലന് ലഭിച്ച ഈ നായകസ്ഥാനവും പരമാധികാരവും അദ്ദേഹത്തിന്റെ പിൻഗാമികളായ റോമാ മാർപാപ്പാമാരിലൂടെ തുടരുന്നു. അതിന് കാരണമുണ്ട്. രക്ഷാകാരപദ്ധതി എന്നാൽ ഇന്നത്തെ കൂട്ടു മന്ത്രിസഭപോലെ ഇടയ്ക്കുവെച്ച് കാലുമാറുന്നതും കാൽവഴുതി നിലംപരിശാകുന്നതുമല്ല. അത് ലോകാവസാനത്തോളം – തന്റെ രണ്ടാമത്തെ വരവ് വരെ – തുടരണമെന്ന് യേശു വ്യക്തമായി ഉദ്ദേശിച്ചിരുന്നു എന്ന് സ്പഷ്ടമാണ്. രക്ഷാകര പദ്ധതി കാലികമായ ഒരു പ്രതിഭാസമല്ല, ചിരകാല യാഥാർത്ഥ്യമാണ്.

## പതിനൊന്നു പേരോടുകൂടി! അതെന്ത്?

പതിനൊന്നു പേരോടുകൂടി എന്ന പ്രസ്താവം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നാം നേരത്തെ പഠിച്ചതുപോലെ അവർ ഏകമനസ്സായിരുന്നു. വിശ്വാസത്തിലും ശുശ്രൂഷകളിലും അധികാരത്തിന്റെ പരികർമ്മത്തിലും അവർ പത്രോസിനോടൊപ്പം പൂർണ്ണമായി യോജിക്കുകയും സമ്പൂർണ്ണമായി പങ്കുചേരുകയും ചെയ്തിരുന്നു എന്ന് നാം മനസ്സിലാക്കുന്നു. പരിശുദ്ധാത്മാവിന്റെ നിരന്തര പ്രചോദനം അവർക്കുണ്ടായിരുന്നു എന്നതിന്റെ സ്പഷ്ടമായ തെളിവുകൂടിയാണിത്. ദൈവാത്മസ്പർശം ഇല്ലാതെ വരുമ്പോഴാണ് അധികാരഭ്രമവും, അധികാരപ്രമത്തതയും, അധികാരവടംവലിയും, തരംതാഴ്ത്തലും, വിഭാഗീയതയും ഗ്രൂപ്പിസവും മറ്റും, സഭയിലും, സമുഹത്തിലും, സമ്മേളനത്തിലും, സർക്കാരിലും, സകലയിടത്തും പ്രത്യക്ഷപ്പെടുന്നത്. അധികാര വികേന്ദ്രീകരണവും കൂട്ടുത്തരവാദിത്തവും ആത്മപ്രചോദനമാണ്. ആഗോള സഭയിലും അന്താരാഷ്ട്രസമുഹത്തിലും സഭാവിഭാഗങ്ങളിലും ഇന്ന് കാണുന്ന എല്ലാവടംവലിയും ഇല്ലാതായിത്തീരുവാൻ, ഏകാത്മഭാവം കൈവരുവാൻ, ഐക്യം പുലരുവാൻ, ഈ നവീകരണ വർഷത്തിൽ പരിശുദ്ധാത്മാവ് ശക്തമായി ഇടപെടുവാൻ പ്രാഭവത്തോടെ പ്രവർത്തിപ്പാൻ നമുക്ക് ഒരു മനമോടെ, സത്യത്തിലും ആത്മാവിലും പ്രാർത്ഥിക്കാം. "സർവ്വേശ്വരാ, അങ്ങയുടെ ആത്മാവിനെ അയയ്ക്കുക. അപ്പോൾ അവ സൃഷ്ടിക്കപ്പെടും. ഭുമുഖം നവീകരിക്കപ്പെടുകയും ചെയ്യും." (സങ്കീ. 104/30) എന്നാണല്ലോ നമ്മുടെ പ്രാർത്ഥന. അതു തന്നെയല്ലേ നമ്മുടെ ആശയും പ്രത്യാശയും?

www.malankaralibrary.com

## പത്രോസ് എഴുന്നേറ്റു നിന്നതെന്ത്?

അതിലെന്താണിത്ര പുതുമയെന്നായിരിക്കും ചോദിക്കുക. ഒരു സമൂഹത്തിന്റെ മുമ്പിൽ എഴുന്നേറ്റ് നില്ക്കുക എന്നു പറഞ്ഞാൽ അതത്ര എളുപ്പമല്ലെന്ന് അനുഭവം വഴി അറിവുള്ള കാര്യമല്ലേ? 'വിദ്വാനായതുകൊണ്ടെന്നതിനെക്കാൾ മന്ദനായതുകൊണ്ടല്ലേ മൗനമാകുക? എന്നാൽ ഏതു മന്ദനും എത്ര മടിയനും പരിശുദ്ധാത്മാവിന്റെ പ്രചോദനം ലഭിക്കുമ്പോൾ, സമൂഹത്തിന് ഒരു സന്ദേശം നല്കാൻ പ്രേരണയും ഉൾവിളിയും ഉണ്ടാകുമ്പോൾ, പറയാനല്ല, പറയാതിരിക്കാനാണ് ബുദ്ധിമുട്ടുണ്ടാകുക. ധീരതയുടെ ആത്മാവാണ് പരിശുദ്ധാത്മാവ്. 'സത്യാത്മാവ് വരുമ്പോൾ അവൻ തന്നെക്കുറിച്ച് സാക്ഷ്യം നല്കുമെന്ന്' (യോഹ. 15/26) മുന്നറിവ് യേശു നല്കിയിട്ടുണ്ടല്ലോ. 'എന്തുപറയണമെന്ന് വിചാരിച്ച് ഉത്കണ്ഠാ കുലരാകേണ്ടെന്നും, ആ സമയത്ത് ലഭിക്കുന്നത് എന്തോ അത് സംസാരിക്കണമെന്നും, അവരല്ല പരിശുദ്ധാത്മാവായിരിക്കും സംസാരിക്കുക' എന്നും (മർക്കോ. 13/11), "നിങ്ങളുടെ എതിരാളികളിലാർക്കും ചെറുത്തു നില്ക്കാനോ, എതിർക്കാനോ കഴിയാത്ത വാക്ചാതുരിയും ജ്ഞാനവും നിങ്ങൾക്ക് ഞാൻ നല്കും" (ലൂക്കോ. 21/15) എന്നുമാണല്ലോ ദ്രവ്യനാഥന്റെ മുന്നുപദേശം. അതൊരു പ്രവചനം കൂടിയായിരുന്നു. അതിന്റെ നിവൃത്തിയാണിവിടെ ദർശിക്കുക; അതിന്റെ ചുരുളാണ് ഇവിടെ അഴിയുക. 'വിദ്യാവിഹീനരും ഭോഷന്മാരുമായിരുന്ന മീൻപിടുത്തക്കാർ' (ശ്ലീഹാ നോമ്പിലെ സന്ധ്യാ പ്രാർത്ഥന) പരിശുദ്ധാത്മാവിനെ പ്രാപിച്ചപ്പോൾ, ഒരു പക്ഷേ അതിന് മുമ്പ് ഒരിക്കൽപോലും ഒരു സദസ്സിനെ അഭിസംബോധന ചെയ്തിട്ടില്ലാത്ത പത്രോസും പതിനൊന്നു പേരും, വശ്യവചസ്സുകളാകുകയും, വാഗ്ധോരണി കൊണ്ട് നിറയുകയും, കരിസ്മായുള്ള പ്രഭാഷകരാകുകയും ചെയ്യുന്ന കാഴ്ച വിസ്മയാവഹം തന്നെ.

## പത്രോസ് ഉച്ചസ്വരത്തിൽ പറയുന്നു

ദുഃഖിതനും സംഭീതനുമായിരുന്ന പത്രോസ് ("അവർ ദുഃഖത്തിലാണ്ട് വിലപിച്ചിരിക്കയായിരുന്നു"- മർക്കോ. 16/10; "....... ശിഷ്യന്മാർ യഹൂദരെ ഭയന്ന് കതകടച്ചിരിക്കെ"- യോഹ. 20/19) തന്റെ വിശ്വാസബോദ്ധ്യവും തനിക്ക് ലഭിച്ച ദൈവിക വെളിപാടും, ആരവംകേട്ട് ഒരുമിച്ച് കൂടിയ 3000-ൽ ഏറെ ജനങ്ങളുടെ മുമ്പിൽ ഉറച്ചസ്വരത്തിൽ (അപ്പ. 2/6, 41) ഉൽഘോഷിക്കുകയാണ്. ഉച്ചസ്വരം ഉൾബോദ്ധ്യത്തിൽ നിന്നും ഉടലെടുക്കുന്നതാണ്. 'യുറേക്ക' എന്ന് ആർക്കമെഡീസും (= ഞാൻ കണ്ടുപിടിച്ചു), 'എന്നാലും ഭൂമിതന്നെയാണ് ഭ്രമണം ചെയ്യുന്നത്' -Yet it moves - എന്ന് ഗലീലിയോയും, 'മനുഷ്യരെക്കാൾ ദൈവത്തെയാണ് അനുസരിക്കേണ്ടത്' എന്ന് പത്രോസും പതിനൊന്നുപേരും (അപ്പ. 5/30) ഉറക്കെപ്പറയുന്നത് ആ വിഷയങ്ങളെപ്പറ്റിയുള്ള അവരുടെ ഉറച്ച ബോദ്ധ്യം കൊണ്ടാണ്. 'ബോദ്ധ്യമുള്ള ഒരുവനാണ് ബോദ്ധ്യമില്ലാത്ത നൂറുപേരെക്കാൾ മെച്ചം' എന്നാണല്ലോ ചൊല്ല്. ദ്രവ്യാരാധനയിൽ "നാം ശബ്ദമുയർത്തിപ്പറയണം" എന്നും "ദിവ്യജ്ഞാനം അട്ടഹസിക്കുന്നു, നാമെല്ലാവരും ഏറ്റു ചൊല്ലണമെന്നും", കുറിയേലായിസ്സോൻ എന്ന് ശബ്ദമുയർത്തിപ്പറയണം" എന്ന് നിർദ്ദേശിക്കുന്നതുമെല്ലാം, ഉൾബോദ്ധ്യത്തോടെ, സംശയരഹിതമായി, വിശ്വാസ പ്രഘോഷണം നടത്തുവാനുള്ള പ്രേരണ നല്കുകയാണ്. സത്യം ഉറക്കെപ്പറയാൻ മടിക്കേണ്ടതില്ല, എവി

www.malankaralibrary.com

ടെയും. ദൃഢതയും കരുത്തും ഉറപ്പുമുള്ള ആ ശബ്ദത്തിന്റെ മാറ്റൊലി നൂറ്റാണ്ടുകൾ പിന്നിട്ട് ഇന്നും ലോകമെങ്ങും മുഴങ്ങിക്കൊണ്ടിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ അത്ഭുതകരമായ ശക്തി വിശേഷം എന്നല്ലാതെ അതിനെപ്പറ്റി എന്തുപറയേണ്ടു! ഈ ബോധ്യവും നിശ്ചയ ദാർഢ്യവും ധൈര്യവുമാണ് എക്കാലവും ലോകം എങ്ങുമുള്ള സുവിശേഷകരുടെ കരുത്ത്. സുവിശേഷത്തെ തളക്കുവാൻ ആർക്കും സാധ്യമല്ല. അതിനെ തകർക്കുവാൻ റോമ്മാ സാമ്രാജ്യത്തിന്റെ ശക്തി മുഴുവൻ ഉപയോഗിച്ചിട്ടും കഴിഞ്ഞില്ലെന്നുള്ളത് ചരിത്ര സത്യം മാത്രം.

സമൂഹത്തിന്റെ പരിഹാസം (അപ്പ 2/13) അദ്ദേഹത്തെ നഷ്ട ധൈര്യനാക്കുകയല്ല ചെയ്തത്, മറിച്ച് കർമ്മനിരതനാക്കുകയാണ്. സമചിത്തതയോടെ സാഹചര്യത്തെ അഭിമുഖീകരിക്കുകയാണദ്ദേഹം. സർവ്വസമ്മതമായ ന്യായ വാദങ്ങൾ നിരത്തി യുക്തിപൂർവ്വകമായ വാദമുഖങ്ങളുന്നയിച്ച്, ചരിത്രത്തിന്റെ പാഠങ്ങൾ എടുത്തുകാട്ടി, അവരുടെ പരിഹാസത്തിന്റെ വിഷമുള്ള് ഒടിച്ചുകളയുകയാണ്. ജ്ഞാനവും ബുദ്ധിയും (യുക്തിയും) അറിവും ആലോചനയും ആത്മശക്തിയും ഭക്തിയും ദൈവഭയവും പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ തന്നെ. പ്രസംഗമെന്നാൻ വെറും ശബ്ദ പ്രപഞ്ചമല്ല; വാദ കോലാഹലമല്ല. അത് ആത്മീയ സത്യങ്ങൾ വ്യാഖ്യാനിക്കലാണ്. "ഞങ്ങൾ ഭൗതീക വിജ്ഞാനത്തിന്റെ വാക്കുകളിൽ പ്രസംഗിക്കുകയല്ല; ആത്മാവ് ഞങ്ങളെ പഠിപ്പിച്ചതനുസരിച്ച് ആത്മാവിന്റെ ദാനങ്ങൾ പ്രാപിച്ചവർക്കുവേണ്ടി ആത്മീയ സത്യങ്ങൾ വ്യാഖ്യാനിക്കുകയാണ് ചെയ്യുന്നത്" കോരിന്ത്യരോട് ശ്ലീഹാ പറയുന്നു.

അവർ മദ്യത്താലല്ല പിന്നെയോ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ലഹരി പിടിച്ചിരിക്കുന്നു. (അപ്പ. 2/17) എന്നതിന് സജീവ സാക്ഷ്യമായി മാറുകയാണ് പത്രോസ്. ഇപ്പോൾ ദിവസത്തിന്റെ മൂന്നാം മണിക്കൂറല്ലേ ആയിട്ടുള്ളു എന്നു പറഞ്ഞുകൊണ്ട് പത്രോസ് പരിഹാസികളുടെ വാദമുഖങ്ങളെ ഖണ്ഡിക്കുന്നതു നാം കാണുന്നു.

## എന്താണീ മൂന്നാം മണിക്കൂറിന്റെ പ്രത്യേകത?

ഇവിടെ യഹൂദന്മാരുടെ ദിവസ ക്രമീകരണത്തെപ്പറ്റി അല്പം വിശദീകരണം ആവശ്യമായേക്കാം. ആധുനികകാലത്ത് സാർവ്വത്രികമായി ദിവസം കണക്കാക്കുന്നത് പാതിരാത്രിമുതൽ പാതിരാത്രിവരെയാണല്ലോ. എന്നാൽ യഹൂദരുടെ രീതി സൂര്യോദയം മുതൽ ദിവസം കണക്കാക്കുക എന്നതാണ്. സൂര്യോദയം ഒന്നാം മണിയും മദ്ധ്യാഹ്നം അഥവാ ഉച്ച ആറാം മണിയും സന്ധ്യ പന്ത്രണ്ടാം മണിയുമാണ്. 11-ാം മണിക്കൂറിലെ വേലക്കാരെപ്പറ്റി മത്തായിയുടെ സുവിശേഷം 20-ാം അദ്ധ്യായം 6-ാം വാകൃത്തിൽ നാം വായിക്കുന്നുണ്ടല്ലോ. ഒരു ദിവസത്തെ ജോലിയുടെ അവസാനത്തെ മണിക്കൂർ എന്നാണതിനർത്ഥം. മൂന്നാം മണിയെന്നാൽ സൂര്യോദയം കഴിഞ്ഞ് മൂന്നാമത്തെ മണിക്കൂർ എന്നാണർത്ഥം. നമ്മുടെ സമയ ക്രമം അനുസരിച്ച് രാവിലെ 9 മണി എന്നു കണക്കാക്കാവുന്നതാണ്. പെന്തിക്കോസ്തിയുടെ അത്ഭുതകരമായ സംഭവം നടന്നത് രാവിലെ 9 മണിയോടെയാണ്. മൂന്നാം മണിനേരത്തെ പ്രാർത്ഥന കഴിയാതെ യഹൂദർ പ്രഭാത ഭക്ഷണമെന്നല്ല ജലപാനംപോലും ചെയ്യാറില്ലായിരുന്നു എന്നതാണ് വാസ്തവം. രാവിലെ 9 മണിക്കുശേഷം അവർ വീഞ്ഞു കുടിച്ച് മത്തരാകുമായിരുന്നെന്നോ, വീഞ്ഞു കുടിക്കുന്നത് അനുവദനീയമായിരുന്നു എന്നോ ഉള്ള യാതൊരു സൂചനയും ആ വാക്യം

www.malankaralibrary.com

നൽകുന്നില്ല. സാമാന്യ പതിവനുസരിച്ച് ജലപാനത്തിനുപോലും സമയമായിട്ടില്ലല്ലോ എന്ന യുക്തിപൂർവ്വകമായ ചോദ്യമാണ് പരിഹസിച്ചവരുടെ മുമ്പിലേക്ക് പത്രോസ് എയ്തുവിടുന്നത്. "നിങ്ങൾ വീഞ്ഞ് കുടിച്ച് ഉന്മത്തരാകരുത്. അതിൽ ദുരാസക്തി ഉണ്ട്. മറിച്ച് ആത്മാവിൽ പൂരിതരാകുവീൻ" (എഫേ. 5/18) എന്നാണ് വേദോപദേശം എന്നുകൂടി ഓർമ്മിക്കുക നല്ലതാണ്.

## യഹൂദ ജനങ്ങളേ, യറുശലേമിൽ വസിക്കുന്നവരേ :

യഹൂദ ജനങ്ങൾ എന്ന സംബോധന മുഴുവൻ ഇസ്രായേല്യരേയും ഉദ്ദേശിച്ചിട്ടുള്ള താണ്. 'യഹൂദി' എന്ന നാമം യൂദാ ഗോത്രത്തിൽപെട്ടവർക്കു വേണ്ടിയാണ് ആദ്യം ഉപയോഗിച്ചിരുന്നത്.

സോളമൻ രാജാവിന്റെ മകനായ റെഹോബോവാമിന്റെ കാലത്ത് (B.C. 931-913) ഇസ്രായേൽ രണ്ടായി വിഭജിക്കപ്പെട്ടു. 'ഇസ്രായേൽ' എന്നും 'യൂദാ' എന്നും അവ അറിയപ്പെട്ടു. രാജാക്കന്മാരുടെ ഒന്നാം പുസ്തകം പന്ത്രണ്ടാമദ്ധ്യായം 1 മുതൽ 20 വരെ വാക്യങ്ങളിലും ദിനവൃത്താന്തം രണ്ടാം പുസ്തകം പത്താമദ്ധ്യായം 1 മുതൽ 11 വരെ വാക്യങ്ങളിലും ഈ ചരിത്രം നാം വായിക്കുന്നു. രണ്ടു നൂറ്റാണ്ടുകൾക്ക് ശേഷം B.C. 721 -ൽ അസ്സീറിയാക്കാർ (ഇന്നത്തെ ഇറാഖ്!) ഇസ്രായേൽ രാജ്യത്തെ ആക്ര മിച്ച് കീഴടക്കുകയും നാമാവശ്ശേഷമാക്കുകയും ചെയ്തു. അതിന് ശേഷം നിലനിന്നത് യൂദാ ഗോത്രവും ബഞ്ചമിൻ ഗോത്രവും ചേർന്ന (1 രാജാ. 12/21) യൂദാ എന്ന പേരി ലറിയപ്പെട്ടിരുന്ന കൊച്ചുരാജ്യമാണ്. പില്ക്കാലത്ത് അവശേഷിച്ച എല്ലാ ഇസ്രായേ ല്യരും യൂദാരാജ്യത്തിന്റെ പേരിൽ, ***യൂദന്മാർ*** എന്നറിയപ്പെട്ടു.

ഇസ്രായേല്യരുടെ അഭിമാന ഭാജനങ്ങളും കീർത്തിസ്തംഭങ്ങളുമായ ദാവീദുരാ ജാവും ശലോമോൻ രാജാവും യൂദാവംശത്തിൽ പെട്ടവരായിരുന്നു. അതിനാൽ ഇസ്രാ യേൽ ജനത യൂദന്മാർ-യഹൂദർ - (Jews) എന്ന് അറിയപ്പെടുവാൻ ഇഷ്ടപ്പെട്ടിരുന്നു. യേശുവിന്റെ കുരിശിനു മുകളിൽ "നസ്രായനായ യേശു യഹൂദരുടെ രാജാവ്" (യോഹ 19/19) എന്ന മെലെഴുത്ത് നൽകപ്പെട്ടത് ഓർക്കുമല്ലോ. ഇതിന്റെ ചുരുക്കെഴുത്താണ് I.N.R.I. എന്ന് ക്രൂശിത രൂപത്തിനു മുകളിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നത്. ഇത് Iesus Nazarenus Rex Iudeorum എന്ന ലത്തീനിലുള്ള മേലെഴുത്തിന്റെ ചുരുങ്ങിയ രൂപമാണ് (ലത്തീൻ ഭാഷയിൽ J എന്ന ലിപിക്കു പകരം I എന്ന ലിപി ഉപയോഗിക്കാം).

യഹൂദന്മാർ എന്നു വിളിക്കപ്പെടുന്നതിൽ അവർ അഭിമാനം കൊണ്ടിരുന്നു. അവ രുടെ ദേശീയ ബോധത്തെയും പൈതൃകത്തെയും തൊട്ടുണർത്തിക്കൊണ്ട് വികാര വായ്പോടെ പത്രോസ് അവരെ അഭിസംബോധന ചെയ്യുകയാണ്: "യഹൂദജനങ്ങളേ യരുശലേമിൽ വസിക്കുന്നവരേ...."

## സഭയിലെ ആദ്യത്തെ സുവിശേഷ പ്രസംഗം. (അപ്പ. 2/ 14-41)

പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായ പത്രോസിന്റെ പ്രസംഗമാണ് സഭയിലെ ആദ്യത്തെ സുവിശേഷ പ്രഘോഷണം. അക്കാരണത്താൽ തന്നെ പുതിയനിയമത്തിലെ ഏറ്റവും ശ്രദ്ധേയമായ വേദഭാഗങ്ങളിൽ ഒന്നാണിത്. സുവിശേഷ പ്രഘോഷണമെന്നത് ഒരു പുത്തൻ സങ്കേതമാണ്. സുവിശേഷ പ്രഘോഷണം എന്നാൽ ദൂത് അറിയിക്കുക, വിളംബരം ചെയ്യുക എന്നൊക്കെയാണർത്ഥം. സുവിശേഷ പ്രസംഗം എന്നതിനേക്കാൾ

www.malankaralibrary.com

പ്രഘോഷണം എന്ന വാക്കാണ് കൂടുതൽ അനുയോജ്യം. കാരണം ഓരോ സുവിശേഷ പ്രഭാഷകനും തന്നെ അയച്ചവന്റെ ദൂത് അറിയിക്കുന്നവനാണ്. സ്വന്തം അധികാരത്തിലല്ല അയച്ചവന്റെ അധികാരത്തിലാണ് അവൻ സംസാരിക്കുന്നത്. ഉദാഹരണത്തിന് സ്നാപക യോഹന്നാൻ മിശിഹായുടെ ദൂത് അറിയിക്കുന്നവനാണ്. "മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദം......." (മത്താ: 3/3) എന്ന് യോഹന്നാനെ വിശേഷിപ്പിച്ചിരിക്കുന്നു. യഥാർത്ഥത്തിൽ സുവിശേഷ പ്രഘോഷണം യേശുവിന്റെ സ്വന്തം ജോലിയും ദൗത്യവുമാണ്. "അവൻ പറഞ്ഞു: നമുക്ക് അടുത്ത പട്ടണങ്ങളിലേക്ക് പോകാം. അവിടെയും എനിക്ക് പ്രസംഗിക്കേണ്ടിയിരിക്കുന്നു. അതിനാണ് ഞാൻ വന്നിരിക്കുന്നത്. സിനഗോഗുകളിൽ പ്രസംഗിച്ചു കൊണ്ടും........ അവൻ ഗലീലായിൽ ഉടനീളം സഞ്ചരിച്ചു. (മർക്കോ 1 / 38-39). ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവൻ എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. (ലൂക്കോ 4/18) യഥാർത്ഥത്തിലുള്ള സുവിശേഷകൻ എക്കാലവും യേശുതന്നെയാണ്. യേശുവിനെയാണ് പ്രഘോഷിക്കേണ്ടത്. യേശുവിനെ പ്രതിയാണ് സുവിശേഷ പ്രഘോഷണം. യേശുവിനോടൊപ്പമാണ് സുവിശേഷ പ്രഘോഷണം. നാം യേശുവിനു വേണ്ടി ആ ദൗത്യം നിർവ്വഹിക്കുകയാണ്.

പ്രസംഗകൻ അയയ്ക്കപ്പെട്ടെങ്കിൽ മാത്രമേ പ്രഘോഷകനാകയുള്ളു. "അയക്കപ്പെടുന്നില്ലെങ്കിൽ എങ്ങനെ പ്രസംഗിക്കും" (റോമ. 10/15.) സുവിശേഷം പ്രസംഗിക്കുന്നത് മഹത്തായ ഒരു ദിവ്യദൗത്യമാണ്. "സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം" (റോമ. 10/15 = ഏശാ. 52/7) എന്നാണ് പ്രവാചകനും അപ്പസ്തോലനും ഉദ്ഘോഷിക്കുക. സുവിശേഷ പ്രഘോഷകർക്ക് സഭാസമൂഹത്തിൽ മാന്യമായ സ്ഥാനം കൊടുക്കണമെന്നും പരിഗണന നല്കണമെന്നും അപ്പസ്തോലൻ വീണ്ടും പറയുന്നുണ്ട്. സുവിശേഷപ്രഘോഷണം രഹസ്യമായ ഒരു 'സ്റ്റഡിക്ലാസ്സ്' അല്ല, പിന്നെയോ പരസ്യമായ പ്രഖ്യാപനവും പാരാകെ പരക്കേണ്ട പരിപാടിയുമാണ്. അത് എല്ലാവരും അറിയേണ്ടതും എല്ലാവരെയും അറിയിക്കേണ്ടതും എല്ലാവരേയും ഉൾക്കൊള്ളേണ്ടതും സാർവ്വജനീനവുമായ ഒരു പ്രക്രിയയാണ്. അതൊരു 'സ്വകാര്യപരിപാടി'യല്ല; എല്ലാവർക്കും നല്കേണ്ടതും എല്ലാവരേയും കൂട്ടിയിണക്കേണ്ടതുമായ ഒരു ദൈവീക പദ്ധതിയാണ്. അത് സ്വകാര്യ സൂക്ഷത്തിനുള്ള ഒരു നിധികുംഭമല്ല, പങ്കു വെയ്ക്കാനുള്ള ഒരു പൊതുമുതലാണ്.

വെറും നാട്ടു'വിശേഷങ്ങ'ളല്ല, ശാസ്ത്രീയ തത്വങ്ങളല്ല, സുവിശേഷം, -ആത്മരക്ഷയെപ്പറ്റിയുള്ള സദ്വാർത്തയാണ് പ്രഘോഷിക്കപ്പെടേണ്ടത്. സുവിശേഷ പ്രഘോഷണത്തിൽ ആവശ്യം ഉണ്ടായിരിക്കേണ്ട വിഷയങ്ങൾ ഇവയായിരിക്കണം:

**(1) അനുതാപം:** "പാപമോചനത്തിനുള്ള അനുതാപം; അവന്റെ നാമത്തിൽ, ജറുസലെമിൽ ആരംഭിച്ച് എല്ലാ ജനതകളോടും പ്രഘോഷിക്കപ്പെടേണ്ടിയിരിക്കുന്നു" (ലൂക്കോ. 24/47).

**(2) പാപമോചനം:** "........ ബന്ധിതർക്ക് മോചനവും...... അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും ...... എന്നെ അഭിഷേകം ചെയ്തിരിക്കുന്നു" (ലൂക്കോ. 4/18)

**(3) ജ്ഞാനസ്നാനം:** "...... എശയ്യാപ്രവാചകന്റെ ഗ്രന്ഥത്തിൽ എഴുതപ്പെട്ടിരിക്കുന്നതുപോലെ, പാപമോചനത്തിനുള്ള അനുതാപത്തിന്റെ ജ്ഞാനസ്നാനം പ്രസംഗിച്ചുകൊണ്ട് സ്നാപകയോഹന്നാൻ മരുഭൂമിയിൽ പ്രത്യക്ഷപ്പെട്ടു" *(മർക്കോ 1/4)*

www.malankaralibrary.com

(4) **രക്ഷകനും ദൈവപത്രനുമായ യേശു:**

(a) "അധികം താമസിയാതെ, യേശു ദൈവപുത്രനാണെന്ന് അവൻ (സാവുൾ or പൗലോസ്) സിനയോഗുകളിൽ പ്രസംഗിക്കാൻ തുടങ്ങി" (അപ്പ. 9/20)

"ഞങ്ങൾ പ്രസംഗിച്ച ദൈവപുത്രനായ യേശുക്രിസ്തു (2 കൊരി 1/19)

(b) "....... പൗലോസു പ്രസംഗിക്കുന്ന യേശുവിന്റെ നാമത്തിൽ നിന്നോട് ഞാൻ കല്പിയ്ക്കുന്നു എന്നു പറഞ്ഞുകൊണ്ട് അശുദ്ധാത്മാക്കളുടെ മേൽ കർത്താവായ യേശുവിന്റെ നാമം പ്രയോഗിച്ചു നോക്കി" (അപ്പ. 19/13).

"ഞങ്ങൾ ഉദ്ഘോഷിക്കുന്നത്...... യേശുക്രിസ്തുവിനെ കർത്താവായും..... ആണ്" (2 കൊരി 4/5)

(c) "ദൈവത്തിന്റെ പ്രതിരുപമായ ക്രിസ്തുവിന്റെ മഹത്വമേറിയ സുവിശേഷത്തിന്റെ പ്രകാശം.... " (2കൊരി 4/4)

(d) "ഫിലിപ്പോസു സമരിയായിലെ ഒരു നഗരത്തിൽ ചെന്ന് ക്രിസ്തുവിനെപ്പറ്റി പ്രഘോഷിച്ചു" (അപ്പ: 8/5)

"ചിലർ അസൂയയും മാത്സര്യവും നിമിത്തം ക്രിസ്തുവിനെ പ്രസംഗിക്കുന്നു. മറ്റു ചിലർ സന്മനസ്സോടെ തന്നെ പ്രസംഗിക്കുന്നു" (ഫിലി. 1/15)

(e) "ഞങ്ങളാകട്ടെ യഹുദർക്ക് ഇടർച്ചയും വിജാതീയർക്ക് ഭോഷത്തവുമായ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു " (1കൊരി. 1/23)

(5) **ദൈവരാജ്യം:**

".....യേശു പട്ടണങ്ങളിലും ഗ്രാമങ്ങളിലും ചുറ്റിസഞ്ചരിച്ച് പ്രസംഗിക്കുകയും ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിക്കുകയും ചെയ്തു." (ലൂക്കോ. 8/1)

"ദൈവരാജ്യം പ്രസംഗിക്കുവാനും രോഗികളെ സുഖപ്പെടുത്തുവാനുമായി അവൻ അവരെ അയച്ചു " (ലുക്കോ. 9/2)

"ദൈവരാജ്യം പ്രസംഗിച്ചുകൊണ്ട് നിങ്ങളുടെ ഇടയിൽ ഞാൻ സഞ്ചരിച്ചു". (അപ്പ. 20/25) എഫേസോസിലെ ക്രിസ്ത്രീയ സമൂഹത്തോട് കണ്ണീരോടെ യാത്ര പറയുമ്പോൾ വി. പൗലോസ് സാക്ഷീകരിക്കുന്നു.

അപ്പസ്തോല പ്രവർത്തനങ്ങൾ എന്ന വേദഗ്രന്ഥം അവസാനിപ്പിക്കുന്നത് ശ്രദ്ധേയമാണ്. "അവൻ ദൈവരാജ്യം പ്രസംഗിക്കുകയും കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ച് നിർബാധം ധൈര്യപുർവ്വം, പഠിപ്പിക്കുകയും ചെയ്തു" (അപ്പ. 28/31).

(6) **സുവിശേഷം:**

"സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: ലോകത്തിലെവിടെയെല്ലാം ഈ സുവിശേഷം പ്രസംഗിക്കപ്പെടുമോ, അവിടെയെല്ലാം ഇവൾ ചെയ്തകാര്യവും ഇവളുടെ സ്മരണക്കായി പ്രസംഗിക്കപ്പെടും (മത്താ. 26/13; മർക്കോ. 14/9)

"എന്നാൽ ആദ്യം എല്ലാ ജനതകളോടും സുവിശേഷം പ്രസംഗിക്കപ്പെടേണ്ടിയിരിക്കുന്നു. (മർക്കോ. 13/10)

www.malankaralibrary.com

"അവൻ അവരോടു പറഞ്ഞു: നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ. 16/15)

"എന്നാൽ നിങ്ങൾ ശ്രവിച്ച സുവിശേഷം നൽകുന്ന പ്രത്യാശയിൽ നിന്ന് വ്യതി ചലിക്കാതെ സ്ഥിരതയോടും ദൃഢനിശ്ചയത്തോടും കൂടി വിശ്വാസത്തിൽ നിങ്ങൾ നിലനിൽക്കേണ്ടിയിരിക്കുന്നു." (കൊലോസ്യർ 1/23)

**(7) രാജ്യത്തിന്റെ സുവിശേഷം:**

അവൻ അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും...... ഗലീലി മുഴുവൻ ചുറ്റി സഞ്ചരിച്ചു. (മത്താ. 4/23; 9/35; 24/14)

**(8) വചനം:** "വചനം പ്രസംഗിക്കുക: സാഹചര്യങ്ങൾ അനുകൂലമാണെങ്കിലും അല്ലെങ്കിലും ജാഗരൂകതയോടെ വർത്തിക്കുക; മറ്റുള്ളവരിൽ ബോദ്ധ്യം ജനിപ്പിക്കുകയും അവരെ ശാസിക്കുകയും ഉദ്ബോധിപ്പിക്കുകയും ചെയ്യുക." (2 തിമോത്തി 4/2)

"വചനം നിങ്ങൾക്ക് സമീപസ്ഥമാണ്. നിന്റെ അധരത്തിലും നിന്റെ ഹൃദയത്തിലും അതുണ്ട് – ഞങ്ങൾ പ്രസംഗിക്കുന്ന വിശ്വാസത്തിന്റെ വചനം തന്നെ. (റോമ. 108; നിയമ. 30/14)

എന്നാൽ ഇവയൊന്നും വ്യത്യസ്തങ്ങളായ വിഷയങ്ങളല്ല. എല്ലാറ്റിന്റെയും ആരംഭവും പരമാന്ത്യവും യേശുവാണ്. എല്ലാറ്റിന്റെയും പൊതുവായ താല്പര്യം ദൈവരാജ്യത്തിന്റെ ആഗമനം അതായത് യേശുവിന്റെ ആഗമനവും പ്രത്യാഗമനവുമാണ്. മനുഷ്യരക്ഷക്കായി ദൈവം ചെയ്ത പരമമായ പ്രവൃത്തി യേശുവിന്റെ ***മനുഷ്യാവതാരമാണ്.*** ഇതിൽ രക്ഷണ്യ വ്യാപാരങ്ങളെല്ലാം അന്തർഭവിച്ചിരിക്കുന്നു. ഇതാണ് നാം പ്രഘോഷിക്കേണ്ടത്. ഈ വിശ്വാസമാണ് ***നാം പ്രചരിപ്പിക്കേണ്ടത്.*** ഈ ബോധ്യമാണ് നാം ജനിപ്പിക്കേണ്ടത്. അതിനുവേണ്ടിയാണ് ഓരോ സുവിശേഷകനും ആത്മസമർപ്പണം ചെയ്യേണ്ടതും.

സുവിശേഷ പ്രചരണത്തിന്റെ മുഖ്യമായ ഉപാധി വചന പ്രഘോഷണം തന്നെയായിരുന്നു. ആദിമസഭയിൽ നിലവിലിരുന്ന സുവിശേഷ പ്രഭാഷണങ്ങളെ നാലായി തരം തിരിക്കാവുന്നതാണ്. (1) Kerygma അഥവാ ദൂതവാക്യം. (2) Didache അഥവാ പഠനങ്ങൾ (3) Paraklesis അഥവാ ഉപദേശങ്ങൾ (4) Homilia അഥവാ മതപ്രഭാഷണം

**(1) കെരിഗ്മാ:** യേശുവിന്റെ സന്ദേശവാഹകരായിരുന്നല്ലോ. അയക്കപ്പെട്ടവരായ പ്രസംഗകർ. അവർ തങ്ങളെ ഏല്പിച്ച സന്ദേശം മാറ്റം വരുത്താതെ അതേപടി അവതരിപ്പിക്കുന്ന രീതിക്കാണ് കെരിഗ്മാ അഥവാ ദൂതവാക്യം എന്നു വിളിച്ചിരുന്നത്. ഇതിനേക്കുറിച്ച് മേൽ വിവരിച്ചിട്ടുണ്ടല്ലോ.

**(2) ഡിഡക്കെ:** അഥവാ പഠനങ്ങൾ, കെരിഗ്മായിൽ കേട്ടതായ ദൂത് വിശദീകരിച്ചുകൊണ്ടുള്ള പഠനങ്ങളാണ്. ഉദാഹരണത്തിന് "ദൈവരാജ്യം സമീപിച്ചിരിക്കുന്നു" എന്ന സന്ദേശം നമുക്ക് ലഭിച്ചാൽ അതിന്റെ വിശദാംശങ്ങൾ, പരിണത ഫലങ്ങൾ, നാം കൈക്കൊള്ളേണ്ട മുൻകരുതലുകൾ, ഇവയൊക്കെ മനസിലാകേണ്ടതുണ്ട്. അപ്രകാരമുള്ള വിശദമായ പഠനങ്ങളാണ് അപ്പസ്തോലന്മാരുടെയും ആദിമ പിതാക്കന്മാരിലൂടെയും ഡിഡക്കെയിൽ നിന്നും നമുക്ക് ലഭിക്കുന്നത്.

www.malankaralibrary.com

(3) **പാറക്ലേസിസ് അഥവാ ഉപദേശങ്ങൾ.** ദൈവികമായ ദൂതിന്റേയും അതിന്റെ വെളിച്ചത്തിൽ ലഭിച്ച പഠനങ്ങളുടെയും പ്രായോഗികമായ ലക്ഷ്യം വ്യക്തി ജീവിതത്തിലും സമൂഹബന്ധത്തിലും പരിവർത്തനം ഉണ്ടാക്കുക എന്നുള്ളതാണല്ലോ. അതിനുപകരിക്കുന്ന പ്രായോഗിക നിർദ്ദേശങ്ങളും ഉപദേശങ്ങളും ചേർന്നതാണ് പാറക്ലേസിസ്.

(4) **ഹോമിലിയാ അഥവാ മത പ്രഭാഷണം.** ക്രൈസ്തവ ധർമ്മത്തിന്റെ വെളിച്ചത്തിൽ അനുദിന ജീവിതത്തെ നോക്കിക്കാണാനും വിശദീകരണങ്ങൾ നൽകാനുമാണ് ഈ രീതി ഉപയോഗിച്ചിരുന്നത്. ക്രിസ്ത്യാനി ഏതെങ്കിലും സമയത്തേക്കോ സ്ഥലത്തേക്കോ വേണ്ടിമാത്രമല്ല വിശ്വാസം ഏറ്റെടുക്കുന്നത്. എവിടെയും എല്ലായിപ്പോഴും അവൻ ക്രൈസ്തവമായി വേണം ചിന്തിക്കാനും പ്രവർത്തിക്കാനും. മനുഷ്യ ജീവിതവുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും വിശ്വാസത്തിന്റെ വെളിച്ചത്തിൽ വിശദീകരിക്കുകയാണ് ഹോമിലിയായിൽ ചെയ്യുന്നത്. നാമിപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന പത്രോസിന്റെ ഒന്നാമത്തെ പ്രഭാഷണം പരിശോധിച്ചാൽ ഈ നാലു ഘടകങ്ങളും യോജിപ്പിച്ചിരിക്കുന്നതായി കാണാം. പഠനസൗകര്യത്തിനായി അവയൊക്കെ വേർതിരിച്ചെടുക്കാമെങ്കിലും വചനപ്രഘോഷണത്തിൽ അവയെല്ലാം കൂടിക്കലർന്നു കിടക്കുന്നതിൽ അപാകതയില്ല. കാരണം ഇവക്കെല്ലാം പൊതുവായ ലക്ഷ്യമാണല്ലോ ഉള്ളത്.

യേശു ദൈവവും കർത്താവും രക്ഷിതാവും ആണെന്നുള്ള വിശ്വാസം അപ്പസ്തോലന്മാരിൽ വളരെ ആഴത്തിൽ വേരുന്നാനുള്ള കാരണങ്ങളെക്കുറിച്ചാണ് പത്രോസ് തന്റെ പ്രസംഗത്തിൽ സാക്ഷ്യപ്പെടുത്തുന്നത്. തങ്ങളുടെ ജീവിത ഗതിയും താളവും ആകെ മാറ്റിമറിക്കാൻ ഇടയാക്കിയ വിശ്വാസപ്രമാണങ്ങളുടെ സംക്ഷേപരൂപമാണ് പത്രോസിന്റെ പ്രസംഗത്തിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത് (അപ്പ 2/ 14-39). പത്രോസ് ചെയ്ത വേറെ നാലു പ്രസംഗങ്ങൾ കൂടി ഈ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അപ്പ. 3/ 12-26; 4/ 8-12; 5/ 29-32; 10/ 34-43; ഈ അഞ്ചു പ്രഭാഷണങ്ങളും പൗലോസിന്റെ പ്രസംഗങ്ങളും പരിശോധിച്ചാൽ താഴെ പറയുന്ന പ്രധാന വിഷയങ്ങൾ വിശദീകരിച്ചിരിക്കുന്നതായി കാണാം.

(1) ***യേശുവിന്റെ പരസ്യജീവിതം,*** മരണം, ഉദ്ധാനം, മഹത്വീകരണം എന്നിവക്ക് അവർ സാക്ഷ്യം വഹിക്കുന്നു. (അപ്പ. 2/32; 3/15; 4/33; 5/32; 13/31; 22/15; 1/21; 10/39 ലൂക്കോസ്. 24/48; 1/2; യോഹ. 15/27;

(2) ***യേശുവിന്റെ പരസ്യ ശുശ്രൂഷയെക്കുറിച്ചുള്ള*** ചില പ്രധാനപ്പെട്ട വിശദാംശങ്ങൾ ഈ പ്രസംഗങ്ങളിലൂടെ നമുക്ക് ലഭിക്കുന്നു. സുവിശേഷങ്ങൾ വായിച്ചു പരിചയപ്പെട്ടവർക്ക് ഇവ ആവർത്തനമായി തോന്നാം. എന്നാൽ പത്രോസിന്റെ പ്രസംഗം കേട്ടുകൊണ്ടിരുന്ന ജനങ്ങൾ സുവിശേഷ പുസ്തകങ്ങൾ കണ്ടിട്ടില്ലാത്തവരായിരുന്നു എന്നു നാം ഓർക്കണം.

(3) ***യേശുവിന്റെ മുന്നോടിയായി വന്ന യോഹന്നാൻ സ്നാപകനേ***ക്കുറിച്ചും (അപ്പ. 10/37; 13/24)

(4) യേശു തന്റെ പരസ്യ ജീവിതകാലത്ത് പ്രവർത്തിച്ച ***അത്ഭുതങ്ങളെക്കുറിച്ചും*** (അപ്പ. 2/22; 10/38)

www.malankaralibrary.com

(5) ഉയർപ്പിനുശേഷം അപ്പസ്തോലന്മാർക്ക് ***പ്രത്യക്ഷപ്പെട്ടതിനെക്കുറിച്ചും*** (അപ്പ. 10/40-41; 13/31)

(6) തന്റെ പരിശുദ്ധാത്മാവാകുന്ന ***ദാനത്തെക്കുറിച്ചും*** (അപ്പ. 2/33; 5/32) ഈ പ്രസംഗങ്ങളിൽ പരാമർശിക്കപ്പെടുന്നുണ്ട്.

(7) ക്രിസ്തുകഥാതന്തു ചരിത്രത്തിന്റെ വിശാലമായ കാൻവാസിൽ വരച്ചു കാണിക്കാനും ശ്രദ്ധിച്ചിട്ടുണ്ട്. എല്ലാ ആളുകളേയും ഉൾക്കൊള്ളിച്ചതുപോലെ തന്നെ ഭാവി വർത്തമാന കാലങ്ങളെ കോർത്തിണക്കുകയും ചെയ്തു. പഴയ പ്രവചനങ്ങളുടെ പൂർത്തീകരണമായിത്തീർന്ന ക്രിസ്തു സംഭവം തന്നെ ഭാവികാലത്തേക്കുള്ള പുത്തൻ പ്രവചനമായി മാറുകയും ചെയ്തു. (അപ്പ: 3/8; 4/28; 13/29; 8/32-35; 9/22; 10/43; 17/ 2-3; 18/5,28; 26/22-23, 27; 28/23; ലൂക്കോ: 18/31; 2/38; 3/19-21)

യഥാർത്ഥത്തിൽ അപ്പസ്തോലന്മാരുടെ ആദ്യകാല പ്രസംഗങ്ങളുടെ വിശദീകരണങ്ങളാണ് പില്ക്കാലത്ത് സുവിശേഷങ്ങളായി രൂപം പ്രാപിച്ചത്.

അപ്പസ്തോലന്മാരുടെ പ്രസംഗങ്ങളെല്ലാം തന്നെ സ്പഷ്ടമായ ഒരു ഘടന ഉള്ളവയായിരുന്നു. ഇനിപറയുന്ന 5 ചോദ്യങ്ങളുടെ ഉത്തരങ്ങളായിട്ടാണ് അവയെ നാം കാണുന്നത്.

(1) യേശു എന്തുചെയ്തു?

(2) നിങ്ങൾ അവനോട് ചെയ്തതെന്താണ്?

(3) ദൈവത്തിന്റെ പ്രതികരണം എന്തായിരുന്നു?

(4) ഇപ്പോൾ നാമെന്താണ് ചെയ്യുന്നത്?

(5) നിങ്ങൾക്ക് എന്തുചെയ്യാൻ കഴിയും?

(1) യേശു എന്തു ചെയ്തു?:- ദൈവീക ശക്തിയാൽ അവൻ അത്ഭുതങ്ങളും അടയാളങ്ങളും വൻകാര്യങ്ങളും പ്രവർത്തിച്ചു. അസാദ്ധ്യമായിരുന്ന പലതും അവൻ പ്രവർത്തിച്ചു. മരണം തേർവാഴ്ച നടത്തിയിരുന്നിടത്ത് ജീവൻ, സമൃദ്ധിയായ ജീവൻ അവൻ ഉളവാക്കി.

(2) എന്നാൽ നിങ്ങൾ അവനോടു കാട്ടിയതെന്താണ്. ദുഷ്ടന്മാരുടെ കൈകളിൽ അവനെ ഏല്പിച്ചുകൊടുത്തു. അവർ അവനെ നിഷ്ക്കരുണം കൊന്നുകളഞ്ഞു. മനുഷ്യരുടെ തിന്മയുടെ ദുർമ്മുഖം ഇതിനേക്കാൾ ബീഭത്സമായി ചിത്രീകരിക്കുവാൻ സാദ്ധ്യമല്ല തന്നെ. പ്രകാശത്തെ തല്ലിക്കെടുത്തി ഇരുളിനെ സ്നേഹിച്ചു. നിഷ്ക്കളങ്കതയെ ചൂഷണം ചെയ്തു. നിർദ്ദോഷിയെ ശിക്ഷക്കു വിധിച്ചു. നന്മമാത്രം ചെയ്യാൻ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ, ദൈവത്തിന്റെ മനോഹരമായ തനിമയിലും സാദൃശ്യത്തിലും രൂപം പ്രാപിച്ച മനുഷ്യൻ ഇതിൽപരം വികൃതമാകാനുണ്ടോ? മനുഷ്യന് ഇത്രയ്ക്കും അധഃപതിക്കാൻ സാധിക്കുമോ? പക്ഷേ അതാണ് സംഭവിച്ചത്, സംഭവിച്ചുകൊണ്ടിരിക്കുന്നത്.

(3) എന്നാൽ ദൈവം അവനെ കൈവിട്ടില്ല. അവനെ മൃത്യുപാശത്തിൽ നിന്ന് വിമുക്തനാക്കി ഉയർപ്പിച്ചു. അവനെ ക്രൂശിക്കാനുള്ള, മനുഷ്യന്റെ നിഷ്ഠൂരമായ പദ്ധതിയെ ദൈവം ഇടപെട്ട് തടസപ്പെടുത്തുകയല്ല ചെയ്തത്. തന്റെ നിരപരാധിയായ മകനെ

www.malankaralibrary.com

രക്ഷിക്കാൻ വേണ്ടി കുരിശുമരത്തെ തട്ടിനീക്കുകയല്ല ചെയ്തത്. കാരണം ഓരോ മനുഷ്യനും ധാർമ്മികമായ ചുമതലയും ഉത്തരവാദിത്വവും ഉണ്ട്. അത് അവൻ ബോധപൂർവ്വം നന്മചെയ്യാനായി ഉപയോഗിക്കണം. മനുഷ്യൻ പറയുന്ന ഓരോ കളിവാക്കിനുപോലും കണക്കു ബോധിപ്പിക്കേണ്ടി വരും. ദൈവം ഇടപെട്ട് ആരുടെയും സ്വാതന്ത്ര്യം ഇല്ലാതാക്കുന്നില്ല. നേരേമറിച്ച് ദൈവം ഇടപെട്ട് നിന്ദ്യമായ കുരിശിനേ രക്ഷയുടെ കവാടമായും ജീവന്റെ ഉറവയായും പരിവർത്തനം ചെയ്യുകയത്രേ.

(4) പത്രോസും സമൂഹവും ഈ യേശുവിന് സാക്ഷ്യം വഹിക്കുകയാണ് ചെയ്യുന്നത്. യേശുവിന്റെ ശരീരവും അവയവങ്ങളുമായി മാറിക്കൊണ്ട് അവർ യേശുവിനെ ചരിത്രത്തിൽ പുനരവതരിപ്പിച്ചു കൊണ്ടിരിക്കുകയാണ്.

(5) എല്ലാ പ്രസംഗങ്ങൾക്കും ഒടുവിൽ കേൾവിക്കാരന്റെ സജീവ പ്രവർത്തനത്തിനായുള്ള നിർദ്ദേശം-ഉണ്ടായിരിക്കണം. ഞങ്ങൾ എന്തുചെയ്യണം? രക്ഷപ്രാപിക്കാൻ ഞാൻ എന്തുചെയ്യണം? 16/- ഉത്തരം വളരെ സ്പഷ്ടമായി നൽകിയിരിക്കുന്നു. നിങ്ങൾ മാനസാന്തരപ്പെടണം, ജ്ഞാനസ്നാനം സ്വീകരിക്കണം.

ലക്ഷ്യ സ്ഥാനത്തിന് എതിർ ദിശയിലാണ് നാം യാത്രചെയ്യുന്നതെങ്കിൽ ആ വിവരം അറിയുന്ന നിമിഷം തന്നെ നാം തിരിഞ്ഞു നടക്കണം. അതല്ലാതെ വേറേ പോംവഴിയില്ലല്ലോ.

## 2/17 യോവേൽ പ്രവചനം - എല്ലാവരിലും ആത്മാവിനെ വർഷിക്കും

“അന്ന് ഇങ്ങനെ സംഭവിക്കും: എല്ലാവരുടെയും മേൽ എന്റെ ആത്മാവിനെ ഞാൻ വർഷിക്കും. നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും. നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും. യുവാക്കൾക്ക് ദർശനങ്ങൾ ഉണ്ടാകും. ആ നാളുകളിൽ എന്റെ ദാസന്മാരുടെയും ദാസിമാരുടെയും മേൽ എന്റെ ആത്മാവിനെ ഞാൻ വർഷിക്കും. ......... കർത്താവിന്റെ മഹത്തും ഭയാനകവുമായ ദിനം ആഗതമാകുന്നതിന് മുമ്പ് സൂര്യൻ അന്ധകാരമായും ചന്ദ്രൻ രക്തമായും മാറും. കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവൻ രക്ഷ പ്രാപിക്കും....... സീയോൻ പർവ്വതത്തിലും ജറുസലെമിലും രക്ഷപെടുന്നവരുണ്ടാകും. കർത്താവ് വിളിക്കുന്നവൻ അതിജീവിക്കും” (യോവേൽ 2/ 28-32).

## കർത്താവിന്റെ ദിനം എന്നാൽ എന്താണ്?

തങ്ങൾ യഹോവയുടെ തെരഞ്ഞെടുക്കപ്പെട്ട വാത്സല്യ ഭാജനങ്ങളാണെന്ന ബോധം ഓരോ ഇസ്രായേല്യന്റെയും ഹൃദയത്തിൽ ആഴമായി പതിഞ്ഞിരുന്നു. ആ പദവി ചില ഉത്തരവാദിത്വങ്ങൾ ആവശ്യപ്പെടുന്നുണ്ടെന്ന കാര്യം സൗകര്യപൂർവ്വം അവർ പലപ്പോഴും വിസ്മരിച്ചിരുന്നു. “നിങ്ങളുടെ ദൈവമായ കർത്താവിന് നിങ്ങൾ വിശുദ്ധ ജനമാണ്. ഭൂമുഖത്തുള്ള എല്ലാ ജനതകളിലും നിന്ന് തന്റെ സ്വന്തം ജനമാകേണ്ടതിന് അവിടുന്ന് നിങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നു” (നിയമ. 7/6).

അവരുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് നിയമാവർത്തനം 6-ാം അദ്ധ്യായം രണ്ടും മൂന്നും വാക്യങ്ങളിൽ നിർദ്ദേശിക്കുന്നു. “കർത്താവിന്റെ ചട്ടങ്ങളും പ്രമാണങ്ങളും അനുസരിച്ച് ***ജീവിതകാലം മുഴുവൻ*** അവിടുത്തെ ഭയപ്പെടുകയും ദീർഘായുസ്സോടെ അവർ

www.malankaralibrary.com

ജീവിക്കുകയും വേണം. ........ ഇവ അനുഷ്ഠിക്കുവാൻ ശ്രദ്ധിക്കുവിൻ." വീണ്ടും നാം വായിക്കുന്നു. "ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടും കൂടെ ***സ്നേഹിക്കണം.*** ...... ***വചനങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ*** ഉണ്ടായിരിക്കണം. ജാഗരൂകതയോടെ അവ നിങ്ങളുടെ മക്കളെ പഠിപ്പിക്കണം. വീട്ടിലായിരിക്കുമ്പോഴും യാത്രചെയ്യുമ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും അവയെപ്പറ്റി ***സംസാരിക്കണം.*** അവ നിന്റെ കയ്യിൽ ഒരടയാളമായും നെറ്റിത്തടത്തിൽ പട്ടമായും ***അണിയണം.*** അവ നിന്റെ കട്ടിളക്കാലിന്മേലും പടിവാതിലിന്മേലും എഴുതണം" (നിയമ. 6/ 5-9). നോക്കുക, കല്പനകളും പ്രമാണങ്ങളും പാലിക്കുന്നതിൽ എത്ര ശ്രദ്ധവേണം.

പത്ത് കല്പനകൾ നിയമാവർത്തനം 5/6-21 വാക്യങ്ങളിലും പുറപ്പാടിന്റെ പുസ്തകം 20/1-17 തിരുവാക്യങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്നു.

ദൈവത്തിന്റെ തെരഞ്ഞെടുപ്പിന്റെ മാനദണ്ഡമെന്തെന്ന് നിയമാവർത്തനം വ്യക്തമാക്കുന്നുണ്ട്. അവർ പ്രബല ജാതിയായതു കൊണ്ടല്ല; (പ്രത്യുത കർത്താവ് അവരുടെ പിതാക്കന്മാരെയും, അവരുടെ ശേഷം അവരുടെ മക്കളെയും സ്നേഹിച്ചതുകൊണ്ടാണ്. (നിയമാ. 4/37; 7/7-8). അവർ എന്തുചെയ്യണമെന്ന് പറയുന്നത് കാണുക. "നിങ്ങളുടെ ദൈവമായ കർത്താവിനെ നിങ്ങൾ സ്മരിക്കണം. എന്തെന്നാൽ, നിങ്ങളുടെ പിതാക്കന്മാരോട് ചെയ്ത ഉടമ്പടി ഇന്നും നിറവേറ്റുന്നതിനുവേണ്ടി സമ്പത്തു നേടാൻ ***അവിടുന്നാണ് നിങ്ങൾക്ക് ശക്തി നൽകുന്നത്***" (നിയമ. 8/18).

ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനം എന്ന പദവിമൂലം എല്ലാ മാനവും മഹത്വവും തങ്ങൾക്കവകാശപ്പെട്ടതാണെന്ന് അവർ വിശ്വസിച്ചിരുന്നു. യൂദാരാജ്യം, മുഴുവൻ ലോകത്തെയും കീഴടക്കുമെന്ന് അവർ സ്വപ്നം കണ്ടിരുന്നു. അവരുടെ ഈ മോഹനസങ്കല്പങ്ങൾ വെറു സ്വപ്നമായി അവശേഷിച്ചു. ഒരിക്കലും മറ്റുരാഷ്ട്രങ്ങളെക്കാൾ അവർ മെച്ചമായിരുന്നില്ല. അവരെക്കാൾ ചെറിയ രാജ്യങ്ങൾ പോലും ലോകത്തെ അടക്കിഭരിക്കുന്നതവർ കണ്ടു. പേർഷ്യാ, അസ്സീറിയാ, ബാബിലോൺ, റോമ്മാ തുടങ്ങിയ രാജ്യങ്ങളൊക്കെ സമർത്ഥരായ യുദ്ധവീരന്മാരുടെ കഴിവുകൊണ്ട് ദിഗ്വിജയം നേടുന്നതവർ അറിഞ്ഞു. മറിച്ച് അവരാകട്ടെ എപ്പോഴും പിടിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുന്ന അനുഭവമാണവർക്കുണ്ടാകുന്നത്. അപ്പോഴെല്ലാം അവർ മനഃപ്പായസമുണ്ടു: 'ഞങ്ങളുടെ പുളിച്ചിയും പൂക്കും'. തങ്ങൾ ആശവെച്ചിരിക്കുന്ന വല്ലഭനായ ദൈവം ഇടപെടും; ശത്രുക്കളെ തുരത്തും; തങ്ങൾ ദിഗ്വിജയം നേടും. അതായിരുന്നു, ഇസ്രായേലിന്റെ സങ്കല്പത്തിലെ ***"കർത്താവിന്റെ ദിവസം".*** കർത്താവിന്റെ ദിവസത്തെപ്പറ്റി വ്യത്യസ്ഥമായ രണ്ട് വീക്ഷണങ്ങൾ പഴയനിയമത്തിൽ നാം കാണുന്നുണ്ട്. അതിൽ ഒന്നാണിത്.

എന്നാൽ പ്രവാചകനായ ആമോസാകട്ടെ യഹോവയുടെ ദിവസത്തെ ന്യായവിധിയുടെ ദിവസമായി ചിത്രീകരിച്ചിരിക്കുന്നു. ജെറമിയാ വിലപിക്കുന്നത് കാണുക: "അവിടുന്ന് ഭീകരതകളെ എനിക്കു ചുറ്റും വിളിച്ചുവരുത്തി. കർത്താവിന്റെ കോപത്തിന്റെ ദിനത്തിൽ ആരും രക്ഷപെടുകയോ അവശേഷിക്കുകയോ ചെയ്തില്ല...." (വിലാപ. 2/ 22). "മനുഷ്യപുത്രാ, നീ അവളോട് പറയുക: ക്രോധത്തിന്റെ ദിനത്തിൽ വൃത്തിയാക്കപ്പെടാത്തതും, മഴപെയ്യാത്തതുമായ ഒരു ദേശമായിരിക്കും നീ" (എസെ. 22/24).

www.malankaralibrary.com

"കർത്താവിന്റെ മഹാദിനം അടുത്തിരിക്കുന്നു. .... ശക്തന്മാർ അപ്പോൾ ഉറക്കെ നില വിളിക്കും. ക്രോധത്തിന്റെ ദിനമാണത്. കഷ്ടതയുടെയും കഠിനദുഃഖത്തിന്റെയും ദിനം........ ഞാൻ മനുഷ്യരുടെ മേൽ കഷ്ടതവരുത്തും" (സെഫാനിയാ 1/14-18).

യഹോവയായ ദൈവത്തിൽ നിന്നും തങ്ങൾക്ക് ലഭിച്ച നന്മകളെ കുറിച്ചോർക്കാതെ പാപമാർഗ്ഗത്തിൽ ചരിക്കുകയും, ദുർനടപടികളാൽ ഹൃദയം കഠിനപ്പെടുത്തുകയും ചെയ്ത ഇസ്രായേൽ ജനതയ്ക്ക് 'യഹോവയുടെ ദിനം" ഭീകരമായിതീർന്നതിൽ അത്ഭുതപ്പെടുവാനില്ലല്ലോ. ആമോസ് 2/ 13-16; 5/18-20; 8/9-10, 13; ഏശ. 2/6-21; ജെറ. 30/5-7; സെഫ. 1/4-18 തുടങ്ങിയ പ്രവചനങ്ങളെല്ലാം തന്നെ അവർ സഹിച്ചതോ സഹിക്കാൻ പോകുന്നതോ ആയ ഭീകരമായ ആക്രമണങ്ങളുടെ വിവരണമാണ്. എന്നാൽ അവരുടെ അടിമത്തത്തിലും തകർച്ചയിലും കർത്താവവരെ കൈവിട്ടില്ല. പ്രത്യാശയുടെ സന്ദേശവുമായി പ്രവാചകരെത്തി. ഒരു നല്ലകാലം വരുമെന്നവർ ദൈവനാമത്തിലറിയിക്കുകയും ജനങ്ങളുടെ പ്രത്യാശ കെടാതെ സൂക്ഷിക്കുകയും ചെയ്തു. ശത്രുക്കളിൽ നിന്നും മോചിപ്പിക്കുന്നതിനെപ്പറ്റി പറയുന്ന പ്രവചനഭാഗങ്ങൾ ഏറെയാണ്. ഉദാ:- ഏശാ. 13/ 6,9; 19/16 ജറ. 46/ 10,21; 50/27' 51/2; എസ. 30/4......

## വ്യത്യസ്തമായ ഒരു കാഴ്ചപ്പാട് :-

പ്രവാസത്തിന് ശേഷമാകട്ടെ യഹോവയുടെ ദിവസം എന്നത്, പ്രവൃത്തികൾക്ക് തക്കവണ്ണം പ്രതിഫലം നൽകുന്ന ന്യായവിധിയുടെ ദിവസമായി ചിത്രീകരിക്കപ്പെട്ടു കാണുന്നു. "ക്രോധത്തിന്റെ ദിനത്തിൽ സമ്പത്ത് പ്രയോജനപ്പെടുകയില്ല" (സുഭാ.11/ 4) "ഇതാ ഭൂവാസികളെ അവരുടെ അകൃത്യങ്ങൾക്ക് ശിക്ഷിക്കാൻവേണ്ടി കർത്താവ് വരുന്നു". (ഏശാ 26/21). ഇവിടെ ന്യായവിധി മുഴുവൻ ലോകത്തെയും ഉൾക്കൊള്ളുന്നതായിത്തീരുന്നതും ശ്രദ്ധേയമാണ്.

ഈ പശ്ചാത്തലം മനസ്സിൽ വെച്ച് കൊണ്ട് നമുക്ക് പത്രോസിന്റെ പ്രസംഗം ശ്രവിക്കാം. പുതിയ നിയമത്തിൽ ന്യായവിധിയെ പരാമർശിക്കുന്ന ഭാഗങ്ങളെല്ലാം തന്നെ പ്രത്യാശയുടെയും ഭീതിയുടെയും അംശങ്ങൾ കൂടിക്കലർന്നു കിടക്കുന്നതായി കാണാം. കല്പനകാത്ത് ദൈവപ്രീതിയിൽ വസിക്കുന്നവർക്ക് കുതൂഹലത്തിന്റെ അവസരമാണത്. തിന്മപ്രവർത്തിക്കുന്നവർക്കാകട്ടെ സംഭ്രാന്തിയുടെ സന്ദർഭവും. ഹേമന്തകാലം കുയിലിന് ആനന്ദ കാലമാണ്; മാനത്ത് കാർമേഘങ്ങൾ ഉരുണ്ടുകൂടുമ്പോൾ മയിലുകൾ ആഹ്ലാദനൃത്തം ചവിട്ടും. എന്നാൽ സർപ്പങ്ങൾക്ക് അത് ഭയജനകമാണ്. ഇതുതന്നെയാണ് യേശുവിന്റെ പ്രത്യാഗമനത്തിൽ സംഭവിക്കുക. ഓരോ വിശ്വാസിക്കും ഓരോ അവിശ്വാസിക്കും ഓരോ ക്രൈസ്തവനും ഈ വ്യത്യസ്ഥത അനുഭവപ്പെടും.

ജോയേൽ പ്രവചനം 3/1-5 ഉദ്ധരിച്ചുകൊണ്ട് പെന്തിക്കോസ്തി അനുഭവത്തെ പത്രോസ് വിശദീകരിക്കുന്നു. ജറുസലെമിന്റെ പതനത്തോടെ, ജറുസലെം ദേവാലയത്തിന്റെ തകർച്ചയോടെ (അന്ത്യോക്കസ് രാജാവിന്റെ ഗ്രീക്ക് ആധിപത്യകാലം) അവസാന നാളുകൾ ആരംഭിച്ചു കഴിഞ്ഞു എന്ന സൂചന ഇവിടെ ഉണ്ട്. പഴയനിയമത്തിന്റെ സമാപനവും, പുതിയനിയമത്തിന്റെ ആരംഭവും കുറിക്കുന്ന പ്രത്യേക ദശാസന്ധിയാണത്. ഈ ദശാസന്ധിയെ മുഴുവനായി അന്തിമനാളുകൾ എന്ന് വിശേഷിപ്പിക്കാം. "

www.malankaralibrary.com

ഈ അവസാനനാളുകളിൽ ......." (ഹെബ്രാ 1/2). "കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ അയച്ചു" (ഗലാ. 4/4) "സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു" (മർക്കോ. 1/20). ".... ഈ അവസാനകാലത്ത് നിങ്ങൾക്കായി വെളിപ്പെടുത്തപ്പെട്ടവനുമാണ്" (1 പത്രോ 1/20).

പാപം മനുഷ്യനിൽ നിന്ന് ദൈവചൈതന്യത്തെ തട്ടിമാറ്റി. "മനുഷ്യനിൽ എന്റെ ചൈതന്യം എന്നേയ്ക്കും നിലനില്ക്കുകയില്ല; അവൻ ജഡമാണ്" (ഉല്പ. 6/3). "അവന്റെ ചിന്തയും ഭാവനയും എപ്പോഴും ദുഷിച്ചതു മാത്രമാണെന്ന് ദൈവം കണ്ടു" (6/5) പരിതാപകരമായ ഈ അവസ്ഥയ്ക്ക് മാറ്റം വരുന്നതിനെപ്പെറ്റി പ്രവാചകൻ പറയുന്നു. "എല്ലാ മനുഷ്യരുടെയും മേൽ ദൈവം തന്റെ ആത്മാവിനെ വർഷിക്കും" (ജോയേൽ 2/28). ആ വാഗ്ദാനപൂർത്തീകരണമാണ് പെന്തിക്കോസ്തി. പ്രായഭേദമോ ലിംഗഭേദമോ, കുബേരകുചേല വ്യാത്യാസമോ, വർഗ്ഗ-വർണ്ണ വ്യത്യാസമോ, രാജ്യാതിർത്തികളോ പരിഗണിക്കാതെയും, അളവുകൂടാതെ സമൃദ്ധമായും, ദൈവം തന്റെ ആത്മാവിനെ - പരിശുദ്ധാത്മാവിനെ - കോരിച്ചൊരിയുന്ന അനുഗൃഹീത സന്ദർഭമാണത്.

"തന്നോടു ചോദിക്കുന്നവർക്ക് സമൃദ്ധമായി പരിശുദ്ധാത്മാവിനെ നല്കുന്ന"തിനെപ്പറ്റി യേശുനാഥൻ തന്നെ പഠിപ്പിക്കുന്നത് നാം കാണുന്നു. ദൈവം തന്റെ ദാനങ്ങളെ സൗജന്യമായും സമൃദ്ധമായും നമുക്ക് നല്കിയതിനെപ്പറ്റിയാണല്ലോ ഉല്പത്തിയുടെ ഒന്നും രണ്ടും അദ്ധ്യായങ്ങൾ പഠിപ്പിക്കുന്നത്. ഇനിയും നമുക്ക് നല്കുവാൻ വിലയേറിയ ഒരു കാര്യമാണ് തന്റെ പക്കലുള്ളത്. അത് തന്റെ ആത്മാവിനെത്തന്നെ ആണ്. ഈ ആത്മാവിനെയാണ് ഇപ്പോൾ നല്കുന്നത്. ചോദിക്കുന്ന ഏവരുടേയും മേൽ അത് വർഷിക്കപ്പെടും. വിധേയത്വം പുലർത്തുന്ന ഏവരോടുമൊപ്പം അതു വസിക്കും; അത് അവരിൽ പ്രസരിക്കും. ആത്മാവിന്റെ പ്രവാഹം വഴി യേശുക്രിസ്തുവിന്റെ പ്രസാദവത്സരം ആരംഭിച്ചുകഴിഞ്ഞു.

യേശു ഉയർത്തെഴുന്നേറ്റു എന്നതിന്റെയും യേശു ദൈവപുത്രനാണ് എന്നതിന്റെയും എതിരില്ലാത്ത തെളിവാണ്, പരിശുദ്ധാത്മ നിറവിൽ സംസാരിച്ചുകൊണ്ടിരിക്കുന്ന ആ കൊച്ചുസമൂഹം. സമുദ്രത്തിലൂടെ പ്രയാണം ചെയ്യുന്ന കപ്പൽയാത്രക്കാർ നക്ഷത്രങ്ങളെ നോക്കി നോക്കി ദിശയറിയുകയും തീരത്തെത്തുകയും ചെയ്യുന്നതുപോലെ, ദൈവികമായ സ്വപ്നങ്ങളും ദർശനങ്ങളും വേണം നമ്മെ ഓരോരുത്തരെയും സ്വർഗ്ഗീയതീരത്തെത്തിക്കുവാൻ. ആ ഉൾക്കാഴ്ച നമുക്ക് നല്കുന്നത് പരിശുദ്ധാത്മാവ് തന്നെയാണ്.

*"പുറംകണ്ണു തുറപ്പിപ്പാൻ പുലർവേളയിൽ അംശുമാൻ*
*അകക്കണ്ണു തുറപ്പിപ്പാൻ ആശാൻ ബാല്യത്തിലെത്തണം"*

അതും പോരാ; എല്ലാ ജ്ഞാനത്തിന്റെയും ശ്രോതസ്സായ പരിശുദ്ധാത്മാവു തന്നെ വരണം. തർസൂസ് കാരനായ ശൗലിന്റെ കഥ നമുക്കറിയാം. അദ്ദേഹം വിദ്യാസമ്പന്നനായ ഒരു നിയമജ്ഞൻ ആയിരുന്നു. എന്നാൽ യേശുവിന്റെ പരിശുദ്ധാത്മാവ് അദ്ദേഹത്തെ ശക്തമായി സ്പർശിക്കുന്നതുവരെ സത്യം ഗ്രഹിക്കുവാൻ സാധിക്കാത്തവിധം ആത്മീയാന്ധതയിലായിരുന്നുവല്ലോ. (അപ്പ. 22 /13-16). എമ്മാവൂസിലേക്ക് യാത്ര

www.malankaralibrary.com

ചെയ്ത ശിഷ്യന്മാർക്കും സമാനമായ ഒരു ദിവ്യദൃഷ്ടി തുറന്നു കിട്ടുന്നു. അതുവരെ തങ്ങൾ കാണാത്ത ഒരു പുതിയ ലോകം അവരുടെ മുമ്പിൽ അനാവരണം ചെയ്യപ്പെടുന്നു. ഈ അനുഭവത്തെപ്പറ്റിയാണ് "നിങ്ങളുടെ യുവാക്കൾക്ക് ദർശനങ്ങൾ ഉണ്ടാകും. നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും" എന്ന് പ്രവാചകൻ പറയുന്നത്. നമ്മെയൊക്കെ ആദ്ധ്യാത്മിക തിമിരം ബാധിച്ചിട്ടുണ്ട്; ആത്മിയാന്ധത പിടികുടിയിട്ടുണ്ട്; മനസ്സിനെ ദുർബലത ഞെരുക്കുന്നുണ്ട്. "സുഖലോലുപത, മദ്യാസക്തി, ജീവിതവ്യഗ്രത എന്നിവയാൽ നിങ്ങളുടെ മനസ്സ് ദുർബലമാവുകയും, ആ ദിവസം ഒരു കെണിപോലെ പെട്ടെന്ന് നിങ്ങളുടെ മേൽ വന്നു വീഴുകയും ചെയ്യാതിരിക്കുവാൻ ശ്രദ്ധിക്കുവീൻ.... കരുത്തു ലഭിക്കാൻ സദാ പ്രാർത്ഥിക്കുവീൻ; ജാഗരൂകരായിരിക്കുവീൻ (ലൂക്കോ. 21 / 34-36). ഈ കെണിയിലല്ലേ ഏറെപ്പേരും വീണിരിക്കുക? ഇവിടെ കിടന്ന് നട്ടം തിരിയുകയല്ലേ മാനവരാശി?

ക്രിസ്തുവും രക്ഷകനും യേശുവാണെന്ന് മനസ്സിലാക്കാനുള്ള ദർശനം യുവാക്കൾക്കുണ്ടാകണം. കെണിയിൽ പെടാതിരിക്കുവാനുള്ള ദർശനമുണ്ടാകണം. നമ്മുടെ പാപാവസ്ഥയെപ്പറ്റി ബോദ്ധ്യം വരാൻ ഈ ദർശന ശക്തി വേണം. സ്വാർത്ഥതയുടെ മതിൽക്കെട്ടിനകത്തുനിന്നു പുറത്തുകടക്കുവാൻ ഈ ആത്മാവ് കടന്നുവരണം. ഊതിവീർപ്പിച്ച ബലൂണുകൾ പോലെ അഹംഭാവം നിറഞ്ഞിരിക്കുന്ന നമുക്ക് അതിൽനിന്ന് മുക്തി നേടുവാൻ യേശുവിന്റെ ആത്മാവ് നമ്മിൽ പ്രവർത്തിക്കണം. അപ്പോൾ മാത്രമേ പത്രോസിനെപ്പോലെ "കർത്താവേ, ഞാൻ പാപിയാകുന്നു" എന്നും (ലൂക്കോ. 5/8) ചുങ്കക്കാരനെപ്പോലെ ദൈവമേ പാപിയായ എന്നിൽ കനിയണമേ" (ലൂക്കോ 18/13) എന്നും പ്രാർത്ഥിക്കുവാൻ നാവിനു ശക്തി ലഭിക്കൂ. നമ്മുടെ വ്യക്തിത്വത്തിൽ യേശുവിന്റെ ആത്മാവ് നിറയുമ്പോൾ, പൗലോസിനെപ്പോലെ നമുക്കും പറയാൻ സാധിക്കും, "ഇനി ഞാനല്ല, ക്രിസ്തു എന്നിൽ ജീവിക്കുന്നു" എന്ന്. ഈ ദർശനമില്ലാത്തപ്പോൾ അന്ധകാരത്തിൽ തപ്പിത്തടയുകയാവും. ഈ ദർശനമാണ് ക്രിസ്തീയ ജീവിതത്തിന്റെ ഉൾക്കരുത്ത്. അത് പ്രാപിയ്ക്കുവാൻ ആത്മാർത്ഥമായ പരിശ്രമം ആവശ്യമാണ്. ഈ ആത്മീയദർശന ശക്തിയാണ് നവലോകത്തിന്റെ - പുതിയ ആകാശത്തിന്റെയും പുതിയഭൂമിയുടെയും - സൃഷ്ടിക്ക് ഉള്ള പ്രേരണയായി മാറേണ്ടത്. ഈ നവലോകത്തെപ്പറ്റിയും നവ്യജീവനെപ്പറ്റിയുമാണ് ഏശയ്യാ 11-ാം അദ്ധ്യായം ഒന്നുമുതൽ ഒമ്പത് വരെയും, വെളിപാടിന്റെ 21-ാം അദ്ധ്യായം ഒന്നുമുതൽ നാലുവരെയും ഉള്ള പ്രതിപാദിക്കുന്നത്. നമ്മുടെ ഹൃദയങ്ങൾ നവീകരിക്കുവാൻ, വാക്യങ്ങൾ ദൈവാത്മാവ് നമ്മിൽ കടന്നുവരുവാൻ, തീവ്രമായി അഭിലഷിക്കാം. ഭൗമോപരിതലം നവീകരിക്കുവാൻ ദൈവാത്മാവ് എല്ലാ മനുഷ്യരിലേക്കും ശക്തമായി കടന്നു വരുവാൻ തീക്ഷ്ണമായി പ്രാർത്ഥിക്കുകയും ചെയ്യാം.

(തുടരും)

മേരിഗിരി,
18-3-98.

തയ്യാറാക്കിയത്:
ഫാദർ ഏബ്രഹാം കാടമല
ഫാദർ ഏബ്രഹാം നടുവിലേടം

www.malankaralibrary.com

# അപ്പസ്തോല പ്രവർത്തനങ്ങൾ ഒരു പഠനം

അപ്പസ്തോല പ്രവർത്തനങ്ങളുടെ ഓരോ അദ്ധ്യായത്തിലൂടെയും നാം ശ്രദ്ധാ പൂർവ്വം കടന്നു പോകുമ്പോൾ, ആദിമസഭയുടെ ഒരംശം മുറിച്ചെടുത്ത് നമുക്ക് നല്കുന്നതുപോലെ തോന്നും. ജറുസലെമിനെ, 'സഭകളുടെ മാതാവ്' എന്നാണല്ലോ സഭാപിതാക്കന്മാർ വിശേഷിപ്പിക്കുന്നത്. കാരണം, സഭ രൂപം കൊള്ളുന്നതവിടെയാണ്. ജറുസലെമിൽ രൂപംകൊണ്ട ക്രൈസ്തവ സഭയുടെ സ്വഭാവസവിശേഷതകൾ തുടിച്ചു നില്ക്കുന്ന മൂന്ന് പ്രത്യേക വിവരണങ്ങൾ അപ്പസ്തോല പ്രവർത്തനങ്ങളിൽ നാം കാണുന്നു. ആ ഭാഗങ്ങൾ നമുക്ക് പഠനവിഷയമാക്കാം.

(1) " അവർ അപ്പസ്തോലന്മാരുടെ **പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർത്ഥന** എന്നിവയിൽ സദാ താല്പര്യപൂർവ്വം പങ്കുചേർന്നു. എല്ലാവരിലും ഭീതി ഉളവായി. അപ്പസ്തോലന്മാർ വഴി പല **അത്ഭുതങ്ങളും അടയാളങ്ങളും** സംഭവിച്ചു. വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും ചെയ്തു. അവർ തങ്ങളുടെ സ്വത്തുക്കളും വസ്തുവകകളും വിറ്റ്, ആവശ്യാനുസരണം **എല്ലാവർക്കുമായി വീതിച്ചു.** അവർ **ഏകമനസ്സോടെ** താല്പര്യപൂർവ്വം അനുദിനം ദേവാലയത്തിൽ **ഒന്നിച്ചുകൂടുകയും,** ഭവനം തോറും അപ്പം മുറിക്കുകയും, ഹൃദയ ലാളിത്യത്തോടും ആഹ്ലാദത്തോടും കൂടെ ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തിരുന്നു. അവർ ദൈവത്തെ സ്തുതിക്കുകയും, **എല്ലാമനുഷ്യരുടെയും സംപ്രീതിക്ക്** പാത്രമാവുകയും ചെയ്തു. രക്ഷ പ്രാപിക്കുന്നവരെ കർത്താവ് അവരുടെ ഗണത്തിൽ പ്രതിദിനം ചേർത്തുകൊണ്ടിരുന്നു". (അപ്പ. 2/ 42-47)

(2) " വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവും ആയിരുന്നു. ആരും തങ്ങളുടെ വസ്തുക്കൾ സ്വന്തമെന്ന് അവകാശപ്പെട്ടില്ല. എല്ലാം പൊതു സ്വത്തായിരുന്നു. അപ്പസ്തോലന്മാർ, കർത്താവായ യേശുവിന്റെ **പുനരുത്ഥാനത്തിന്** വലിയ ശക്തിയോടെ സാക്ഷ്യം നല്കി. അവരെല്ലാവരുടെയും മേൽ കൃപാവരം സമൃദ്ധമായി ഉണ്ടായിരുന്നു. അവരുടെയിടയിൽ ദാരിദ്രമനുഭവിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല. കാരണം പറമ്പും വീടും സ്വന്തമായുണ്ടായിരുന്നവരെല്ലാം അവയത്രയും വിറ്റ് കിട്ടിയതുക അപ്പസ്തോലന്മാരുടെ കാല്ക്കലർപ്പിച്ചു. അത് ഓരോരുത്തർക്കും **ആവശ്യമനുസരിച്ച് വിതരണം ചെയ്യപ്പെട്ടു.**" (അപ്പ. 4/ 32-35)

(3) "അപ്പസ്തോലന്മാരുടെ കരങ്ങൾ വഴി ജനമദ്ധ്യത്തിൽ വളരെ **അടയാളങ്ങളും അത്ഭുതങ്ങളും** സംഭവിച്ചുകൊണ്ടിരുന്നു. അവർ **ഏകമനസ്സോടെ** സോളമന്റെ മണ്ഡപത്തിൽ ഒന്നിച്ചുകൂടുക പതിവായിരുന്നു. മറ്റുള്ളവരിൽ ആരും തന്നെ അവ

www.malankaralibrary.com

രോട് ചേരാൻ ധൈര്യപ്പെട്ടില്ല. എന്നാൽ ജനം അവരെ ബഹുമാനിച്ചു പോന്നു. കർത്താവിൽ വിശ്വസിച്ച പുരുഷന്മാരുടെയും സ്ത്രീകളുടെയും സംഖ്യ വർദ്ധിച്ചുകൊണ്ടേയിരുന്നു. അവർ രോഗികളെ തെരുവീഥികളിൽ കൊണ്ടുവന്ന് കിടക്കകളിലും കട്ടിലുകളിലും കിടത്തിയിരുന്നു. പത്രോസ് കടന്നുപോകുമ്പോൾ അവന്റെ നിഴലെങ്കിലും അവരിൽ ഏതാനും പേരുടെമേൽ പതിക്കുന്നതിനു വേണ്ടിയായിരുന്നു അത്........ എല്ലാവർക്കും രോഗശാന്തി ലഭിച്ചു" (അപ്പ. 5/ 12-16).

ഹ്രസ്വമെങ്കിലും മിഴിവാർന്ന ഈ വിവരണങ്ങളിൽ നിന്ന് ആദിമസഭ എന്തായിരുന്നു എന്നും ആധുനിക സഭ എന്തായിരിക്കണമെന്നുള്ളതിനെക്കുറിച്ച് സുവ്യക്തവും സുവിദിതവുമായ ഒരു ചിത്രവും രൂപരേഖയും നമുക്ക് ലഭിക്കുന്നു.

## ആദിമസഭയുടെ അടിത്തറയും അടിസ്ഥാന ലക്ഷണങ്ങളും

### 1. അപ്പസ്തോല പഠനങ്ങൾ അടിത്തറയായ സഭാസമൂഹം:

ഒന്നാമതായി അപ്പസ്തോലിക പഠനങ്ങളിൽ ഉറ്റിരിക്കുന്ന, അപ്പസ്തോല പാഠങ്ങൾ അടിത്തറയായ, ഒരു സഭാസമൂഹത്തെയാണ് അവിടെ നാം കണ്ടുമുട്ടുന്നത്. യേശുവിനാൽ തെരഞ്ഞെടുക്കപ്പെട്ട അപ്പസ്തോലന്മാരെ, തങ്ങളുടെ വിശ്വാസത്തിന്റെ ഗുരുനാഥന്മാരായി വിശ്വാസികളുടെ സമൂഹം ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതായി നാം കാണുന്നു. യേശുവിനോടുകൂടി ആയിരിക്കുകയും, യേശുവിനാൽ പരിശീലിപ്പിക്കപ്പെടുകയും യേശുവിന്റെ പീഡാസഹനങ്ങളിൽ പങ്കാളികളാകുകയും, കുരിശുമരണത്തിനും ഉത്ഥാനത്തിനും സാക്ഷ്യം വഹിക്കുകയും ചെയ്തിരുന്ന അപ്പസ്തോലന്മാർ, ക്രൈസ്തവവിശ്വാസത്തെ വിശ്വസ്തതയോടും സത്യസന്ധതയോടും കൈകാര്യം ചെയ്യുന്നതിനും പങ്കുവെക്കുന്നതിനും മറ്റാരെക്കാളും യോഗ്യരായിരുന്നു എന്നതിന് രണ്ടുപക്ഷമില്ല. ഈ **അപ്പസ്തോലിക പഠനങ്ങളാണ്** നൂറ്റാണ്ടുകളായി സഭ കൈമാറിക്കൊണ്ടിരിക്കുന്നത്. അപ്പസ്തോലികമായ ഈ പഠനങ്ങളത്രെ സഭയുടെയും നമ്മുടെ വിശ്വാസത്തിന്റെയും ബലിഷ്ഠമായ അടിത്തറ.

തങ്ങൾക്ക് ലഭിച്ച ഈ വിശ്വാസ പൈതൃകം തെറ്റുവരാതെയും തെളിവായും തലമുറകൾക്ക് കൈമാറിക്കൊടുക്കുവാൻ വിശ്വാസികളുടെ സമൂഹവും ഓരോ ഇടവകയും അതീവ ജാഗ്രത പുലർത്തിയിരുന്നതായി കാണാം. മാത്രമല്ല ഈ സത്യങ്ങളുടെ ആഴങ്ങളിലേക്കിറങ്ങിച്ചെന്ന് അവയെ മനസ്സിലാക്കുവാനും സ്വന്തമാക്കുവാനുമുള്ള ശ്രദ്ധാപൂർവ്വമായ പഠനങ്ങൾ ഒരു തപസ്യയായി തുടർന്നു വന്നിരുന്നു. ഈ ശ്രദ്ധ കാലഹരണപ്പെട്ട കാര്യമല്ല. സഭ ഇന്നും അത് ശ്രദ്ധയോടെ പിന്തുടരുകയാണ്. അതാണ് നാമിവിടെ ചെയ്തുകൊണ്ടിരിക്കുന്നതും എന്നുകൂടി ഓർക്കുക. അടി തെറ്റിയാൽ ആനയും, അടിസ്ഥാനം തെറ്റിയാൽ ആരൂഢവും വീഴുമെന്നതിനാൽ, ഓരോ നൂറ്റാണ്ടും, ഓരോ തലമുറയും, ഓരോ ഇടവകയും, ഓരോ വ്യക്തിയും, ഇക്കാര്യത്തിൽ ശ്രദ്ധപതിപ്പിക്കേണ്ടിയിരിക്കുന്നു. ഇതിലുള്ള അലംഭാവം സഭയുടെ കെട്ടുറപ്പിനെയെന്നല്ല നിലനില്പിനെത്തന്നെ ബാധിക്കുന്നതാണ്. മതപഠനക്ലാസ്സുകൾക്കും മതപാഠപുസ്തകങ്ങൾക്കും മതപ്രഭാഷണങ്ങൾക്കും ഉള്ള ഏക്കാലത്തെയും പ്രസക്തി ഇതിൽ നിന്നു വ്യക്തമാകുന്നതാണ്.

www.malankaralibrary.com

## 2. കൂട്ടായ്മ അടിത്തറയായ സഭാ സമൂഹം:

സഭയെന്നാൽ വിളിച്ച് വേർതിരിക്കപ്പെട്ടവരുടെ ഒരു കൂട്ടമാണ്. ആദിമസഭ കൂട്ടായ്മയുടെ ഒരു സമൂഹമായിരുന്നു. സാമൂഹ്യജീവിതത്തിന്റെ എക്കാലത്തെയും അതിമനോഹരവും ഉദാത്തവുമായ ഒരു ശൈലി അവിടെ ഉരുത്തിരിഞ്ഞുവരുന്നത് നിർന്നിമേഷരായി മാത്രമേ നമുക്ക് നോക്കിക്കാണുവാൻ സാധിക്കുകയുള്ളു.

ഗ്രീക്കുഭാഷയിലെ KOINONIA – കൊയ്നോണിയാ – എന്ന പദത്തിന് കൂട്ടായ്മ, പങ്കാളിത്തം, സഹവർത്തിത്തം എന്നിങ്ങനെ അർത്ഥങ്ങളുണ്ട്. ദൈവം തന്റെ ജനവുമായി ഉണ്ടാക്കിയ ഉടമ്പടിയുടെ വെളിച്ചത്തിലാണ് പഴയനിയമത്തിൽ കൂട്ടായ്മയെ മനസ്സിലാക്കിയിരുന്നത്. ദൈവത്തിന്റെ സജീവ സാന്നിദ്ധ്യം കൂട്ടായ്മയുടെ ഏറ്റവും ഉന്നതമായ അവസ്ഥയാണ്.

ദൈവമനുഷ്യബന്ധം ഏറ്റവും അർത്ഥപൂർണ്ണമായത് മനുഷ്യാവതാരത്തിലാണ്. — വചനമായ ദൈവം മാംസം ധരിച്ച് മനുഷ്യനായി മന്നിലവതരിച്ച **'ക്രിസ്തുസംഭവ'**ത്തിൽ. ക്രൈസ്തവ ജീവിതം ക്രിസ്തുവിനോടുള്ള കൂട്ടായ്മാ ജീവിതമാണ്. അത് ക്രിസ്തുവിൽ വിശ്വസിക്കുന്നവരും ക്രിസ്തുവിനെ ആരാധിക്കുന്നവരും ക്രിസ്തുവിന്റെ ജീവൻ പങ്കുപറ്റുന്നവരും, പരസ്പരവും ക്രിസ്തുവിലും പങ്കുവെയ്ക്കുകയും, സഹവർത്തിത്വത്തിൽ കഴിയുകയും ചെയ്യുന്ന മധുരമായ അനുഭവമാണ്. അത് ദൈവത്തോട് രമ്യതയിലും മനുഷ്യനോട് സൗമ്യതയിലും കഴിയുന്ന അവസ്ഥയാണ്.

"നിങ്ങൾ ദൈവത്തോട് **രമ്യതപ്പെടുവിൻ** എന്നതാണ് ഞങ്ങൾ ക്രിസ്തുവിന്റെ നാമത്തിൽ നിങ്ങളോട് അപേക്ഷിക്കുന്നത്" (2 കോരി. 5/20). **അപ്പസ്തോലന്മാരുടെ പ്രബോധനങ്ങളുടെ അന്ത:സത്ത ഇതായിരുന്നു.** കർത്താവായ യേശുക്രിസ്തുവുമായുള്ള സഹവാസത്തിലേക്കാണ്, വിശ്വസ്തനായ ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. ഈ സഹവാസം സാധിതമാകുന്നതോ യേശുവിന്റെ മരണോത്ഥാനങ്ങളിൽ പങ്കാളിയാകുമ്പോഴാണ്. അത് ഈ ജീവിതത്തിൽ തന്നെ ആകണം. ഇവിടെ ആരംഭിക്കുകയും എന്നും തുടരുകയും ചെയ്യുന്ന വളർച്ചയുടെ ഒരു അനുഭവമാകണം. ഉദാഹരണമായി ഒരു സ്നേഹബന്ധം ആരംഭിക്കുകയും, കാലം കഴിയുന്തോറും വളരുകയും കുഴിമാടത്തിനപ്പുറം നിലനില്ക്കുകയും ചെയ്യുന്നത് ഏവർക്കും ഗ്രഹിക്കാൻ കഴിയുന്ന ജീവിതാനുഭവമല്ലയോ? രണ്ടു നാലുദിവസം സ്നേഹിച്ചു പിന്നീട് 'ആലുവാ മണപ്പുറത്തു വെച്ചു കണ്ട പരിചയം, പോലും നടിക്കാത്തത് കൊയ്നോണിയാ അല്ല. കൊയ്നോണിയ പൂർണ്ണമാകുന്നതാകട്ടെ ഒരുവന്റെ മരണോത്ഥാനങ്ങൾക്ക് ശേഷമാണ്. (1തെസ്സ. 4/17). അരൂപിയുടെ പ്രവർത്തനം വഴിയാണ് ഈ പൂർണ്ണത കൈവരുന്നത്.

യേശുവുമായുള്ള ഈ ബന്ധം വ്യക്തിപരമായ തലത്തിലൊതുങ്ങി, ഒറ്റപ്പെട്ട് നില്ക്കുന്നതല്ല. അത് ക്രിസ്തനുയായികളുടെ കൂട്ടായ്മയിലേക്ക് ചേക്കേറേണ്ടതുണ്ട്. അങ്ങനെ സഭ മുഴുവനും ഒരു ശരീരമായി മാറുന്ന ഒരു ദിവ്യാനുഭവമായി അത് വളരണം. ആ ശരീരത്തിന്റെ ശിരസ്സാകട്ടെ ക്രിസ്തുതന്നെയാണ് (1കോരി. 12/27-28). ഇതാണ് ക്രിസ്തുവിന്റെ മൗതിക ശരീരം (Mystical Body of Christ) എന്നു വ്യവഹരിക്കപ്പെടുന്നത്; സഭ എന്നു വിളിക്കപ്പെടുന്നത്.

ആത്മാവ് വസിക്കുകയും ആത്മാവ് നയിക്കുകയും ചെയ്യുന്ന ശരീരമാണ് സഭ. മാമ്മോദീസാ വഴിയാണ് ഒരുവൻ ഈ കൂട്ടായ്മയിൽ അംഗമായിത്തീരുന്നത്. യേശുവു

www.malankaralibrary.com

മായുള്ള ഈ ബന്ധം, അവന്റെ ശരീരമായ സഭയിലെ – മൗതികശരീരത്തിലെ – എല്ലാ അംഗങ്ങളുമായും സഹവർത്തിത്വത്തിൽ ജീവിക്കുവാൻ ഒരുവനെ പ്രേരിപ്പിക്കുന്നു. എല്ലാത്തരം വ്യത്യാസങ്ങളും ക്രിസ്തുവിൽ ഇല്ലാതാകുന്നു (റോമ. 10/12; ഗലാ. 3/ 28). ഈ കൊയ്നോണിയാ പൂർത്തീകരിക്കപ്പെടുന്നതും പ്രതിഫലിക്കുന്നതും DIAKONIA (ഡയക്കോണിയാ) – ശുശ്രൂഷയിലൂടെയാണ്. "പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജ്ജീവമായിരിക്കുന്നതുപോലെ" (യാക്കോ. 2/17) ശുശ്രൂഷയിൽ വള രാത്ത കൂട്ടായ്മ – ഡയക്കോണിയാ കൂടാത്ത കൊയ്നോണിയാ – ഒരു മിഥ്യയാണ്, പൊള്ളയാണ്, കള്ളമാണ്, കാപട്യമാണ്.

ഈ മഹാരഹസ്യമാണ് അന്ത്യഅത്താഴസമയത്ത് ശിഷ്യരെ യേശു പഠിപ്പിച്ച പാഠം. അതേ, യേശു പഠിപ്പിച്ച അവസാനത്തെ പാഠം. "നിങ്ങളും പരസ്പരം പാദങ്ങൾ കഴു കണം. ....... ഞാൻ നിങ്ങൾക്കൊരു മാതൃക നല്കിയിരിക്കുന്നു....... ഇതനുസരിച്ച് പ്രവർത്തിച്ചാൽ അനുഗൃഹീതർ" (യോഹ. 13/14-17).

ചുരുക്കത്തിൽ കൂട്ടായ്മക്ക് പുതിയ നിയമത്തിൽ രണ്ട് മാനങ്ങളുണ്ട്. ദൈവവും മനുഷ്യനും തമ്മിലുള്ള കൂട്ടായ്മയും മനുഷ്യനും മനുഷ്യനും തമ്മിലുള്ള സഹവർത്തി ത്വവും. ദൈവവുമായി ഒന്നായിത്തീരുക, ദൈവത്തിൽ വിലയം പ്രാപിക്കുക അഥവാ ദൈവൈക്യം പ്രാപിക്കുക എന്ന മഹനീയ ലക്ഷ്യം സാധിതമാകുന്നത് 'വരാനിരിക്കുന്ന രാജ്യത്തിലാണ്'. വരാനിരിക്കുന്ന ലോകത്തിലെ ഈ പുതിയജീവനെയാണല്ലോ വിശ്വാ സപ്രമാണത്തിൽ നാം എറ്റുപറഞ്ഞ് സ്വാഗതം ചെയ്യുന്നതും സഭനോക്കിപ്പാർക്കുന്നതും. അതിന്റെ ഒരു മുന്നാസ്വാദനമാണ് വേണം 'അപ്പം മുറിക്കൽ ശുശ്രൂഷ' (=വിശുദ്ധകുർബ്ബാ ന) എന്ന് സഭയും പിതാക്കന്മാരും നമ്മെ പഠിപ്പിക്കുന്നു. ഈ ആസ്വാദനം നമുക്ക് സാധിക്കുന്നുണ്ടോ എന്ന് ഈ പെസഹാക്കാലത്ത് ഓരോ വിശ്വാസിയും ആത്മാർത്ഥ മായി പരിശോധിക്കേണ്ടതാണ്. സാക്ഷികളാകണമെങ്കിൽ അനുഭവം ആവശ്യമാണ്. ആ സാക്ഷ്യം കൂടാത്ത ക്രൈസ്തവജീവിതത്തിന് തീക്ഷ്ണത കുറവായിരിക്കും. പത്രോ സിനെപ്പോലെയും പൗലോസിനെപ്പോലെയും 'ഉറക്കെപ്പറയുവാൻ' കഴിയാതെ പോകും. ഈ അനുഭവവും അനുഭൂതിവിശേഷവും സ്വായത്തമാക്കുവാൻ ആത്മതപനം ചെയ്യണം; 'ഏറ്റുപറയുകയും നോക്കിപ്പാർക്കുകയും' വേണം. അതിനുള്ള ഉത്സാഹം ചോർന്നു പോകാതിരിക്കട്ടെ. കൂട്ടായ്മയുടെ മധുരമായ അനുഭവത്തിലൂടെ ഈ ഉത്സാഹം പര സ്പരം പകർന്നുകൊടുക്കണം. ഈ കരുതലും പങ്കുവെയ്ക്കലും (caring and shar-ing) കൊയ്നോണിയായുടെ അഥവാ കൂട്ടായ്മയുടെ ഭാഗംതന്നെയാണ്. നമ്മുടെ ആരാ ധന കൂട്ടായ്മകളും (=ഇടവക) പ്രാർത്ഥനകൂട്ടായ്മകളും (പ്രെയർഗ്രൂപ്പുകൾ) ഇക്കാര്യ ത്തിൽ കരുതലോടെ ഇരിക്കേണ്ടതാണ്. പടുത്തുയർത്തുവാനും പാലംപണിയുവാനും നമ്മുടെ കൂട്ടായ്മകൾക്ക് സാധിക്കുന്നുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ടാണ് എന്ന് ചിന്തിക്കേണ്ടതല്ലയോ?

മനുഷ്യന്റെ കൂട്ടായ്മക്ക് മനുഷ്യ സമൂഹത്തോളം തന്നെ പഴക്കമുണ്ട്. അവൻ തനി ച്ചിരിക്കുന്നത് നന്നല്ല (ഉല്പ. 2/18) എന്നാണ് ത്രിത്വൈക കൂട്ടായ്മയിൽ സദാ അഭിര മിക്കുന്ന അവന്റെ സൃഷ്ടാവ് കല്പിക്കുന്നത്. ഏറ്റം ദൃഢമായ കൂട്ടായ്മ ദൈവത്തി ന്റേതാണ്. ഈ കൂട്ടായ്മയുടെ സാദൃശ്യത്തിലാണ് മനുഷ്യസൃഷ്ടി നിർവ്വഹിച്ചിരിക്കു ന്നത്. എന്നുമാത്രമല്ല അവസാനം സ്വർഗ്ഗീയ കൂട്ടായ്മയിൽ എത്തിച്ചേരുവാനുള്ള വിളി

www.malankaralibrary.com

യാണവന്റേത് എന്നും ഓർക്കുക. ഈ കൂട്ടായ്മയുടെ വിളനിലമാണ് കുടുംബം. കൂടുമ്പോൾ ഇമ്പമുള്ളത് ഏതോ അതാണ് കുടുംബം. കൂട്ടായ്മയുടെ കല ഏറ്റം സുന്ദരമായി അവതരിപ്പിക്കപ്പെടുന്നത് കുടുംബ അരങ്ങിലാണ്. അവിടെനിന്നു വേണം അതു പഠിക്കുവാൻ. നമ്മുടെ കുടുംബകൂട്ടായ്മകൾ അർത്ഥപൂർണ്ണമാകണം. താളം തെറ്റിയ, പാളംതെറ്റിയ എത്രയോ കുടുംബങ്ങൾ ഉണ്ട്! ദൈവികചരായ നഷ്ടപ്പെടുമ്പോൾ പൈശാചിക – വൈതാളിക – കാട്ടാള കൂട്ടായ്മകളാണവിടെ അരങ്ങു തകർക്കുക. നമ്മുടെ ശ്രദ്ധ അങ്ങനെ ഉള്ള തലങ്ങളിലേക്ക് കടന്നു വരണം.

ഒരു വ്യക്തിയുടെ മഹത്വത്തിന്റെ അളവുകോലുകളിൽ പ്രധാനപ്പെട്ട ഒന്നാണ് മറ്റുള്ളവരുമായി കൂട്ടുചേരുവാനുള്ള അവന്റെ കഴിവ്. ജീവിതത്തിൽ എത്രഏറെ ആളുകളെ സ്നേഹിക്കാനും ഹൃദയപൂർവ്വം ഉൾക്കൊള്ളുവാനും കഴിയുന്നുവോ അത്രഏറെ തന്നിലുള്ള ദൈവചരായ വികസിതമാകുകയാണ്. ദൈവത്തിന് ഈ പ്രപഞ്ചത്തെ മുഴുവൻ തന്നിൽ ഉൾക്കൊള്ളുവാൻ കഴിയും. മനുഷ്യകുടുംബത്തെ മുഴുവൻ തന്റെ സ്നേഹവലയത്തിൽ കൊണ്ടുവരാൻ കഴിയുന്നവനത്രെ സമ്പൂർണ്ണ മനുഷ്യൻ. ഈ പൂർണ്ണത എളുപ്പമല്ലായിരിക്കാം; പക്ഷേ അത് അസാദ്ധ്യമല്ല. ഈ ജീവിതത്തികവിലേക്കും മനുഷ്യമഹത്വത്തിലേക്കുമാണ് ഓരോ ക്രൈസ്തവനും വിളിക്കപ്പെട്ടിരിക്കുന്നത് എന്നത് മറക്കരുത്. ഒരു മഹാത്മഗാന്ധിക്ക് അന്നുണ്ടായിരുന്ന 35 കോടി ഭാരതീയരെയും സ്വന്തമായി കാണാൻ കഴിഞ്ഞു. ബ്രിട്ടീഷുകാരെ ശത്രുക്കളായി കരുതിയുമില്ല. 'മജ്ജയും മാംസവും ധരിച്ച് ഇങ്ങനെ ഒരു മനുഷ്യൻ നമ്മുടെ ഇടയിലൂടെ കടന്നുപോയി എന്നത് അടുത്ത നൂറ്റാണ്ടിലെ മനുഷ്യൻ ഒരത്ഭുതമായി കരുതിയേക്കും' എന്നാണ് ഐൻസ്റ്റീൻ ഗാന്ധിജിയെപ്പറ്റി അനുസ്മരിക്കുക. അമേരിക്കൻ പ്രസിഡണ്ടുപദവിയിലെത്തിയ ഏബ്രഹാം ലിങ്കണ് വെള്ളക്കാരെ മാത്രമല്ല കൊള്ളക്കാരെയും നീഗ്രോകളെയും മനുഷ്യരായി കാണാനും തുല്യരായി പരിഗണിക്കാനും കഴിഞ്ഞു. ഇസങ്ങളുടെ അപകടകരമായ വളർച്ചയിൽ ഇന്ന് മനുഷ്യന് നഷ്ടപ്പെട്ടിരിക്കുന്നത് ഈ കൂട്ടായ്മയുടെ ദർശനമാണ്. അവൻ ഉൾക്കൊള്ളുന്നത് വിഭാഗീയതയുടെ ദർശനമാണ്. കുലവും കൂട്ടവും കുറും വേറിട്ട് കാണാനും കൊടിഅടയാളത്തിനകത്ത് മനുഷ്യത്വം ഒതുക്കാനുമാണിന്ന് പരിശീലനം നല്കുന്നത്. അയൽപക്കങ്ങൾ തമ്മിൽ അതിനുവേണ്ടി പടവെട്ടാൻ ഇന്ന് മടിയില്ല! നാട്ടിൽ രക്തപ്പുഴ ഒഴുക്കുവാൻ ഇന്ന് രണ്ടാമതൊരു ചിന്തപോലുമാവശ്യമില്ല!

ബൈബിൾ അനാവരണം ചെയ്യുന്ന രക്ഷാകരസത്യം സ്നേഹത്തിന്റേതാണ്, കൂട്ടായ്മയുടേതാണ്. അത് വെറുപ്പിന്റെയും വിദ്വേഷത്തിന്റേതുമല്ല. ആരെയും വെറുക്കുവാൻ അത് പഠിപ്പിക്കുന്നില്ല. ശത്രുക്കളെക്കൂടി സ്നേഹിക്കുവാനും വെറുക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും ആണ് അത് നമ്മെ പഠിപ്പിക്കുന്നത്. ദൈവത്തിന്റെ മനസ്സിൽ മനുഷ്യകുലം മുഴുവൻ ഒരൊറ്റ കുടുംബമാണ്. മനുഷ്യരെല്ലാം ഒരു പിതാവിന്റെ മക്കളാണ് – സ്നേഹപിതാവായ ദൈവത്തിന്റെ മക്കൾ. പാപം ഒന്നു മാത്രമാണവരെ വേർപെടുത്തിയത്. പരസ്പരം ഗ്രഹിക്കാനാവാത്ത വിധം ഭാഷ ഭിന്നിച്ചപ്പോഴാണ് അവർ ഭൂമുഖം മുഴുവൻ ചിതറിയത് (ഉല്പ. 11/8). സ്നേഹമാണ് മനുഷ്യന്റെ ആദ്യഭാഷ. അക്ഷര ഭാഷക്കപ്പുറമായ ഈ ഭാഷ പെറ്റുവീഴുന്നതിന് മുമ്പ് മനുഷ്യൻ പഠിക്കുന്നു. തന്റെ ഉദരത്തിലുരുവായ കുഞ്ഞിന്റെ നിറവും രൂപവും, ബുദ്ധിയും ശക്തിയും, ഇസവും മതവും നോക്കിയല്ല അമ്മ സ്നേഹിക്കുന്നത്. പിന്നെയോ അസ്ഥിയിൽ നിന്നുള്ള

www.malankaralibrary.com

അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവും ആകുന്നതുകൊണ്ടാണ്. ഗർഭത്തിൽ വെച്ചുതന്നെ ഈ സ്നേഹം പകർന്നു കൊടുക്കുവാൻ ഒരു നല്ല അമ്മയ്ക്ക് സാധിക്കും; ജീവിതത്തിൽ അത് തുടരുന്നതിനും ആ അമ്മ ദത്ത ശ്രദ്ധയായിരിക്കും. കുടുംബത്തിന്റെ കൂട്ടായ്മ വളർത്തുന്നതിൽ ഒരു നല്ല അമ്മയുടെ പങ്ക് എത്രയേറെയാണ്. ഓരോ അമ്മയും ഇക്കാര്യം ഏറെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

മനുഷ്യന്റെ പാപമാണ് ദൈവത്തോടും സഹോദരനോടുമുള്ള അവന്റെ കൂട്ടായ്മയെ തകർക്കുന്ന പ്രധാനഘടകം. സ്നേഹരാഹിത്യമാണല്ലോ പാപം. സ്നേഹം കിട്ടാതെ വളർന്നു വരുന്ന കുഞ്ഞ് വലുതാകുമ്പോൾ പാപത്തെ നട്ടുനനച്ച് വളർത്തുന്നു. പ്രവാചകൻ പറയുന്നത് എന്താണ്? "നിന്റെ അകൃത്യങ്ങൾ നിന്നെയും ദൈവത്തെയും തമ്മിൽ അകറ്റിയിരിക്കുന്നു; **നിന്റെ പാപങ്ങൾ** അവിടുത്തെ മുഖം നിന്നിൽ നിന്നു മറച്ചിരിക്കുന്നു" (ഏശ. 59/2).

ഇതുതന്നെയാണ് ജെറമിയാ പ്രവാചകൻ പറയുന്നതും. "നിങ്ങളുടെ ദുഷ്കൃത്യങ്ങൾ ഇവയെല്ലാം നിങ്ങൾക്ക് നഷ്ടപ്പെടുത്തി. നിങ്ങളുടെ **പാപങ്ങൾ** ഈ നന്മയെല്ലാം നിങ്ങളിൽ നിന്ന് അകറ്റിയിരിക്കുന്നു" (ജെറെ. 5/25).

ഭൂമുഖം മുഴുവൻ ചിതറിയ്ക്കപ്പെട്ട മനുഷ്യനെ ഒരു കുടുംബമായി, ഒരു കൂട്ടായ്മയായി, ഒന്നിപ്പിക്കുവാനാണ് ദൈവപുത്രൻ മനുഷ്യനായി അവതരിച്ചത്. തിരുസ്സഭയുടെ അംഗങ്ങളോരോരുത്തരും നഷ്ടപ്പെട്ടുപോയ ഈ കുടുംബ ബന്ധംപുനഃസ്ഥാപിക്കുവാൻ യത്നിക്കേണ്ടതാണ്. അത് സാധിക്കുന്നത്വരെ നാമെല്ലാം അപൂർണ്ണരാണ്. കളങ്കം കൂടാതെ തികഞ്ഞ ആത്മാർത്ഥതയോടെ, മനുഷ്യമഹാ കുടുംബത്തിലെ ഓരോ അംഗങ്ങളെയും എന്റെ സഹോദരൻ എന്നും എന്റെ സഹോദരി എന്നും പറയാൻ ആർക്കു കഴിയുന്നുവോ അവരാണ് ദൈവമക്കൾ. അതുവരെ പൂർണ്ണമായ അർത്ഥത്തിൽ ദൈവമക്കൾ എന്ന പദവി അവകാശപ്പെടാനാവില്ല. എന്നാൽ ദൈവമക്കളാകാനുള്ള ഈ വിളി സാർവ്വത്രികമാണ്; ഞാനതിനെ വ്യക്തിപരമാക്കി തീർക്കണം. ദൈവമക്കളാകാനുള്ള വിളി ഒരു സാദ്ധ്യതയാണ്; ഞാനതിനെ എന്റെ സഹകരണം വഴി സിദ്ധിയാക്കി തീർക്കണം. "തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കാളാകാൻ അവൻ കഴിവ് നല്കി" (യോഹ. 1/12). യേശുവിനെ സ്വീകരിക്കുന്നതുവഴിയും വിശ്വസിക്കുന്നതുവഴിയുമാണ് ദൈവമക്കളായി തീരുന്നത്. യേശുവിനെ സ്വീകരിക്കുന്നതിനുള്ള പ്രായോഗികവും എളുപ്പവുമായ മാർഗ്ഗം 'യേശുവിന്റെ എളിയവരെയും', 'യേശുവിന്റെ ചെറിയവരെയും' സ്വീകരിക്കുന്നതാണ്. "എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ, എനിക്കുതന്നെയാണ് ചെയ്തുതന്നത്. ....... ചെയ്യാതിരുന്നപ്പോൾ എനിക്കുതന്നെയാണ് ചെയ്യാതിരുന്നത്" (മത്താ. 25/40, 45). 'പാവങ്ങളുടെ അമ്മ'യായി അറിയപ്പെട്ടിരുന്ന മദർ തെരേസ ചെയ്തത് ഇതാണ്. കുഷ്ഠരോഗികളുടെ സ്നേഹിതനായറിയപ്പെട്ടിരുന്ന ഫാദർ ഡാമിയൻ ചെയ്തത് ഇതാണ്. അന്ധയും ബധിരയും മൂകയുമായ ഒരു ഹെലൻ കെല്ലർ ചെയ്തതും ഇതുതന്നെയാണ്. നാമോരോരുത്തരും അനുവർത്തിക്കാൻ യേശു ആവശ്യപ്പെടുന്നതും ഇതുതന്നെ.

www.malankaralibrary.com

ദൈവത്തെ കൂടാതെ മനുഷ്യ സാഹോദര്യം നിലനിർത്താൻ കഴിയുമെന്ന് ചില പ്രത്യയ ശാസ്ത്രങ്ങൾ വ്യഥാവ്യാമോഹിക്കുന്നു. എന്നാൽ അത് തികച്ചും അസാദ്ധ്യ മാണ്. ദൈവപുത്രനിലാണ് മനുഷ്യരാശി ഒന്നാകെ സമന്വയിക്കപ്പെട്ടിരിക്കുന്നത്. ക്രിസ്തുവിനെ മുൻനിർത്തിയാണ് ഈ വിശ്വസാഹോദര്യം പുലർത്തേണ്ടതെന്ന് എഫേ സ്യലേഖനം തറപ്പിച്ചുപറയുന്നു. "അവൻ നമ്മുടെ സമാധാനമാകുന്നു. ഇരുകൂട്ടരെയും അവൻ ഒന്നിപ്പിക്കുകയും ശത്രുതയുടെ മതിലുകൾ തകർക്കുകയും ചെയ്തു" (എഫേ. 2/14). "ക്രിസ്തുവിൽ ഭവനമൊന്നാകെ സമന്വയിക്കപ്പെട്ടിരിക്കുന്നു....... പരിശുദ്ധാത്മാ വിൽ ദൈവത്തിന്റെ വാസസ്ഥലമായി നിങ്ങളും അവനിൽ പണിയപ്പെട്ടുകൊണ്ടിരി ക്കുന്നു" (എഫേ. 22/ 21,22).

വ്യക്തികൾ തമ്മിൽ സ്നേഹിതരെപ്പോലെ പെരുമാറുവാൻ പ്രായേണ എളുപ്പമാ യിരിക്കാം. എന്നാൽ സഹോദരരെപ്പോലെ പെരുമാറുവാൻ ഒരപ്പന്റെ മാദ്ധ്യസ്ഥ്യം കൂടിയേ കഴിയൂ. കുറെ വ്യക്തികളെ മാത്രം സ്നേഹിച്ചാൽ പോരല്ലോ. മാനവ കുടും ബത്തെ മുഴുവൻ സഹോദരരായി കാണുവാൻ ഒരു പിതാവ് വേണം. ആ പൊതുപി താവാണ് ദൈവം. മാനവ കുടുംബത്തിന് മുഴുവൻ പിതാവായിരിക്കുവാൻ സർവ്വശക്ത നായ ദൈവത്തിനല്ലാതെ മറ്റാർക്കാണ് കഴിയുക?

ഇനി മറ്റൊരു കൂട്ടരുണ്ട്. തങ്ങളുടെ ചുറ്റുമുള്ള സഹോദരങ്ങളെ അവഗണി ച്ചുകൊണ്ടും വിസ്മരിച്ചുകൊണ്ടും വിട്ടുനിന്നുകൊണ്ടും ദൈവപിതാവുമായി ചങ്ങാത്തം കൂടുവാൻ കാംക്ഷിക്കുന്നവർ. മുമ്പ് പറഞ്ഞത് ആവർത്തിച്ചുകൊള്ളട്ടെ. ഇത് തികച്ചും അസാദ്ധ്യമായ ഒരു പരിശ്രമമാണ്. ദൈവസ്നേഹത്തിലും ദൈവഭക്തിയിലും വ്യാപ രിക്കുവാനും വളരുവാനും ആഗ്രഹിക്കുന്നവർക്ക് ദൈവപിതാവിന്റെ മക്കളായ തന്റെ സഹോദരീ സഹോദരന്മാരിൽ കുറെപ്പേരെ സൗകര്യപൂർവ്വം വിസ്മരിക്കുവാനും കുറെ പ്പേരെ ആവശ്യം കഴിഞ്ഞ് പരിത്യജിക്കുവാനും സാദ്ധ്യമല്ല. ഏതെങ്കിലും ഒരു സഹോ ദരനെയോ സഹോദരിയെയോ നീ അവഗണിക്കുമ്പോൾ, അപമാനിക്കുമ്പോൾ, നിസ്സാ രനായി നോക്കുമ്പോൾ, നിസ്സംഗതയോടെ കാണുമ്പോൾ, സഹായിക്കാതെ പുറം തിരി യുമ്പോൾ, പരിത്യജിക്കുമ്പോൾ, ബന്ധം വെട്ടിമുറിച്ചില്ലാതാക്കുമ്പോൾ – അപ്പോഴൊക്കെ പിതാവായ ദൈവത്തെത്തന്നെയാണ് തള്ളിക്കളയുന്നത് എന്ന് ഓർത്താലും. അതാണ് മനുഷ്യനെതിരായ എല്ലാപാപവും ദൈവത്തിനും എതിരായിട്ടാണ് എന്നു പറയുക. ഈ സത്യം മനസ്സിലാക്കിയവരത്രെ സഭയുടെ കൂട്ടായ്മയിൽ അതീവ താല്പര്യം പുലർത്തിയിരുന്ന, അങ്ങേയറ്റം ശ്രദ്ധിച്ചിരുന്ന, അതിൽ ഉറ്റിരുന്ന വിശുദ്ധർ.

ഏതെങ്കിലും ഒരു പാവപ്പെട്ടവനെ സഹായിക്കാനോ, ഏതാനും പേരെ സ്നേഹി ക്കാനോ, അനേകരുമായി ചങ്ങാത്തം സ്ഥാപിക്കാനോ നമുക്ക് കഴിഞ്ഞേക്കാം. അത ത്രയും നല്ലതുതന്നെ. എന്നാൽ ഈ ഭൂമുഖത്തുള്ള ഒരാളെ തള്ളിക്കളയേണ്ടിവരുമ്പോൾ, സ്വർഗ്ഗപിതാവായ ദൈവത്തെത്തന്നെയാണ് തള്ളിക്കളയുന്നത് എന്നല്ലേ യേശു പറ ഞ്ഞതിനർത്ഥം? വെറും ആലങ്കാരികമായ ഒരു പ്രയോഗമല്ല അത് എന്ന തിരിച്ചറിവ് ഉണ്ടാകുമ്പോഴാണ് നമ്മുടെ മനോഭാവത്തിൽ മാറ്റം വരാൻ തുടങ്ങുക. ഈ അർത്ഥ ത്തിൽ കാണുവാൻ തുടങ്ങുമ്പോൾ മാത്രമാണ് സത്യത്തിൽ നമ്മുടെ കണ്ണുതെളിയുക; നമുക്ക് ഉൾക്കാഴ്ച ഉണ്ടാകുക. ആ പ്രസ്താവനയിലൂടെ വലിയ ഒരു ഉത്തരവാദിത്വ മാണ് നമ്മെ ഓരോരുത്തരെയും യേശു ഭരമേല്പിക്കുക. ഇവിടെയാണ് മനുഷ്യകുടും

www.malankaralibrary.com

ബത്തിന്റെയും സ്നേഹത്തിന്റെയും കഥ പൂർത്തീകരിക്കപ്പെടുക. തന്റെ സഹോദരന്റെ കാവല്ക്കാരനല്ല താനെന്നാണ് കായേന്റെ എക്കാലത്തെയും ഭാവം (ഉല്പ. 4/9).

എന്നാൽ ദൈവ പിതാവ് പറയുന്നു നീ കാവല്ക്കാരനാണെന്ന്. കായേന്റെ ഭാവം ഉൾക്കൊണ്ടാൽ കൊല്ലും കൊലയും എന്തധർമ്മവും നീതീകരിക്കപ്പെട്ടേക്കാം. സത്യത്തിൽ ലോകത്തിന്റെ അരുപി അതാണ്. ഇന്ന് ലോകത്തിൽ വർദ്ധിച്ചുവരുന്ന തിന്മയുടെ കാരണവും അതാണ്. ഈ സാഹചര്യം മെച്ചപ്പെടണമെങ്കിൽ കാഴ്ചപ്പാടിൽ ആദ്യം മാറ്റം വരണം. ലോകത്തിന് മാറ്റംവേണമെന്നാഗ്രഹിക്കുന്നെങ്കിൽ, ആഗ്രഹിക്കുന്നവന്റെ ഹൃദയത്തിലാണ് ആദ്യം മാറ്റം വരേണ്ടത് എന്ന് മഹാത്മഗാന്ധിപറയും. മറ്റുള്ളവർ നിങ്ങളോട് പെരുമാറണമെന്ന് ആഗ്രഹിക്കുന്നത് പോലെ അവരോട് പെരുമാറണമെന്നതാണ് യേശുവിന്റെ പഠിപ്പിക്കൽ (ലൂക്കോ. 6/31) 'വസുധൈവ കുടുംബകം' (= ഈ ലോകം ഒരൊറ്റ കുടുംബമാണ്) എന്നതാണ് ആർഷഭാരതത്തിന്റെ പഠിപ്പിക്കൽ. "ലോകമേ തറവാട്, തനിക്കീ – പ്പുല്കളും പുഴുക്കളും കുടിത്തൻ കുടുംബക്കാർ" എന്നാണ് കവിപാടുന്നത്. One enemy is too many and a hundred friends too few – നൂറ് സുഹൃത്തുക്കൾ അധികമല്ല, എന്നാൽ ഒരൊറ്റ ശത്രു ആവശ്യത്തിലധികമാണ് – എന്നാണ് ചൊല്ല്. ഈ ചിന്തകൾ എല്ലാം എത്ര ഉദാത്തമാണ്, എത്ര അർത്ഥപൂർണ്ണമാണ്, എത്ര ഐകരൂപ്യമുള്ളതാണ്. സത്യം സനാതനവും അതിന്റെ ഉറവിടത്തിൽ ഒന്നുമാത്രവുമാണ്.

ഈ കൂട്ടായ്മയാകട്ടെ ഒരുമിച്ചു കൂടി എന്തെങ്കിലും ഒന്നു ചെയ്യുന്നതിലോ, സാമൂഹ്യമായി ചില കാര്യങ്ങൾ അനുഷ്ഠിക്കുന്നതിലോ അയഞ്ഞ ഒരു ബന്ധത്തിലോ ഒതുങ്ങുന്നതല്ല. നേരെമറിച്ച് പരസ്പരം പങ്കുവെക്കുകയും, ഭാരം വഹിക്കുകയും, ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുകയും ചെയ്യുന്ന സ്നേഹത്തിന്റെ ഇഴപരിയാത്ത, ഇണപിരിയാത്ത ദൃഢബന്ധമാണ് വിശ്വാസികളെ തമ്മിൽ ഒന്നിച്ച് ചേർക്കുന്നത്. ഈ ബന്ധം ഓരോ ക്രൈസ്തവനെയും തമ്മിൽതമ്മിലും യേശുക്രിസ്തുവിലും ഒട്ടിച്ച് ചേർക്കുന്ന ഒരു ബന്ധമത്രെ. യേശുക്രിസ്തുവിന്റെ ശരീരത്തിന്റെ അവയവങ്ങളാക്കി വിളക്കിചേർക്കുന്ന ഗാഢബന്ധമാണ്. ബാഹ്യമായ ധാരാളം പ്രവർത്തനങ്ങളിലോ പ്രകടനങ്ങളിലോ അല്ല ഈ കൂട്ടായ്മ അന്തർഭവിക്കുന്നത്. പിന്നെയോ യേശുവിലുള്ള ഗാഢമായ ഐക്യത്തിൽ നിന്ന് ഉരുത്തിരിയുന്നതും ഉണരുന്നതും ആണ്. പരസ്പരം പ്രോത്സാഹിപ്പിക്കുകയും ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യുന്ന സ്നേഹത്തിന്റെ പ്രവർത്തനങ്ങളിലും പ്രകടനങ്ങളിലും കൂടിയാണ് അത് വളരുന്നത്. ഒരു ശരീരത്തിലെ അവയവങ്ങളെപ്പോലെ അന്യോന്യാശ്രിതവും പരസ്പരപൂരകവുമായി വർത്തിക്കുന്നതാണ്. കണ്ണിനെയും കാലിനെയും ഒരുപോലെ കൈ സഹായിക്കുന്നതുപോലെ, കാലാകട്ടെ തന്നെമാത്രമല്ല ശരീരത്തെ മുഴുവൻ പേറിക്കൊണ്ട് നടക്കുന്നതുപോലെ, വിവിധ അവയവങ്ങളെയൊക്കെ നാഡീവ്യൂഹം നിയന്ത്രിക്കുന്നതുപോലെ, ഇവയുടെ പ്രവർത്തനങ്ങളെ മസ്തിഷ്കവും ശിരസ്സും ഏകോപിപ്പിക്കുന്നതുപോലെ, ക്രിസ്തുവാകുന്ന ശിരസ്സ് ഓരോ വ്യക്തിയേയും സമ്പൂർണ്ണമായി സംയോജിപ്പിക്കുന്ന കൂട്ടായ്മയുടെ ഉദാത്തമായ മാതൃകയത്രെ ക്രൈസ്തവസമൂഹത്തിലും, സഭയിലും തെളിഞ്ഞു പ്രകാശിക്കേണ്ടത്. വ്യത്യസ്തത അവകാശപ്പെടാൻ കഴിയുന്ന വിധം ഉന്നതമായ നിലവാരമുള്ളവരാണോ നാം? നമുക്ക് സ്വയം ചോദിക്കാം.

www.malankaralibrary.com

## 3. കത്തൃമേശയെ ചുറ്റിനിന്ന് 'അപ്പം മുറിയ്ക്കലിൽ' അടിസ്ഥാനമുറപ്പിച്ച് വളരുന്ന സഭാ സമൂഹം

ആദിമസഭാ സമൂഹത്തെ സംബന്ധിച്ചിടത്തോളം അപ്പം മുറിയ്ക്കൽ (= ദിവ്യബലി) സാമൂഹ്യമായ ഒരാചാരം മാത്രമായിരുന്നില്ല. അതവരുടെ മുഖമുദ്രതന്നെയായിരുന്നു. ദിവ്യകാരുണ്യത്തിന്റെ 'നിറവും തികവും പൂർണ്ണതയുമായ' അപ്പം മുറിക്കലിൽ പങ്കു ചേരുന്നത് വഴിയാണ് അവർ 'അവരായി'ത്തീർന്നത്; അവരുടെ തനിമയും സ്വത്വവും പ്രകടമായത്. അവർ ക്രിസ്തുവിനുള്ളവരായിത്തീർന്നത്. അവർ ക്രിസ്തുവിന് അനുരൂപരായി തീർന്നത്. അവർ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തരായി തീർന്നത്. അവർ സാക്ഷ്യജീവിതത്തിനും വ്യക്തി ജീവിതത്തിനും ശക്തി പ്രാപിച്ചത്. ദൈവത്തിന്റെ വചനം സൃഷ്ടിശക്തിയുള്ളതാണ്. ഉണ്ടാകട്ടെ എന്ന വചനമാണ് പ്രപഞ്ചത്തിന്റെ ഉല്പത്തി കാരണം. ആ വചനം 'ഇതെന്റെ ശരീരമെന്നും, ഇതെന്റെ രക്തമെന്നും' ഉച്ചരിച്ച് അപ്പത്തിനും വീഞ്ഞിനും ഉയിർ നല്കി. ഇനിമുതൽ അവ വെറും പഞ്ചഭൂതങ്ങളല്ല. അത് യേശുവിന്റെ സാന്നിദ്ധ്യമാണ്. അപ്പസ്തോലന്മാർക്കും ലോകാവസാനം വരെ തന്നിൽ വിശ്വസിക്കുന്നവർക്കും വേണ്ടി മുറിക്കപ്പെടുകയും ചിന്തപ്പെടുകയും ചെയ്യുന്ന രക്ഷകന്റെ രക്ഷാകരരഹസ്യങ്ങളിലുള്ള പങ്കും പങ്കാളിത്തവുമാണ് 'അപ്പം മുറിക്കൽ' അഥവാ ദിവ്യബലി.

പുതിയ ഉടമ്പടിയുടെ 'യാഗവും ബലിവിരുന്നു'മത്രെ ഈ അപ്പം മുറിക്കൽ. ഇക്കാര്യം കുടുതൽ മനസ്സിലാക്കുവാൻ ഇസ്രായേലിലും ഇസ്രായേലിന് മുമ്പ്തന്നെ മദ്ധ്യപൂർവ്വദേശങ്ങളിലും നിലവിലിരുന്ന ഉടമ്പടിയുടെ ആചാരവിചാരങ്ങളെപ്പറ്റി അല്പം അറിയേണ്ടതാവശ്യമാണ്. രണ്ടു വ്യക്തികൾ തമ്മിലോ, രണ്ട് സമുഹങ്ങൾ തമ്മിലോ, രണ്ട് രാജ്യങ്ങൾ തമ്മിലോ ആണ് ഉടമ്പടിയിലേർപ്പെടുന്നത്. ഉടമ്പടി പൂർത്തീകരിക്കുന്നത് ബലിയർപ്പണത്തോടെയാണ്. ബലിമൃഗത്തെ നെടുകെ പിളർന്ന് യാഗമർപ്പിക്കുകയും, ആ ബലിവസ്തു പാകം ചെയ്ത് വിരുന്ന് നല്കുകയും അതിൽ ഉടമ്പടിയിലേർപ്പെടുന്ന ഇരു കക്ഷികളും പങ്കുചേരുകയും ചെയ്തിരുന്നു. ഇത് അർത്ഥവത്തായ ഒരു കർമ്മമാണ്. ഉടമ്പടി ലംഘിക്കാൻ മുതിർന്നാൽ ബലിമൃഗത്തിന്റെ ഗതിയായിരിക്കുമെന്ന മുന്നറിയിപ്പ് അതിൽ അന്തർഭവിച്ചിരുന്നു. മറിച്ച് ഈ കരാർ അഭംഗുരം പാലിച്ചാൽ ആ വിരുന്നിന്റെ ആസ്വാദ്യത എക്കാലവും നിലനില്ക്കുമെന്നും എന്നാളും ഒന്നിച്ച് വിരുന്നാസ്വദിക്കാനാവുമെന്നതുമാണ് അതിന്റെ പിന്നിലെ വിചാരം. (ഉല്പ. 15/7-10) ആചാരങ്ങളുടെ പിന്നിലെ വിചാരം ഗ്രഹിക്കാതെ വരുമ്പോഴാണ് ആചാരങ്ങൾ അനാചാരങ്ങളായി അധഃപ്പതിക്കുന്നത്. ആരാധനയിലെ ആചാരങ്ങൾക്കും അർത്ഥസൂചനകൾ ഏറെയുണ്ട്. അത് ഗ്രഹിക്കുമ്പോൾ മാത്രമാണ് അർത്ഥപൂർണ്ണമായി ആചാരങ്ങൾ നിലനിർത്താൻ കഴിയുന്നത്.

പുതിയനിയമത്തിന്റെ ബലിവസ്തു കാൽവരിയിൽ യാഗമായി തീർന്ന ക്രിസ്തുതന്നെയാണ്. പുതിയ ഉടമ്പടിയുടെ ബലിവിരുന്നാകട്ടെ സെഹിയോൻ മാളികയിൽ, അപ്പസ്തോലന്മാരുമായി പങ്കുവെച്ച, ആദ്യത്തെ ദിവ്യകാരുണ്യ സമർപ്പണമത്രെ. പരമപ്രധാനമായ ഈ രണ്ട് കർമ്മങ്ങൾ സംയോജിപ്പിച്ചുകൊണ്ടാണ് "എന്റെ ഓർമ്മയ്ക്കായി ഇപ്രകാരം ചെയ്യുവിൻ" (ലൂക്കോ 22/20) എന്ന് യേശു അരുളിച്ചെയ്തത്. ഓരോ തവണ

www.malankaralibrary.com

അതിൽ പങ്കുചേരുമ്പോഴും ആ കൊച്ചു സമൂഹത്തിന് യേശുവിന്റെ സാന്നിദ്ധ്യവും പരിപോഷണവും യേശുവിലുള്ള ഐക്യപ്പെടലും അനുഭവിക്കുവാൻ സാധിച്ചിരുന്നു. ദിവ്യകാരുണ്യത്തിന്റെ ഈ ബലിവേദിക്കു ചുറ്റും അണി നിരക്കുന്ന വിശ്വാസികളുടെ ഓരോ ക്രൈസ്തവസമൂഹവും, അത് അത്യന്തം ബഹുമാനത്തോടും ശ്രദ്ധയോടും ഹൃദയൈക്യത്തോടും കൂടി ചെയ്യുമ്പോൾ യേശുവിന്റെ സജീവസാന്നിദ്ധ്യം തങ്ങളുടെ ആത്മാവിൽ അനുഭവിച്ചറിയുകയാണ് ചെയ്യുക. പൗലോസ് അപ്പസ്തോലൻ നമ്മെ ഓർമ്മിപ്പിക്കുന്നു "അപ്പം ക്രിസ്തുവിന്റെ ശരീരത്തിലുള്ള ഭാഗഭാഗിത്വമാണ്. അതിനാൽ പലരായിരിക്കുന്ന നാം ക്രിസ്തുവിൽ ഏക ശരീരമാണ്. എന്തെന്നാൽ ഒരേ അപ്പത്തിൽ നാം ഭാഗഭാക്കുകളാണ്. (1 കൊരി 10/16). ഈ കൂട്ടായ്മയെ ഹനിക്കുന്ന നടപടികൾ – ക്രമവിരുദ്ധങ്ങൾ അഥവാ അനാചാരങ്ങൾ- കോരിന്തിലെ സഭയിൽ ഉടലെടുത്തപ്പോഴാണ് അപ്പസ്തോലൻ അവർക്ക് താക്കീത് നല്കുന്നത്. കൂട്ടായ്മ എന്നത് ഭാഗഭാഗിത്വത്തെയാണ് സൂചിപ്പിക്കുന്നത്. തന്മൂലം 'കർത്താവിന്റെ അത്താഴ' മാചരിക്കുന്നതിലൂടെ യേശുവിന്റെ രക്ഷാകരമായ മരണത്തിൽ നാം ഭാഗഭാക്കുകളാകുകയാണ്. യേശുവിനെപ്പോലെ മറ്റുള്ളവർക്ക് വേണ്ടി സഹിക്കാനുള്ള സന്നദ്ധതയാണിവിടെ പ്രഖ്യാപിക്കപ്പെടുന്നത്."

## 4. പ്രാർത്ഥനയിൽ അടിയുറച്ച ആദിമ ക്രൈസ്തവസമൂഹം

ആദിമ ക്രൈസ്തവ സമൂഹത്തിന് തുടക്കത്തിൽത്തന്നെ ബോദ്ധ്യപ്പെട്ട ഒരു വസ്തുതയാണ്, തങ്ങളുടെ സമൂഹ ജീവിതത്തിനും വിശ്വാസ ജീവിതത്തിനും പ്രാർത്ഥനയാണ് ശക്തിപകരുന്നതെന്ന്. സാക്ഷ്യവുമായി ലോകത്തിലേക്കിറങ്ങുന്നതിന് മുമ്പ് തൊഴുകൈയ്യുമായി ഉന്നതന്റെ പക്കലേയ്ക്ക് ഉയരണമെന്ന്. മനുഷ്യ ബന്ധത്തിനു മുമ്പ് ദൈവബന്ധം തേടിപ്പോകണമെന്ന്. മോശ അതാണ് ചെയ്തത്. പ്രവാചകന്മാർ അതാണ് ചെയ്തത്. കർത്താവായ യേശുതന്നെയും അതിന് മാതൃകയാണ്. ഈ മാതൃകകളാണ് അവരെ നയിച്ചത്. ഈ ബോദ്ധ്യമാണവരെ ഭരിച്ചത്. ഈ ആചാരമാണവരുടെ ശൈലി രൂപപ്പെടുത്തിയത്. തങ്ങളുടെ പ്രവർത്തനത്തിനുള്ള ശക്തി തങ്ങൾക്കുപരിയായ ഒരു ശക്തിയാണെന്നും ആ ശക്തിയുടെ ഉറവിടം ദൈവമാണെന്നും അവർ മനസ്സിലാക്കി. തങ്ങളുടെ പരിമിതമായ കഴിവുകൾക്ക് യാതൊരു വിധത്തിലും അവകാശപ്പെടാൻ കഴിയാതിരുന്നത്ര ഗംഭീരങ്ങളായ പ്രവർത്തനങ്ങളാണ് അവർ മൂലം നടന്നിരുന്നത്. ദൈവശക്തിയാലല്ലാതെ അത് സാധ്യമാകുമായിരുന്നില്ലെന്ന് അനുഭവസ്ഥർക്കെല്ലാം ബോദ്ധ്യമായി. ഈ ദിവ്യശക്തിയിൽ പങ്കുപറ്റാനാണ് അവർ കൂട്ടായി പ്രാർത്ഥിക്കുകയും പ്രാർത്ഥനയിൽ ഉറ്റിരിക്കുകയും ചെയ്തത്. പ്രാർത്ഥന കൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും ഈ വർഗ്ഗം (പൈശാചികശക്തി) പുറത്തുപോകയില്ല എന്നുള്ള ദിവ്യനാഥന്റെ വചനങ്ങൾ അവർ എപ്പോഴും ഓർത്തിരുന്നതായി കരുതണം (മർക്കോ. 9/29).

## 5. അത്ഭുതങ്ങളിലും അടയാളങ്ങളിലും ഉറപ്പിക്കപ്പെട്ട സഭാ സമൂഹം:

പരിശുദ്ധാത്മസാന്നിദ്ധ്യം അവരോടൊപ്പം എന്നും ഉണ്ടായിരുന്നു എന്നതിന്റെ സജീവമായ തെളിവാണ് ആ സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരുന്ന അത്ഭുതങ്ങളും അടയാളങ്ങളും, വിശ്വാസികളുടെ സമൂഹം വലിയ കാര്യങ്ങൾ പ്രതീക്ഷിക്കുകയും, വലിയ

www.malankaralibrary.com

കാര്യങ്ങൾ ചെയ്യുവാൻ തുനിഞ്ഞിറങ്ങുകയും ചെയ്യുമ്പോൾ വലിയ കാര്യങ്ങൾ സംഭവിച്ചില്ലെങ്കിലേ അത്ഭുതമുള്ളൂ. വിശ്വാസികളുടെ സമൂഹം ഒന്നു ചേർന്ന് തങ്ങളോടൊപ്പം സദാ നിലനില്ക്കുന്ന പരിശുദ്ധാത്മചൈതന്യം നന്മപ്രവൃത്തികളിലൂടെ വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്. അതിലൂടെ പരിശുദ്ധാത്മസാന്നിദ്ധ്യമാണവർ വെളിപ്പെടുത്തുന്നത്. അത്ഭുതങ്ങളും അടയാളങ്ങളും സംഭാവ്യമാണോ? അത് എങ്ങനെ സംഭവിക്കുന്നു എന്ന് ചോദിക്കുകയാണെങ്കിൽ ഇതാണുത്തരം. നന്മചെയ്യാൻ തീവ്രമായ ആഗ്രഹമുണ്ടായിരിക്കുകയും, ദൈവശക്തിയിലും പരിപാലനയിലും പൂർണ്ണമായി വിശ്വസിക്കുകയും, ദൈവാത്മാവിന് സമ്പൂർണ്ണമായി വിധേയപ്പെടുകയും ചെയ്യുന്ന ഏതൊരാളിലും ഏതൊരു സമൂഹത്തിലും അത്ഭുതങ്ങളും അടയാളങ്ങളും സംഭവിക്കുകതന്നെ ചെയ്യും. നിശ്ചയമായും ദൈവത്തിനുപരിയോ, ദൈവത്തെ കൂടാതെയോ അല്ല, ദൈവതിരുമനസ്സും അതോടൊപ്പമുണ്ടായിരിക്കണം. ദൈവത്തിന് വിധേയപ്പെടുകയാണ് പ്രധാനം.

കേവലം മനുഷ്യശക്തികൊണ്ട് മാത്രം സാധിക്കാത്ത കാര്യങ്ങൾ ദൈവാത്മാവിനാൽ നിറഞ്ഞ വ്യക്തികൾക്ക് പ്രവർത്തിക്കുവാൻ കഴിയും. പഴയനിയമത്തിലെ ഒരു സംഭവം ഇത് വിശദമാക്കുന്നു. ഫിലിസ്ത്യർ യുദ്ധപ്രിയരും അഭ്യാസികളുമായിരുന്നു. ഫിലിസ്ത്യനും മല്ലനും യുദ്ധവീരനുമായ ഗോലിയാത്തിനെ പരാജയപ്പെടുത്തിയ കഥ. അവനെ നേരിടുവാൻ ഇസ്രായേൽ സമൂഹത്തിലെ ഏറ്റവും ഉന്നതശീർഷനായ സാവൂൾ രാജാവിനൊ സേനാനായകന്മാർക്കോ സാധിച്ചില്ല. ദാവീദെന്നു പേരായ ബാലനായ ഒരിടയച്ചെറുക്കന് അത് അനായാസം സാധിക്കയും ചെയ്തു. (1 സാമു. 17). ഇതെങ്ങനെ മനസ്സിലാക്കാം? സമൂഹത്തോടുള്ള പ്രതിബദ്ധതയും നന്മചെയ്യാനുള്ള അദമ്യമായ ആഗ്രഹവും അവനുണ്ടായിരുന്നു; ദൈവപരിപാലനയിൽ അവൻ പൂർണ്ണമായി വിശ്വസിച്ചു; ദൈവഹിതത്തിന് അവൻ സമ്പൂർണ്ണമായി സമർപ്പിച്ചു. ദൈവത്തിന്റെ വ്യക്തമായി ഇടപെടൽ അവിടെ ഉണ്ടായിരുന്നു.

രോഗശാന്തി നല്കുന്ന യേശു അത്തിമരത്തെ ശപിക്കുകയും അത് സമൂലം ഉണങ്ങുകയും ചെയ്തത് കണ്ടപ്പോൾ പത്രോസിന് അത്ഭുതമായി. യേശു പറയുന്നത് ശ്രദ്ധിക്കുക: "ദൈവത്തിൽ വിശ്വസിക്കുക. സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, ആരെങ്കിലും ഈ മലയോട് ഇവിടെ നിന്നു മാറി കടലിൽച്ചെന്നു വീഴുക എന്നു പറയുകയും, ഹൃദയത്തിൽ ശങ്കിക്കാതെ, താൻ പറയുന്നത് സംഭവിക്കുമെന്ന് വിശ്വസിക്കുകയും ചെയ്താൽ അവന് അത് സാധിച്ചുകിട്ടും... വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നതെല്ലാം നിങ്ങൾക്ക് ലഭിക്കും" (മത്താ. 21/2022; മർക്കോ. 11/2026).

ദൈവത്തിന്റെ പ്രവർത്തനമോ വെളിപാടോ ദൃശ്യമാകുന്ന, സ്വാഭാവീകമോ അതിസ്വാഭാവികമോ ആയ സംഭവങ്ങളെയാണ് വിശുദ്ധഗ്രന്ഥം അത്ഭുതങ്ങൾ എന്നു വിളിക്കുന്നത്. അത്ഭുതങ്ങളും അടയാളങ്ങളും എന്ന സംയുക്തപദമാണ് സാധാരണയായ ഉപയോഗിക്കുക (മത്താ. 24/24; മർക്കോ 13/22; യോഹ. 4/48; അപ്പ. 2/43; 4/30; 5/12; 6/8; 7/36; 8/13; 14/3; 15/12).

ദൈവത്തിന്റെ ഏതുവിധ ഇടപെടലിനെയും അത്ഭുതം എന്നാണ് പഴയനിയമം വിശേഷിപ്പിക്കുക. പ്രളയത്തിന് ശേഷം കണ്ട മഴവില്ലും, ഈജിപ്തിലെ പത്തു ബാധകളും ചെങ്കടൽ കടന്നതും യഹൂദയ്ക്ക് അത്ഭുതങ്ങളായിരുന്നു.

www.malankaralibrary.com

ദൈവരാജ്യത്തിന്റെ അടയാളങ്ങളായിട്ടാണ് പുതിയനിയമം യേശുവിന്റെ അത്ഭുതങ്ങളെ കാണുന്നത്. (മത്താ. 12/28). ദൈവികശക്തികൊണ്ടല്ലാതെയും അത്ഭുതം സാദ്ധ്യമാണെന്ന് യേശുവിനറിയാമായിരുന്നു (മത്താ. 12/27) അതുകൊണ്ടുതന്നെ അത്ഭുതപ്രവൃത്തികൾ എന്നതിനെക്കാൾ അതിലൂടെ സംജാതമാകുന്ന വിശ്വാസത്തിനാണ് യേശു പ്രാധാന്യം നൽകുന്നത് (മർക്കോ. 5/34; 10/52). വിശ്വാസവർദ്ധനയ്ക്ക് സഹായകമല്ലാത്ത അവസരങ്ങളിൽ അത്ഭുതം പ്രവൃത്തിക്കുവാൻ യേശു വിമുഖത കാട്ടുകയും ചെയ്യുന്നു (മർക്കോ 8/11-12). യേശു പ്രവർത്തിച്ച 36 അത്ഭുതങ്ങൾ സുവിശേഷങ്ങളിൽ പേരെടുത്ത് വിവരിച്ചിട്ടുണ്ട്.

പരിശുദ്ധാത്മാവിന്റെ അടയാളങ്ങളായിട്ടാണ് വി. പൗലോസ് അത്ഭുതങ്ങളെ വീക്ഷിക്കുന്നത് (റോമ. 15/18; 1 കോരി. 12/9-10). ചുരുക്കത്തിൽ വി. ഗ്രന്ഥത്തിലെ അത്ഭുതങ്ങളെ പ്രകൃത്യതീത സംഭവങ്ങളായിട്ടല്ല, വിശ്വാസത്തിലേയ്ക്ക് ആനയിക്കുന്ന സൂചനകളായിട്ടാണ് മനസ്സിലാക്കേണ്ടത്.

## 6. ഐക്യതയിൽ അടിസ്ഥാനമിടുന്ന – ഒരേ ഹൃദയവും ഒരേ മനസ്സുമുള്ള – സഭ

കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷപ്രഘോഷണം എന്ന ഏക ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് പ്രവർത്തിക്കുന്നവരായിരുന്നു ആദിമ സഭയിലെ ഓരോ അംഗവും. വ്യത്യാസങ്ങളും അഭിപ്രായവ്യത്യാസങ്ങളും എന്തെല്ലാമുണ്ടായിരുന്നാലും, ക്രിസ്തീയ വിശ്വാസത്തിന്റെ അന്തഃസത്തയിൽ അവർ ഒന്നായിരുന്നു. വ്യത്യസ്തതകൾക്കും വ്യത്യാസങ്ങൾക്കും അവർ രണ്ടാം സ്ഥാനമേ കല്പിച്ചിരുന്നുള്ളു. അവയ്ക്ക് ഒന്നാം സ്ഥാനം കൊടുക്കുന്നതാണ് പ്രശ്നം. ഇന്നത്തെ പല പ്രശ്നങ്ങളുടെയും കാരണമതാണ്. സമൂഹത്തിലും രാഷ്ട്രീയത്തിലും സഭയിലും എവിടെയും സ്ഥിതി വ്യത്യസ്ഥമല്ല. ക്രിസ്തുവിലുള്ള ഐക്യത്തിന് ഒന്നാംസ്ഥാനം കല്പിക്കാത്ത ഏത് സഭയും സമൂഹവും, അധികം താമസിയാതെ എല്ലാത്തരത്തിലുമുള്ള അനൈക്യത്തിനും വ്യതിരിക്തതകൾക്കും അടിപ്പെടും. സഭാജീവിതത്തിന് അത്യന്താപേക്ഷിതമായ സ്നേഹൈക്യത്തിൽ നിന്ന് മുറിഞ്ഞും കീറിയും വേർപെട്ടു പട്ട് പോകതന്നെ ചെയ്യുമെന്നതിന് ചരിത്രം സാക്ഷിയാണ്.

ഒരേ ഹൃദയവും മനസ്സുമുള്ള സമൂഹത്തിൽപെട്ട എല്ലാവരും ഒരുപോലിരിക്കണമെന്ന് ഇതിനർത്ഥമില്ല. നേരെ മറിച്ച് വൈവിധ്യവും വ്യത്യസ്തതയും സഭയുടെ സമ്പന്നതയുടെ ലക്ഷണമാക്കി മാറ്റാൻ കഴിയും. ഇതിന് മകുടോദാഹരണമാണ് കത്തോലിക്കാ സഭയിൽ നിലവിലുള്ള 21 വ്യത്യസ്ത റീത്തുകൾ അഥവാ ആരാധന ക്രമങ്ങൾ. ബഡ്ഡിംഗിലൂടെ ഒരേ ചെടിയിൽ തന്നെ വൈവിധ്യമാന്ന പുഷ്പങ്ങൾ വിരിയിച്ചെടുക്കുവാൻ ശാസ്ത്രം ഇന്ന് ശ്രമിക്കുന്നു. വ്യത്യസ്ത നിറങ്ങളിലുള്ള പൂക്കൾ വിരിഞ്ഞാലും ജൈവപരമായ ഐക്യമാണ് അതിന്റെ അന്തർധാര എന്ന് നാം മറക്കരുത്.

## 7. പങ്കുവെയ്പ് അടിത്തറയായ സഭ

ക്രിസ്തുസഭ അതിന്റെ ഭൗതിക സമ്പത്ത് ആവശ്യക്കാരുമായി പങ്കുവയ്ക്കുന്നതിൽ എന്നും ആനന്ദം കണ്ടെത്തിയിരുന്നു. അന്യോന്യം ഉത്തര വാദിത്വങ്ങൾ ഏറ്റെടുക്കു

www.malankaralibrary.com

ന്നതിൽ അസാധാരണമായ താല്പര്യം കാണിച്ചിരുന്നവരാണ് ആദിമ ക്രൈസ്തവർ. തങ്ങളുടെ ആവശ്യങ്ങൾ എല്ലാം കഴിഞ്ഞ് അധികമുള്ളത് നൽകുന്നു എന്നതല്ല തങ്ങളെ തന്നെയും തങ്ങൾക്ക് ഉള്ള എന്തും പങ്കുവയ്ക്കുന്ന ശൈലി അവർ സ്വായത്തമാക്കിയിരുന്നു. തങ്ങളുടെ ഉള്ളും തങ്ങൾക്കുള്ളതും പങ്കുവയ്ക്കുന്നതിൽ ആനന്ദം അനുഭവിച്ചവരാണവർ. അക്കാരണത്താൽതന്നെ അവരുടെ ഇടയിൽ വിശക്കുന്നവരൊ ദരിദ്രരോ ആയി ആരും തന്നെ ഉണ്ടായിരുന്നില്ല. ആ സമൂഹത്തിൽ ആർക്കെങ്കിലും സമൃദ്ധിയും നേട്ടങ്ങളും ഉണ്ടായാൽ അത് എല്ലാവർക്കും പ്രയോജനമുള്ളതാക്കിത്തീർക്കുവാൻ അവർ ശ്രദ്ധിച്ചിരുന്നു. അതവരുടെ സമൂഹ ശൈലിയും മുഖമുദ്രയുമായി അവർ വളർത്തിയിരുന്നു. വല്ലപ്പോഴുമൊരിക്കൽ നിർബന്ധംകൊണ്ട് പങ്കുവെക്കുന്നതും മറിച്ച് ജീവിത വ്രതംപോലെ പാലിക്കുന്നതും രണ്ടുകാര്യങ്ങളാണല്ലോ.

ലോകത്തെമ്പാടും പൊതുസ്ഥാപനങ്ങൾ, ആശുപത്രികൾ മുതലായവ സ്ഥാപിച്ച് തങ്ങളുടെ സമ്പത്തും ആൾ ശേഷിയും സമൂഹത്തിലെ ഇതര ആവശ്യക്കാർക്കു കൂടി പ്രയോജനപ്പെടത്തക്കവണ്ണം ക്രമീകരിച്ചുകൊണ്ടിരിക്കുന്ന സഭ ഇന്നും ആ പങ്കുവെയ്ക്കുന്ന ശൈലി അഭംഗുരം തുടർന്നുകൊണ്ടിരിക്കയാണ് എന്നതിന് സംശയമില്ല. സഭയുടെ നിലപാടിൽ മാറ്റം വന്നിട്ടില്ല. നൂറ്റാണ്ടുകളിലൂടെ വ്യക്തികളിൽ ആ സ്വഭാവവിശേഷം വളർത്തുവാൻ സഭ ശ്രദ്ധയുള്ളവളുമാണ്. സഭാംഗമെന്ന നിലയിൽ ഞാൻ അങ്ങനെയുള്ള വ്യക്തിത്വം വളർത്തി എടുത്തിട്ടുണ്ടോ എന്ന് ഓരോ അംഗവും ഓരോ കുടുംബവും ആത്മശോധന ചെയ്യേണ്ടതുണ്ട്.

ദരിദ്രരോട് പക്ഷം ചേരുകയും സമൂഹത്തെക്കണ്ട് മനസ്സലിയുകയും ചെയ്ത യേശുക്രിസ്തുവിന്റെ ചൈതന്യത്താൽ രൂപീകൃതമായ സഭ, അതിന്റെ സമ്പത്തും സമയവും സർഗ്ഗശക്തിയും സർവ്വസ്വവും ആവശ്യക്കാർക്കായി പങ്കുവെക്കുന്നതിൽ ഉത്സുകയാകുന്നു എന്നത് പരിശുദ്ധാത്മാവ് സഭയെ നയിക്കുന്നു എന്നതിന്റെ തെളിവും സാക്ഷ്യവുമാണ്.

## 8. വളരുന്ന സഭാസമൂഹം

ആദിമ ക്രൈസ്തവ സമൂഹം തങ്ങളുടെ സമ്പാദ്യം മാത്രമല്ല തങ്ങൾക്ക് കരഗതമായ സ്വാതന്ത്ര്യത്തിന്റെയും സന്തോഷത്തിന്റെയും രക്ഷയുടെയും അനുഭവം സർവ്വജനങ്ങളുമായി പങ്കുവെയ്ക്കുവാൻ ആഗ്രഹിച്ചു. എന്നുമാത്രമല്ല, മാതൃകാപരമായ ആ സമൂഹത്തിൽ ആകൃഷ്ടരായി ധാരാളം പേർ ദിനംപ്രതി സഭയോട് ചേർന്നുകൊണ്ടിരുന്നു. ഒരു യഥാർത്ഥ ക്രൈസ്തവ സമൂഹത്തിന് ഒരിക്കലും അന്തർമുഖരായി അടങ്ങിയിരിക്കുവാൻ സാദ്ധ്യമല്ല. അത് എല്ലായ്പോഴും മറ്റുള്ളവരിലേയ്ക്ക് ഇറങ്ങിച്ചെല്ലുവാനും മറ്റുള്ളവരെ തങ്ങളിലേയ്ക്ക് സ്വാഗതം ചെയ്യുവാനും ആഗ്രഹിച്ചുകൊണ്ടിരിക്കും. സഭയുടെ സുവിശേഷ വല്ക്കരണ പരിശ്രമങ്ങൾ എല്ലാം തന്നെ ഈ ചൈതന്യത്തിന്റെ പ്രകടനങ്ങളാണ്; ആയിരിക്കേണ്ടതുമാണ്. തന്നിൽത്തന്നെ ഒതുങ്ങാതെ പുറത്തേയ്ക്ക് വ്യാപിക്കുന്നത് പ്രകാശത്തിന്റെ സ്വഭാവമാണ്; അത് ദൈവത്തിന്റെ സ്വഭാവമാണ്; പ്രകാശത്തിന്റെ മക്കളുടെ– ദൈവമക്കളുടെ സ്വഭാവവും അതുതന്നെയാണ്.

ഈ വിവരണത്തിൽ നിന്ന് നാം ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നു. തങ്ങളുടെ സ്വന്തം താല്പര്യങ്ങളെ സംരക്ഷിക്കാൻ ഒത്തുകൂടുന്ന സമൂഹങ്ങളെയും സംഘങ്ങളെയും അപേക്ഷിച്ച് സഭ, വ്യത്യസ്ഥമായ ഒരു കാഴ്ചപ്പാട് പുലർത്തുന്നു.

www.malankaralibrary.com

*"അവനവനാത്മസുഖത്തിനാചരിക്കുന്നവ*

*അപരന് സുഖത്തിനായ് വരേണം"*

എന്നുമാത്രമല്ല, തങ്ങൾക്ക് നഷ്ടം വന്നാലും കഷ്ടം വന്നാലും:

"ലോകാ: സമസ്താ സുഖിനോ ഭവന്തു"– സർവ്വലോകത്തിനും സൗഖ്യം കരഗതമാകണം – എന്നതായിരിക്കണം സഭാംഗങ്ങളുടെ ജീവിതലക്ഷ്യം. അപ്രകാരം സമൂലം മാറ്റം സംഭവിച്ച വ്യക്തികളുടെ സമൂഹമാകണം സഭ. സഭയിൽ ഏതാനും പേർക്ക് ഈ മാറ്റം വന്നാൽ പോരാ, സഭയിലെ ഓരോ അംഗത്തിനും ഈ മാറ്റം സംഭവിക്കണം.

ലോകത്തിലാരും ഇതുവരെ പരീക്ഷിച്ചു നോക്കാത്ത നവീനമായ ഒരു സമൂഹ ജീവിതത്തിന്റെ അവതരണം നാമിവിടെ കാണുന്നു. ഗ്രന്ഥകർത്താവായ ലൂക്കോസിന്റെ അഭിപ്രായത്തിൽ അനിതര സാധാരണമായ ഒരു സംഭവത്തിന്റെ അനുഭവജ്ഞാനത്തിൽ നിന്നും രൂപം പ്രാപിച്ചതത്രെ ഈ പുത്തൻ സമൂഹം. യേശുക്രിസ്തുവിന്റെ **ഉയർത്തെഴുന്നേല്പ്** അവരെ അത്രയധികം സ്വാധീനിച്ചിരുന്നു. തിരുവുത്ഥാനത്തിന് ചരിത്രപരമോ ശാസ്ത്രീയമോ ആയ തെളിവുകൾ നിരത്താൻ നമുക്ക് സാധിച്ചെന്നു വരില്ല. എന്നാൽ സഭാസമൂഹത്തിന്റെ ഈ പുത്തൻ ജീവിത ശൈലിതന്നെയാണ് ഈ മഹാസംഭവത്തിന്റെ ഏറ്റവും ഉത്തമമായ തെളിവ്. ഉയർത്തെഴുന്നേറ്റ ക്രിസ്തു തങ്ങളോടൊപ്പം ജീവിക്കുന്നു എന്നതിന്റെയും തങ്ങൾ ക്രിസ്തുവിനോടൊപ്പം നിത്യജീവനിലേയ്ക്ക് ഉയർത്തെഴുന്നേൽക്കും എന്നതിന്റെയും ജീവിക്കുന്ന സാക്ഷ്യമത്രെ ഉത്തമമായ ക്രൈസ്തവ സമൂഹ ജീവിതം, എവിടെയും എക്കാലത്തും.

ആദിസഭയുടെ പശ്ചാത്തലത്തിൽ നിന്ന് ഇന്നത്തെ സഭയിലേക്ക് കടന്നു വരാം. തങ്ങൾ വിളിക്കപ്പെട്ട വിളിക്കനുയോജ്യമായ വിധത്തിലാണോ ഇന്നത്തെ സഭ പ്രവർത്തിക്കുന്നത് എന്ന് പരിശോധിച്ചറിയുവാനുള്ള മാർഗ്ഗം, മുൻചൊന്ന അടിസ്ഥാന ലക്ഷണങ്ങൾ അവിടെ കാണുന്നുണ്ടോ എന്ന് പരിശോധിക്കുകയാണ്. ഓരോ ഇടവകയും ഓരോ പ്രാദേശിക സഭയും സ്വയം വിലയിരുത്തുവാനുള്ള മാനദണ്ഡമായും സ്വയം വിമർശിക്കുവാനുള്ള മാർഗ്ഗരേഖയായും ആദിമസഭാസമൂഹത്തിന്റെ ജീവിത ശൈലിയെ കാണേണ്ടതാണ്. ഉത്ഥാനം ചെയ്ത യേശുവിന്റെ ആത്മാവ് ഉദാരവും ഉത്സാഹവും ഉള്ള പ്രകാശപൂർണ്ണമായ ഒരു ജീവിതം നയിക്കാൻ നമ്മെ പ്രാപ്തരാക്കുന്നു. സഭയുടെ എക്കാലത്തെയും ജീവിതത്തിൽ തെളിഞ്ഞു കാണുന്ന ഈ ശക്തിയും ചൈതന്യവും, സജീവത്വവും ഔദാര്യവുമെല്ലാം ഉത്ഥാനം ചെയ്ത യേശുവിന്റെ സജീവസാന്നിദ്ധ്യത്തിന്റെ അതിശക്തവും സുവ്യക്തവുമായ തെളിവായി കണക്കാക്കുകയും ചെയ്യാം.

മാതൃകാപരമായ ക്രിസ്തീയ ജീവിതത്തിൽ സമ്പത്തിനും പണത്തിനും വളരെ പ്രധാനമായ ഒരു സ്ഥാനമുണ്ടെന്ന് ലൂക്കോസ് കരുതുന്നു. തന്റെ രണ്ടു പുസ്തകങ്ങളിലും വളരെ അധികം പ്രാധാന്യം കൊടുത്തുവിശദീകരിക്കുന്നു "നിങ്ങളുടെ സമ്പാദ്യം എവിടെയോ അവിടെ ആയിരിക്കും നിങ്ങളുടെ ഹൃദയവും" എന്ന് (ലൂക്കോ. 12/34). അപ്പസ്തോല പ്രവൃത്തികൾ എന്ന പുസ്തകത്തിലെ നല്ലൊരു ഭാഗവും സാമ്പത്തികമായ വിഷയങ്ങൾ വിശദീകരിക്കുന്നതിനായി മാറ്റിവച്ചിരിക്കുന്നു.

www.malankaralibrary.com

ലൂക്കോസിന്റെ സുവിശേഷത്തിലും ഈ വിഷയം പരക്കെ പരാമർശിക്കപ്പെട്ടിരിക്കുന്നു. അവിശ്വസ്തനായ കാര്യസ്ഥന്റെ ഉപമ ശ്രദ്ധിക്കു. (ലൂക്കോ 16/1-15), നല്ല ശമരിയാക്കാരന്റെ ഉപമ (10/25-37), ഭോഷനായ ധനികന്റെ ഉപമ (12/13-21), ധനികനായ അധികാരി (18/18-30), ധനവാനും ലാസറും (16/19-31), ധൂർത്തപുത്രന്റെ ഉപമ (15/11-32) തുടങ്ങിയവ ക്രൈസ്തവന്റെ ധനതത്വ ശാസ്ത്രം വിശദമാക്കുന്നവയാണ്. ആ സമ്പന്നനായ ഭരണാധികാരി തന്റെ സമ്പത്തിനെ കൈവിടാൻ തയ്യാറാകാത്തതിനാൽ യേശുവിനെ കൈവിടേണ്ടിവന്ന വിഷാദമുകമായ രംഗം എത്ര മിഴിവോടെയാണ് ലൂക്കോസ് അവതരിപ്പിച്ചിരിക്കുന്നതെന്നു നോക്കുക (18/18-30). ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക എത്ര ദുഷ്കരം! ധനമോഹി യൂദാസിനെപ്പോലെ യേശുവിനെപ്പോലും ഒറ്റിക്കൊടുക്കുവാൻ മടിക്കുകയില്ല (22/5). ഇന്ന് രാഷ്ട്രീയ രംഗത്തെ മൊത്തമായും മത രംഗത്തെ ഭാഗീകമായിട്ടെങ്കിലും ബാധിച്ചിരിക്കുന്ന രോഗാവസ്ഥക്ക് കാരണം പണക്കൊതിയും പണത്തിന്റെ ദുർവിനിയോഗവുമാണല്ലൊ.

സുവിശേഷത്തിൽ വിവരിച്ച സാമ്പത്തിക ശാസ്ത്രത്തിന്റെ പ്രായോഗികമായ അവതരണമാണ് അപ്പസ്തോല പ്രവർത്തനങ്ങളിൽ നാം കാണുന്നത്. യേശുവിന്റെ വീക്ഷണത്തിൽ സമ്പത്ത് തിന്മയല്ല. സമ്പത്ത് ദരിദ്രക്ക് പങ്കുവച്ചു കൊടുക്കാതിരുന്നതാണ് തിന്മ (മത്താ. 19/21; ലൂക്കോ. 12/33; 19/8; 16/19-31). സമ്പന്നനെ ദൈവം സൃഷ്ടിച്ചിരിക്കുന്നത് സൂക്ഷ്മതയോടെ സ്വത്ത് പരിപാലിക്കാനും ദരിദ്രനേ സഹായിക്കാനുമാണ്. അത് ദൈവസേവതന്നെയാണ് (മത്താ. 25/40). "സ്വീകരിക്കുന്നതിനെക്കാൾ കൊടുക്കുന്നതാണ് ശ്രേയസ്ക്കരം" (അപ്പ. 20/35). ആദിമസഭ സമ്പത്തുമുഴുവൻ പൊതുവായി പരിഗണിച്ചിരുന്നു (അപ്പ. 2/44. 4/34-37). എങ്കിലും സ്വകാര്യ സ്വത്ത് നിഷിദ്ധമായി പരിഗണിച്ചിരുന്നില്ല. അനനിയാസിന്റെയും സഫീറായുടെയും കഥ തെളിയിക്കുന്നത് അതാണ് (അപ്പ. 5/4). ക്രൈസ്തവ ജീവിതത്തിൽ ഭൗതിക വസ്തുക്കളുടെ കൈകാര്യം അത്ര പ്രാധാന്യമുള്ള വിഷയമല്ല എന്ന് ആരും തെറ്റിദ്ധരിക്കാതിരിക്കാൻ വേണ്ടിയാണ് അനനിയാസിന്റെയും സഫീറയുടെയും ഭീതിദവും നാടകീയവുമായ കഥ അവതരിപ്പിച്ചിരിക്കുന്നത്. തങ്ങൾക്ക് സ്വന്തമായുണ്ടായിരുന്ന പറമ്പുവിറ്റതോ അതിൽ ഒരംശം മാറ്റിവച്ചതോ അല്ല പ്രശ്നമായത്. അതു കൈകാര്യം ചെയ്ത വിധം ശരിയായില്ല. തികഞ്ഞ സത്യസന്ധത അവരിൽ നിന്നും പ്രതീക്ഷിക്കുന്നുണ്ട്. കളവുപറഞ്ഞ് സഭാതലവനായ പത്രോസിനേയും അതുവഴി സഭാസമൂഹത്തെ മുഴുവനും വഞ്ചിക്കുകയാണവർ ചെയ്തത്. മാത്രമല്ല അത് യേശുവിനെ തന്നെ വഞ്ചിച്ചതായി കണക്കാക്കപ്പെട്ടു. സുന്ദരമായ ഒരു ചിത്രം വരക്കുന്നതിനിടയിൽ തുകിപ്പോയ മഷിപോലെ സഭാസമൂഹത്തിൽ കളങ്കംചാർത്തുകയും പോറലേല്പിക്കുകയും ചെയ്യുന്ന ഈ അദ്ധ്യായം എഴുതിചേർക്കപ്പെട്ടില്ലായിരുന്നെങ്കിൽ എന്നു നാം ആശിച്ചുപോകുന്നു. എങ്കിലും ലൂക്കോസ് മനപൂർവ്വം ആ സംഭവം വിട്ടുകളയാൻ വിസമ്മതിക്കുന്നു. അവർക്കു ലഭിച്ച ശിക്ഷ കുറേ കടന്നുപോയില്ലേ എന്നും നമുക്ക് തോന്നാം. കാരണം തങ്ങളുടെ പാപത്തേപറ്റി മനസ്തപിക്കാനോ, മനസുതിരിയാനോ, പാപക്ഷമ പ്രാപിക്കാനോ അവർക്ക് അവസരം ലഭിക്കുന്നില്ല. എങ്ങനെയാണിത് നാം മനസ്സിലാക്കേണ്ടത്? ഒന്നിലധികം ഗുണപാഠങ്ങൾ പഠിപ്പിക്കാൻ ലൂക്കോസ് ആഗ്രഹിക്കുന്നു.

www.malankaralibrary.com

ഒന്നാമതായി നാം നമ്മുടെ സമ്പത്ത് എങ്ങനെ കൈകാര്യം ചെയ്യുന്നു എന്ന കാര്യം ദൈവസന്നിധിയിൽ നിസാരമായി കരുതപ്പെടുന്നില്ല. നാമോരോരുത്തരും നമ്മുടെ ധന സമ്പാദത്തിലും വിനിയോഗത്തിലും നമ്മേത്തന്നെ ന്യായീകരിക്കാനുള്ള ധാരാളം വാദ മുഖങ്ങൾ കണ്ടെത്താറുണ്ട്. എനിക്കുള്ളതെല്ലാം എന്റേതാണെന്നും അവകൊണ്ട് എനിക്കിഷ്ടമുള്ളതുപോലെ ചെയ്യാമെന്നുമാണ് അധികമാളുകളും ധരിച്ചുവച്ചിരിക്കുന്നത്. എന്നാൽ സമ്പത്തിന്റെ വിനിയോഗം ഒരു ജീവന്മരണ പ്രശ്നം തന്നെയാണെന്ന് ലൂക്കോസ് നമ്മേ ഓർപ്പിക്കുന്നു. സമ്പത്ത് നമ്മുടെ സുരക്ഷിതത്വത്തിന്റെ അടിസ്ഥാനമാകുമ്പോൾ അത് വളരെ എളുപ്പത്തിൽ ആത്മവഞ്ചനയിലേക്ക് നമ്മെ തള്ളിയിടാൻ ഇടയാകും. രണ്ടാമതായി ഈ സംഭവം നമ്മെ പഠിപ്പിക്കുന്നത്, ആദിമക്രൈസ്തവ സമൂഹം പരിശുദ്ധന്മാരുടെ മാത്രമായ ഒരു സമൂഹം ആയിരുന്നില്ല എന്നും, നമ്മെപ്പോലെ തന്നെ പച്ചയായ മനുഷ്യരായിരുന്നു അവരെന്നുമാണ്. നന്മയും തിന്മയും തമ്മിലുള്ള സംഘർഷം അന്നുമുണ്ടായിരുന്നു. വിശ്വസ്തതയും അവിശ്വസ്തതയും തമ്മിലുള്ള പോരാട്ടം ഇന്നെത്തെപ്പോലെ തന്നെ അന്നും ഉണ്ടായിരുന്നു. പാപികളും വിശുദ്ധരും തമ്മിൽ ഇടപെടേണ്ടതായ, ഇടയേണ്ടതായ സന്ദർങ്ങൾ അന്നുമുണ്ടായിരുന്നു. സഭാചരിത്രത്തിന്റെ എക്കാലത്തെയും സ്ഥിതി ഇതുതന്നെയായിരുന്നു. നല്ലവർക്ക് അവരുടെ നന്മകൂടുതൽ ശുദ്ധിചെയ്തെടുക്കാനും പാപികൾക്ക് അവരുടെ തിന്മയുടെ ഭയങ്കരത ബോദ്ധ്യപ്പെടാനും ഇത് സംഗതിയാക്കുന്നു.

മൂന്നാമതായി ഈ സംഭവത്തിലൂടെ നാം മനസിലാക്കുന്ന സംഗതി, നമ്മുടെ പരസ്പരമുള്ള പ്രവർത്തനങ്ങൾ സമൂഹത്തോടും ദൈവത്തോടു തന്നെയും ഉള്ള ഇടപാടുകളായി കരുതണം. ദൈവത്തെ ഒഴിച്ചുനിർത്തി യാതൊന്നും ചെയ്യാൻ സാദ്ധ്യമല്ല. നാം ചെയ്യുന്ന ഓരോപ്രവർത്തിയും ദൈവത്തെ നേരിട്ട് ബാധിക്കുന്നു. പത്രോസ് അനനിയാസിനോടു പറയുന്നത് ശ്രദ്ധിക്കുക "നീ മനുഷ്യനോടല്ല ദൈവത്തോടാണ് വ്യാജം പറഞ്ഞത്" (അപ്പ. 5/4). വിശ്വാസികളുടെ സമൂഹത്തോടുള്ള ബന്ധത്തിൽ കളങ്കം ചേർത്തപ്പോൾ ദൈവവുമായുള്ള അവന്റെ ബന്ധമാണ് ദുഷിപ്പിച്ചു കളഞ്ഞത്. സഭയിലെ ഓരോ അംഗത്തിനും പരിശുദ്ധാത്മാവു വഴിയുള്ള യേശുവിന്റെ സാന്നിദ്ധ്യത്തെ പറ്റിയുള്ള അവബോധം ഉണ്ടായിരുന്നു. ഈ സംഭവം അവരുടെ അനുഭവത്തെ ആഴപ്പെടുത്തുവാൻ സഹായിക്കുകയും ചെയ്തു. യേശുവിന്റെ ആത്മാവും സഭയുമായുള്ള ഈ താദാത്മ്യം എത്ര സമ്പൂർണ്ണമായിരുന്നു എന്നതിന്റെ തെളിവാണ് ഈശോ സാവുളിനോട് അരുളിചെയ്ത വാചകം: "നീ പീഢിപ്പിക്കുന്ന യേശുവാണ് ഞാൻ" (അപ്പ 9/5).

മേരിഗിരി,
12-4-98.

തയ്യാറാക്കിയത്:
ഫാദർ ഏബ്രഹാം കാടമല
ഫാദർ ഏബ്രഹാം നടുവിലേടം

**Happy Easter**

www.malankaralibrary.com

# അപ്പസ്തോല പ്രവർത്തനങ്ങൾ ഒരു പഠനം

## 'അത്ഭുതങ്ങളും രോഗശാന്തിയും യേശുവിൻ തിരുനാമത്തിൽ'

### അദ്ധ്യായം 3 : 1 - 4 : 37

**ബൈ**ബിൾ വായിക്കുന്ന ഏതൊരാളും അധികം വൈകാതെ കണ്ടുമുട്ടുന്ന പ്രധാനപ്പെട്ട ഒരു വിഷയമാണ് അത്ഭുതങ്ങളും അടയാളങ്ങളും രോഗശാന്തിയും. അസാധാരണമായ സംഭവങ്ങൾ എന്നു മാത്രം പറഞ്ഞാൽ പോരാ പ്രകൃതിനിയമങ്ങളുടെ അളവുകോലുകൊണ്ട് തിട്ടപ്പെടുത്താൻ പറ്റാത്തതും സാമാന്യ ബുദ്ധികൊണ്ട് വിശദീകരിക്കുവാൻ വയ്യാത്തതുമായ കാര്യങ്ങളെയാണ് സാധാരണമായി അത്ഭുതങ്ങൾ എന്ന് നാം വിളിക്കുന്നത്. ഈ പ്രപഞ്ചവും പ്രകൃതിയും ഒക്കെ വ്യക്തമായ ചില നിയമങ്ങളും ക്രമങ്ങളും പാലിച്ചുകൊണ്ടാണ് മുന്നോട്ട് പോകുന്നത്. പ്രപഞ്ചത്തിന് അതിന്റേതായ ഒരു താളവും ക്രമവും, ചിട്ടയും വരുതിയും ഉണ്ട്; ചില വ്യവസ്ഥകളും നിയമങ്ങളും തത്വങ്ങളുമുണ്ട്. അവ മനസ്സിലാക്കുന്നതിനെയാണ് ശാസ്ത്രം എന്നു നാം സാധാരണയായി പറയുന്നത്. പ്രകൃതിയിലും പ്രപഞ്ചത്തിലും അലിഞ്ഞു ചേർന്നിരിക്കുന്ന ഈ തത്വങ്ങളെ അറിയുന്നതിൽ എത്രയേറെ വിജയിക്കുന്നുവോ അത്രയേറെ പ്രകൃതിയുടെമേൽ മനുഷ്യന് അധീശത്വമുണ്ടാകുകയും പ്രകൃതി അവന് അധീനമാകുകയും ചെയ്യും. ഭൂമിയെ അടക്കി ഭരിക്കാനുള്ള അധികാരം മനുഷ്യന് നല്കപ്പെട്ടതായി വേദഗ്രന്ഥം നമ്മോട് പറയുന്നു. മനുഷ്യൻ പ്രപഞ്ചത്തിന്റെ ഭാഗമാണ്. പ്രപഞ്ചത്തിന്റെ നാഥൻ ദൈവമാണെന്നും സർവ്വചരാചരങ്ങളും ദൈവത്തിന്റെ കരവേലയാണെന്നും, ദൈവത്താൽ പരിപാലിക്കപ്പെടുകയും നയിക്കപ്പെടുകയും ചെയ്യുന്നു എന്നതും നാം സമ്മതിക്കേണ്ടിയിരിക്കുന്നു. നിയതവും നിശ്ചിതവുമായ ഒരു പ്രവർത്തന ശൈലി പ്രപഞ്ചത്തിനും പ്രകൃതിക്കുമുണ്ട്. ഈ ക്രമം ഇവയ്ക്ക് നല്കിയിരിക്കുന്ന ഒരു പ്രകൃതിനാഥൻ ഉണ്ടെന്ന് ഏറ്റുപറഞ്ഞുകൊണ്ടുവേണം ഈ വിചിന്തനം നാമാരംഭിക്കുവാൻ.

സാധാരണയായി പ്രകൃതിയും പ്രപഞ്ചവും നിശ്ചിതമായ ഒരു പ്രവർത്തന ശൈലി നിലനിർത്തുന്നതായി നമ്മുടെ നിരീക്ഷണങ്ങളും പരീക്ഷണങ്ങളും തെളിയിക്കുന്നു. പ്രകൃതി എന്നു പറഞ്ഞാൽത്തന്നെ വ്യതിചലിക്കാത്ത പ്രവർത്തന ശൈലി എന്നൊരർത്ഥമുണ്ടല്ലോ. ഈ സുനിശ്ചിത പ്രവർത്തനശൈലിയെ അപഗ്രഥിച്ച് പഠിക്കുകയാണ് ശാസ്ത്രം ചെയ്യുന്നത്. സ്ഥിരമായ ഒരു രീതി ഉള്ളതുകൊണ്ട് തന്നെയാണ് ശാസ്ത്രീയതത്വങ്ങൾ രൂപപ്പെടുത്തുവാൻ നമുക്ക് സാധിക്കുന്നത്.

www.malankaralibrary.com

എപ്പോഴും മാറിമറിഞ്ഞുകൊണ്ടിരിക്കുന്നതിനെ അവ്യവസ്ഥിതി എന്നാണ് നാം വിളിക്കുക. അവിടെ ശാസ്ത്രം രൂപപ്പെടുത്തുവാൻ സാദ്ധ്യമല്ല. വസ്തുക്കൾ പ്രവർത്തിക്കുന്നത് **എങ്ങനെയാണ്** (How?); ഓരോ പ്രതിഭാസവും എങ്ങനെയാണ് സംഭവിക്കുക എന്നു പഠിക്കുന്നതാണ് ശാസ്ത്രം.

## അത്ഭുതങ്ങൾ എന്നാൽ എന്താണ്?

പ്രകൃതിനിയമങ്ങളെ മറികടന്നു വരുന്നതും ശാസ്ത്രത്തിന്റെ മുഴക്കോലുകൊണ്ട് അളന്നു തിട്ടപ്പെടുത്താനും അപഗ്രഥിക്കാനും കഴിയാത്തതുമായ കാര്യങ്ങളും ചിലപ്പോൾ നമുക്കനുഭവവേദ്യമാകുന്നു. ഇവയെ **അത്ഭുതങ്ങൾ** എന്നു നാം വിളിക്കുന്നു. ഒന്നോർത്താൽ പ്രകൃതിയുടെ ഏറ്റം സാധാരണമായ പ്രവർത്തനങ്ങൾ പോലും അത്ഭുതാവഹമല്ലേ? പ്രകൃതി മുഴുവൻ ഇതിന്റെ ഉദാഹരണങ്ങൾ തന്നെയാണ്. പ്രത്യേകിച്ചൊരുദാഹരണം പ്രസക്തമല്ല. ഒരു പുല്ക്കൊടിയുടെ വളർച്ചപോലും നമ്മിൽ വിസ്മയം ജനിപ്പിക്കാൻ പോന്നതല്ലേ? മനുഷ്യൻ തന്നെ ഒരു ഫാക്ടറിയല്ലേ? അവന്റെ നാഡീവ്യൂഹത്തിന്റെയും മസ്തിഷ്കത്തിന്റെയും രക്തചംക്രമണത്തിന്റെയും പചനപ്രക്രിയയുടെയുമെല്ലാം പ്രവർത്തനം എത്ര അത്ഭുതാവഹം! ഇങ്ങനെ സർവ്വസാധാരണമെന്നു കരുതി നാം തള്ളിക്കളയുന്ന കാര്യങ്ങൾ പോലും അത്ഭുതവും വിസ്മയവും ജനിപ്പിക്കുമെങ്കിൽ, അസാധാരണങ്ങളും പ്രപഞ്ചതത്വത്തിനതീതവും ശാസ്ത്രദൃഷ്ടിക്ക് അഗോചരവുമായ സംഭവങ്ങൾ എത്ര അധികം അത്ഭുതകരമല്ല! സംഭവിക്കുന്നത്, ഇപ്രകാരം സംഭവിച്ചത് **എന്തുകൊണ്ട്** (WHY?) എന്നു വിശദീകരിക്കുകയാണ് മതങ്ങളും വേദഗ്രന്ഥങ്ങളും; വിശേഷിച്ച് വിശുദ്ധ ബൈബിൾ. അത്ഭുതങ്ങൾ **എങ്ങനെ** സംഭവിക്കുന്നു എന്നത് ശാസ്ത്രജ്ഞന്മാരുടെ ഗവേഷണപഠനങ്ങൾക്ക് വിടാം. അവ **എന്തുകൊണ്ട്** അങ്ങനെ സംഭവിച്ചു എന്ന ചോദ്യത്തിനാണ് ഈ പഠനക്കുറിപ്പിൽ ഊന്നൽ നല്കുവാൻ ശ്രമിക്കുന്നത്.

ബഹുദേവാരാധനയിൽ വിശ്വസിക്കുന്ന യവന – ഹൈന്ദവ – സുമേരിയൻ മത പ്രകാരം പ്രകൃതിശക്തികളുടെ പ്രവർത്തനം ഓരോ ദേവന്മാരിൽ നിക്ഷിപ്തമാണെന്ന് കരുതിയിരുന്നു. അങ്ങനെ ഇന്ദ്രനും വരുണനും യമനും ഒക്കെ പ്രകൃതിയെ നിയന്ത്രിക്കുന്ന ദേവന്മാരാണ്. പ്രകൃതിയിലെ അസാധാരണമായ പ്രതിഭാസങ്ങൾ ദേവപ്രീതിയോ ദൈവകോപമോ ആയി വ്യാഖ്യാനിച്ചിരുന്നു. ദേവപ്രീതിക്കുവേണ്ടി പ്രവർത്തിക്കുവാനും ദൈവകോപം ഒഴിവാക്കുവാനും ജനങ്ങൾ ശ്രദ്ധിച്ചിരുന്നു; അതിനുവേണ്ടി ശ്രദ്ധിക്കണമെന്ന് മതങ്ങൾ നിഷ്കർഷിച്ചിരുന്നു.

ഏകദൈവത്തിൽ വിശ്വസിക്കുന്ന ഇസ്രായേല്യരുടെ കാഴ്ചപ്പാടിൽ പ്രകൃതിയെ നിയന്ത്രിക്കുന്നതും പ്രപഞ്ചത്തെ ഭരിക്കുന്നതും സ്രഷ്ടാവും നിയന്താവും, നിയമവും നിയാമകനും ആയ ഏക ദൈവമാണ്. പൊതുവേ പറഞ്ഞാൽ പ്രകൃതിയും അതിന്റെ പ്രവർത്തനങ്ങളും സൃഷ്ടിയുടെ മകുടമായ മനുഷ്യന് പ്രയോജനപ്രദമായി ഭവിക്കുന്നു. അവ യാദൃശ്ചികമായി അപ്രകാരം സംഭവിക്കുന്നതല്ല പിന്നെയോ ഇവയ്ക്കെല്ലാം പിന്നിൽ നിശ്ശബ്ദനും അദൃശ്യനുമായി നിന്നുകൊണ്ട് പ്രവർത്തിക്കുന്ന, മനുഷ്യനിൽ താല്പര്യമുള്ള, അവന്റെ ഗുണകാംക്ഷിയായ, ദൈവത്തിന്റെ കൃപാകടാക്ഷം കൊണ്ടാണ്. അതിനെയാണ് കർത്താവിന്റെ കരുതൽ അഥവാ ദൈവപരിപാലന (Providence of God) എന്നു വിളിക്കുന്നത്.

www.malankaralibrary.com

### അത്ഭുതങ്ങളും അടയാളങ്ങളും

അത്ഭുതങ്ങൾ എല്ലാം തന്നെ അടയാളങ്ങളുമാണ്; ദൈവസാന്നിദ്ധ്യത്തിന്റെ അടയാളങ്ങൾ; ദൈവം കൂടെ ഉണ്ട് എന്നതിന്റെ അടയാളങ്ങൾ; ദൈവത്തിന് നമ്മെക്കുറിച്ചുള്ള കരുതലിന്റെ അടയാളങ്ങൾ; ഭാവിയിൽ സംഭവിക്കുന്നതിനെ ചൂണ്ടിക്കാണിക്കുന്ന അടയാളങ്ങൾ. പഴയ നിയമത്തിൽ നിന്നുള്ള ചില ഉദാഹരണങ്ങൾ നോക്കുക:

ഗിദയോന്റെ ആട്ടിൻരോമം കൊണ്ടുള്ള വസ്ത്രം (ന്യായാ. 6/37-30)

ആഹാസിന്റെ സൂര്യഘടികാരത്തിൽ നിഴൽ പത്ത് ചുവട് പിമ്പോട്ടു മാറി. (ഏശാ: 38/3-9)

ചക്രവാളത്തിൽ മഴവില്ല് വിരിഞ്ഞു (ഉല്പ: 9/13).

ഈജിപ്തിലെ പത്ത് ബാധകൾ (പുറ. 7/14-11/10).

എന്നാൽ സൃഷ്ടികർമ്മത്തോളം അത്ഭുതകരമായി മറ്റൊന്നും തന്നെ പഴയനിയമ വിവരണങ്ങളിൽ കാണുന്നില്ല. അനന്തവിശാലമായ പ്രപഞ്ചത്തെ ആകമാനമെടുത്താലും, അതിന്റെ ഏതെങ്കിലുമൊരു കണികയെ പ്രത്യേകം പഠനവിഷയമാക്കിയാലും നമ്മെ അത്ഭുതപരതന്ത്രരാക്കാനുള്ള വഴി കണ്ടെത്തുക തന്നെ ചെയ്യും. എന്നാൽ ബൈബിൾ ഏറ്റവും അതിശയകരമായി കാണുന്നത് പ്രകൃതിയെയും മനുഷ്യനെയും നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന ദൈവത്തിന്റെ അപാരമായ **കരുതലും സ്നേഹവുമാണ്**. അതിനെ ഇങ്ങനെയാണ് ഭക്തകവി വർണ്ണിക്കുന്നത്:

"എന്തതിശയമെ ദൈവത്തിൻ സ്നേഹം
എത്ര മനോഹരമേ
അതു ചിന്തയിലടങ്ങാ സിന്ധുസമാനമായ്
സന്തതം കാണുന്നു ഞാൻ."

ദൈവം മനുഷ്യചരിത്രത്തിലും വ്യക്തിജീവിതത്തിലും ഇടപെടുന്നു എന്നതിന്റെ പ്രകടമായ തെളിവും അടയാളവുമാണ് അത്ഭുതപ്രവൃത്തികൾ ഓരോന്നും. സൃഷ്ടിയിൽ നിറഞ്ഞു നില്ക്കുന്ന അത്ഭുതങ്ങളെ നമുക്ക് കാണുവാൻ കഴിയുന്നതുപോലെ തന്നെ ഓരോ അത്ഭുതങ്ങളിലും ഓരോ പുതിയ സൃഷ്ടിയാണ് സംഭവിക്കുന്നത് (ഏശാ. 65/17-18 പുതിയ ആകാശവും പുതിയ ഭൂമിയും; വെളിപാട് 21/1).

ഏതൊരു സംഭവത്തിനും പിന്നിൽ അനേക ഘടകങ്ങൾ അഥവാ കാരണങ്ങൾ കണ്ടെത്തുവാൻ കഴിഞ്ഞേക്കാം. എന്നാൽ ഇവയെയെല്ലാം ഏകോപിപ്പിക്കുകയും പ്രയോജകീഭവിപ്പിക്കുകയും ചെയ്യുന്ന ആദികാരണനെ, ആൽഫയും ഒമേഗയുമായ – ഒന്നാമനും ഒടുവിലത്തവനും – ആദിയും അന്തവും ആയവനെ (വെളി. 22/13) കണ്ടെത്തുവാനുള്ള ഉൾക്കാഴ്ചയാണാവശ്യം. ആ കാഴ്ചപ്പാട് അഥവാ ദർശനമാണ് വിശുദ്ധ ഗ്രന്ഥം നമുക്ക് നൽകുന്നത്. ചെങ്കടലിനെ ഭേദിച്ച് ഇസ്രായേൽ ജനത അക്കരെയെത്തിയ സംഭവം തന്നെ എടുക്കുക. അതിൽ അസാധാരണമായി ഒന്നും ഇല്ലെന്നും, അതൊരു വേലിയിറക്കത്തിന്റെ സന്ദർഭമായിരുന്നു എന്നും, അതിൽ അത്ഭുതമെന്ന് പറയാൻ ഒന്നുമില്ലെന്നും വിശദീകരിക്കുവാൻ സാധിക്കും.

www.malankaralibrary.com

എന്നാൽ ആ സർവ്വസാധാരണമായ പ്രപഞ്ചപ്രതിഭാസത്തിൽ ഒരു അത്ഭുതം ദർശിക്കാമല്ലോ. രക്ഷപെടാൻ ഇസ്രയേലിന് അനുകൂലമായി മാറിയ അതേ പ്രതിഭാസം തന്നെ, ഈജിപ്തുകാർക്ക് പ്രതികുലമായി മാറുകയും അവരുടെ കൂട്ടമരണത്തിൽ കലാശിക്കുകയും ചെയ്തല്ലോ. കുറഞ്ഞപക്ഷം രക്ഷപെട്ടവർക്കെങ്കിലും അത് വെറും യാദൃശ്ചികമെന്ന് പറഞ്ഞ് തള്ളിക്കളയാൻ പറ്റുമോ? ഉണങ്ങിയ നിലത്തു കുടെ നടന്നു എന്ന വിവരണമൊക്കെ അതിഭാവുകത്വമെന്ന് കരുതിയാലും, അവർ ചെങ്കടൽ നീന്തിക്കടക്കുകയായിരുന്നു എന്നു വന്നാൽതന്നെയും **അവർ രക്ഷപെട്ടല്ലോ.** അതാണ് പ്രധാനം. ഈ രക്ഷയാകട്ടെ ആർക്കെങ്കിലും ജന്മനാ അവകാശപ്പെട്ടതോ തീറെഴുതി കിട്ടിയിരിക്കുന്നതോ 'ഉറപ്പുള്ള സ്ഥിര നിക്ഷേപമോ' അല്ല. അത് അനുനിമിഷം ദൈവദാനം തന്നെയാണ്. യാതൊരു ഇൻഷ്വറൻസ് കമ്പനിയും നമ്മുടെ **'സുരക്ഷയ്ക്ക് ഉറപ്പു'** തരുന്നില്ല. മനുഷ്യന്റെ ഗാരന്റികൾ എല്ലാം പൊള്ളയാണെന്നു ആർക്കാണറിയാത്തത്. ദൈവ കരങ്ങളിലല്ലാതെ മറ്റൊരിടത്തും അത് ഭദ്രവുമല്ല. അതുകൊണ്ട് നാം ഇപ്രകാരം ആത്മഗീതി ഉണർത്തും:

"ദൈവകൃപയിൽ ഞാനാശ്രയിച്ച്
അവൻ വഴികളെ ഞാനറിഞ്ഞ്
അനുഗമിച്ചീടുമവനുടെ ചുവടുകളെ"........ (2)

താൻ ലോകത്തിന്റെ പ്രകാശമാകുന്നു എന്നും, വഴിയും സത്യവും ജീവനും (യോഹ. 14/6) ആകുന്നു എന്നും യേശു അവകാശപ്പെട്ടു. അവകാശപ്പെടുക മാത്രമല്ല പ്രവൃത്തിയിലൂടെ അത് സമർത്ഥിക്കുക കുടി ചെയ്തു. പിറവിക്കുരുടന് കാഴ്ച കൊടുത്തുകൊണ്ട് താൻ **പ്രകാശ**മാകുന്നു എന്ന് വ്യക്തമാക്കി. മുടന്തനെ നടക്കുമാറാക്കി താൻ **വഴി**യാണെന്ന് സ്ഥാപിക്കുന്നു. പ്രവചനങ്ങൾ നിവർത്തിച്ചുകൊണ്ട് താൻ **സത്യ**മാണെന്ന് തെളിയിക്കുന്നു. അപ്പവും വീഞ്ഞും സമൃദ്ധിയായി നൽകിക്കൊണ്ട് താൻ **ജീവനാ**കുന്നു എന്ന് സമർത്ഥിക്കുന്നു. അന്ധൻ കാണുമ്പോഴും മുടന്തൻ നടക്കുമ്പോഴും വിശക്കുന്നവൻ ഭക്ഷിച്ച് തൃപ്തനാകുമ്പോഴും മാത്രമേ നാം മേൽപ്പറഞ്ഞ സത്യങ്ങൾ ഓർക്കാറുള്ളു. **എന്നാൽ ജന്മനാ കാണാനും കേൾക്കാനും നടക്കാനും കഴിവുള്ളവരായിരിക്കുമ്പോഴാണ് ഈ സത്യം അതിന്റെ പൂർണ്ണതയിൽ ദൈവം പ്രവർത്തിച്ചു കാണിക്കുന്നതെന്ന് നാം ഓർക്കാറേ ഇല്ല എന്നതാണ് സത്യം.** മുടന്തനെ നടക്കുവാനും തുള്ളിച്ചാടുവാനും കഴിവുറ്റവനാക്കിയ ദൈവം, മുടന്തില്ലാത്തവർ നൃത്തം ചെയ്തു തന്നെ സ്തുതിക്കണമെന്ന് ആഗ്രഹിക്കുന്നു.

'അന്ധനു കാഴ്ച നല്കിയ വചനമേ
സന്തതമരുളുക ഒരു വചനം
മാരകമാമെന്നാത്മാവിനന്ധത
ആകെ അകറ്റി നീ സുഖമേകൂ.'

ഇതായിരിക്കണം ഏതൊരു ഭക്തന്റെയും അനുനിമിഷ പ്രാർത്ഥന.

**അത്ഭുതങ്ങൾ – രക്ഷാകരപ്രവർത്തനങ്ങൾ:**

ബൈബിളിലെ അത്ഭുത പ്രവർത്തനങ്ങൾ ഒട്ടാകെ പരിശോധിച്ചാൽ, അനനി

www.malankaralibrary.com

യാസ് – സഫീറാ സംഭവം പോലെ (അപ്പ. 5/1-11) കഠിനമായ ശിക്ഷാവിധിയുടെ സംഭവങ്ങൾ അംഗുലീപരിമിതമാണ്. ഭൂരിഭാഗവും രക്ഷാകര പ്രവർത്തനങ്ങൾ തന്നെയാണ്. "തന്റെ പുത്രനെ ദൈവം ലോകത്തിലേയ്ക്കയച്ചത് അതിനെ ശിക്ഷയ്ക്കു വിധിക്കാൻ വേണ്ടിയല്ല, പിന്നെയോ ലോകം അവൻ മൂലം രക്ഷ പ്രാപിക്കുവാൻ വേണ്ടിയത്രെ" (യോഹ. 3/17). ``ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്" (യോഹ. 10/10). ഇങ്ങനെയാണ് സുവിശേഷകൻ വിളംബരം ചെയ്യുന്നത്. ഇങ്ങനെയാണ് യേശു ഉൽഘോഷിക്കുന്നത്. നസറായനായ യേശു നന്മ പ്രവർത്തിച്ചുകൊണ്ട് ചുറ്റി സഞ്ചരിച്ചവനാണ് (അപ്പ. 10/38). അത്ഭുതങ്ങളെല്ലാം അപരനെ ലക്ഷ്യം വെച്ചുള്ളതാണ്. ഒരു കാര്യം ശ്രദ്ധേയമാണ്. ഒരിക്കൽ പോലും സ്വന്ത നന്മയെക്കരുതി യേശു ഒരത്ഭുതംപോലും പ്രവർത്തിച്ചില്ല. അവ എല്ലാം പരോന്മുഖമായിരുന്നു; പരോപകാരപ്രദമായിരുന്നു; രക്ഷാകരമായിരുന്നു.

## മുടന്തനു സൗഖ്യം – അപ്പസ്തോല പ്രവർത്തനങ്ങളിലെ ആദ്യത്തെ അത്ഭുതം (അപ്പ. 3/1-10)

**(1) അത്ഭുതം നടന്ന സ്ഥലം:**

ജറുസലെം ദൈവാലയത്തിന്റെ സുന്ദരകവാടം എന്ന് വിളിക്കപ്പെട്ടിരുന്ന ഭാഗം. ബി.സി. 950-നടുത്ത് ശലോമോൻ പണിതീർത്ത ദേവാലയം 587- ൽ ബാബിലോണിയൻ സൈന്യം നശിപ്പിച്ചു. B.C. 520-നും 515-നും ഇടയ്ക്ക് സൊറുബാബേൽ ലളിതമായ ഒരു ദേവാലയം തൽസ്ഥാനത്ത് പുനരുദ്ധരിച്ചു. ബി.സി. 37-നും എ.ഡി. 4-നും ഇടയ്ക്ക് അപാരം എന്നുതന്നെ വിശേഷിപ്പിക്കാവുന്ന ഒരു ചുറ്റുമതിൽ തീർത്തു. അതിനുള്ളിൽ മനുഷ്യമനസ്സുകളെ മഥിക്കുവാൻ പര്യാപ്തമായ വിധം കമനീയമായി ദേവാലയം പുതുക്കിപ്പണിതു. ധാരാളം സ്വർണ്ണവും രത്നങ്ങളും കൊണ്ടലങ്കരിച്ചു. ദേവാലയ ചുറ്റുമതിലിന് 4 ഭാഗത്തുനിന്നും പ്രവേശന കവാടങ്ങളുണ്ടായിരുന്നു. പടിഞ്ഞാറ് ഭാഗത്ത് 4 കവാടങ്ങളും തെക്കുഭാഗത്ത് രണ്ടും കിഴക്കും വടക്കും ഓരോന്നുമായി ആകെ 8 കവാടങ്ങൾ ആണ് ഉണ്ടായിരുന്നത്. എല്ലാം മനോഹരം തന്നെ എന്നു പറയാമെങ്കിലും ഉദയസൂര്യന്റെ പ്രഭതട്ടി ജ്വലിച്ചുനില്ക്കുന്ന കിഴക്കുഭാഗത്തെ കവാടത്തിന് 'സുന്ദരകവാടം' എന്നുതന്നെ പേർ വിളിക്കപ്പെട്ടു. ഈ സുവർണ്ണ കവാടത്തിലൂടെയാണ് ഓശാനയുടെ മഹത്വപൂർണ്ണമായ ജറുസലെം പ്രവേശനദിവസം യേശു തന്റെ രാജകീയ പട്ടണപ്രവേശനം നടത്തിയത്. ഈ സ്ഥലത്ത് തന്നെയാണ് ക്രൈസ്തവസഭയിലെ ആദ്യത്തെ അത്ഭുത പ്രവൃത്തി നടക്കുന്നതും എന്നത് ശ്രദ്ധേയമാണ്.

**(2) അത്ഭുതം നടന്ന സമയവും സാഹചര്യവും:–**

പെന്തിക്കോസ്തിയെ തുടർന്നുള്ള ഒരു ദിവസമായിരുന്നു അത് എന്നനുമാനിക്കാം. പാരമ്പര്യമായി അത് പെന്തിക്കോസ്തി കഴിഞ്ഞു വരുന്ന വെള്ളിയാഴ്ചയായി സഭയുടെ ആരാധനാ കലണ്ടറിൽ രേഖപ്പെടുത്തുന്നു. "സ്വർണ്ണ വെള്ളിയാഴ്ച" എന്ന് അത് അറിയപ്പെടുന്നു. സ്വർണ്ണമോ വെള്ളിയോ നല്കിയ ദിവസമെന്നല്ല, അപ്പസ്തോല പ്രവർത്തികൾ 3/6-ൽ വായിക്കുന്ന ശിഷ്യപ്രമുഖൻ പത്രോ

www.malankaralibrary.com

സിന്റെ വചനങ്ങളാണ് ആ പേരിനാധാരം. പത്രോസ് മുടന്തനോട് പറയുന്നു: "സ്വർണ്ണമോ വെള്ളിയോ എന്റെ കയ്യിലില്ല." ഉച്ചകഴിഞ്ഞ് മൂന്നുമണി എന്ന് സമയം രേഖപ്പെടുത്തിയിട്ടുണ്ട്. ഒൻപതാം മണിക്കൂറിലെ പ്രാർത്ഥനയ്ക്ക് പോകുന്ന സമയമായിരുന്നു അത്. സൂര്യോദയം (പ്രഭാതത്തിൽ 6 മണി) ഒന്നാം മണി എന്നു ഗണിക്കുന്നതാണ് യഹൂദപാരമ്പര്യം. ഒൻപതാംമണി എന്നാൽ നമ്മുടെ രീതിയനുസരിച്ച് ഉച്ചകഴിഞ്ഞ് മൂന്നുമണിയാണ്. അത് സായാഹ്നബലിയുടെ സമയമാണ്. പകലത്തെ ജോലി കഴിഞ്ഞ് അത്താഴം കഴിക്കുന്നതിന് മുമ്പ് സന്ധ്യാസമയത്ത് ദേവാലയത്തിൽ പോയി പ്രാർത്ഥിക്കുന്ന പതിവ് ധാരാളം പേർക്കുണ്ടായിരുന്നു. അതിനാൽ ഈ അത്ഭുതം നടക്കുന്ന സമയം ഒട്ടനവധി ആളുകൾ അവിടെ ഉണ്ടായിരുന്നിരിക്കണം. ആളുകൂടുന്ന ഇടങ്ങളിൽ ആലംബഹീനർ ആശ്രയംതേടി ഭിക്ഷ യാചിക്കാനെത്തുക എക്കാലത്തും ഏതു ദിക്കിലുമുള്ള പതിവാണല്ലോ. മതവും ധർമ്മവും പരസ്പര ബന്ധമുള്ള പര്യായപദങ്ങൾ ആണല്ലോ. തീർത്ഥാടന കേന്ദ്രങ്ങളിൽ ഭിക്ഷ യാചിക്കാനായി ആളുകൾ എത്തുക സ്വാഭാവികമാണ്. തീർത്ഥാടന കേന്ദ്രങ്ങളിൽ ഭിക്ഷാടനം ഒരു വ്യവസായം പോലെ ഇക്കാലത്തും സർവ്വസാധാരണമാണ്.

അപ്പസ്തോലന്മാർക്കും ക്രൈസ്തവ സമൂഹത്തിനും യൂദമതത്തോടുള്ള പൊക്കിൾകൊടി ബന്ധം വിടർത്തിയിരുന്നില്ല എന്നതിന്റെ തെളിവാണല്ലോ യഹൂദാചാരമനുസരിച്ച് ഒമ്പതാംമണി പ്രാർത്ഥനയ്ക്ക് പത്രോസും യോഹന്നാനും ദേവാലയത്തിൽ പോകുന്നത്. നിറഞ്ഞ പ്രാർത്ഥനയുടെ അവസരത്തിലാണ് പെന്തക്കുസ്താദിവസം സഭ ഉൽഘാടനം ചെയ്യപ്പെടുന്നത്. തുടർന്നും **പ്രാർത്ഥനയിലാണ് സഭ വളർന്നു വന്നത്** എന്ന് ഈ ഭാഗം സാക്ഷ്യപ്പെടുത്തുന്നു. തിരക്കേറിയ ഇന്നത്തെ ലോകത്തിൽ, ദിവസത്തിൽ ഒരിക്കലെങ്കിലും വീട്ടിൽ നിന്ന് ഒരാളെങ്കിലും ദേവാലയത്തിൽ പോയി അല്പസമയം പ്രാർത്ഥിക്കാൻ സമയം കണ്ടെത്തിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു. നാം എത്രയധികം ശാന്തിയും സ്വസ്തതയും കണ്ടെത്തുമായിരുന്നു. 'അങ്ങാടിയിൽ കൊടുക്കേണ്ടത് വൈദ്യന് കൊടുക്കേണ്ടി വരും' എന്ന ചൊല്ല് എത്ര ശരിയെന്ന് തോന്നിപ്പോകുന്നു. ദേവാലയത്തിൽ പത്ത് മിനിട്ട് കാത്തിരിക്കുന്നത് ഒരു മുഷിപ്പായും ബോറായും കരുതുന്നവർ ഡോക്ടറെ കാണാൻ മണിക്കൂറുകൾ കാത്തിരുന്ന് മുഷിയുന്നു! എങ്കിലും ക്ഷമയോടെ കാത്തിരിക്കുന്നുണ്ട്. സിനിമടിക്കറ്റിനും മത്സരടിക്കറ്റിനും മണിക്കൂറുകൾ ക്യൂവിൽ നില്ക്കാൻ തയ്യാറാണ്. നമ്മുടെ ദേവാലയങ്ങളുടെ സമീപത്ത് വസിക്കുന്നവർ ദിവസവും അല്പസമയം പള്ളിയിൽ വന്ന് പ്രാർത്ഥിക്കാൻ ഉത്സാഹിക്കുന്നത് അനുഗ്രഹപ്രദമായിരിക്കും.

### (3) സൗഖ്യം പ്രാപിക്കുന്നതിന് മുമ്പുള്ള അവസ്ഥ:

സ്വയം ചലിക്കുവാൻ കഴിയാത്ത വിധം രണ്ടുകാലും തളർന്നവൻ (മുടന്തുള്ളവൻ) ആയിരുന്നു അവൻ. പരസഹായം അവനാവശ്യമായിരുന്നു. അംഗവൈകല്യത്തോട് ദാരിദ്ര ദുഃഖവും ഒത്തുചേർന്നപ്പോൾ അയാളുടെ സ്ഥിതി കഷ്ടാൽ കഷ്ടതരമായിരുന്നു. ബലഹീനതകളും രോഗങ്ങളും വന്നാൽ ഒന്ന് മറ്റൊന്നിനെക്കാൾ മെച്ചമാണെന്ന് പറക വച്ച. തലവേദനയായാലും പല്ലുവേദനയായാലും

www.malankaralibrary.com

ഒരുപോലെ അസഹനീയമാണെന്ന് ആർക്കാണറിയാത്തത്. ബലഹീനതയോ രോഗമോ അംഗവൈകല്യമോ ദാരിദ്രദുഃഖമോ അനുഭവിക്കുന്നവരോട് സഹതപിക്കുവാൻ നമുക്ക് ക്രിസ്തീയമായ ഒരു ശ്രദ്ധ ഉണ്ടായിരിക്കണം.

"അവശന്മാരാർത്തന്മാരാലംബഹീനന്മാർ

അവരുടെ സങ്കടമാരറിവൂ?"– കവി ചോദിക്കുന്നു.

സ്വന്തം കാലിൽ നില്ക്കാൻ സാധിക്കുന്നത് എത്രവലിയ കാര്യമാണ്. പക്ഷേ ഈ മനുഷ്യന് അതൊരു സ്വപ്നം മാത്രമായിരുന്നു. നില്ക്കുവാനും നടക്കുവാനും തുള്ളിച്ചാടുവാനും എല്ലാ കാര്യങ്ങളിലും 'സ്വന്തം കാലിൽ നില്ക്കാനും' സാധിക്കുന്നവർ അതിന്റെ മഹത്വം മനസ്സിലാക്കട്ടെ. ആ മഹത്വം എത്രയധികം ഉൾക്കൊള്ളാനാകുന്നുവോ അത്രയധികം ദൈവസ്നേഹവും പരസ്നേഹവുമുള്ളവരായി മാറും. വിശുദ്ധാത്മാക്കൾക്ക് അതിനുള്ള പാടവമുണ്ടായിരുന്നു. ആ തിരിച്ചറിവിലേക്ക് നാമും കടന്നു വരണം. അത് ക്രിസ്തീയ ശൈലിയായി വളർന്നു വരണം. അവന്റെ യാചന കേൾക്കുവാൻ പത്രോസിനു സാധിച്ചു. ദരിദ്രന്റെ യാചന കേൾക്കാൻ എത്രയേറെ നമുക്കാകുന്നുവോ അത്രയേറെ മാനവീകതയും ദൈവീകതയും ഉള്ളവരാകും നാം.

"ആർത്തസ്വരം കേട്ടൊരു കാത് കാത്;<br>
കാരുണ്യമാർന്നീടിന ദൃഷ്ടി ദൃഷ്ടി;<br>
സാന്ത്വോക്തിയോതീടിന ജിഹ്വ: ജിഹ്വ;<br>
സാധുക്കളെത്താങ്ങിന ബാഹു ബാഹു."

(ഉള്ളൂർ)

"ദാരിദ്രദുഃഖമറിഞ്ഞവക്കേ<br>
പാരിൽ പരക്ലേശവിവേകമുള്ളു" (ആശാൻ)

കവികൾ സത്യത്തിന്റെ കാഹളം മുഴക്കുന്നവരാണ്. വേദവാക്യത്തിലും കവിവാക്യത്തിലുമടങ്ങിയിരിക്കുന്ന സത്യങ്ങളെ നാം ഉൾക്കൊള്ളണം.

പത്രോസ് കൈ നീട്ടി അവനെ പിടിച്ചുയർത്തി. ബലഹീനരിലേക്ക് ആർദ്രമായ് നോക്കുവാനും അവരുടെ നേരെ കൈ നീട്ടുവാനും അവരെ പിടിച്ചുയർത്തുവാനും താങ്ങി നടത്തുവാനും വേണ്ടത് കരുണാദ്രമായ ഒരു ഹൃദയമാണ്. സ്വർണ്ണവും വെള്ളിയും ഇല്ലായിരിക്കാം. പക്ഷേ സ്നേഹവും സഹാനുഭൂതിയും, കയ്യും മെയ്യും മറന്ന് സഹായിക്കാനുള്ള സന്മനസ്സും സന്നദ്ധതയുമുണ്ടെങ്കിൽ ധാരാളം നന്മകൾ ചെയ്യാൻ നമുക്ക് ഓരോരുത്തർക്കും കഴിയും. അങ്ങനെയാണ് ക്രിസ്തുവിന്റെ കരങ്ങളും കണ്ണുകളും കാതുകളുമാകാൻ കഴിയുന്നത്. 'നിങ്ങൾ അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പീൻ' എന്നാണ് വിശന്നു വലഞ്ഞവരെ കണ്ടപ്പോൾ യേശു തന്റെ അനുയായികളെ ഉപദേശിച്ചത്. അവൻ ഇന്നു നമ്മോടും അതുതന്നെ കല്പിക്കുന്നു. ക്രൈസ്തവസഭയുടെ പ്രവർത്തനശൈലി എപ്രകാരമായിരിക്കണമെന്നുള്ളതിന്റെ പ്രതീകാത്മകമായ ഒരാവിഷ്കാരം കൂടിയാണ് സഭയിലെ ആദ്യത്തെ ഈ അത്ഭുതം.

www.malankaralibrary.com

### (4) അത്ഭുതം സംഭവിച്ചു എന്നതിന്റെ തെളിവുകൾ:-

എടുത്തുകൊണ്ടുവരപ്പെട്ടവൻ ചാടി എഴുന്നേറ്റു; കുതിച്ചു ചാടി; ദേവാലയത്തിൽ പ്രവേശിച്ച് ദൈവത്തെ സ്തുതിച്ചു (3/8). ഇക്കാലമത്രയും അവൻ ദേവാലയ കവാടത്തിലിരിക്കയായിരുന്നു; തീർത്ഥാടകരോട് ഭിക്ഷ യാചിക്കുകയായിരുന്നു. ഇപ്പോൾ അയാൾ ശാരീരികമായും മാനസ്സികമായും സൗഖ്യം പ്രാപിച്ചു. അപ്പോൾ ദേവാലയത്തിൽ കയറി ദൈവത്തെ സ്തുതിക്കുന്നു. ശാരീരികമായി അസ്വസ്തതകൾ ഉള്ള പലർക്കും ദൈവാലയത്തിൽ വരാൻ കഴിവില്ല; പക്ഷേ വരാൻ ആർത്തിയോടെ കാത്തിരിക്കുന്നു. ശാരീരികമായി സൗഖ്യമുള്ള അനേകരും ദൈവാലയത്തിൽ പ്രവേശിക്കുവാനോ ദൈവത്തെ സ്തുതിക്കുവാനോ ഇഷ്ടപ്പെടാത്തതിനു കാരണം അവർ പൂർണ്ണസൗഖ്യം പ്രാപിച്ചിട്ടില്ല എന്നതുതന്നെ. മാനസ്സികമായി അവർ മുറിവേറ്റവരായിരിക്കും; ആത്മീയമായി അവർ തളർന്നവരായിരിക്കും; മാനസ്സികമായി അവർ തകർന്നവരായിരിക്കും. അവർ മനസ്സിൽ ഭയവിഹ്വലതയുള്ളവരായിരിക്കും. അവർ പുറമെ ശക്തരെന്ന് നടിക്കുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ വളരെ ബലഹീനരായിരിക്കും. സുവിശേഷത്തിൽ സുഖമാക്കപ്പെട്ട തളർവാതരോഗിയെ നാലുപേർ ചേർന്ന് യേശുവിന്റെ പക്കലേയ്ക്കാനയിച്ചതുപോലെ അവരെയും യേശുവിന്റെ പക്കലെത്തിക്കാനുള്ള ബാദ്ധ്യത നാലു പേരിലൊരുവനായ നമുക്കുണ്ടെന്നത് മറക്കരുത്. ക്രിസ്തീയ ചൈതന്യം അതിന് നമ്മെ നിർബ്ബന്ധിക്കണം. സമുഹാരാധനയിൽ നിന്നും ക്രിസ്തീയ കൂട്ടായ്മയിൽ നിന്നും വിട്ടു നില്ക്കുന്ന എത്രയോ പേരെ നമ്മുടെ ഇടവക സമുഹങ്ങളിൽ കണ്ടെത്താൻ കഴിയും. ആണ്ടുകുമ്പസാരം പോലും നടത്താത്ത, പെസഹാക്കാല ചുമതലപോലും നിറവേറ്റാത്ത പാവം മനുഷ്യാത്മാക്കൾ. ഇവരെപ്പറ്റി ചിന്തിക്കാൻ നമുക്ക് കടമയില്ലെന്നോ? ഇവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ട ഉത്തരവാദിത്തം നമ്മുടെതല്ലെന്നോ? 'ഞാൻ എന്റെ സഹോദരന്റെ കാവല്കാരനല്ലെന്നോ?' (ഉല്പ. 4/9). നമ്മുടെ ശ്രദ്ധ, നവീകരണവർഷത്തിൽ ഇങ്ങനെ എത്രയോ തലങ്ങളിലേക്ക് തിരിയേണ്ടതായിട്ടുണ്ട്.

സൗഖ്യം പ്രാപിച്ചവനെപ്പറ്റി പൊതുജനത്തിന്റെ സാക്ഷ്യം ഉണ്ടായി. മതം നമ്മിൽ മാറ്റം വരുത്തും എന്ന് തത്വം പറഞ്ഞാൽ പോരാ. മാലോകർക്കെല്ലാം മനസ്സിലാകാത്തക്കവണ്ണം നമ്മിൽ പരിവർത്തനം കാണുകകുടി വേണം. ഈ പരിവർത്തനം നമ്മിലുണ്ടോ? മിത്രങ്ങൾ മാത്രമല്ല അധികാരികളും എതിരാളികൾപോലും സമ്മതിച്ചുകൊടുക്കത്തക്കവണ്ണം അത്ര സ്പഷ്ടമായ മാറ്റമാണ് അവനിൽ സംഭവിച്ചത്. സൗഖ്യം നല്കുന്ന ദൈവകൃപ അതാണ് ചെയ്യുന്നത്.

### (5) പ്രത്യാഘാതങ്ങൾ:-

ആരും തിരിഞ്ഞു നോക്കാതെ അവഗണിക്കപ്പെട്ടവനായി കാലം കഴിച്ചിരുന്ന ഒരു പാവപ്പെട്ട ഭിക്ഷക്കാരന്റെ ചുറ്റും ജറുസലെം ഒന്നാകെ തടിച്ചുകൂടി. ജനങ്ങൾ തിക്കിത്തിരക്കി ചുറ്റും കുടി. എല്ലാ കണ്ണുകളും ആ ഭിക്ഷുവിലേക്കും പത്രോസിലേക്കും മാറി മാറി നോക്കി. കണ്ടവർക്കും കേട്ടവർക്കും അത്ഭുതമായി. ഒരു വിശദീകരണത്തിനെന്നോണം അവരെല്ലാവരും പത്രോസിനെ സുക്ഷിച്ചു നോക്കി (3/12). ഇതുതന്നെ നല്ല സന്ദർഭമെന്ന് മനസ്സിലാക്കിയ പ്ത്രോസ് യേശുവിനെപ്പറ്റി

www.malankaralibrary.com

ഉൽഘോഷിക്കുവാനും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുവാനും തയ്യാറാകുന്നു. പത്രോസിനെയും യോഹന്നാനെയും ദിവ്യമനുഷ്യരായി കരുതി ആദരവോടും അത്ഭുതത്തോടും തുറിച്ചുനോക്കിയവരോട് പത്രോസ് പറയുന്നത് ശ്രദ്ധേയമാണ്. ഇതു ഞങ്ങളുടെ ഭക്തിയോ ശക്തിയോ കൊണ്ടല്ല; സിദ്ധിയോ സുകൃതമോ കൊണ്ടല്ല (3/12).

ആരുടെയെങ്കിലും മാദ്ധ്യമം വഴിയോ മദ്ധ്യസ്ഥതവഴിയോ ദൈവം അത്ഭുതം പ്രവർത്തിച്ചാൽ, തങ്ങളുടെ ആരാധനയും സ്തുതിയും സ്തോത്രവും ദൈവത്തിനർപ്പിക്കുന്നതിനു പകരം, ആ വ്യക്തിയേയോ സ്ഥലത്തെയോ ദൈവമായി കരുതി വന്ദിക്കുന്ന പ്രവണത മനുഷ്യരിൽ അന്നു മാത്രമല്ല ഇന്നും പ്രകടമാണ്. അത് കേട്ട് 'കുട്ടിദൈവ'ങ്ങളായി ചമയുന്നവരും കണ്ടേക്കാം. കൊർണേലിയുസിന്റെ ഭവനത്തിൽ ആത്മാവിന്റെ നിയോഗമനുസരിച്ച് കടന്നു ചെന്ന പത്രോസിന്റെ കാല്ക്കൽ വീണ് നമസ്ക്കരിച്ചപ്പോൾ പത്രോസിന്റെ പ്രതികരണം എന്തായിരുന്നു? "എഴുന്നേല്ക്കുക; ഞാനും ഒരു മനുഷ്യനാണ് എന്ന് പറഞ്ഞുകൊണ്ട് പത്രോസ് അവനെ എഴുന്നേഴ്ലിച്ചു" (10/26). 14-ാം അദ്ധ്യായത്തിൽ സമാനമായ ഒരു രംഗത്തെ പൗലോസ് നേരിടുന്നതും ശ്രദ്ധാർഹമാണ്. ലിസ്ത്രായിൽ കാലുകൾക്ക് സ്വാധീനമില്ലാത്തവനും എന്നാൽ 'സൗഖ്യം പ്രാപിക്കാൻ തക്ക വിശ്വാസം ഉണ്ടായിരുന്നവനുമായ' ഒരുവന് പൗലോസ് സൗഖ്യം നല്കുന്നു. ജന്മനാ മുടന്തനും ഒരിക്കലും നടന്നിട്ടില്ലാത്തവനുമായ അവനെ 'എഴുന്നേറ്റ് കാലുറപ്പിച്ച് നില്ക്കുക' (14/10) എന്ന ആജ്ഞയാൽ സൗഖ്യം നല്കിയതു കണ്ടപ്പോൾ ലിസ്ത്രാക്കാർ ഒന്നടങ്കം പൂമാലകളും പൂച്ചെണ്ടുകളും ബലിയർപ്പിക്കാൻ കാളകളുമായി കടന്നുവന്നു. ഇപ്പോൾ അത്ഭുതപ്പെടുന്നത് പൗലോസാണ്. "ഹേ മനുഷ്യരെ, ഞങ്ങളും നിങ്ങളെപ്പോലെ തന്നെയുള്ള മനുഷ്യരാണ്. വ്യർത്ഥമായ ഈ രീതികളിൽനിന്ന് ജീവിക്കുന്ന ദൈവത്തിലേക്ക് നിങ്ങൾ തിരിയണം" (14/15). എക്കാലത്തുമുള്ള മനുഷ്യന്റെ പ്രവണതയാണിത്: സൃഷ്ടാവിനെ തിരസ്കരിച്ച് സൃഷ്ടിയെ സ്വീകരിക്കുക! ഈ രീതിയെ അപ്പസ്തോലന്മാർ അപലപിക്കുകയാണ്. എല്ലാ സൗഖ്യവും ദൈവത്തിൽ നിന്നാണ്.

എല്ലാ സൗഖ്യവും ദൈവമഹത്വത്തിനാകണം. വെള്ളയങ്കിയണിഞ്ഞ് കയ്യിൽ കുരുത്തോലയുമായി നില്ക്കുന്നവർ ഉച്ചത്തിൽ വിളിച്ചു പറയുന്നത്: "..... ദൈവത്തിന്റെയും കുഞ്ഞാടിന്റെയും പക്കലാണ് രക്ഷ.... അവർ ദൈവത്തെ ആരാധിച്ചുകൊണ്ട് പറയുകയാണ്: ആമ്മേൻ. നമ്മുടെ ദൈവത്തിന് സ്തുതിയും മഹത്വവും അധികാരവും ആധിപത്യവും എന്നേയ്ക്കുമുണ്ടായിരിക്കട്ടെ! ആമ്മേൻ." (വെളി. 7/10-12). ഇതാണ് സത്യാരാധന. ഇതിനപ്പുറമുള്ളതെല്ലാം 'ബിംബാരാധന'യാണ്. എല്ലാ സൗഖ്യവും ദൈവമഹത്വത്തിനായി നമ്മെ ഒരുക്കുന്നു. നാം ദാതാവിനെ മറന്ന് ദാനത്തെ സ്വീകരിച്ചാൽ, സൃഷ്ടാവിനെ മറന്ന് സൃഷ്ടിയെ വന്ദിച്ചാൽ, ഉറവിടത്തെ ഉപേക്ഷിച്ച് മദ്ധ്യസ്ഥനോടും മാദ്ധ്യമത്തോടും അപേക്ഷിച്ചാൽ അത് സത്യാരാധനയായിരിക്കയില്ല. 'ആത്മാവിലും സത്യത്തിലുമാണ് ദൈവത്തെ ആരാധിക്കേണ്ടത്' (യോഹ. 4/24). നാം ദൈവത്തെ മറന്നാൽ നമ്മുടെ ആരാധന അസ്ഥാനത്താകും. നമ്മുടെ സൗഖ്യം അപൂർണ്ണമാകും. മാത്രമല്ല വരാനിരിക്കുന്ന സൗഖ്യങ്ങളെയും അനുഗ്രഹങ്ങളെയും തടയുകയും ചെയ്യും.

www.malankaralibrary.com

## (6) അത്ഭുതങ്ങളെപ്പറ്റിയുള്ള ശരിയായ കാഴ്ചപ്പാട്:-

പുതിയ നിയമത്തിലെ (വിശുദ്ധ ഗ്രന്ഥത്തിലെ)യും സഭയിലെയും അത്ഭുതപ്രവർത്തനങ്ങൾ അവ ഘോഷിക്കുന്നവരുടെ കഴിവുകൊണ്ടോ, വ്യക്തിപരമായ മേന്മകൊണ്ടോ സംഭവിക്കുന്നവയല്ല. സുവിശേഷത്തിന്റെ കേന്ദ്രവും കർത്താവും ആരോ, ആ സർവ്വശക്തന്റെ പ്രവർത്തനമാണ്. പുറപ്പാട് 15/26 ഇപ്രകാരം പറയുന്നു: "നീ നിന്റെ ദൈവമായ കർത്താവിന്റെ സ്വരം ശ്രവിക്കുകയും അവിടുത്തെ ദൃഷ്ടിയിൽ ശരിയായത് പ്രവർത്തിക്കുകയും, അവിടുത്തെ കല്പനകൾ അനുസരിക്കുകയും ചെയ്താൽ ഞാൻ നിന്നെ സുഖപ്പെടുത്തും. ഞാൻ നിന്നെ സുഖപ്പെടുത്തുന്ന കർത്താവാണ്."

സുന്ദരകവാടത്തിലെ ഭിക്ഷാടകനായ മുടന്തന് സൗഖ്യം നല്കുന്ന പത്രോസും യോഹന്നാനും യേശുവിന്റെ ഉപകരണങ്ങളാണ്. 'നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോട് ചോദിക്കുന്നതെന്തും, പിതാവ് നിങ്ങൾക്ക് നല്കും" (യോഹ. 16/23). ചോദിക്കുവിൻ നിങ്ങൾക്ക് ലഭിക്കും (യോഹ.16/24) എന്ന ഉറപ്പിന്മേലാണ്, യേശുവിലുള്ള വിശ്വാസത്തിലാണ് അത്ഭുതം സംഭവിക്കുന്നത്. മാനുഷിക കരങ്ങളല്ല, യേശുവാണ് ഇവിടെ പ്രവർത്തിക്കുന്നത് അഥവാ ഈ സംഭവത്തിലെ കർത്താവ്. അവൻ സകലത്തിന്റെയും കർത്താവാണ്. അവൻ എല്ലാറ്റിന്റെയും കാരണഭൂതനാണ്. ഉളവായിട്ടുള്ളതൊന്നും അവനെ കൂടാതെ ഉളവായതല്ല (യോഹ. 1/3). കോരിന്ത്യർക്കെഴുതുമ്പോൾ വി. പൗലോസ് ഇത് വ്യക്തമാക്കുന്നുണ്ട്. "നടുന്നവനോ നനയ്ക്കുന്നവനോ അല്ല, വളർത്തുന്ന കർത്താവിനാണ് പ്രാധാന്യം." (1കോരി. 3/6-9).

## (7) മാനസാന്തരത്തിന്റെ ആവശ്യകത:-

സൗഖ്യത്തിന്റെ കർത്താവിനെ വെളിപ്പെടുത്തുവാനും, ദൈവത്തോടുള്ള തങ്ങളുടെ പൂർവ്വീകരുടെ അവിശ്വസ്തതയെ തെളിവായി വരച്ചു കാട്ടുവാനും പത്രോസ് ഉത്സാഹിക്കുന്നു. അവരുടെ സന്തതികൾ അധികാരമോഹിയായ കയ്യാഫാവിനോടും ധനമോഹിയായ യൂദാസിനോടും കൂട്ടുചേർന്ന് ജീവന്റെ നാഥനെ തള്ളിപ്പറഞ്ഞു. നിരപരാധിയാണെന്ന് ഉറക്കെപ്പറഞ്ഞ പീലാത്തോസിന്റെ വിധിയെ മറികടക്കുമാറുച്ചത്തിൽ 'അവനെ ക്രൂശിക്കുക, ക്രൂശിക്കുക' എന്നാക്രോശിച്ച ജനമാണ് ഇവിടെയും ദൈവമഹത്വം ദർശിക്കാനാവാതെ ഇരുട്ടിൽ തപ്പിത്തടയുന്നത്. പൊതുജനം തള്ളിയ യേശുവിനെ പിതാവ് മഹത്വപ്പെടുത്തുകയും ഉയർപ്പിക്കുകയും ചെയ്യുന്നു. ആ യേശുവിലൂടെയാണ് ഈ രക്ഷ കൈവന്നത്; ആ യേശുതന്നെയാണ് ഇവിടെ രക്ഷകനായി പ്രവർത്തിച്ചത്. ഈ സത്യമാണ് പത്രോസ് ഉറക്കെപ്പറയുന്നത്. ഉറച്ച ബോദ്ധ്യമുള്ളവനാണ് ഉറക്കെപ്പറയുന്നത്. അജ്ഞതയും അവിശ്വാസവും സത്യം ഗ്രഹിക്കുന്നതിനും സത്യം സ്വീകരിക്കുന്നതിനും വിലങ്ങുതടികളാണ്. ഇവിടെ സംഭവിച്ചിരിക്കുന്നതും മറ്റൊന്നല്ല. തന്മൂലം യേശുവിന്റെ നാമത്തിലുള്ള സൗഖ്യം അവർക്ക് ഗ്രഹിക്കാനായില്ല. ദൈവികശക്തിയെ തിരിച്ചറിയാനവർക്കാകുന്നില്ല. ഇത് അജ്ഞതയും പാപവും മൂലമാണ്. ഇവിടെ മനോഭാവത്തിന് മാറ്റം വന്നാലെ എന്തെങ്കിലും പ്രയോജനമുള്ളൂ. തുടർന്ന് അവരുടെ അജ്ഞതയുടെയും അവിശ്വാസത്തിന്റെയും മനോഭാവം തിരുത്തുവാൻ ശ്ലീഹാ ആവശ്യപ്പെടുകയാണ്. പശ്ചാത്തപിച്ച്

www.malankaralibrary.com

ദൈവത്തിങ്കലേക്ക് തിരിയുക മാത്രമാണ് ഏകപോംവഴി. പാപബോധമാണ്, തെറ്റിനെപ്പറ്റിയുള്ള തിരിച്ചറിവാണ്, പശ്ചാത്താപത്തിലേക്ക് നയിക്കുന്നത്. ജോവേൽ പ്രവാചകൻ പറയുന്നു: "കർത്താവരുളിച്ചെയ്യുന്നു: ഇപ്പോഴെങ്കിലും നിങ്ങൾ പൂർണ്ണ ഹൃദയത്തോടെ എന്റെ അടുക്കലേക്ക് തിരികെ വരുവീൻ." അപൂർണ്ണമായതും വിഭജിക്കപ്പെട്ടതും ദൈവത്തിനാവശ്യമില്ല. പൂർണ്ണതയിൽ കുറഞ്ഞ ഒന്നുകൊണ്ടും 'പൂർണ്ണനായവൻ' (ദൈവം) സംതൃപ്തനല്ല.

വിലകൂടിയ ഒരു ചണവസ്ത്രം വാങ്ങി അരയിൽ ചുറ്റുവാൻ കർത്താവ് പ്രവാചകനായ ജറമിയായോട് നിർദ്ദേശിക്കുന്നു. പിന്നീട് അതൊരു പാറയിടുക്കിൽ ഒളിച്ചുവെക്കുവാൻ കല്പിക്കുന്നു. വീണ്ടും കുറെനാൾ കഴിഞ്ഞ് ഒളിച്ചു വച്ചിരുന്ന അരക്കച്ച എടുത്തുകൊണ്ടു വരുവാൻ ആജ്ഞാപിക്കുന്നു. കഷ്ടമേ, ആ വസ്ത്രം ഉപയോഗിക്കാനാവാത്തവിധം, ഒന്നിനും കൊള്ളാത്തവിധം, ജീർണ്ണിച്ചിരുന്നു! (ജെറ. 13/1-11). ഇതൊരു പ്രതീകമാണ്. പ്രതീകങ്ങൾ വാചാലമായി സംസാരിക്കുന്നതാണ്. അരയിൽ നിന്നകന്നിരിക്കുന്ന വസ്ത്രം അരിച്ചു പോകുന്നപോലെ, തന്നോട് ചേർന്നിരിക്കാത്ത, തന്നിൽ നിന്നകന്നിരിക്കുന്ന ഏവനും ഈ അരക്കച്ചപോലെ ജീർണ്ണിക്കുമെന്നാണ് പ്രവാചകനിലൂടെ ദൈവം അറിയിക്കുന്ന സന്ദേശം.

മനസ്സിന്റെയും മനോഭാവത്തിന്റെയും മാറ്റമാണ് മാനസാന്തരം. അത് ഹൃദയത്തിന്റെ ഒരു ഭാവമാണ്. ദൈവത്തോട് ബന്ധപ്പെടുത്തി പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ മാത്രം സംജാതമാകുന്ന ഒരവസ്ഥയാണത്. അത് മൂല്യങ്ങളുടെ കേന്ദ്രബിന്ദുവായ ദൈവത്തിലേക്കുള്ള മടങ്ങിവരവാണ്. സർവ്വനന്മയായ ദൈവത്തിലേക്കുള്ള ഒരു തിരിച്ചുവരവാണത്. അത് ദൈവത്തിൽ ആശ്രയിക്കാനുള്ള ഒരു ഭാവമാണ്; തന്നിൽതന്നെ ആശ്രയിക്കാതിരിക്കുന്നതാണ്. ഇന്നത്തെ മനുഷ്യൻ അവനിൽതന്നെ ആശ്രയിക്കുവാനാഗ്രഹിക്കുന്നവനാണ്. പരാശ്രയം കൂടാതെ ജീവിക്കാനുള്ള തത്രപ്പാടിലാണവൻ. (ഒരിക്കലും ഒരു മനുഷ്യനും സാധിക്കാത്ത ഒരു കാര്യമാണിത് എന്നു പലരും ഓർക്കാറില്ല). നാം പരസ്പരം സഹകരിച്ചും, സഹവർത്തിത്ത്വത്തിൽ ഊന്നിയും, ദൈവത്തിലാശ്രയിച്ചും കഴിയണമെന്നതാണ് ദൈവീക പദ്ധതി. ഇതിനെ മറികടക്കാമെന്നത് ഒരു വ്യാമോഹം മാത്രമാണ്. എത്രയധികം കീഴടങ്ങാൻ തയ്യാറാകുന്നുവോ, എത്രമാത്രം സഹകരിക്കാൻ ശ്രമിക്കുന്നുവോ, എത്രയേറെ പരസ്പരം മനസ്സിലാക്കുവാനും അംഗീകരിക്കുവാനും ആദരിക്കുവാനും ഉത്സാഹിക്കുന്നുവോ, സമർപ്പണത്തിന്റെ പാതയിൽ എത്രയേറെ വിജയിക്കുന്നുവോ അതിന്റെ ശരിയായ അനുപാതത്തിൽ മാത്രമേ സന്തോഷവും സമാധാനവും സംതൃപ്തിയും സംലഭ്യമാകയുള്ളു. അധികാരിയെന്നോ അധീനനെന്നോ, പണക്കാരനെന്നോ പണിക്കാരനെന്നോ, പണ്ഡിതനെന്നോ പാമരനെന്നോ സവർണ്ണനെന്നോ അവർണ്ണനെന്നോ ഉള്ള വ്യത്യാസം കൂടാതെ ഈ പൊതുതത്വം ലോകത്തിലുള്ള എല്ലാ മനുഷ്യർക്കും ബാധകമാണ്. ഇത് അടിമത്തമല്ല, സ്വാതന്ത്ര്യത്തിലേക്കുള്ള രാജപാതയാണ്.

എന്നാൽ നാം ഇന്നെന്താണ് ചുറ്റും കുണുന്നത്? സ്വന്തം കാലിൽ നില്ക്കാനുള്ള വ്യഗ്രതയാണെവിടെയും. അതിന്റെ ആവേശത്തിൽ എല്ലാ മൂല്യങ്ങളും പിഴുതെറിയപ്പെടുകയാണ്; എല്ലാ മാനദണ്ഡങ്ങളും പിച്ചിച്ചീന്തപ്പെടുകയാണ്.

www.malankaralibrary.com

തന്നിൽതന്നെ ആശ്രയിക്കാനുള്ള പ്രലോഭനത്തിന്റെ പിടിയിലാണ് ഇന്ന് ലോകം. 'ദൈവത്തെപ്പോലെയാകുവാനുള്ള' ഒരു അഭിനിവേശം ആവസിച്ചിരിക്കയാണ് എവിടെയും. ദൈവം നല്കുന്ന നന്മകളുടെ അവകാശിയായ മനുഷ്യൻ അതിന്റെ കർത്താവായി ചമയുകയാണ്. 'എല്ലാം എന്റെ നേട്ടം; എല്ലാം എന്റെ സാമർത്ഥ്യം; എല്ലാം എന്റെ പരിശ്രമഫലം; എല്ലാം എന്റെ ബുദ്ധികൊണ്ടും ശക്തികൊണ്ടും.' പക്ഷേ യാഥാർത്ഥ്യം മറഞ്ഞിരിക്കുന്നതല്ല. സത്യം അവനെ തുറിച്ചു നോക്കുന്നു. ഒരു ഘട്ടം കഴിയുമ്പോൾ എന്റെ നേട്ടമെന്ന് കരുതിയതൊക്കെ എന്റെ നഷ്ടമെന്ന വന് ബോധോദയമുണ്ടാകുന്നു. എന്റെ സാമർത്ഥ്യമായി കരുതിയത് പലതും എന്റെ സാമർത്ഥ്യമല്ലെന്നവനറിയുന്നു. ബുദ്ധിയും ശക്തിയും ക്ഷയിക്കുന്നതായി അവന് ബോദ്ധ്യമാകുന്നു. അള്ളിപ്പിടിച്ചിരുന്ന പലതും വിട്ടുകൊടുക്കേണ്ടി വരുന്നതായും, ചുറ്റും ചൂഴ്ന്ന് നിന്നവരെല്ലാം എങ്ങോ മാറിമറയുന്നതായും ദുഃഖത്തോടെ അവൻ കാണുന്നു. ഈ തിരിച്ചറിവ് അവനെ പരിഭ്രാന്തനാക്കുന്നു. അസ്വസ്തതകളുടെ അലകൾ അവനെ ആഞ്ഞടിക്കുന്നു. അതവനെ പരിക്ഷീണനാക്കുന്നു; അവൻ നിരാശയിൽ നിപതിക്കുന്നു. ശരാശരി മനുഷ്യന്റെ അവസ്ഥ ഇതല്ലേ? ശരാശരിക്കപ്പുറം ക്രിസ്തീയപുണ്യതയിലേക്കുള്ള വിളിയാണ് ദൈവം നമുക്ക് നല്കിയിരിക്കുന്നത്. അത് തിരിച്ചറിഞ്ഞ് പാറമേൽ ഭവനം പണിയുവാനുള്ള ആഹ്വാനമാണ് കർത്താവ് നമുക്ക് നൽകിയിരിക്കുന്നത്. അപ്പസ്തോലർ അനുസ്മരിപ്പിക്കുന്നതും അതുതന്നെയാണ്.

### (8) ഔദ്യോഗിക സംഘത്തിനു മുമ്പിൽ ധീരസാക്ഷ്യം:

ഓടിക്കൂടിയ പൊതുജനങ്ങളോടാണ് ഇതുവരെ പ്രസംഗിച്ചത്. നാലാമദ്ധ്യായത്തിൽ നാം കാണുന്നത് യഹൂദസംഘത്തിന്റെ മുമ്പിൽ – സെൻഹെദ്രീൻ സംഘത്തിന്റെ മുമ്പിൽ – ധീരസാക്ഷ്യം നല്കുന്ന പത്രോസിനെയും യോഹന്നാനെയുമാണ്. പുരോഹിത പ്രമുഖരും ദേവാലയസേനാധിപനും സദുക്കായരുമടങ്ങുന്ന വിധിയാള സംഘമാണത്. പുനരുത്ഥാനത്തെ നിഷേധിച്ചിരുന്ന കൂട്ടരാണ് സദുക്കായർ എന്ന് ഓർക്കുക. കൊല്ലപ്പെട്ട യേശു ജീവിക്കുന്നു എന്നത് വേദവിപരീതമോ യുക്തിവിരുദ്ധമോ ഒക്കെയായി അവർക്ക് തോന്നിയിരിക്കാം. ബുദ്ധിജീവികളും സഭയുടെ ഔദ്യോഗിക അധികാരികളുമടങ്ങുന്ന സംഘമാണ് സെൻഹെദ്രീൻ എന്ന യഹൂദകോടതി. ജനകീയകോടതിയിൽ അവതരിപ്പിച്ച കേസ്സിന്റെ പുനർവിചാരണ മതകോടതി ഏറ്റെടുക്കുന്നതായി നാം കാണുന്നു. കാലിടറാതെ, നാവിടറാതെ, സ്വരം പതറാതെ കോടതിമുമ്പാകെ സ്വയം വാദിക്കുന്ന 'ധീരസാക്ഷി'യായ പത്രോസിനെ ഇവിടെ നമുക്കു കാണാൻ കഴിയുന്നു.

ഇതൊക്കെ എന്തധികാരത്താലാണെന്ന ചോദ്യത്തിന് പത്രോസിന് ഒരേ ഒരു മറുപടിയേ ഉള്ളു; **യേശുവിന്റെ നാമത്തിൽ**, യേശുവിന്റെ അധികാരത്തിൽ (അപ്പ. 4/10). ജീവന്റെ നാഥൻ (അപ്പ. 3/15) എന്നാണ് യേശു ഇവിടെ സംബോധന ചെയ്യപ്പെടുക. പരിശുദ്ധാത്മാവിൽ നിറഞ്ഞാണ് പത്രോസും യോഹന്നാനും സാക്ഷ്യം നല്കുന്നത്. ദൈവിക ശക്തി നിറഞ്ഞവരായിട്ടാണ് അവർ സാക്ഷ്യം നൽകുന്നത്. അവരുടെ തീക്ഷ്ണതയുടെയും ധൈര്യത്തിന്റെയും അടിസ്ഥാനം അതായിരുന്നു. ദൈവം നമ്മോടൊത്തുള്ളപ്പോൾ തീഷ്ണതയും ധീരതയും കൈവരും. മന്ദതയും

www.malankaralibrary.com

ഭയവും നമുക്കുണ്ടാകുന്നത് നാം തനിയെയായിരിക്കുമ്പോഴാണ്. ദൈവത്തോടൊത്തു പ്രസംഗിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ നമുക്ക് ധീരത കൈവരും. കാരണം പരിശുദ്ധാത്മാവ് ധീരതയുടെ ആത്മാവാണ്. ഭയം നിറഞ്ഞിരിക്കുമ്പോൾ സാക്ഷ്യത്തിന്റെ മൂർച്ച കുറയുകയും, ജീവൻ ചോർന്നു പോകയും, ആത്മാവ് നഷ്ടപ്പെടുകയുമാണ്. **ഈ ധീരതയാണ്** ക്രിസ്ത്യാനികൾ ആർജ്ജിക്കേണ്ടത്. 'വ്യാജസ്പിരിറ്റ്' നല്കുന്ന ധീരതയല്ല 'ഹോളിസ്പിരിറ്റ്' നൽകുന്ന ധീരതയാണത്. മരണത്തെപ്പോലും വെല്ലുവിളിക്കാനുള്ള ധൈര്യമാണ് ഹോളിസ്പിരിട്ട് – പരിശുദ്ധാത്മാവ് – നൽകുന്നത്. രക്തസാക്ഷികളെ ഒരുക്കുന്ന ധീരത പരിശുദ്ധാത്മാവ് പ്രദാനം ചെയ്യുന്നതാണ്. ആദിമസഭയിൽ ആത്മാവ് ആഴത്തിൽ പ്രവർത്തിച്ചതിന്റെ അടയാളമാണ് രക്തസാക്ഷികളുടെ നീണ്ടനിര.

ക്രിസ്തീയ ധീരത, മരണത്തെപ്പോലും വെല്ലുവിളിക്കാനുള്ള – മരണത്തിന്റെ മുമ്പിൽ പിന്തിരിഞ്ഞ് ഓടാതിരിക്കാനുള്ള – പ്രാപ്തി നല്കുന്നതാണ്. ക്രൈസ്തവന്റെ മുഖമുദ്ര ഈ ധീരതയാണ്. ഏതു പ്രതിസന്ധിയിലും യേശുവിന്റെ നാമം ഉൽഘോഷിക്കുവാനും, യേശുവിന് സാക്ഷ്യം നല്കുവാമുള്ള സന്നദ്ധതയാണ് പരിശുദ്ധാത്മാവ് നല്കുന്ന ധീരത.

ധീരതയുടെ തെറ്റായ മുഖങ്ങളാണ്, കപടവേഷങ്ങളാണ് ഇന്നു കാണുന്ന പല ധീരതകളും. അപഹസിക്കുവാനും, പുലഭ്യം പറയുവാനും, കുത്തുവാക്കുകൾ സംസാരിക്കുവാനും ഇന്ന് പർക്കും വലിയ ചങ്കുറ്റമാണ്. അധികാരികളെ പുശ്ചിക്കുവാനും മാന്യതയുള്ളവരെ (എല്ലാ മനുഷ്യനും മാന്യതയുണ്ട് – തെരുവിലെ പിച്ചക്കാരനുപോലും) അപമാനിക്കുവാനും എതിരാളികളെ (അന്യമതസ്ഥരെയും ഇതര പാർട്ടിക്കാരെയും) താറടിക്കുവാനും 'വ്യാജസ്പിരിട്ട്' ശക്തി പകർന്നു കൊടുക്കുന്നത് കാണാം. കള്ളുകുടിച്ചിട്ട് നടത്തുന്ന പേക്കൂത്തുകൾ ഈ വ്യാജന്റെ പണിയാണ്. സത്യാത്മാവ്, മാനിക്കുവാനുള്ള ദിവ്യപ്രചോദനം നല്കുന്നതാണെന്ന് മറക്കാതിരിക്കുക. യഹൂദജനമേ (3/12), സഹോദരരേ (3/17) ഭരണാധികാരികളേ ജനപ്രമാണികളേ (4/8) തുടങ്ങിയ സംബോധനകൾ ആദരവിന്റെ അടയാളങ്ങളാണ്. ആദരവിന്റെ ഭാവവും മാന്യതയുടെ ഭാഷയും ആത്മാവിന്റെ ഫലമാണെന്ന് വ്യക്തം. മറ്റുള്ളവരെ താഴ്ത്തിക്കെട്ടുവാൻ തന്റെ ധൈര്യം പത്രോസ് ഉപയോഗിക്കുന്നില്ല എന്ന കാര്യം നാം പ്രത്യേകം ശ്രദ്ധിക്കണം. നമ്മുടെ ക്രിസ്തീയജീവിതത്തിൽ, പെരുമാറ്റ രീതികളിൽ, ഇക്കാര്യം നാം പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. സത്യത്തിന്റെ ആത്മാവും സാക്ഷ്യത്തിന്റെ ധീരതയുമാണ് പത്രോസിനെ നയിക്കുന്നത്. ഏതു പ്രഘോഷകർക്കുമുള്ള ഉത്തമ മാതൃകയാണ് പത്രോസ്. വിശ്വാസ ബോദ്ധ്യത്തിൽ നിന്നുതിരുന്ന വചസ്സുകളാണ് അനുവാചകരിലേക്ക് തറച്ച് കയറുക; അവരെ സ്വാധീനിക്കുക. ഭാഷയുടെ മാസ്മരികതയും മുടുപടവും മേമ്പൊടിയും ഒന്നും കൂടാതെതന്നെ ആത്മാർത്ഥതയും ഉറച്ച ബോദ്ധ്യവും തെളിഞ്ഞ വിശ്വാസമുള്ള പ്രഘോഷകന്റെ ലളിതമായ വാക്കുകൾ ശ്രോതാക്കളെ തന്റെ പക്ഷത്തേക്ക് അടുപ്പിക്കുമെന്നതിന് പത്രോസിന്റെ പ്രസംഗം തന്നെയാണ് ഉദാഹരണം. ആ പ്രസംഗം ശ്രവിച്ചവരിൽ 5000 പേർ യേശുവിൽ വിശ്വസിച്ചു (അപ്പ. 4 /4). യേശു തന്റെ ശിഷ്യന്മാരെ ലോകത്തിലേക്കയച്ചത് വെറും കൈകളോടെയല്ല. മറിച്ച് പീഢനങ്ങളുടെയും

www.malankaralibrary.com

സഹനത്തിന്റെയും മുമ്പിൽ സധൈര്യം മുന്നേറുവാനുള്ള പരിശുദ്ധാത്മചൈതന്യം നിറച്ചാണ്.

ഇന്നത്തെ ക്രിസ്തീയ സമൂഹത്തിനാവശ്യമായിരിക്കുന്നത് പരിശുദ്ധാത്മാവിലൂടെ ലഭിക്കുന്ന ധൈര്യമാണ്. ഈ ധൈര്യം പ്രകടമാക്കുവാൻ ഒരു മതപീഢനം കാത്തിരിക്കേണ്ട ആവശ്യമില്ല. നമ്മുടെ ചുറ്റുപാടുമുള്ള പീഢനങ്ങളോട് നാം പ്രതികരിക്കേണ്ടത് ഈ ധൈര്യം – പരിശുദ്ധാത്മധൈര്യം – പ്രാപിച്ചുകൊണ്ടായിരിക്കണം. ഒരു ക്രിസ്തുശിഷ്യന് ധാരാളം സഹനങ്ങൾ നേരിടേണ്ടതായി വരും. ജീവിതത്തിൽ സഹനങ്ങളുണ്ട്; ജീവിതത്തിൽ കുരിശുകൾ ഉണ്ട്. കുരിശുകൾ നാം വഹിക്കണമെന്നും സഹനങ്ങൾ ക്ഷമയോടെ ഏറ്റെടുക്കണമെന്നുമാണ് ക്രിസ്തു പഠിപ്പിച്ച പാഠം. പക്ഷേ ആ പാഠം നാം പലപ്പോഴും മറന്നു പോകുന്നില്ലേ? അല്പം കുറവുപോലും സഹിക്കാൻ പലപ്പോഴും നാം തയ്യാറല്ല. ഫലമോ? എന്തൊരസ്വസ്തതയാണ് നമുക്ക്. ഒരു കാര്യത്തിലും ആർക്കും തൃപ്തിയില്ല. പരസ്പരം കുറ്റപ്പെടുത്തുന്നതിൽ മാത്രമാണ് പലർക്കും തൃപ്തി എന്നു തോന്നിപ്പോകും. സംതൃപ്തി സംലഭ്യമാകുവാൻ പരിശുദ്ധാത്മാവിനോട് നാം സഹകരിക്കുക തന്നെ വേണം.

### (9) മനസ്സലിവിന്റെ ആത്മാവ്:–

ദേവാലയകവാടത്തിൽ സ്ഥിരമായി ഇരുന്ന് ഭിക്ഷ യാചിക്കുന്ന ആ മുടന്തനെ – ആ രോഗിയെ. അപ്പ. 4/9 - കണ്ടില്ലെന്ന് വെച്ച് കടന്നു പോകാവുന്നതേയുള്ളു. പക്ഷേ അങ്ങനെ ചെയ്യാനുള്ള കരളുറപ്പ് പത്രോസിനോ യോഹന്നാനോ ഉണ്ടായിരുന്നില്ല. ക്രിസ്തുവിനും അതുണ്ടായിരുന്നില്ല. "അവൻ മനസ്സലിഞ്ഞ്", "അവന് കരുണ തോന്നി", അവനെ സുഖപ്പെടുത്തി എന്നാണ് സുവിശേഷത്തിലെ യേശുവിനെപ്പറ്റി നാം കാണുന്നത്. ക്രിസ്തുവിന്റെ ഈ ആത്മാവാണ്, പരിശുദ്ധാത്മാവാണ്, പത്രോസിനെ നയിക്കുന്നത്. ധീരതയുടെ ആത്മാവ് മനസ്സലിവിന്റെയും ആത്മാവാണ്. പലരും ഈ സത്യം വിസ്മരിക്കുന്നു. ഓർക്കുന്നില്ലേ പരിശുദ്ധ മറിയത്തെ? പരിശുദ്ധാത്മാവിനെ പ്രാപിച്ച ഉടനെ വിദൂരത്ത് ഏകാന്തതയിൽ, വാർദ്ധക്യകാല ഗർഭാരിഷ്ടതകളുമായി കഴിയുന്ന എലിസബേത്തിനെ ശുശ്രൂഷിക്കാൻ ഉള്ള മനസ്സലിവ് പ്രകടിപ്പിക്കുകയാണവൾ. **ദൈവസ്നേഹവും മനുഷ്യസ്നേഹവും ഒരേ നാണയത്തിന്റെ രണ്ടു വശങ്ങളാണ്.**

ഒന്നുമാത്രമായി നിലനില്ക്കാനാവില്ല.

"അവശന്മാർ, ആർത്തന്മാർ, ആലംബഹീനന്മാർ

അവരുടെ സങ്കടമാരറിവു." – കവി ചോദിക്കുകയാണ്.

നിങ്ങൾ അവർക്ക് ഭക്ഷിപ്പാൻ കൊടുക്കുക എന്നാണ് ക്രിസ്തു അതിന് നല്കുന്ന മറുപടി. അതേ ഞാൻ എന്റെ മാത്രമല്ല, എന്റെ സഹോദരന്റെയും കാവല്ക്കാരൻ തന്നെ. സംശയമില്ല. പക്ഷേ അല്ലെന്നാണ് പല 'കായേന്മാ' രുടെയും ഭാവം. ആണെന്നാണ് ക്രിസ്തുവിന്റെ പഠിപ്പിക്കൽ. അവരുടെ കാര്യത്തിൽ വേണ്ടപ്പോൾ വേണ്ടത് ചെയ്യുവാൻ തന്റെ സ്നേഹിതരെ, തന്റെ ആത്മാവിനാൽ നിറ

www.malankaralibrary.com

ഞ്ഞവരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; ഓരോ ക്രിസ്ത്യാനിയെയും – എന്നെയും നിങ്ങളെയും.

ചോദിച്ചതല്ല ലഭിച്ചത്. ചോദിച്ചത് ഏതാനും നാണയത്തുട്ടുകൾ. ലഭിച്ചതോ? സ്വന്തം കാലിൽ നില്ക്കാനുള്ള ശക്തി. പത്രോസിൽ നിന്നും അത്രയൊന്നും അയാൾ പ്രതീക്ഷിച്ച് കാണുകയില്ല. ക്രിസ്തു ലോകത്തിന് നല്കുന്നത് ഇങ്ങനെ യാണ്. പ്രതീക്ഷിക്കുന്നതിനെക്കാൾ വളരെയേറെ നന്മകൾ. ലോകം മനുഷ്യനെ അടിമയാക്കുന്നു; യേശു അവനെ സ്വതന്ത്രനാക്കുന്നു; അന്തസ്സുള്ളവനാക്കുന്നു; സ്വന്തം കാലിൽ നില്ക്കാൻ പ്രാപ്തനാക്കുന്നു. പാപബന്ധനത്തിൽ നിന്നും ഭൗതിക വസ്തുക്കളുടെ അടിമത്തത്തിൽ നിന്നും സ്വഭാവത്തിന്റെ ദൗർബല്യത്തിൽ നിന്നും സ്വതന്ത്രനാക്കുന്നു. ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുന്നു.

മുടന്തന്റെ അവസ്ഥയെ കവി വാക്യത്തിൽ ഇങ്ങനെ വിവരിക്കാം.

"വേഴാമ്പലേറ്റ മഴലേന്തി ഉഴന്നുവെള്ളം
നാലഞ്ചുതുള്ളി മുകിൽ തന്നോടിരന്നിടുന്നു
അൻപോടതുഴി മുഴുവൻ മഴയാൽ നനയ്ക്കു–
ന്നമ്പോ വലിപ്പമുടയോന്റെകൊടുപ്പ് കേമം."

ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും ഏറെ നല്കി നമ്മെ ധന്യരാക്കുന്ന ദൈവത്തിൽ നമുക്ക് നിരന്തരം ആശ്രയിക്കാം. അന്ധന്മാരും മുടന്തന്മാരും രോഗി കളും ആലംബഹീനന്മാരുമായ **നമുക്കാശ്രയിക്കാം.**

"അപ്പോൾ അന്ധരുടെ കണ്ണുകൾ തുറക്കപ്പെടും; ബധിരരുടെ ചെവി ഇനി അട ഞ്ഞിരിക്കുകയില്ല; അപ്പോൾ മുടന്തൻ മാനിനേപ്പോലെ കുതിച്ചു ചാടും; മൂകന്റെ നാവ് സന്തോഷത്തിന്റെ ഗാനം ഉതിർക്കും; വരണ്ട ഭുമിയിൽ ഉറവകൾ പൊട്ടിപ്പുറ പ്പെടും; മരുഭുമിയിലുടെ നദികൾ ഒഴുകും........

ഗാനാലാപത്തോടെ സീയോനിൽ പ്രവേശിക്കും;.... അവർ സന്തോഷിച്ചുല്ല സിക്കും;

ദു:ഖവും നെടുവീർപ്പും അകന്നു പോകും."

(ഏശാ 35/5-10)

രക്ഷകന്റെ വരവ് ഉൽഘാടനം ചെയ്തത് ഈ രക്ഷയും ഈ സമ്പത്തും ഈ സൗഖ്യവുമാണ്. ഈ അവകാശമാർജിക്കാൻ നമുക്ക് പരിശ്രമിക്കാം. ആത്മാവ് നമ്മെയും വഴി നടത്തട്ടെ. വിശ്വാസ ധീരത നല്കി അനുഗ്രഹിക്കട്ടെ.............

(തുടരും)

മേരിഗിരി, തിരുവല്ല
12.07.1998

തയ്യാറാക്കിയത്:
*ഫാദർ ഏബ്രഹാം കാടമല*
*ഫാദർ ഏബ്രഹാം നടുവിലേടം*
*ഫാദർ ഏബ്രഹാം തൈപ്പറമ്പിൽ*

www.malankaralibrary.com

# പരിശുദ്ധാത്മാവുമായി ബന്ധപ്പെട്ട വേദവായനക്കുറിപ്പുകൾ

## ജൂലൈ

| | | | |
|---|---|---|---|
| 1 | ബുധൻ | ലൂക്കാ. | 10:21-24 |
| 2 | വ്യാഴം | ലൂക്കാ. | 11:5-13 |
| 3 | വെള്ളി | ലൂക്കാ. | 12:8-12 |
| 4 | ശനി | ലൂക്കാ. | 23:32-49 |
| 5 | ഞായർ | ലൂക്കാ. | 24:13-35 |
| 6 | തിങ്കൾ | ലൂക്കാ. | 24:44-49 |
| 7 | ചൊവ്വ | യോഹ. | 1:29-34 |
| 8 | ബുധൻ | യോഹ. | 3:1-15 |
| 9 | വ്യാഴം | യോഹ. | 3:22-36 |
| 10 | വെള്ളി | യോഹ. | 4:16-26 |
| 11 | ശനി | യോഹ. | 5:19-29 |
| 12 | ഞായർ | യോഹ. | 6:41-59 |
| 13 | തിങ്കൾ | യോഹ. | 6:60-71 |
| 14 | ചൊവ്വ | യോഹ. | 37-39 |
| 15 | ബുധൻ | യോഹ. | 11:28-37 |
| 16 | വ്യാഴം | യോഹ. | 12:20-26 |
| 17 | വെള്ളി | യോഹ. | 13:21-30 |
| 18 | ശനി | യോഹ. | 14:1-14 |
| 19 | ഞായർ | യോഹ. | 14:15-24 |
| 20 | തിങ്കൾ | യോഹ. | 14:25-31 |
| 21 | ചൊവ്വ | യോഹ. | 15:18-27 |
| 22 | ബുധൻ | യോഹ. | 16:5-11 |
| 23 | വ്യാഴം | യോഹ. | 16:12-15 |
| 24 | വെള്ളി | യോഹ. | 20:19-22 |
| 25 | ശനി | അപ്പ. | 1:1-5 |
| 26 | ഞായർ | അപ്പ. | 1:6-11 |
| 27 | തിങ്കൾ | അപ്പ. | 2:1-13 |
| 28 | ചൊവ്വ | അപ്പ. | 2:14-28 |
| 29 | ബുധൻ | അപ്പ. | 2:37-47 |
| 30 | വ്യാഴം | അപ്പ. | 4:5-22 |
| 31 | വെള്ളി | അപ്പ. | 4:23-31 |

## ആഗസ്റ്റ്

| | | | |
|---|---|---|---|
| 1 | ശനി | അപ്പോ. | 4:32-37 |
| 2 | ഞായർ | അപ്പോ. | 5:1-11 |
| 3 | തിങ്കൾ | അപ്പോ. | 6:8-15 |
| 4 | ചൊവ്വ | അപ്പോ. | 7:54-60 |
| 5 | ബുധൻ | അപ്പോ. | 8:4-13 |
| 6 | വ്യാഴം | അപ്പോ. | 8:14-25 |
| 7 | വെള്ളി | അപ്പോ. | 8:26-40 |
| 8 | ശനി | അപ്പോ. | 9:26-31 |
| 9 | ഞായർ | അപ്പോ. | 9:32-43 |
| 10 | തിങ്കൾ | അപ്പോ. | 10:9-23 |
| 11 | ചൊവ്വ | അപ്പോ. | 10:34-43 |
| 12 | ബുധൻ | അപ്പോ. | 10:43-48 |
| 13 | വ്യാഴം | അപ്പോ. | 11:1-18 |
| 14 | വെള്ളി | അപ്പോ. | 11:27-30 |
| 15 | ശനി | അപ്പോ. | 13:1-12 |
| 16 | ഞായർ | അപ്പോ. | 15:1-11 |
| 17 | തിങ്കൾ | അപ്പോ. | 16:6-15 |
| 18 | ചൊവ്വ | അപ്പോ. | 16:16-24 |
| 19 | ബുധൻ | അപ്പോ. | 18:24-28 |
| 20 | വ്യാഴം | അപ്പോ. | 19:1-10 |
| 21 | വെള്ളി | അപ്പോ. | 19:11-22 |
| 22 | ശനി | അപ്പോ. | 20:17-24 |
| 23 | ഞായർ | അപ്പോ. | 20:25-38 |
| 24 | തിങ്കൾ | അപ്പോ. | 21:1-16 |
| 25 | ചൊവ്വ | അപ്പോ. | 23:1-10 |
| 26 | ബുധൻ | അപ്പോ. | 28:17-29 |
| 27 | വ്യാഴം | റോമാ. | 1:1-7 |
| 28 | വെള്ളി | റോമാ. | 1:8-17 |
| 29 | ശനി | റോമാ. | 2:17-29 |
| 30 | ഞായർ | റോമാ. | 5:1-11 |
| 31 | തിങ്കൾ | റോമാ. | 6:1-11 |

www.malankaralibrary.com

# അപ്പസ്തോല പ്രവർത്തനങ്ങൾ ഒരു പഠനം

## ഒരു യുഗ്മ നൃത്തത്തിന്റെ തുടക്കം

### അദ്ധ്യായം 6 - 8

സഭയിലെ ആദ്യത്തെ അത്ഭുതമായ മുടന്തന്റെ സൗഖ്യത്തെപ്പറ്റിയാണ് കഴിഞ്ഞ പഠനക്കുറിപ്പിൽ നാം ചർച്ച ചെയ്തത്. ആദിമസഭയുടെ വളർച്ചയുടെ ആദ്യഘട്ടത്തിലെ നിർണ്ണായകമായ ചില മുഹൂർത്തങ്ങളാണ് ഈ പഠനക്കുറിപ്പിൽ വിശദീകരിക്കുവാൻ ആഗ്രഹിക്കുന്നത്. അംഗസംഖ്യയിലും വ്യാപ്തിയിലുമുള്ള സഭയുടെ വളർച്ച, അതിനിടയിലുണ്ടാകുന്ന സംഘർഷപൂരിതമായ നിമിഷങ്ങൾ, വെല്ലുവിളികൾ, അവയെ അഭിമുഖീകരിക്കുകയും അതിജീവിക്കുകയും ചെയ്യുന്ന രീതികൾ, ഇവയെല്ലാം നമുക്ക് ഇന്നും വിലപ്പെട്ട പാഠങ്ങളാണ് നൽകുന്നത്. ഓരോ നീക്കങ്ങളിലും നിമിഷങ്ങളിലും **പരിശുദ്ധാത്മാവിന്റെ** നിർദ്ദേശവും നിയന്ത്രണവും നേതൃത്വവും നിതരാം വ്യക്തമത്രെ. ഉത്ഥിതനായ യേശു തന്റെ ശിഷ്യന്മാർക്ക് നൽകുന്ന വാഗ്ദാനം നിറവേറ്റുന്നത് ഇവിടെ നമുക്ക് നോക്കിക്കാണുവാൻ സാധിക്കും. "ഇതാ എന്റെ പിതാവിന്റെ വാഗ്ദാനം നിങ്ങളുടെ മേൽ ഞാൻ അയയ്ക്കുന്നു, ഉന്നതത്തിൽ നിന്നുള്ള ശക്തി." (ലൂക്കോസ് 24/49). അതായിരുന്നു യേശു നല്കിയ വാഗ്ദാനം. പഴയനിയമത്തിൽ യാഹ്‌വേ ഇസ്രായേലിനെ നയിച്ചതുപോലെ പുതിയനിയമത്തിൽ പരിശുദ്ധാത്മാവ് വിശ്വാസികളുടെ സമൂഹത്തെ നയിക്കുന്ന അത്ഭുതാവഹമായ കാഴ്ചയാണ് നാം കാണുക.

**ആദിമസഭയിൽ നിന്നു പഠിക്കുന്ന രണ്ടുപാഠങ്ങൾ**

പ്രധാനമായി രണ്ട് പാഠങ്ങൾ നാമിവിടെ പഠിക്കുന്നു:

(1) ആദിമസഭ പ്രശ്നങ്ങളെ അഭിമുഖീകരിച്ചതെങ്ങനെ?

(2) അവർ പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിനും നിമന്ത്രണത്തിനും വിധേയരായതെങ്ങനെ?

ആദിമസഭയിലെ വിശ്വാസികളും നമ്മെപ്പോലെതന്നെ ബലഹീനതകളുള്ള മനുഷ്യരായിരുന്നു എന്ന അറിവ് നമുക്ക് ആശ്വാസപ്രദമത്രെ. കാരണം മദ്ധ്യയുഗങ്ങൾ പ്രദാനം ചെയ്ത പരിശുദ്ധിയുടെ പരിവേഷത്തോടുകൂടി മാത്രമാണ് മിക്കപ്പോഴും നാമവരെ കണ്ടിട്ടുള്ളത്. യാതൊരു കുറവും തീണ്ടാത്തവരും, ദൈവത്തോടും മനുഷ്യരോടും ഒരുപോലെ സ്നേഹത്തിൽ ഐക്യപ്പെട്ടിരുന്നവരും, തങ്ങൾക്കുള്ളതെല്ലാം ഔദാര്യത്തോടും ഔത്സുക്യത്തോടും കൂടി പങ്കുവയ്ക്കുന്നവരുമായിട്ടാണ് നാമവരെ കരുതിയിരുന്നത്. തീർച്ചയായും അപ്പസ്തോല പ്രവൃത്തികൾ ചിത്രീകരിക്കുന്ന **പങ്കുവയ്ക്കൽ മാതൃക** എക്കാലത്തും എവിടെയും ജീവിക്കുന്ന ഓരോ ക്രൈസ്തവനും സ്വന്തമാക്കി തീർക്കേണ്ട ഒന്നാണെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ ഈ അദ്ധ്യായങ്ങളിൽ ചിത്രീകരിച്ചിരിക്കുന്ന ആകുലതകളുടെയും തർക്കങ്ങളുടെയും കാര്യം

www.malankaralibrary.com

നമുക്ക് തള്ളിക്കളയാനോ അവഗണിക്കാനോ പറ്റുകയില്ല. യഥാതഥമായി അവയെ നോക്കിക്കാണുന്നതിലൂടെ നമുക്കാവശ്യമായ വിലപ്പെട്ട പല പാഠങ്ങളും പഠിക്കുവാൻ സാധിക്കും. മാത്രമല്ല, അനഭികാമ്യമായ അത്തരം സംഭവങ്ങൾ അന്നത്തെ സമൂഹത്തിൽ നടന്നു എന്ന വസ്തുത ചൂണ്ടിക്കാണിക്കുവാൻ സഭാസമൂഹവും, അത് രേഖപ്പെടുത്തുവാൻ ഗ്രന്ഥകാരനായ ലൂക്കോസും കാണിച്ച സത്യസന്ധത കണക്കിലെടുക്കേണ്ട ഒരു കാര്യവുമാണ്. ചരിത്രഗതിയിൽ സമാനമായ സാഹചര്യങ്ങൾ സഭയ്ക്ക് അഭിമുഖീകരിക്കേണ്ടതുണ്ട്. പ്രശ്നങ്ങളെ പരിഹരിക്കുവാൻ അവർ ഉപയോഗിച്ച ആയുധങ്ങൾ **സത്യസന്ധതയും സ്നേഹവുമായിരുന്നു**. ഇവ പരിശുദ്ധാത്മാവിനോടുള്ള തുറവിയിൽ നിന്ന് ലഭിക്കുന്ന മനോഭാവങ്ങളാണ്. എന്നും ഈ തുറവി കാത്തുസൂക്ഷിക്കുകയാണ് ക്രൈസ്തവ സമൂഹങ്ങളുടെ കടമ; ഓരോ ക്രൈസ്തവന്റെയും കടമ. പരിശുദ്ധാത്മാവിനോടുള്ള വിധേയത്വത്തിൽ നിരന്തരം വളരുമ്പോൾ മാത്രമേ ഈ മനോഭാവങ്ങൾ ആർജ്ജിക്കുവാൻ ആർക്കും കഴിയുകയുള്ളൂ. ഈ മനോഭാവം സ്വായത്തമാക്കുവാൻ നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു.

**പ്രശ്നങ്ങളും പ്രതിവിധിയും:-**

വൈവിധ്യമാർന്ന സംസ്കാരങ്ങളുടെ സങ്കലനത്തിൽ വന്നുചേർന്നിട്ടുള്ളവയാണ് ഈ അപസ്വരങ്ങൾ. വിവിധ ജാതിയിലും വർഗ്ഗത്തിലും പെട്ടവരൊക്കെ ക്രൈസ്തവസമൂഹത്തിന്റെ അംഗങ്ങളായി മാറുമ്പോൾ തങ്ങളിൽ ചിലരെങ്കിലും ഒറ്റപ്പെട്ടു പോയതായിട്ടോ, അവഗണിക്കപ്പെട്ടതായിട്ടോ, വേറുകൃത്യത്തിനിരയായതായിട്ടോ അനുഭവപ്പെടാവുന്നതാണ്. ചിലപ്പോൾ തെറ്റായ തോന്നലാകാം; മറ്റു ചിലപ്പോൾ ആരോപണത്തിൽ കഴമ്പുണ്ടായേക്കാം. ഏതൊരു സമൂഹജീവിതത്തിലും വിഘ്നം കൂടാതെയുള്ള ഒഴുക്ക് എപ്പോഴും സാദ്ധ്യമായി എന്നു വരുകയില്ല. എന്തിന് സഭാസമൂഹത്തിന്റെ കാര്യം മാത്രം പറയുന്നു. കുടുംബജീവിതത്തിലും ഒന്നിച്ചു പ്രവർത്തിക്കുന്ന ഏത് രംഗങ്ങളിലും ഇതുതന്നെയല്ലേ സ്ഥിതി? പ്രശ്നങ്ങൾ ഉണ്ടായോ എന്നതല്ല, അവയോടുള്ള സമീപനം സമീചീനമായിരുന്നോ എന്നതാണ് പ്രശ്നം. **പ്രശ്നങ്ങൾ ഉണ്ടായപ്പോൾ ആദിമസഭയെന്താണ് ചെയ്തത് എന്ന് പരിശോധിക്കുകയാണിവിടെ** നാം ചെയ്യുന്നത്. പ്രശ്നങ്ങളോട് നിഷേധാത്മകമായ നിലപാട് പുലർത്തുക എളുപ്പമാണ്; പക്ഷേ അത് പരിഹാരമാകയില്ല. കണ്ണടച്ച് ഇരുട്ടാക്കുന്നത് തല്ക്കാലം എളുപ്പമായേക്കാം; പക്ഷേ അത് പ്രശ്നത്തിന് ഒരിക്കലും പരിഹാരമാകയില്ല. 'കാലം സകല വേദനകളും പൊറുപ്പിക്കും' എന്നു പറഞ്ഞ് കാത്തിരിക്കുന്നതും ശരിയായ സമീപനമായിരിക്കയില്ല. പിന്നെന്തു ചെയ്യണമെന്ന് ചോദിക്കുമ്പോൾ ആണ്, ആദിമസഭയുടെ മാതൃകയിലേക്ക് തിരിഞ്ഞു നോക്കുവാൻ നമുക്ക് പ്രേരണ ഉണ്ടാകുന്നത്. അവരെപ്പോലെ നാമും എല്ലാറ്റിനുമുപരിയായി **സ്നേഹത്തിനും സാഹോദര്യത്തിനും പ്രാധാന്യം കൊടുക്കണം; ഐക്യത്തിനുവേണ്ടി ശ്രദ്ധിക്കണം.** എന്തു വിലകൊടുത്തും തങ്ങളുടെ സമൂഹത്തിന്റെ ഐക്യം നിലനിർത്തുവാൻ അവർ ദത്തശ്രദ്ധരായിരുന്നു. അവർ ഉപയോഗിച്ച ആയുധങ്ങൾ നാം നേരത്തെ കണ്ടതുപോലെ സത്യസന്ധതയും സ്നേഹവുമായിരുന്നു. പരിശുദ്ധ അപ്പസ്തോലന്മാരാൽ നയിക്കപ്പെട്ട ഒന്നാം നൂറ്റാണ്ടിലെ ആദിമസഭയിൽ തന്നെ, കലഹങ്ങളും പിറുപിറുപ്പുകളും പരാതികളുമുണ്ടായെങ്കിൽ എക്കാലവും അതൊക്കെ ഉണ്ടായേക്കാം. അവ

www.malankaralibrary.com

യോടുള്ള സമീപനങ്ങളിൽ മാറ്റമുണ്ടാകാതെ ശ്രദ്ധിക്കുക മാത്രമാണ് അതിന്റെ പരിഹാരമാർഗ്ഗം. ഇന്ന് നമ്മുടെ ശ്രദ്ധ തിരിയേണ്ടത് ഈ കാര്യത്തിലാണ്.

**ഗ്രീക്കുകാരും ഹെബ്രായരും:-**

"പ്രതിദിനമുള്ള സഹായ വിതരണത്തിൽ തങ്ങളുടെ വിധവകൾ അവഗണിക്കപ്പെടുന്നു എന്ന് ഗ്രീക്കുകാർ ഹെബ്രായർക്കെതിരെ പിറുപിറുത്തു" (അപ്പ. 6/1). ആറാമദ്ധ്യായത്തിന്റെ ആരംഭമിപ്രകാരമാണ്. ഗ്രീക്കുകാരും ഹെബ്രായരും തമ്മിലാണ് തർക്കമുണ്ടായിരുന്നത്. യഹൂദ സമുദായത്തിന്റെ ഒരു പരിഛേദം തന്നെയായിരുന്നു ആദിമ ക്രൈസ്തവ സമൂഹവും. യഹൂദന്മാർ രണ്ടു വിഭാഗങ്ങൾ ഉണ്ടായിരുന്നു. പലസ്തീനായിൽത്തന്നെ ജനിച്ചു വളർന്ന യഹൂദരും (ഇവരെ ഹെബ്രായർ എന്നുവിളിക്കുന്നു) പലസ്തീനായ്ക്ക് പുറത്ത് ഗ്രീസിലും റോമാസാമ്രാജ്യത്തിന്റെ വിവിധ പ്രവിശ്യകളിലും കുടിയേറിപ്പാർത്ത് അവിടവിടെ സ്ഥിരതാമസമാക്കിയ യഹൂദരും. പ്രധാനമായും വാണിജ്യലക്ഷ്യത്തോടെയാണ് അവർ കുടിയേറ്റം നടത്തിയിരുന്നത്. അവരുടെ സന്തതിപരമ്പരകളാണ് ഗ്രീക്ക് യഹൂദർ. അവർ പലസ്തീനായ്ക്ക് പുറത്ത് ജനിച്ചവരാണ്. പ്രവാസികൾ (Diasphora) എന്ന് അവരെ വിളിക്കാം. ജറുസലെമിൽ അവർക്കും സ്വന്തമായ സിനഗോഗുകളുണ്ടായിരുന്നു. അവിടെ വായിച്ചിരുന്നത് ഗ്രീക്കു ഭാഷയിലുള്ള പഴയ നിയമമായിരുന്നു. മതപരവും സാംസ്കാരികവുമായ ഭാഷയായിരുന്നു ഗ്രീക്ക്. റോമിന്റെ ഔദ്യോഗികഭാഷ ലത്തീൻ (ലാറ്റിൻ) ആയിരുന്നു. അത് നിയമ-ഭരണ ഭാഷയായിരുന്നു. ദേശഭേദമനുസരിച്ച് വീക്ഷണത്തിലും ചിന്താഗതിയിലും വ്യത്യാസം ഉണ്ടാകുക സ്വാഭാവികമാണല്ലോ. ഗ്രീക്ക് യഹൂദരുടെ കാഴ്ചപ്പാടുകളും ചിന്താശൈലിയും നാട്ടുകാരായ (ഹെബ്രായ) യഹൂദരുടേതിൽ നിന്നും സ്വാഭാവികമായും വ്യത്യസ്ഥമായിരുന്നു; വിശാലമായിരുന്നു. വിവിധ സംസ്കാരങ്ങളും ജനതകളും ഭാഷകളും മതങ്ങളും ഒക്കെയായി നിരന്തര സമ്പർക്കത്തിൽ കഴിഞ്ഞിരുന്ന അവർ വിശാലവീക്ഷണമുള്ളവരായിരുന്നു. പലസ്തീനായിൽ, മറ്റാരുമായും ഏറെ ബന്ധപ്പെടാതെ കഴിഞ്ഞിരുന്ന ഹെബ്രായർ, സങ്കുചിതമനസ്കരാകാൻ ന്യായമുണ്ട്. അന്നു മാത്രമല്ല ഇന്നും മനുഷ്യപ്രകൃതി ഏതാണ്ടങ്ങനെതന്നെ എന്ന് കാണാൻ സാധിക്കും.

**സങ്കുചിതത്വത്തെ മറികടക്കുക:-**

നാം എത്രയേറെ മറ്റുള്ളവരുമായി ബന്ധപ്പെടുന്നുവോ, എത്രയധികം മറ്റുള്ളവരെ മനസ്സിലാക്കാൻ ശ്രമിക്കുന്നുവോ, മറ്റുള്ളവരുടെ സന്തോഷങ്ങളിൽ പങ്കു ചേരുന്നുവോ, അവരുടെ ദുഃഖങ്ങളിൽ മനസ്സലിയുന്നുവോ – അത്രയധികം വിശാലമനസ്കരും ഉദ്ബുദ്ധചിന്താഗതിയുള്ളവരും മാനവീകത മുറ്റിയവരും ആയിത്തീരും, സംശയമില്ല. സങ്കുചിതത്വത്തിന്റെ പുറന്തോട് പൊട്ടിച്ച് പുറത്തു കടക്കുവാൻ ക്രിസ്ത്യാനികളായ നമുക്ക് കഴിയണം. ക്രിസ്തു അതാണ് ചെയ്തത്. എല്ലാ മനുഷ്യരെയും ഉൾക്കൊള്ളുവാൻ മാത്രം വിശാലമായിരുന്നു ആ ഹൃദയം. 'ലോകത്തിന്റെ അതിർത്തികളോളം പോകുവാൻ വിളിക്കപ്പെട്ട'വന് ലോകം മുഴുവൻ ഉൾക്കൊള്ളുവാൻ കഴിയണം. വിശുദ്ധന്മാർക്കും വിശ്വപൗരന്മാർക്കും അത് കഴിഞ്ഞിരുന്നു എന്ന് ഓർക്കാം. വിശാലമെന്ന് കരുതിയ ലോകം ഇന്ന് ചുരുങ്ങി ചുരുങ്ങി ഒരു ഗ്രാമം (global village) ആയിരിക്കയാണ്. ലോകത്തിന്റെ അങ്ങേ അതിർത്തിയിൽ നടക്കുന്ന ഒരു സംഭവം ഇങ്ങു നമ്മുടെ സ്വീകരണമുറിയിലും തത്സമയം കടന്നുവരുകയാണ്. ഇങ്ങനെ ലോകം ചുരുങ്ങുന്ന

www.malankaralibrary.com

തിനൊപ്പം നാം ചുരുങ്ങുകയല്ല വിശ്വത്തോളം വളരുകയാണാവശ്യം. **അതിന് പരിശുദ്ധാത്മാവിന്റെ കൃപയാവശ്യമാണ്.**

## വയറും മനസ്സും നിറയണം:-

എന്നാൽ ഇന്ന് മാനവീകരണം അപമാനവീകരണത്തിന് വഴിമാറുന്ന കാഴ്ചയാണെവിടെയും. പണ്ട് വേലികളായിരുന്നു. അതിനിടയിലൂടെ പാർശ്വവീക്ഷണമെങ്കിലും സാധ്യമായിരുന്നു. ഇന്ന് കോൺക്രീറ്റ് മതിൽക്കെട്ടുകളാണ്; ഫ്ളാറ്റ് സംസ്കാരമാണ്. ആരെയും ഒന്നിനെയും സ്വാഗതം ചെയ്യാൻ ആർക്കും മനസ്സില്ല, ഒട്ടും സമയവുമില്ല. കയ്യോ കാലോ വളരുന്നു എന്ന് ആറ്റുനോറ്റ് നോക്കിയിരുന്ന മാതാപിതാക്കന്മാരുടെ വാർദ്ധക്യത്തിൽ അവരോടു സ്നേഹമായി ഒന്നു സംസാരിക്കുവാൻ, അവർക്ക് കൊതി തീരെ ഒന്നു കാണുവാൻ, അവരുടെ മുത്തശ്ശിക്കഥകൾ ഒന്നു കേൾക്കുവാൻ, അവർക്ക് ഒരു സ്നേഹ സാന്ത്വനം പകർന്നു കൊടുക്കുവാൻ മക്കൾക്ക് ഒട്ടും സമയമില്ല. ഇന്ന് വൃദ്ധജനങ്ങളുടെ പ്രശ്നം തങ്ങളുടെ മക്കൾ – തങ്ങൾ ചോരയും നീരും നല്കി, മുണ്ടു മുറിക്കി ഉടുത്ത് കഞ്ഞിവെള്ളം മാത്രം കുടിച്ച് വറ്റ് വാരിക്കൊടുത്ത് വളർത്തിയ മക്കൾ – അമ്മച്ചീ എന്നും അപ്പച്ചാ എന്നും ഒന്നു വിളിച്ചിട്ടോ, അടുത്തിരുന്ന് സ്നേഹമായി അല്പസമയം കുശലം പറയുവാൻ അവസരം കണ്ടെത്തിയിട്ടോ കാലമേറെയായി എന്നതാണ്. പ്രശ്നം വയറു നിറയുന്നില്ലെന്നതല്ല, മനസ്സ് നിറയുന്നില്ല എന്നതാണ്. ഇന്ന് പൊതുവേ കണ്ടുവരുന്ന ഒരു പ്രതിഭാസമല്ലേ ഇത്? പണ്ടൊക്കെ മക്കൾ മാത്രമല്ല ഒരു ഡസൻ കൊച്ചുമക്കൾ എങ്കിലും വല്യപ്പച്ചന്റെയും വല്ല്യമ്മച്ചിയുടെയും അരികിൽ എപ്പോഴും ഉണ്ടാകുമായിരുന്നു. ഇന്നോ? ആണ്ടിലൊരിക്കലോ മൂവാണ്ടിലൊരിക്കലോ മൂന്നുദിവസം അടുത്തുണ്ടായാൽ ഭാഗ്യം. അപ്പോഴും ഭാഷയുടെ അതിർ വരമ്പുകൾ അവരുടെ മദ്ധ്യത്തിൽ കന്മതിൽ തീർക്കുകയായി! ഭാഷക്കതീതമായ സ്നേഹത്തിന്റെ ഭാഷ പകർന്നുകൊടുക്കുവാൻ നാം മടുത്തു പോകരുത്. യേശുവിന്റെ പഠിപ്പിക്കലുകളും ശ്ലീഹന്മാരുടെ വിശദീകരണക്കുറിപ്പുകളും ഇതുതന്നെയാണ്. **സ്നേഹത്തിലും ഹൃദയ വിശാലതയിലും** വളരുവാനും പരസ്പരാദരവിലും ബഹുമാനത്തിലും വളർത്തുവാനും നാം ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. അതിന്റെ പരിശീലനക്കളരിയാകണം **നമ്മുടെ ഭവനങ്ങളും നമ്മുടെ സഭായോഗങ്ങളും നമ്മുടെ പാഠശാലകളും.** കുറെക്കൂടി ശ്രദ്ധ ഈ കാര്യങ്ങളിൽ നമുക്ക് കൊടുക്കാം.

### അനുരൂപണം ആവശ്യം:-

ഗ്രീക്കുകാരും ഹെബ്രായരും എന്നതാണ് നമ്മുടെ പരിചിന്തന വിഷയം. ഗ്രീക്കുകാരായ യഹൂദരുടെ വിശാല വീക്ഷണത്തെയും ഉല്പതിഷ്ണുത്വത്തെയും പറ്റി വിവരിച്ചുവല്ലോ. നേരെമറിച്ച് നാട്ടുകാരായ – പലസ്തീനാനിവാസികളായ – യഹൂദർ ജറുസലെം ദേവാലയത്തോട് ഏറ്റം അടുത്ത് പെരുമാറിയിരുന്നവരാണ്. അവർ കൂടുതൽ യാഥാസ്ഥിതികരും പാരമ്പര്യവാദികളും ആയിരുന്നു. മാത്രമല്ല അവർ ജറുസലെം ദേവാലയത്തിന്റെ പാവനതയും അനന്യതയും ഊന്നിപ്പറഞ്ഞിരുന്നു. ശ്ലീഹന്മാരുടെ കാലത്ത് ക്രൈസ്തവസഭയിലേക്ക് ഈ രണ്ടു സമൂഹങ്ങളും കടന്നു വന്നിരുന്നു. ഗ്രീക്കുകാരായ ക്രിസ്ത്യാനികളും പലസ്തീനക്കാരായ (ഹെബ്രായരായ) ക്രിസ്ത്യാനികളും സഭയിൽ ഉണ്ടായിരുന്നു എന്ന് ചുരുക്കം. വീക്ഷണവ്യത്യാസമുള്ള രണ്ട് ഗ്രൂപ്പുകൾ ആദിമസഭയിൽ ഉണ്ടായിരുന്നതിന്റെ പശ്ചാത്തലം ഇതാണ്. സ്വാഭാവികമായും ആശയപ്പൊരുത്തമില്ലായ്മ ഉടലെടുക്കുവാനെളുപ്പമാണ്. സഭയുടെ 20 നൂറ്റാണ്ടുകളുടെ ചരിത്രത്തിൽ ഇതിന് ഏറെ ഉദാഹരണങ്ങൾ കാണാൻ കഴിയും. സാംസ്കാരികമായും ദൈവശാ

www.malankaralibrary.com

സ്ത്രപരമായുമുള്ള ഇത്തരം വൈജാത്യങ്ങളിൽ **അനുരുപണം** നടത്തുവാൻ പരാജയപ്പെട്ടപ്പോഴൊക്കെ സഭയിൽ കോളിളക്കങ്ങൾ ഉണ്ടായിട്ടുണ്ട്. പാശ്ചാത്യവും പൗരസ്ത്യവുമായ എത്രഎത്ര വടംവലികൾക്ക് സഭാചരിത്രം സാക്ഷ്യം നല്കുന്നു. അന്ത്യോഖ്യൻ (സുറിയാനി) സഭയും ബൈസന്റയിൻ സഭയും (ഗ്രീക്ക്) തമ്മിൽ, നീണ്ട പതിനൊന്നു നൂറ്റാണ്ടുകൾ, ആശയപരമായും ആവിഷ്കാരപരമായും മല്ലടിച്ചിട്ടുണ്ട്. കോളണി വാഴ്ചക്കാലത്ത് (15-ാം നുറ്റാണ്ടുമുതൽ) പാശ്ചാത്യവും പൗരസ്ത്യവും തമ്മിലായിരുന്നു ഈ മല്പിടുത്തം. ചരിത്രത്തിലെ സ്ഥിരം പ്രതിഭാസമാണിത്.

**അവഗണനയല്ല പരിഗണനയാണാവശ്യം:-**

"പ്രതിദിനമുള്ള സഹായവിതരണത്തിൽ തങ്ങളുടെ വിധവകൾ **അവഗണിക്കപ്പെടുന്നുവെന്ന്** ഗ്രീക്കുകാർ ഹെബ്രായർക്കെതിരെ പിറുപിറുത്തു." (അപ്പ. 6/1). റേഷൻ വിതരണ സമ്പ്രദായത്തിൽ തിരിമറിയും 'കുംഭകോണവും' നടന്നു എന്നും, എന്തോ അപാകത ഉണ്ടായി എന്നും അപ്പസ്തോല പ്രവർത്തനങ്ങളിൽ കാണുന്ന പരാതി, സഭാസമുഹത്തിലെ പിരിമുറുക്കത്തിന്റെ ബാഹ്യലക്ഷണമത്രെ. പരാതി ഉണ്ടായി എന്നതിലല്ല, അതിനോട് അപ്പസ്തോലന്മാർ പ്രതികരിച്ചതെങ്ങനെയാണെന്നാണ് നാം ശ്രദ്ധിക്കേണ്ടത്. പരാതികൾ ഉണ്ടാകുക സ്വാഭാവികമാണ്. അത് ലോകത്തെവിടെയായാലും ഉണ്ടാകും. ഏത് രാഷ്ട്രത്തിലും ഉണ്ടാകാം. ഏത് സമുഹത്തിലും ഉണ്ടാകാം. ഏത് സഭയിലും ഉണ്ടായെന്നു വരാം. (അല്ല, ഏതു സഭയിലാണ് ഇന്ന് പരാതികൾ ഇല്ലാത്തത്?)

ജനകീയാസുത്രണത്തെപ്പറ്റി ഈ ദിവസങ്ങളിൽ മാദ്ധ്യമങ്ങളിൽ വരുന്ന പ്രസ്താവനകളും വാർത്തകളും നാം ശ്രദ്ധിക്കുന്നുണ്ടല്ലോ. ധുർത്തും ക്രമക്കേടും ഏറെ-എന്നാണ് പദ്ധതി അവലോകന യോഗത്തിൽ ആസുത്രണബോർഡംഗം തന്നെ പ്രസ്താവിച്ചത്. പരാതികളെ എങ്ങനെ നേരിടുന്നു, ഏതു സമീപനം സ്വീകരിക്കുന്നു എന്നതാണ് പ്രധാനം. അതാണ് നാം ശ്രദ്ധിക്കേണ്ടത്. അപ്പസ്തോലന്മാരിൽ നിന്നും ആദിമസഭയിൽ നിന്നും നമുക്ക് പഠിക്കാനുള്ള പാഠം അതാണ്. ആവലാതിക്കാരോട് പക്ഷം ചേർന്ന് നിലവിലിരുന്ന **വിടവ് വലുതാക്കാനല്ല** അവർ ശ്രമിച്ചത്. ഇത്തരം നിസ്സാര കാര്യങ്ങളിൽ തങ്ങൾക്ക് യാതൊരു താല്പര്യവുമില്ല, ഇത് തങ്ങളെ ബാധിക്കുന്നതേ അല്ല എന്ന **നിസ്സംഗതാ മനോഭാവവുമല്ല**. മറിച്ച് ഇത് സഭയിലെ പ്രശ്നമാണെന്നും, ഇത് തങ്ങളുടെയും പ്രശ്നമാണെന്നും, ഇത് പരിഹരിക്കേണ്ട പ്രശ്നമാണെന്നും അവർ മനസ്സിലാക്കി. പ്രശ്നം അവർ ഏറ്റെടുത്തു, കണ്ണടച്ചില്ല. സഭയിൽ ഐക്യമത്യം നിലനിർത്തുവാൻ ശ്രദ്ധിക്കേണ്ടതുണ്ടെന്ന് അപ്പസ്തോലന്മാർ (സഭാനായകന്മാർ) ഗ്രഹിച്ചു. സഭയുടെ സുഗമമായ വളർച്ചക്ക് തങ്ങളുടെ **പ്രാർത്ഥനാപൂർവ്വവും സുചിന്തിതവുമായ ഇടപെടൽ** വേണമെന്ന് അവർ മനസ്സിലാക്കി. പലപ്പോഴും നമുക്കില്ലാതെ പോകുന്നത് ഈ മനോഭാവമല്ലേ?

**അധികാരവികേന്ദ്രീകരണം - ഒരു ചൂണ്ടുപലക:-**

അപ്പസ്തോലന്മാർ ചെയ്തത് എന്താണെന്ന് ശ്രദ്ധിച്ചാലും. പരാതിക്കാരും ഗ്രീക്കുകാരുമായ (പ്രവാസികളായ) യഹുദ ക്രിസ്ത്യാനികളിൽ നിന്നുതന്നെ, അവർക്ക് സുസമ്മതരായ 7 ശുശ്രുഷകരെ കണ്ടുപിടിച്ച്, ജനായത്തപരമായി തെരഞ്ഞെടുക്കുവാൻ അവസരം നല്കി. ഇത് അപ്പസ്തോലന്മാരുടെ (സഭാ നേതാക്കന്മാരുടെ) പക്ഷത്തു നിന്നുണ്ടായ വളരെ വിശാലമായ ഒരു കാഴ്ചപ്പാടിന്റെ പ്രകടനമാണ്. അധികാരം തങ്ങൾക്ക് സ്വന്തമായി കയ്യടക്കി വെക്കാനുള്ളതല്ലെന്നും, അത് പങ്കുവെയ്ക്കപ്പെടാനു

www.malankaralibrary.com

ള്ളതാണെന്നും അവർ കരുതി. മാത്രമല്ല സഭയുടെ വളർച്ചക്കും, നിലനില്പിനു തന്നെയും ഈ **അധികാരവികേന്ദ്രീകരണം** ആവശ്യമാണെന്ന് അവർ ഗ്രഹിച്ചതായി വേണം മനസ്സിലാക്കുവാൻ. തങ്ങളുടെ സ്വന്തതാല്പര്യങ്ങൾ നിലനിർത്തുക എന്നതിനേക്കാൾ, സഭയുടെ ഐക്യം നിലനിർത്തുകയാണ് പ്രധാനം എന്നു അവർ നന്നായി മനസ്സിലാക്കിയിരുന്നു. സഭയുടെ ഉത്തമ താല്പര്യമല്ലാതെ 'സ്വന്ത'മെന്ന് പറയാൻ ഒരു താല്പര്യം അവർക്കില്ലായിരുന്നു. ഒരു 'ഹിഡൺ അജണ്ട' അവർക്കുണ്ടായിരുന്നില്ല. ഐക്യം നിലനിർത്തുവാനുള്ള അന്തരീക്ഷം സൃഷ്ടിക്കുക ആവശ്യമാണെന്ന് അവർ കരുതി. ഇവിടെയാണ് പരിശുദ്ധാത്മാവ് കൈപിടിച്ച് അവരെ നയിക്കുന്നതും അവർ ആത്മാവിന് വിധേയത്വവും വഴക്കവും ഉള്ളവരായി മാറുന്നതും.

**പ്രശ്നങ്ങളെ നേരിടേണ്ട വിധം:-**

കുടുംബത്തിലും സംഘടനയിലും സഭയിലും സമുഹത്തിലും ഒക്കെ പ്രവർത്തിക്കുമ്പോൾ ഈദൃശമായ പ്രശ്നങ്ങളെ പലപ്പോഴും അഭിമുഖീകരിക്കേണ്ടി വന്നേക്കാം. അതിൽ നിന്നൊഴിഞ്ഞു മാറാൻ ആർക്കും ആവില്ല. പ്രശ്നങ്ങളെ നേരിടുകതന്നെ വേണം. പക്ഷേ അത് **ആത്മാഭിഷേകം പ്രാപിച്ച വ്യക്തികളായി വേണ**മെന്നു മാത്രം. നമ്മുടെ പ്രവർത്തനശൈലി ഏതു തരത്തിലുള്ളതാണ്, ഏതു ലക്ഷ്യത്തിനുവേണ്ടിയാണ് എന്ന് നിരന്തരം പരിശോധനാവിഷയമാക്കണം. നമ്മുടെ വ്യക്തിപരമായ മേന്മയ്ക്കുവേണ്ടിയാണോ, നേട്ടത്തിനുവേണ്ടിയാണോ അതോ സമുഹത്തിന്റെ മേന്മയ്ക്കും നന്മയ്ക്കും, കെട്ടുറപ്പിനും വളർച്ചക്കും വേണ്ടിയാണോ? എന്നു പരിശോധിച്ചു നോക്കേണ്ടതാണ്. നമ്മുടെ ആവലാതികളെക്കാൾ സമുഹത്തിന്റെ നന്മയ്ക്ക് പ്രാധാന്യം കൊടുക്കണം.

**സ്തേഫാനോസിന്റെ ധീരത:-**

അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളോട് സമാനമായ ഒരു ശൈലിതന്നെയാണ് സാമാജികന്മാരായ – തെരഞ്ഞെടുക്കപ്പെട്ടവരായ – ഡീക്കന്മാരും (ശുശ്രുഷകന്മാരും) അനുവർത്തിച്ചിരുന്നതെന്ന് കാണാൻ സാധിക്കും. ഇതിന്റെ പ്രകടവും പ്രത്യക്ഷവുമായ ഉദാഹരണമാണ് തെരഞ്ഞെടുക്കപ്പെട്ട 7 പേരിൽ ഒരാളായ സ്തേഫാനോസിന്റെ വാക്കുകളും ജീവിതവും. സ്തേഫാനോസിന്റെ പ്രസംഗത്തിൽ നിന്ന് ഇക്കാര്യം നമുക്കനുമാനിക്കാം. അപ്പസ്തോല പ്രവർത്തനങ്ങളിൽ വിവരിച്ചിട്ടുള്ള 13 പ്രസംഗങ്ങളിൽ ദൈർഘ്യമേറിയ പ്രസംഗം സ്തേഫാനോസിന്റേതാണ് (അപ്പ. 7). 60 വാക്യങ്ങളിൽ നിരന്നു നിൽക്കുന്ന വീക്ഷണവും, നിറഞ്ഞു നില്ക്കുന്ന ചൈതന്യവും ഇത് പ്രകടമാക്കുന്നു. അബ്രഹാമിന്റെ തെരഞ്ഞെടുപ്പുമുതൽ (ഉല്പത്തി 11-ാം അദ്ധ്യായം) രക്ഷകനായ യേശുവിന്റെ കുരിശുമരണം വരെയുള്ള രക്ഷാകരചരിത്രത്തിന്റെ ഒരു നഖചിത്രമാണു നമുക്കിവിടെ ലഭിക്കുന്നത്. പ്രവാചക ധീരതയാണ് ഇവിടെ പ്രകടമാകുക; ബോദ്ധ്യം ലഭിച്ച ഒരു പടയാളിയുടെ ആത്മാർത്ഥതയാണ് ഇവിടെ കാണുക. പരിശുദ്ധാത്മശക്തി പ്രാപിച്ച ഒരു ധീരരക്തസാക്ഷിയുടെ ചങ്കുറ്റമാണ് ഇവിടെ അനാവരണം ചെയ്യപ്പെടുക.

യുദമതവും ക്രൈസ്തവമതവും തമ്മിലുള്ള വ്യത്യാസങ്ങൾ എത്രയും സ്പഷ്ടമായി അദ്ദേഹം മനസ്സിലാക്കിയിരുന്നു. ദൈവത്തിന്റെ വിളിയും ഉടമ്പടിയും യഹൂദന്മാർക്ക് ഉണ്ടായിരുന്നു. അവർക്ക് ലഭിച്ചതിനെക്കാൾ വലുതും വിശാലവും ശ്രേഷ്ഠവുമായ വിളിയും തെരഞ്ഞെടുപ്പുമാണ് ക്രൈസ്തവരുടേത് എന്ന് അദ്ദേഹം സ്ഥാപിക്കുകയാണ്. വാസ്തവത്തിൽ സ്തേഫാനോസിൽ നാം കാണുന്നത് **സഭയുടെ സാർവ്വ**

www.malankaralibrary.com

ത്രികതയാണ്. സുരക്ഷിത മേഖലകളിൽ വ്യാപരിക്കുവാൻ താരതമ്യേന എളുപ്പമായിരിക്കാം. എന്നാൽ ആവശ്യമായി വന്നാൽ ആ സുരക്ഷിതത്വത്തെ ദൂരെയെറിഞ്ഞ്, ദൈവ വിളിയിൽ ഉറച്ച് നിന്ന്, ദൈവരാജ്യത്തിന്റെ അതിരില്ലാത്ത വിശാലതയിലേക്ക് ഇറങ്ങിപ്പുറപ്പെടുവാൻ അദ്ദേഹം ആഹ്വാനം നടത്തുന്നത് കാണുവാൻ നമുക്ക് സാധിക്കും. **സഭ എക്കാലവും അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത് ഇപ്രകാരമുള്ള ഒരു വെല്ലുവിളിയെയാണ്.** അതായത് സുകരവും സുഖദവുമായ സുരക്ഷിതത്വം ഒരു വശത്ത്. അരക്ഷിതവും അസ്തിരവും അസ്വസ്തവും അസുഖകരവുമായ ഒരവസ്ഥ മറുവശത്ത്.

**സുരക്ഷിതത്വത്തിന്റെ അവസ്ഥ = സങ്കുചിതത്വത്തിന്റെ അവസ്ഥ:-**

ആദ്യത്തെ അവസ്ഥ സുരക്ഷിതത്വത്തിന്റെതെങ്കിലും സങ്കുചിതത്വം മുറ്റി നില്ക്കുന്നതാണ്. രണ്ടാമത്തേതാകട്ടെ അരക്ഷിതമെങ്കിലും അപരിമിതമായ ഒരവസ്ഥയാണ്. ഇവിടെ ഒരു തെരഞ്ഞെടുപ്പ് ആവശ്യമായി വരുന്നു. സുരക്ഷിതമായ സങ്കുചിതത്വത്തിന്റെ അവസ്ഥയാണോ ഒട്ടും സുരക്ഷിതമല്ലാത്ത അപരിമിതത്വത്തിന്റെ (വിശാലതയുടെ) അവസ്ഥയാണോ നാം തെരഞ്ഞെടുക്കുന്നത് എന്നതാണ് പ്രശ്നം. ഇതിൽ ഒന്ന് തെരഞ്ഞെടുത്തേ മതിയാകൂ. ഈ തെരഞ്ഞെടുപ്പ് സ്ഥായിയായ ഒന്നായിരിക്കണം, ദിനം തോറും അതിൽ ഉറച്ചു നില്ക്കുകയും വേണം. **ഈ വെല്ലുവിളിയെ സഭ എന്നും അഭിമുഖീകരിച്ചേ മതിയാകൂ.** ഓരോ സഭാംഗവും അഭിമുഖീകരിച്ചേ മതിയാകൂ. അതിന് നാം സന്നദ്ധരാണോ? അതിന് സഭ തയ്യാറാണോ? ആദിമസഭയും അപ്പസ്തോലസമൂഹവും ആ വെല്ലുവിളി ഏറ്റെടുക്കുവാൻ തയ്യാറാകുന്നതാണ് അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളിൽ നാം കാണുന്നത്. **അവർ വെല്ലുവിളികൾ ഏറ്റെടുത്തു; അവർ സുരക്ഷിതത്വം വിട്ടുപേക്ഷിക്കാൻ സന്നദ്ധരായി. നാമതിന് സന്നദ്ധരാണോ?**

**സ്ഥാപനവല്കരണത്തിന്റെ പ്രലോഭനം:-**

സ്ഥാപനവല്കരിക്കപ്പെടുവാനുള്ള ശക്തമായ പ്രവണത മനുഷ്യ സ്വഭാവത്തിൽതന്നെ അലിഞ്ഞു ചേർന്നിട്ടുള്ളതാണെന്നു വേണം കരുതുവാൻ. നായാടിയും നാടോടിയുമായ മനുഷ്യൻ പട്ടണവും ചുറ്റുമതിലും അതിനു ഗോപുരവും പണിത് തമ്പടിച്ചു താമസിക്കുന്നതിന്റെ ഒരു ചിത്രം ഉല്പത്തിയുടെ 11-ാം അദ്ധ്യായത്തിൽ കാണുന്നുണ്ടല്ലോ. "അല്ലെങ്കിൽ നാം ഭൂമുഖത്താകെ ചിന്നിച്ചിതറിപ്പോകും" (ഉല്പത്തി 11/4). ചിതറിപ്പോകുമെന്ന ഭയം അവരെ വളർച്ചയുടെ ഒരു ഘട്ടത്തിൽ അസ്വസ്തരാക്കി. ലോകം മുഴുവൻ പടർന്നു പന്തലിക്കുവാനുള്ള ത്വര അവർക്കില്ലാതെപോയി. ദൈവികപദ്ധതിയെ അവർ വെല്ലുവിളിക്കയാണ്, ഒരു പക്ഷേ ബോധപൂർവ്വമല്ലെങ്കിലും. അവിടെ ദൈവിക ഇടപെടൽ ആവശ്യമായി വരുന്നു. "**അങ്ങനെ കർത്താവ് അവരെ ഭൂമുഖത്തെല്ലാം ചിതറിച്ചു....** അവിടെവെച്ചാണ് കർത്താവ് ഭൂമിയിലെ ഭാഷ ഭിന്നിപ്പിച്ചതും അവരെ നാടാകെ ചിതറിച്ചതും" (ഉല്പത്തി 11/9). അതുകൊണ്ടാണ് ആ സ്ഥലത്തിന് ബാബേൽ എന്നു പേരുണ്ടായത്. ഭാഷകളെ ഒന്നിപ്പിക്കുന്ന ഭാഷാവരത്തിന്റെ അനുഭവമുണ്ടായ പെന്തിക്കുസ്തായിലെ സെഹിയോൻ മാളിക 'രണ്ടാം ബാബേലായി' തീർന്നു. അവിടെ ഭാഷകൾ വീണ്ടും ഒന്നിക്കുന്ന 'ഭാഷാ സമ്മേളനം' നടക്കുന്നു. എന്നാൽ വീണ്ടും ജറുസലേമിൽത്തന്നെ ആയിരിക്കണമെന്നത് ദൈവികപദ്ധതി ആയിരുന്നില്ല. പരിശുദ്ധാത്മാവിനെ പ്രാപിച്ചുകഴിഞ്ഞ് അവർ യൂദ

www.malankaralibrary.com

യായിലും സമരിയായിലും ലോകാതിർത്തികളോളം – സകല ജനപദങ്ങളുടെ സമീപത്തേയ്ക്കും – പോകണമെന്നതായിരുന്നു നിർദ്ദേശം. അത് മറന്നുപോയ ഒരു ഘട്ടമായി ഈ അവസ്ഥയെ കരുതാം. അതാണ് സ്ഥാപന വല്ക്കരണത്തിന്റെ പ്രലോഭനം.

**പ്രവാസിയായ മനുഷ്യൻ:–**

യഹൂദ – ക്രൈസ്തവ ദർശനമനുസരിച്ച് **മനുഷ്യൻ സ്ഥിരവാസിയല്ല, പ്രവാസിയാണ്.** അവൻ കുടാരവാസിയും തീർത്ഥാടകനുമാണ്. ഈജിപ്തിൽ ഫറവോയുടെ അടുക്കൽ എത്തിപ്പെട്ട ഗോത്രപിതാക്കന്മിൽ മുന്നാമനായ യാക്കോബിനോട് ഫറവോ ചോദിക്കുകയാണ്, നിങ്ങൾക്ക് വയസ്സെത്രയായി? "എന്റെ **ദേശാന്തരവാസകാലം** 130 വർഷമായിരിക്കുന്നു..... എന്റെ പിതാക്കന്മാരുടെ ദേശാന്തരവാസകാലത്തോളമായിട്ടില്ല" (ഉൽപത്തി 47/9) എന്നാണ് യാക്കോബിന്റെ മറുപടി. സങ്കീർത്തകൻ പറയുന്നത് ശ്രദ്ധിക്കുക: "**തീർത്ഥാടകനായി** ഞാൻ പാർക്കുന്നിടത്ത് അങ്ങയുടെ പ്രമാണങ്ങളായിരുന്നു എന്റെ ഗാനം" (സങ്കീ. 119/54)

"കുടാരവാസികളാകും നമുക്കിന്നു
വീടെന്നോ നാടെന്നോ ചൊൽവാനെന്ത്?"

ഇത് ക്രിസ്തീയ മനോഭവത്തിന്റെ അടിത്തറയാകണം. "ഒരുവൻ ക്രിസ്തുവിലായാൽ അവൻ ഒരു പുതിയ സൃഷ്ടിയത്രെ." കുടാരം സ്ഥിരമായ ഒരു സംവിധാനമല്ലല്ലോ. അസ്ഥിരതയുടെ അടയാളമാണത്; ചലനാത്മകതയുടെ പ്രതീകമാണ്; താല്ക്കാലികതയുടെ പര്യായവും. എന്നാൽ കഷ്ടമെന്നു പറയട്ടെ **ദേശാന്തരവാസം നടത്തുന്നവനും, കുടാരവാസിയും, തീർത്ഥാടകനുമായ മനുഷ്യൻ** ഈ ഭുമിയിൽ നിലനില്ക്കുന്ന പട്ടണം പണിയുവാനും (ബാബേൽ) ചിരപ്രതിഷ്ഠ നേടുവാനും ഉള്ള തത്രപ്പാടിലാണ്. ഈ പ്രലോഭനത്തെ സഭയ്ക്ക് എക്കാലവും അഭിമുഖീകരിക്കുവാനുണ്ട്. ഈ വെല്ലുവിളിയെ എന്നും നേരിടേണ്ടതായുണ്ട്. ഈ സ്ഥാപനവല്ക്കരണത്തെ ശ്രദ്ധിക്കേണ്ടതുണ്ട്. ഈ 'ബാബേൽ മനോഭാവ'ത്തിനെതിരേ ജാഗ്രത പുലർത്തേണ്ടതുണ്ട്.

ഏതാനും ഉദാഹരണങ്ങൾ കൊണ്ട് സ്തേഫാനോസ് ഈ സത്യം വിശദീകരിക്കുന്നതായി നമുക്ക് കാണാം. "നമ്മുടെ പിതാവായ അബ്രഹാമിന് മഹത്വത്തിന്റെ ദൈവം പ്രത്യക്ഷനായി അവനോട് പറഞ്ഞു: നിന്റെ നാട്ടിൽ നിന്നും ബന്ധുക്കളിൽ നിന്നും **നീ പുറപ്പെട്ട്** ഞാൻ കാണിച്ചുതരുന്ന ദേശത്തേക്ക് പോവുക. അവൻ കൽദായദേശത്ത് നിന്ന് **ഹാരാനിൽ** താമസമാക്കി. പിതാവിന്റെ മരണത്തിനു ശേഷം അവിടെനിന്ന് നിങ്ങളിപ്പോൾ വസിക്കുന്ന **ഈ ദേശത്തേക്ക്** ദൈവം അവനെ കൊണ്ടുവന്നു. എങ്കിലും, അവിടുന്ന് അവന് ഒരവകാശവും, ഒരടി സ്ഥലംപോലും, കൊടുത്തില്ല..... യാക്കോബ് **ഈജിപ്തിലേക്ക്** പോയി. ഈജിപ്തിലെ രാജാവായ ഫറവോയുടെ മുമ്പിൽ ജോസഫ് ചെല്ലുന്നു...... ഇത് കേട്ട് മോശ **മിദിയാനിലേക്ക്** ഓടിപ്പോയി. അവിടെ പരദേശിയായി ജീവിച്ചു...... വീണ്ടും ഈജിപ്തിലേക്ക് അവരുടെ അധികാരിയും വിമോചകനുമാക്കി അയച്ചു. ഈജിപ്തിലും ചെങ്കടലിലും നാല്പതു വർഷം **മരുഭൂമിയിലും** അവൻ അവരെ നയിച്ചു..... **ബാബിലോണിനും** അപ്പുറത്തേക്ക് ഞാൻ ഇസ്രായേലിനെ നാടുകടത്തും..... (അപ്പ. 7/2-53). നോക്കണേ ഒരിടത്തും ഒരു വിശ്രമമനുവദിക്കുന്നില്ല. അനുസ്യൂതമുള്ള പ്രയാണമാണ്, തീർത്ഥാടനമാണ്, സഞ്ചാരമാണ് അവർക്ക് ദൈവം വിധിക്കുന്നത്. **മനുഷ്യൻ പ്രവാസിയാണ്.**

വാസ്തവത്തിൽ സ്വസ്ഥമായിരിക്കുവാൻ ദൈവം അവരെ അനുവദിച്ചില്ലെന്നതാണ് സത്യം. സ്ഥിരമായി പട്ടണം പണിത് പാർക്കുവാൻ അവരെ അനുവദിച്ചില്ല. കാരണം

www.malankaralibrary.com

സ്വസ്ഥമായി സുഖാലസ്യത്തിൽ ഇരുന്നപ്പോഴൊക്കെ അവർ ദൈവത്തിൽ നിന്നകന്ന് യാത്ര ചെയ്യുകയായിരുന്നു! ദൈവത്തെ വിസ്മരിച്ച് തങ്ങളുടെ സ്വന്തവഴിയേ പോകുകയായിരുന്നു! കെട്ടിക്കിടക്കുന്ന സംഭരണിയിലെ ജലമെന്നപോലെ അവർ മലിനമായിത്തീർന്നു എന്നതാണ് ചരിത്രത്തിന്റെ നാൾവഴി നോക്കുമ്പോൾ കാണുന്നത്. 'നദി ഒഴുകിയും സാധകൻ സഞ്ചരിച്ചും അതിന്റെ വിശുദ്ധി നിലനിർത്തുന്നു' എന്നാണ് ചൊല്ല്. തീർത്ഥാടകനായ മനുഷ്യൻ സാധകന്റെ സഞ്ചാരം തുടരണം. അതാണവന്റെ ശുദ്ധീകരണ മാർഗ്ഗം. അവൻ സ്വസ്തതയുടെ സങ്കേതം വിട്ടുപുറത്തു വരണം. സുരക്ഷിതത്വത്തിന്റ താവളം വിട്ടുപോകുവാൻ തയ്യാറാകണം. അവൻ ലോകാതിർത്തികളോളം സഞ്ചരിക്കണം.

**ജറുസലെം – സ്ഥാപനവല്കരണത്തിന്റെ മുർത്തരൂപം:-**

സ്ഥാപനവല്ക്കരണത്തിന്റെ മകുടോദാഹരണമായിരുന്നു ജറുസലെം ദേവാലയം. ജറുസലെം ദേവാലയത്തെയും പട്ടണത്തെയും ചുറ്റിയാണ് യഹുദന്മാരുടെ ജീവിതം – മതജീവിതം മാത്രമല്ല സാമുഹ്യജീവിതവും സാംസ്കാരിക ജീവിതവും – തളിർത്ത് വളർന്നത്; പുത്തുലഞ്ഞത്. ജറുസലെമിനെ പ്രകീർത്തിക്കുന്ന സങ്കീർത്തനങ്ങൾ എത്രയെങ്കിലുമുണ്ട്. നോക്കു, സങ്കീർത്തകന്റെ പ്രസംസ "ദൈവത്തിന്റെ നഗരമേ നിന്നെപ്പറ്റി മഹത്തായ കാര്യങ്ങൾ പറയപ്പെടുന്നു.... സകലരും അവിടെ ജനിച്ചതാണെന്ന് സീയോനെക്കുറിച്ച് പറയും..... എന്റെ ഉറവകൾ നിന്നിലാണ് എന്ന് ഗായകരും നർത്തകരും ഒന്നുപോലെ പാടും" (സങ്കീ. 87). വീണ്ടും വർണ്ണന കേൾക്കുക. "നന്നായി പണിതിണക്കിയ നഗരമാണ് ജറുസലെം...... നിന്നെ സ്നേഹിക്കുന്നവർക്ക് ഐശ്വര്യമുണ്ടാകട്ടെ..... നിന്റെ ഗോപുരങ്ങളിൽ സുരക്ഷിതത്വവും ഉണ്ടാകട്ടെ. എന്റെ സഹോദരരുടെയും സുഹൃത്തുക്കളുടെയും പേരിൽ ഞാൻ ആശംസിക്കുന്നു; നിനക്കു സമാധാനം. ഞങ്ങളുടെ ദൈവമായ കർത്താവിന്റെ ആലയത്തെ പ്രതി ഞാൻ നിന്റെ നന്മയ്ക്കുവേണ്ടി പ്രാർത്ഥിക്കും" (സങ്കീ. 122). ശാപവചനങ്ങളും സങ്കീർത്തകൻ ഉതിർക്കുന്നതു കാണുക. "സീയോനെ വെറുക്കുന്നവർ ലജ്ജിച്ച് പിന്തിരിയട്ടെ! അവർ പുരപ്പുറത്തെ പുല്ലുപോലെയാകട്ടെ....." (സങ്കീ. 129). മഹത്വം വർണ്ണിക്കുന്നത് നോക്കുക: "കർത്താവ് സീയോനെ തിരഞ്ഞെടുത്തു. അതിനെ തന്റെ വാസസ്ഥലമാക്കാൻ അവിടുന്നാഗ്രഹിച്ചു; ഇതാണ് എന്നേക്കും എന്റെ വിശ്രമസ്ഥലം; ഞാനവിടെ വസിക്കും, എന്തെന്നാൽ ഞാൻ അത് ആഗ്രഹിച്ചു." (സങ്കീ. 132/13-14). പ്രവാസിയുടെ വിലാപം കേൾക്കുക: "ജറുസലേമെ, നിന്നെ ഞാൻ മറക്കുന്നെങ്കിൽ, എന്റെ വലതുകയ്യ് എന്നെ മറക്കട്ടെ. നിന്നെ ഞാൻ ഓർക്കുന്നില്ലെങ്കിൽ, ജറുസലേമിനെ എന്റെ ഏറ്റവും വലിയ സന്തോഷത്തെക്കാൾ വിലമതിക്കുന്നില്ലെങ്കിൽ, എന്റെ നാവ് അണ്ണാക്കിനോട് പറ്റിപ്പോകട്ടെ" (സങ്കീ. 137).

**സ്ഥാപനവല്കരണത്തിലെ തിന്മ:-**

സ്ഥാപനവല്കരണത്തിന്റെ മുർത്തരുപമായിരുന്നു ജറുസലെം നഗരം. പ്രത്യേകിച്ച് ജറുസലെം ദേവാലയം. ഈ സ്ഥാപനവല്കരണം അവരുടെ തുറവിയെയും വിശാലവിക്ഷണത്തെയും തടവറയിലാക്കി തളച്ചിട്ടു എന്നതാണ് സത്യം. തുറവിനഷ്ടപ്പെട്ട ആ സമുഹത്തിന് മൃദുത്വവും ചലനാത്മകതയും ഓജസ്സും തേജസ്സുമൊക്കെ നഷ്ടപ്പെട്ടു. മതത്തിന്റെ ജീർണ്ണതയുടെ മുഖമാണ് ഇവിടെ പ്രകടമായി കാണാൻ കഴിയുന്നത്. വിശ്വാസജീവിതമാണ് തന്മുലം മുരടിച്ചത്. ജറുസലെം ദേവാലയം പോലും കവർച്ചക്കാരുടെ ഗുഹയായി തീരുന്നത് നാം കാണുന്നുണ്ടല്ലോ. (മത്താ. 21/13). മത

www.malankaralibrary.com

ജീവിതം ഇത്രയേറെ അധഃപതിച്ച ഒരു കാലം ഉണ്ടായിട്ടില്ല. തുറവി നശിച്ച, വിശാലവീക്ഷണം നഷ്ടപ്പെട്ട ഒരു സമൂഹത്തിന്റെ ദുഃസ്ഥിതിയുടെ മകുടോദാഹരണമാണിത്.

സ്ഥാപനവല്കരണം (Institutionalization) അവരുടെ വിശ്വാസത്തിന് ജീർണ്ണത വരുത്തി. അവരുടെ ചലനാത്മകത (dynamism) കെടുത്തി. വിശ്വാസജീവിതത്തെ മനുഷ്യജീവിതത്തോട് താരതമ്യപ്പെടുത്താം. ശിശുവായിരിക്കുമ്പോൾ മാത്രമല്ല, വളർച്ചയുടെ എല്ലാ ഘട്ടങ്ങളിലും - ശൈശവത്തിലും കൗമാരത്തിലും യുവത്വത്തിലും വാർദ്ധക്യത്തിലുമെല്ലാം - മൃദുത്വവും ചലന സ്വാതന്ത്ര്യവും മെയ്‌വഴക്കവും നിലനിർത്തണം. ഓജസ്സും തേജസ്സും കൈമോശം വരാതെ സൂക്ഷിക്കണം. ഈ ചലനവും മൃദുത്വവും വഴക്കവും ഓജസ്സുമൊക്കെ നഷ്ടപ്പെടുന്ന സന്ദർഭത്തിൽ അവൻ മരിച്ചുകൊണ്ടിരിക്കയാണ്, വിസ്മൃതനായിക്കൊണ്ടിരിക്കയാണ്. എന്നും പുഷ്കലമായി, നിത്യയൗവ്വനമായി ഓജസ്സുറ്റതായി, ചൈതന്യവത്തായി വിശ്വാസജീവിതം നിലനിർത്തേണ്ടതാണ്. അത്‌ലറ്റുകൾ അവരുടെ 'ഫോം' നിലനിർത്തുവാൻ നിത്യവും വ്യായാമമുറകൾ അനുഷ്ഠിക്കുന്നവരാണ്. ആറുമാസം വ്യായാമത്തിനവധി കൊടുത്താൽ അവരുടെ ഫോം നഷ്ടപ്പെടുമെന്നതിൽ സംശയമില്ല. **വിശ്വാസജീവിതം ചൈതന്യവത്തായി, ജീവാത്മകമായി വളരുന്നതിന് തുറവിയും വിശാലവീക്ഷണവുമാവശ്യമാണ്.** ഇത്തരമൊരു വിശാലമായ വീക്ഷണമാണ് സ്തേഫാനോസ് സെൻഹെദ്രീൻ സംഘത്തിനു മുമ്പാകെ അവതരിപ്പിച്ചത്. ഇസ്രായേലിന്റെ വിശ്വാസജീവിതത്തിന്റെ സുപ്രധാന സംഭവങ്ങൾ എല്ലാംതന്നെ പലസ്തീനായ്ക്ക് പുറത്തുവെച്ചാണ് സംഭവിച്ചതെന്ന് സോദാഹരണം അദ്ദേഹം സമർത്ഥിക്കുന്നത് കാതുകുർപ്പിച്ച് അവർ കേൾക്കുന്നത് കാണുക. അവ ജറുസലേമിൽ വെച്ചല്ലെന്നു മാത്രമല്ല പലസ്തീനായിൽ വെച്ച് പോലുമല്ല സംഭവിക്കുന്നത്!

തങ്ങളുടെ പിതാവായ അബ്രഹാമിന് ആദ്യമായി ദൈവാനുഭവവും പ്രത്യക്ഷവും ലഭിക്കുന്നത് പലസ്തീനായിൽ വെച്ചാണോ? **അല്ല**, ഹാറാനിൽ വെച്ചാണ്. തനിക്ക് വാഗ്ദാനമായി ലഭിച്ച നാട്ടിൽ താൻ സ്ഥിരവാസിയായിരുന്നോ? **ഇല്ല**, പ്രവാസിയും പരദേശിയുമായിരുന്നു. യൗസേഫിന് ദൈവത്യക്കടാക്ഷവും ദിവ്യാനുഗ്രഹവും ലഭിച്ചത് **പലസ്തീനായിൽ വെച്ചല്ല**, ഈജിപ്തിൽ വെച്ചാണ്. ഇസ്രായേലിന്റെ വലിയ പ്രവാചകനായ മോശയ്ക്ക് ദൈവാനുഭവമുണ്ടാകുന്നത് ഈജിപ്തിലോ **പലസ്തീനായിലോ വെച്ചല്ല**, സീനായിയിൽ വെച്ചാണ്. തങ്ങളോടുള്ള ദൈവകൃപാവർഷത്തിന്റെ സാക്ഷ്യവും അടയാളവുമായി പേടകത്തിൽ സൂക്ഷിക്കുന്ന സ്വർഗ്ഗീയമന്നാ വർഷിച്ചത് **പലസ്തീനായിൽ വെച്ചല്ല**, മരുഭൂമിയിൽ വെച്ചാണ്.വാഗ്ദാനപെട്ടകം ലഭിച്ചതും **പലസ്തീനായിൽവെച്ചല്ല.**

**സ്തേഫാനോസിന്റെ പ്രവാചകധീരത:-**

ഈ നിഷേധങ്ങളുടെ പരമ്പരവഴി സ്തേഫാനോസ് തച്ചുടയ്ക്കുന്നതെന്താണ്? യഹൂദജനം പരമപവിത്രമായി കരുതിയ ജറുസലെമിന്റെ സംപൂജ്യത **അത്ര സ്ഥായിയായ ഒന്നല്ല** എന്ന് സ്ഥാപിക്കുകയാണ്. വിഗ്രഹമായി കാത്തുസൂക്ഷിച്ച് ആരാധനാഭാവത്തോടെ നോക്കിക്കണ്ടിരുന്ന ജറുസലെമിനെ തല്ലിയുടയ്ക്കുകയും തള്ളിക്കളയുകയുമാണ്. എത്ര വികാരവായ്പോടെയും മാധുര്യപൂർവ്വവുമാണ് ഇസ്രായേല്യർ ജറുസലെമിനെ കണ്ടിരുന്നത് എന്ന് നാം നേരത്തെ കണ്ടതാണല്ലോ. "ജറുസലെമെ, നിന്നെ ഞാൻ മറക്കുന്നെങ്കിൽ, എന്റെ വലത്തു കൈ എന്നെ മറക്കട്ടെ!

നിന്നെ ഞാൻ ഓർക്കുന്നില്ലെങ്കിൽ,

ജറുസലെമിനെ എന്റെ ഏറ്റവും വലിയ സന്തോഷത്തെക്കാൾ വിലമതിക്കുന്നില്ലെ

www.malankaralibrary.com

ങ്കിൽ, എന്റെ നാവ് അണ്ണാക്കോട് ഒട്ടിപ്പോകട്ടെ" (സങ്കീ. 137/5-6) എന്നു പ്രാർത്ഥിച്ചിരുന്ന യഹൂദനെ വിറളിപിടിപ്പിക്കാനും വിറകൊള്ളിക്കാനും ഇളക്കി മറിക്കാനും ഈ വാക്കുകൾക്ക് കഴിഞ്ഞു എന്ന കാര്യത്തിൽ സംശയമില്ല. തുടർന്നുള്ള അവരുടെ പ്രതികരണം സ്വാഭാവികമായിരുന്നു. പാരമ്പര്യങ്ങളെ തല്ലിയുടയ്ക്കുന്ന ഈ വിഗ്രഹഭജ്ഞകനെതിരെ അവരുടെ രോഷം അണപൊട്ടി ഒഴുകുക തന്നെ ചെയ്തു. ഇത് അദ്ദേഹമറിഞ്ഞിരുന്നു. പക്ഷേ, പരിണിതഫലം ഭയന്ന് സത്യം ഉറക്കെപ്പറയുവാൻ മടികാണിച്ച ആളല്ല, സ്തേഫാനോസ്. ഈ നിർഭയത്വമാണ് പ്രവാചകധീരത എന്നു പറയുന്നത്. പത്രോസിനെയും പൗലോസിനെയും നയിച്ചിരുന്ന പ്രവാചകധീരത തന്നെയാണ് സ്തേഫാനോസിനെയും നയിച്ചിരുന്നത്. പ്രവാചകന്മാരെ ധീരതയണിയിച്ച പരിശുദ്ധാത്മാവ് സ്തേഫാനോസിനും ധീരത നല്കി. അവരുടെ കല്ലേറിനെ അക്ഷോഭ്യനായി നേരിടുവാനും ദൈവത്തെ സ്തുതിക്കുവാനും യേശുവിനെപ്പോലെ സ്വയം സമർപ്പിക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞു. ധീരസാക്ഷ്യത്തിന്റെ ഉദാത്ത മാതൃകതന്നെ. പരിശുദ്ധാത്മാവിന്റെ പ്രവർത്തനം തന്നെ.

**ജറുസലേമിന്റെ നാശത്തെപ്പറ്റി യേശു:-**

സമരിയാക്കാരിയുമായുള്ള സംവാദത്തിൽ യഥാർത്ഥമായ ആരാധനാസ്ഥലം ജറുസലേമിലാണ് എന്നു നിങ്ങൾ പറയുന്നു എന്നു പറഞ്ഞ അവളോട് യേശു പറയുന്നത് ശ്രദ്ധേയമാണ്: "സ്ത്രീയേ, എന്നെ വിശ്വസിക്കുക. ഈ മലയിലോ ജറുസലേമിലോ നിങ്ങൾ പിതാവിനെ ആരാധിക്കാത്ത സമയം വരുന്നു" (യോഹ. 4:21).

കുറേക്കൂടി ശ്രദ്ധേയമായ മറ്റൊരു സുവിശേഷഭാഗം കാണുക. സമവീക്ഷണസുവിശേഷങ്ങൾ (മത്തായി, മർക്കോസ്, ലൂക്കോസ്) ഒരുപോലെ എടുത്തുപറയുന്ന സുവിശേഷഭാഗമാണത്. "യേശു ജറുസലേം ദേവാലയത്തിൽ നിന്ന് പുറത്തുവന്നപ്പോൾ, ശിഷ്യന്മാരിൽ ഒരുവൻ പറഞ്ഞു: "ഗുരോ, നോക്കു, എത്ര വലിയ കല്ലുകൾ! എത്ര വിസ്മയകരമായ സൗധങ്ങൾ! അവൻ പറഞ്ഞു: ഈ മഹാസൗധങ്ങൾ നിങ്ങൾ കാണുന്നില്ലേ? എന്നാൽ ഇവയെല്ലാം കല്ലിന്മേൽ കല്ല് ശേഷിക്കാതെ തകർക്കപ്പെടും" (മർക്കോ. 13:1-2; മത്താ 24:102; ലൂക്കോ. 21:5-6). A.D. 70 ൽ അതു സംഭവിച്ചു. റോമാക്കാർ അതു ചെയ്തു!

**ഇസ്രായേലിന്റെ അധഃപതനത്തെപ്പറ്റി സ്തേഫാനോസ്**

**ഇസ്രായേലിന്റെ പതനത്തിന്റെ മറ്റൊരു ചിത്രം** അനാവരണം ചെയ്യുകയാണ് സ്തേഫാനോസ്. ദൈവം ഇസ്രായേലിനെ എന്നതിനേക്കാൾ, ഇസ്രായേൽ തുടർച്ചയായി, ദൈവത്തെ തള്ളിക്കളയുകയാണ്. അതാണവരുടെ അധഃപതനത്തിന്റെ കാരണം. ഒരിക്കലല്ല, ഒരുപാടു തവണ ഇസ്രായേൽ ദൈവത്തിന്റെ പദ്ധതി ഉപേക്ഷിച്ചുകളഞ്ഞിട്ടുണ്ട്. മരുഭൂമിയിൽ വെച്ച് നിരന്തരം അവർ അവനെ തിരസ്കരിച്ചു. സ്വർണ്ണവിഗ്രഹങ്ങളുടെ പിന്നാലെ പോയവരല്ലേ അവർ? അവരുടെ നായകനായ മോശയെ എത്രതവണയാണ് അവർ ധിക്കരിച്ചത്? പ്രവാചകന്മാരുടെ മുന്നറിയിപ്പുകളെ എത്ര തവണയാണവർ തള്ളിക്കളഞ്ഞത്? ഏതു പ്രവാചകനെയാണവർ അനുസരിച്ചിട്ടുള്ളത്? ജറുസലേമിന്റെ നാശത്തെക്കുറിച്ച് വീണ്ടും യേശു വിലപിക്കുന്നത് കാണുക: "ജറുസലേം, ജറുസലേം, പ്രവാചകന്മാരെ വധിക്കുകയും നിന്റെ അടുത്തേക്ക് അയയ്ക്കപ്പെടുന്നവരെ **കല്ലെറിയുകയും ചെയ്യുന്നവളേ** ** പിടക്കോഴി കുഞ്ഞുങ്ങളെ ചിറകുകൾക്കുള്ളിൽ കാത്തുകൊള്ളുന്നതുപോലെ നിന്റെ സന്തതികളെ ഒരുമിച്ചുകൂട്ടാൻ ഞാൻ എത്രയോ പ്രാവശ്യം ആഗ്രഹിച്ചു! പക്ഷേ, നിങ്ങൾ വിസമ്മതിച്ചു. ഇതാ, നിങ്ങളുടെ

** * സ്തേഫാനോസിൽ അന്വർത്ഥമാകുന്നത് ശ്രദ്ധേയമാണ്*

www.malankaralibrary.com

ഭവനം പരിത്യക്തവും ശുന്യവുമായി തീർന്നിരിക്കുന്നു." (മത്താ. 23:37-38). ഇസ്രായേലിലെ ഒടുവിലത്തെ പ്രവാചകനായ സ്നാപകയോഹന്നാനെ അവർ എങ്ങനെയാണ് സ്വീകരിച്ചതെന്ന് നമുക്കറിയാം. എന്തിനേറെ രക്ഷകനായ യേശുവിനെത്തന്നെ തള്ളിക്കളഞ്ഞ സമുഹമാണവരുടേത്. "അവൻ സ്വജനത്തിന്റെ അടുത്തേക്ക് വന്നു; എന്നാൽ അവർ അവനെ സ്വീകരിച്ചില്ല. (യോഹ. 1:11).

ഇതിനെ പ്രവാചകൻ പ്രതീകാത്മകമായി വിവരിക്കുന്നത് നോക്കുക.

"കാള തന്റെ ഉടയവനെ,<br>
കഴുത തന്റെ യജമാനന്റെ<br>
പുൽത്തൊട്ടി അറിയുന്നല്ലോ<br>
എൻ ജനമറിയുന്നില്ല." (ഏശാ 1:3).

**സുവിശേഷധർമ്മം- കടന്നു ചെന്ന് കൊള്ളാനും കൊള്ളാവുന്നവരാക്കാനുമുള്ള ധർമ്മം:**

ചുരുക്കത്തിൽ, സ്തേഫാനോസ് വിശ്വാസത്തിന്റെയും ആരാധനയുടെയും മർമ്മപ്രധാനമായ സത്യം വെളിപ്പെടുത്തുകയാണിവിടെ. തനിക്ക് ബോദ്ധ്യം വന്ന ഈ സത്യം തന്റെ സഭയുടെ പരമോന്നത പീഠമായ സെൻഹെദ്രീൻ സംഘത്തിനു മുമ്പാകെ സാക്ഷ്യപ്പെടുത്താനുള്ള പ്രവാചക ധീരത പ്രകടമാക്കുന്ന രംഗമാണിത്. ചരിത്രത്തിന്റെ ഇടവഴികളിലെല്ലാം. സഭയ്ക്ക് ഇപ്രകാരമുള്ള ഒരു പ്രവാചക ധർമ്മം നിർവ്വഹിക്കേണ്ടതായിട്ടാണിരിക്കുന്നത്. സഭ എവിടെയായിരുന്നാലും, പ്രാദേശിക സംസ്കാരത്തോടും സാഹചര്യങ്ങളോടും ഇണങ്ങിച്ചേരുന്നതിനും അവയെ നിത്യതയിലേക്ക് നയിക്കുന്നതിനും സാധിക്കണം. ജറുസലേമിൽ മുളച്ചസഭ, യുദയാമുഴുവനിലേക്കും പടർന്ന് പന്തലിക്കുന്നതും, സമരിയായിലേക്ക് വ്യാപിക്കുന്നതും നാം കാണുന്നുണ്ടല്ലോ. ജറുസലേമിൽ അവർ അതിജീവിക്കേണ്ടിവന്ന എതിർപ്പുകളും പ്രതികുല സാഹചര്യങ്ങളും അവരെ ഒട്ടുംതന്നെ നഷ്ടധൈര്യരാക്കിയില്ല. മറിച്ച് പുർവ്വാധികം ശക്തിയോടുകുടി ദേശമെങ്ങും വ്യാപിക്കുവാനും സമരിയാപോലെ തള്ളപ്പെട്ടിരുന്ന പ്രദേശങ്ങളിലേക്കും സമുഹങ്ങളിലേക്കും കടന്നുചെന്ന് അവരെ 'കൊള്ളാനും കൊള്ളാവുന്നവരാക്കാനും' കാണിച്ച ഉത്സാഹം **പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം** വിളിച്ചറിയിക്കുന്നു.

**സഭയിലെ ആന്തരിക സംഘർഷങ്ങൾ:-**

ഇത്രയും നേരം നാം പറഞ്ഞത് ബാഹ്യമായ എതിർപ്പുകളെക്കുറിച്ചായിരുന്നുവെങ്കിൽ ഇനിയും നാം കാണുന്നത് സഭയുടെ ആന്തരീകമായ സംഘർഷങ്ങളെക്കുറിച്ചാണ്.

'തൊട്ടുകുടാത്തവരെന്നും, തീണ്ടിക്കുടാത്തവരെന്നും, കെട്ടില്ലാത്തോരെന്നും, തമ്മിലുണ്ണാത്തോരെന്നു'മൊക്കെ ഗണിച്ച് വേർതിരിച്ച് പടിക്ക് പുറത്തു നിർത്തിയിരുന്ന സമരിയാക്കാരുടെ ഇടയിൽപ്പോയി പ്രവർത്തിക്കുവാൻ തുനിയുമ്പോൾ ഉണ്ടാകുന്ന വൈകാരിക സംഘർഷം എത്രയെന്നാലോചിച്ചു നോക്കുക. എങ്കിലും അതിനെ അതിജീവിക്കുവാൻ അവർക്കായി. പരിശുദ്ധാത്മാവ് അവരെ ശക്തരാക്കി എന്നു തന്നെ പറയാം. ഏറെ നുറ്റാണ്ടുകളിൽ കേരളസഭയിലും ഈ 'തീണ്ടൽ- തൊടീൽ' പ്രശ്നം നിലനിന്നിരുന്നു. സഭയുടെ മിഷനറി പ്രവർത്തനം ഒരു വിഭാഗം ആൾക്കാരെ അവഗണിച്ചിരുന്നു എന്നതാണ് സത്യം. അതിന് മാറ്റം വന്നു എന്നുള്ളത് ശരിയാണ്. എന്നാൽ ഇന്നും പുർണമായി ഉൾക്കൊള്ളാൻ എല്ലാവരുടെയും മനസ്സുകൾ പാകപ്പെട്ടിട്ടുണ്ടോ എന്നു കണ്ടറിയണം. കീഴ് ജാതിക്കാരെ "മാർഗ്ഗവാസികൾ" എന്ന് അവഹേളനാപരമായി വിളിച്ചിരുന്ന നാളുകൾ ഇന്നും ഓർമ്മയിലുണ്ട്.

www.malankaralibrary.com

പ്രഥമദൃഷ്ട്യാ പ്രശ്നമൊന്നുമില്ലെന്നു തോന്നുന്ന ചില മേഖലകളിലും അപകടം പതിയിരിപ്പുണ്ട്. ഉദാഹരണത്തിന് അപ്പ. പ്രവർത്തനങ്ങൾ 8-ാം അദ്ധ്യായത്തിലെ മാന്ത്രികവിദ്യ നടത്തി ധനം സമ്പാദിച്ചിരുന്ന ശിമയോന്റെ കഥ തന്നെ എടുക്കുക. അനുഗ്രഹങ്ങളെ വിലകൊടുത്തു വാങ്ങുവാൻ ശ്രമിക്കുന്ന ശിമയോൻ അപ്പസ്തോലന്മാരിൽ ആന്തരിക സംഘർഷം വിതയ്ക്കുന്ന ഒരു വ്യക്തിയാണ്. പത്രോസ് ശിമയോന്റെ വ്യാമോഹത്തെ വിമർശിക്കുകയും വിലക്കുകയുമാണ്. ദൈവശക്തിയെ തനിക്കധീനമാക്കാനും തന്റെ വരുതിയിൽ നിർത്താനും ആശിച്ചതാണ് ശിമയോനിൽ പതിയിരുന്ന അപകടം.

ദൈവത്തിന്റെ മഹത്തായ പ്രവർത്തനങ്ങളും വചനങ്ങളും നമ്മെ ദൈവത്തിങ്കലേക്ക് തന്നെ അടുപ്പിക്കുകയാണ് വേണ്ടത്. സുപ്രധാനമായ **മൂന്ന് പാഠങ്ങൾ** നാമിവിടെ കണ്ടെത്തുന്നു.

(1) സാമൂഹ്യജീവിതത്തിൽ – ക്രിസ്തീയ സമൂഹജീവിതത്തിലും – പ്രശ്നങ്ങൾ ഉണ്ടാകും; ആന്തരികവും ബാഹ്യവുമായ പ്രശ്നങ്ങൾ ഉണ്ടാകും.

(2) ഓരോ സംഘർഷങ്ങളും വളർച്ചയിലേക്കും ഉയർച്ചയിലേക്കുമുള്ള ഈറ്റുനോവായിത്തീരണം.

(3) സംഘർഷനിർഭരമായ സന്ദർഭങ്ങൾ സത്യവിശ്വാസത്തിന്റെ സത്യവും വ്യക്തവുമായ പ്രഖ്യാപനത്തിന് വഴിതെളിക്കുന്നു.

**(1) പ്രശ്നങ്ങൾ സ്വാഭാവികം:-**

സാമൂഹ്യ ജീവിതത്തിൽ പലതരം രാഷ്ട്രീയക്കളികളുടെയും പുച്ച് പുറത്ത് ചാടിയെന്നിരിക്കും. കപടവിശ്വാസികൾ തോണി അവരുടെ കടവിലടുപ്പിക്കാൻ തുനിഞ്ഞിറങ്ങിയെന്നിരിക്കും. സ്വാർത്ഥമോഹികളായ ബന്ധക്കാരിൽ നിന്നും സ്വന്തക്കാരിൽ നിന്നും പ്രശ്നങ്ങൾ ആവിർഭവിക്കാം. എല്ലാറ്റിനുമുപരി നമ്മിൽ നിന്നുതന്നെ എന്തെല്ലാം പ്രശ്നങ്ങൾക്കാണ് തുടക്കം കുറിക്കാവുന്നത്!

"ഇടർച്ചകൾ ഉണ്ടാകേണ്ടതാവശ്യം, അതു വരുത്തുന്ന മനുഷ്യന് അയ്യോ കഷ്ടം" (ലൂക്കോ. 17:1).

**(2) സംഘർഷങ്ങൾ വളർച്ചയുടെ ചവിട്ടുപടി:-**

സംഘർഷങ്ങൾ വളർച്ചയിലേക്ക് നയിക്കണം. ഗ്രീക്കുകാരായ യഹൂദരുടെ പരാതി സഭയെ മറ്റൊരു പ്രവർത്തനതലത്തിൽ എത്തിക്കുന്നത് നാം കാണുന്നു. സഭയിലെ 'സോഷ്യൽ അപ്പോസ്റ്റലേറ്റിന്റെ' – സാമൂഹ്യപ്രേഷിത പ്രവർത്തനത്തിന്റെ– തുടക്കം കുറിച്ചതിവിടെയാണ്. മാത്രമല്ല ജറുസലേമിന്റെ കുടുതുറന്ന് വിശാലമായ ലോകാതിർത്തികളിലേക്ക് നുതനമായ കാൽവയ്പുകളോടെ സഭ തന്റെ പ്രേഷിതയാത്ര ആരംഭിക്കുന്നത് അവിടം മുതലാണ്. തീണ്ടലും തൊടീലുമുപേക്ഷിച്ച് സമരിയായിൽ പ്രേഷിത പ്രവർത്തനത്തിന് തുടക്കം കുറിക്കുന്നു. അതിന് നേതൃത്വം കൊടുത്തതാകട്ടെ സ്തേഫാനോസ് തന്റെ ജീവരക്തം ഊറ്റിക്കൊടുത്തു കൊണ്ടാണ്. ക്രിസ്തുവിശ്വാസത്തിനും സുവിശേഷത്തിനും വേണ്ടി ആദ്യം രക്തസാക്ഷി മകുടം ചുടിയ ധീരവിശ്വാസി സ്തേഫാനോസ് ശെമ്മാശനായിരുന്നുവല്ലോ. അന്നു തൊട്ടിന്നുവരെ എത്രയായിരങ്ങളാണ് സ്വജീവൻ സുവിശേഷത്തിന്റെ ബലിക്കല്ലിൽ അർപ്പിച്ചത്!

**(3) വിശ്വാസരഹസ്യങ്ങളുടെ ആവിഷ്കാരം സംഘർഷങ്ങളിലൂടെ:-**

വിശ്വാസരഹസ്യങ്ങളുടെ യഥാർത്ഥമായ വെളിപ്പെടുത്തലുകളും ആവിഷ്കാരങ്ങളും നടക്കുവാൻ അത് കാരണമായി. വിശ്വാസത്തിന്റെ കയത്തിലിറങ്ങി വിലയേറിയ മുത്തു

www.malankaralibrary.com

കൾ മുങ്ങിത്തപ്പിയെടുക്കുവാൻ മുഖാന്തരമായത് സംഘർഷഭരിതമായ ആ സന്ദർഭമാണ്. സഭാചരിത്രത്തിലുടനീളം ഈ പ്രതിഭാസം ആവർത്തിക്കുന്നുണ്ട്.

**ഉപസംഹാരം**

# ഒരു യുഗ്മ നൃത്തത്തിന്റെ തുടക്കം:

ഈ സംഭവങ്ങളിലെല്ലാം നാം കാണുന്നത് സഭയും പരിശുദ്ധാത്മാവുമൊത്ത് നടത്തുന്ന ഒരു 'യുഗ്മ നൃത്ത്'ത്തിന്റെ ആവിഷ്കാരമാണ്. പരിശുദ്ധാത്മാവിന്റെ പ്രേരണയ്ക്കൊപ്പം ചലിക്കുമ്പോൾ സഭ സുന്ദരമായി ചലിക്കുന്നു, ഭംഗിയായി പദചലനം സാദ്ധ്യമാകുന്നു. ആ ചലനം വശ്യവും സുന്ദരവുമാകുന്നു. സഭാചരിത്രം പരിശോധിച്ചാൽ, ചിലപ്പോഴൊക്കെ പരിശുദ്ധാത്മാവിന്റെ പ്രേരണയ്ക്ക് വിപരീതമായി പ്രവർത്തിച്ച സന്ദർഭങ്ങൾ കണ്ടേക്കാം. അപ്പോഴൊക്കെ താള ഭംഗവും ശ്രുതി ഭംഗവും സ്വരഭേദവും അനുഭവപ്പെടുന്നതായും കാണാം. നാം പഠിച്ചുകൊണ്ടിരിക്കുന്ന ആദിമസഭയിലെ സംഭവങ്ങളിൽ, സഭ സ്വച്ഛമായും സുന്ദരമായും **പരിശുദ്ധാത്മാവിനോടൊപ്പം ചുവട് വയ്ക്കുന്നതായി കാണാം.** ഉയർത്തെഴുന്നേറ്റവനായ യേശു വളരെ വേഗം വരുമെന്ന് വിശ്വസിച്ചിരുന്ന അപ്പസ്തോലസമൂഹത്തിന് ദീർഘകാലപദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ടെന്ന ധാരണയേ ഉണ്ടായിരുന്നില്ല. എന്നാൽ **പരിശുദ്ധാത്മാവ് തക്കസമയത്ത് ഇടപെട്ട്** വേണ്ടതു ചെയ്തു.

**അധികാരവികേന്ദ്രീകരണം- ഒരു പരിഹാരമാർഗ്ഗം:**

റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ (ഒരുപക്ഷേ വ്യാജമായ പരാതിയായിരുന്നിരിക്കാം, എങ്കിൽത്തന്നെ) സ്വയവിമർശനത്തിന് നല്ലൊരവസരം തുറന്നുകൊടുത്തു. ഒരു 'ടീംവർക്കിന്' വഴി ഒരുക്കി കൊടുത്തു. സമർത്ഥരായ ഒരു പറ്റം യുവജനനേതൃനിരയെ വാർത്തെടുക്കുവാൻ അത് പ്രേരണ നൽകി. ശരിയായ ദിശയിലേക്കുള്ള ഒരു വളർച്ചയെന്നേ അതിനെ വിശേഷിപ്പിക്കാൻ കഴിയൂ. ദിവസവും ഇസ്രായേൽ മക്കളുടെ പരാതികൾ ഒറ്റയ്ക്ക് കേട്ട് തളർന്നുപോയ മോശ ജനപ്രതിനിധികളായ ന്യായാധിപന്മാരെ സഹായികളായി നിയമിക്കുന്നത് പുറപ്പാട് പുസ്തകത്തിലെ സമാനമായ ഒരു ദൃശ്യമാണ്. "**തനിയെ** ഇതു ചെയ്യാൻ നിനക്ക് **സാധിക്കുകയില്ല**..... കഴിവും ദൈവഭയവുമുള്ളവരും സത്യസന്ധരും കൈക്കൂലി വെറുക്കുന്നവരുമായ ആളുകളെ ജനത്തിൽ നിന്ന് തെരഞ്ഞെടുത്ത് അവരെ ആയിരവും നൂറും അമ്പതും പത്തും വീതമുള്ള ഗണങ്ങളുടെ അധിപന്മാരായി നിയമിക്കുക..... അങ്ങനെ അവർ നിന്നെ സഹായിക്കുമ്പോൾ നിന്റെ ജോലി എളുപ്പമാകും. **ഇത് ദൈവകല്പനയാണെന്ന് ഗ്രഹിച്ച് പ്രവർത്തിച്ചാൽ** ജോലി നിർവിഘ്നം തുടരാൻ നിനക്ക് സാധിക്കും...... മോശ അതനുസരിച്ച് പ്രവർത്തിച്ചു." (പുറപ്പാട് 18:13-27). തീർച്ചയായും ഇത് ജനകീയാസൂത്രണം തന്നെ.

മറ്റൊരുദാഹരണം നോക്കുക: സുപരിചിതമായ ജറുസലേം വിട്ട് സമരിയായിലേക്കും സിറിയായിലേക്കും സഭ വളരുവാനും വ്യാപിക്കുവാനും വേണ്ട നിമിത്തങ്ങൾ ഒരുക്കിയത് പരിശുദ്ധാത്മാവാണ്. സഭായകട്ടെ ആ അവസരങ്ങളൊന്നും പാഴാക്കിയതുമില്ല. യാഥാസ്ഥിതികരായ യഹൂദക്രൈസ്തവർക്ക് സ്വാഭാവികമായും സമരിയായിൽ കടന്നുചെല്ലുവാൻ മടി കാണും. കാരണം സമരിയാക്കാർ സങ്കരവർഗ്ഗമായിരുന്നു. വിജാതീയരും പലസ്തീനായിലെ യഹൂദരും കൂടിച്ചേർന്ന സങ്കരവർഗ്ഗം. ഒരുതരം അർദ്ധ

www.malankaralibrary.com

യഹൂദർ. യഹൂദനിയമത്തെ അനാദരിച്ചവരായി അവർ കരുതപ്പെട്ടിരുന്നു. വിശുദ്ധ ഗ്രന്ഥത്തിന്റെ ആദ്യത്തെ 5 പുസ്തകങ്ങൾ (പഞ്ചഗ്രന്ഥി അഥവാ തോറ = നിയമഗ്രന്ഥങ്ങൾ) മാത്രമാണ് അവർ സ്വീകരിച്ചിരുന്നത്. ഗരീസിം മലയിലാണ് അവർ ദേവാലയം പണിത് ആരാധന നടത്തിയിരുന്നത്. അവരുടെ ദേശത്തുകൂടി യഹൂദരോ പലസ്തീനായിലെ മറ്റു സ്ഥലത്തുകൂടി സമരിയക്കാരോ സാധാരണ സഞ്ചരിച്ചിരുന്നില്ല. ഇങ്ങനെ സങ്കുചിതത്വത്തിലും സ്പർദ്ധയിലും പരസ്പര പുച്ഛഭാവത്തിലും വേറിട്ട് കഴിഞ്ഞിരുന്ന ഒരു ജനവിഭാഗത്തിന്റെ ഇടയിലേക്കിറങ്ങിച്ചെല്ലുവാൻ സ്വാഭാവികമായ മടി കാണുമല്ലോ. എന്നാൽ തങ്ങളുടെ അഹങ്കാരവും വല്യഭാവവും ദുരഭിമാനവും എല്ലാം വിട്ടൊഴിഞ്ഞ് **ദൈവാത്മാവിന്റെ സൽപ്രേരണയ്ക്ക്** കാതും കരവും കൊടുക്കുവാൻ അവർ സന്നദ്ധരായി. സുന്ദരമായ ഒരു **യുഗ്മ നൃത്തത്തിന്റെ** ചുവടുകളല്ലെ ഇവിടെ അരങ്ങേറുന്നത് എന്നു നോക്കുക. സുവിശേഷം സമരിയായിൽ എത്തുന്നതങ്ങനെയാണ് (അപ്പ. 8:4-18). പീലിപ്പോസായിരുന്നു സമരിയായിലെ മിഷനറി.

എത്യോപ്യക്കാരൻ ഷണ്ഡന് (ഭണ്ഡാരവിചാരിപ്പുകാരൻ, കാര്യസ്ഥൻ, റവന്യൂ ഓഫീസർ) വേദം ഓതിക്കൊടുക്കുവാൻ **ആത്മാവ് പ്രേരണ നൽകിയ**പ്പോൾ, രണ്ടാമതൊന്നാലോചിക്കാൻ നിൽക്കാതെ പുറപ്പെട്ട പീലിപ്പോസ് താളത്തിനൊത്തു നൃത്തം വയ്ക്കുന്ന സുന്ദരമായ കാഴ്ച നാം കാണുന്നു (അപ്പ. 8:26-40).

ഇവിടെയൊക്കെ നാം അത്ഭുതത്തോടെ നോക്കി കാണുന്ന ഒരു കാര്യമുണ്ട്. ആത്മാവിന്റെ പ്രേരണയോട് സഭ എത്രമാത്രം സഹകരിച്ചിരുന്നു എന്ന്; ആത്മാവിന്റെ നിമന്ത്രണത്തോട് എത്രമാത്രം ട്യൂൺ ചെയ്യപ്പെട്ടിരുന്നു എന്ന്, പൊരുത്തപ്പെട്ടിരുന്നു എന്ന്.

കാലവും സാഹചര്യങ്ങളും മാറിയിരിക്കാം. എന്നാൽ യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും മാറ്റമില്ലാത്തവനത്രെ (ഹെബ്രാ. 13:8). പരിശുദ്ധാത്മാവിന്റെ ദാനങ്ങളും വരങ്ങളും കാലപ്രവാഹത്തിൽ കെട്ടടങ്ങുന്നതല്ല. സഭയെ നയിക്കുന്ന ആത്മാവിന്റെ പ്രവർത്തനങ്ങൾ സദാ സംലഭ്യമാണ്. കാലാകാലങ്ങളിൽ **സഭയുടെ പ്രത്യേകമായ ആവശ്യങ്ങളിലെല്ലാം സഹായിക്കാൻ ആത്മാവ് സദാ സന്നദ്ധനായി നിൽക്കുകയാണെന്നകാര്യം വിശ്വാസികളായ നമുക്ക് ഓർക്കാം.** ഈ ആത്മാവിനോട് എങ്ങനെ സഹകരിക്കണമെന്നതിന്റെ ഉദാത്തമായ ഉദാഹരണമാണ് ആദിമസഭ. സഹകരിക്കുവാനുള്ള സന്നദ്ധതയാണ് നമുക്കുണ്ടാകേണ്ടത്. ആത്മാവ് കൊട്ടുന്ന താളത്തിന് ഒത്ത് തുള്ളുന്നവനാണ് യഥാർത്ഥ ക്രൈസ്തവൻ– ഇതിന്റെ സജീവ മാതൃകയും ഉത്തമോദാഹരണവുമാണ് പരിശുദ്ധ അമ്മ. "ഇതാ കർത്താവിന്റെ ദാസി; നിന്റെ വാക്ക് നിറവേറട്ടെ" (ലൂക്കോ 1:38) എന്നു പ്രത്യുത്തരിച്ചുകൊണ്ട് സാദരം സമർപ്പിച്ച ആ ഭാവം നമുക്കും ഉണ്ടാകട്ടെ. പരിശുദ്ധ അമ്മയെയും ശ്ലീഹന്മാരെയും സ്തേഫാനോസിനെയും ആദിമസഭയെയും നയിച്ച ആത്മാവ് നമ്മെയും നയിക്കട്ടെ.....

(തുടരും)

മേരിഗിരി, തിരുവല്ല
12.08.1998

തയ്യാറാക്കിയത്:

*ഫാദർ ഏബ്രഹാം കാടമല*
*ഫാദർ ഏബ്രഹാം നടുവിലേടം*
*ഫാദർ ഏബ്രഹാം തൈപ്പറമ്പിൽ*

www.malankaralibrary.com

# പരിശുദ്ധാത്മാവുമായി ബന്ധപ്പെട്ട വേദവായനക്കുറിപ്പുകൾ

## ആഗസ്റ്റ്

| | | |
|---|---|---|
| 1 | ശനി | അപ്പോ. 4:32-37 |
| 2 | ഞായർ | അപ്പോ. 5:1-11 |
| 3 | തിങ്കൾ | അപ്പോ. 6:8-15 |
| 4 | ചൊവ്വ | അപ്പോ. 7:54-60 |
| 5 | ബുധൻ | അപ്പോ. 8:4-13 |
| 6 | വ്യാഴം | അപ്പോ. 8:14-25 |
| 7 | വെള്ളി | അപ്പോ. 8:26-40 |
| 8 | ശനി | അപ്പോ. 9:26-31 |
| 9 | ഞായർ | അപ്പോ. 9:32-43 |
| 10 | തിങ്കൾ | അപ്പോ. 10:9-23 |
| 11 | ചൊവ്വ | അപ്പോ. 10:34-43 |
| 12 | ബുധൻ | അപ്പോ. 10:43-48 |
| 13 | വ്യാഴം | അപ്പോ. 11:1-18 |
| 14 | വെള്ളി | അപ്പോ. 11:27-30 |
| 15 | ശനി | അപ്പോ. 13:1-12 |
| 16 | ഞായർ | അപ്പോ. 15:1-11 |
| 17 | തിങ്കൾ | അപ്പോ. 16:6-15 |
| 18 | ചൊവ്വ | അപ്പോ. 16:16-24 |
| 19 | ബുധൻ | അപ്പോ. 18:24-28 |
| 20 | വ്യാഴം | അപ്പോ. 19:1-10 |
| 21 | വെള്ളി | അപ്പോ. 19:11-22 |
| 22 | ശനി | അപ്പോ. 20:17-24 |
| 23 | ഞായർ | അപ്പോ. 20:25-38 |
| 24 | തിങ്കൾ | അപ്പോ. 21:1-16 |
| 25 | ചൊവ്വ | അപ്പോ. 23:1-10 |
| 26 | ബുധൻ | അപ്പോ. 28:17-29 |
| 27 | വ്യാഴം | റോമാ. 1:1-7 |
| 28 | വെള്ളി | റോമാ. 1:8-17 |
| 29 | ശനി | റോമാ. 2:17-29 |
| 30 | ഞായർ | റോമാ. 5:1-11 |
| 31 | തിങ്കൾ | റോമാ. 6:1-11 |

## സെപ്റ്റംബർ

| | | |
|---|---|---|
| 1 | ചോവ്വാ | റോമ. 6:12-23 |
| 2 | ബുധൻ | റോമ. 7:1-6 |
| 3 | വ്യാഴം | റോമ. 7:13-25 |
| 4 | വെള്ളി | റോമ. 8:1-11 |
| 5 | ശനി | റോമ. 8:12-17 |
| 6 | ഞായർ | റോമ. 8:18-30 |
| 7 | തിങ്കൾ | റോമ. 10:14-21 |
| 8 | ചോവ്വ | റോമ. 11:1-10 |
| 9 | ബുധൻ | റോമ. 12:9-21 |
| 10 | വ്യാഴം | റോമ. 13:8-14 |
| 11 | വെള്ളി | റോമ. 14:1-12 |
| 1 | ശനി | റോമ. 15:1-13 |
| 13 | ഞായർ | റോമ. 15:14-21 |
| 14 | തിങ്കൾ | റോമ. 15:14-21 |
| 15 | ചൊവ്വ | റോമ. 1:18-31 |
| 16 | ബുധൻ | 1 കോരി. 2:1-5 |
| 17 | വ്യാഴം | 1 കോരി. 2:6-16 |
| 18 | വെള്ളി | 1 കോരി. 3:1-17 |
| 19 | ശനി | 1 കോരി. 4:14-21 |
| 20 | ഞായർ | 1 കോരി. 5:1-8 |
| 21 | തിങ്കൾ | 1 കോരി. 6:1-11 |
| 22 | ചൊവ്വ | 1 കോരി. 6:12-20 |
| 23 | ബുധൻ | 1 കോരി. 7:1-7 |
| 24 | വ്യാഴം | 1 കോരി. 7:25-35 |
| 25 | വെള്ളി | 1 കോരി. 7:36-40 |
| 26 | ശനി | 1 കോരി. 9:1-12 |
| 27 | ഞായർ | 1 കോരി. 10:31-33 |
| 28 | തിങ്കൾ | 1 കോരി. 12:1-11 |
| 29 | ചൊവ്വ | 1 കോരി 12:12-26 |
| 30 | ബുധൻ | 1 കോരി. 12:27-31 |

www.malankaralibrary.com

# അപ്പസ്തോല പ്രവർത്തനങ്ങൾ ഒരു പഠനം

## മാനസാന്തരം വ്യക്തിയിലും സമൂഹത്തിലും

### രക്തദാഹി രക്തസാക്ഷിയായ കഥ

### അദ്ധ്യായം 9 - 10

ആദിമസഭയുടെ വളർച്ചയുടെ ആദ്യഘട്ടത്തിലെ നിർണ്ണായകമായ ചില നീക്കങ്ങളാണ് കഴിഞ്ഞ പഠനക്കുറിപ്പിൽ നാം കാണുവാൻ ശ്രമിച്ചത്. പഴയ നിയമത്തിൽ, താൻ തിരഞ്ഞെടുത്ത ഇസ്രായേലിനെ കൈപിടിച്ച് വഴിനടത്തിയ ശക്തനായ ദൈവം, പുതിയ ഇസ്രായേലായ സഭയെ, തന്റെ ആത്മാവിന്റെ അഭിഷേകം വഴി നയിക്കുന്നതും വഴി നടത്തുന്നതും അവിടെ നാം കാണുകയുണ്ടായി. ആത്മാവിന്റെ പ്രേരണയ്ക്കൊത്ത് ചലിക്കുവാൻ സന്നദ്ധയാകുന്ന സഭയെ, ഗാനത്തിനൊത്ത് കുഴലൂതുന്ന സഭയെ, താളത്തിനൊത്ത് നൃത്തം ചെയ്യുന്ന സഭയെ, നിയന്ത്രണങ്ങൾക്കൊത്ത് നടക്കുന്ന സഭയെ നാം അവിടെ കാണുന്നു. ലോകത്തെ തലകീഴ് മറിച്ച ഒരു മനുഷ്യന്റെ (അപ്പ. 17/6) മാനസാന്തര കഥയുടെ അകവും പുറവും ഈ പഠനക്കുറിപ്പിൽ നമുക്ക് പരിശോധിക്കാം; മാനസാന്തരത്തിന്റെ വ്യക്തിപരതയോടൊപ്പം സാമൂഹികമാനം എന്തെന്നും പരിശോധിക്കാം.

മതവും ദൈവവിചാരവും ശിശുക്കൾക്കും വൃദ്ധർക്കും, ബലഹീനർക്കും ലോലഹൃദയർക്കുമായി മാറ്റിവെച്ചിരിക്കുന്ന ഇന്നത്തെ തലമുറയെ ഒരു പുനർവിചിന്തനത്തിന് പ്രേരിപ്പിക്കുവാൻ പോന്നതാണ് സാവുൾ എന്ന് പേരായ ആ ചെറുപ്പക്കാരന്റെ (അപ്പ. 7/58) മാനസാന്തര കഥ - മനംമാറ്റത്തിന്റെയും മതം മാറ്റത്തിന്റെയും കഥ. അലയാഴി പോലെ അടങ്ങാത്ത ആവേശവും, അനിതര സാധാരണമായ അറിവും അതിനൊത്ത ആത്മാഭിമാനവും തികഞ്ഞ ലക്ഷ്യബോധവും നിറഞ്ഞ സമർപ്പണ ബുദ്ധിയും കൈമുതലായി ഉണ്ടായിരുന്ന ആ യുവാവ്, പക്ഷേ രക്തദാഹിയായ ഒരു മതപീഡകനായിപ്പോയി! (അപ്പ. 8/3; 9/4; 22/19; 1 തിമോ 1/13).

``നീ, തണുപ്പോ, ചുടോ ഉള്ളവനായിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുന്നു'' (വെളി. 3/15) എന്ന തിരുവചനം അന്വർത്ഥമാകുമാറ് ക്രൈസ്തവവീകതയുടെ അപാരമായ സാദ്ധ്യതകളും ശക്തി വിശേഷവും ഈ യുവാവിൽക്കൂടി ലോകം മുഴുവന്റെയും മുമ്പിൽ അവതരിപ്പിക്കപ്പെടുന്നു. എപ്പോഴാണോ ധീരനും ധിഷണശാലിയുമായ ഒരു ചിന്തകനെ തിരുസഭയ്ക്ക് ആവശ്യമായിരുന്നത്, എപ്പോഴാണോ ധീരമായ മിഷനറി പ്രവർത്തനം യേശുവിന്റെ സഭയ്ക്ക് ആവശ്യമായി വന്നത്, അപ്പോൾ, ലോകം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ മിഷനറിയായി മാറിയ, അപ്പോസ്തലന്മാരിൽ ധിഷണാശാലിയായിരുന്ന, ധീരസാക്ഷിയും രക്തസാക്ഷിയും ആയിത്തീർന്ന വി. പൗലോസ് ഒരു കൊടുങ്കാറ്റായി രംഗപ്രവേശം ചെയ്യുന്നു.

#### സാവുൾ - സഭയുടെ ആദ്യത്തെ പീഡകൻ

``സാവുൾ അപ്പോഴും കർത്താവിന്റെ ശിഷ്യരുടെ നേരെ വധഭീഷണി ഉയർത്തിക്കൊണ്ടിരുന്നു. അവൻ പ്രധാന പുരോഹിതനെ സമീപിച്ച്, ക്രിസ്തു മാർഗ്ഗം സ്വീകരിച്ച സ്ത്രീപുരുഷന്മാരിൽ ആരെ കണ്ടാലും അവരെ ബന്ധനസ്ഥരാക്കി ജറുസലേമിലേക്ക് കൊണ്ടുവരാൻ ദമാ

www.malankaralibrary.com

സ്ക്കസ്സിലെ സിനഗോഗുകളിലേക്കുള്ള അധികാരപത്രങ്ങൾ ആവശ്യപ്പെട്ടു. അവൻ യാത്ര ചെയ്ത് ദമാസ്ക്കസ്സിനെ സമീപിച്ചു...... (അപ്പ. 9/1-3). അന്ത്യോക്യായും, താർസോസ്സും, ദമാസ്ക്കസ്സും മെഡിറ്ററേനിയൻ കടലിന് വടക്ക് പലസ്തീനയോട് ചേർന്നു കിടക്കുന്ന സിറിയായിലെ അറിയപ്പെടുന്ന പട്ടണങ്ങളും, സാംസ്ക്കാരിക കേന്ദ്രങ്ങളും ആയിരുന്നു. ജെറുസലെമിന് വടക്ക് കിഴക്ക് ദിശയിൽ 230 കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്ന ദമാസ്ക്കസിന് ചരിത്രപരമായ പ്രാധാന്യം ഉണ്ട്. ഇന്ന് ലോകത്തിൽ നിലനില്ക്കുന്ന ഏറ്റവും പുരാതനമായ നഗരമാണ് ദമാസ്ക്കസ്സ്. ഹെർമ്മോൻ പർവ്വതത്തിന്റെ അടിവാരത്തുള്ള ഈ പട്ടണം പഴയനിയമകാലം മുതൽ സിറിയായുടെ തലസ്ഥാനമായിരുന്നു. ഇന്നത്തെ സിറിയായുടെ തലസ്ഥാനവും ദമാസ്ക്കസ്സ് തന്നെ. സിറിയ, ഇന്ന് സിറിയൻ അറബ് റിപ്പബ്ലിക്ക് എന്ന് അറിയപ്പെടുന്നു. 1946-ൽ ഇത് സ്വതന്ത്ര പരമാധികാര രാഷ്ട്രമായിത്തീർന്നു. ഒന്നരക്കോടി ജനസംഖ്യ (കേരളത്തിന്റെ ഏതാണ്ട് പകുതി മാത്രം) ഉള്ള ഈ രാജ്യത്തിലെ ഔദ്യോഗികമതം ഇസ്ലാമാണ്. സാവുൾ എന്ന യഹൂദ തീവ്രവാദി യുവാവ് ക്രിസ്ത്യാനികളെ പീഡിപ്പിക്കുവാൻ ദമസ്ക്കോസ്സിലേക്ക് പോകുമ്പോൾ പതിനായിരത്തിനും. പതിനെണ്ണായിരത്തിനും ഇടയ്ക്ക് യഹൂദർ അവിടെ ഉണ്ടായിരുന്നതായി ചരിത്രകാരനായ ഫ്ളാവിയസ് ജോസഫ് രേഖപ്പെടുത്തുന്നു.

ഫരിസേയരും സദുക്കായരും യഹൂദമതത്തിലെ രണ്ട് വിഭാഗങ്ങളാണ്. സദുക്കായർ ഭരണവിഭാഗത്തിൽപ്പെട്ടവരായിരുന്നെങ്കിൽ ഫരിസേയർ മതപരമായ കാർക്കശ്യം പുലർത്തിയ യാഥാസ്ഥിതിക വിഭാഗമായിരുന്നു. (അപ്പ. 26/5; 23/6) ഫരിസേയനായി കിലിക്ക്യായിലെ താർസോസിൽ ജനിച്ച സാവുൾ (അപ്പ. 21/39) യഹൂജരുടെ മതപരവും രാഷ്ട്രീയവും സാംസ്ക്കാരികവുമായ തലസ്ഥാനമായിരുന്ന ജെറുസലെമിൽ വളർന്നവനും (അപ്പ. 22/3) യഹൂദ റബ്ബിമാരിൽ അതിപ്രശസ്തനായ ഗമാലിയേലിന്റെ പാദാന്തികത്തിൽ ഇരുന്ന് വേദാഭ്യസനം നടത്തിയ യുവാവും ആയിരുന്നു (അപ്പ. 22/3). ഇസ്രായേൽ വംശത്തിൽ ബഞ്ചമിൻ ഗോത്രത്തിൽ പിറന്ന സാവുൾ, 8-ാം ദിവസം പരിഛേദന ചെയ്യപ്പെട്ട ഹെബ്രായൻ ആയിരുന്നു. നിയമപ്രകാരം ഫരിസേയനും തീഷ്ണതകൊണ്ട് സഭയെ പീഡിപ്പിച്ചവനും, നീതിയുടെ കാര്യത്തിൽ നിയമത്തിന്റെ മുമ്പാകെ കുറ്റം ഇല്ലാത്തവനും ആയിരുന്നു (അപ്പ. 22/3; ഫിലി. 3/5-6). യഹൂദ പാരമ്പര്യങ്ങളിൽ തഴക്കവും വഴക്കവും ഉണ്ടായിരുന്ന സാവുളിന് ഗ്രീക്ക് ഭാഷയിൽ പ്രാവീണ്യവും ഗ്രീക്ക് സംസ്ക്കാരത്തിൽ (ഹെലനിസ്സം) പരിചയവും ജന്മനാ റോമാ പൗരത്വവും ഉണ്ടായിരുന്നു (അപ്പ. 22/28). അദ്ദേഹം ഒരു വിജ്ഞാനിയും ആയിരുന്നു (അപ്പ. 26/24).

### സാവുളിന്റെ (പൗലോസിന്റെ) പൂർവ്വചരിത്രം

പൗലോസിന്റെ പുർവ്വചരിത്രത്തെപ്പറ്റിയുള്ള ആത്മകഥാവിവരണം ഇപ്രകാരമാണ്: ``....... ഞാൻ ദൈവത്തിന്റെ സഭയെ കഠിനമായി പീഡിപ്പിക്കുകയും അതിനെ ഉന്മൂലനം ചെയ്യുവാൻ പരിശ്രമിക്കുകയും ചെയ്തിരുന്നു. എന്റെ വംശത്തിൽപ്പെട്ട സമപ്രായരായ അനേകരെക്കാൾ യഹൂദമത കാര്യങ്ങളിൽ ഞാൻ മുൻപന്തിയിലായിരുന്നു; എന്റെ പിതാക്കന്മാരുടെ പാരമ്പര്യങ്ങളിൽ അത്യധികം തീക്ഷ്ണമതിയുമായിരുന്നു. എന്നാൽ ഞാൻ മാതാവിന്റെ ഉദരത്തിൽ ആയിരിക്കുമ്പോൾ തന്നെ ദൈവം എന്നെ **പ്രത്യേകം തെരഞ്ഞെടുത്തു;** തന്റെ കൃപയാൽ അവിടുന്നെന്നെ **വിളിച്ചു**. അത് അവിടുത്തെ പുത്രനെപ്പറ്റി വിജാതിയരുടെ ഇടയിൽ പ്രസംഗിക്കുവാൻ അവനെ എനിക്ക് വെളിപ്പെടുത്തി തരേണ്ടതിനായിരുന്നു'' (ഗലാ. 1/13-16). തുടർന്ന് അറേബ്യയിലേക്ക് പോയി 3 വർഷം മരുഭൂമിയിൽ തപസ്സ് അനുഷ്ഠിച്ച് തന്റെ ദർശനത്തിനും ദൈവാനുഭവത്തിനും മൂർച്ച കുട്ടുകയും മാനസാന്തരത്തിന് ഉറപ്പ് വരുത്തുകയും ചെയ്തു (ഗലാ. 1/17-18).

കൊരിന്ത്യർക്ക് എഴുതുമ്പോൾ പൗലോസ് നല്കുന്ന `ബയോഡേറ്റാ' ഇപ്രകാരമാണ്. ``ആരെങ്കിലും പ്രശംസിക്കാൻ ധൈര്യപ്പെടുന്ന എന്തിനെക്കുറിച്ചും പ്രശംസിക്കുവാൻ ഞാനും ധൈര്യപ്പെടും:

www.malankaralibrary.com

ഞാനും ഹെബ്രായനാണ്;

ഞാനും ഇസ്രായേൽക്കാരനാണ്;

ഞാനും അബ്രഹാമിന്റെ സന്തതിയാണ്;

ഞാൻ ക്രിസ്തുവിന്റെ ദാസനാണ്; ഉന്മത്തനെപോലെ ഞാനും പറയുന്നു.

ഞാൻ കുറെക്കൂടെ മെച്ചപ്പെട്ട ദാസനാണ്;

അവരെക്കാൾ വളരെയധികം ഞാൻ അദ്ധ്വാനിച്ചു (2 കൊരി. 11/22).

**പൗലോസിന്റെ പീഡാനുഭവവിവരണം:**

തുടർന്ന് ക്രിസ്തുവിനോടുള്ള സ്നേഹത്തെപ്രതി താനനുഭവിച്ച പീഡാനുഭവങ്ങളുടെ നീണ്ട ഒരു പട്ടിക നിരത്തുകയാണ്.

- ``........ വളരെക്കൂടുതൽ കാരാഗൃഹവാസമനുഭവിച്ചു;
- എണ്ണമറ്റവിധം പ്രഹരമേറ്റു;
- പലതവണ മരണ വക്ത്രത്തിലകപ്പെട്ടു;
- അഞ്ചു പ്രാവശ്യം യഹൂദരുടെ കൈകളിൽനിന്ന് ഒന്നു കുറയെ നാല്പത് അടിവീതം കൊണ്ടു;
- മൂന്നു പ്രാവശ്യം വടികൊണ്ട് അടിയ്ക്കപ്പെട്ടു;
- ഒരിക്കൽ കല്ലേറിയപ്പെട്ടു;
- മൂന്നു പ്രാവശ്യം കപ്പലപകടത്തിൽപെട്ടു;
- ഒരു രാത്രിയും ഒരു പകലും കടലിൽ ഒഴുകിനടന്നു;
- തുടരെത്തുടരെയുള്ള യാത്രകൾക്കിടയിൽ, നദികളിൽ വെച്ചും, കൊള്ളക്കാരിൽ നിന്നും. സ്വന്തക്കാരിൽ നിന്നും, വിജാതീയരിൽ നിന്നും എനിക്ക് അപകടങ്ങൾ ഉണ്ടായി;
- നഗരത്തിൽവെച്ചും വിജനപ്രദേശത്തുവെച്ചും കടലിൽവെച്ചും അപകടങ്ങളിലകപ്പെട്ടു;
- വ്യാജസഹോദരരിൽ നിന്നുള്ള അപകടങ്ങൾക്കും ഞാൻ അധീനനായി;
- കഠിനാദ്ധ്വാനത്തിലും വിഷമസന്ധികളിലും നിരവധി രാത്രികളിലെ ജാഗരണത്തിലും വിശപ്പിലും ദാഹത്തിലും, പലപ്പോഴും, ഉപവാസത്തിലും തണുപ്പിലും നഗ്നതയിലും ഞാൻ ജീവിച്ചു.
- ഇവയ്ക്കെല്ലാം പുറമെ, സകല സഭകളെയും കുറിച്ചുള്ള ഉല്ക്കണ്ഠ അനുദിനം എന്നെ അലട്ടിക്കൊണ്ടുമിരുന്നു.
- ആര് ബലഹീനനാകുമ്പോഴാണ് ഞാൻ ബലഹീനനാകാതിരിക്കുന്നത്?
- ആരു് തെറ്റു ചെയ്യുമ്പോഴാണ് എന്റെ ഹൃദയം കത്തി എരിയാത്തത്?......
- ദമാസ്ക്കസിൽവെച്ച് എന്നെ പിടികൂടുന്നതിനുവേണ്ടി..... നഗരത്തിന് കാവലേർപ്പെടുത്തി. എന്നാൽ മതിലിലുള്ള ഒരു കിളിവാതിലിലൂടെ കുട്ടയിൽ ഞാൻ താഴേയ്ക്കിറക്കപ്പെട്ടു. അങ്ങനെ അവന്റെ കൈകളിൽ നിന്ന് ഞാൻ രക്ഷപെട്ടു. (2 കൊരി. 11/23-32).
- ``....... അവനെ വധിക്കുവാൻ യഹൂദന്മാർ ഗൂഢാലോചന നടത്തി..... (അപ്പ. 9/23,29).
- അവനെ വധിക്കുവാൻ രാവും പകലും അവർ ശ്രദ്ധാപൂർവ്വം കവാടങ്ങളിൽ കാത്തുനിന്നു..... (അപ്പ. 9/24, 29).
- ഗ്രീക്കുകാരോടും അവൻ പ്രസംഗിക്കുകയും വാദപ്രതിവാദത്തിലേർപ്പെടുകയും ചെയ്തു. അവരാകട്ടെ അവനെ വധിക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു'' (അപ്പ. 9/23-24, 29-30).
- ഒരിക്കൽ അവർ പൗലോസിനെ കല്ലേറിയുകയും, മൃതപ്രായനായിക്കിടന്നതു കണ്ട് മരിച്ചു പോയെന്ന് വിചാരിച്ച് നഗരത്തിന് പുറത്തേക്ക് വലിച്ചുകൊണ്ടു പോകുകയും ചെയ്തു. (അപ്പ. 14/19)

www.malankaralibrary.com

## പൗലോസിന് ലഭിച്ച ദർശനങ്ങളും വെളിപാടുകളും:

``പതിനാലു വർഷങ്ങൾക്ക് മുമ്പ് മൂന്നാം സ്വർഗ്ഗം വരെ ഉയർത്തപ്പെട്ട ഒരു മനുഷ്യൻ'' (2 കൊരി. 12/2) എന്നാണ് തനിക്കുണ്ടായ വെളിപാടുകളെക്കുറിച്ചും ദർശനങ്ങളെക്കുറിച്ചും അപ്പസ്തോലികതയെപ്പറ്റിയും ശ്ലീഹാ പറയുന്നത്. വെളിപാടുകളും ദർശനങ്ങളും പൗലോസിനെ സംബന്ധിച്ച് ആകസ്മികമോ ഒറ്റപ്പെട്ടതോ ആയ അനുഭവമല്ല. പ്രത്യുത നിരന്തരമായ അനുഭവമായിരുന്നു; അത് തന്റെ അപ്പസ്തോലിക ജീവിതത്തിന്റെ ഭാഗം തന്നെയായിരുന്നു. അദ്ദേഹം പറയുന്നത് ശ്രദ്ധിക്കുക: ``വെളിപാടുകളുടെ **ആധിക്യത്താൽ** ഞാൻ അധികം ആഹ്ലാദിക്കാതിരിക്കേണ്ടതിന് ശരീരത്തിൽ ഒരു മുള്ള് നല്കപ്പെട്ടിരിക്കുന്നു'' (2 കൊരി. 12/7). സീസറിന്റെ മുമ്പിൽ വിസ്തരിക്കപ്പെടുവാൻ റോമായിലേക്കുള്ള കപ്പൽയാത്രയിൽ, ക്രേത്തേയിൽ (Crete) നിന്നു യാത്രതിരിച്ച് മാൾട്ടായിലെത്തുന്നതിനിടയ്ക്കുണ്ടായ കപ്പലപകടവും, പതിനാലു ദിനരാത്രങ്ങൾ ഭക്ഷണമില്ലാതെ കടലിൽ ഒഴുകി നടന്നതും കപ്പൽഛേദം സംഭവിക്കുന്നതും നടപടി പുസ്തകം വിവരിക്കുന്നുണ്ട്. അപകടം തൊട്ടുമുന്നിൽ കണ്ടുകഴിഞ്ഞ ആ 276 പേരിൽ തടവുകാരനായി പൗലോസുമുണ്ടായിരുന്നു. അവർക്ക് നാശം സംഭവിക്കുകയില്ലെന്ന് ദർശനത്തിൽ അപ്പസ്തോലന് മനസ്സിലാക്കി കൊടുത്തതിനെപ്പറ്റി പറയുന്നത് കേൾക്കുക: ``എന്നാൽ ഇപ്പോൾ ധൈര്യമായിരിക്കണമെന്ന് നിങ്ങളോട് ഞാൻ ഉപദേശിക്കുന്നു. കപ്പൽ തകർന്നുപോകുമെന്നല്ലാതെ നിങ്ങൾക്കാർക്കും ജീവഹാനി സംഭവിക്കുകയില്ല. എന്തെന്നാൽ, ഞാൻ ആരാധിക്കുന്നവനും എന്റെ ഉടയവനുമായ ദൈവത്തിന്റെ ഒരു ദൂതൻ ഇക്കഴിഞ്ഞ രാത്രി **എനിക്ക് പ്രത്യക്ഷപ്പെട്ടു പറഞ്ഞു:** പൗലോസ്, നീ ഭയപ്പെടേണ്ട. സീസറിന്റെ മുമ്പിൽ നീ നില്ക്കുക തന്നെ ചെയ്യും. നിന്നോടൊപ്പം യാത്ര ചെയ്യുന്നവരെയും ദൈവം നിനക്ക് വിട്ടുതന്നിരിക്കുന്നു.... അതിനാൽ നിങ്ങൾ ധൈര്യമായിരിക്കുവിൻ. എന്നോടു പറഞ്ഞതെല്ലാം അതുപോലെ സംഭവിക്കുമെന്ന് എന്റെ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു'' (അപ്പ. 27/22-26). ഇങ്ങനെ നിർണ്ണായക ഘട്ടങ്ങളിലെല്ലാം ദൈവികവെളിപാടും ആത്മീകദർശനങ്ങളും വഴി അവൻ വഴിനടത്തപ്പെട്ടു.

## പൗലോസ് സഭയിലെ ഏറ്റവും വലിയ പ്രേഷിതൻ:

റോമാ സാമ്രാജ്യത്തിന്റെ പൗരസ്ത്യ ഭാഗം മുഴുവൻ – ഇല്ലിരിക്കോൺ മുതൽ ജെറുസലെം വരെ – സുവിശേഷം എത്തിച്ച വലിയ മിഷനറിയാണ് പൗലോസ്. റോമാ സാമ്രാജ്യത്തിന്റെ അതിർത്തികളോളം പ്രേഷിത മുന്നേറ്റം നടത്തുവാൻ അദ്ദേഹം അതിയായി ആഗ്രഹിച്ചു. സ്പെയിൻ വരെ പോകുവാൻ വ്യഗ്രതപ്പെടുന്ന മിഷനറിയെ നമുക്ക് കാണാം (റോമ. 15/24, 28). ചുറ്റി സഞ്ചരിച്ച് സുവിശേഷം പ്രസംഗിച്ച ഏതാനും സ്ഥലങ്ങളുടെ പേര് അപ്പസ്തോല പ്രവർത്തനങ്ങളിൽ നാം വായിക്കുന്നു. ദമാസ്ക്കസ്സിൽ തുടങ്ങി റോമിൽ അവസാനിക്കുന്ന പ്രേഷിത യാത്രയാണ് അത്. ദമാസ്ക്കസ്സ്, ജെറുസലെം, യൂദയാ, ഗലീലി, സമരിയാ, യോപ്പാ, തർസോസ്, അന്ത്യോക്യാ, കേസറിയ, സൈപ്രസ്, സെലൂക്യാ, പാംഫോസ്, പാഫിലിയ, ഇക്കോണിയ, ലിസ്ത്രാ, സിറിയ, കിലിക്കിയാ, ദർബെ, ത്രോവാസ്, ഫ്രീജിയ, ഗലാത്തിയാ, മക്കദോനിയ (മാസിഡോണിയ), ഫിലിപ്പിയ, തെസ്സലോനിക്ക, ബറോയ, ആഥൻസ്, കൊരിന്തിയാ, എഫേസോസ്, കൊളോസോസ്, ഗ്രീസ്സ്, മിലേത്തോസ്, മാൾട്ടാ, സിസിലി, റോമാ – ഇങ്ങനെ മധ്യധരണ്യാഴിയുടെ വടക്കും പടിഞ്ഞാറുമുള്ള ആദിമ ക്രൈസ്തവ സഭാ കേന്ദ്രങ്ങളിലെല്ലാം നെടുകെയും കുറുകെയും ഓടി. ആ പ്രേഷിതൻ സുവിശേഷം പ്രഘോഷിച്ചു. വലിയ മൂന്ന് പ്രേഷിത യാത്രകളും – ജറുസലെമിൽ നിന്ന് റോമായിലേക്കുള്ള അന്തിമ യാത്രയും പൗലോസ് നയിച്ചു. ``അവരെക്കാൾ വളരെയേറെ ഞാൻ അദ്ധ്വാനിച്ചു'' (2 കൊരി. 11/22) എന്ന് ധീരമായി പറയുവാൻ ആ വലിയ പ്രേഷിതന് കഴിഞ്ഞു.

## പൗലോസിന്റെ പ്രേഷിത യാത്രകൾ

പൗലോസിന്റെ ഒന്നാം പ്രേഷിതയാത്ര – ക്രിസ്തുവർഷം 45-നും 49-നും ഇടയ്ക്കും, രണ്ടാം

www.malankaralibrary.com

പ്രേഷിതയാത്ര 50-നും 52-നും ഇടയ്ക്കും, 3-ാം പ്രേഷിതയാത്ര 53-നും 58-നും ഇടയ്ക്കും ആയിരുന്നു. ക്രിസ്തുവർഷം 58-ൽ ജെറുസലെമിൽ വച്ച് അദ്ദേഹം ബന്ധനസ്ഥനാക്കപ്പെടുകയും 60-ൽ സീസറിന്റെ അടുക്കൽ വിസ്താരത്തിനായി റോമിലേക്ക് പോകുകയും ചെയ്യുന്നു. അവസാനത്തെ 6 വർഷമോ 9 വർഷമോ പൗലോസ് തടങ്കലിലായിരുന്നു. ക്രിസ്തബ്ദം 64-ലോ 67-ലോ ക്രൂരനായ നീറോ ചക്രവർത്തിയുടെ മതമർദ്ദനകാലത്ത് പത്രോസും, പൗലോസും, ഒരേ ദിവസം രക്തസാക്ഷിമകുടം ചൂടി. പത്രോസ് തലകീഴായി കുരിശുമരണം വരിക്കുകയും, പൗലോസ് വാളുകൊണ്ട് ശിരഛേദം ചെയ്യപ്പെടുകയും ആണുണ്ടായത്. ജൂൺ 29-ന് തിരുസഭ അപ്പൊസ്തലന്മാരുടെ തിരുനാൾ ആഘോഷിക്കുന്നു.

സ്തേഫാനോസിന്റെ രക്തസാക്ഷിത്വം ക്രിസ്തുവിന്റെ ക്രൂശുമരണം കഴിഞ്ഞ ആറാം വർഷം ആയിരുന്നു – ക്രിസ്തബ്ദം 36-ൽ. പൗലോസിന്റെ മാനസാന്തരം ആ വർഷമോ തൊട്ടടുത്ത വർഷമോ ആയിരുന്നു. താൻ ആരുടെ സുവിശേഷം പ്രസംഗിച്ചുവോ ആ ക്രിസ്തുവിന്റെ രഹസ്യ ജീവിതകാലത്തിന് തുല്യമായ 30 വർഷം ക്രിസ്തുവിന് വേണ്ടി അദ്ദേഹം പരസ്യമായി വേല ചെയ്തു. ക്രിസ്തുവിന്റെ പരസ്യജീവിതത്തിന് തുല്യമായ 3 വർഷം അറേബ്യൻ മരുഭൂമിയിൽ രഹസ്യജീവിതവും (തപസ്സ്) നയിച്ചു (ഗലാ. 1/17).

### പ്രേഷിതനോ ദൈവശാസ്ത്രകാരനോ?

14 ലേഖനങ്ങൾ പൗലോസിന്റെ പേരിൽ അറിയപ്പെടുന്നുണ്ട്. തന്റെ പ്രബോധനങ്ങളിലൂടെയും, ലേഖനങ്ങളിലൂടെയും ക്രൈസ്തവ ദൈവശാസ്ത്രത്തിന് ആരംഭം ഇടുകയും അടിത്തറ പാകുകയും ചെയ്യുന്ന പൗലോസിനെ നമുക്ക് കാണാം. എങ്കിലും സമ്പൂർണ്ണമായ ഒരു ദൈവ ശാസ്ത്രം അദ്ദേഹം നെയ്തെടുക്കുന്നില്ല. സർവ്വോപരി ഒരു പ്രേഷിതനായിരുന്നു അദ്ദേഹം. തന്റെ പ്രേഷിതവൃത്തിയെ സഹായിക്കുന്നതിനാണ്, അതിന്റെ ഭാഗമായിട്ടാണ് അദ്ദേഹം ലേഖനങ്ങൾ എഴുതുന്നത്. ആരാധനസമൂഹത്തിൽ പരസ്യമായി വായിക്കുന്നതിന് വേണ്ടി ആണ് അവ എഴുതപ്പെട്ടത്. പ്രത്യേക സാഹചര്യങ്ങളിൽ പ്രത്യേക ആവശ്യങ്ങളെ മുൻനിർത്തി എഴുതപ്പെട്ടവയാണ് അവ. ചിലപ്പോൾ തെറ്റിദ്ധാരണകൾ തിരുത്തുവാൻ; ചിലപ്പോൾ സംശയങ്ങൾക്ക് മറുപടി നല്കുവാൻ; മറ്റു ചിലപ്പോൾ ചോദ്യങ്ങൾക്ക് ഉത്തരം കൊടുക്കുന്നതിന്; ഇനിയും ചില സന്ദർഭങ്ങളിൽ ആരോപണങ്ങൾക്ക് മറുപടി പറയുന്നതിന്; വേറെ ചില അവസരങ്ങളിൽ ധാർമ്മിക ബോധം ജനിപ്പിക്കുവാനും, പെരുമാറ്റ മര്യാദകൾ പഠിപ്പിക്കുവാനും, ചില സന്ദർഭങ്ങളിലാകട്ടെ ദൈവശാസ്ത്രതത്വങ്ങൾ വിശകലനം ചെയ്യുകയും ക്രിസ്തു വിശ്വാസത്തിന്റെ യുക്തി സ്ഥാപിക്കുകയുമാണ് അവയുടെ ലക്ഷ്യം. ക്രിസ്തുസംഭവം ധാർമ്മിക ജീവിതത്തിൽ വരുത്തുന്ന മാറ്റങ്ങളെപ്പറ്റിയും അദ്ദേഹം വിശദീകരിക്കുന്നുണ്ട്. ക്രൈസ്തവ ജീവിതത്തിന്റെ അന്തസത്ത ദൈവവിശ്വാസത്തിലും ദൈവ സ്നേഹത്തിലും അതോടൊപ്പം തന്നെ സഹോദരസ്നേഹത്തിലുമാണ് അടങ്ങിയിരിക്കുന്നത്.

### ലേഖനങ്ങൾ – ആദ്യം എഴുതപ്പെട്ട ക്രൈസ്തവ ഗ്രന്ഥങ്ങൾ:

സുവിശേഷങ്ങളല്ല ലേഖനങ്ങളാണ് ആദ്യം എഴുതപ്പെട്ടത്. ഏ.ഡി. 50-നും 52-നും ഇടയ്ക്ക് എഴുതപ്പെട്ട തെസലോനിക്യർക്കുള്ള രണ്ട് ലേഖനങ്ങളാണ് ആദ്യം എഴുതപ്പെട്ടത്. പുതിയ നിയമത്തിൽ ആദ്യമായി എഴുതപ്പെട്ടത് ഈ ലേഖനങ്ങളാണെന്ന് കരുതപ്പെടുന്നു 56-ൽ ഗലാത്യർക്കുള്ള ലേഖനവും കൊരിന്ത്യർക്കുള്ള 1ഉം 2ഉം ലേഖനങ്ങളും രചിക്കപ്പെട്ടു. റോമാക്കാർക്കുള്ള ലേഖനം എഴുതപ്പെട്ടത് 57-ലോ 58-ലോ ആകാം. 61-നും 63-നും ഇടയ്ക്കായിരിക്കണം എഫേസ്യർക്കും ഫിലിപ്പിയർക്കും, കൊളോസോസുകാർക്കും ഫിലേമോനും ഉള്ള ലേഖനങ്ങൾ എഴുതപ്പെട്ടത്. ശ്ലീഹാ തടങ്കലിൽ കഴിയുമ്പോൾ എഴുതപ്പെട്ടതുകൊണ്ട് ഇവയെ കാരാഗൃഹകത്തുകൾ എന്ന് വിളിക്കുന്നു. അജപാലകർക്കുള്ള ലേഖനങ്ങൾ (പാസ്റ്ററൽ ലെറ്റേഴ്സ്) എന്നറിയപ്പെടുന്ന തീമോത്തിയോസിനുള്ള രണ്ട് ലേഖനങ്ങളും തീത്തോസിനുള്ള ലേഖനവും

www.malankaralibrary.com

പിന്നീട് എഴുതപ്പെട്ടവയായി കരുതപ്പെടുന്നു. എബ്രായർക്കുള്ള ലേഖനം A.D. 67-നും 70-നും ഇടയ്ക്ക് പൗലോസിന്റെ ശിഷ്യന്മാരിൽ ആരെങ്കിലും എഴുതി എന്നാണ് പണ്ഡിതമതം. സുവിശേഷങ്ങളിൽ ആദ്യം വിരചിതമായത് മർക്കോസിന്റെ സുവിശേഷമാണ്. രചനാകാലം A.D. 66- നും 70-നും ഇടയ്ക്കായിരിക്കണം. മത്തായിയുടെയും, ലൂക്കോസിന്റെയും ലേഖനങ്ങൾ A.D. 70-നും 80-നും ഇടയ്ക്കും, യോഹന്നാന്റെ സുവിശേഷം A.D. 95-നും 100-നും ഇടയ്ക്കും എഴുതപ്പെട്ടവയാണെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

പുതിയ നിയമഗ്രന്ഥങ്ങൾ സഭയെ രൂപപ്പെടുത്തി എന്ന് പറയുന്നതിനേക്കാൾ പുതിയനിയമ ഗ്രന്ഥങ്ങൾ സഭയിൽ രൂപപ്പെട്ടു എന്ന് പറയുന്നതാകും ശരി. വി. സഭയാണ് പുതിയനിയമ ഗ്രന്ഥങ്ങളുടെ ഉടമ. സഭയുടെ ഏറ്റവും വലിയ ഈട്‌വയ്പ്പും, തിരുശേഷിപ്പും ആണ് പുതിയ നിയമഗ്രന്ഥങ്ങൾ. ``ദൈവത്തിന്റെ വചനം സജീവവും ഊർജ്ജസ്വലവുമാണ്; ഇരുതലവാളിനെക്കാൾ മൂർച്ച ഏറിയതും ചേതനയിലും, ആത്മാവിലും, സന്ധിബന്ധങ്ങളിലും, മജ്ജയിലും തുളച്ച് കയറി ഹൃദയത്തിന്റെ വിചാരങ്ങളെയും, നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ്'' (എബ്രാ. 4/12). ``ഇവതന്നെയും എഴുതപ്പെട്ടിരിക്കുന്നത് യേശു ദൈവപുത്രനായ ക്രിസ്തുവാണെന്ന് നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്'' (യോഹ. 20/31).

### സാവൂളിന്റെ മാനസാന്തരം:

ഉറച്ച കാലടികളോടും ഉള്ളുറപ്പോടുംകൂടി ജറുസലേമിൽ നിന്ന് ദമാസ്കസിലേയ്ക്ക് യാത്ര ചെയ്തിരുന്ന സാവുൾ എന്ന യുവാവിന് ലോകം മുഴുവൻ വെട്ടിപ്പിടിക്കാനുള്ള ആവേശമുണ്ടായിരുന്നു. ക്രൂശിതനായ ക്രിസ്തുവിന്റെ അനുയായികളെ ജറുസലേമിൽനിന്നു മാത്രമല്ല, സമീപ പ്രദേശങ്ങളിൽ നിന്നും, എന്നല്ല ഈ ഭൂമുഖത്തുനിന്നുതന്നെയും പിഴുതെറിയുവാൻ പ്രതിജ്ഞാബദ്ധനായിരുന്നു ആ യുവാവ്. സഭാശിശുവിനെ ഞെരിച്ച് കൊല്ലുന്നതിന് ക്രൂരമുഷ്ടിയോടും ഭീകരദംഷ്ട്രങ്ങളോടുംകൂടി ആളും അധികാരപത്രവുമായി പടവെട്ടാൻ ആ യുവാവ് ഇറങ്ങിപ്പുറപ്പെട്ടു. മതമർദ്ദനത്തിന്റെ നിശ്ശബ്ദനായ ഒരനുകൂലി എന്ന നിലയിൽനിന്ന് തേരാളിയും മുന്നണിപ്പോരാളിയുമായി മാറി ആ യുവാവ്. നിയമാനുസൃതം മർദ്ദനം നടത്താനാവശ്യമായ `വാറന്റും' വാങ്ങിയായിരുന്നു ആ തന്ത്രശാലി ഇറങ്ങിത്തിരിച്ചത്. എന്നാൽ പൊടുന്നനെ സംഭവഗതി കീഴ്മേൽ മറിയുന്നു! ഉദ്ദേശിച്ചിറങ്ങിത്തിരിച്ചതല്ല യഥാർത്ഥത്തിൽ സംഭവിച്ചത്. ആരുടെ അനുയായികളെയാണോ താൻ അറസ്റ്റ് ചെയ്യാൻ പോയത് ആ ക്രിസ്തുവിനാൽ അവൻ `അറസ്റ്റു' ചെയ്യപ്പെട്ടു എന്നതാണ് കഥയുടെ പരിണാമം.

സാവുളിന്റെ മാനസാന്തരത്തിന് ഒരു മിന്നൽപ്പിണരിന്റെ വേഗത ഉണ്ട്. എന്നാൽ അത് വളരെ പെട്ടെന്നു സംഭവിച്ച ഒന്നാണെന്ന് പറയാനും സാദ്ധ്യമല്ല. ക്രിസ്തുവിന്റെ ധീരസാക്ഷിയും ആദ്യത്തെ രക്തസാക്ഷിയുമായ സ്തേഫാനോസിന്റെ ധീരോദാത്തതയും വിശ്വാസധീരതയും നേരിൽ കണ്ടവനാണ് സാവുൾ; അടുത്തുനിന്ന് സാക്ഷ്യം വഹിച്ചവനാണവൻ. സ്തേഫാനോസിന്റെ രക്തം ചിന്തപ്പെട്ടപ്പോൾ അടുത്തുനിന്ന് അത് അംഗീകരിക്കുകയും അവന്റെ ഘാതകരുടെ വസ്ത്രങ്ങൾ സൂക്ഷിക്കുകയും ചെയ്തവൻ (അപ്പ. 22/20). ``രക്തസാക്ഷികളുടെ രക്തം വിശ്വാസത്തിന്റെ ബീജം'' എന്ന തെർത്തുല്യന്റെ ചൊല്ല് സ്മരണീയമാണ്. ജറുസലെമിൽ നടന്ന ആ സംഭവപരമ്പരകൾ ശൗലെന്ന ചെറുപ്പക്കാരന്റെ മനസ്സിൽ പാകിയ വിത്ത്, ഉയർത്തെഴുന്നേറ്റവനും നീതിസൂര്യനുമായ ക്രിസ്തുവിന്റെ പ്രഭാകിരണങ്ങൾ ദമാസ്ക്കസിന്റെ പടിവാതില്ക്കൽ എതിരേറ്റപ്പോൾ പൊട്ടിമുളച്ചുവെന്നേയുള്ളൂ.

സ്തേഫാനോസിന്റെ വിശ്വാസധീരത, പ്രാർത്ഥനാചൈതന്യം, ക്രിസ്തുവിനോടുള്ള അതിരില്ലാത്ത ആരാധന, ശത്രുക്കളോട് വ്യവസ്ഥ കൂടാതെ ക്ഷമിക്കുവാനുള്ള കഴിവ്, പുഞ്ചിരിയോടെ പീഡകൾ ഏറ്റു വാങ്ങുന്നതിലുള്ള ഉത്സാഹം എന്നിവയൊക്കെ ധീരയുവാവായ സാവുളിനെ ആകർഷിച്ച ഘടകങ്ങളാണ്. ആകർഷിക്കുക മാത്രമല്ല അദ്ദേഹത്തെ വിസ്മയിപ്പിക്കുകയും വിഭ്ര

www.malankaralibrary.com

മിപ്പിക്കുകയും കൂടി ചെയ്തു. ആ യുവചിന്തകന്റെ മനസ്സിൽ പാകപ്പെട്ട വിത്ത് യഥാസമയം പൊട്ടിമുളക്കുകയും തഴച്ചു വളരുകയും ചെയ്തു.

`വാക്കുകൾ പറന്നുപോകും, മാതൃക ചലിപ്പിക്കും' എന്നാണ് ചൊല്ല്. അപാരമായ ക്ഷമയുടെ, അസാധാരണമായ ഔദാര്യത്തിന്റെ, അന്യാദൃശമായ കനിവിന്റെ ഒരു മാതൃക തത്സമയത്ത് പ്രത്യേകിച്ചൊരത്ഭുതത്തിന് തുടക്കം കുറിച്ചില്ലെങ്കിൽ കൂടി, പിന്നീട് ചലനങ്ങൾ സൃഷ്ടിക്കുവാൻ പര്യാപ്തമാണ്. നാം കാണിക്കുന്ന ഉദാത്തമായ ഏത് മാതൃകയും ആരിലെങ്കിലുമൊക്കെ ചലനങ്ങൾ സൃഷ്ടിച്ചേക്കാം. മഹാന്മാരുടെ മാതൃകകളെ എക്കാലവും ലോകം ആദരിക്കുകയും, അനുകരിക്കുകയും ചെയ്യുന്നുണ്ടല്ലോ. മഹാത്മഗാന്ധിയെ വാക്കിലും നോക്കിലും മനോഭാവത്തിലും മാതൃകയാക്കുന്ന എത്രയോ ഗാന്ധിയന്മാർ ഈ ഭാരതത്തിൽ ഉണ്ട്. ആ മഹത്വത്തിലേയ്ക്ക് ഉയരുവാൻ ഓരോ ക്രൈസ്തവനും, സാധിക്കണം. അതിനുള്ള ആഗ്രഹവും പരിശ്രമവും നമുക്ക് ഉണ്ടായിരിക്കണം. ആയിരം മൈൽ യാത്രയും ആരംഭിക്കുന്നത് ആദ്യത്തെ ചുവട് വയ്പ്പോടുകൂടിയാണ് എന്ന ചൈനീസ് ചിന്തകനായ കൺഫ്യൂഷ്യസിന്റെ പ്രസ്താവത്തിൽ ഒരു സത്യം അടങ്ങിയിട്ടുണ്ട്. നിന്നിടത്ത് തന്നെ നിന്നാൽ നാം എങ്ങും എത്തുകയില്ല. ക്രിസ്തുവിന്റെയും ആദിമ ക്രൈസ്തവരുടെയും മാതൃകകൾ നമ്മെ ചലിപ്പിക്കണം. സഹചരർക്കും വരും തലമുറകൾക്കും നല്ല മാതൃക നല്കാൻ നമുക്ക് ആകണം. അതാണ് ഒരു ക്രിസ്തു അനുയായിയുടെ കടമ. ഈ വെല്ലുവിളി എന്നും നമ്മുടെ മുമ്പിലുണ്ട്. നിങ്ങളുടെ വെളിച്ചം മറ്റുള്ളവരുടെ മുമ്പിൽ പ്രകാശിക്കട്ടെ എന്നാണല്ലോ ക്രിസ്തു നാഥൻ നമ്മോട് ആഹ്വാനം ചെയ്യുന്നത്. വീണ്ടും ദിവ്യനാഥന്റെ ആഹ്വാനം ഇപ്രകാരമാണ് ``നിങ്ങളിൽ ഉപ്പ് ഉണ്ടായിരിക്കട്ടെ'' (മർക്കോ. 9/50).

ആദിമ സഭയെ സംബന്ധിച്ചും പില്ക്കാല സഭയെ സംബന്ധിച്ചും ആരെ സംബന്ധിച്ചും മാനസാന്തരം എത്രമാത്രം പ്രാധാന്യം അർഹിക്കുന്നു എന്നതിന്റെ തെളിവാണ് പൗലോസിന്റെ മാനസാന്തര സംഭവം അപ്പസ്തോല പ്രവർത്തനങ്ങളിൽ തന്നെ മൂന്നുതവണ ആവർത്തിച്ച് പ്രതിപാദിച്ചിരിക്കുന്നത് (അപ്പ. 9/1-19; 2/6-16; 26/9-23) കൂടാതെ പൗലോസിന്റെ തന്നെ ലേഖനങ്ങളിൽ നാല് തവണ മാനസാന്തര വൃത്താന്തത്തെ സംബന്ധിച്ച് ആവർത്തിച്ച് പ്രതിപാദിക്കുന്നുണ്ട് (1കൊരി 9/1; 15/8; 2 കൊരി. 4/6; ഗലാ. 1/15-16).

### ദമാസ്ക്കസ്സ് അനുഭവം എങ്ങനെ മനസ്സിലാക്കാം:

ദമാസ്ക്കസ്സ് സംഭവം അപ്പൊസ്തൊലൻ ആവർത്തിച്ചാവർത്തിച്ച് പ്രസ്താവിക്കുന്ന ഒരു കാര്യമാണ്. സാവുൾ എന്ന തീവ്രവാദിയെ, ആ മതമൗലികവാദിയെ, ആ വർഗ്ഗീയ വാദിയെ സഭയുടെ ആരംഭകാലത്തെ അറിയപ്പെടുന്ന ആ മതമർദ്ദകനെ ആകെ കീഴ്മേൽ മറിച്ച, അവനെ അവൻ അല്ലാതാക്കിത്തീർത്ത – അതിമഹത്തായ സംഭവമാണത്. അത് സാവുളിന് പോലും ഉൾക്കൊള്ളുവാനും അംഗീകരിക്കുവാനും എളുപ്പമായിരുന്നില്ല. അവനെ ആഴത്തിൽ സ്പർശിച്ച ആ സംഭവം സ്വാംശീകരിക്കുവാനും അന്തരാർത്ഥം ഉൾക്കൊള്ളുവാനും വേണ്ടിയാകണം മൂന്ന് മുഴുവൻ വർഷക്കാലം അറേബ്യായിലെ മരുഭൂമിയിൽ ഏകാന്തധ്യാനത്തിലും നിരന്തര പ്രാർത്ഥനയിലും അദ്ദേഹം ചിലവഴിച്ചത്. സംഘത്തിന് മുമ്പിൽ ഹാജരാക്കപ്പെട്ട പത്രോസും യോഹന്നാനും മറുപടി പറഞ്ഞ പ്രകാരം ``താൻ കാണുകയും, കേൾക്കുകയും അനുഭവവേദ്യമാക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കുവാൻ'' (അപ്പ. 4/20) അദ്ദേഹത്തിന് കഴിയുന്നില്ല. അത്രമാത്രം അസാധാരണവും ആഴത്തിൽ സ്പർശിച്ചതുമായ അനുഭവം ആയിരുന്നു അത്.

ആദ്യത്തെ ക്രിസ്തുസാക്ഷികളുടെ നേർക്ക് വെല്ലുവിളി ഉയർത്തിയും വധഭീഷണി മുഴക്കിയും മുന്നേറിയ ഒരാളുടെ അനുഭവമായിരുന്നു അതെന്നുകൂടി ഓർക്കണം (അപ്പ. 9/1). ആദിമ ക്രൈസ്തവരെ വിശ്വാസത്യാഗത്തിന് നിർബന്ധിച്ച ഒരു മതമൗലിക വാദിക്ക് വന്ന മനംമാറ്റത്തിന്റെ അവിശ്വസനീയമായ കഥയാണിത്. അവർക്കെതിരെ കത്തി ജ്വലിച്ച കോപത്തോടെ

www.malankaralibrary.com

മറ്റു നഗരങ്ങളിൽ പോലും പോയി പീഡിപ്പിച്ച ഒരു മതമർദ്ദകന്റെ മതംമാറ്റത്തിന്റെയും മനംമാറ്റത്തിന്റേയും കഥയാണത്. ജറുസലെമിൽ ഒതുങ്ങി നിന്നതല്ല ആ കഥ. ഇരുനൂറ്റി നാല്പത് കിലോ മീറ്റർക്കപ്പുറമുള്ള ദമാസ്ക്കസിലേക്കും പീഡകന്റെ അങ്കി അണിഞ്ഞുകൊണ്ട് ഇറങ്ങിതിരിച്ച ഒരു യോദ്ധാവിന്റെ അനുഭവമാണത്. താൻ ഏതിനെ വെല്ലുവിളിച്ചോ അതിന്റെ തന്നെ പ്രചാരകനാകുവാൻ വിളി ലഭിച്ച കഥയാണത്. അവനെന്നല്ല ആർക്കുതന്നെയും കേവലം മാനുഷികമായ രീതിയിൽ വിശദീകരിക്കുവാൻ ആവാത്ത ആ കാര്യം ദൈവീക ഇടപെടലായി മാത്രം കാണുവാനും വിശ്വസിക്കുവാനും ആ വിധം വിശദീകരിക്കുവാനുമാണ് അദ്ദേഹം തുനിയുന്നത്. ദമാസ്ക്കസിന്റെ പടിവാതില്ക്കൽ വെച്ച് അശ്വാരുഢനായ ആ യോദ്ധാവിന്റെ നേർക്ക് ആകാശത്തിൽ നിന്ന് ഉല്പതിച്ച ആ മിന്നലൊളി (അപ്പ. 9/3), അവനെ വലയം ചെയ്ത് പത്മവ്യൂഹത്തിലാക്കി കീഴടക്കിയ ആ വലിയ പ്രകാശം (അപ്പ. 22/6) കൂടെ ഉണ്ടായവർക്കും ദൃശ്യമായ ആ പ്രഭാപൂരം (അപ്പ. 22/9) നട്ടുച്ച നേരത്ത് തന്റെയും സഹയാത്രികരുടെയും ചുറ്റും ജ്വലിക്കുന്നതായി അവൻ കണ്ടതും തന്നെയും കൂടെയുള്ളവരെയും നിലംപതിപ്പിച്ചതുമായ സൂര്യപ്രഭയെ വെല്ലുന്ന ആ പ്രകാശധാര (അപ്പ. 26/13), മുന്നു ദിവസത്തേക്ക് തന്നെ അന്ധനാക്കിയ ആ ദിവ്യ പ്രകാശം (അപ്പ. 9/9) കണ്ണ് അഞ്ചുവാൻ തക്കവണ്ണം തീഷ്ണമായിരുന്ന ഉത്ഥിതനായ യേശുവിന്റെ ദിവ്യതേജസ്സ് (അപ്പ. 22/11) വെറും കെട്ടുകഥയല്ല എന്നതിന്റെ ഉത്തമ തെളിവാണ് സാവുൾ (Saul) എന്ന സംഹാരകൻ പൗലോസ് (Paul) എന്നു സംരക്ഷകനായി മാറിയ ചരിത്ര യാഥാർത്ഥ്യം.

പ്രകാശം ദൈവത്തിന്റെ സൂചനയാണ്. ഞാൻ ലോകത്തിന്റെ പ്രകാശമാണ് (യോഹ. 1/4; 8/12; 9/5; 12/35; ഏശ. 49/6) എന്ന് അരുളിച്ചെയ്ത യേശുവിന്റെ പ്രത്യക്ഷതയിൽ പ്രസരിച്ച പ്രകാശമായിരുന്നു അത്. ``അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി അവർ ലജ്ജിതരാവുകയില്ല'' (സങ്കീ. 34/5). പ്രകാശത്തിന്റെ സൃഷ്ടാവാണ് ദൈവം. ആ ദൈവം പ്രകാശം തന്നെയാണ്. ദൈവത്തിന്റെ ആദ്യത്തെ സൃഷ്ടിതന്നെ പ്രകാശമാണ് (ഉല്പ. 1/3). പ്രപഞ്ചത്തിന്റെ പ്രകാശ രഹസ്യം സൂര്യനാണ്. നീതിസൂര്യൻ എന്നാണ് യേശുവിനെ വിളിക്കുന്നത്. സൂര്യപ്രകാശത്തിന്റെ പ്രതിഫലനമാണ് ചന്ദ്രന്റെ ചന്ദ്രിക. സൂര്യനെപ്പോലെ ആത്മപ്രകാശത്തിന്റെ പ്രഭവസ്ഥാനമായ യേശുവിന് അഭിമുഖമായി ജീവിച്ച് പ്രകാശം പ്രസരിപ്പിക്കേണ്ടവനാണ് ഓരോ ക്രിസ്തുശിഷ്യനും. ആ ദിവ്യപ്രകാശം ഒരു സാവുളിൽ തട്ടിയപ്പോൾ എത്ര ആത്മ പ്രകാശമാണ്, ആത്മീയ വെളിച്ചമാണ്, ദൈവ പ്രസാദമാണ് പ്രസരിച്ചത്! അനേകരെ പ്രകാശിപ്പിക്കുന്ന മർത്ത്യ തേജസ്സാകുവാനും അനേകരുടെ ആത്മീയ കണ്ണുകളെ തെളിക്കുന്ന ദീപമാകുവാനും അവന് കഴിഞ്ഞു. ഓരോ ക്രൈസ്തവനും ഉത്ഥിതന്റെ സാക്ഷിയായി തീരേണ്ടത് ഇപ്രകാരമാണ്. ചുറ്റും അന്ധകാരം വ്യാപിക്കുന്ന ഇക്കാലത്ത് ലോകം വീണ്ടും കാടത്തത്തിലേക്കും അന്ധതയിലേക്കും പിൻതിരിയുന്ന ഇക്കാലത്ത്, ക്രിസ്തുവിന്റെ പ്രകാശം നാം സ്വീകരിക്കണം. ആ പ്രകാശം നാം പ്രസരിപ്പിക്കണം. ഈശോ നുഹറോ - ലോകത്തിന്റെ പ്രകാശമായ യേശുവിനെ പ്രതിഫലിപ്പിക്കുന്ന കൈത്തിരികളായി നാം രൂപാന്തരപ്പെടണം. അന്ത്യോക്യായിലെ യഹൂദരോട് പൗലോസ് പറയുന്നത് ശ്രദ്ധേയമാണ്. ``ഭൂമിയുടെ അതിർത്തികൾ വരെ രക്ഷ വ്യാപിപ്പിക്കുന്നതിന് വിജാതീയർക്ക് ഒരു ദീപമായി നിന്നെ ഞാൻ സ്ഥാപിച്ചിരിക്കുന്നു'' (അപ്പ. 13/47) ``അന്ധർക്ക് കാഴ്ച നല്കുന്നതിനും തടവുകാരെ കാരാഗൃഹത്തിൽനിന്നും അന്ധകാരത്തിലിരിക്കുന്നവരെ ഇരുട്ടറയിൽനിന്ന് മോചിപ്പിക്കുന്നതിനും വേണ്ടി ഞാൻ നിന്നെ ജനതകൾക്ക് പ്രകാശമായി നല്കിയിരിക്കുന്നു'' (ഏശാ. 42/7).

കണ്ണാണ് ശരീരത്തിന്റെ വിളക്ക്. കണ്ണ് കുറ്റമറ്റതാണെങ്കിൽ ശരീരം മുഴുവൻ പ്രകാശിക്കും. കണ്ണ് ദുഷ്ടമാണെങ്കിലോ ശരീരം മുഴുവൻ ഇരുണ്ട് പോകും. ``നിന്നിലെ പ്രകാശം അന്ധകാരമാണെങ്കിൽ അന്ധകാരം എത്രയോ വലുതായിരിക്കും'' (മത്ത. 6/22). കണ്ണ് കാണാത്തവരും അന്ധന്മാരും ആകുന്നത് പ്രകാശത്തെ നാം ഉപേക്ഷിക്കുമ്പോഴാണ്. ഈ ഉപേക്ഷയെപ്പറ്റി ജെറ

www.malankaralibrary.com

മിയാ പ്രവാചകനിലൂടെ കർത്താവ് പറയുന്നത് ശ്രദ്ധിക്കുക: ``എന്റെ ജനം രണ്ട് തിന്മകൾ പ്രവർത്തിച്ചു. ജീവജലത്തിന്റെ ഉറവയായ എന്നെ അവർ ഉപേക്ഷിച്ചു. ജലം സൂക്ഷിക്കാൻ കഴിവില്ലാത്ത പൊട്ടക്കിണറുകൾ കുഴിക്കുകയും ചെയ്തു.'' (ജറെ. 2/13). നമ്മുടെ പ്രാർത്ഥന ഇതായിരിക്കട്ടെ:

വെളിച്ചം തരേണമേ, വെളിച്ചം തരേണമേ
നിത്യാമം പ്രകാശമേ വെളിച്ചം തരേണമേ.
തമസ്സിൽ മുങ്ങീടുമ്പോൾ, തിമിരം നീങ്ങീടുമ്പോൾ
നിത്യമാം പ്രകാശമേ, വെളിച്ചം തരേണമേ.

ആംഗ്ലിക്കൻ സഭയിലെ വൈദികനും ഓക്സ്ഫോർഡ് പ്രസ്താനത്തിന്റെ ജനയിതാവും പില്ക്കാലത്ത് കത്തോലിക്കാ സഭയിലേയ്ക്ക് പുനരൈക്യപ്പെട്ടവനുമായ കാർഡിനൽ ന്യൂമാന്റെ പ്രസിദ്ധമായ ഒരു പ്രാർത്ഥനാ ഗാനമുണ്ട് – Lead Kindly Light - പ്രകാശമേ നയിച്ചാലും:

നിത്യപ്രകാശമേ നയിക്കുകെന്നെ നീ
ചുറ്റിലുമിരുൾ പരന്നിടുന്ന വേളയിൽ
അന്ധകാരപൂർണ്ണമായ രാത്രിയാണുപോൽ
എൻഗൃഹത്തിൽനിന്നുമേറെ ദൂരെയാണുഞാൻ
നീ നയിക്കുക, സാദരം വിഭോ
നിൻ പ്രകാശധാര തൂകി നീ നയിക്കുക (2)

നിത്യമാം പ്രകാശവും സത്യപ്രകാശവുമായ യേശു നമ്മെ പ്രകാശിപ്പിക്കട്ടെ. അവന്റെ പ്രകാശത്തിൽ നടക്കുവാൻ നമുക്കുത്സാഹിക്കാം. ``എന്നിൽ നടക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല.''

## സാവൂൾ അന്ധനാകുന്നു – അനേകരുടെ കണ്ണുകളെ തുറപ്പിക്കുവാൻ (അപ്പ. 26/18):

നട്ടുച്ചനേരത്ത് കത്തിക്കാളുന്ന സൂര്യന്റെ വെളിച്ചത്തെ വെല്ലുവാൻ പോന്ന ആ പ്രകാശം താങ്ങുവാൻ അശക്തനായിത്തീർന്ന സാവൂളിന്റെ ബാഹ്യനേത്രങ്ങൾ അന്ധമായതിൽ അത്ഭുതമില്ല. കണ്ണിന് താങ്ങുവാൻ കഴിയുന്നതിലപ്പുറം `വോൾട്ടേജ്' കണ്ണിൽ തട്ടിയാൽ സ്വാഭാവികമായി സംഭവിക്കുന്ന അവസ്ഥയാണത്. സൂര്യനെ നഗ്നനേത്രങ്ങൾകൊണ്ട് നോക്കുവാൻ സാദ്ധ്യമല്ല. ഗ്രഹണസമയത്തുപോലും അത് ആരോഗ്യകരമല്ല. രാത്രിയിൽ വാഹനമോടിക്കുന്നവർക്കറിയാം, എതിരെ വരുന്ന വാഹനത്തിന്റെ ലൈറ്റ് `ഡിമ്മടി' ച്ചില്ലെങ്കിൽ, പ്രകാശാധിക്യത്താൽ കണ്ണഞ്ചിപ്പോകും. `പന്തം കണ്ട പെരുച്ചാഴി' യെപ്പോലെ! മുന്നോട്ടു പോകുവാൻ സാധിക്കാത്ത ഒരു പരിതോവസ്ഥയിലാണവനെത്തിയത്. കീഴടക്കുവാൻ പോയവൻ കീഴടങ്ങുകയാണിവിടെ! വെല്ലുവിളി നടത്തി മുന്നേറിയവൻ വെല്ലുവിളിക്കപ്പെടുകയാണിവിടെ! ബന്ധിക്കാൻ പോയവൻ ബന്ധിതനാകുകയാണ്. അപ്രതിരോധ്യനെന്ന് കരുതിയവന്റെ പ്രതിരോധം കൈവിട്ടുപോകയാണ്. പിടിച്ചുകെട്ടിക്കൊണ്ടു വരാൻ ഒരുമ്പെട്ടിറങ്ങിയവന്റെ കൈയ്ക്ക് പിടിച്ച് ആനയിക്കേണ്ട അവസ്ഥാവിശേഷമാണിവിടെ സംജാതമായത് (അപ്പ. 9/8). അത് സ്വർഗ്ഗീയദർശനമായിരുന്നു (അപ്പ. 26/19). അത് യേശുവിന്റെ പ്രത്യക്ഷമായിരുന്നു (അപ്പ. 9/5; 22/8; 26/16). അവന്റെ കണ്ണുകളെ താല്ക്കാലികമായി അന്ധമാക്കിയത് (അപ്പ. 22/11) നീതിമാനായവനെ ദർശിക്കാനായിരുന്നു (അപ്പ. 22/14); അനേകരുടെ കണ്ണുകൾ തുറപ്പിക്കാൻ ഇടയാകേണ്ടതിനായിരുന്നു (അപ്പ. 26/18) അതുവഴി അവർ അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്ക് തിരിയാനായിരുന്നു; സാത്താന്റെ

www.malankaralibrary.com

ശക്തിയിൽനിന്ന് ദൈവത്തിന്റെ പ്രഭാവത്തിലേയ്ക്കും മഹത്വത്തിലേക്കും തിരിയുവാനായിരുന്നു; പാപമോചനം സ്വീകരിക്കുവാൻ വേണ്ടിയായിരുന്നു (അപ്പ. 26/18).

അവന്റെ ബാഹ്യനേത്രങ്ങൾ അന്ധമായപ്പോൾ, ആന്തരിക നേത്രങ്ങൾ ഉജ്ജ്വലിച്ചു; ഉൾക്കണ്ണുകൾ തുറക്കപ്പെട്ടു. ഹൃദയാന്ധകാരം നീങ്ങിയപ്പോൾ, മോശയ്ക്ക് മുൾപ്പടർപ്പിൽ ലഭിച്ച ദൈവപ്രത്യക്ഷം പോലെ, `ഞാൻ ഞാൻ തന്നെ' (I am who am) ആയ ദൈവത്തെ കണ്ടെത്തുവാൻ മോശയെപ്പോലെ സാവൂളിനും സാധിച്ചു. ഇതിനെപ്പറ്റി കോരിന്ത്യർക്ക് എഴുതുന്നത് കാണുക:

``അന്ധകാരത്തിൽ നിന്ന് പ്രകാശം ഉദിക്കട്ടെ എന്ന് അരുളിച്ചെയ്ത ദൈവം തന്നെയാണ്, ക്രിസ്തുവിന്റെ മുഖത്ത് വെളിവാക്കപ്പെട്ട ദൈവതേജസ്സിനെപ്പറ്റിയുള്ള അറിവിന്റെ പ്രകാശം ഞങ്ങൾക്ക് തരേണ്ടതിന് ഞങ്ങളുടെ ഹൃദയങ്ങളെ പ്രകാശിപ്പിച്ചിരിക്കുന്നത് (2 കോരി. 4/6).

പ്രകാശങ്ങളുടെ ഉടയവന്റെ പ്രകാശം തന്നെയാണ്, ക്രൂശിക്കപ്പെടുകയും ഉയിർത്തെഴുന്നേൽക്കുകയും തനിക്ക് പ്രത്യക്ഷനാകുകയും ചെയ്ത ക്രിസ്തുയേശു എന്ന് സാവുളിന്റെ ഹൃദയാന്തരാളത്തിൽ ബോദ്ധ്യപ്പെട്ട ഭാഗ്യപ്പെട്ട നിമിഷങ്ങളായിരുന്നു അത്. `എമ്മാവുസ് അനുഭവം' പോലെ, `ദമസ്ക്കസ്സ് അനുഭവവും' യേശുവിന്റെ പ്രത്യക്ഷമായിരുന്നു. മറക്കുവാനോ മറയ്ക്കുവാനോ കഴിയാത്തതും, സാവുളിന്റെ അതുവരെയുള്ള വിശ്വാസവും ബോദ്ധ്യവും പൊളിച്ചെഴുതുവാൻ പോന്നതുമായിരുന്നു ആ സംഭവം. ആ അനുഭവത്തിന്റെ തിരുശ്ശേഷിപ്പാണ് സാവുളിനെ ക്രിസ്തുവിന്റെ ധീരപടയാളിയാക്കി മാറ്റിയത്; കറതീർന്ന പ്രേഷിതനാക്കി പകർത്തിയത്; അപ്പസ്തോലനാക്കി ഉയർത്തിയത്; അവന്റെ അടിമയാക്കി മാറ്റിയത്.

ഈ ഉറച്ച ഉൾബോദ്ധ്യത്തിൽ നിന്നുടലെടുത്തതാണ് പൗലോസിന്റെ ദൈവശാസ്ത്രവും, സഭാവീക്ഷണവും, പ്രേഷിത തീക്ഷ്ണതയുമെല്ലാം. അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ കടഞ്ഞെടുത്തത് ആ സംഭവമാണ്. ``ഇനിമേൽ ഞാനല്ല ജീവിക്കുന്നത്; ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്'' (ഗലാ. 2/20) എന്നും, ``എനിക്ക് ജീവിതം ക്രിസ്തുവാണ്'' (ഫിലി. 1/21) എന്നും ഉറക്കെപ്പറയുവാനും ഉറപ്പിച്ചു പറയുവാനും അവനെ പ്രാപ്തനാക്കിയത് ഈ സംഭവമാണ്. താൻ പഠിച്ചതും വിശ്വസിച്ചതുമായ കാര്യങ്ങളെല്ലാം ഈ ദർശനത്തിന്റെ വെളിച്ചത്തിൽ നോക്കിക്കാണാനും. നവമായ ഒരു ഉണർവ്വും അർത്ഥവും കണ്ടെത്തുവാനും അവന് കഴിഞ്ഞു. ഇതുവരെ താൻ നിഴൽയുദ്ധം നടത്തുകയായിരുന്നു എന്ന് അവന് ബോദ്ധ്യമായി.

### അല്ലയോ ഗലീലേയാ, നീ തന്നെ വിജയിച്ചിരിക്കുന്നു:

സഭയുടെ ശൈശവദശയിൽ മതമർദ്ദനത്തിന്റെ ഭീകരതാണ്ഡവംകൊണ്ടും ക്രൈസ്തവസഭയെ ഉന്മൂലനാശം ചെയ്യുവാൻ കഴിയുകയില്ലെന്ന് ബോദ്ധ്യപ്പെട്ട റോമൻ ചക്രവർത്തി ഡയോക്ലീഷൻ (284-305) അവസാനം പറഞ്ഞു: ``അല്ലയോ ഗലീലേയാ, നീ തന്നെ വിജയിച്ചിരിക്കുന്നു.'' സാവുളിനും അതുപോലെ അടിയറവ് പറയേണ്ടിവന്നു. താൻ ഇന്നേയോളം വിശ്വസ്തതയോടെ ആരെ സേവിച്ചുവോ ആ യഹോവതന്നെയാണ്, വഴിതെറ്റി അലഞ്ഞു തിരിയുന്ന ഇസ്രായേലെന്ന ആടിനെ തേടി ഇറങ്ങിവന്നതെന്നും, തന്റെ പ്രിയ പുത്രനെ അയച്ചതെന്നും, ഈ പുത്രൻ തന്നെയാണ് തനിക്ക് പ്രത്യക്ഷനായതെന്നും അറിയുന്ന അനുഗ്രഹിക്കപ്പെട്ട നിമിഷമായിരുന്നു അത്. സർവ്വമാനുഷീക ഗർവ്വും, പാണ്ഡിത്യഗർവ്വും സാവുൾ അവിടെ അടിയറ വെച്ച് കീഴടങ്ങുകയാണ്. തുടർന്ന് മനഃസാക്ഷി ശുദ്ധീകരണത്തിനും വിശ്വാസം സ്പുടം ചെയ്യുന്നതിനും വേണ്ടി അറേബ്യായിലെ മരുഭൂമിയിലേക്ക് പിൻവാങ്ങുന്ന സാവൂളിനെയാണ് നാം കാണുന്നത് (ഗലാ. 1/17).

### സാവൂൾ, സാവൂൾ, നീ എന്തിന് എന്നെ പീഡിപ്പിക്കുന്നു? (അപ്പ. 9/4; 22/7; 26/14)

വീണു കിടന്ന സാവുൾ കേട്ട സ്വരമാണത്. കണ്ണഞ്ചി കാഴ്ചനഷ്ടപ്പെട്ടതിനാൽ (അപ്പ. 9/9) സ്വരം കേട്ടെങ്കിലും സ്വരത്തിന്റെ ഉടമയെ കാണാനായില്ല. എന്നാൽ അതു കേവലം മനുഷ്യസ്വരമല്ലെന്നവനു മനസ്സിലായി. അത് ദൈവസ്വരമാണെന്ന തിരിച്ചറിവവനുണ്ടായി. അബ്രഹാമിനെ

www.malankaralibrary.com

വിളിച്ച, മോശയെ വിളിച്ച, സാമുവേലിനെയും ദാവീദ് രാജാവിനെയും വിളിച്ച ദൈവമാണ്, ഏലിയായെയും ഏശയ്യായെയും ജെറമിയായെയും ആമോസിനെയും യോനായെയും വിളിച്ച ദൈവമാണ് തന്നെ വിളിക്കുന്നതെന്ന തിരിച്ചറിവ് അവനുണ്ടായി. അവൻ ചോദിക്കുകയാണ്: ``കർത്താവേ അങ്ങ് ആരാണ്?''

``നീ **പീഡിപ്പിക്കുന്ന യേശുവാണ് ഞാൻ**'' (അപ്പ. 9/5; 26/15)

``നീ **പീഡിപ്പിക്കുന്ന** നസറായനായ യേശുവാണ് ഞാൻ'' (അപ്പ. 22/8).

വിളിയോടൊപ്പം ദർശനം നല്കുകയും, മോശയ്ക്ക് മുൾപ്പടർപ്പിലെന്നപോലെ, സ്വയം വെളിപ്പെടുത്തുകയും ചെയ്ത ദൈവം അതോടൊപ്പം ദൗത്യവുംകൂടി നല്കുകയാണ്. ദൗത്യമിതായിരുന്നു: ``ഇപ്പോൾ നീ എന്നെപ്പറ്റി കണ്ടതും, ഇനി കാണുവാനിരിക്കുന്നതുമായവയ്ക്ക് സാക്ഷിയും ശുശ്രൂഷകനുമായി നിന്നെ നിയമിക്കാനാണ് ഞാൻ നിനക്ക് പ്രത്യക്ഷപ്പെട്ടിരിക്കുന്നത്'' (അപ്പ. 26/16). പ്രസവശുശ്രൂഷയ്ക്ക് പോയവൾ ഇരട്ട പ്രസവിച്ച അനുഭവം! സാവുൾ എന്ന പൗലോസ് ആദ്യം സുവിശേഷം പ്രസംഗിച്ചതാകട്ടെ ദമാസ്ക്കസിലുള്ളവരോടായിരുന്നു എന്നത് മധുരമായ ഒരു ദൈവിക പ്രതികാരമല്ലേ? (അപ്പ. 26/20). അതിനെപ്പറ്റി അദ്ദേഹം വ്യാഖ്യാനിക്കുന്നത് കേൾക്കുക. ``ദൈവത്തിന്റെ കൃപാവരത്താൽ ഞാൻ ഈ സുവിശേഷത്തിന്റെ ശുശ്രൂഷകനായി. അവിടുത്തെ ശക്തിയുടെ പ്രവർത്തനങ്ങളുടെ ഫലമായിട്ടത്രെ എനിയ്ക്ക് ഈ കൃപാവരം നല്കപ്പെട്ടത്. വിജാതീയരോട് ക്രിസ്തുവിന്റെ ദുർഗ്രഹമായ സമ്പന്നതയെക്കുറിച്ച് സംസാരിക്കുവാനും സകലത്തിന്റെയും സ്യഷ്ടാവായ ദൈവത്തിൽ യുഗങ്ങളോളം നിഗൂഢമായി സ്ഥിതി ചെയ്തിരുന്ന രഹസ്യത്തിന്റെ പ്രവർത്തനം എല്ലാവർക്കും വ്യക്തമാക്കിക്കൊടുക്കാനുമുതകുന്ന വരം വിശുദ്ധരിൽ ഏറ്റവും നിസ്സാരനായ എനിക്ക് നല്കപ്പെട്ടു'' (എഫേസ്യ 3/7-9).

യേശുവിന്റെ മരണവും ഉത്ഥാനവും മനുഷ്യവംശത്തിന്റെ രക്ഷയുമായി എത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നു എന്നുള്ള ബോദ്ധ്യം നല്കുവാൻ ദമാസ്ക്കസ് സംഭവം സാവുളിനെ സഹായിച്ചു. രക്ഷകൻ വരും എന്നുള്ള പ്രത്യാശ മറ്റെല്ലാ യഹൂദരോടുമൊപ്പം സാവുളും പങ്കുവെച്ചിരുന്നു. അത് പ്രവാചകന്മാരും മോശയും പണ്ടേ പറഞ്ഞിട്ടുള്ളതാണ് (അപ്പ. 26/23).

എന്നാൽ ആ രക്ഷകൻ നസറായനായ യേശുവായിരുന്നു എന്ന് തിരിച്ചറിയാൻ ഇസ്രായേലിന് കഴിയാതെ പോയി. കാത്തിരുന്ന രക്ഷകനെ യേശുവിൽ കാണാൻ കണ്ണില്ലാതെപോയി. തങ്ങൾ കാത്തിരുന്ന രക്ഷകൻ യേശുവായിരുന്നു എന്നും, അവന്റെ കുരിശുമരണവും ഉയർപ്പും രക്ഷണ്യവേലയുടെ ഭാഗമായിരുന്നു എന്നുമുള്ള ബോദ്ധ്യം സാവുളിനും മറ്റനേകർക്കും നൽകുവാൻ ഈ സംഭവം സഹായിച്ചു. ``നമ്മുടെ പാപങ്ങളുടെ മോചനത്തിനായി മരണത്തിനേല്പിക്കപ്പെടുകയും, നമ്മുടെ നീതീകരണത്തിനായി ഉയർപ്പിക്കപ്പെടുകയും ചെയ്ത കർത്താവായ യേശുവിനെ മരിച്ചവരിൽ നിന്ന് ഉയർപ്പിച്ചവനിൽ വിശ്വസിക്കുന്ന നമുക്കും അത് നീതീകരണമായി പരിഗണിക്കപ്പെടും (റോമാ. 4/25). യേശുവിന്റെ മരണവും ഉത്ഥാനവും വഴി ഉൽഘാടനം ചെയ്യപ്പെട്ട രക്ഷയുടെ കാലം വിളംബരം ചെയ്യാൻ ദൈവം പ്രത്യേകം വിളിച്ച് വേർതിരിച്ചവരാണ് താനുൾപ്പെടെയുള്ള ഓരോ ക്രൈസ്തവനും എന്ന ഉത്തമ ബോദ്ധ്യം അദ്ദേഹത്തിൽ ജിനിപ്പിക്കാൻ പര്യാപ്തമായിത്തീർന്നു, ഈ സംഭവം.

അപ്പസ്തോല പ്രവർത്തനങ്ങൾ എട്ടും ഒൻപതും അദ്ധ്യായങ്ങളുടെ പഠനം സുപ്രധാനമായ രണ്ടു കാര്യങ്ങൾ വ്യക്തമാക്കുന്നു.

(1) മാനസ്സാന്തരത്തിന്റെ അർത്ഥവും പ്രസക്തിയും

(2) സുവിശേഷ കവാടം വിജാതീയർക്കായി തുറന്നു കിട്ടുന്നത്.

എന്താണ് മാനസ്സാന്തരം?

**ഈശ്വരസ്പർശം മൂലം മനുഷ്യമനസ്സുകളിൽ ആരംഭിക്കുന്ന മഹത്തായ മാറ്റമാണ് മാനസ്സാന്തരം.**

എല്ലാ മനസ്സാന്തരങ്ങൾക്കും പൊതുവായ ചില ലക്ഷണങ്ങൾ കാണാം.

www.malankaralibrary.com

(1) മാനസ്സാന്തരം തികച്ചും വ്യക്തിപരമായ ഒരു പ്രതിഭാസമാണ്.

(2) അത് ദൈവത്തിന്റെ ഒരു പ്രവൃത്തിയാണ്.

(3) ഓരോ മാനസ്സാന്തരവും ഓരോ ദൈവവിളിയാണ്; ദൈവവിളിയെ ലക്ഷ്യമാക്കിയാണ്.

(4) വ്യക്തിപരമെന്ന പോലെതന്നെ മാനസ്സാന്തരത്തിന് സാമൂഹികമായ ഒരു മാനമുണ്ട്.

(5) മാനസ്സാന്തരം ലക്ഷ്യത്തിലും പ്രയോഗത്തിലും പരോന്മുഖമാണ്.

**1. മാനസാന്തരം വ്യക്തിപരമാണ്:**

ഓരോ മനുഷ്യന്റെയും മനസ്സിലുണ്ടാകുന്ന ദൈവോന്മുഖമായ മാറ്റമാണ് മാനസാന്തരം. മനുഷ്യൻ വ്യക്തിത്വമുള്ളവനും തനിമയുള്ളവനുമാണ്; വ്യത്യസ്തത പുലർത്തുന്നവനുമാണ്. അക്കാരണത്താൽ തന്നെ മനുഷ്യന്റെ മാനസാന്തരവും വ്യത്യസ്തമായിരിക്കും. ഒരാളിൽ നടക്കുന്ന മനംമാറ്റം അതേ ചുറ്റുപാടിലും സാഹചര്യത്തിലും ജീവിക്കുന്ന ഒരാളിൽ നടക്കണമെന്നില്ല. ഒരേ ചുറ്റുപാടിൽ ജീവിക്കുന്ന രണ്ടുപേരിൽ സംഭവിക്കുന്ന മാനസ്സാന്തരം ഒരേ രീതിയിൽ ആകണമെന്നുമില്ല. എല്ലാ മാനസാന്തരങ്ങളും പൗലോസിന് സംഭവിച്ചതുപോലെ നാടകീയമായിക്കൊള്ളണമെന്നുമില്ല. വ്യത്യസ്ത വിധത്തിലുള്ള മാനസാന്തരങ്ങൾക്ക് ഉദാഹരണം തേടി മറ്റെങ്ങും പോകേണ്ടതില്ല, അപ്പസ്തോല പ്രവർത്തനങ്ങളിലേക്ക് തന്നെ തിരിഞ്ഞാൽ മതിയാകും. ഏശയ്യായുടെ പ്രവചനത്തിന്റെ പൊരുൾ തേടിപ്പോകുന്ന എത്യോപ്യക്കാരൻ ഭണ്ഡാരവിചാരിപ്പുകാരന്റെ മാനസാന്തരം ഫിലിപ്പോസിന്റെ വേദോപദേശം വഴിയാണ് (അപ്പ. 8/26-40). അപ്പസ്തോല പ്രഭാഷണങ്ങൾ ശ്രവിക്കുക വഴി മാനസ്സാന്തരപ്പെടുന്നവർ അനേകരാണ്. പീലിപ്പോസിന്റെ വചനപ്രഘോഷണം ശ്രവിച്ച സമരിയാക്കാർ തന്നെ ഉദാഹരണം. രോഗം ഭേദപ്പെട്ടതുവഴി രക്ഷകനായി യേശുവിനെ കണ്ടെത്തിയവർ ധാരാളമുണ്ട്. അപ്പസ്തോലന്മാർ വഴി നടന്ന അത്ഭുതങ്ങളും അടയാളങ്ങളും ദർശിച്ചവരും രോഗശാന്തി നേടിയവരും അക്കൂട്ടത്തിൽപ്പെടും. സമരിയായിലെ ശിമയോൻ മാന്ത്രികവിദ്യ വഴി രോഗശാന്തി നല്കിക്കൊണ്ടിരുന്നവനാണ്. അവൻപോലും വിശ്വസിച്ചു. നോക്കുക എത്ര വൈവിധ്യമാർന്നതാണ് മാനസാന്തരം! എത്ര വ്യക്തിപരമാണത്! ചുരുക്കത്തിൽ യഥാർത്ഥ മാനസാന്തരം, ഏതെങ്കിലും തരത്തിൽ ദൈവവുമായി കണ്ടുമുട്ടുന്നതിന്റെ വ്യക്തിപരമായ പ്രതികരണമാണ്. മാനസാന്തരം വ്യക്തിപരമാണ്.

**2. മാനസാന്തരത്തിന് മുൻകൈ എടുക്കുന്നത് ദൈവം തന്നെയാണ്:**

എത്യോപ്യക്കാരന്റെ അടുത്തേക്ക് പീലിപ്പോസിനെ നിർദ്ദേശിച്ചയച്ചത് ദൈവത്തിന്റെ ദൂതനായിരുന്നു (അപ്പ. 8/26). ശൗലിനെ മാനസാന്തരപ്പെടുത്തിയതാകട്ടെ ഉത്ഥാനം ചെയ്ത യേശു നേരിട്ടായിരുന്നു (അപ്പ. 9/5). വിജാതീയനും ദൈവഭക്തനുമായിരുന്ന കൊർണേലിയൂസിന് പ്രത്യക്ഷനായതും, പത്രോസിനെ സ്വഭവനത്തിലേക്ക് ക്ഷണിക്കുവാൻ പ്രേരണ നല്കിയതും ദൈവദൂതനായിരുന്നു (അപ്പ. 10/4-5). പാരമ്പര്യവാദിയും യഹൂദനിയമത്തിലും നിഷ്ഠയിലും നിഷ്കർഷയുള്ളവനുമായിരുന്ന ശിഷ്യപ്രമുഖനായ പത്രോസിന്റെ മനസ്സിനെ ചലിപ്പിച്ചതും, വിജാതിയരെയും ക്രിസ്തുമാർഗ്ഗത്തിൽ ചേർക്കുവാൻ പ്രേരിപ്പിച്ചതും ഇതേ ദൈവാത്മാവ് തന്നെയായിരുന്നു (അപ്പ. 10/19-20). ഇവിടെയെല്ലാം തുടക്കം ദൈവത്തിന്റെ ഭാഗത്തുനിന്നാണ്; സഹകരിക്കുകയാണ് മനുഷ്യന്റെ കടമ. മുൻകൈ എടുക്കുന്നത് ദൈവമാണ്. ദൈവപ്രേരണയെ സ്വീകരിക്കുവാനും തിരസ്കരിക്കുവാനും മനുഷ്യനു കഴിയും. ചുരുക്കത്തിൽ ആംഗലേയകവി ഫ്രാൻസിസ്സ് തോംസന്റെ `സ്വർഗ്ഗത്തിലെ വേട്ടപ്പട്ടി' (Hound of Heaven) എന്ന സുപ്രസിദ്ധ കവിതയിൽ വർണ്ണിക്കുന്നതുപോലെ മനുഷ്യനെ വിടാതെ പിൻതുടരുന്ന, അനുസ്യൂതം അന്വേഷിക്കുന്ന വേട്ടപ്പട്ടിയാണ് ദൈവം. എല്ലാ മാനസാന്തരങ്ങളുടെയും ആദ്യത്തെ ചുവട്വെയ്പ് നടത്തുന്നത് ദൈവം തന്നെയാണ്. മറ്റേതു കാര്യത്തിലുമെന്നപോലെ മാനസ്സാന്തരത്തിലും `ദൈവം പാതി, താൻ പാതി' എന്നതാണ് പ്രമാണം. ``ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ'' (ലൂക്കോ 1/38) എന്നു പറഞ്ഞുകൊണ്ട് സ്വയം വിധേയപ്പെടുത്തുന്ന കന്യകമറി

www.malankaralibrary.com

യാമിന്റെ വിധേയത്വമാണ് ഓരോ വിശ്വാസിയുടെയും കൈമുതലാകേണ്ടത്. ആ വിധേയത്വമി ല്ലാതെ ഒരു നന്മയും, ഒരനുഗ്രഹവും, ഒരു വളർച്ചയും, ഒരു മാനസാന്തരവും ഉണ്ടാവുകയില്ല. ദൈവാത്മാവിന് വിധേയപ്പെട്ടിരിക്കുവാൻ നമുക്ക് ശ്രദ്ധയുള്ളവരാകാം. ഒരിക്കൽ മാത്രമല്ല എല്ലാ യ്പ്പോഴും; ഒരു കാര്യത്തിൽ മാത്രമല്ല എല്ലാ കാര്യങ്ങളിലും ഈ മനോഭാവമാണ് നമുക്കുണ്ടാ കേണ്ടത്.

### 3. ഓരോ മാനസ്സാന്തരവും ഓരോ ദൈവവിളിയാണ്:

പൗലോസിന്റെ കാര്യത്തിൽ ഇത് വളരെ പ്രകടമാണ്. ``വിജാതിയരുടെയും രാജാക്കന്മാരു ടെയും ഇസ്രായേൽമക്കളുടെയും മുമ്പിൽ എന്റെ നാമം വഹിക്കുവാൻ തെരഞ്ഞെടുക്കപ്പെട്ട പാത്രമാണ് അവൻ'' (അപ്പ. 9/5). മറ്റുള്ളവരുടെ കാര്യത്തിൽ ഇത്രത്തോളം പ്രകടമല്ലെങ്കിലും, ദൈവം കണ്ടെത്തുകയും ദൈവത്തെ കണ്ടെത്തുകയും ചെയ്ത എല്ലാ വ്യക്തികളും ശ്രദ്ധേയ മായ രീതിയിൽ ദൈവസാന്നിദ്ധ്യബോധമുള്ളവരും തങ്ങളുടെ പ്രവർത്തനമണ്ഡലത്തിലും ചെന്നെ ത്തുന്ന ഏതു രംഗങ്ങളിലും തങ്ങൾ വ്യാപരിക്കുന്ന ചുറ്റുപാടുകളിലും അത് പ്രസരിപ്പിക്കുവാൻ ഉത്സുകരുമായിരിക്കും.

``സ്നേഹമാം നിന്നെ കണ്ടവൻ

പിന്നെ സ്നേഹിക്കാതെ ജീവിക്കുമോ?''

സ്നേഹം തന്നെയായ ദൈവത്തെ കണ്ടെത്തുന്ന മനുഷ്യന് ആ സ്നേഹജീവിതം തുടരാ തിരിക്കുവാൻ സാധിക്കുകയില്ല. ദിവ്യസ്നേഹത്തിന്റെ തടവിലായ ഒരവസ്തയായി മിസ്റ്റിക് ചിന്ത കന്മാർ അതിനെ വിശദീകരിക്കുന്നു.

സൂര്യപ്രകാശം തട്ടുന്ന ചന്ദ്രന് ശോഭിക്കാതിരിക്കാൻ കഴിയുമോ?

പ്രകാശമേല്ക്കുന്ന ഗ്ലാസ്സിന് പ്രസരിപ്പിക്കാതിരിക്കാനാവുമോ?

അഭിമുഖം നില്ക്കുന്ന ദർപ്പണത്തിന് പ്രതിബിംബം പ്രതിഫലിപ്പിക്കാതിരിക്കാനാകുന്നതെ ങ്ങനെ?

മുട്ടുകൊണ്ട മണിക്ക് മുഴങ്ങാതിരിക്കാനാവുന്നതെങ്ങനെ?

ഒരു കുഞ്ഞ് വളർന്ന് പിതാവാകുന്നതുപോലെ, ഒരു വിദ്യാർത്ഥി പഠിച്ച് അദ്ധ്യാപകനാകു ന്നതുപോലെ, ഒരു വിത്ത് വളർന്ന് ഫലവൃക്ഷമാകുന്നതുപോലെ അനുസ്യൂതം ജീവാത്മകമായി വളർച്ച പ്രാപിക്കേണ്ട ഒരു പ്രക്രിയയാണ് മാനസ്സാന്തരം. ഉപരിയായ ഒരു ലക്ഷ്യത്തിലേക്ക് ഉറ്റു നോക്കുന്ന ഒരവസ്ഥയാണത്. ദൈവത്തിലേക്ക് മനവും മിഴിയും തിരിഞ്ഞിരിക്കുന്ന മനുഷ്യന്റെ ചിന്തയിലും, വാക്കിലും പ്രവൃത്തിയിലും അത് പ്രതിഫലിക്കുക തന്നെ ചെയ്യും. അതാണ് നമ്മുടെ ദൈവവിളി. ആ ലക്ഷ്യത്തിനുവേണ്ടിയാണ് മാനസാന്തരത്തിലേക്ക് നാം വിളിക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ ദൈവവിളി എന്താണെന്നും എന്തിനുവേണ്ടിയാണെന്നും കണ്ടെത്തുവാൻ നിരന്തരം നാം ഉത്സാഹിക്കണം. അതായത് ഈ നിമിഷം ദൈവം എന്നിൽ നിന്ന് എന്തു പ്രതീക്ഷിക്കുന്നു? ഞാൻ എങ്ങനെ പെരുമാറണമെന്ന് ആഗ്രഹിക്കുന്നു? എന്തു പ്രവർത്തിക്കണമെന്ന് ആഗ്രഹി ക്കുന്നു? നിരന്തരം ചോദിച്ചുകൊണ്ടിരിക്കേണ്ട ഒരു ചോദ്യമാണിത്. അതാണ് മാനസ്സാന്തര ജീവിതം. അതാണ് ദൈവവിളി ജീവിതം. അതാണ് അനുനിമിഷ വിശുദ്ധീകരണ ജീവിതം. അതു തന്നെയാണ് ക്രൈസ്തവവിളിയുടെ രഹസ്യവും.

അപ്പോൾ അല്പംകൂടി സ്നേഹിക്കാൻ കഴിയുന്ന നല്ല കുടുംബാംഗങ്ങളായി നാം മാറും. അപ്പോൾ അല്പം കൂടി സഹകരിക്കുവാൻ കഴിയുന്ന സഹപ്രവർത്തകരായി നാം മാറും. അപ്പോൾ അല്പം കൂടി ആത്മാർത്ഥതയോടെ ജോലി ചെയ്യുന്ന നല്ല തൊഴിലാളികളായി നാം തീരും. അപ്പോൾ സൃഷ്ടിപരമായി പ്രവർത്തിക്കുന്ന പ്രവർത്തകരായി നാം ഉയരും. അപ്പോൾ നമ്പാൻ കൊള്ളുന്ന നല്ല സ്നേഹിതരും ആശ്രയിക്കാൻ കൊള്ളാവുന്ന അയല്ക്കാരും നിസ്വാർത്ഥമായി സേവനം ചെയ്യുന്ന ശുശ്രൂഷകരുമായി നാം രൂപാന്തരപ്പെടും. മാനസാന്തരത്തിന്റെ ഫലം പുറ

www.malankaralibrary.com

പ്പെടുവിക്കുന്നവരായി നാം തീരണം (മത്താ. 3/8). ഫലം കായ്ക്കാത്ത വൃക്ഷങ്ങളെല്ലാം വെട്ടി തീയിലെറിയും (മത്താ. 3/10). ചുരുക്കത്തിൽ നമ്മുടെ ജീവിതരീതിയും ജീവിതഗതിയും നന്മയെ ലാക്കാക്കിയായിരിക്കണം. അങ്ങനെ ഉള്ളവരുടെ മനസ്സിൽ മാറാതെ നില്ക്കുന്ന ഒരു മന്ത്രമുണ്ട്: ``ലോകാ: സമസ്താ: സുഖിനോ ഭവന്തു.'' = സർവ്വലോകത്തിനും എല്ലാ മനുഷ്യർക്കും സുഖവും സന്തോഷവും ഉണ്ടാകട്ടെ. ഇതാണ് മാനസ്സാന്തരപ്പെട്ട ഓരോ ക്രിസ്ത്യാനിയുടെയും ദൈവ വിളി. ഓരോ മാനാസ്സാന്തരവും ഓരോ ദൈവവിളിയാണ്. ഓരോ ദൈവവിളിയും ഉപരിനന്മയെ ലാക്കാക്കിയാണ്; ദൈവമഹത്വത്തെ - ഭൂമിയിലെ ദൈവരാജ്യസൃഷ്ടിയെ - ലക്ഷ്യമാക്കി.

### 4. മാനസ്സാന്തരത്തിന്റെ സാമൂഹികമായ മാനം:

അപ്പസ്തോല പ്രവർത്തനങ്ങൾ വായിക്കുമ്പോൾ നാം കണ്ടെത്തുന്ന ഒരു സത്യമുണ്ട്: മാന സാന്തരം വ്യക്തിയിലാരംഭിക്കുന്നതാണെങ്കിലും അത് വളർച്ച പ്രാപിക്കുന്നത് സഭയിലാണ്. വ്യക്തിപരമായി ദൈവത്തെ കണ്ടെത്തുമ്പോൾ ആരംഭിക്കുന്ന മാനസ്സാന്തരം സഭയാകുന്ന ഗർഭ പാത്രത്തിൽ വേണം വളർച്ച പ്രാപിക്കുവാൻ. വ്യക്തിയുടെ വിശ്വാസജീവിതത്തെ സത്യവും ശുദ്ധവുമായി നിലനിർത്തുന്നത് വിശ്വാസ സമൂഹത്തിന്റെ അംഗീകാരമാണ്. തന്റെ പ്രവർത്തന ങ്ങളും സഭാശുശ്രൂഷയും അപ്പസ്തോല സമൂഹത്തിന്റെ മുമ്പിൽ സമർപ്പിച്ച് അംഗീകാരം നേടു ന്നതിനായി ജറുസലേമിലേക്ക് യാത്ര ചെയ്യുന്ന പൗലോസിനെ നാം കാണുന്നു. (അപ്പ. 9/26-28; 15/2). വിജാതീയരിൽ നിന്ന് ആദ്യമായി ക്രിസ്തുമതം സ്വീകരിച്ച കോർണേലിയോസുമാ യുള്ള പത്രോസിന്റെ സഹവാസത്തെ ഈ സംഘം ശരിവയ്ക്കുന്നതായി നാം വായിക്കുന്നുണ്ട് (അപ്പ. 11/18); 15/7-21). അന്ത്യോക്യായിലെ വിജാതീയ ക്രൈസ്തവരുടെ കാര്യം പരിചിന്തിച്ച് തീർപ്പു കല്പിക്കുന്നതും ഈ സഭാസമൂഹം തന്നെയാണ് (അപ്പ. 15/22-35). ജറുസലേമിലെ സഭയോട് കടപ്പാടും സഹോദരനിർവ്വിശേഷമായ സ്നേഹവുമുള്ളതിനാലാണ് വിജാതീയ ക്രൈസ്തവർ ക്ഷാമകാലം വന്നപ്പോൾ പിരിവെടുത്ത് ആ സഭയെ സഹായിക്കുവാൻ സന്ന ദ്ധത പ്രകടിപ്പിച്ചത് (അപ്പ. 11/27-30). മറ്റു വിജാതീയ സഭകളും ഈ ദൃശ്യമായ സഹായം മാതൃ സഭയ്ക്ക് നല്കുന്നത് നമുക്ക് കാണാം (1കൊരി. 16/1-4; 2കൊരി 8, 9 അദ്ധ്യായങ്ങൾ; ഫിലിപ്പി. 4/10-20). നമ്മുടെ വ്യക്തിപരമായ ദൈവാനുഭവം എത്ര മനോഹരമായിരുന്നാലും അത് നഷ്ട പ്പെട്ടു പോകാതിരിക്കുകയും കൂടുതൽ ഫലം പുറപ്പെടുവിക്കുകയും ചെയ്യണമെങ്കിൽ സഭയു ടെയും സമൂഹത്തിന്റെയും ജീവിത സമ്പർക്കത്തിൽ നിലനിന്നേ മതിയാകൂ. കൂട്ടായ്മയുടെ ഔദാര്യം എന്നാണ് 2 കൊരിന്ത്യർ 9/13-ൽ ഈ മനോഭാവത്തെ പൗലോസ് വിശേഷിപ്പിക്കു ന്നത്. `ഇരുമ്പും വിദ്യയും ഇരിക്കെ കെടും' എന്നൊരു ചൊല്ലുണ്ടല്ലോ. വേറിട്ടു നിന്നാൽ കനൽക ട്ടപോലും കരിക്കട്ടയാകാൻ കാലമേറെ വേണ്ട. നാം പലപ്പോഴും സ്വകാര്യ ഭക്തിയിലും വ്യക്തി പരമായ സുകൃതത്തിലും സംതൃപ്തരായേക്കാം. എന്നാൽ ഓർക്കുക: ദൈവരാജ്യത്തിൽ സ്വകാര്യ സമ്പാദ്യ സമ്പ്രദായം (private property system) തീരെ പ്രായോഗികമല്ല. അപ്പസ്തോല പ്രവർത്തനങ്ങളുടെ ആദ്യ അദ്ധ്യായങ്ങളിൽ ആവർത്തിച്ചു പറഞ്ഞിട്ടുള്ള ഒരു വസ്തുതയുണ്ട്. ``വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും ചെയ്തു.... സ്വന്തമെന്ന് അവകാശപ്പെട്ടില്ല; എല്ലാം പൊതു സ്വത്തായിരുന്നു'' (അപ്പ. 2/44; 4/32). പങ്കുവെച്ചു വളരണമെന്നതാണ് ദൈവരാജ്യത്തിലെ പ്രമാണം. ഈ രംഗങ്ങളി ലൊക്കെ നമുക്ക് ഏറെ മനസ്സാക്ഷി പരിശോധന ആവശ്യമല്ലേ? ഒറ്റപ്പെട്ട് സുകൃതജീവിതം നയി ക്കുന്ന അനേകർ നമ്മുടെ ഇടവക സമൂഹങ്ങളിലില്ലേ? കൂട്ടായ്മയിൽ വളരാൻ ഇനിയും നമുക്ക് ശ്രദ്ധിക്കാനില്ലേ?

### 5. ലക്ഷ്യത്തിലും പ്രയോഗത്തിലും പരോന്മുഖമായ മാനസ്സാന്തരം:

മാനസ്സാന്തരം വ്യക്തിനിഷ്ഠമാണ് എന്നു നാം ആദ്യമേ കണ്ടു എങ്കിലും, അത് പരോന്മുഖം കൂടിയാണെന്ന സത്യം വിസ്മരിക്കരുത്. തബീത്താ എന്ന മഹതിയുടെ കഥതന്നെ എടുക്കുക (അപ്പ. 9/36-43). അവളുടെ ജീവിതം എളിയതെങ്കിലും എത്ര വിലപ്പെട്ടതായിരുന്നു! എത്രപേർക്ക്

www.malankaralibrary.com

പ്രയോജനപ്രദമായിരുന്നു! അവളുടെ വേർപാടിൽ വിലപിക്കുന്നവരെത്രയാണ്! കാരണം അവളുടെ ജീവിതം അനേകർക്ക് പ്രയോജനപ്രദമായിരുന്നു. എന്റെ ക്രൈസ്തവ ജീവിതം എത്രപേർക്ക് പ്രയോജനപ്രദമാണ്? എന്റെ ചര്യ എത്രപേർക്ക് ഹിതകരമാണ്? ഞാൻ ക്രൈസ്തവനായത് എന്നിൽ എന്തുമാറ്റം വരുത്തി? അതുകൊണ്ട് ലോകത്തിന് എന്തു മാറ്റം വന്നു? അതുകൊണ്ട ദൈവമഹത്വം എത്ര വർദ്ധിച്ചു? എന്നൊക്കെ വിലയിരുത്തുന്നത് നല്ലതാണ്. ഏത് ജീവിതാവസ്ഥയിലുള്ളവർക്കും ഈ ചോദ്യം സ്വയം ചോദിക്കാവുന്നതും ഉത്തരം കണ്ടെത്താവുന്നതുമാണ്. ആരും ഇതിൽ നിന്നന്യരോ ഇതിനതീതരോ അല്ല. `ഞാനും എന്റെ ദൈവവും' എന്നു മാത്രം ചിന്തിച്ച് മറ്റാരോടും ഒന്നിനോടും ഒരു കടപ്പാടുമെനിക്കില്ല; മറ്റാരോടും ഉത്തരം പറയാൻ ഞാൻ ബാദ്ധ്യസ്ഥനല്ല എന്ന ചിന്ത പുലർത്തുന്നത് നല്ല ക്രൈസ്തവന്റെ ലക്ഷണമല്ല. പത്രോസിന്റെ സാന്നിദ്ധ്യം വഴി കൊർണേലിയോസിന്റെ ഭവനത്തിൽ കൂടിയിരുന്നവരെല്ലാം മാനസാന്തരപ്പെട്ടു. അതുപോലെ തന്നെ, അവരുടെ വിശ്വാസവും തുറവിയും ആദ്ധ്യാത്മിയ ചൈതന്യവും പത്രോസിലും സാരമായ മനഃപരിവർത്തനം വരുത്തി. സഭാചരിത്രത്തിന്റെ ഗതിയെത്തന്നെ മാറ്റിയ സംഭവമാണിത്. യഹൂദനിയമത്തിൽ അടിയുറച്ചു വിശ്വസിച്ചിരുന്ന പത്രോസ്, പാരമ്പര്യങ്ങളെ മുറുകെപ്പിടിച്ചിരുന്ന പത്രോസ്, നിയമത്തിന്റെ സീമകൾ ലംഘിച്ച് വിജാതീയരിൽ സുവിശേഷം എത്തിക്കുന്ന വിപ്ലവാത്മകമായ പരിവർത്തനത്തിന് വിധേയനായിത്തീർന്നത് വിജാതീയരായ ഒരു കൂട്ടം വിശ്വാസികളുടെ നല്ല സാക്ഷ്യത്തിലൂടെയാണെന്ന കാര്യം വിസ്മരിക്കാവുന്നതല്ല. പലരും സാക്ഷ്യപ്പെടുത്തുന്ന ഒരു കാര്യമാണ്, നവീകരണ ധ്യാനകേന്ദ്രങ്ങളിൽ വന്നെത്തുന്ന അക്രൈസ്തവരുടെ വലിയ വിശ്വാസം. `വിശ്വാസികളെ' പലപ്പോഴും ലജ്ജിപ്പിക്കാൻ പോന്നതും, ചിലപ്പോഴെങ്കിലും ചിന്തിപ്പിക്കാൻ പോന്നതും. ഞാൻ ഏതു തരത്തിലുള്ള ഒരു ക്രിസ്തുസാക്ഷിയാണ്? എന്റെ മാതൃകയോ പ്രവൃത്തിയോ പെരുമാറ്റമോ ആരെയെങ്കിലും ആകർഷിക്കുവാൻ തക്കവിധം ക്രൈസ്തവമാണോ? എന്റെ വിശ്വാസത്തിന് സമൂഹത്തിൽ, ഞാൻ ജീവിക്കുന്ന ചുറ്റുവട്ടത്തിൽ എന്തു സ്വാധീനം ചെലുത്തുവാൻ കഴിഞ്ഞിട്ടുണ്ട്? ഞാൻ മാനസ്സാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുത്തുന്നവനോ? ഞാൻ ഇനിയും മാനസ്സാന്തരപ്പെടാനില്ലേ?

ചുരുക്കത്തിൽ മാനസാന്തരം:

- വ്യക്തിനിഷ്ഠമാണ്
- ദൈവികമാണ്
- ദൈവവിളി ലാക്കാക്കിയാണ്
- സാമുഹികമാനമുള്ളതാണ്
- പരോന്മുഖമാണ്.

എന്റെ ജീവിതം ഈ പ്രത്യേകതകൾ എല്ലാം ഉൾക്കൊള്ളുന്നതാണോ എന്ന് ദിനംപ്രതി പരിശോധിക്കേണ്ടതും യഥാസമയം വേണ്ട അറ്റകുറ്റപ്പണികൾ ചെയ്തുകൊണ്ടിരിക്കേണ്ടതുമാണ്. എന്റെ പ്രവൃത്തിയിലും പ്രാർത്ഥനയിലും, കളിയും കാര്യത്തിലുമെല്ലാം – ജീവിതമുടനീളം – പ്രതിഫലിക്കേണ്ട കാര്യമാണിത്.

വ്യക്തിയിലെന്നപോലെ സമൂഹത്തിലും മാനസാന്തരം ഉണ്ടാകുന്നുണ്ട്, ഉണ്ടാവേണ്ടതുണ്ട്. കൊർണേലിയോസിന്റെ ഭവനത്തിൽ നടന്ന സംഭവം ഇക്കാര്യം വിശദമാക്കുന്നുണ്ട് (അപ്പ. 10). ``ദൈവം നിരന്തരം നടത്തിക്കൊണ്ടിരിക്കുന്ന രക്ഷാകര പ്രവർത്തനങ്ങളോട് ഒത്തുചേർന്ന് പോകുവാൻ മനുഷ്യൻ വ്യക്തിപരമായും സമൂഹമായും നടത്തുന്ന അനുസ്യൂത പരിശ്രമം'' എന്നാണ് വിശ്വാസത്തിന്റെ ഒരു നിർവ്വചനം. ദൈവത്തിന്റെ അനന്തപരിപാലനയിലാണ് ലോകം എന്ന് പൂർണ്ണ ബോദ്ധ്യമുള്ള മനുഷ്യൻ തന്നെ, ഈ ലോകത്തെ ദൈവം എങ്ങോട്ടാണ് നയിക്കുന്നത് എന്ന് അത്ഭുതപ്പെട്ടു പോകുന്ന സന്ദർഭങ്ങളുണ്ട്. ആദിമ യൂദ ക്രൈസ്തവസമൂഹവും അപ്പസ്തോലസമൂഹവും ആശ്ചര്യഭരിതരായി ചോദിച്ചിട്ടുണ്ടാകും: ഈ ലോകത്തെ ദൈവം

www.malankaralibrary.com

എങ്ങോട്ടാണ് കൊണ്ടുപോകുന്നത്? കാരണം നരകാഗ്നിക്ക് ഇന്ധനമായി ഇത്രയും നാൾ തങ്ങൾ കരുതിയിരുന്ന വിജാതീയരാണ് ആത്മാവിനാൽ ആകർഷിക്കപ്പെട്ട് ആവേശപൂർവ്വം സഭാംഗങ്ങളാകാൻ സന്നദ്ധരാകുന്നത്. ദൈവം തങ്ങളുടെ പിതാവാണെന്നും, തങ്ങൾക്കു മാത്രം സ്വന്തമാണെന്നും ഇതഃപര്യന്തം കരുതിപ്പോന്ന യഹൂദന്മാർക്ക് - യഹൂദക്രൈസ്തവർക്കും - താങ്ങാവുന്നതിലപ്പുറമായിരുന്നു ആ പരിണാമം. ഈ സന്നിഗ്ധഘട്ടത്തിൽ ദൈവാത്മാവിന്റെ പ്രേരണകൾക്ക് വിധേയപ്പെടുവാനും അതിനോടൊത്തു പോകുവാനുമുള്ള മനസ്സ് കാട്ടിക്കൊണ്ടാണ് അവർ സമൂഹമായി മനഃപരിവർത്തനത്തിന്റെ പ്രണേതാക്കളായി തീർന്നത്. ജീവിതത്തിൽ ആദ്യമായി അവർ ആ സത്യം അംഗീകരിച്ചു: ``ദൈവത്തിന് പക്ഷപാതമില്ലെന്നും, അവിടുത്തെ ഭയപ്പെടുകയും നീതി പ്രവർത്തിക്കുകയും ചെയ്യുന്ന ആരും, ഏത് ജനതയിൽപ്പെട്ടവനായാലും അവിടുത്തേക്ക് സ്വീകാര്യനാണ് എന്ന ആ നിത്യസത്യം'' (അപ്പ. 10/34). പണ്ടേയുള്ള സത്യത്തെ പുതിയ വെളിച്ചത്തിൽ കാണുവാൻ ശ്രമിക്കുകയാണവർ. സ്വജനത്തിന്റെ - സ്വജാതിക്കാരും ഭാഷക്കാരുമായവരുടെ - ഇടയിൽ ആയിരിക്കുക ആർക്കും ആഹ്ലാദകരമാണ്. സ്വന്തം ഉപ്പൂറ്റിയിൽ ഊന്നി പെരുവിരൽ കൊണ്ട് വൃത്തം വരയ്ക്കുവാനും സങ്കുചിതത്വത്തിന്റെ ആ കൊച്ചു വൃത്തത്തിൽ ഒതുങ്ങി വട്ടംതിരിയാനുമാണ് നമ്മുടെ ശീലം. എന്നാൽ ചക്രവാളങ്ങൾക്കപ്പുറവും വിശാലമായിരിക്കണം ക്രൈസ്തവന്റെ പ്രവർത്തനമണ്ഡലമെന്ന് പരിശുദ്ധാത്മാവ് പഠിപ്പിക്കുകയും ആ പാഠം നല്കി പറഞ്ഞയയ്ക്കുകയുമാണെന്നവർ ആദ്യമായി അംഗീകരിച്ചു. സുവിശേഷത്തിന്റെ പ്രവർത്തന പരിധി ആദ്യമേതന്നെ നിർണ്ണയിക്കപ്പെട്ടു കഴിഞ്ഞു. ആ പരിവൃത്തം ആദ്യമേ നിശ്ചയിക്കപ്പെട്ടിരുന്നു. ``നിങ്ങൾ..... ഭൂമിയുടെ അതിർത്തികൾ വരെയും എനിക്ക് സാക്ഷികളായിരിക്കുകയും ചെയ്യും'' (അപ്പ 1/8).

ഇവിടെ നാം കാണുന്നത് ഒരു വ്യക്തിയുടെ മാനസ്സാന്തരമല്ല, ഒരു സമൂഹത്തിന്റെ - ജനപദങ്ങളുടെ - മാനസ്സാന്തരമത്രെ. മുൻകയ്യെടുക്കുന്നത് ദൈവം തന്നെയാണ്. പത്രോസും പൗലോസും കൊർണേലിയോസും പീലിപ്പോസുമൊക്കെ അതിൽ തങ്ങളുടേതായ പങ്കു വഹിച്ചിട്ടുണ്ട്. അവർക്കന്നു സാധിച്ചതുപോലെ ആത്മാവിന്റെ പ്രേരണ ഉൾക്കൊള്ളുവാനും അതിനോട് ക്രിയാത്മകമായി സഹകരിക്കുവാനും നമുക്കിന്നു കഴിയുന്നുണ്ടോ?

ഇതര മതങ്ങളിലും സമൂഹങ്ങളിലും ദൈവാത്മാവ് പ്രവർത്തിക്കുന്നതിനെ തിരിച്ചറിയുവാൻ നാം പരിശീലിച്ചിട്ടുണ്ടോ? തീക്ഷ്ണതയിൽ, ഭക്തിയിൽ, ഔദാര്യത്തിൽ, ജ്ഞാനസമ്പാദനത്തിൽ, ജീവനോടുള്ള ആദരവിൽ, ജീവിത ലാളിത്യത്തിൽ, ജീവിത വിശുദ്ധിയിൽ മുന്നേറിക്കൊണ്ടിരിക്കുന്ന അനേകരെ നമുക്ക് ചുറ്റും കാണുമ്പോൾ ദൈവാത്മാവ് നമ്മിൽ എരിവുണ്ടാക്കുന്നുണ്ടോ? വ്യക്തി എന്ന നിലയിലും സമൂഹമെന്ന നിലയിലും നാം നിരന്തര മാനസാന്തരത്തിനായി വിളിക്കപ്പെട്ടിരിക്കുന്നവരാണ് എന്ന സത്യം നമുക്ക് ഓർക്കാം. വിളിയിലെ `ദൈവവിളിയെ' സ്വന്തമാക്കുവാൻ നമുക്ക് നിരന്തരം ഉത്സാഹിക്കാം. ``ലോകത്തെ കീഴ്മേൽ മറിച്ച ആ മനുഷ്യന്റെ'' - രക്തദാഹിയായിരുന്നു എങ്കിലും രക്തസാക്ഷിയായി രൂപാന്തരം പ്രാപിച്ച, പൗലോസായി മാറിയ സാവൂളിന്റെ - (അപ്പ. 17/6) അനുസ്മരണ അതിന് നമ്മെ സന്നദ്ധരാക്കട്ടെ. അവനെ നയിച്ച അതേ ആത്മാവാണ് നമ്മെയും നയിക്കുന്നത്.

(തുടരും)

മേരിഗിരി, തിരുവല്ല
12.09.1998

തയ്യാറാക്കിയത്:
*ഫാദർ ഏബ്രഹാം കാടമല*
*ഫാദർ ഏബ്രഹാം നടുവിലേടം*
*ഫാദർ ഏബ്രഹാം തൈപ്പറമ്പിൽ*

www.malankaralibrary.com

# അപ്പസ്തോല പ്രവർത്തനങ്ങൾ ഒരു പഠനം

## വിശുദ്ധ പത്രോസിന്റെ അപ്പസ്തോല പ്രവർത്തനങ്ങൾ

### അദ്ധ്യായം 11 & 12

പ്രമേയങ്ങൾ:-

*(1) ക്രിസ്തുമതത്തിന്റെ സാർവ്വത്രികത*

*(2) ക്രിസ്ത്യാനികൾ*

*(3) അന്ത്യോക്യാ ക്രിസ്ത്യാനിയുടെ ഈറ്റില്ലം*

*(4) പത്രോസിന്റെ നേതൃത്വവും ദൈവശാസ്ത്രവും*

മാനസ്സാന്തരത്തിന്റെ പ്രാധാന്യം, സഭാവിരോധിയായി അറിയപ്പെട്ടിരുന്ന സാവുൾ എന്ന പൗലോസിന്റെ മനംമാറ്റം, മനംമാറ്റം വ്യക്തികളിൽ മാത്രമല്ല സമൂഹത്തിലും വരുത്തുന്ന പരിവർത്തനം, മാനസാന്തരത്തിന്റെ പൊതുവായ ലക്ഷണങ്ങൾ എന്നിവയെപ്പറ്റിയാണ് കഴിഞ്ഞ പഠനക്കുറിപ്പിൽ നാം ചർച്ച ചെയ്തത്. അപ്പസ്തോലപ്രവർത്തനങ്ങളിലെ 11, 12 അദ്ധ്യായങ്ങളിലെ കേന്ദ്രീയാശയങ്ങൾ ഈ പഠനക്കുറിപ്പിൽ നമുക്ക് പരിചിന്തന വിഷയമാക്കാം. അപ്പസ്തോല പ്രവർത്തനങ്ങളുടെ ആദ്യത്തെ പന്ത്രണ്ട് അദ്ധ്യായങ്ങൾ സഭയുടെ ആരംഭത്തെയും വളർച്ചയെയും ദൈവാത്മാവ് സഭയിൽ പ്രവർത്തിച്ചു തുടങ്ങുന്നതിനെയും വിശദമാക്കുന്നതാണ്. ഒന്നാം ഘട്ടം എന്ന് വിശേഷിപ്പിക്കാവുന്ന സഭാ പ്രവർത്തനങ്ങളുടെ വിവരണമാണവിടെ നാം കാണുന്നത്. ജറുസലേമിലും യുദയായിലും സമരിയായിലുമുള്ള സഭയുടെ വളർച്ചയെയാണ് ഈ ഭാഗത്ത് ഉയത്തിക്കാണിക്കുന്നത്. `ഭൂമിയുടെ അതിർത്തികൾ വരെ' അഥവാ വിജാതിയരുടെ ഇടയിൽ സഭ വളരുന്നതാണ് രണ്ടാം ഘട്ടം. ` ഞാൻ വിളിച്ചിരിക്കുന്ന ജോലിക്കായി' (അപ്പ. 13/2) ബാർനബാസിനെയും സാവൂളിനെയും മാറ്റി നിർത്തുവീൻ എന്ന് പരിശുദ്ധാത്മാവ്, അന്ത്യോക്യായിലെ പ്രവാചകന്മാരോടും പ്രബോധകന്മാരോടും വ്യക്തമായി നിർദ്ദേശിക്കുന്നത് വിവരിച്ചുകൊണ്ടാണ് 13-ാമദ്ധ്യായമാരംഭിക്കുന്നത്. ഒരു പുതിയ ഘട്ടത്തിന്റെ അരങ്ങേറ്റമാണത്. വിജാതീയരുടെ ഇടയിൽ വേരുറപ്പിക്കുവാനും പടർന്നു പന്തലിക്കുവാനുമുള്ള തുടക്കമാണത്. ഇവിടം മുതൽ പുസ്തകം അവസാനിക്കുന്ന 28-ാമദ്ധ്യായം വരെ, `ലഭിച്ച വിളിക്കു യോഗ്യമായ പ്രകാരം' (എഫേ. 4/1) അവർ നടത്തുന്ന പ്രവർത്തനങ്ങളുടെ വിവരണമാണ് നാം വായിക്കുന്നത്. പൗലോസിന്റെ ഘട്ടം എന്ന് ഈ രണ്ടാം ഘട്ടത്തെ വിളിക്കാം. വിജാതീയരിലേക്ക് ഇറങ്ങണമോ സ്വജാതീയരിൽ കുടുങ്ങിക്കിടക്കണമോ എന്ന സന്ദേഹവും കുറഞ്ഞൊരു കാലം കൊണ്ട് ആ സന്ദേഹം വിട്ടകലുന്നതും ഇവിടെ നമുക്ക് കാണാൻ കഴിയും. സഭാതലവനും ശിഷ്യപ്രമുഖനുമായ പത്രോസിന് വിജാതീയ മിഷന്റെ സാദ്ധ്യത ബോദ്ധ്യമാക്കിക്കൊടുക്കുന്ന സംഭവമാണ് കൊർണേലിയുസിന്റെ മാനസാന്തരവും പരിശുദ്ധാത്മ സ്വീകരണവും (അപ്പ. 10/44). വിജാതീയരുടെ മേൽപോലും പരിശുദ്ധാത്മാവിന്റെ ദാനം വർഷിക്കപ്പെട്ടതിൽ പത്രോസിന്റെ കൂടെ വന്നിരുന്ന പരിഛേദിതരായ വിശ്വാസികൾ (=യഹൂദ ക്രൈസ്തവർ) വിസ്മയഭരിതരാകുന്നു (അപ്പ. 10/45). നാളിതുവരെ അടഞ്ഞുകിടന്ന വാതിൽ തുറക്കാനുള്ള താക്കോൽ കണ്ടെത്തിയ ഒരനുഭവമായി ഇതിനെ മനസ്സിലാക്കുന്നതിൽ തെറ്റില്ല.

www.malankaralibrary.com

## 1. ക്രിസ്തുമതത്തിന്റെ സാർവ്വത്രികത:

ക്രിസ്തുവിന്റെ പിൻതുടർച്ചയാണ് സഭ. ക്രിസ്തു തന്റെ തുടർച്ചയായ സഭയിലൂടെ ജീവിക്കുകയും പ്രവർത്തിക്കുകയുമാണ്. സഭ പ്രവർത്തിക്കുന്നത് സ്നേഹത്തിലൂടെയും സേവനത്തിലൂടെയുമാണ്. കൂദാശകൾ ഓരോന്നും ഈ സ്നേഹസേവനത്തിന്റ പ്രവർത്തന വേദികളാണ്.

``കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു'' എന്നാണ് വിശ്വാസപ്രമാണത്തിൽ അനുദിനം നാം ചൊല്ലുന്നത്. സഭ കാതോലികം ആണ്. കത്തോലിക്കാ എന്നാൽ എന്താണ് നാം അർത്ഥമാക്കുന്നത്? ``കത്തോലിക്കാ'' സഭ എന്നാൽ എന്താണ്? സഭയെ എന്തുകൊണ്ട് ``കത്തോലിക്കാ സഭ'' എന്നു വിളിക്കുന്നു. സഭയെ ``കത്തോലിക്കാ സഭ'' എന്നു വിളിച്ചത് അന്ത്യോക്യായിലെ വിശുദ്ധ ഇഗ്നേഷ്യസ് ആണ് (A.D. 150). കത്തോലിക്കാസഭ സാർവ്വത്രികം അഥവാ 'യൂണിവേഴ്സൽ' ആണ്. കത്തോലിക്കാസഭ സമ്പൂർണ്ണമാണ്. കാതോലികം എന്ന സഭയുടെ ലക്ഷണത്തെ സംബന്ധിച്ച വിശേഷണത്തിൽ നിന്നാണ് ``കത്തോലിക്കാ'' എന്ന വാക്കിന്റെ ഉത്ഭവം എന്നു കരുതാം.

## സഭയെ ``കത്തോലിക്കാ'' എന്ന് വിളിക്കുന്നതെന്തുകൊണ്ട്?:-

(a) സഭയിൽ യേശുക്രിസ്തുവിന്റെ പൂർണ്ണതയുള്ളതുകൊണ്ട്, കത്തോലിക്കാ എന്നു വിളിക്കുന്നു. പൂർണ്ണനായ യേശുവിന്റെ സമ്പൂർണ്ണത സഭയിൽ പരിലസിക്കുന്നു. ഇത് അതിഭൗതികമായ ഒരു യാഥാർത്ഥ്യമാണ്. ശിരസ്സും ശരീരവും ഒന്നുചേർന്ന് സമന്വയിക്കപ്പെട്ടിരിക്കുന്നതു പോലെയാണ് ക്രിസ്തുവും സഭയും ഒന്നിച്ചു ചേർന്നിരിക്കുന്നത്. യേശു പൂർണ്ണനായിരിക്കയാൽ, യേശുവിന്റെ തുടർച്ചയായ സഭയും സമ്പൂർണ്ണയാണ് എന്നു നമുക്ക് പറയാം. ശിരസ്സായ ക്രിസ്തുവിലേക്കുള്ള വളർച്ചയായിട്ടാണ് എഫേസ്സോസ്സുകാർക്ക് എഴുതുമ്പോൾ അപ്പസ്തോലൻ ഇതിനെ വിവരിക്കുന്നത്. ``അവൻ വഴി, ശരീരം മുഴുവൻ ഓരോ സന്ധിബന്ധവും അതിന്റെ ജോലി നിർവ്വഹിക്കത്തക്കവിധം സമന്വയിക്കപ്പെട്ട് വളരുകയും സ്നേഹത്തിൽ രൂപപ്പെടുകയും ചെയ്യുന്നു. യേശുവിന്റെ പൂർണ്ണത സഭയിൽ നിലനില്ക്കുന്നതിനാൽ സഭ സാർവ്വത്രികവും സമ്പൂർണ്ണവും ആണ്.

(b) സഭയുടെ ദൗത്യം സാർവ്വത്രികമാകയാൽ സഭയെ ``കത്തോലിക്കാ''s എന്നു വിളിക്കുന്നു. എല്ലാ ജനതകളോടും – ഏതു കാലത്തും ദേശത്തുമുള്ള ഏവനോടും – സുവിശേഷമറിയിക്കുവാൻ ആണ് സഭ അയയ്ക്കപ്പെട്ടിരിക്കുന്നത്. സഭ ഏകമായിരിക്കുന്നതുപോലെ തന്നെ എല്ലായിടത്തും വ്യാപിച്ചുമിരിക്കുന്നു. ഈ അർത്ഥത്തിൽ സഭയെ സാർവ്വത്രികം എന്നു വിളിക്കാവുന്നതാണ്.

(3) എല്ലാ സ്ഥലത്തും എക്കാലത്തും നിലനില്ക്കുന്നതിനാൽ സഭയെ കാതോലികം – കത്തോലിക്കാ – എന്നു വിളിക്കുന്നു. ദൈവത്തിന്റെ രക്ഷാകര പദ്ധതി നടപ്പിൽ വരുത്താൻ ഏതുകാലത്തും ഏതു സ്ഥലത്തും സഭയുടെ സാന്നിദ്ധ്യം ഉണ്ടായിരിക്കേണ്ടതാണ്. ദൈവത്തിന്റെ രക്ഷാകരപദ്ധതി കുറെക്കാലമല്ല എല്ലാക്കാലത്തുമുള്ളതാണ്. ഒരേ പിതാവിന്റെ – ദൈവപിതാവിന്റെ – മക്കളായ മനുഷ്യർ ചിതറിക്കപ്പെട്ടു. അവർ ഒന്നിക്കപ്പെടുകയും ഒരേ പിതാവിനെ അംഗീകരിക്കുകയും വേണം.

ഈ സാർവ്വത്രികവും സമ്പൂർണ്ണവുമായ വീക്ഷണമുള്ളതുകൊണ്ടാണ് സഭ എന്നും തന്റെ മിഷൻ പ്രവർത്തനത്തിൽ ശ്രദ്ധചെലുത്തുന്നതും. എല്ലാ ജനങ്ങളെയും ആകർഷിക്കുന്നതും, എല്ലാ ജനങ്ങൾക്കും പ്രാപ്യമായിത്തീരണം എന്ന് ആഗ്രഹിക്കുന്നതും. ലോകത്തിലുള്ള മറ്റെല്ലാ സംഘടനകളും സംഘങ്ങളും എല്ലാം തന്നെ 'പ്രൈവറ്റ് ലിമിറ്റഡ്' - സ്വകാര്യവും ക്ലിപ്തവുമായിരിക്കുമ്പോൾ - എല്ലാവരിലേക്കും തുറന്നിരിക്കുന്ന 'ക്ലിപ്തമല്ലാത്ത' ഒരേ ഒരു സംഘടന കത്തോലിക്കാ സഭ മാത്രമാണ്. എല്ലാവരെയും സ്വാഗതം ചെയ്യുന്ന സമൂഹവും തിരുസഭയത്രെ. പെന്തിക്കുസ്തായിൽ ഉദ്ഘാടനം ചെയ്യപ്പെട്ടപ്പോൾ തന്നെ ഈ സാർവ്വത്രിക സ്വഭാവം വ്യക്തമാക്കപ്പെടുന്നുണ്ട്. ഈ സാർവ്വത്രികത അഥവാ എന്തിനെയും സ്വീകരിക്കുവാനുള്ള തുറവിയാണ് സഭയുടെ വളർച്ച

www.malankaralibrary.com

യുടെ മൂലകാരണം. അല്ലായിരുന്നുവെങ്കിൽ, പരമാവധി, യൂദന്മാരുടെ സമൂഹത്തിലെ ഒരു ചെറിയ നവീകരണ വിഭാഗമായി അത് ഒതുങ്ങുകയും ചുരുങ്ങുകയും ചെയ്യുമായിരുന്നു. അങ്ങനെ മാനുഷിക പരിമിതികളുടെ മാറാലയിൽ കുടുങ്ങിപ്പോകുകയും ചെയ്യുമായിരുന്നു.

സഭ പരിശുദ്ധാത്മാവിനാൽ രൂപം പ്രാപിച്ചതാണെന്നും നയിക്കപ്പെടുന്നതാണെന്നും നിറഞ്ഞതാണെന്നും ഉള്ളതിന് വേറെ തെളിവ് ആവശ്യമില്ല. പരിശുദ്ധാത്മാവിനല്ലാതെ മറ്റാർക്കാണ് ഇത്ര വിശാലമായ കാഴ്ചപ്പാടുണ്ടായിരിക്കുവാൻ സാധിക്കുക? ഈ അർത്ഥത്തിലും ഈ കാഴ്ചപ്പാടോടെയും ആയിരിക്കണം `കൊർണേലിയൂസ്' സാംഭവവും അന്ത്യോക്യായിലെ സഭ വിജാതീയരിലേക്ക് വളരുന്നതും കാണുവാൻ. സഭ തുടക്കം മുതൽ ഈ കാഴ്ചപ്പാടോടെ പ്രവർത്തിച്ചു തുടങ്ങി; നൂറ്റാണ്ടുകളിലൂടെ ഈ കാഴ്ചപ്പാട് അന്യൂനം പരിപാലിച്ചുപോരുന്നു.

## 2. ക്രിസ്ത്യാനികൾ

മനുഷ്യനും മതത്തിനും തമ്മിൽ ഉറ്റബന്ധമുണ്ട്. മനുഷ്യനുള്ളടത്തെ എല്ലാം മതവുമുണ്ട്. മനുഷ്യൻ ഒരു മതാത്മകജീവിയാണ്. ചിരിക്കുകയും ചിന്തിക്കുകയും, വിശ്വസിക്കുകയും പ്രത്യാശിക്കുകയും, പഠിക്കുകയും പഠിപ്പിക്കുകയും ആരാധിക്കുകയും ചെയ്യുന്ന പ്രപഞ്ചത്തിലെ ഒരേ ഒരു ജീവി മനുഷ്യൻ മാത്രമാണ്. ലോകത്തിൽ ...... മതങ്ങളുണ്ട്. 600 കോടി ലോകജനസംഖ്യയിൽ 1/3 വരുന്ന ക്രൈസ്തവമതം മാത്രമാണ് ഒരു പക്ഷേ ലോകത്തിലെ സാർവ്വത്രിക മതം.

**പുതിയനിയമത്തിൽ**

പുതിയനിയമത്തിൽ 3 പ്രാവശ്യം ക്രിസ്ത്യാനികൾ എന്ന പ്രയോഗം കാണുന്നുണ്ട്.

(1) ``അന്ത്യോക്യായിൽ വെച്ചാണ് ശിഷ്യന്മാർ ആദ്യമായി ക്രിസ്ത്യാനികൾ എന്ന് വിളിക്കപ്പെട്ടത്'' (അപ്പ. 11/26).

(2) ``അപ്പോൾ അഗ്രിപ്പാവ് (ഹേറോദേസ് അഗ്രിപ്പാ രാജാവ്) പറഞ്ഞു: എളുപ്പത്തിൽ എന്നെ ക്രിസ്ത്യാനി ആക്കാമെന്നാണോ? (അപ്പ. 26/28).

(3) ``ക്രിസ്ത്യാനി എന്ന നിലയിലാണ് ഒരുവൻ പീഢ സഹിക്കുന്നതെങ്കിൽ അതിൽ അവൻ ലജ്ജിക്കാതിരിക്കട്ടെ. പിന്നെയോ ക്രിസ്ത്യാനി എന്ന നാമത്തിൽ അഭിമാനിച്ചുകൊണ്ട് അവൻ ദൈവത്തെ മഹത്വപ്പെടുത്തട്ടെ'' (1 പത്രോ. 4/16).

ക്രിസ്തോസ് എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം അഭിഷിക്തൻ എന്നാണ്. ക്രിസ്ത്യാനികൾ എന്നതിന് തത്തുല്യമായ ഗ്രീക്ക് പദം ക്രിസ്ത്യാനോസ് എന്നാണ്. വിശേഷണപദമായ ക്രിസ്ത്യാനോസിന്റെ അർത്ഥം ക്രിസ്തുവിന്റെ അനുയായികൾ എന്നാണ്. ഒരു സമൂഹത്തിന് – ക്രിസ്തു എന്ന വ്യക്തിയെ അനുധാവനം ചെയ്യുന്നവരുടെ – പേരായി ഈ നാമം നല്കുന്നത് അന്ത്യോക്യായിൽ വെച്ചാണ് (അപ്പ. 11/26). അന്ത്യോക്യൻ ജനത ഒരു പരിഹാസപ്പേരായി ആദ്യം വിളിച്ച ക്രിസ്ത്യാനോസ് (=ക്രിസ്തുവിന്റെ കൂട്ടർ; ക്രിസ്തുവിന്റെ പക്ഷക്കാർ) എന്ന നാമം ക്രൈസ്തവർ അഭിമാനപൂർവ്വം സ്വീകരിച്ചു എന്നാണ് നാം മനസ്സിലാക്കേണ്ടത്. ``ക്രിസ്ത്യാനി എന്ന നാമത്തിൽ അഭിമാനിച്ചുകൊണ്ട് അവൻ ദൈവത്തെ മഹത്വപ്പെടുത്തട്ടെ'' (1 പത്രോ. 4/16) എന്ന പതാകനായകനായ പത്രോസിന്റെ ആഹ്വാനം അവർ ചെവിക്കൊണ്ടു. ആ ചെല്ലപ്പേര് ലോകമെങ്ങുമറിയപ്പെടുന്ന നാമമായി. തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായി തീർന്ന അനുഭവം! എന്നെ പ്രതി മനുഷ്യർ നിങ്ങളെ അവഹേളിക്കുകയും ...... ഭാഗ്യവാന്മാർ; നിങ്ങൾ ആനന്ദിച്ചാഹ്ലാദിക്കുവിൻ'' (മത്താ. 5/12).

മറ്റൊരുവിധത്തിലും ഇതിനെ മനസ്സിലാക്കാം. ``നല്ലവൻ'' എന്ന അർത്ഥം വരുന്ന ``ക്രേസ്തസ്'' എന്ന ഗ്രീക്കു വാക്കിൽ നിന്നും വരുന്നതാകാം ഈ നാമം. കാരണം നല്ല സമറിയാക്കാരനെപ്പോലെ ആപത്തിൽ ഉപകരിക്കുന്നവരും, ``നോക്കൂ, അവർ എത്രമാത്രം പരസ്പരം സ്നേഹിക്കുന്നു'' എന്നു പറയത്തക്കവണ്ണം സ്നേഹത്തിന്റെ മൂർത്തിമദ്ഭാവവും, തങ്ങൾക്കുള്ളതെല്ലാം ഇല്ലാ

www.malankaralibrary.com

ത്തവരുമായി പങ്കുവെയ്ക്കുവാൻ സന്മനസ്സ് കാണിച്ചവരുമായ ആദിമ ക്രൈസ്തവരെ നോക്കി (അപ്പ. 4/32) വിജാതീയരായിരുന്ന ഗ്രീക്കുകാരോ റോമാക്കാരോ നല്കിയ ചെല്ലപ്പേരായിരിക്കാം ക്രിസ്താനി എന്നത്. യഹൂദരാകാൻ സാദ്ധ്യതയില്ല. കാരണം അവർ ക്രിസ്തുവിനെ അംഗീകരിച്ചിരുന്നില്ല. ക്രിസ്ത്യാനികളെ ദൈവനിന്ദകരും മതദൂഷകരുമായി അവർ കരുതിയിരുന്നല്ലോ.

## പെരുമാറ്റവും പേരുമാറ്റവും

അലക്സാണ്ടർ ചക്രവർത്തിയെപ്പറ്റി പറഞ്ഞു കേട്ടിട്ടുള്ള ഒരു കഥയുണ്ട്. ഒരിക്കൽ, തന്റെ ഭടന്മാരിലൊരുവൻ യുദ്ധത്തെയും മരണത്തെയും ഭയക്കുന്നതുകണ്ട് അദ്ദേഹം അവനോട് പേര് ചോദിച്ചു. അലക്സാണ്ടർ എന്ന് അവൻ മറുപടി പറഞ്ഞു. ഉടനെ ധീരനായ ചക്രവർത്തി പറഞ്ഞു: ``ഒന്നുകിൽ നീ നിന്റെ പേരു മാറ്റുക; അല്ലങ്കിൽ നിന്റെ പെരുമാറ്റം മാറ്റുക.''

ക്രിസ്ത്യാനി എന്നും നസ്രാണി എന്നുമൊക്കെയുള്ള പേരുകൾ എനിക്കന്വർത്ഥമാണോ എന്ന്. ഓരോ ക്രൈസ്തവനും ചിന്തിക്കണം. പേരുപോലെയാകണം പെരുമാറ്റവും.

*``നാമധേയ ക്രിസ്ത്യാനിത്തം മതിയാക്കുക നാം*

*നാശമല്ലോ അതിന്റെയന്ത്യം ന്യായത്തീർപ്പിൻനാൾ''*

ക്രിസ്ത്യാനി എന്ന നാമത്തിൽ അഭിമാനിച്ചു കൊണ്ട്, അപ്പസ്തോലനായ പത്രോസ് ഉദ്ബോധിപ്പിക്കുന്നതുപോലെ, ദൈവത്തെ നമുക്ക് മഹത്വപ്പെടുത്തുവാൻ സാധിക്കട്ടെ.

ആദിമക്രൈസ്തവരെ നോക്കി ചുറ്റുമുള്ള വിജാതീയർ പറയുന്ന ഒരു കാര്യമുണ്ടായിരുന്നു: ``ആ ക്രിസ്ത്യാനികളെ നോക്കുക; അവർ എത്രമാത്രം പരസ്പരം സ്നേഹിക്കുന്നു.'' നമ്മുടെ പേരു കണ്ടിട്ടല്ല, പെരുമാറ്റം കണ്ടിട്ടാണ് മറ്റുള്ളവർ നമ്മെ വിലയിരുത്തുന്നത്. ഞാൻ കത്തോലിക്കനാണ്; ഞാൻ മലങ്കര ക്രിസ്ത്യാനിയാണ് എന്നൊക്കെ നമുക്ക് പറയാം. പക്ഷേ നമ്മെ നിരീക്ഷിക്കുയും വിലയിരുത്തുകയും ചെയ്യുന്ന ഒരു ക്രൈസ്തവന് നാം നല്കുന്ന സന്ദേശമെന്താണ്? എന്തെങ്കിലും സന്ദേശം നല്കുവാൻ നമുക്കാവുമോ? വിശ്വാസത്തിന്റെയോ, പ്രത്യാശയുടെയോ പരസ്നേഹത്തിന്റെയോ ഉപവി അഥവാ ദൈവസ്നേഹത്തിന്റെയോ എന്തെങ്കിലും സന്ദേശം നല്കുവാൻ നമുക്കുണ്ടോ? അതോ അവിശ്വാസത്തിന്റെയും, അഹന്തയുടെയും നിരാശയുടെയും നിരുത്സാഹത്തിന്റെയും, വെറുപ്പിന്റെയും പകയുടെയും ഒക്കെ പര്യായങ്ങളായിട്ടാണോ നമ്മെ അവർ കാണുന്നത്? നാം എല്ലാ ഞായറാഴ്ചയും ആരാധനയിൽ പങ്കെടുക്കുന്നവരാകാം. അതാണല്ലോ നമ്മുടെ ആദർശം. എന്നാൽ പള്ളിപിരിഞ്ഞ് കഴിഞ്ഞാൽ നടക്കുന്ന വാദപ്രതിവാദവും വാദകോലാഹലങ്ങളും, വാക്കേറ്റവും വക്കാണവും ഭൂഷണമാണോ? A devil at home and an angel abroad - `പുറത്ത് മാലാഖയും അകത്ത് പിശാചും' എന്ന മട്ടിലാണോ എന്റെ പെരുമാറ്റം? സ്നേഹത്തിലും വിശ്വാസത്തിലും സേവനത്തിലും സഹകരണത്തിലും..... മുമ്പിട്ടു നില്ക്കുന്ന ഒരു ശൈലിയല്ലേ യഥാർത്ഥ ക്രൈസ്തവൻ കാണിച്ചുകൊടുക്കേണ്ടത്? മറ്റുള്ളവരുടെ മുമ്പിൽ വ്യക്തികളായി മാത്രമല്ല സമൂഹങ്ങളായും, സംഘടനകളായും നാം കാട്ടിക്കൊടുക്കേണ്ട മാതൃക എന്താണ്? പകയുടെയും പകരം വീട്ടലിന്റെയും ശൈലിയാണോ, ക്ഷമയുടെയും സഹിഷ്ണതയുടെയും മാതൃകയാണോ? ``ശാന്തശീലനും വിനീതഹൃദയനുമാകയാൽ എന്നെക്കണ്ടു പഠിക്കുക'' എന്നു പറഞ്ഞ ക്രിസ്തുവിനെ കണ്ടു പഠിക്കുന്നവരും കേട്ടു പഠിക്കുന്നവരുമാകാൻ നാം പരിശ്രമം തുടരേണ്ടതുണ്ട്. നമ്മിലെ ഓരോ അണുവും, എന്നിലെ ഒരോ കോശവും ക്രൈസ്തവമാകണം. അതുവരെ ഞാൻ ക്രിസ്തുവിനെ അനുധാവനം ചെയ്യണം; അനുകരിക്കണം. വലിയവനാരെന്നറിയാൻ വഴിയിൽവെച്ച് തർക്കിച്ച ശിഷ്യരോട് പറഞ്ഞത്: ``ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ അവസാനത്തവനും എല്ലാവരുടെയും ശുശ്രൂകനുമാകണം'' (മർക്കോ 9/35) എന്നാണ് എന്ന് നമുക്ക് മറക്കാതിരിക്കാം. ``ഈ ചെറിയവരിൽ ഒരുവന് ശിഷ്യന് എന്ന നിലയിൽ ഒരു പാത്രം വെള്ളമെങ്കിലും കൊടുക്കുന്നവന് പ്രതിഫലം ലഭിക്കാതിരിക്കുകയില്ലെന്ന് സത്യമായി ഞാൻ നിങ്ങളോട് പറയുന്നു''

www.malankaralibrary.com

(മത്താ. 10/42) എന്ന് വലിയ പ്രതിസമ്മാനമാണ് അവൻ നമുക്ക് വാഗ്ദാനം നല്കിയിരിക്കുന്നത്. നമ്മുടെ സമുഹത്തിൽ ക്രൈസ്തവോചിതമായ പങ്കുവയ്പും പരസഹായവും പരിപോഷിപ്പിക്കുവാൻ നമുക്ക് കഴിയുന്നുണ്ടോ? നിർദ്ധനനായ ഒരു സഭാംഗം ചികിത്സയ്ക്ക് വകയില്ലാതെ ഉഴലുമ്പോൾ സഹായവുമായി ഓടിയെത്തുവാൻ നമുക്ക് കഴിയാത്തത് എന്തുകൊണ്ട്? കൊടുക്കുന്തോറുമേറിടും എന്ന തത്വം നാം പഠിക്കാത്തതെന്തുകൊണ്ട്? കഴിവുണ്ടെങ്കിലും പണമില്ലാത്തതുകൊണ്ട് പഠിക്കാനാകാതെ ഭാവി നഷ്ടപ്പെടുന്നവരെ സഹായിക്കാൻ ഇടവക സമുഹത്തിനു മുന്നോട്ടു വരാൻ കഴിയുകയില്ലേ? ഭക്തസംഘടനകളും യുവജനപ്രസ്ഥാനവും, പ്രാർത്ഥനാ സഖ്യങ്ങളുമെല്ലാം അലങ്കാരമെന്നതിലുപരി ആത്മാവിന് അഴകുചാർത്തുന്ന, കുടുതൽ ക്രിസ്തീയമാകുവാൻ സഹായിക്കുന്ന പ്രവർത്തനവേദികളായി ഉയരുന്നുണ്ടോ? നമ്മെ മടുപ്പും അലസതയും അലംഭാവവും ബാധിച്ചിട്ടില്ലേ? ``ദൈവവചനത്തെപ്പറ്റിയുള്ള അജ്ഞത ക്രിസ്തുവിനെപ്പറ്റിയുള്ള അജ്ഞതയാണ്'' എന്ന് വേദപാരംഗതനായ വിശുദ്ധ ജെറോം പറഞ്ഞു വെച്ചിട്ടുണ്ട്. നാം വായിക്കുന്ന വചനം നമ്മെ സ്പർശിക്കുന്നുണ്ടോ? നാം പഠിക്കുന്ന വേദം നമ്മെ മെരുക്കുന്നുണ്ടോ? നാം ഏറ്റു പറയുന്ന വിശ്വാസം നാം ജീവിക്കുന്നുണ്ടോ? പരിശുദ്ധാത്മാവും പരിശുദ്ധാത്മ നവീകരണ വർഷവും ഈ ദൃശമായ ചിന്തകൾ നമ്മിൽ ഉണർത്തണം. ആത്മപൂരിതമായ അവസ്ഥ നമ്മുടെ വിമോചനത്തിനും, മാനവ വിമോചനത്തിനും നമ്മെ സജ്ജമാക്കണം.

## ആത്മപൂരിതരാകാൻ നാം എന്തു ചെയ്യുന്നു?

ആത്മാവ് സഭകളോട് പറയുന്നത് നാം കേൾക്കുന്നുണ്ടോ?

``**ആത്മാവും മണവാട്ടിയും നമ്മെ വിളിക്കുന്നു:** **വരുക.**

കേൾക്കുന്നവൻ പറയട്ടെ: വരുക

**ദാഹിക്കുന്നവൻ വരട്ടെ.**

ആഗ്രഹമുള്ളവൻ ജീവന്റെ ജലം സൗജന്യമായി സ്വീകരിക്കട്ടെ.'' (വെളിപാട് 22/17).

പേരിനനുരുപരാകുവാനുള്ള ശ്രമം നാം തുടരണം. വെല്ലുവിളികളും പ്രതികുലങ്ങളും അനവധി ഉണ്ടാകാമെങ്കിലും നാം ശ്രമം തുടരുകതന്നെ വേണം. അവസാനം വരെ ശ്രമം തുടരണം. ``ഒരുവൻ ക്രിസ്തുവിലായാൽ അവൻ ഒരു പുതിയ സൃഷ്ടിയാണ്'' എന്ന് ശ്ലീഹാ പറയുന്നു. ക്രിസ്തുവിൽ പുതുക്കവും, ആത്മാവിൽ വഴക്കവും ശുശ്രൂഷയിൽ തഴക്കവും നമുക്ക് വന്നിട്ടുണ്ടോ എന്ന് വായനക്കാരാ ചിന്തിക്കേണമേ. ``എനിക്ക് ജീവിക്കുന്നത് ക്രിസ്തുവാണ്'' എന്ന് അപ്പസ്തോലനെപ്പോലെ പറയുവാൻ നമുക്കും കഴിയണം. ഓരോ ക്രിസ്ത്യാനിക്കും കഴിയണം ``ഞാൻ ജീവിക്കുന്നു; എന്നാൽ ഞാനല്ല ക്രിസ്തു എന്നിൽ ജീവിക്കുന്നു'' എന്ന അപ്പസ്തോല ചൈതന്യം ആർജ്ജിക്കുമ്പോൾ മാത്രമാണ് നാം ക്രിസ്ത്യാനിയാകുന്നത്. അതുവരെ ഒരു സംഘടനയുടെ അംഗം മാത്രമേ ആകുകയുള്ളു. ``ക്രിസ്തുമാർഗ്ഗത്തെ'' (അപ്പ. 19/23) സംബന്ധിച്ച ഇത്തരം ചിന്തകൾ പങ്കുവയ്ക്കുവാൻ ആത്മാവ് നമുക്ക് അഭിഷേകം തരട്ടെ.

# അന്ത്യോക്യാ - ക്രിസ്ത്യാനിയുടെ ഈറ്റില്ലം:

സുറിയാനി പാരമ്പര്യമുള്ള സഭയ്ക്ക് മറക്കാനാവാത്ത മധുരനാമമാണ് അന്ത്യോക്യാ. ``അമ്മയെ മറന്നാലും അന്ത്യോക്യായെ മറക്കില്ല'' എന്ന മുദ്രാവാക്യത്തിന്റെ മുഴക്കം മലങ്കരയിൽ അലയടിച്ചിരുന്നത് ആനുകാലിക ചരിത്രമാണ്. എന്താണ് അന്ത്യോക്യായുടെ പ്രാധാന്യം?

സിറിയായിലെ ഒരു പുരാതന പട്ടണമാണ് അന്ത്യോക്യാ. സിറിയയിൽ, ആധുനിക അന്റാക്കിയയ്ക്ക് അടുത്താണ് ഈ പട്ടണം. യവന - റോമാ സാമ്രാജ്യങ്ങളുടെ കാലത്ത് (B.C 333 - A.D. 313: അലക്സാണ്ടർ മുതൽ കോൺസ്റ്റന്റയിൻ വരെ) പ്രധാന പട്ടണങ്ങളിലൊന്നായിരുന്നു അന്ത്യോക്യാ. ക്രിസ്തബ്ദം 29 മുതലുള്ള ക്രൈസ്തവ കാലഘട്ടത്തിൽ ഇതൊരു ക്രൈസ്തവ ബൗദ്ധികകേന്ദ്രമായി വളർന്നുവന്നു. A.D. 4-ാം നൂറ്റാണ്ടോടെ ഏറ്റവും പ്രധാന ദൈവശാസ്ത്ര

www.malankaralibrary.com

കേന്ദ്രമായി അത് വളർന്നു. സുറിയാനിസഭയുടെ സുവർണ്ണകാലമായിരുന്നു ``അന്ത്യാക്യൻ പിതാക്കന്മാരുടെ'' കാലം.

മെഡിറ്ററേനിയൻ തീരത്ത് സിറിയായിലെ താർസോസിന്റെയും സെലൂഷ്യായുടെയും ഇടയ്ക്കാണ് സിറിയൻ അന്ത്യോക്യ. മെഡിറ്ററേനിയൻ കടലിൽനിന്ന് 17 മൈൽ ഉള്ളിൽ സ്ഥിതി ചെയ്യുന്ന അന്ത്യോക്യാ സെലൂക്യൻ രാജവംശത്തിന്റെ തലസ്ഥാനവുമായിരുന്നു. സെലൂഷ്യായാണ് അന്ത്യോക്യായുടെ തുറമുഖ പട്ടണം. തന്റെ പിതാവായ അന്റിയോക്കസിന്റെ നാമം നിലനിർത്താൻ സെലൂക്കസ് രാജാവ് B.C. 300- ൽ സ്ഥാപിച്ച നഗരമാണിത്. മറ്റൊരു അന്ത്യോക്യയും ഉണ്ട്. ഇത് പിസീദിയായിലെ അന്ത്യോക്യ എന്നറിയപ്പെടുന്നു (അപ്പ. 13/14). ആധുനിക തുർക്കിയിലെ യൽവാസ് ഗ്രാമത്തിനടുത്താണ് ഈ സ്ഥലം.

B.C. 100-ാമാണ്ടിനും A.D. 100-ാമാണ്ടിനുമിടയ്ക്കാണ് ഈ പട്ടണം സ്ഥാപിതമായത്. ആദ്യ മിഷൻ യാത്രയിൽ (A.D. 45-49) പൗലോസും ബർനബാസും ഇവിടെ സുവിശേഷമറിയിച്ചു. അവിടുത്തെ യഹൂദർ ആ മിഷനറിമാരെ ആട്ടിയകറ്റി. അഭൂതപൂർവ്വവും അതികഠിനവുമായ എതിർപ്പും തിരസ്കാരവും നിന്ദനവുമാണ് അവിടെ അവരെ എതിരേറ്റത്. ഒരുപക്ഷേ പൗലോസ് അഭിമുഖീകരിച്ച വലിയ മിഷൻ പീഢനങ്ങളിലൊന്നാണിത്. ഇതിനെപ്പറ്റി ശ്ലീഹാ പ്രേഷ്ഠശിഷ്യൻ തിമോത്തിയോസിനെഴുതുന്നുണ്ട്. ``ഞാൻ പഠിപ്പിച്ച സത്യങ്ങളും എന്റെ ജീവിതരീതിയും ലക്ഷ്യവും വിശ്വാസവും ക്ഷമയും സ്നേഹവും സ്ഥൈര്യവും നീ അടുത്തറിഞ്ഞിട്ടുണ്ടല്ലോ. ഞാൻ സഹിച്ച പീഡനങ്ങളും കഷ്ടപ്പാടുകളും അന്ത്യോക്യായിലും..... എനിക്ക് സഹിക്കേണ്ടി വന്ന മർദ്ദനങ്ങളും നീ മനസ്സിലാക്കിയിട്ടുണ്ട്. അവയിൽനിന്നെല്ലാം കർത്താവ് എന്നെ രക്ഷിച്ചു. യേശുക്രിസ്തുവിനോട് ഐക്യപ്പെട്ട് വിശുദ്ധ ജീവിതം നയിക്കുവാനാഗ്രഹിക്കുന്നവരെല്ലാം പീഡിപ്പിക്കപ്പെടും'' (2 തിമോ. 3/11).

സിറിയായിലെ അന്ത്യോക്യയാണ് പ്രാമാണ്യമുള്ളത്. മക്കബായക്കാരുടെ ഒന്നാം പുസ്തകം 3/37ലും 4/35ലും അന്ത്യോക്യാ പരാമർശിക്കപ്പെടുന്നു. പുതിയ നിയമത്തിൽ അപ്പസ്തോലപ്രവർത്തനങ്ങൾ 11-ാമദ്ധ്യായം 19-ാം വാക്യത്തിലാണ് അന്ത്യോക്യാ പേരെടുത്തു പറയപ്പെടുന്നത്.

## അന്ത്യോക്യായുടെ പ്രാധാന്യവും പ്രാമാണ്യവും:

അന്ത്യോക്യാ ക്രിസ്ത്യാനിയുടെ ഈറ്റില്ലമായ ജറുസലേമിനൊപ്പം പ്രാധാന്യമുള്ള ഒരു പട്ടണമാണ്. സ്തേഫാനോസിന്റെ മരണം വരെ (A.D.36) ക്രിസ്തുശിഷ്യന്മാർ ജറുസലേമിൽത്തന്നെ പാർക്കുകയായിരുന്നു. സ്തേഫാനോസിന്റെ മരണം സ്ഥിതിഗതികൾ മാറ്റിമറിച്ചു. ക്രിസ്തുശിഷ്യർക്ക് ജറുസലേമിൽ പീഡനങ്ങൾ നേരിടേണ്ടിവന്നു; അവർ ചിതറിക്കപ്പെട്ടു. പ്രാണരക്ഷാർത്ഥം പലായനം ചെയ്ത അവർ അഭയാർത്ഥികളായി അന്ത്യോക്യയിലുമെത്തി, ക്രൈസ്തവൻ പോകുന്നിടത്തെല്ലാം പ്രേഷിതനാണ്; സഭ സ്വഭാവത്താലെ മിഷനറിയും. അന്ത്യാക്യായിൽ വന്നെത്തിയ ക്രിസ്തുവിശ്വാസികൾ പേടിച്ചും മടിച്ചും ഒളിച്ചും പാർക്കുകയല്ല ചെയ്തത്. അവർ തുറന്നടിച്ച് ക്രിസ്തുവിനെപ്പറ്റി തങ്ങളുടെ സഹോദരരായ യഹൂദരുടെ ഇടയിൽ പ്രസംഗിച്ചു. ``ചിതറിക്കപ്പെട്ടവർ സുവിശേഷമറിയിച്ചു'' (അപ്പ. 8/1, 4).

സുവിശേഷ പ്രഘോഷണം ആരിലെങ്കിലുമൊക്കെ മാനസാന്തരം വരുത്തുമെന്നത് തീർച്ചയായ കാര്യമാണ്. അപ്പസ്തോലൻ റോമാക്കാർക്കെഴുതുന്നത് ശ്രദ്ധിക്കുക. ``സുവിശേഷത്തെപ്പറ്റി ഞാൻ ലജ്ജിക്കുന്നില്ല. എന്തെന്നാൽ വിശ്വസിക്കുന്ന ഏവർക്കും..... അത് രക്ഷയിലേക്ക് നയിക്കുന്ന ദൈവശക്തിയാണ്'' (റോമ. 1/16). ``..... പ്രസംഗകനില്ലാതെ എങ്ങനെ കേൾക്കും? അയയ്ക്കപ്പെടുന്നില്ലെങ്കിൽ എങ്ങനെ പ്രസംഗിക്കും? സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം!'' (റോമ 10/14-15, ഏശാ. 52/7). ഇവരുടെ പ്രസംഗവും പ്രവർത്തനവും ജീവിതവും വഴി അനേകം പേർ അന്ത്യോക്യായിൽ മാനസ്സാന്തരപ്പെട്ടു. അവിടെ ക്രിസ്തുവിന്റെ സഭ വേരുറപ്പിക്കുന്നതും, തളിരിടുന്നതും കണ്ട് ``സഭകളുടെ മാതാവായ ജറുസലേം സഭ'', ബർന്ന

www.malankaralibrary.com

ബായെ അങ്ങോട്ടയയ്ക്കുന്നതായി അപ്പസ്തോല പ്രവർത്തനങ്ങൾ 11-ാം അദ്ധ്യായം 22-ാം വാക്യത്തിൽ നാം കാണുന്നു! ജറുസലേം സഭാസമൂഹത്തിന്റെ പ്രേഷിതാഭിമുഖ്യവും മിഷനറി തീക്ഷ്ണതയും എത്ര ഉദാത്തമാണ്! ആശ്വാസപുത്രൻ എന്ന് അപരനാമമുള്ള ബർന്നബാസ് അന്ത്യോകായിൽ ചെന്നു കഴിഞ്ഞ്, താർസോസിൽ നിന്ന് പൗലോസ് ശ്ലീഹായെ വിളിച്ചു വരുത്തി (അപ്പ. 11/26). ഇത് A.D. 43ലോ 44ലോ ആയിരിക്കണം. അവർ ഒരു വർഷം അവിടെ താമസിച്ചു. മാനസാന്തരത്തിന് ശേഷം 3 വർഷക്കാലത്തെ `വനവാസവും' കഴിഞ്ഞ് (അറേബ്യായിലെ മരുഭൂമിയിലെ ഏകാന്തവാസം) ജറുസലേമിൽ മടങ്ങിയെത്തിയ പൗലോസിന് അവിടെ പ്രതീക്ഷിച്ച അംഗീകാരം ലഭിച്ചില്ലെന്ന് വേണം കരുതാൻ. കാരണം യഹൂദർ അവനെ ഒരു `കാലുമാറ്റക്കാരനായും' തന്മൂലം വെറുപ്പോടുകൂടിയും, വിശ്വാസികൾ അവനെ തങ്ങളുടെ എതിരാളിയായി ഭയപ്പാടോടുകൂടിയാണ് കണ്ടത് (അപ്പ. 9/26). ഭഗ്നാശനായി സ്വന്തം നാടായ തർസോസിലേക്ക്, എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാരുടെ മനോവ്യഥയോടെ (അവർ മ്ലാനവദനരായിരുന്നു (ലൂക്കാ. 24/17) മടങ്ങിപ്പോയി എന്നാണ് ചരിത്രം. ഇത് 39-43 കാലഘട്ടത്തിലാകണം. ഇങ്ങനെ തന്റെ ട്രാക്കിലേക്ക് തിരികെ കൊണ്ടുവരാൻ ഉത്സാഹിച്ച ബർനാബാസ് തീർച്ചയായും പൗലോസിന് `ആശ്വാസപുത്രൻ' തന്നെയായിരുന്നു എന്നതിന് സംശയമില്ല. പൗലോസിന്റെ സുവിശേഷ പ്രഘോഷണ ജീവിതം ആരംഭിക്കുന്നത് അന്ത്യോക്യായിലാണ്. ``ഈ അന്ത്യാക്യായിൽ വെച്ചുതന്നെയാണ് ക്രിസ്തുശിഷ്യർ, ക്രിസ്ത്യാനികൾ എന്ന് വിളിക്കപ്പെടുന്നതും'' (അപ്പ. 11/26). ക്രൈസ്തവ സഭാ ചരിത്രത്തിൽ അന്ത്യോക്യായുടെ പ്രാധാന്യമാരംഭിക്കുന്നത് ഇവിടെയാണ്.

അന്ത്യാക്യാ ആദ്യത്തെ വിജാതിയ സഭയായി അറിയപ്പെടുന്നു. ഈ വിജാതീയ സഭയാണ് പൗലോസിനെ വിജാതീയരുടെ അപ്പസ്തോലനായി അണിയിച്ചൊരുക്കുന്നതും സിംഹാസനാരോഹണം ചെയ്യിക്കുന്നതും. അന്ത്യോക്യായിൽ വന്ന പൗലോസിനെയും ബർന്നബാസിനെയും ഒരു വർഷം കഴിഞ്ഞപ്പോൾ, ആ സഭതന്നെയാണ് – അന്ത്യോക്യൻ സഭയാണ് – സുവിശേഷമെത്താത്ത ദിക്കുകളിലേക്ക് മിഷനറിയായി നിർദ്ദേശിച്ചയയ്ക്കുന്നത്. തുടർന്ന് A.D. 45 മുതൽ 4 വർഷം നീണ്ട ഒന്നാമത് പ്രേഷിതയാത്ര ആരംഭിക്കയാണ്. സൈപ്രസ്, പേർഗാ, പിസിദിയായിലെ അന്ത്യോക്യാ, ലിക്കോണിയ എന്നിവിടങ്ങളിൽ ആ യാത്ര നീണ്ടു (അപ്പ. 13-14 അദ്ധ്യായങ്ങൾ.)

### അന്ത്യോക്യൻ സഭയുടെ സവിശേഷതകൾ:

* അന്ത്യോക്യൻ സഭ ധന്യവും ധനികവുമായിരുന്നു (അപ്പ. 11/27-30).
* അന്ത്യോക്യൻ സഭ പ്രവാചകന്മാരാൽ സമ്പന്നമായിരുന്നു (അപ്പ. 11/27; 13/1).
* അന്ത്യോക്യൻ സഭ മിഷനറിസഭയായിരുന്നു (അപ്പ. 13/2,4).
* ജറുസലേം സഭ തിരസ്കരിച്ച പൗലോസിനെ കൈനീട്ടി സ്വീകരിച്ച സഭയാണത് (അപ്പ. 11/26).
* അന്ത്യോക്യൻ സഭയുടെ പ്രേഷിത വയലുകൾ ധന്യവും ഫലസമൃദ്ധവുമായിരുന്നു (അപ്പ. 14/26-).
* പരിച്ഛേദിതരായ യഹൂദക്രിസ്ത്യാനികളെ ഭയന്ന് പത്രോസ് വിജാതീയരിൽനിന്ന് പിൻവലിയുന്നത് അന്ത്യോക്യയിൽ വെച്ചാണ് (ഗലാ. 2/11).
* സഭയുടെ അടിസ്ഥാനമായ പത്രോസും, ശില്പിയായ പൗലോസും ഒന്നിച്ച് പ്രവർത്തിച്ച ഏക സഭാസമൂഹം അന്ത്യോക്യയാണ് (ഗലാ. 2/11).
* സഭയാരംഭിച്ച്, ഒരു ദശകത്തിനകം ജറുസലേമിനെക്കാൾ വളർന്ന സഭയായിരുന്നു.
* പൗലോസിന്റെ സുവിശേഷ പ്രഘോഷണ ജീവിതത്തിന് താങ്ങും തണലും, വളവും വെള്ളവുമായത് അന്ത്യോക്യയായിരുന്നു.

www.malankaralibrary.com

* ക്രിസ്ത്വനുയായികൾ നാമകരണം ചെയ്യപ്പെടുന്നത് അന്ത്യോക്യായിൽ വെച്ചാണ്. (അപ്പ. 11/26).

* A.D. 4-ാം നൂറ്റാണ്ടിനും 6-ാം നൂറ്റാണ്ടിനും ഇടയ്ക്ക്, ഏറ്റം പ്രധാനപ്പെട്ട ക്രിസ്തീയ ദൈവശാസ്ത്രപഠനകേന്ദ്രവും വിദ്യാപീഠവുമായി വളർന്ന നഗരമാണത്.

* ക്രൈസ്തവ വിശ്വാസത്തിന്റെ ആദ്യതലമുറയിൽ (A.D. 35നും 75നും ഇടയ്ക്ക്) അന്ത്യോക്യായിലെ ക്രൈസ്തവസമൂഹം ജറുസലേമിലെ സഭയോടൊപ്പമോ അതിലുമധികമോ വളർന്നതോ ആയിരുന്നു.

* ആദ്യത്തെ വിജാതീയ ക്രൈസ്തവ സമൂഹം അന്ത്യോക്യായായിരുന്നു.

* സഭാംഗത്വത്തെ - വിജാതീയരുടെ ഇടയിലെ മിഷൻ പ്രവർത്തനത്തെ - സാംബന്ധിച്ചും, ആചാരക്രമങ്ങളെ സംബന്ധിച്ചും തീരുമാനമെടുക്കുന്നതിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ സഭയായിരുന്നു.

* സഭയിലെ ``സോഷ്യൽ അപ്പോസ്റ്റലേറ്റ്'' – സാമുഹ്യപ്രവർത്തനത്തിന് — തുടക്കം കുറിച്ച സഭയാണത്. ആദ്യത്തെ സാമുഹ്യപ്രവർത്തകർ, ബർണബാസ്സും പൗലോസുമായിരുന്നു (അപ്പ. 11/27-30).

* സുവിശേഷകനും അപ്പസ്തോല പ്രവർത്തനങ്ങളുടെ കർത്താവുമായ ലൂക്കോസിന്റെ ജന്മനഗരമായി കരുതപ്പെടുന്നു.

* ഏഷ്യാമൈനറിലേക്ക് മിഷൻ പര്യടനത്തിനായി പൗലോസിനെയും ബർണ്ണബായെയും അയയ്ക്കുന്നതിന് മുൻകൈ എടുത്തതിലും, അത് ജറുസലേം സഭയുമായോ മറ്റ് അപ്പസ്തോലന്മാരുമായോ കൂടിയാലോചന നടത്താതെയായിരുന്നു എന്നതും സൂചിപ്പിക്കുന്നത്, ആ സഭാസമൂഹത്തിന്റെ ശക്തിയും സ്വാതന്ത്ര്യവും സാഹസികമനോഭാവവുമാണ് (അപ്പ. 13/1).

* തങ്ങൾ അയച്ച പ്രേഷിതർ ഇരുവരും മടങ്ങിവന്ന് `മിഷൻ റിപ്പോർട്ട്' സമർപ്പിക്കുന്നത് ശ്രദ്ധേയമാണ് (അപ്പ. 14/26-28)

* ക്രിസ്തബ്ദം 49-ൽ നടന്ന ജറുസലേം കൗൺസിലിൽ (സുനഹദോസ്) അന്ത്യോക്യൻ സഭയെ (വിജാതീയസഭ) പ്രതിനിധീകരിച്ചത് പൗലോസും ബർണ്ണബാസുമാണ് (അപ്പ. 15/1).

* ബർണ്ണബാസും പൗലോസും ഏറെക്കാലം വസിച്ചതും, സ്വദേശമെന്നവിധം പെരുമാറിയതും അന്ത്യോക്യായിലാണ്. സ്വഭവനത്തിലേക്ക് മടങ്ങി വരുന്ന കൗതുകത്തോടെയാണ്, രണ്ടാം പ്രേഷിതയാത്രയ്ക്കു ശേഷം (A.D. 50-52) പൗലോസ് അന്ത്യോക്യായിൽ മടങ്ങിവരുന്നത് (അപ്പ. 18/22).

* ഇവിടെ വരെ അന്ത്യോക്യയെന്നാൽ `പൗലോസിന്റെ സഭാസമൂഹം' എന്ന സമവാക്യമാണ്. എന്നാൽ ആ സഭയുടെ തലവനെന്നവിധം സ്വയം നേതൃത്വം ഏറ്റെടുക്കുന്ന ശൈലി പൗലോസ് പുലർത്തിയിരുന്നില്ല എന്നത് വളരെ ശ്രദ്ധേയമാണ്. ഇതിനെത്തുടർന്ന് അപ്പസ്തോല പ്രവർത്തനങ്ങളിൽ അന്ത്യോക്യാ പ്രത്യക്ഷപ്പെടുന്നില്ല.

* നിഖ്യാസുന്നഹദോസിന്റെ കാലം മുതൽ (A.D. 325) ഉണ്ടായിരുന്ന നാലു ദിക്കുകളെ പ്രതിനിധീകരിച്ചു കൊണ്ടുള്ള 4 പാത്രിയർക്കാ സിംഹാസനങ്ങളിൽ ഒന്ന് അന്ത്യോക്യായായിരുന്നു.

* `അന്ത്യോക്യൻ പാർത്രിയർക്കീസ്' എന്ന് യഥാർത്ഥമായും സ്ഥാനപ്പേരുള്ള 5 പാത്രിയർക്കീസന്മാർ ഇന്നുണ്ട്.

* അന്ത്യോക്യൻ സഭയിൽ ഉള്ള 35 ലക്ഷം ജനങ്ങൾ ഇന്ന് 5 പാത്രിയർക്കാ നേതൃത്വത്തിൻ കീഴിലാണ്!!

www.malankaralibrary.com

## 4. പത്രോസിന്റെ നേതൃത്വവും ദൈവശാസ്ത്രവും:-

അപ്പസ്തോല പ്രവർത്തനങ്ങൾ 12-ാം അദ്ധ്യായം സമാപിക്കുന്നതോടു കൂടി അപ്പസ്തോല പ്രമുഖനായ പത്രോസിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരണവും പ്രായേണ സമാപിക്കുന്നതായി നമുക്കു കാണാം. തുടർന്ന് ജറുസലെം കൗൺസിലിൽ (അപ്പ. 15/7-11) പ്രത്യക്ഷപ്പെടുന്നതൊഴിച്ചാൽ പത്രോസിനെക്കുറിച്ചുള്ള പരാമർശനങ്ങൾ വേറെ ഒന്നുംതന്നെ ഈ ഗ്രന്ഥത്തിൽ കാണുന്നില്ല. തുടർന്നുള്ള വിവരണങ്ങൾ പ്രധാനമായും പൗലോസിനെ കേന്ദ്രീകരിച്ചുകൊണ്ടുള്ളതാണ്. അതിനാൽ കഴിഞ്ഞ 12 അദ്ധ്യായങ്ങളിലെ പതാകാ നായകനും മുഖ്യകഥാപാത്രവുമായ പത്രോസിനെയും, പത്രോസിന്റെ ദൈവശാസ്ത്രപരമായ വീക്ഷണങ്ങളെയും കാണുവാൻ ഒരു പരിശ്രമം നമുക്ക് നടത്താം. വിവിധ സന്ദർഭങ്ങളിലായി പത്രോസ് 12 പ്രസംഗങ്ങൾ ചെയ്തതായി പഠനാത്മകമായ പരിശോധനയിൽ നമുക്ക് മനസ്സിലാക്കാം.

| | |
|---|---|
| (1) ജറുസലെമിൽ അവർ പാർത്ത ഭവനത്തിലെ മട്ടുപ്പാവിലുള്ള പ്രാർത്ഥനാമുറിയിൽ | (അപ്പ. 1/15-22) |
| (2) പെന്തക്കുസ്താദിവസം | (2/14-36) |
| (3) ജറുസലെം ദേവാലയത്തിലെ സോളമന്റെ മണ്ഡപത്തിൽ | (3/12-26). |
| (4) സെൻഹെദ്രീൻ സംഘത്തിനു മുമ്പിൽ | (4/8-12) |
| (5) വിശ്വാസികളുടെ കൂട്ടായ്മ യോഗത്തിൽ | (അപ്പ. 5/3, 4, 8, 9) |
| (6) സെൻഹെദ്രീൻ സംഘത്തിന് മുമ്പാകെ | (5/29-32) |
| (7) സമരിയായിൽ | (അപ്പ. 8/20-23) |
| (8) ലിഡായിൽ | (അപ്പ. 9/34) |
| (9) ജോപ്പായിൽ | (അപ്പ. 9/40) |
| (10) കേസറിയായിൽ കൊർണേലിയൂസിന്റെ വീട്ടിൽ | (അപ്പ. 10/24-43) |
| (11) ജറുസലേമിലെ യോഗത്തിൽ | (അപ്പ. 11/4-17) |
| (12) ജറുസലെം സുന്നഹദോസിൽ | (അപ്പ. 15/7-11) |

ഈ പ്രസംഗങ്ങളുടെ ഹ്രസ്വമായ ഒരു അപഗ്രഥനം നടത്തി പത്രോസിന്റെ നേതൃത്വത്തെയും ദൈവശാസ്ത്ര വീക്ഷണങ്ങളെയും പരിചിയപ്പെടാൻ ശ്രമിക്കാം.

## A. വ്യക്തിയും വീക്ഷണവും:-

യേശുവിന്റെ പന്ത്രണ്ട് ശിഷ്യന്മാരിൽ ഒന്നാമനായി അറിയപ്പെടുന്ന ആളാണ് പത്രോസ്. അദ്ദേഹത്തിന്റെ ഒന്നാമത്തെ പേര് ശിമയോൻ എന്നാണ് (മർക്കോ 1/16, ലൂക്കോ. 5/3). ഗലീലിയാ സ്വദേശിയും യോനായുടെ പുത്രനുമായിരുന്നു (മത്താ. 16/17) യോഹന്നാന്റെ സുവിശേഷത്തിൽ യോനായുടെ പുത്രൻ എന്നതിനു പകരം യോഹന്നാന്റെ പുത്രൻ എന്നാണ് കാണുക (യോഹ. 1/42; 21/15-17). അപ്പസ്തോല സമൂഹത്തിലെ സഹോദര ദ്വയങ്ങളിൽ ഒരു ഗണമാണ് പത്രോസും സഹോദരൻ അന്ത്രയോസും (മർക്കോ. 1/16). ഇവർ ബേദ്സയ്ദായിൽ നിന്നുള്ളവരും സ്നാപക യോഹന്നാന്റെ ശിഷ്യരുമായിരുന്നു (യോഹ. 1/35- 42; 1/44). വിവാഹിതനും കഫർണാമിൽ വീടുണ്ടായിരുന്നവനുമെന്ന സൂചന മർക്കോസിന്റെ സുവിശേഷം നല്കുന്നു (മർക്കോ. 1/21, 29-31).

### പത്രോസ് – യേശുവിന്റെ കൂടെ:-

പെത്രാ എന്ന ഗ്രീക്കുവാക്കിൽ നിന്നു വരുന്ന പേരാണ് പത്രോസ്. പെത്രായെന്നാൽ പാറ എന്നാണർത്ഥം. അരമായ (സുറിയാനി) ഭാഷയിൽ കേപ്പാ എന്നാണ്. അതിന്റെ അർത്ഥവും പാറ എന്നുതന്നെയാണ്. യേശു നല്കുന്ന പേരാണിത് (മത്താ. 16/18; യോഹ. 1/42).

www.malankaralibrary.com

സഹോദരന്മാരായ പത്രോസിനെയും അന്ത്രയോസിനെയും തന്റെ പരസ്യജീവിതാരംഭത്തിൽ യേശു വിളിക്കുന്നു. ഗലീലിയാക്കടലിന്റെ തീരമാണ് രംഗം. യേശുവിനാൽ പത്രോസ് ആകർഷിക്കപ്പെട്ടു. മീൻപിടുത്തക്കാരായ അവർ ഇരുവരും വലയും വള്ളവുമുപേക്ഷിച്ച് യേശുവിനെ അനുഗമിക്കുകയാണ്. 12 ശിഷ്യന്മാരിൽ ഒന്നാമനായി അറിയപ്പെടാൻ തുടങ്ങി (മത്താ. 10/2; മർക്കോ. 3/16; ലൂക്കാ 6/14; അപ്പ. 1/13). അത് പ്രായം കൊണ്ടാണോ പ്രാഗത്ഭ്യം കൊണ്ടാണോ എന്നു വ്യക്തമല്ല. യേശുവിന്റെ ദൈവികത്വം ഏറ്റുപറയുന്നതിൽ ചടുലത കാട്ടിയത് പത്രോസായിരുന്നു (മത്താ. 16/16; മർക്കോ. 8/30; ലൂക്കാ. 9/20). മറ്റു ശിഷ്യന്മാരുടെയും വക്താവെന്ന നിലയിൽ പലപ്പോഴും സംസാരിക്കുന്നത് പത്രോസാണ് (അപ്പോ. 1/15; 2/14). ഇത് അപ്പസ്തോല പ്രവർത്തനങ്ങളിൽ വളരെ പ്രകടമാണ്. ഇതുകൊണ്ടൊക്കെ ശിഷ്യരിൽ പ്രമുഖ (പ്രഥമ) സ്ഥാനം കിട്ടി എന്ന് പറയുന്നതിനെക്കാൾ, പ്രഥമസ്ഥാനിയായിരുന്നതിനാൽ അപ്രകാരം പ്രവർത്തിച്ചു എന്ന് കരുതുന്നതാണ് നല്ലത്.

താബോർ മലയിൽ മഹത്വീകരണസമയത്തും (മത്താ. 17/1; മർക്കോ. 9/2; ലൂക്കാ 9/28) ജായ്റോസിന്റെ മകളെ സുഖപ്പെടുത്തുമ്പോഴും (മർക്കോ. 5/37; ലൂക്കാ. 8/51) പീഢാനുഭവത്തിന് മുമ്പ് ഗദ്സമനിയിൽ പ്രാർത്ഥിക്കുന്നവേളയിലും സെബദിപുത്രന്മാരോടൊപ്പം പത്രോസിനെയും നമുക്ക് കാണാം. ഈ മൂന്നു സന്ദർഭങ്ങളിലും ഈ `ത്രിമൂർത്തികൾ' ഒന്നിച്ചുതന്നെയുണ്ട്. അടിസ്ഥാനപരമായ ചില തത്വങ്ങൾ യേശു വിശദീകരിക്കുന്നത് പത്രോസിന്റെ ചോദ്യത്തിനുത്തരമായിട്ടാണ് (മത്താ. 15/15; മർക്കോ. 10/28; ലൂക്കാ. 18/28). അതിനർത്ഥം അടിസ്ഥാനപരമായ ചോദ്യങ്ങൾ ചോദിക്കുവാൻ `സഭയുടെ അടിസ്ഥാനമായ' – അടിസ്ഥാനശിലയായ -- പത്രോസിന് വൈഭവവും വൈദഗ്ദ്ധ്യവും വിരുതും ഉണ്ടായിരുന്നു എന്നു തന്നെയാണ്. ശിഷ്യന്മാരുടെ പ്രതിനിധിയായിട്ടാണ് ചോദ്യങ്ങൾ ചോദിക്കുന്നത്.

യേശുവിനെ അനേകം പേർ ഉപേക്ഷിച്ചു പോകുമ്പോഴും ഏറ്റുപറയുന്നത് (യോഹ. 6/68) പത്രോസാണ്. അതുപോലെതന്നെ ഒരു പരിചാരികയെ ഭയന്ന് നാഥനെ തള്ളിപ്പറയുന്നതും ഈ പത്രോസ് തന്നെയാണ് (മത്താ. 26/69). എന്നാൽ അത് പ്രച്ഛന്നവേഷത്തിൽ വന്ന ദിവ്യാനുഗ്രഹമായിട്ടുവേണം കരുതാൻ. തിന്മയിൽ നിന്നു നന്മയുളവാക്കുവാനും കല്ലുകളിൽ നിന്നു അബ്രഹാമിന് പുത്രന്മാരെ ജനിപ്പിക്കുവാനും കഴിവുള്ള ദൈവം, പരിപൂർണ്ണമാനസാന്തരത്തിനായി തന്റെ പ്രേഷ്ഠ ശിഷ്യനെ ഒരുക്കുകയായിരുന്നില്ലേ? പത്രോസിന്റെ മാനസാന്തരം വിവരിക്കുന്ന വേദഭാഗങ്ങൾ ലൂക്കോസ് 22/54-62; യോഹ. 18/15-18, 25-27 എന്നിവയാണ്. തന്റെ തെറ്റിനെ ഓർത്തു പുറത്തിറങ്ങി പൊട്ടിക്കരഞ്ഞ പത്രോസ്, ജീവിതകാലം മുഴുവൻ അതിരാവിലെ കോഴി കൂവുമ്പോഴൊക്കെയും പൊട്ടിക്കരയുമായിരുന്നു പോലും! തൽഫലമായി മുഖത്തു കണ്ണീർച്ചാലിന്റെ പാട് പ്രകടമായിരുന്നു പോലും! ഇത് ഒരു വിശ്വാസ പാരമ്പര്യമാണ്. ``കണ്ണീരിന്റെ ദാനം'' (The gift of tears) എന്ന് ആദ്ധ്യാത്മിക ഗ്രന്ഥകാരന്മാർ ഇതിനെ വിളിക്കുന്നു. കരയുന്നതു കണ്ണിനു മാത്രമല്ല ഹൃദയത്തിനും, മനസ്സിനും നല്ലതാണ്. അനുതാപക്കണ്ണീർ ഒരു കൃപയും വരവും ദാനവുമാണ്. പ്രവാചകന്മാരും, വെളിപാടുകാരനും ഒക്കെ കരയുന്നത് നമുക്ക് കാണാവുന്നതാണ്.

ശിഷ്യന്മാരിൽ യേശുവിന്റെ ഉത്ഥാനത്തെപ്പറ്റി ആദ്യം അറിഞ്ഞത് പത്രോസാണ് (മർക്കോ. 16/7; ലൂക്കാ. 24/34).

പത്രോസിനെ അജപാലകനായി നിയമിക്കുന്ന ഹൃദയസ്പൃക്കായ രംഗം ഒരു പട്ടാഭിഷേക ശുശ്രൂഷയുടെയും `സുന്ത്രോനീസോ' (മെത്രാഭിഷേകത്തിനു ശേഷം നടത്തുന്ന സ്ഥാനാരോഹണം) യുടെയും പ്രതീതി ജനിപ്പിക്കുന്നതാണ് (യോഹ. 21/15-19).

## ആദിമക്രൈസ്തവ സഭയിൽ പത്രോസിന്റെ നേതൃത്വം പ്രകടമാകുന്നത്:-

യേശുവിന്റെ സ്വർഗ്ഗാരോഹണ ശേഷം ആദിമസഭയെ നേർരേഖയിൽ നയിച്ചത് പത്രോസാണ്. അജപാലകനായി നിയമിച്ചത് പൂർണ്ണമായ അർത്ഥത്തിൽ പത്രോസ് സ്വീകരിക്കുകയും സഹശി

www.malankaralibrary.com

ഷ്യന്മാർ അംഗീകരിക്കുകയും ചെയ്തു എന്നതു വ്യക്തമാണ്. പൗലോസുൾപ്പെടെ എല്ലാവരും പത്രോസിന്റെ പ്രഥമസ്ഥാനത്തെ ചോദ്യം ചെയ്യാതെ അംഗീകരിക്കുന്നതായി കാണാം (ഗലാ. 1/18-19). ശിഷ്യസമൂഹത്തിൽ യൂദാസിന് പകരം മത്തിയാസിനെ തെരഞ്ഞെടുക്കുന്നതും (അപ്പ. 1/15-26) ശിഷ്യരുടെ പ്രതിനിധിയെന്ന വിധം സംസാരിച്ചതും (അപ്പ. 2/14-36; 3/11- 26), മുടന്തനെ സുഖപ്പെടുത്തി സഭയിലെ ആദ്യത്തെ അത്ഭുതം പ്രവർത്തിച്ചതും പത്രോസ് തന്നെ (അപ്പ. 3/1-10).

ഒരു സ്വർഗ്ഗീയ ദർശനപ്രകാരം വിജാതീയരോട് സുവിശേഷം പ്രസംഗിക്കുന്നതിന് തുടക്കം കുറിക്കുന്നത് പത്രോസാണ് (അപ്പ. 10). പരിഛേദനത്തെപ്പറ്റിയുള്ള തർക്കം പറഞ്ഞു തീർക്കുവാൻ ജറുസലേം കൗൺസിൽ (സുന്നഹദോസ്) വിളിച്ച് കൂട്ടുന്നതും വ്യക്തമായ തീരുമാനം എടുക്കുന്നതും പത്രോസാണ് (അപ്പ. 15/6-11). വാ പറയാൻ മാത്രമല്ല കാര്യം ചെയ്യാനും, കൈകാര്യ കർതൃത്വമേല്ക്കാനും ഉള്ള പാടവവും നേതൃത്വഗുണവും ഇവിടെ നിതരാം വ്യക്തമാകുന്നുണ്ട്.

പത്രോസിന്റെ അന്ത്യം:- മതപീഡകനായ റോമാ ചക്രവർത്തി നീറോയുടെ കാലത്ത് ക്രിസ്തബ്ദം 67 (64?)ൽ റോമിൽ വെച്ച് പത്രോസും പൗലോസും വീരചരമം പ്രാപിച്ച് രക്തസാക്ഷി മകുടം ചൂടി. ജൂൺ 29-ാം തീയതി സഭ ഇരട്ടരക്തസാക്ഷികളായ ഇവരുടെ തിരുനാൾ ആചരിക്കുന്നു.

## B. വിശുദ്ധ പത്രോസിന്റെ ദൈവശാസ്ത്രവീക്ഷണം:-

പത്രോസിന്റെ ദൈവശാസ്ത്ര വീക്ഷണങ്ങളെ താഴെപ്പറയുന്ന ഏഴു തലങ്ങളിൽ അടുക്കി ഒതുക്കി നിരത്തുവാൻ നമുക്ക് സാധിക്കും. അപ്പസ്തോല പ്രവർത്തനങ്ങളിലെ പത്രോസിന്റെ പ്രസംഗങ്ങളെ മാത്രം ആധാരമാക്കിയാണ് ഈ പഠനം നാം നടത്തുന്നത്.

### 1. ദൈവം:

ദൈവത്തിന്റെ അസ്ഥിത്വവും വ്യക്തിത്വവും, അടിസ്ഥാനപരമായി സമ്മതിച്ചു കൊണ്ടും സങ്കല്പിച്ചുകൊണ്ടുമാണ് തന്റെ പ്രസംഗങ്ങൾ എല്ലാം തന്നെ പത്രോസ് രൂപപ്പെടുത്തിയിരിക്കുന്നത്. ഹൃദയങ്ങളെ അറിയുന്നവനായ ദൈവത്തെ വിളിച്ചപേക്ഷിച്ചു കൊണ്ടാണ് മത്തിയാസിനെ തെരഞ്ഞെടുക്കുന്നതിന് മുമ്പ് പത്രോസ് പ്രാർത്ഥിക്കുന്നത്. ``കർത്താവേ, എല്ലാ മനുഷ്യരുടെയും ഹൃദയങ്ങൾ അങ്ങു അറിയുന്നുവല്ലോ'' (അപ്പ. 1/24). ``ജീവന്റെ വഴികൾ അവിടുന്ന് എനിക്ക് കാണിച്ചുതന്നു. തന്റെ സാന്നിദ്ധ്യത്താൽ അവിടുന്ന് എന്നെ സന്തോഷഭരിതനാക്കും'' (അപ്പ. 2/28). ``അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം, നമ്മുടെ പിതാക്കന്മാരുടെ ദൈവം, തന്റെ ദാസനായ യേശുവിനെ മഹത്വപ്പെടുത്തിയിരിക്കുന്നു (അപ്പ. 3/13). ദൈവത്തിന്റെ അനന്തമായ ജ്ഞാനം, വിശുദ്ധി, നീതി, നന്മ, വിശ്വസ്തത, സത്യം എന്നിവയെല്ലാം പരാമർശ വിഷയമായിട്ടുണ്ട്. ദൈവത്തിന്റെ പരമാധികാരവും കൃപയും എപ്പോഴും ധൈര്യമായി ഏറ്റുപറയുന്നു. ദൈവം ഒരുവൻ എന്ന് പ്രഖ്യാപിക്കുമ്പോൾ തന്നെ പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻ തമ്പുരാനെയും മൂന്നാമത്തെ ആളായ പരിശുദ്ധാത്മാവിനെയും ദൈവവ്യക്തികളായി ഏറ്റു പറഞ്ഞുകൊണ്ട് ത്രിത്വത്തിന്റെ വെളിപാടിനെ ഉറപ്പിക്കുകയും ചെയ്യുന്നു. ത്രിത്വാവിഷ്കാരം, ഒരുതരത്തിൽ പറഞ്ഞാൽ പത്രോസിന്റെ പ്രബോധനങ്ങളിലൂടെയാണ് സുവ്യക്തമാകുന്നത്. അത് വലിയ വിപ്ലവകരമായ ഒരു ചിന്തതന്നെയാണ് എന്നതിൽ സംശയമില്ല. പഴയനിയമത്തിൽ നിന്ന് വ്യതിരിക്തമായ ഒരു നൂതനകാഴ്ചപ്പാടാണ് ഇത് എന്നു പ്രത്യേകം പറയേണ്ടതുമില്ല.

``തന്റെ അഭിഷിക്തൻ ഇവയെല്ലാം സഹിക്കണമെന്ന് പ്രവാചകന്മാർ വഴി ദൈവം മുൻകൂട്ടി അരുളിച്ചെയ്തത് ദൈവം ഇങ്ങനെ പൂർത്തിയാക്കി'' (അപ്പ. 3/18; 4/10; 10/34 etc).

## 2. യേശുക്രിസ്തു – പൂർണ്ണദൈവവും യഥാർത്ഥ മനുഷ്യനും

**(a) യഥാർത്ഥ മനുഷ്യൻ:-** യേശുവിന്റെ ശിഷ്യന്മാരിൽ പ്രധാനി എന്ന നിലയിലും, യേശു വിഭാവനം ചെയ്ത സഭയുടെ തലവനെന്ന നിലയിലും, ക്രിസ്തുവിനെ ഏറ്റം അടുത്തറിഞ്ഞ വ്യക്തി

www.malankaralibrary.com

എന്ന നിലയിലും യേശുക്രിസ്തുവിനെക്കുറിച്ച് മറ്റാരും നല്കുന്ന സാക്ഷ്യത്തെക്കാൾ, പത്രോസിന്റെ വാക്കിനും സാക്ഷ്യത്തിനും പ്രാധാന്യമുണ്ട്. യേശുവിന്റെ മനുഷ്യത്വം തികച്ചും ചരിത്രപരമായ ഒരു യാഥാർത്ഥ്യമാണ്. ചില പാഷണ്ഡികൾ ശഠിച്ചതുപോലെ അവൻ `മനുഷ്യനെപ്പോലെ' കാണപ്പെട്ടു എന്നേയുള്ളു എന്നു പറയുന്നത് ശരിയല്ലെന്നാണ് പത്രോസ് വ്യക്തമാക്കുന്നത്. മറ്റേതൊരു മനുഷ്യനെയും പോലെ രക്തവും മജ്ജയും മാംസവുമുള്ള, വിചാരവികാരങ്ങളും, വിശപ്പും ദാഹവുമുള്ള ഒരു യഥാർത്ഥ മനുഷ്യൻ ആയി യേശുവിനെ അവതരിപ്പിക്കുന്നു. സുവിശേഷങ്ങളിൽ രേഖപ്പെടുത്തപ്പെട്ട വസ്തുതകളും സംഭവങ്ങളും ശരിവെക്കുന്നതാണ് പത്രോസിന്റെ പ്രസംഗത്തിലെ സാക്ഷ്യങ്ങൾ.

എന്നാൽ ഒരു `വെറും' മനുഷ്യൻ മാത്രമല്ല യേശു; മനുഷ്യനായ യേശു ദൈവമാണ്. അവൻ മനുഷ്യരൂപം ധരിച്ച ദൈവമാണ്. യേശുവിന്റെ മാമോദീസായും, പീഡാനുഭവ വേദനകളുമെല്ലാം മനുഷ്യത്വത്തിന്റെ വ്യക്തമായ സൂചനകളാണ്. ``നസറായനായ യേശുവിനെ പരിശുദ്ധാത്മാവിനാലും ശക്തിയാലും ദൈവം എങ്ങനെ അഭിഷേകം ചെയ്തു എന്നും, അവൻ എപ്രകാരം നന്മ പ്രവർത്തിച്ചുകൊണ്ടും, പിശാചിനാൽ പീഡിപ്പിക്കപ്പെട്ടവരെ സുഖപ്പെടുത്തിക്കൊണ്ടും ചുറ്റിസഞ്ചരിച്ചു എന്നും നിങ്ങൾക്കറിയാം'' (അപ്പ. 10/38). കുരിശുമരണം, ഉത്ഥാനം, സ്വർഗ്ഗാരോഹണം, വീണ്ടു വരവ് എന്നിവയെപ്പറ്റി വ്യക്തമായി പത്രോസ് പഠിപ്പിക്കുന്നു.

മരണം: അപ്പ. 2/23, 31; 3/15; 5/40-41.

ഉത്ഥാനം: അപ്പ. 2/33; 3/21; 5/31

വീണ്ടും വരവ്: അപ്പ. 10/42.

### (b) യേശു പൂർണ്ണദൈവം:-

അവൻ സകലത്തിന്റെയും നാഥനാണ്. ``സമാധാനത്തിന്റെ സദ്വാർത്ത സകലത്തിന്റെയും കർത്താവായ യേശുക്രിസ്തുവിലൂടെ വിളംബരം ചെയ്തുകൊണ്ട് തന്റെ വചനം അവിടുന്ന് ഇസ്രായേൽ മക്കൾക്ക് നല്കി (അപ്പ. 10/36). അവൻ ദൈവമാണ്.'' ദാവീദു അവനെക്കുറിച്ച് പറഞ്ഞിരിക്കുന്നു: ഞാൻ കർത്താവിനെ എപ്പോഴും കൺമുമ്പിൽ ദർശിച്ചിരിക്കുന്നു. ``കർത്താവ്, എന്റെ കർത്താവിനോട് പറഞ്ഞു..... (അപ്പ. 2/35). അവൻ ലോകത്തിന്റെ മുഴുവൻ രക്ഷകനാണ്.'' ..... ഭൂമിയിലെ എല്ലാ കുടുംബങ്ങളും നിന്റെ സന്തതി വഴി അനുഗ്രഹിക്കപ്പെടും'' (അപ്പ. 3/25). ഇസ്രായേലിന്റെ മാത്രം രക്ഷകനല്ല. സാർവ്വത്രിക രക്ഷയെപ്പറ്റിയുള്ള ഈ വീക്ഷണം വളരെ പ്രധാനപ്പെട്ടതാണ്.

### (c) ഇസ്രായേലിന്റെ മിശിഹാ:

പൂർണ്ണദൈവവും പൂർണ്ണ മനുഷ്യനുമായ ഈ ദൈവികമനുഷ്യൻ ഇസ്രായേലിന്റെ മിശിഹാ അഥവാ രക്ഷകൻ ആണെന്ന് അദ്ദേഹം വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നു (അപ്പ. 2/36). മാത്രമല്ല അദ്ദേഹം ലോകത്തിന്റെ മുഴുവൻ രക്ഷകനാണെന്ന് പഠിപ്പിച്ചു (അപ്പ. 3/25). ക്രിസ്തു, യഹോവയുടെ ദാസനാണ്. (അപ്പ. 3/13, 26; 4/27, 30). ഈ ക്രിസ്തു മാനവരാശിയുടെ മോചനത്തിനായി അയയ്ക്കപ്പെട്ടവനാണ് (അപ്പ. 3/19; 10/43). ഈ പരിഹാരകർമ്മം -രക്ഷണ്യവ്യാപാരം - കാൽവരിയിലെ തന്റെ കുരിശുമരണത്തിൽക്കൂടിയാണെന്ന് അദ്ദേഹം ഉറക്കെപ്പറയുന്നു (അപ്പ. 2/32, 38; 3/26; 4/10-12; 9/43).

## 3. പരിശുദ്ധാത്മാവ്:

**(a) ശക്തിയല്ല വ്യക്തിയാണ്:-** പരിശുദ്ധാത്മാവ് ഒരു സങ്കല്പമല്ല; ഒരു ആശയമോ ശക്തിയോ അല്ല; മറിച്ച് ഒരു വ്യക്തി (Person) ആകുന്നു. ഉറച്ച് വിശ്വസിക്കുന്ന ഈ കാര്യം ഉറക്കെ പ്രഖ്യാപിക്കുന്നുമുണ്ട്. ``അനനിയാസേ, പരിശുദ്ധാത്മാവിനെ വഞ്ചിക്കുവാനും..... സാത്താൻ നിന്നെ പ്രേരിപ്പിച്ചതെന്ത് (അപ്പ. 5/3). പലർക്കും ഇന്നും ബോദ്ധ്യപ്പെട്ടു കാണാത്ത ഒരു കാര്യമാണിത്. ഒരു ദൈവികശക്തിയായോ, ചൈതന്യമായോ, കാറ്റായോ ഒക്കെയാണ് പരിശുദ്ധാത്മാവിനെ പലരും

www.malankaralibrary.com

പരിഗണിക്കുന്നത്! തന്മൂലം ഞാൻ, പരിശുദ്ധാത്മാവിനെ, എന്റെ ഉള്ളിൽ സ്വീകരിക്കുന്നു എന്നാണ് പലരും ചിന്തിക്കുന്നതും പലപ്പോഴും പ്രാർത്ഥിക്കുന്നതും. എന്റെ ഉള്ളിൽ ഒതുക്കാവുന്ന `എന്തോ ഒന്നാ'യിട്ടു കാണുന്ന ഒരു രീതി. നേരെ മറിച്ച് ഞാൻ അവനാൽ സ്വീകരിക്കപ്പെടുകയും നിർദ്ദേശിക്കപ്പെടുകയും, പ്രേരിപ്പിക്കപ്പെടുകയും, നയിക്കപ്പെടുകയും നടത്തപ്പെടുകയും ഒക്കെ ചെയ്യുന്ന ഒരു കാഴ്ചപ്പാടാണാവശ്യം. അവനെ ഞാൻ ഉൾക്കൊള്ളുകയും സ്വീകരിക്കുകയുമല്ല, അവൻ എന്നെ ഉൾക്കൊള്ളുകയും സ്വീകരിക്കുകയുമാണ് വേണ്ടത്. അതിനായി ഞാൻ കാത്തിരിക്കുകയാണ് വേണ്ടത്. ഉദാഹരണത്തിന് ഒരു കൊച്ചുകുട്ടി അതിന്റെ മാതാവിനാൽ സ്വീകരിക്കപ്പെടുകയാണ്, മറിച്ചല്ല. പരിശുദ്ധാത്മാവിനാൽ പൂരിതയായ പരിശുദ്ധ മറിയം, തന്റെ ഉദരത്തിൽ യേശുവിന് ജന്മം നല്കുന്ന സന്ദർഭത്തിൽ പോലും ചിന്തിക്കുന്നതിങ്ങനെയാണ്:

*``ചൊന്നാൾ മറിയാം ഞാനല്ലവനെ വഹിപ്പൂ*

***അവനെന്നെപ്പേറി, പാലിപ്പോനവനി''***

ഞാൻ അവനെ സംവഹിച്ചിരിക്കുന്നു, കാത്തു സംരക്ഷിക്കുന്നു എന്നല്ല പ്രത്യുത ലോകങ്ങളെ വഹിക്കുകയും ഭരിക്കുകയും ചെയ്യുന്ന അവൻ എന്നെ വഹിച്ചിരിക്കുകയാണ്, സംരക്ഷിക്കുകയാണ്, കാത്തു പരിപാലിക്കുകയാണ് എന്ന ധന്യമായ ചിന്തയാണത്.

ഞാൻ ക്രിസ്തുവിനെ വഹിക്കുകയല്ല (ക്രിസ്റ്റഫർ = ക്രിസ്തുവിനെ വഹിക്കുന്നവൻ), ക്രിസ്തു എന്നെ വഹിക്കുന്നു എന്ന ചിന്തയാണുദാത്തമായത്. ഇനിമേൽ ഞാനല്ല ക്രിസ്തുവാണ് ജീവിക്കുന്നത് എന്ന മഹിത ചിന്ത നമുക്കുണ്ടാകട്ടെ.

### (യ) ഈ വ്യക്തി ദൈവമാണ്:

വെറും ഒരു സാധാരണ വ്യക്തിയല്ല, ദൈവികവ്യക്തിയാണ് (Divine person) പരിശുദ്ധാത്മാവ് എന്ന് പത്രോസ് ശക്തിയുക്തം സ്ഥാപിക്കുകയാണ്. ``നീ വ്യാജം പറഞ്ഞത് മനുഷ്യനോടല്ല, (=പത്രോസിനോടല്ല) ദൈവത്തോടാണ്'' (അപ്പ. 5/4).

## 4. ദൈവപരിപാലനം:

ദൈവത്തിന്റെ പദ്ധതിയിലും പരിപാലനത്തിലും വിധേയപ്പെടാത്ത ഒന്നും തന്നെ സംഭവിക്കുന്നില്ല എന്നു പത്രോസ് കരുതുന്നു. ``അവിടുത്തെ ശക്തിയും ഹിതവുമനുസരിച്ച് നിശ്ചയിച്ചിരുന്ന കാര്യങ്ങൾ നിറവേറ്റുന്നതിനു വേണ്ടിയാണ് അവൻ ഇപ്രകാരം ചെയ്തത്'' (അപ്പ. 4/28). അതേസമയം ദൈവാത്മാവിന്റെ ഈ പദ്ധതിയിൽ പങ്കുചേരുന്ന ഓരോ മനുഷ്യനും പൂർണ്ണസ്വാതന്ത്ര്യത്തോടും പൂർണ്ണമനസ്സോടും കൂടി വേണം അത് പാലിക്കുവാൻ. മനുഷ്യന് നില്കിയിരിക്കുന്ന സ്വാതന്ത്ര്യം തെരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യമാണ് (അപ്പ 2/23; 4/27).

ദൈവം ഓരോ മനുഷ്യന്റെയും ഹൃദയങ്ങളെയും അന്തരിന്ദ്രിയങ്ങളെയും പരിശോധിച്ചറിയുന്നവനും, അറിഞ്ഞു കൊണ്ടിരിക്കുന്നവുമാണെന്ന് പത്രോസ് വിശ്വസിക്കുന്നു

(അപ്പോ. 1/24; 4/29)

മനുഷ്യന്റെ പദ്ധതിയിലും ചരിത്രത്തിലും ദൈവം ഇടപെടാനിടയുണ്ടെന്ന വിശ്വാസമാണ് പത്രേസിന്റെ പ്രാർത്ഥനയിൽ നിഴലിക്കുന്നത് (അപ്പ. 4/29). അതുകൊണ്ടുതന്നെയാണല്ലോ നാമും പ്രാർത്ഥിക്കുന്നത്. താൻ ഇടപെടുമ്പോൾ കാര്യങ്ങളുടെ സ്വാഭാവികഗതി മാറ്റി, അതിസ്വാഭാവിക രീതിയിൽ ഗതി നിയന്ത്രിക്കുവാൻ, വഴി തിരിച്ചുവിടുവാൻ, ദൈവത്തിന് സാധിക്കും. പരിശുദ്ധാത്മാവ് ശക്തിയോടെ പ്രവർത്തിക്കുന്നവനാണ്. അവൻ ദാസനെപ്പോലെ ഭയപ്പാടോടെയല്ല, അധികാരിയെപ്പോലെ ആജ്ഞാശക്തിയോടെ പ്രവർത്തിക്കുന്നവനാണ്. ഈ വിശ്വാസം മുറുകെപ്പിടിച്ചുകൊണ്ട്, പരിശുദ്ധാത്മാവിന് വിധേയപ്പെടുവാൻ നമുക്ക് ശ്രമിക്കാം. അപ്പോൾ നമ്മുടെ കുന്നുകൾ നികത്തപ്പെടും; താഴ്‌വരകൾ നികത്തപ്പെടും, വളവുകൾ നേരെയാകും. ശൂന്യതകൾ നീങ്ങി നിറവിന്റെയും തികവിന്റെയും അനുഭവം വരും. അരുതായ്മകളും ആകായ്മകളും മാറി ആവ

www.malankaralibrary.com

തെല്ലാം ചെയ്യാനുള്ള ഔത്സുക്യം ലഭിക്കും. പ്രതിസന്ധികളിൽ പതറിപ്പോകാതെ, ധൈര്യത്തിനായി പ്രാർത്ഥിച്ച ആദിമ സഭാസമൂഹം നമുക്ക് എക്കാലവും മാതൃകയാണ് (അപ്പ. 4/23-30). വിശ്വാസികൾ ധൈര്യത്തിനായി പ്രാർത്ഥിക്കുന്നു.

## 5. പാപം:

ബൈബിളിൽ പരാമർശിക്കപ്പെടുന്ന അനേകം വിഷയങ്ങളിൽ എന്തുകൊണ്ടും പ്രാധാന്യമർഹിക്കുന്ന ഒന്നാണ് പാപം. ഓന്നോർത്താൽ ഉല്പത്തിയുടെ 3-ന്റെ 6-ൽ ആരംഭിക്കുന്ന ഈ പ്രശ്നത്തിന്റെ പരിഹാരത്തിനുള്ള പരിശ്രമവും, ആ കഥയുടെ ആവർത്തനവുമല്ലേ വിശുദ്ധ ഗ്രന്ഥം മുഴുവൻ? സുപ്രധാനമായ ഈ വിഷയത്തെപ്പറ്റിയും പത്രോസ് പറയുന്നത് പ്രാധാന്യമർഹിക്കുന്ന പഠനവിഷയമാണ്.

(മ) ദൈവത്തോടുള്ള അനുസരണക്കേടാണ് ആത്യന്തികമായി പറഞ്ഞാൽ പാപമെന്നത്. ``പത്രോസും യോഹന്നാനും ചോദിച്ചു: ദൈവത്തെക്കാളുപരി നിങ്ങളെ അനുസരിക്കുന്നത് ദൈവസന്നിധിയിൽ ന്യായമാണോ? നിങ്ങൾ തന്നെ വിധിക്കുവിൻ'' (അപ്പ. 4/19). ``പത്രോസും അപ്പസ്തോലന്മാരും പ്രതിവചിച്ചു: മനുഷ്യരെക്കാൾ ദൈവത്തെയാണ് അനുസരിക്കേണ്ടത്'' (അപ്പ. 5/29).

(യ) പാപത്തിന്റെ പട്ടികയിൽ പ്രവൃത്തികൾ മാത്രമല്ല ഉള്ളത്. ഹൃദയത്തിന്റെ തിന്മയായ വികാരവിചാരങ്ങളും വാക്കുകളും കുടി ഉൾപ്പെടുന്നു. പാപം നാലു വഴിക്കാണെന്ന് നമുക്കറിവുള്ളതാണല്ലോ:

മനസ്സാ: വാചാ: കർമ്മണാ: ഉപേക്ഷയാ: = വിചാരം വാക്ക് പ്രവൃത്തി ഉപേക്ഷ എന്നിങ്ങനെ നാലു വഴിക്ക്.

``അനനിയാസേ, പരിശുദ്ധാത്മാവിനെ വഞ്ചിക്കുവാനും..... മാറ്റിവെക്കുവാനും സാത്താൻ നിന്റെ ഹൃദയത്തെ പ്രേരിപ്പിച്ചതെന്ത്?'' ഉപേക്ഷയാലും മാനസ്സീക തീരുമാനത്താലുമുള്ള പാപമാണിവിടെ പ്രകടിതമാകുന്നുത്. ``പത്രോസ് പറഞ്ഞു: നിന്റെ വെള്ളിത്തുട്ടുകൾ നിന്നോടുകുടി നശിക്കട്ടെ. എന്തെന്നാൽ ദൈവത്തിന്റെ ദാനം പണം കൊടുത്തു വാങ്ങാമെന്ന് നീ വിചാരിച്ചു'' (അപ്പ. 8/20). സിമണി അഥവാ ആത്മിക കാര്യങ്ങൾ ഭൗതികമായി നേടാമെന്ന മഹാപാപമാണിത്. ``സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും'' എന്നതായിരിക്കണം നമ്മെ നയിക്കേണ്ട പ്രമാണം.

(ര) മോചിക്കപ്പെടുന്ന സമയം വരെ, ഒരു ചങ്ങല എന്നോണം, മനുഷ്യനെ ബന്ധിച്ചിടുന്ന - തളച്ചിടുന്ന, കുച്ചുവിലങ്ങിടുന്ന - ഒരിനുഭവമാണ് പാപം. ``നീ കടുത്ത വിദ്വേഷത്തിലും അനീതിയുടെ ബന്ധനത്തിലുമാണെന്ന് ഞാൻ മനസ്സിലാക്കുന്നു'' (അപ്പ. 8/23). ആത്മിക ബന്ധനങ്ങൾ ഉണ്ട്. അവിശ്വാസം, അന്ധവിശ്വാസം, സ്ഥിരമായ പാപജീവിതം, തിന്മകൾ, തഴക്കദോഷങ്ങൾ, (മദ്യം, മയക്കുമരുന്ന്, ജഡികാസക്തി, സുഖഭോഗാസക്തി etc) പൈശാചിക ശക്തികൾ, കടുത്ത പകയും വിദ്വേഷവും, അസുയയും നിന്ദയും..... ഇവയെല്ലാം ആത്മിക ബന്ധനമാണ്. ഇവയിൽ നിന്നൊക്കെ രക്ഷ പ്രാപിക്കുവാൻ പരിശുദ്ധാത്മശക്തി നിരന്തരം പ്രാപിക്കേണ്ടിയിരിക്കുന്നു. ``പാപം ചെയ്യുന്നവൻ പാപത്തിന്റെ അടിമയാണ്'' (യോഹ. 8/34). എന്നാൽ മനുഷ്യന്റെ പാപങ്ങൾ പോലും, തന്റെ പദ്ധതിക്ക് യോജിച്ച രീതിയിൽ ആക്കിത്തീർക്കുവാൻ കഴിവുള്ളവനാണ് ദൈവം. തിന്മയിൽനിന്നുപോലും നന്മയുളവാക്കുവാനും, വളഞ്ഞ അക്ഷരങ്ങളിലുടെ നേർരേഖയിൽ എഴുതുവാനും, ദോഷവും നഷ്ടവും വരുത്തുന്ന സകലതിനെയും ശുഭവും ലാഭകരവുമാക്കി പകർത്തുവാനും കഴിവുള്ള സകലകലാവല്ലഭനായ ദൈവത്തിൽ നാം ആശ്രയിക്കണം; അടിയറ വെയ്ക്കണം. ചിത്രത്തിലെ അനാവശ്യമായ വരയും പോറലും മറ്റൊന്നുകുടി വരച്ച് ഒരു ചിത്രീകരണമാക്കുവാൻ കഴിവുള്ള കലാകാരനാണ് ദൈവം.

www.malankaralibrary.com

(d) പാപം ക്ഷമിക്കപ്പെടുന്നു:- പാപം എത്ര കഠിനവും കഠോരവുമെങ്കിലും, അതു രക്താംബരം പോലെ ചുവന്നിരുന്നാലും ഹിമം പോലെ വെണ്മയാക്കാനും, സോപ്പാകൊണ്ട് കഴുകി വെടിപ്പാക്കുവാനും പ്രാപ്തനത്രെ ദൈവം. യേശുവിന്റെ വിലയേറിയ തിരുരക്തത്താൽ അത് ക്ഷമിക്കപ്പെടുന്നു. അകയാൽ നമുക്ക് പാടാം:

``കുഞ്ഞാട്ടിൻ തിരുരക്തത്താൽ ഞാൻ ശുദ്ധനായ് തീർന്നു

തൻ ചങ്കിലെ ശുദ്ധരക്തത്താൽ ഞാൻ ജയം പാടിടും.

മഹത്വം രക്ഷകാ! സ്തുതി നിനക്കെന്നും

ചേറ്റിൽ നിന്നെന്നെ നീ വീണ്ടെടുത്തതിനാൽ

സ്തുതിക്കും നിന്നെ ഞാൻ ആയുസ്സിൻ നാളെല്ലാം

നന്ദിയോടടിവണങ്ങും.''

``പത്രോസ് പറഞ്ഞു: നിങ്ങൾ പശ്ചാത്തപിക്കുവിൻ: പാപമോചനത്തിനായി എല്ലാവരും യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം സ്വീകരിക്കുവിൻ'' (അപ്പ. 2/38).

``അതിനാൽ നിങ്ങളുടെ പാപങ്ങൾ മായ്ച്ചു കളയാൻ, പശ്ചാത്തപിച്ച് ദൈവത്തിലേക്ക് തിരിയുവിൻ'' (അപ്പ. 3/19).

``അതിനാൽ നിന്റെ ഈ ദുഷ്ടതയെക്കുറിച്ച് നീ അനുതപിക്കുകയും കർത്താവിനോട് പ്രാർത്ഥിക്കുകയും ചെയ്യുക. നിന്റെ ഈ ദുഷ്ട വിചാരത്തിന് മാപ്പ് ലഭിക്കും'' (അപ്പ. 8/22).

``അവനിൽ വിശ്വസിക്കുന്ന എല്ലാവരും അവന്റെ നാമം വഴി പാപമോചനം നേടുമെന്നു പ്രവാചകന്മാർ അവനെക്കുറിച്ച് സാക്ഷ്യപ്പെടുത്തുന്നു'' (അപ്പ. 10/43).

## 6. രക്ഷ:

യഹൂദർക്ക് മാത്രമല്ല സകല മനുഷ്യർക്കും ഒരുപോലെ ആവശ്യമുള്ളതാണ് രക്ഷ. ``ഈ വാഗ്ദാനം..... വിദൂരസ്ഥർക്കും നമ്മുടെ ദൈവമായ കർത്താവ് തന്റെ അടുത്തേക്ക് വിളിക്കുന്ന ഏവർക്കും ഉള്ളതാണ്'' (അപ്പ. 2/39). എന്നാൽ ഇത് യേശുക്രിസ്തുവിൽ കൂടി മാത്രമേ കരഗതമാകയുള്ളു എന്ന് അദ്ദേഹം വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. ``അവന്റെ നാമത്തിലുള്ള വിശ്വാസം മൂലമാണ്, അവന്റെ നാമമാണ് (=അവനാണ്).... ഈ മനുഷ്യനെ സുഖപ്പെടുത്തിയത്'' (അപ്പ. 3/16). രക്ഷ സ്വന്തമാക്കാനുള്ള അഥവാ `രക്ഷിക്കപ്പെടാനുള്ള'' മാർഗ്ഗമായി പത്രോസ് ചൂണ്ടിക്കാണിക്കുന്നത് യേശുവിന്റെ നാമത്തിലുള്ള (=യേശുവിലുള്ള) വിശ്വാസമാണ്. ``അവനിൽ വിശ്വസിക്കുന്ന എല്ലാവരും അവന്റെ നാമം വഴി പാപമോചനം നേടുമെന്ന് പ്രവാചകന്മാർ അവനെക്കുറിച്ച് സാക്ഷ്യപ്പെടുത്തുന്നു'' (അപ്പ. 10/43). ``യേശുവിന്റെ നാമത്തിൽ അത്ഭുതങ്ങളും അടയാളങ്ങളും സംഭവിക്കുന്നതിനായി അവിടുത്തെ കൈകൾ നീട്ടേണമെ'' (അപ്പ. 4/30) എന്നു പ്രാർത്ഥിക്കുന്ന ആദിമ ക്രൈസ്തവ വിശ്വാസികൾ ആ പ്രാർത്ഥനയിലൂടെ ഉന്നം വയ്ക്കുന്നത്, ആത്യന്തിക രക്ഷയിലേക്ക് എല്ലാ ജനതതികളും കടന്നു വരാനാണ്.

## 7. യുഗാന്ത്യോന്മുഖ പഠനം:

യേശു വീണ്ടും വരുമെന്നത് ക്രൈസ്തവ വിശ്വാസത്തിന്റെ പ്രധാനപ്പെട്ട ഒരു ചിന്തയാണ്. സ്വർഗ്ഗാരോഹണ സമയത്ത് ദൈവദൂതന്മാർ ശിഷ്യർക്ക് നല്കുന്ന സന്ദേശവും അതായിരുന്നു. താൻ ജീവിച്ചിരിക്കുമ്പോൾ യേശു അസന്നിഗ്ദ്ധമായി അത് പഠിപ്പിച്ചു. ക്രൈസ്തവന്റെ ഒരു ഭക്ത ചിന്തയല്ല ഒരു വിശ്വാസപ്രമാണം തന്നെയാണത്.

യേശു വീണ്ടും വരുമെന്നും സകലതിനെയും നവീകരിക്കുമെന്നും (പുനരുദ്ധരിക്കും) പത്രോസ് തന്റെ പ്രസംഗങ്ങളിൽ പഠിപ്പിക്കുന്നു. ``സകലത്തിന്റെയും പുനഃസ്ഥാപനകാലം വരെ സ്വർഗ്ഗം അവനെ സ്വീകരിക്കേണ്ടിയിരിക്കുന്നു'' (അപ്പ. 3/21). എല്ലാ മനുഷ്യരും മരണത്തിൽ നിന്നും

www.malankaralibrary.com

ഉയിർത്തെഴുന്നേൽക്കുമെന്ന വിശ്വാസം അദ്ദേഹം പ്രകടിപ്പിക്കുന്നു. ``...... മരിച്ചവരുടെ ഉത്ഥാനത്തെപ്പറ്റി യേശുവിനെ ആധാരമാക്കി പ്രഘോഷിക്കുകയും ചെയ്തിരുന്നു'' (അപ്പ. 4/2). ``ജീവിച്ചിരിക്കുന്നവരുടെയും മരിച്ചവരുടെയും വിധികർത്താവായി ദൈവം നിയോഗിച്ചിരിക്കുന്നവൻ അവനാണ് എന്ന് ജനങ്ങളോട് പ്രസംഗിക്കാനും സാക്ഷ്യം വഹിക്കാനും ഞങ്ങൾക്ക് കല്പന നല്കി'' (അപ്പ. 10/42).

ഭാവിയെക്കുറിച്ച് സ്വപ്നമില്ലാത്തവരായി ഏറെപ്പേരുണ്ടാവില്ല. എന്തെങ്കിലുമൊക്കെ സ്വപ്നങ്ങൾ ഇല്ലാത്ത ഒരുവനുണ്ടോ? ``എനിക്കൊരു സ്വപ്നമുണ്ടെന്ന്'' മഹാത്മാ ഗാന്ധിജിയും, രാജീവ് ഗാന്ധിയും പറഞ്ഞിട്ടുണ്ട്. ഏതൊരു ഭരണാധികാരിക്കും തന്റെ രാഷ്ട്രത്തെപ്പറ്റി, തന്റെ പ്രസ്ഥാനത്തെപ്പറ്റി ഒരു സ്വപ്നമുണ്ട്. ഒരു കൊച്ചു കുടുംബത്തിന്റെ നാഥനും ചില സ്വപ്നങ്ങൾ താലോലിക്കാനുണ്ടാവും. സ്വപ്നമുണ്ടെന്ന് ഉറക്കെപ്പറഞ്ഞാലും ഇല്ലെങ്കിലും ഭാസുരമായ ഭാവിക്കുവേണ്ടി തലപുകഞ്ഞാലോചിക്കുകയും രാവുകളെ പകലുകളാക്കുകയും നാളെകളെ ഇന്നുകളാക്കുകയും ചെയ്യുന്നവരാണ് നാമെല്ലാവരും. ജീവനെപ്പറ്റിയും അതു നിലനിർത്തുന്നതിനെപ്പറ്റിയും ഏറെ പര്യാകുലനാകുമ്പോഴും, നിത്യജീവനെപ്പറ്റി ഒന്നും ചിന്തിക്കാതെ സുഖമായി ഉറങ്ങുന്നവരല്ലേ ലോകത്തിൽ ഭൂരിപക്ഷവും? സഹോദരാ, നീ എങ്ങനെയുള്ള ഒരുവനാണ്? നശ്വരമായ ജീവനുവേണ്ടി പാടുപെട്ടോടുമ്പോഴും അനശ്വരമായ ജീവനുവേണ്ടി – നിത്യജീവനുവേണ്ടി – അല്പസമയം ഉഴിഞ്ഞു വെക്കുവാൻ മറക്കാതിരിക്കുക. പ്രിയപ്പെട്ടവരുടെ വേർപാടിലോ, വല്ലപ്പോഴുമൊരിക്കൽ ശ്രദ്ധിക്കുന്ന ചരമപ്രസംഗത്തിലോ, പിതൃക്കളുടെയും പ്രേമഭാജനങ്ങളുടെയും കല്ലറയ്ക്കരികെ ആണ്ടിലൊരിക്കൽ ഒരു പുലർവേളയിൽ നമ്രശിരസ്കരായി നില്ക്കുമ്പോഴോ അല്ലാതെ മരണത്തെപ്പറ്റി ചിന്തിക്കുന്നവരേറെപ്പേരില്ല. എന്നതല്ലേ സത്യം?

*``മരണം വരുമൊരുനാൾ*

*ഓർക്കുക മർത്ത്യാനീ''*

``മനുഷ്യാ നിന്റെ അന്ത്യത്തെപ്പറ്റി നീ ഓർക്കുക; എന്നാൽ നിനക്ക് നന്നായി ജീവിക്കുവാൻ സാധിക്കും'' ക്രിസ്ത്വനുകരണ കർത്താവ് തോമസ് അ കെമ്പിസ് നമ്മെ ഓർപ്പിക്കുന്നുണ്ട്. നമുക്ക് നിത്യജീവിതത്തെപ്പറ്റി നിത്യം ചിന്തയുള്ളവരാകാം. നശ്വരമായ ഭക്ഷണത്തിനുവേണ്ടി മാത്രം ആഗ്രഹിക്കുന്നവരാകാതെ, അനശ്വരമായ അപ്പത്തിനുവേണ്ടിക്കൂടി പണിയെടുത്ത് പരിശീലിക്കാം. യേശുനാഥൻ പറയുന്നത് നമുക്കോർക്കാം: ``നശ്വരമായ അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കാതെ, മനുഷ്യപുത്രൻ തരുന്ന നിത്യജീവന്റെ അനശ്വരമായ അപ്പത്തിനു വേണ്ടി അദ്ധ്വാനിക്കുവിൻ'' (യോഹ. 6/27).

സുവിശേഷ വെളിച്ചം നല്കുന്ന ഈ പ്രകാശത്തിന് പുറംതിരിയാതെ, മുഖം തിരിക്കാതെ അതിന്റെ അന്തഃസത്ത ഉൾക്കൊള്ളുന്നവരാകാൻ നമുക്കുത്സുകരാകാം.

ക്രിസ്തുവിന്റെ തുടർച്ചയായ സഭയിൽ നമ്മെ ഐക്യപ്പെടുത്തി നിർത്തുന്നത് പരിശുദ്ധാത്മാവാണ്. ആത്മാഭിഷേകത്തിന്റെ അളവനുസരിച്ച് ഐക്യദാർഢ്യം പ്രകടിപ്പിക്കാൻ നമുക്ക് സാധിക്കും. ആത്മാവിന് പൂർണ്ണമായി വിധേയപ്പെട്ട് ജീവിക്കാനുള്ള കൃപയും വരവും നമുക്ക് ചോദിക്കാം.

പരിശുദ്ധാത്മാവും മണവാട്ടിയും അപേക്ഷിക്കുന്നു: **വരിക.**

(തുടരും)

മേരിഗിരി, തിരുവല്ല
12.10.1998

തയ്യാറാക്കിയത്:
*ഫാദർ ഏബ്രഹാം കാടമല*
*ഫാദർ ഏബ്രഹാം നടുവിലേടം*
*ഫാദർ ഏബ്രഹാം തൈപ്പറമ്പിൽ*

www.malankaralibrary.com

# അപ്പസ്തോല പ്രവർത്തനങ്ങൾ ഒരു പഠനം

## സാർവ്വത്രികമായിത്തീരുന്ന സുവിശേഷം

### അദ്ധ്യായം 13-15

അപ്പസ്തോല പ്രവർത്തനങ്ങളുടെ ഒന്നാം ഭാഗത്തിന്റെ-ആദ്യത്തെ 12 അദ്ധ്യായങ്ങളുടെ - പഠനം നാം നടത്തിക്കഴിഞ്ഞു. ഇന്നു പഠിക്കാൻ പോകുന്നത് ഈ പുസ്തകത്തിന്റെ ഒത്ത നടുക്ക് നില്ക്കുന്ന അദ്ധ്യായങ്ങളാണ്. മിഷനറി പ്രവർത്തനത്തിന്റെ നിർണ്ണായക ഘട്ടത്തിൽ ആദിമസഭ എത്തി നില്ക്കുന്ന കാഴ്ചയാണ് നാമവിടെ കാണുന്നത്. മത്തായിയുടെ സുവിശേഷം രേഖപ്പെടുത്തുന്നപോലെ, യേശുവിന്റെ സഭ അഭിമുഖീകരിക്കുന്ന വെല്ലുവിളികളും ആത്മാവിന്റെ നിർദ്ദേശം സ്വീകരിച്ച് അവയെ വിജയകരമായി നേരിടുന്നതിന്റെ ചരിത്രവുമാണിവിടെ ആലേഖനം ചെയ്തിരിക്കുന്നത്. യേശു കല്പിച്ചു: "നിങ്ങൾ പോയി **എല്ലാ ജനതകളെയും** ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നല്കുവിൻ. ഞാൻ നിങ്ങളോട് കല്പിച്ചവയെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ" (മത്താ. 28/19-20).

**കൈവയ്പു നടത്തി സുവിശേഷ പ്രഘോഷണത്തിനയയ്ക്കുന്നു:**

യേശുവിന്റെ ഈ കല്പന സഭ ഏറ്റെടുക്കുന്നത്, 13-ാമദ്ധ്യായത്തിന്റെ ആരംഭത്തിൽ തന്നെ വിവരിക്കുന്നു. ആത്മാവിന്റെ ദിവ്യനടത്തിപ്പ് അവർക്കുണ്ടാകുന്നു.

ബർന്നബാസ്സിനെയും* സാവുളിനെയും 'വേർതിരിച്ച് നിർത്തുവാനും' സുവിശേഷ പ്രചരണാർത്ഥം അവരെ അയയ്ക്കുവാനുമുള്ള ദൈവാത്മാവിന്റെ നിർദ്ദേശം അക്ഷരാപ്രതി അവർ പാലിക്കുന്നതും ആത്മഹർഷത്തോടെ നാം വായിക്കുന്നു. **കൈവയ്പ്** വഴി സുവിശേഷ ദൗത്യം നിർവ്വഹിക്കാനുള്ള **അധികാരം നല്കുന്നത്** ഇവിടെ നാം കാണുന്നു (അപ്പ. 13/3). കൈവയ്പ് അഥവാ **പട്ടത്വം** എന്നത് സുവിശേഷ പ്രഘോഷണത്തിനുള്ള ഔദ്യോഗിക അംഗീകാരവും നിയോഗവുമാണെന്ന് ഈ ഭാഗം വ്യക്തമാക്കുന്നു. അംഗീകാരത്തിന്റെയും ആശീർവ്വാദത്തിന്റെയും അധികാരം പങ്കു വയ്ക്കുന്നതിന്റെയും സഹകരണത്തിന്റെയും അടയാളമായി കൈവയ്പിനെ കാണാൻ കഴിയും. **കൈവയ്പുവഴി ശുശ്രൂഷാദൗത്യം** ഏഴു ഡീക്കന്മാർക്ക് നല്കുന്നത് ആറാമദ്ധ്യാം ആറാം വാക്യത്തിൽ നാം കാണുകയുണ്ടായി.

ക്രിസ്തുവിനുവേണ്ടി ലോകം മുഴുവൻ വെട്ടിപ്പിടിക്കാൻ പുറപ്പെട്ട ധീരയോദ്ധാക്കളായിരുന്നു ബർണ്ണബാസും സാവുളും. ഈ ധർമ്മയുദ്ധത്തിൽ അവർക്ക് പിൻബലമായി സഭ മുഴുവൻ കൂടെ നില്ക്കുന്നു എന്നതിന്റെ ഉറപ്പാണ് കൈവയ്പ് വഴി നല്കുന്നത്. കേവലം വ്യക്തിപരമായ ഒരാവേശത്തിന്റെ പേരിൽ ചാടിപുറപ്പെട്ടതല്ലെന്നും, പൊതുതാല്പര്യത്തിന്റെ പേരിലും പൊതുവായ സഹായസഹകരണത്തോടു കൂടിയും പ്രവർത്തിക്കുവാനുള്ള ബാദ്ധ്യതയും അവകാശവും നല്കുന്നു എന്നതുമാണ് ആ **കൈവയ്പിന്റെ അർത്ഥം.** അത് ഒരു വ്യക്തിഗത സംരംഭമായിരുന്നില്ല. സഭയുടെ മുഴുവൻ പിന്തുണയും അതിനുണ്ട്. അന്ത്യോക്യയിൽ അന്നുണ്ടായിരുന്ന മുഴുവൻ വിശ്വാസികളുടെയും പ്രാർത്ഥനാസഹായവും പ്രോത്സാഹനവും

*ബർണബാസിനെപ്പറ്റിയുള്ള വിവരണം. അപ്പ. 4/36-37 കാണുക. സുവിശേഷകനായ മർക്കോസിന്റെ അടുത്ത ചാർച്ചക്കാരൻ.*

www.malankaralibrary.com

അവർക്കുണ്ടായിരുന്നു. സഭ എക്കാലത്തും നിലനിർത്താനാഗ്രഹിക്കുന്നതും ഇതുത ന്നെയാണ്. സഭയുടെ രണ്ടായിരം വർഷത്തെ ചരിത്രം പരിശോധിക്കുമ്പോൾ ഇത് കുടുതൽ വ്യക്തമാണ്. മറിച്ച് പൊതുതാല്പര്യം അവഗണിച്ചും സ്വന്തം ഇഷ്ടാനി ഷ്ടങ്ങൾക്കനുസരിച്ചും മാത്രം പ്രവർത്തിക്കുന്നവരുടെ ചരിത്രം പരിശോധിക്കുക. താഴെ വീണുടഞ്ഞ ചില്ലുഗ്ലാസ്സിന്റെ പൊട്ടിത്തകർന്ന അനേകം കഷണങ്ങൾ പോലെ സഭയെ ഛിന്നഭിന്നമാക്കാനേ അതൊക്കെ ഉപകരിച്ചിട്ടുള്ളു. ചരിത്രത്തിന്റെ മറക്കാ നാവാത്ത പാഠം അതാണ്. ഇവിടെയാണ് **കൈവയ്പിന്റെയും അപ്പസ്തോലിക പിൻതുടർച്ചയുടെയും പ്രസക്തി** വ്യക്തമാകുന്നത്. കൂട്ടായ്മയുടെ പിൻബലമില്ലാത്ത നേതൃത്വം പോലെ തന്നെ നേതൃത്വത്തിന്റെ സഹായം കുടാതെയുള്ള കുട്ടായ്മയും നിലനില്ക്കുകയില്ല. കൈവയ്പിനു സഭ കൊടുക്കുന്ന പ്രാധാന്യം ഇതിൽനിന്ന് വ്യക്ത മാവുമല്ലോ.

## പ്രേഷിത പ്രവർത്തനം: പരിശുദ്ധാത്മാവിന്റെയും സഭയുടെയും പ്രവർത്തനം:-

സുവിശേഷ പ്രഘോഷണ ദൗത്യത്തിനായി സാവുളിനെയും ബർണ്ണബായെയും അന്ത്യോ ക്യൻസഭ വേർതിരിച്ച് പറഞ്ഞയയ്ക്കുന്നതിൽ പരിശുദ്ധാത്മാവിന്റെ ശക്തമായ ഇടപെടൽ വ്യക്തമായി കാണാൻ കഴിയും. സ്വന്തം താല്പര്യം മുൻനിർത്തിയോ സ്വകീയമായ തീരുമാന മനുസരിച്ചോ അല്ല അവർ ഇറങ്ങിത്തിരിക്കുന്നത്. പ്രത്യുത സഭയുടെ ആശ്ലിസ്സോടുകുടിയും സഭയുടെ നിർദ്ദേശപ്രകാരവും സഭാപ്രവർത്തനത്തിന്റെ ഭാഗമായും പരിശുദ്ധാത്മാവിന്റെ **വ്യക്ത മായ നിർദ്ദേശമനുസരിച്ചുണ്** സഭയുടെ ഒന്നാമത്തെ പ്രേഷിത സംരംഭം സമാരംഭിക്കുന്നത് എന്നത് ശ്രദ്ധേയമായ ഒരു കാര്യമാണ്.

## ഒരു സഹസ്രാബ്ദത്തിന്റെ പാരമ്പര്യം വഴിമാറുന്നു:

ഇവിടെ നാം ശ്രദ്ധിക്കുന്ന മറ്റൊരു കാര്യമുണ്ട്. ഒരു സഹസ്രാബ്ദമായി രാജ്യത്തിന്റെ തലസ്ഥാനവും മതത്തിന്റെയും സമൂഹത്തിന്റെയും ആരാധനയുടെയും കേന്ദ്രവും ആയി വർത്തിച്ച ജറുസലേമിന്റെ 'കേന്ദ്രസ്ഥാനം' നഷ്ടപ്പെടുന്നു എന്നതാണത്. സോളമന്റെ കാലം മുതൽ ഇക്കാലം വരെ (B.C. 970-A.D. 45) ജറുസലേമിന്റെ പദവി ഒന്നു പ്രത്യേകമായിരുന്നു. സഭയുടെ ആരംഭസ്ഥലവും ഇതുവരെയുള്ള കേന്ദ്രവും ജറുസലെമായിരുന്നുവല്ലോ. ഇനി മുതൽ കുറഞ്ഞൊരു കാലം സഭാപ്രവർത്തനത്തിന്റെ കേന്ദ്രമായി അന്ത്യോക്യാ പരിഗണിക്കപ്പെടു വാൻ പോകയാണ്. പത്രോസിന്റെയും പൗലോസിന്റെയും രക്തസാക്ഷിത്വത്തോടു കുടി അത് റോമായിലേക്ക് നീങ്ങുന്നതും ചരിത്രത്തിന്റെ ഭാഗമാണ്. ക്രൈസ്തവ വിശ്വാസത്തിന്റെ സാർവ്വ ത്രികതയെ ഭംഗ്യന്തരേണ അഭിവ്യഞ്ജിപ്പിക്കുവാൻ ഇത് സഹായകമാണ്.

### ഒരു ചരിത്രനിയോഗത്തിന്റെ തുടക്കം:

സഭാതലസ്ഥാനമായി തല്ക്കാലത്തേക്കെങ്കിലും മാറുന്ന അന്ത്യോക്യൻ സഭയാണ് ലോക ത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വേദപ്രചാരകരെയും മിഷനറിമാരെയും സുവിശേഷ സന്ദേ ശവുമായി ആദ്യം അയയ്ക്കുന്നത്. എന്നാൽ ഒരു കാര്യം കുടി ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. ഈ 'സ്ഥലംമാറ്റം' സഭയുടെ ഔദ്യോഗിക മേലധികാരികൾ ആലോചിച്ച് തീരുമാനിച്ചതല്ല. നേരെ മറിച്ച് അത് **പരിശുദ്ധാത്മാവിന്റെ ശക്തിയാലും സ്വാധീനത്താലും** സംഭവിച്ചതാണ്. ഈ ലളിതമായ തുടക്കത്തിൽ നിന്നാണ് കർത്താവിന്റെ വചനം വിജാതീയ ലോകം മുഴുവൻ പ്രച രിപ്പിക്കുന്ന ചരിത്രനിയോഗത്തിന് അന്ത്യോക്യായ്ക്ക് ഭാഗ്യം ലഭിക്കുന്നത്. ജറുസലേമിന്റെ സ്വാധീനം തത്ക്കാലത്തേയ്ക്ക് മങ്ങുന്നു. എങ്കിൽത്തന്നെ, വിശ്വാസസത്യങ്ങളുടെ ആധികാ രികമായ തീർപ്പ് കല്പിക്കേണ്ടി വരുമ്പോൾ ജറുസലേം തന്നെയാണ് കേന്ദ്രമായി വർത്തിക്കു ന്നത് എന്നതും പ്രസ്താവ്യമാണ്. **'സഭകളുടെ മാതാവ്'** എന്നാണല്ലോ ജറുസലേം ചരിത്ര ത്തിൽ അറിയപ്പെടുന്നത്. അങ്ങനെ സഭയ്ക്ക് ഒരു പ്രവർത്തനകേന്ദ്രവും ഒരു പഠനകേന്ദ്രവും രുപം പ്രാപിക്കുന്നത് നമുക്ക് കാണാം; അന്ത്യോക്യാ എന്ന പ്രവർത്തനകേന്ദ്രവും ജറുസലേം എന്ന പഠനകേന്ദ്രവും (doctrinal centre).

www.malankaralibrary.com

## അന്ത്യോക്യാ കേന്ദ്രമാകുന്നതിനു പിന്നിൽ:-

തന്റെ സഭയുടെ പ്രവർത്തനകേന്ദ്രമായി പരിശുദ്ധാത്മാവ് എന്തുകൊണ്ടാണ് അന്ത്യോക്യയെ തെരഞ്ഞെടുത്തത് എന്ന് നമുക്ക് ഊഹിക്കാനേ പറ്റു. ഒറ്റനോട്ടത്തിൽ അത് ഉചിതമായ നടപടിയായി കാണാൻ കഴിയും. കാരണം മുൻ അദ്ധ്യായത്തിൽ നാം കണ്ടതുപോലെ അന്ത്യോക്യൻ സമൂഹം പല കാരണങ്ങളാലും തനിമ പുലർത്തുന്ന ഒരു സമൂഹമായിരുന്നു. ഒന്നാമതായി ആ സമൂഹം യഹൂദക്രിസ്ത്യാനികളുടെയും വിജാതീയ ക്രിസ്ത്യാനികളുടെയും ഒരു സംയുക്ത സഭയും സങ്കരസമൂഹവുമായിരുന്നു. അതുകൊണ്ടുതന്നെ വിശാലമായ വിജാതീയ ലോകത്തിന്റെ സ്പന്ദനങ്ങൾ എന്താണെന്നറിയുവാൻ മറ്റാരെക്കാളും നന്നായി അവർക്കാകുമായിരുന്നു. അതുപോലെ തന്നെ വിജാതീയ ലോകത്തിന് യഹൂദ-ക്രൈസ്തവ സംസ്കാരത്തനിമ തൊട്ടറിയുവാൻ കഴിയുമായിരുന്നു. നൂറ്റാണ്ടുകളുടെ സഹവാസം അതിനുള്ള കളമൊരുക്കൽ നടത്തിയിരുന്നു. 'മുല്ലപ്പൂമ്പൊടിയേറ്റു കിടക്കും കല്ലിനുമുണ്ടാം ഒരു സൗരഭ്യം.'എന്നാണല്ലോ പ്രമാണം.

## സാവൂളിന്റെ തെരഞ്ഞെടുപ്പ് ദൈവിക ആസൂത്രണം

അതുപോലെ തന്നെ മറ്റൊരു കാര്യവും യാദൃശ്ചികമെന്നു തോന്നാം. സാവുൾ (Saul) എന്ന് ഹെബ്രായരുടെ ഇടയിലും പൗലോസ് (Paul) എന്ന് റോമൻ പശ്ചാത്തലത്തിലുമറിയപ്പെടുന്ന അപ്പസ്തോലനെ, ഒന്നാമത്തെ മിഷനറിയും വിജാതീയരുടെ അപ്പസ്തോനുമായി തെരഞ്ഞെടുക്കുന്നതിലും ഇതുപോലൊരു പരിഗണന കൊടുക്കുന്നത് തികച്ചും യാദൃശ്ചികം എന്നു കരുതി അവഗണിക്കാനാവുമോ? അതൊരു ദൈവിക പദ്ധതിയുടെ ഭാഗമല്ലേ? സംഭവിക്കുന്നതൊന്നും ആകസ്മികങ്ങളല്ലെന്നും, ദൈവത്തിന്റെ ആസുത്രണഭംഗി അതിനു പിന്നിലുണ്ടെന്നും അല്പം ചിന്തിക്കുമ്പോൾ പലപ്പോഴും വ്യക്തമാകുന്ന ഒരു കാര്യമാണ്. പതിമൂന്നാമദ്ധ്യായത്തിന്റെ തുടക്കത്തിൽ സാവുൾ എന്നു സംബോധന ചെയ്യപ്പെടുന്ന അപ്പസ്തോലൻ (13/1,7) തൊട്ടുപിന്നാലെ പൗലോസ് എന്ന് പേരുമാറി പ്രത്യക്ഷപ്പെടുന്നത് നമുക്ക് കാണാം (13/9). ഇനിയങ്ങോട്ട് 'പൗലോസി'നെ മാത്രമാണ് നാം കാണുന്നത്.

പൗലോസിന് യഹൂദപശ്ചാത്തലവും (ഹെബ്രായനിൽ നിന്നു ജനിച്ച ഹെബ്രായൻ) വിജാതീയ പരിചയവും (ജന്മനാ റോമാ പൗരത്വം ലഭിച്ചവൻ) ക്രൈസ്തവാനുഭവവും (ദമാസ്ക്കസ്സിന്റെ പടിവാതില്ക്കൽ വെച്ചുണ്ടായ ക്രിസ്തുവിന്റെ പ്രത്യക്ഷവും തൊട്ടുപിന്നാലെയുള്ള മുന്നു വർഷത്തെ ദിവാനുഭവങ്ങളും തുടർന്നുള്ള ക്രൈസ്തവ ബന്ധവും) ആവശ്യത്തിനുണ്ടായിരുന്നു എന്നോർക്കുന്നത് കൊള്ളാം. ബുദ്ധിപരമായ സാമർത്ഥ്യവും സാംസ്കാരികമികവും വിദ്യാഭ്യാസപരമായ മേന്മയും കർമ്മ കുശലതയും തീക്ഷ്ണപ്രകൃതിയും റോമാപൗരൻ എന്ന ബഹുമതിയും അദ്ദേഹത്തിനുണ്ടായിരുന്നു.

ഒരു ഘട്ടത്തിൽ 'ഞാൻ ഒട്ടും കുറഞ്ഞവനല്ലെന്ന' പറയുന്ന പൗലോസിനെ നമുക്ക് കാണാനാകും. ഇത് വെറും വൻപ് പറച്ചിലല്ലെന്ന് സമ്മതിക്കാൻ മടിക്കേണ്ടതില്ല. ഒരു തത്വജ്ഞാനിയുടെ ബുദ്ധിയും ചാവേർ പടയാളിയുടെ ധീരതയും വിശുദ്ധന്റെ വിനയവും 'മിസ്റ്റിക്കിന്റെ' ഹൃദയവും ഒത്തിണങ്ങിയ 'തെരഞ്ഞെടുക്കപ്പെട്ട പാത്രം' തന്നെയായിരുന്നു വിശുദ്ധ പൗലോസ്. ചുരുക്കത്തിൽ വിജാതിയർക്കും യഹൂദർക്കുമിടയിൽ ഒരു പാലമായി നില്ക്കാനും സാംസ്കാരിക സമന്വയം നടത്തുവാനും ഏറ്റവും പറ്റിയ ഒരാൾ അദ്ദേഹമായിരുന്നു. വിജ്ഞാനമന്വേഷിക്കുന്ന വിജാതീയ ലോകത്തിലേക്ക് സുവിശേഷ ദീപവുമായി ഇറങ്ങിപ്പുറപ്പെടാൻ പൗലോസിനെക്കാൾ മികവുറ്റ ഒരാളെ കണ്ടെത്തുക അസ്സാദ്ധ്യമെന്നുതന്നെ പറയാം.

### ഞാൻ വിളിച്ചിരിക്കുന്ന ജോലിക്കായ്......

മിഷൻ പര്യടനത്തിന്റെ - പ്രേഷിത യാത്രയുടെ - സംഭവബഹുലമായ വിശദാംശങ്ങളിലേക്ക് കടക്കുന്നതിന് മുമ്പ് അതിലേക്ക് നയിച്ച സാഹചര്യങ്ങൾ എന്തൊക്കെയായിരുന്നു എന്നു

www.malankaralibrary.com

നോക്കാം. ആസൂത്രിതമായ മാനുഷീക പദ്ധതിയുടെ ഫലമായിട്ടുണ്ടായതല്ല ഈ നീക്കങ്ങൾ ഒന്നും. അത് ദൈവിക പദ്ധതിയും ദൈവനടത്തിപ്പുമായി ഗ്രന്ഥകാരൻ വിശ്വസിക്കുകയാണ്. ആദിമസഭയുടെ അവബോധമതായിരുന്നു. അതിനെപ്പറ്റി ലൂക്കോസ് അവതരിപ്പിച്ചിരിക്കുന്നത് ശ്രദ്ധിക്കുക. "അവർ കർത്താവിന് ശുശ്രൂഷ ചെയ്തും ഉപവസിച്ചും കഴിയവെ, **പരിശുദ്ധാത്മാവ് അവരോട് പറഞ്ഞു: ബാർണബാസിനെയും പൗലോസിനെയും ഞാൻ വിളിച്ചിരിക്കുന്ന ജോലിക്കായി, എനിക്കുവേണ്ടി മാറ്റി നിർത്തുക"** (അപ്പ. 13/2).

**ദൈ**വം സംസാരിക്കുന്നത് വാക്കുകൾകൊണ്ടു മാത്രമല്ല, പ്രവൃത്തികൾ വഴിയുമാണ്. ഒരു സംഭവം മറ്റൊന്നിലേക്ക് നയിക്കുന്നു; അത് വേറൊന്നിലേക്കും. ഇങ്ങനെ സംഭവങ്ങളുടെ ഒരു പരമ്പര സൃഷ്ടിക്കപ്പെടുന്നു; ഒരു തരംഗം ഉടലെടുക്കുന്നു. ഒരു 'ചെയിൻ റിയാക്ഷൻ' രൂപപ്പെടുന്നു. ഒന്നു മുതൽ പന്ത്രണ്ട് വരെ അദ്ധ്യായങ്ങളിൽ നാം കണ്ടത് ഇതു തന്നെയാണ്. അപ്പസ്തോലന്മാരിലും അവരോട് ചേർന്ന് നിന്നവരിലും നിറഞ്ഞുനിന്ന ശക്തിവിശേഷം (Dunamis = പരിശുദ്ധാത്മാവ്) – ലഹരി ബാധിച്ചാലെന്നപോലെ നിർത്താതെയുള്ള അവരുടെ സാക്ഷ്യവും പ്രഘോഷണവും, ദിനംപ്രതിയുള്ള പ്രാർത്ഥനയും കൂട്ടായ്മയും, യേശുവിന്റെ മരണോത്ഥാനങ്ങളും മഹത്വവും അനുസ്യൂതം പ്രഖ്യാപിക്കുന്ന അപ്പം മുറിയക്കൽ ശുശ്രൂഷ, ഒരു ചരടിലെ പുഷ്പങ്ങൾ ചേർന്നു നില്ക്കുന്നതുപോലെ, ഇതിനെയെല്ലാം ചുഴ്ന്നു നില്ക്കുന്നതും, ഇതിനെല്ലാം മകുടം ചാർത്തുന്നതുമായ സ്നേഹശുശ്രൂഷയുമെല്ലാം – കാഴ്ചക്കാരിൽ ആദരവും ആഗ്രഹവും സൃഷ്ടിക്കുകതന്നെ ചെയ്തു. ഒരു വശത്ത് അവരുടെ ജനപ്രീതി എത്രകണ്ട് വർദ്ധിച്ചുവോ മറുവശത്ത് അതിലധികമായ അമർഷവും അസൂയയും അധികാരി വർഗ്ഗത്തിനുണ്ടായി! ഇനിയങ്ങോട്ട് മതപീഢനത്തിന്റെയും പലായനത്തിന്റെയും കഥകളാണ് നാം കേൾക്കുക. സ്തേഫാനോസിന്റെ രക്തസാക്ഷിത്വത്തിൽ അത് ഉൽഘാടനം ചെയ്യപ്പെട്ടു. എന്നാൽ അതിലും അത്ഭുതകരമായ കാര്യം, ഇവയെന്നും അവരുടെ വിശ്വാസത്തെ തകർക്കുവാനോ ബോദ്ധ്യങ്ങളെ പിഴുതെറിയുവാനോ ശക്തമായിരുന്നില്ല എന്നതാണ്. പൗലോസിന്റെ വാക്കുകൾ കേൾക്കുക: "ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നും ആര് നമ്മെ വേർപെടുത്തും? ക്ലേശമോ ദുരിതമോ പീഡനമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ?..... നിന്നെ പ്രതി ഞങ്ങൾ ദിവസം മുഴുവൻ വധിക്കപ്പെടുന്നു; കൊലയ്ക്കുള്ള ആടുകളെപ്പോലെ കരുതപ്പെടുകയും ചെയ്യുന്നു. നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇവയിലെല്ലാം നാം പൂർണ്ണ വിജയം വരിക്കുന്നു. എന്തെന്നാൽ, മരണത്തിനോ ജീവനോ ദൂതന്മാർക്കോ അധികാരങ്ങൾക്കോ ഇക്കാലത്തുള്ളവയ്ക്കോ വരാനിരിക്കുന്നവയ്ക്കോ, ശക്തികൾക്കോ ഉയരത്തിനോ ആഴത്തിനോ മറ്റേതെങ്കിലും സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള ദൈവസ്നേഹത്തിൽനിന്ന് നമ്മെ വേർപെടുത്താൻ കഴിയുകയില്ലെന്ന് എനിക്ക് ഉറപ്പുണ്ട്" (റോമ. 8/35-39).

## ദൈവിക പദ്ധതികളും കടലാസ്സു പദ്ധതികളും!

**അ**ത്ഭുതകരമായ വളർച്ചയും പുരോഗതിയും കൈവരിച്ച ഒരു പ്രസ്ഥാനമെന്ന നിലയിൽ സഭയുടെ വളർച്ചയ്ക്ക് നിദാനമായ ചൈതന്യം എന്താണെന്ന് സൂക്ഷ്മ നിരീക്ഷണം ചെയ്യുന്നത് ഇന്നും ഉപകാരപ്രദമായിരിക്കും. ഏതു ചെടിയും വേരുപിടിക്കണമെങ്കിൽ മണ്ണിൽ നടണം. മണ്ണിൽ വേരുകൾ പടർന്നു കഴിയുമ്പോഴേ ചെടി വളരുകയുള്ളു; നിലനില്ക്കുകയുള്ളു.

**എ**ന്നാൽ നാമിന്നെന്താണ് ചുറ്റും കാണുന്നത്? ഇന്ന് പദ്ധതികൾക്ക് ഒരു കുറവുമില്ല. എന്തെല്ലാം മഹത്തരമായ പദ്ധതികളാണ് ക്ഷേമരാഷ്ട്രത്തിനും സഭയ്ക്കും സാമൂഹ്യ സംഘടനകൾക്കുമുള്ളത്! പല പദ്ധതികളും ആകാശകുസുമങ്ങളാണ്. ആരുടെയൊക്കെയോ ബുദ്ധിയിലുദിക്കുന്നു; മനസ്സിൽ രൂപകല്പന നടക്കുന്നു. പ്രഖ്യാപനങ്ങൾ നടത്തുന്നു. ഉൽഘാടന കോലാഹലങ്ങളായി..... താമസം വിനാ വാടിക്കൊഴിയുന്നു! എന്തെല്ലാം കടലാസു പദ്ധതികൾ!

**സ**ഭകളെയും വിശ്വാസങ്ങളെയും പറ്റി ചിന്തിക്കാം. സഭൈക്യപ്രവർത്തനങ്ങൾക്ക് ഒരു ക്ഷാമവുമില്ല. ജനുവരി 18 മുതൽ 25 വരെ ഐക്യവാര പ്രാർത്ഥന (Unity oc-

www.malankaralibrary.com

tave) പൊടിപൊടിക്കുന്നു. ഐക്യ ക്രിസ്തുമസ്സാഘോഷം, കരോൾ സർവ്വീസ്, എക്യുമെനിക്കൽ കൺവെൻഷനുകൾ, സഭൈക്യ ചർച്ചകൾ; പത്രത്താളുകളിൽ പടവും പരസ്യവും......! എന്നാൽ എന്താണ് കാര്യമായ പുരോഗതി ഇനിയും കൈവരിക്കാനാവാത്തത് എന്ന് ചിന്തിക്കണം. ഉന്നതതല ചർച്ചകളിൽ മാത്രം ഒതുങ്ങിയാൽ, മാനുഷീകമായ ബന്ധങ്ങളിൽ ഉദിച്ചാൽ, തന്ത്രങ്ങളാവിഷ്കരിക്കുന്നതിൽ മാത്രം വിജയിച്ചാൽ ആത്യന്തികമായ വിജയമാവുകയില്ല. ദൈവാത്മാവിന് മുഴുവനായും നിരുപാധികവും വിട്ടുകൊടുക്കാതെയും താഴെത്തട്ടിലുള്ള വിശ്വാസികളുടെ അണികളിൽ ആവശ്യബോധം വളർത്താതെയും തന്ത്രം മെനഞ്ഞാൽ 'പിതാവേ ഞാനും നീയും ഒന്നായിരിക്കുന്നതു പോലെ ഇവരും ഒന്നാകുമോ?' വാങ്ങുന്നവന്റെയും വില്ക്കുന്നവന്റെയും വ്യത്യസ്തങ്ങളായ മനോഭാവങ്ങളല്ല ഇവിടെ ഉണ്ടാകേണ്ടത്. ഐക്യത്തിനായുള്ള അടങ്ങാത്ത ദാഹം സഭാവിശ്വാസികളുടെ അണികളിൽ നിന്നും ഉയരുമ്പോൾ കാലതാമസം ഉണ്ടാകയില്ല. വേറിട്ടു നിന്നാലും വിഭജിക്കപ്പെട്ടാലും അനുദിന ജീവിതത്തെ ഒരുതരത്തിലും അത് ബാധിക്കയില്ലെന്ന് കരുതുന്നവർ പെരുകുമ്പോൾ, അതിന്റെ പേരിൽ ഹൃദയത്തിൽ കുത്തുകൊള്ളുന്നവരുടെ എണ്ണം കുറയുമ്പോൾ, താന്ത്രികരുടെയും മാന്ത്രികരുടെയും എണ്ണം വർദ്ധിക്കുമ്പോൾ അവയ്ക്കിടയിൽപെട്ട് വിശ്വാസം ഞെങ്ങിഞെരിഞ്ഞമരും. വിശ്വാസത്തെ ആശയതലത്തിൽഒതുക്കി നിർത്തുന്നതുകൊണ്ടും പ്രായോഗിക ജീവിതത്തെ തൊട്ടുതീണ്ടാത്തതുകൊണ്ടും അതിന്റെ പേരിൽ ആരുടെയും ഉറക്കം നഷ്ടപ്പെടാത്തതുകൊണ്ടുമാണ് കരട് രേഖകളും കടലാസ്സു പദ്ധതികളും ആകാശപുഷ്പങ്ങളുമായി അവയൊക്കെ അവശേഷിക്കുന്നത്.

## വിശ്വാസവും ജീവിതവും ഒന്നാകുന്ന അവസ്ഥ:-

**ആ**ദിമക്രൈസ്തവരുടെ അവസ്ഥ അതായിരുന്നില്ല. അവർക്ക് വിശ്വാസവും ജീവിതവും രണ്ടല്ലായിരുന്നു. അവരുടേത് **'വിശ്വാസജീവിതമായിരുന്നു'**; നമ്മുടേത് അനുഷ്ഠാനജീവിതവും! ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് നേട്ടവുമായി അവർ കരുതി. അതിനെയാണ് വിശ്വാസജീവിതമെന്ന് പറയുന്ത്. വിശ്വാസത്തിന്റെ പേരിലാണവർ വേട്ടയാടപ്പെട്ടത്, തുറങ്കിലടയ്ക്കപ്പെട്ടത്; നാടുവിട്ടോടേണ്ടി വന്നത്. ശത്രുക്കൾ അക്ഷരാർത്ഥത്തിൽ അവരെ ഓടിക്കയായിരുന്നു. അതിന്റെ പിന്നിൽ പ്രവർത്തിച്ച ദൈവതൃക്കരം കാണുവാൻ അപ്പോളവർക്ക് കഴിഞ്ഞിരുന്നു എന്നു കരുതുവാൻ ന്യായമില്ല. തങ്ങളുടെ യാത്രയുടെ ലക്ഷ്യവും അന്ത്യവും എന്തായിരിക്കുമെന്ന് മുൻകൂട്ടി പ്ലാൻ ചെയ്തിട്ടാണ് അവർ പ്രവർത്തനമാരംഭിച്ചത് എന്നു കരുതാനും ന്യായമില്ല. പിതാവായ അബ്രഹാം ഹാരാൻ ദേശത്തോട് വിട പറഞ്ഞതും യാത്ര പുറപ്പെട്ടതും വ്യക്തമായ കാഴ്ചപ്പാടോടെയായിരുന്നില്ല, വിശ്വാസം മാത്രം കൈമുതലാക്കിയായിരുന്നു:

"പിന്നിലുള്ളതൊക്കെയും മറന്നു പോയിടാം
മുന്നിലുള്ള ലാക്കിലേക്ക് നേരെ പോയിടാം
ഭാരപാപം തള്ളി ലക്ഷ്യം നോക്കി
നേരേ മുന്നോട്ടോടി ഓട്ടം തികയ്ക്കാം." (2)

അന്ധകാരത്തിലേക്കുള്ള കുതിച്ചുചാട്ടം (Faith is a leap into the darkness) എന്നും അജ്ഞേയമായതിലേക്കുള്ള എടുത്തുചാട്ടം ( Faith is a leap in the unknown) എന്നുമൊക്കെ പറയുന്നത്, നിറവാർന്ന, തികവാർന്ന ഈ വിശ്വാസസ്ഥിരതയ്ക്കാണ്. അത് ദൈവത്തിലുള്ള ആശ്രയമാണ്; അവനിൽ മാത്രമുള്ള ആശ്രയമാണ്. ഇന്ന് നാം നമ്മിൽത്തന്നെയല്ലേ ആശ്രയിക്കാറുള്ളത്? പദ്ധതിയുടെ വിശദാംശങ്ങൾ വരെ പ്ലാൻ ചെയ്തിട്ടാണ് നാം ഇറങ്ങിത്തിരിക്കുക. നമ്മുടെ ബുദ്ധിയിലും മസ്തിഷ്കശക്തിയിലും പ്ലാനിംഗ് വൈദഗ്ധ്യത്തിലും കൈക്കരുത്തിലുമാണ് നാമാശ്രയിക്കുന്നത്.

"യേശുവിലാണെൻ വിശ്വാസം

www.malankaralibrary.com

കീശയിലാണെൻ ആശ്വാസം" എന്ന് കവി കുഞ്ഞുണ്ണി പാടിയതുപോലെ!

"ആശ്രയം ചിലർക്കു രഥത്തിൽ
വിശ്രമം അശ്വബലത്തിൽ
എൻ ആശ്രയം എന്നും യേശുവിൻ ഭുജത്തിൽ
ആരെ ഞാൻ ഭയപ്പെടും ഞാനെൻ-
............. ആയുസ്സിൻ നാളുകളെല്ലാം"

സങ്കീർത്തകന്റെ ഈ ഭാവമാണ് നമുക്ക് കൈമുതലാകേണ്ടത്.

സംഭവിക്കുന്നതെന്തുതന്നെയാണെങ്കിലും അതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ദൈവിക പദ്ധതിയെ തിരിച്ചറിയുവാനും അതിനോട് പൂർണ്ണമനസ്സോടെ സഹകരിക്കുവാനും കഴിയുന്നവനാണ് **യഥാർത്ഥ വിശ്വാസി.** അവനാണ് അബ്രഹാമിന്റെ പുത്രൻ. പിതാവായ അബ്രഹാം ചെയ്തത് അതാണ്. ഗോത്ര പിതാവായ യൗസേഫിന്റെ ജീവിതയാത്രയിലും ഇത് സ്പഷ്ടമാണ്. ഇടയ ച്ചെറുക്കനായ ദാവീദിന്റെ രാജ സിംഹാസനത്തിലേക്ക് ഉള്ള ചുവട് വയ്പും ഇതായിരുന്നു.

രക്ഷകനായ മിശിഹായുടെ മാതാവായ മറിയാമിന്റെ ചെയ്തികളും മറ്റൊന്നായിരുന്നില്ല. ഇവരും ഇവരെപ്പോലെയുള്ളവരുമാണ് **വിശ്വാസ ധീരന്മാർ.** സഭാചരിത്രത്തിൽ ആയിരമായിരം വിശ്വാസധീരന്മാരെ കാണാൻ കഴിയും. നമ്മുടെയൊക്കെ ഇടയിലും അസംഖ്യം അറിയപ്പെടാത്ത വിശ്വാസധീരന്മാരുണ്ട്. "ഇപ്പോൾ എന്റെ വിശ്വാസം ഒരു കർഷകന്റേതു പോലെയാണ്; ഞാൻ കുറെക്കൂടി പ്രാർത്ഥനയിൽ വളർന്നു കഴിയുമ്പോൾ അത് ആ കർഷകന്റെ ഭാര്യയുടെ വിശ്വാസം പോലെയാകും." ഇതു പറഞ്ഞത് നോബൽ സമ്മാന ജേതാവായ ഫ്രഞ്ച് ശാസ്ത്രജ്ഞൻ ലുയിപാസ്റ്റർ ആണ്. പരീക്ഷണ ശാലയിൽ നിന്നും ദേവാലയത്തിൽ പോയി മുട്ടിന്മേൽനിന്ന് ജപമാല ചൊല്ലുവാൻ എന്നും സമയം കണ്ടെത്തിയിരുന്ന വിശ്വാസിയായ ശാസ്ത്രജ്ഞൻ. ഒരു മണിക്കൂർ റേഡിയോ പ്രഭാഷണത്തിനു മുമ്പ് 2 മണിക്കൂർ അൾത്താരയുടെ മുമ്പിൽ മുട്ടിന്മേൽ നിന്നു പ്രാർത്ഥിച്ചിരുന്ന ബിഷപ്പ് ഫുൾട്ടൻ ജെ ഷീൻ മറ്റൊരു മാതൃകയാണ്. ഇവരുടെ നിര നീണ്ടതാണ്.

**പൗ**ലോസിന്റെ മിഷനറിയാത്രയുടെ സാഹചര്യവും പ്രേരകശക്തിയും എന്തായിരുന്നു എന്ന് നാം കാണുകയുണ്ടായി. വിജാതീയരുടെ ഇടയിലേക്ക് പടർന്നു കയറുവാൻ തുടങ്ങിയതോടെ മിഷൻ പ്രവർത്തനത്തിന് പുതിയ മാനം കൈവന്നു. പൗലോസിന്റെ മിഷൻയാത്ര ഒരു ആകസ്മികതയല്ല, ചരിത്രപരമായ ഒരനിവാര്യതയായിരുന്നു. അത് ദൈവിക പദ്ധതി തന്നെയായിരുന്നു. എപ്പോഴും 'വളഞ്ഞ അക്ഷരങ്ങളിലൂടെ നേർരേഖയിൽ എഴുതുന്ന' ദൈവത്തിന്റെ മഹത്തായ പദ്ധതി!

## മിഷൻ പര്യടനത്തിന്റെ ചില വിശദാംശങ്ങൾ:

"**പൗ**ലോസും കൂടെയുള്ളവരും പാഫോസിൽ നിന്ന് കപ്പൽയാത്ര ചെയ്ത് പാംഫീലിയായിലെ പെർഗായിൽ എത്തി " (അപ്പ. 13/13). ബർണബാസിന്റെ നേതൃത്വത്തിൽ തുടങ്ങിയ യാത്ര സൈപ്രസ് സന്ദർശനത്തോടെ **പൗലോസിന്റെ നേതൃത്വത്തിലാകുന്നു.** ഇനിയങ്ങോട്ട് അപ്പസ്തോല പ്രവർത്തനങ്ങളുടെ അവസാനം വരെ മുവുവൻ ശ്രദ്ധയും പിടിച്ചു പറ്റുന്നതും പ്രതിപാദ്യം മുന്നേറുന്നതും പൗലോസ് എന്ന അച്ചുതണ്ടിൽ കറങ്ങിക്കൊണ്ടാണ്. പത്രോസിലാരംഭിച്ച് ബർണ്ണബായിലൂടെ മുന്നേറിയ അപ്പസ്തോല പ്രവർത്തനം പൗലോസിൽ കേന്ദ്രീകരിക്കുന്നതും ചുറ്റിത്തിരിയുന്നതുമാണ് നാം കാണു

www.malankaralibrary.com

ന്നത്. ജറുസലേമിലും യുദയാ മുഴുവനിലും സമരിയായിലും ലോകത്തിന്റെ അതിർത്തികൾ വരെയുമുള്ള വളർച്ച. 1 മുതൽ 12 വരെ അദ്ധ്യായങ്ങളിൽ പ്രധാന കഥാപാത്രം പത്രോസാണെങ്കിൽ 13 മുതൽ അവസാനം വരെയുള്ള അദ്ധ്യായങ്ങളിൽ മുഖ്യകഥാപാത്രം പൗലോസാണ്. ജറുസലേം കൗൺസിലിൽ ചെറിയൊരു പരാമർശമുണ്ടെന്നതൊഴിച്ചാൽ പത്രോസ് മറ്റെങ്ങും പ്രത്യക്ഷപ്പെടുന്നതേയില്ല. പൗലോസ് അരങ്ങ് പിടിച്ചടക്കുകയും ആടിത്തകർക്കുകയും ചെയ്യുന്നു. **ക്രൈസ്തവ സഭയിൽത്തന്നെ സംഭവിച്ച ആശയ പരിവർത്തനത്തിന്റെ ആദ്യത്തെ സുചന തരുന്നതാണ് ഈ ആൾമാറ്റം. പത്രോസ് യഹുദ ക്രൈസ്തവ സഭയുടെ പ്രതീകമാണെങ്കിൽ പൗലോസ് യഹുദരും വിജാതീയരും ചേർന്ന സാർവ്വത്രിക സഭയുടെ പ്രതീകമാണ്.** കാരണം പൗലോസ് ഒരേ സമയം യഹുദനും റോമാ പൗരനുമാണല്ലോ. ജറുസലേമിനെയും പത്രോസിനെയും യഹുദമതത്തെ തന്നെയും വിട്ട് വിജാതീയരിൽ ശ്രദ്ധ കേന്ദ്രീകരിച്ചു എങ്കിലും പൗലോസ് ഒരിക്കലും സ്വന്ത ജനത്തെ തള്ളി പറയുകയോ തള്ളിക്കളയുകയോ ചെയ്തിട്ടില്ല. എന്നുമാത്രമല്ല, ആ കൂട്ടായ്മകളെ ആദരിച്ചും അംഗീകരിച്ചുമാണ് പ്രവർത്തിക്കുന്നത്. ഏതൊരു സ്ഥലത്ത് എത്തിയാലും ആദ്യമേ അവിടെയുള്ള യഹുദ സിനഗോഗ് (ആരാധനാലയം) അന്വേഷിക്കുകയും ശാബതിൽ അവിടെ കടന്നു ചെന്ന് സുവിശേഷം പ്രസംഗിക്കുകയും മാനസാന്തരത്തിനായി യഹുദരെ ക്ഷണിക്കുകയും ചെയ്യുന്ന ശൈലിയാണ് അനുവർത്തിച്ചിരുന്നത് (അപ്പ. 13/14; 14/1) എന്നാൽ ഓരോ തവണയും, യഹുദസഭ യേശുവിനെ തള്ളിക്കളഞ്ഞതുപോലെ തന്നെ **"യേശുവിന്റെ മാർഗ്ഗവും" തള്ളിക്കളയുന്ന** കാഴ്ചയാണ് നാം കാണുന്നത്. ഈ തിരസ്കാരമാണല്ലോ വിജാതീയരിലേക്ക് തിരിയാൻ പൗലോസിനെ പ്രേരിപ്പിച്ചതും.

## ഒന്നാം പ്രേഷിത യാത്രയിലെ കന്നിപ്രസംഗം:

(A.D. 45-49; അപ്പ. 13 & 14)

**പി**സീദിയായിലെ അന്ത്യോക്യാ ആധുനിക തുർക്കിയിലെ യൽവാസ് ഗ്രാമത്തിനടുത്താണ്. അവിടെ പൗലോസിന്റെ കന്നിയാത്രയിലെ കന്നിപ്രസംഗമായി ഗ്രന്ഥകാരൻ സാമാന്യം ദീർഘമായ ഒരു പ്രഭാഷണം നല്കുന്നുണ്ട്. അപ്പസ്തോല പ്രവർത്തനങ്ങളുടെ ഇതര ഭാഗത്തോ പൗലോസിന്റെ മറ്റു ലേഖനങ്ങളിലോ ഇതിന് കിടപിടിക്കുന്ന മറ്റൊരു പ്രസംഗം ഇല്ലെന്നു പറയാം. ബൈബിൾ പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ പൗലോസിന്റെ സുവിശേഷ പ്രസംഗങ്ങളുടെ ഒരു സമാഹരണവും സമീകൃത രുപവും സംഗ്രഹവുമാണിത്. അപ്പസ്തോല പ്രവർത്തനങ്ങൾ രണ്ടാമദ്ധ്യാത്തിലെ പത്രോസിന്റെ പ്രസംഗത്തോട് ഇതിനുള്ള സാധർമ്മ്യം ഏറെയാണ്. ഒരു പക്ഷേ ആദ്യപകുതിയിൽ യഹുദരുടെ ഇടയിൽ പത്രോസിന് ഉണ്ടായിരുന്ന സ്ഥാനവും പദവിയും അതേ രീതിയിൽ രണ്ടാം പകുതിയിൽ വിജാതീയരുടെ ഇടയിൽ പൗലോസിന് ഉണ്ടായിരുന്നു എന്ന് ധ്വനിപ്പിക്കുവാൻ ഗ്രന്ഥകാരൻ ശ്രമിക്കുന്നതാകാം.

## പൗലോസിന്റെ പ്രസംഗം – ഒരപഗ്രഥനം:

**ഈ** പ്രസംഗം അപഗ്രഥിച്ചാൽ പൗലോസിന്റെ ദൈവശാസ്ത്രവീക്ഷണം ഏറെക്കുറെ മനസ്സിലാക്കുവാൻ കഴിയും. യേശുവിന്റെ വരവോടു കുടി ചരിത്രത്തിന് പൂർത്തീകരണമായി എന്ന് അദ്ദേഹം പറയുന്നു. കാലസമ്പൂർണ്ണതയെക്കുറിച്ചുള്ള ഇസ്രായേലിന്റെ അജ്ഞതയാണ് യേശുവിനെ തള്ളിക്കളയാനുണ്ടായ കാരണം. തങ്ങളുടെ വ്യർത്ഥതയിൽ അവർ യേശുവിനെ ഉപേക്ഷിക്കുകയും കുരിശിൽ തറയ്ക്കുകയും ചെയ്തു എങ്കിലും ദൈവിക പദ്ധതിയെ

www.malankaralibrary.com

പരാജയപ്പെടുത്തുവാൻ കഴിഞ്ഞില്ല. ആർക്കും പരാജയപ്പെടുത്താൻ പറ്റാത്ത ദൈവിക പദ്ധതിയുടെയും ശക്തിയുടെയും ഉത്തമ തെളിവാണ് യേശുവിന്റെ ഉത്ഥാനം.

യഹൂദരായ ശ്രോതാക്കളോട് ചെയ്ത പ്രസംഗത്തിലെ വാദമുഖങ്ങൾ യഹൂദ പശ്ചാത്തലവുമായി ബന്ധപ്പെട്ടതാണ്. പുനരുത്ഥാനം പ്രവചനങ്ങളുടെ പൂർത്തീകരണമാണെന്ന് സ്ഥാപിക്കുവാൻ അദ്ദേഹം ശ്രദ്ധിക്കുന്നത് കാണാം. ദാവീദിനോട് ചെയ്തതും അവനിൽ നിറവേറപ്പെടാത്തതുമായ വാഗ്ദാനങ്ങളുടെ പൂർത്തീകരണം പൗലോസ് യേശുവിൽ കാണുന്നു. വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവത്തിൽ ഊന്നിനിന്നുകൊണ്ടുള്ള ഒരു വിശ്വാസ വിശദീകരണമാണിത്. യഥാർത്ഥ വിശ്വാസികൾക്ക് ബോദ്ധ്യം ജനിപ്പിക്കുവാൻ ഈ വ്യാഖ്യാനം ഉതകുമെന്ന് ശ്ലീഹാ കരുതുന്നു.

യേശുവിന്റെ വരവ് – മനുഷ്യാവതാരം – ഒരു കൂട്ടർക്ക് തീർച്ചയായും സദ്വാർത്തയാണ്. നിയമം പൂർത്തീകരിക്കുവാനും പൂർണ്ണമായി പാലിക്കുവാനും സാധിക്കാത്ത ദൈവഭക്തർക്ക്. നിയമത്തിൽ വിശ്വസിക്കുകയും അതേസമയം നിയമം പാലിക്കാൻ സാധിക്കുന്നില്ലെന്ന് ദുഃഖത്തോടെ ഏറ്റുപറയുകയും ചെയ്യുന്നവർക്ക് അതിനാൽ തന്നെ തന്റെ ജീവിതം ഒരു പരാജയമാണെന്ന് അംഗീകരിക്കേണ്ടി വരും. ഇവിടെയാണ് മനുഷ്യാവതാരത്തിന്റെ പ്രസക്തി. **വിമോചനത്തിന്റെ ദൂത് മനുഷ്യാവതാരത്തിലുണ്ട്.** തനിക്ക് പൂർണ്ണമായി നിറവേറ്റാൻ കഴിയാത്ത നിയമത്തിന്റെ **ബന്ധനത്തിൽ** നിന്ന് മോചിപ്പിക്കുവാൻ, യേശുവിൽക്കൂടി ലഭിക്കുന്ന വിടുതലിന് അഥവാ പാപക്ഷമക്ക് സാധിക്കുന്നു. താൻ പ്രതിജ്ഞ എടുത്ത് സ്വീകരിച്ച നിയമം പൂർത്തീകരിക്കുവാൻ പരാജയപ്പെട്ടതിലുള്ള ശിക്ഷാവിധിയിൽ നിന്ന് യേശുവിന്റെ മനുഷ്യാവതാരവും രക്ഷാകര രഹസ്യവും അവനെ സ്വതന്ത്രനാക്കുന്നു.

എന്നാൽ ഈ സദ്വാർത്ത തന്നെ മറ്റൊരു കൂട്ടർക്ക് ദുർവാർത്തയായും, ദുര്യോഗമായും മാറുന്നു! ധിക്കാരികൾക്കും മറുതലിപ്പുകാർക്കും. നിയമത്തിന്റെ ഭാരത്തിൻകീഴ് അമർന്നിരുന്ന അവനെ സ്വതന്ത്രനാക്കാൻ വന്ന യേശുവിനെ തള്ളിക്കളയുക നിമിത്തം ഒരിക്കൽക്കൂടി മനുഷ്യൻ ശാപത്തിലും പാപഭാരത്തിലും നിപതിക്കുകയാണ്. രക്ഷയിലേക്ക് പ്രവേശിക്കുവാൻ യേശു നീട്ടിത്തന്ന ക്ഷണം നിരസിക്കുകയും സഹായഹസ്തം തട്ടിമാറ്റുകയും ചെയ്യുക വഴി അവൻ തന്നെത്തന്നെ ന്യായവിധിക്ക് വിധേയനാക്കുകയാണ്. എല്ലാ മനുഷ്യർക്കും ദൈവത്തിന്റെ ന്യായാസനത്തിന്റെ മുമ്പാകെ കണക്ക് കൊടുക്കേണ്ടി വരും. ഇതാണ് പൗലോസിന്റെ സുവിശേഷ പ്രഘോഷണത്തിന്റെ പ്രധാന പ്രമേയം.

## പ്രേഷിതർ നിരസിക്കപ്പെടുന്നു:

പൗലോസിനെയും ബർണ്ണബാസിനെയും പിസീദിയായിലെ അന്ത്യോക്യായിൽ നിന്ന് പുറന്തള്ളുന്നതാണ് പതിമൂന്നാമദ്ധ്യായത്തിന്റെ അവസാനത്തിൽ നാം കാണുന്നത്. ഈ തിരസ്കാരത്തിന് കാരണം സുവിശേഷം പ്രസംഗിച്ചു എന്നതല്ല അതിന്റെ ഫലസിദ്ധിയിലുള്ള അസൂയയാണ്. രക്ഷയുടെ 'പാക്കേജ് പദ്ധതി' അറിയാനിടയാകുന്ന വിജാതീയർക്ക് ലഭിക്കുന്ന മേന്മയെയും നന്മയെയും നേട്ടത്തേയും ഗുണത്തെയും ആത്മരക്ഷയെയും കുറിച്ചുള്ള അസൂയയാണ് അവരെ അതിലേക്ക് നയിച്ചത്. എനിക്കാവശ്യമില്ലെങ്കിലും, ആവശ്യത്തിനുണ്ടെങ്കിലും ശരി അവന് ഉണ്ടല്ലോ എന്നതിലുള്ള ഹൃദയ വേദനയാണ് അസൂയ. എനിക്കില്ലെങ്കിലും അവനെങ്കിലും ഉണ്ടല്ലോ എന്നതിലുള്ള സന്തോഷവും ആനന്ദവുമാണ് സ്നേഹത്തിന്റെ കാതൽ. എനിക്ക് ലഭിക്കുന്ന നന്മ എന്റെ അടുത്തുള്ളവനും ലഭിക്കുമല്ലോ എന്നതി

www.malankaralibrary.com

ലുള്ള വേദനയാണ് – അപരന്റെ നന്മയിലുള്ള വേദനയാണ് – അസൂയ. എനിക്ക് മാത്രമായിരിക്കണമെന്നതാണ് അസൂയയുടെ കാതൽ. "സ്നേഹം അസൂയപ്പെടുന്നില്ല; സ്വാർത്ഥമന്വേഷിക്കുന്നില്ല. അത് തിന്മയായത് വിചാരിക്കുന്നുമില്ല" (1 കൊരി. 13/4). യഹൂദർ അസൂയാകലുഷിതരും കോപാകുലരുമായി. അസൂയ ഗർഭം ധരിച്ചാൽ പാപത്തെ പ്രസവിക്കുമെന്നത് അനുഭവപാഠം; അപ്പസ്തോല വചനം.

ദൈവത്തിന്റെ ആനുകൂല്യങ്ങൾ അപരിച്ഛേദിതരായ വിജാതീയർക്ക് കൂടി ലഭ്യമാകുമല്ലോ എന്ന സ്വാർത്ഥ ചിന്തയാണ് അവരെ ഭരിച്ചതും നയിച്ചതും. സ്വാർത്ഥത ഭരിക്കുന്നിടത്താണ് അസൂയ വളരുന്നത്. ഈ സ്വാർത്ഥതയെ നാം ഭയക്കുകതന്നെ വേണം. സ്വാർത്ഥത ഹ്രസ്വദൃഷ്ടിയുടെ – വിശ്വാസ വീക്ഷണമില്ലാത്തവന്റെ – മുഖമുദ്രയാണ്. തങ്ങൾക്ക് മാത്രമേ നല്ലത് ലഭിക്കാവു എന്നതായിരുന്നു അവരുടെ ചിന്ത. മറിച്ചുള്ളത് അവർക്ക് ചിന്തിക്കാനോ സഹിക്കാനോ സാദ്ധ്യമായിരുന്നില്ല. വിജാതീയർ ദൈവവചനം സ്വീകരിക്കുന്നത് വഴി ദൈവവചനം മലിനീകൃതമാകുമെന്ന് അവർ വിചാരിച്ചുപോയി. മനുഷ്യന്റെ മഹത്വം ഉൾക്കൊള്ളുന്നതിനുള്ള ആർജ്ജവം അവർക്കില്ലാതെ പോയി. ജാതിവ്യവസ്ഥയിൽ ശൂദ്രന് വേദപഠനം നിഷേധിച്ചതും മറിച്ചായാൽ അത് മഹാപാതകമായി കരുതിയതും ഭാരതത്തിലെ അനുഭവമാണല്ലോ. വചനസമ്പത്തിനെ പങ്കു വെച്ചതിനും സാർവ്വത്രികമാക്കിയതിനുമുള്ള മേന്മ ക്രിസ്തീയസഭയ്ക്കവകാശപ്പെട്ടതാണ്.

## പ്രേഷിതരുടെ പലായനം

**പൗ**ലോസിനെയും ബർന്നബാസിനെയും അവിടെ നിന്നാട്ടിപ്പായിക്കുകയല്ലാതെ മറ്റൊരു പോംവഴിയുമില്ലെന്നവർ ധരിച്ചുവശായി. പാവം! ആ ക്രിസ്തുശിഷ്യന്മാർ രണ്ടു പേരും ലിക്കോണിയത്തിലേക്ക് ഓടിപ്പോകേണ്ടി വന്നു. ഇന്നത്തെ തുർക്കിയുടെ തെക്ക് പടിഞ്ഞാറു ഭാഗമാണ് ലിക്കോണിയം. പിസീദിയായിലെ ഈ സംഭവം വരും നാളുകളിലെ പലായന പരമ്പരയുടെ തുടക്കം മാത്രമായിരുന്നു. ഇതിന്റെ തനിയാവർത്തനം പല കേന്ദ്രങ്ങളിലും പല കാലങ്ങളിലും അരങ്ങേറി. ചരിത്രത്തിലുടെ ഈ പലായനം ഇന്നും തുടരുന്നു. അഭയാർത്ഥി പ്രശ്നം സമകാലീന ലോകത്തിലെയും പ്രധാന പ്രശ്നങ്ങളിലൊന്നാണല്ലോ. മതപീഡനവും ഒരുകാലത്തും നിലയ്ക്കാത്ത പ്രതിഭാസമാണ്. മതസഹിഷ്ണതയ്ക്ക് പേരുകേട്ട ഭാരതത്തിൽ പോലും മതത്തിന്റെ പേരില്ലുള്ള പീഡനങ്ങൾ താണ്ഡവനൃത്തമാടുന്നത് ആനുകാലിക ചരിത്രമല്ലേ?

## വിജാതീയരും ക്രൈസ്തവരും തമ്മിലടുക്കുന്നു

**വി**ജാതീയരുമായി ഇടപെടാനും ഇടപഴകാനുമുള്ള യഹൂദ സമൂഹത്തിന്റെ വൈമുഖ്യവും വൈമനസ്യവും, ക്രൈസ്തവരെ വിജാതീയരിലേക്ക് കൂടുതൽ കൂടുതൽ അടുപ്പിച്ചു എന്നതാണ് സത്യം. സുവിശേഷം പ്രസംഗിക്കുവാനുള്ള അടങ്ങാത്ത ആവേശം, തന്റെ വാക്കുകൾ ശ്രവിക്കുവാൻ സന്നദ്ധതയുള്ള വിജാതീയരിലേക്ക് തിരിയുവാൻ പൗലോസിന് സഹായകമായി എന്നതാണ് സത്യം; അത് സ്വാഭാവികവുമാണ്. അങ്ങനെ യഹൂദർക്ക് മാത്രം സ്വന്തമെന്ന് കരുതിയിരുന്ന ക്രിസ്ത്വനുഭവം കാണെക്കാണെ വിജാതീയർക്കുകൂടി സ്വന്തമായി തീർന്നു! വാസ്തവത്തിൽ ഇതുവഴി സഭയുടെ അടിസ്ഥാനപരമായ കാഴ്ചപ്പാടിന് രൂപഭാവങ്ങൾ നല്കുകയാണ് പൗലോസ്.

**അ**പ്പസ്തോലപ്രവർത്തനത്തിന്റെ 13-ാമദ്ധ്യായം ലൂക്കോസവസാനിപ്പിക്കുന്നത് അത്യന്തം രസകരമായ ഒരു കുറിപ്പോടു കൂടിയാണ്:

www.malankaralibrary.com

**"ശിഷ്യന്മാർ ആനന്ദത്താലും പരിശുദ്ധാത്മാവിനാലും നിറഞ്ഞവരായി"** (അപ്പ. 13/52). പരിശുദ്ധാത്മാവ് യഹൂദരുടെ ഇടയിൽ മാത്രമല്ലെന്നും വിജാതീയരുടെ ഇടയിലുള്ള പ്രവർത്തനങ്ങൾക്ക് സ്വീകാര്യതയും വിജയവും പ്രദാനം ചെയ്തുകൊണ്ട് അത് തെളിയിച്ചു എന്നുള്ളതിലും അവർ അതിയായി ആനന്ദിച്ചു.

സ്വീകാര്യമാകുമെന്ന് കരുതുന്നിടത്ത് അസ്വീകാര്യമാകുമ്പോൾ, സ്വീകാര്യമാകാൻ സാദ്ധ്യതയില്ലാത്ത സ്ഥലത്ത് അസ്വീകാര്യമാകുമോ എന്ന ആശങ്ക എത്രയധികമായിരിക്കുമെന്ന് നമുക്കൂഹിക്കാം. യഹൂദർ ദൈവത്തിന്റെ സ്വന്തജനമാണ്; രക്ഷകനെ കാത്തിരുന്നവരാണ്. രക്ഷയുടെ കുത്തക പാട്ടക്കാരാണ്. സ്വന്തജനത്തെ തേടി വരുകയും എന്നാൽ സ്വന്തക്കാരാൽ നിരസിക്കപ്പെടുകയും ചെയ്തവനാണ് യേശുവും യേശുവിന്റെ സുവിശേഷവും. ഇവിടെ നിരസിക്കപ്പെടുന്നതും ആ യേശുതന്നെ – സുവിശേഷമാകുന്ന യേശു. ജറുസലേമിലെ യഹൂദരുടെ ഇടയിൽ സംഭവിച്ചത് അതാണ്. ദമാസ്കസ്സിൽ സംഭവിച്ചതും അതുതന്നെ. പസീദിയായിലെ അന്ത്യോക്യായിൽ സംഭവിച്ചതും മറ്റൊന്നല്ല. ഇങ്ങനെ യഹൂദർക്ക് അസ്വീകാര്യമായതും, അവരാൽ ആട്ടിയോടിക്കപ്പെട്ടതും, പുറന്തള്ളപ്പെട്ടതും വേട്ടയാടപ്പെട്ടതുമായ സുവിശേഷം, വിജാതീയർക്ക് സ്വീകാര്യമാകുമോ എന്ന ന്യായമായ ആശങ്ക അവർക്കുണ്ടായിരുന്നു. "ദൈവവചനം ആദ്യം നിങ്ങളോട് പ്രസംഗിക്കപ്പെടേണ്ടിയിരുന്നു. നിങ്ങൾ അത് തള്ളിക്കളയുന്നതുകൊണ്ടും...... (അപ്പ. 13/46).

## ഇന്നും ശ്രദ്ധയോടെ കാത്തിരിക്കണം:

തങ്ങൾക്ക് നേരിടേണ്ടി വന്ന മതപീഢനത്തിൽ അവർ നഷ്ടധൈര്യരായില്ല. വിജാതീയരുടെ ഇടയിൽ യേശുവിന്റെ രക്ഷാകര സുവിശേഷത്തിന് ലഭിച്ച സ്വീകാര്യതയിൽ അവർ ആനന്ദഭരിതരായി. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട ആ സഭാനേതൃത്വം കാലത്തിന്റെ കാലൊച്ചകൾ കേട്ടുണരുകയും പ്രത്യുല്പന്നമതിത്വം പ്രകടിപ്പിക്കുകയും ചെയ്തു. അതേ ആത്മാവു തന്നെയാണ് ഇന്നും സഭയിൽ പ്രവർത്തിക്കുന്നത്. ആത്മാവ് നയിക്കുന്നതനുസരിച്ച് സുവിശേഷവുമായി കടന്നു ചെല്ലാനുള്ള തുറവിയും സന്നദ്ധതയും അന്നെന്നപോലെ ഇന്നും പ്രകടമാക്കുവാൻ സഭ സന്നദ്ധയാകണം; സഭാമക്കൾ ബാദ്ധ്യസ്ഥരാകണം. നമ്മുടെ ഇടയിൽനിന്ന് ഇതിനൊക്കെ ആവശ്യമായ നേതൃത്വത്തെ വിളിച്ച് വേർതിരിക്കുവാൻ തക്കവിധം ആത്മാവിനെ പിന്തുടരുകയം മനസ്സുകളെ സന്നദ്ധമാക്കുകയും ചെയ്യുവാൻ നാം ശ്രമിക്കുന്നുണ്ടോ? തുറവി നഷ്ടപ്പെട്ട വ്യക്തികളും സമൂഹങ്ങളുമകാതിരിക്കുവാൻ നാം ഏറെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ആത്മാവ് നമ്മിൽനിന്ന് "ഇന്ന്" പ്രതീക്ഷിക്കുന്നതെന്തെന്നറിയാൻ **നാം ശ്രദ്ധാപൂർവ്വം കാത്തിരിക്കണം.**

തടസ്സങ്ങളെയും പ്രതികൂല സാഹചര്യങ്ങളെയും അതിജീവിച്ച് പരിശുദ്ധാത്മാവിലുള്ള സന്തോഷത്തോടു കുടി ക്രിസ്തുവിന്റെ രക്ഷാകര പദ്ധതിയിൽ പങ്കു ചേരുവാൻ നാമിന്നു തയ്യാറാണോ?

"വിളിച്ചു എന്നെ വെളിച്ചമാക്കി

വിളിച്ചവനെയെന്നും ഘോഷിക്കാൻ

ഒളിവിതറും നൽ തെളിവചനം

എളിയവനെന്നും ഘോഷിക്കാൻ" (2)

**ക്രൈസ്തവസഭയുടെ ആത്മാവായി എന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ചൈതന്യം** നമ്മുടെ ആത്മാവിലും മനസ്സിലും ജീവിതത്തിലും തിങ്ങി നിറയുന്നുണ്ടോ? സഭയും സഭാമക്കളും വ്യക്തിപരമായി ഈ ചൈതന്യം ശക്തമായി നിലനിർത്തുവാൻ സദാ ഉത്സുകരാകണം.

www.malankaralibrary.com

# അദ്ധ്യായം 14

പതിനാലാമദ്ധ്യായത്തിൽ വിവരിക്കുന്നത് പൗലോസിന്റെ മിഷനറി യാത്രയുടെ തുടർച്ചതന്നെയാണ്. ഇവിടെ നാം പ്രത്യേകമായി ശ്രദ്ധിക്കുന്ന ഒരു കാര്യമുണ്ട്. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട പൗലോസും ബർന്നബാസും **വിജാതീയർ മാത്രമുള്ള ലിസ്ത്രാ എന്ന പട്ടണത്തിലേക്ക് കടന്നു ചെല്ലുന്നു** എന്നതാണത്. "ഇതാ ഞങ്ങൾ വിജാതീയരുടെ അടുക്കലേക്ക് തിരിയുന്നു" (അപ്പ. 13/46) എന്ന നയപ്രഖ്യാപനം നടപ്പിൽ വരുത്തുവാൻ അവർ ഉത്സുകരാകുന്നു. അവരുടെ തീരുമാനങ്ങളിലെയും പ്രവർത്തനങ്ങളിലെയും ചടുലതയെ എങ്ങനെയാണ് ശ്ലാഘിക്കാതിരിക്കുക?

## സുവിശേഷം സുഖമാക്കുന്ന അനുഭവം:-

**വെ**ല്ലുവിളികളുടെ മദ്ധ്യേയാണവിടെയും അവർ കടന്നു പോകുന്നത്. ഒരു മുടന്തനെ സൗഖ്യമാക്കിക്കൊണ്ട് സുവിശേഷ പ്രചാരണത്തിലേക്ക് തുടക്കം കുറിക്കുകയാണവർ. സുവിശേഷം സുഖമാക്കുന്ന അനുഭവമെന്ന് സൂചന. ഒന്നാം ഭാഗത്ത് പത്രോസിന്റെയും യോഹന്നാന്റെയും സുവിശേഷ പ്രവർത്തനമാരംഭിക്കുന്നതും ഇതേവിധം തന്നെയാണ് എന്നത് ചിന്തനീയമാണ് (അപ്പ. 3/2-8=14/8-10). വിജാതീയരുടെ പ്രതികരണം ശ്രദ്ധേയമാണ്. യേശുവിനെ രക്ഷകനായി അംഗീകരിക്കുന്നതിനു പകരം പൗലോസും ബർന്നബാസും ദൈവങ്ങളായി വാഴ്ത്തപ്പെടുകയാണ്. ഇത് സുവിശേഷ വേലയെ യഥാർത്ഥത്തിൽ സഹായിക്കുകയല്ല, തടസ്സപ്പെടുത്തുകയാണ് ചെയ്തത്.

## മഹത്വം ദൈവത്തിനു മാത്രമവകാശപ്പെട്ടത്:

**സു**വിശേഷ പ്രവർത്തകരും സഭാധികാരികളും വിജയം സ്വന്ത കണക്കിൽ വരവ് വെക്കുവാൻ തയ്യാറാകുമ്പോഴെല്ലാം സംഭവിക്കുന്നതിതു തന്നെയാണ്. അപ്പോഴൊക്കെ യേശുമിശിഹായുടെ സുവിശേഷം മനുഷ്യഹൃദയങ്ങളിൽ നിന്ന് തിരസ്കരിക്കപ്പെടുകയാണ്.

"എല്ലാം അങ്ങേ മഹത്വത്തിനായ്  
എല്ലാം അങ്ങേ പുകഴ്ചയ്ക്കുമായ്  
തീർന്നീടേണമെ പ്രിയനെ  
തിരുനാമമുയർന്നിടട്ടെ.  
നിന്റെ പേരിൽ ഞങ്ങൾ ചെയ്യും വേലകൾ  
തിരുനാമവും ധരിച്ചു ചെയ്യും ക്രിയകൾ  
ഭൂവിൽ ഞങ്ങൾക്കല്ല വാനവനെ  
അങ്ങേ വാഴ്വിനായ് മാത്രം തീരണമേ."

ഇതായിരിക്കണം എക്കാലത്തുമുള്ള സുവിശേഷകന്റെ മനോഭാവം. സഭയുടെ മനോഭാവവും ഇതു മാത്രമായിരിക്കണം. "എല്ലാം ദൈവത്തിന്റെ ഉപരിമഹത്വത്തിന്" (Everything is for the greater glory of God = A.M.D.G) എന്ന ആദർശവാക്യം കൊടിയടയാളമാക്കി ഭാരതത്തിന്റെ ദ്വിതീയ അപ്പസ്തോലനായി ഒരു ദശകം പ്രവർത്തിക്കുകയും സുമാർ നാല്പതിനായിരം ആത്മാക്കളെ ക്രിസ്തുവിനു നേടിക്കൊടുക്കുകയും ചെയ്ത ഫ്രാൻസിസ് സേവ്യർ (1542–1552) ഇതിന് തിളങ്ങുന്ന സാക്ഷ്യമാണ് നല്കുന്നത്. "എനിക്ക് ആത്മാക്കളെ തരുക, ശേഷമെല്ലാം അങ്ങ് എടുത്തുകൊള്ളുക" എന്നതായിരുന്നു വിശുദ്ധന്റെ പ്രാർത്ഥന. എന്തൊരു ധീരത! എന്തൊരു ചൈതന്യം!

## സാംസ്കാരിക അനുരൂപണം:-

**പൗ**ലോസും ബർന്നബാസും ആ പ്രലോഭനത്തിൽ നിന്ന് മുക്തി നേടി. ഞങ്ങൾ കേവലം സാധാരണക്കാരായ മനുഷ്യർ മാത്രമാണെന്നും മഹത്വത്തിനർഹൻ ദൈവമാ

www.malankaralibrary.com

ണെന്നും അവർ വ്യക്തമാക്കുന്നത് നാം വായിക്കുന്നു. യേശുവിനെ ചൂണ്ടിക്കൊണ്ട് സ്നാപകയോഹന്നാനെപ്പോലെ, യഥാർത്ഥ രക്ഷയുടെ ഉറവിടവും ശക്തിയും അവൻ ആകുന്നു എന്നും അവൻ മാത്രമാകുന്നു എന്നും അവർ സാക്ഷ്യപ്പെടുത്തി. തുടക്കത്തിൽ സംഭവിച്ച ആ വിക്ഷോഭത്തിനുശേഷം ലിസ്ത്രായിലുള്ള അനേകം വിജാതീയരെ ക്രിസ്തുവിലേക്കാനയിക്കുവാൻ അവർക്കു കഴിഞ്ഞു. അവർക്ക് മനസ്സിലാകുന്ന ഭാഷയിലും ശൈലിയിലും രക്ഷാകര സന്ദേശം വിശദീകരിച്ചുകൊടുക്കുവാൻ പൗലോസിന് കഴിഞ്ഞു എന്നതാണ് ഏറെ സഹായകമായത്. ബഹുദൈവാരാധനയിൽ മുഴുകിയിരുന്ന അവർക്ക് യഹൂദവിശ്വാസവും ആചാരവും അജ്ഞാതമായിലുന്നു. യഹൂദ പശ്ചാത്തലത്തിൽ രൂപം കൊണ്ടതും ഇതുവരെ യഹൂദശൈലിയിൽ മാത്രം അവതരിപ്പിക്കപ്പെട്ടതുമായ രക്ഷയുടെ ദൂത്, തുലോം വ്യത്യസ്ഥമായ ഒരു സംസ്കാരത്തിലേക്ക് സംക്രമിപ്പിക്കുക എന്ന നിസ്തുലമായ കൃത്യമാണ് ഇവിടെ പൗലോസ് നിർവ്വഹിച്ചത് എന്നോർക്കുന്നത് കൊള്ളാം. ഇതിനെയാണ് "ഇൻകൾച്ചറൈസേഷൻ" അഥവാ സാംസ്കാരികാനുരൂപണം എന്ന് പറയുന്നത്. ഇന്നും ഭാരത സഭ വിജയിക്കാത്ത ഒരു കാര്യമാണിത് എന്നുകൂടി ഓർക്കുന്നത് കൊള്ളാം.

**അ**വർ ആയിരുന്ന പശ്ചാത്തലത്തിൽനിന്ന് പൗലോസ് തന്റെ സഭാനിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുകയാണ് സൃഷ്ടവസ്തുക്കളെ 'ദൈവങ്ങളായി' അവർ ആരാധിച്ചിരുന്നു. വാനവും ഭൂമിയും സർവ്വചരാചരങ്ങളും സൃഷ്ടിച്ച ഏകദൈവത്തിങ്കലേക്ക് അവരുടെ മനസ്സിനെ തിരിക്കുകയാണ് അവൻ ആദ്യം ചെയ്തത്. പ്രത്യക്ഷമായ പ്രകൃതിയിൽ നിന്നും അതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന അദൃശ്യനായ ദൈവത്തിങ്കലേക്ക് അവൻ അവരുടെ ചിന്തകളെ നയിച്ചു.

**ഭാ**രത ക്രൈസ്തവ സഭയ്ക്ക് ഇത് വിലയേറിയ ഒരു മാർഗ്ഗരേഖയാണ്. അപ്പസ്തോലനായ പൗലോസ് സഭയുടെ ശൈശവ ദശയിൽ ലിസ്ത്രാ എന്ന വിജാതീയ നഗരത്തിൽ അവതരിപ്പിച്ച് വിജയിച്ച ഈ സുവിശേഷ പ്രചരണതന്ത്രം അപ്പസ്തോലനായ തോമസ് കേരളത്തിലെ ഉന്നതകുലജാതരായ ബ്രാഹ്മണരുടെ ഇടയിൽ അവതരിപ്പിച്ച അതേ പ്രവർത്തനശൈലി തന്നെയാണ്. പക്ഷേ അതിൽ മുന്നോട്ടു പോകുവാൻ എന്തുകൊണ്ടോ ഭാരതസഭയ്ക്ക് കഴിയാതെ പോയി.

**ഇ**ത്തരുണത്തിൽ ഭാരത സഭാചരിത്രത്തിൽ വേറിട്ടു നില്ക്കുന്ന ഒരു മാതൃകയുണ്ട്. അതാണ് റോബർട്ടോ ദി നോബിലി എന്ന മിഷനറിയുടെ ചരിത്രം. മൂന്നു നൂറ്റാണ്ട് മുമ്പ് ഭാരതത്തിൽ പ്രേഷിതവൃത്തിക്ക് നൂതനമാനം നല്കിയ ഫ്രഞ്ച് ജസ്യൂട്ട് വൈദികൻ. തമിഴ്നാട്ടിൽ മധുര കേന്ദ്രമാക്കിയാണ് അദ്ദേഹം പ്രവർത്തിച്ചത്. അവിടെ ഭൂരിപക്ഷമുണ്ടായിരുന്ന ബ്രാഹ്മണരുടെ ആചാരരീതികളും ആഹാര ക്രമങ്ങളും വസ്ത്രധാരണ ശൈലികളും അതേപടി ഉൾക്കൊണ്ട് ഒരു സന്യാസിയായി അദ്ദേഹം ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്തു. രുദ്രാക്ഷമാലയിൽ ഒരു കുരിശ് കൂടി ചേർത്തു. നെറ്റിയിൽ കുറിയും ഭസ്മവും ചാർത്തി. ബ്രാഹ്മണരുടെ പൂണൂനൂൽ ധരിച്ചു. ഇവയൊന്നും വിശ്വാസത്തിന് എതിരല്ലെന്ന് അദ്ദേഹത്തോടൊപ്പം നമുക്കും അറിയാമല്ലോ. ഹൈന്ദവ രീതികളെ 'മാമോദീസാ മുക്കി' അദ്ദേഹം ക്രൈസ്തവമാക്കി. യഥാർത്ഥ സാംസ്കാരിക അനുരൂപണത്തിന് ഉത്തമ മാതൃകയാണ് **റോബർട്ടോ ദി നോബിലി** (1577-1656).

## ഒന്നാം പ്രേഷിതയാത്രയുടെ സമാപനക്കുറിപ്പ്:-

**പൗ**ലോസിന്റെ ഒന്നാം മിഷനറി യാത്ര ലൂക്കോസ് സമാപിക്കുന്നത് 14- ാം അദ്ധ്യായം 21 മുതൽ 28 വരെ വാക്യങ്ങളിലാണ്. ഈ വാക്യങ്ങൾ പൗലേസിന്റെ വിജ

www.malankaralibrary.com

യകഥയുടെ ഗാഥയാണ്. തടസ്സങ്ങളും പ്രതികൂലസാഹചര്യങ്ങളും എത്രയെങ്കിലുമുണ്ടായിട്ടും പൗലോസിന്റെ പ്രവർത്തനങ്ങൾ ഇത്രകണ്ട് വിജയിക്കാനുണ്ടായ കാരണം ഈ വാക്കുകളിൽ കാണുന്നു. തങ്ങളോട് സംസാരിച്ച വചനങ്ങളുടെ സത്യസന്ധത അവരെ ആകർഷിക്കുകതന്നെ ചെയ്തു. ക്രൈസ്തവ ജീവിതം ഒട്ടുംതന്നെ എളുപ്പമല്ലെങ്കിൽ പോലും അതിനുവേണ്ടി സഹിക്കുന്ന പങ്കപ്പാടുകൾ ഒരിക്കലും നഷ്ടവും വ്യർത്ഥവുമല്ലെന്ന് അദ്ദേഹം അവരെ ബോദ്ധ്യപ്പെടുത്തി. **"വിശ്വാസത്തിൽ നിലനിൽക്കണമെന്നും നിരവധി പീഢനങ്ങളിലൂടെ ദൈവരാജ്യത്തിൽ പ്രവേശിക്കണമെന്നും** ഉപദേശിച്ചുകൊണ്ടാണ് ശിഷ്യരുടെ മനസ്സിനെ അവർ ശക്തിപ്പെടുത്തി." (അപ്പ. 14/22).

## പ്രാദേശിക നേതൃത്വം വളർത്തുക:

**പ്രാ**ദേശിക നേതാക്കന്മാരെ അവിടെ നിയമിച്ചാക്കുന്നത് നാം കാണുന്നു. തന്റെ അധികാരം മറ്റുള്ളവരുമായി പങ്കു വെക്കുന്നതിന് അദ്ദേഹം വൈമനസ്യം കാട്ടിയതേയില്ല. "അവർ സഭകൾ തോറും **ശ്രേഷ്ഠന്മാരെ നിയമിച്ച്** പ്രാർത്ഥനയോടും ഉപവാസത്തോടും കൂടെ, അവരെ തങ്ങൾ വിശ്വസിച്ച കർത്താവിന് **സമർപ്പിച്ചു."** (അപ്പ. 14/23). തന്റെ സ്വന്തം നേട്ടങ്ങളായി സുവിശേഷ വളർച്ചയെ പൗലോസ് കരുതിയതേയില്ല. കർത്താവിന്റെ കയ്യിലെ പ്രയോജനമുള്ള ഉപകരണമായിത്തീരണം എന്നതു മാത്രമായിരുന്നു അദ്ദേഹത്തിന്റെ അഭിലാഷം. **സ്വന്തം ജനതയുടെ അസൂയയും** കോപവും നിമിത്തം അദ്ദേഹത്തിന് ഏറെ ക്ലേശങ്ങൾ സഹിക്കേണ്ടി വന്നതായി ഈ അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഒരുവന്റെ ശത്രുക്കൾ അവന്റെ സ്വന്തക്കാർ തന്നെയായിരിക്കുമെന്നും, പ്രവാചകൻ സ്വന്തനാട്ടിൽ അസ്വീകാര്യനായിരിക്കുമെന്നും കർത്താവ് മുന്നമേ മുന്നറിയിപ്പ് നല്കുന്നുണ്ടല്ലോ.

## നിർണ്ണായകമായ രണ്ടു ചോദ്യങ്ങൾ:-

**എ**ത്രയേറെ അവർ വിജാതീയരിലേക്ക് അടുക്കുകയും അവരെ ക്രിസ്തുവിലേക്ക് അടുപ്പിക്കുകയും ചെയ്തുവോ അത്രയേറെ, യഹൂദരുടെയും യഹൂദ ക്രൈസ്തവരുടെയും എതിർപ്പ് അവർ അനുഭവിക്കേണ്ടി വന്നു. വിജാതീയരുടെ ഇടയിൽ നടന്ന മിഷൻവേല യഹൂദ ക്രിസ്ത്യാനികളുടെ ഇടയിൽ നിർണ്ണായകമായ രണ്ട് ചോദ്യങ്ങളുയർത്തി. തങ്ങൾ ദൈവത്തിന്റെ സ്വന്തജനമാണെന്നും ദൈവം തങ്ങളുടെ സ്വന്തമാണെന്നും കരുതിയ യഹൂദന്മാരുടെ രണ്ട് ചോദ്യങ്ങൾ ഇവയായിരുന്നു:

(1) വിജാതീയർ ദൈവത്തോടടുക്കുന്നതിന്റെ ആദ്യപടിയായി മോശയുടെ നിയമത്തിന് പ്രത്യേകിച്ച് പരിഛേദന നിയമത്തിന് വിധേയമാകേണ്ടതല്ലേ? അഥവാ യഹൂദനായതിന് ശേഷം വേണ്ടേ ക്രൈസ്തവനാകുവാൻ?

(2) വിജാതീയനുമായി കൂട്ടു കൂടുവാനും കൂട്ടായ്മ പാലിക്കുവാനും നിയമപ്രകാരം യഹൂദന് പാടില്ല. അതിനാൽ വിജാതീയർ സഭാംഗങ്ങളാകുന്ന പക്ഷം രണ്ടു തരത്തിലുള്ള കൂട്ടായ്മ വേണ്ടി വരുകയില്ലേ?

**ഇ**ത് രണ്ടും സാർവ്വത്രികസഭയുടെ കാഴ്ചപ്പാടിന് വിരുദ്ധമാണ്. ദളിത് ക്രൈസ്തവരെ, "മാർഗ്ഗവാസികൾ" എന്നു മുദ്രകുത്തി രണ്ടാംതരമായി കണ്ടിരുന്ന പശ്ചാത്തലം കേരളത്തിലും അന്യമല്ല. ഭാരതത്തിൽ ആഴത്തിൽ വേരോടിയിട്ടുള്ള ജാതിവ്യവസ്ഥയാണതിന്റെ അടിസ്ഥാനം. ഇന്നും പൂർണ്ണമായി ആ പ്രശ്നത്തിൽ നിന്നു മുക്തമാണോ എന്നു സംശയമുണ്ട്.

**ജാ**തിവ്യവസ്ഥയും അവർണ്ണ-സവർണ്ണ വ്യത്യാസവും സമുദായത്തിൽ മാത്ര

www.malankaralibrary.com

മല്ല രാഷ്ട്രീയത്തിൽ പോലും ഇന്ന് ആഴത്തിൽ വേരുറപ്പിച്ചിരിക്കുന്നു എന്നതാണ് ഭയാനകമായ വസ്തുത. ക്രിസ്തുവിലായാൽ യഹൂദനും യവനനുമെന്നില്ല. എല്ലാവരും ക്രിസ്തുവിൽ ഒന്നത്രെ എന്നാണ് അപ്പസ്തോലമതം.

**ഈ** രണ്ട് പ്രശ്നങ്ങളെപ്പറ്റി പഠിക്കാനും പരിചിന്തിക്കാനും പരിഹരിക്കാനും പരിശ്രമിക്കുകയത്രെ ഒന്നാമത്തെ ജറുസലേം സുന്നഹദോസിന്റെ ലക്ഷ്യം.

**സാർവ്വത്രികതയും സാർവ്വത്രിക വീക്ഷണവും:**

**പ്ര**ശ്നം ഇതാണ്. ക്രിസ്ത്യാനിറ്റി (ക്രിസ്തുമതം) ഒരു ദേശീയമതമാണോ അതോ സർവ്വരേയും ഉൾക്കൊള്ളാൻ സമർത്ഥമായ ഒരു സാർവ്വത്രിക മതമാണോ എന്ന് ഉറപ്പാക്കണം. യഹൂദപശ്ചാത്തലത്തിൽ നിന്ന് അടർത്തിയെടുത്താൽ അതിന് സ്വയം നിലനില്പുണ്ടോ? കുളത്തിൽ നിന്നും അടർത്തിയെടുത്ത താമരത്തണ്ടുപോലെ വാടിപ്പോകുന്നതാണോ ക്രിസ്ത്യാനിറ്റി? അതോ പുറന്തോടു പൊട്ടിച്ച് പുറത്തുവരുന്ന പക്ഷിക്കുഞ്ഞിനെപ്പോലെ അനന്തവിഹായസ്സിലേക്ക് പറന്നുയരാൻ പറ്റിയ ചിറകുകളാകുന്ന സാർവ്വത്രിക വീക്ഷണം അതിനുണ്ടോ?

**അ**ങ്ങനെ ചിന്തിക്കുമ്പോൾ ജറുസലേം കൗൺസിൽ എടുക്കേണ്ട തീരുമാനമെന്താണെന്ന് വളരെ സ്പഷ്ടമാണ്. പ്രത്യേകിച്ച് ഇന്നത്തെക്കാലത്താണ് ഇതുപൊലൊരു പ്രശ്നം ചർച്ച ചെയ്യപ്പെടുന്നതെങ്കിൽ. (ആരാധനാ രീതിയെ സംബന്ധിച്ച് മലബാർ സഭയുടെ എപ്പിസ്കോപ്പൽ സിന്നഡ് സമീപകാലത്തെടുത്ത തീരുമാനം സ്മരിക്കുക.) എന്നാൽ യഥാസ്ഥിതികരായ യഹൂദന്മാർ ഭൂരിപക്ഷമുള്ള ജറുസലേം കൗൺസിൽ എങ്ങനെ ഈ വിഷയം കൈകാര്യം ചെയ്യും? പത്രോസിന്റെയും പൗലോസിന്റെയും തീരുമാനങ്ങളോട് അത്ര എളുപ്പം അവർക്ക് യോജിക്കുവാൻ സാധിക്കുമായിരുന്നില്ല. കാരണം ലോകത്തിൽ അന്നറിയപ്പെടുന്ന സകല ധർമ്മങ്ങളെക്കാൾ ഉദാത്തവും ഉത്തമവുമായിരുന്നു യഹൂദ നിയമങ്ങളും അനുഷ്ഠാനങ്ങളും. ഈ സംവിധാനത്തെ താങ്ങി നിർത്തുന്ന മുലക്കല്ലായിരുന്നു പരിഛേദനം. ഛേദനാചാരമുപേക്ഷിച്ചാൽ അതിനെ ആശ്രയിച്ചു നിലനിന്നിരുന്ന ധാർമ്മികനിയമവും അനുഷ്ഠാനക്രമങ്ങളും എല്ലാം തകർന്നടിഞ്ഞു പോകയില്ലേ എന്ന് അവർ ആശങ്കാകുലരായി എന്നതാണ് സത്യം.

## ജറുസലേം കൗൺസിൽ – സാർവ്വിത്രികതയുടെ വിജയം:

**കൗ**ൺസിലിൽ യഥാർത്ഥത്തിൽ ഒരു ഒത്തുതീർപ്പിന്റെ അനുഭവമാണുണ്ടായത്. വിജാതീയർക്ക് പരിഛേദനം വേണ്ട എന്നു കൗൺസിലിനെക്കൊണ്ട് തീരുമാനമെടുപ്പിക്കുവാൻ പൗലോസിന് സാധിച്ചു. മാനുഷികമായിപ്പറഞ്ഞാൽ പൗലോസിന്റെ വിജയത്തിന് കൗൺസിൽ വേദിയായി. മറ്റു വിധത്തിൽ പറഞ്ഞാൽ കൗൺസിലിന്റെ വിജയത്തിന് പൗലോസ് മുഖാന്തരമായി. ദൈവശാസ്ത്രപരമായ വാദമുഖങ്ങളുന്നയിച്ചുകൊണ്ടല്ല പൗലോസ് അത് നേടിയത്. മറിച്ച് ചരിത്രത്തിന്റെ ചുവരെഴുത്തുകൾ വായിക്കുന്നതിന് അവർ വിജയിച്ചു എന്നതാണ് അതിന് നിദാനമായത്. **വിജാതീയരോടു സുവിശേഷം പ്രസംഗിക്കുവാൻ തങ്ങളെ നിർബ്ബന്ധിച്ച പരിശുദ്ധാത്മാവ് തന്നെയാണ് പരിഛേദനവാദത്തിനതീതമായി പ്രവർത്തിച്ച് മാതൃക കാട്ടിയത്.** ഈ അനുഭവം പൗലോസിന്റേതുമാത്രമല്ല പത്രോസിന്റേതുമാണ്. പരിഛേദിതരായ യഹൂദരുടെ മേൽ എങ്ങനെയോ അങ്ങനെതന്നെ അപരിഛേദിതരായ വിജാതീയരുടെ മേലും **ആത്മാഭിഷേകം നടന്നതിന്** അവർ സാക്ഷികളാണ്. ഇതിൽ കവിഞ്ഞ ഒരു വെളിപ്പെടുത്തലിന്റെ ആവശ്യമില്ല. ചുവരെഴുത്ത് വ്യക്തമായിരുന്നു. ആത്മ...വിന്റെ വെളിപ്പെടുത്തലും മനുഷ്യന്റെ കണ്ടെത്തലുമിവിടെ സമന്വയിക്കുന്നു. എന്നാൽ കൗൺസിൽ പിതാക്കന്മാർ യഹൂദമായ സകലതിനെയും അപ്പാടെ ഉപേക്ഷിക്കുവാൻ സന്നദ്ധമായതുമില്ല. തന്മൂലം ഒത്തു തീർപ്പിനും സമന്വയത്തിനും അവർ തയ്യാറായി. പരിഛേദനം വേണ്ടന്നു വെച്ചതോടൊപ്പം വിവാഹം സമ്പുജ്യമായി കരുതണമെന്നും ഭക്ഷണ

www.malankaralibrary.com

കാര്യങ്ങളിൽ ചില നിബന്ധനകൾ പാലിക്കണമെന്നും കർശനമായ നിർദ്ദേശം നല്കുകയും ചെയ്തു.

## ഈ നിയമങ്ങളുടെ ആനുകാലിക പ്രസക്തി:-

ഈ നിയമങ്ങൾ ഇന്നും പ്രസക്തമാണ്. ഒരു നല്ല ക്രൈസ്തവന് ശ്രേഷ്ഠമായ സാക്ഷ്യം നല്കുവാൻ സാധിക്കുന്ന മേഖലയാണിത്. എന്തു ഭക്ഷിക്കാനും എന്തു കുടിക്കാനും എന്തു ചെയ്യാനും ക്രൈസ്തവന് ഒരു മടിയുമില്ലെന്ന തെറ്റായ ധാരണ സമൂഹത്തിൽ നിലനില്ക്കുന്നുണ്ട്. നാടകങ്ങളിലും സിനിമകളിലും നോവലുകളിലുമൊക്കെ അങ്ങനെ അവതരിപ്പിക്കപ്പെടുന്നുണ്ട്. കുരിശുധരിച്ചു കൊണ്ട് കുറ്റകൃത്യം ചെയ്യുന്ന അവതരണം പ്രത്യക്ഷമായും പരോക്ഷമായും സൂചിപ്പിക്കുന്നതെന്താണ്? ഒരുവനെ അശുദ്ധനാക്കുന്നത് പുറമേ നിന്ന് അകത്തേക്ക് പോകുന്നതല്ലെന്നും അകമെനിന്ന് പുറത്തേക്ക് വരുന്നതാണെന്നുമുള്ള വേദവാക്യം കൃത്യമായി വ്യാഖ്യാനിക്കപ്പെടേണ്ടതാണ്. എന്തും ഭക്ഷിക്കുവാനും കുടിക്കുവാനുമുള്ള 'ലൈസൻസായി' അതിനെ വ്യാഖ്യാനിക്കാതിരിക്കുവാൻ ശ്രദ്ധിക്കണം.

വിവാഹം ഒരു താല്ക്കാലിക ഉടമ്പടിയല്ല. ദിവ്യമായ ഉടമ്പടിയും ദിവ്യ കൂദാശയുമാണ്. ആ ഉടമ്പടിബന്ധം വേർപെടുത്തുവാൻ ദൈവത്തിന് – മരണത്തിന് – മാത്രമണവകാശം. ആ കാഴ്ചപ്പാട് മുറുകെ പിടിക്കുവാൻ ശ്രദ്ധിക്കണം. കാനോനിക നിയമവും സഭാകോടതിയുമൊക്കെ കുലങ്കഷമായി പഠിച്ചതിനു ശേഷം വിവാഹം അഴിച്ചു കൊടുത്തെന്നിരിക്കും. എന്നാൽ അത് ഒരു പ്രത്യേക ആനുകൂല്യമായി കരുതിയാൽ മതി. വിവാഹബന്ധവും കുടുംബബന്ധവുമൊക്കെ ഉറപ്പിക്കുവാൻ ഏറെ ശ്രമവും ശ്രദ്ധയും വിശ്വാസികൾക്കുണ്ടാകണം. അതിനുള്ള പരിശീലനങ്ങൾ ഇന്ന് സഭാതലത്തിൽ നല്കുന്നുണ്ട് എന്നത് ശ്ലാഘനീയമാണ്. ഫലപ്രദമായ രീതിയിൽ അത് തുടരുവാൻ നിർബ്ബന്ധബുദ്ധിയോടെ സഭ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

## ആചാരവിചാരങ്ങൾ ശുദ്ധമാകണം:-

വാസ്തവത്തിൽ ഓരോ ക്രൈസ്തവനും ദൈവത്തിന്റെ വിശുദ്ധിയിലേക്കാണ് വിളിക്കപ്പെട്ടിരിക്കുന്നത്. ഈ സത്യം വിസ്മരിക്കാൻ പാടില്ലാത്തതാണ്. ഈ വെടിപ്പും വിശുദ്ധിയും, വാക്കിലും പ്രവൃത്തിയിലും, ഉടുപ്പിലും, നടപ്പിലും, ഊണിലുമെല്ലാം പ്രകടമായെങ്കിൽ മാത്രമേ കർത്താവിന്റെ സുവിശേഷം മറ്റുള്ളവർക്ക് സ്വീകാര്യമാവൂ. ഭാരതത്തിൽ സുവിശേഷം വേണ്ടത്ര ചുവടുറപ്പിക്കുന്നില്ലെങ്കിൽ അതിനു കാരണം കണ്ടെത്തുവാൻ നമുക്ക് കഴിയണം. ശക്തമായ മതാടിത്തറയും ദൈവാവബോധവും ധാർമ്മികതയും ശുദ്ധമായ ആചാര ആഹാര നിഷ്ഠകളുമെല്ലാമുള്ള ഒരു ജനതയ്ക്ക് അതിനെക്കാൾ ശ്രേഷ്ഠമായത് കാണാൻ കഴിഞ്ഞെങ്കിൽ മാത്രമേ അവർ ആകൃഷ്ടരാകയുള്ളു. ഇനി ചിന്തിക്കുക, പ്രശ്നം എവിടെയാണ്? നമ്മിലോ അവരിലോ? നിങ്ങളെ അശുദ്ധിയിലേക്കല്ല വിശുദ്ധിയിലേക്കാണ് വിളിച്ചിരിക്കുന്നത്.

## വിവാഹജീവിതത്തിന്റെ ശ്രേഷ്ഠത:-

വിവാഹത്തെപ്പറ്റിയുള്ള നൂതനമായ കാഴ്ചപ്പാട് ലോകത്തിന് ലഭിക്കുന്നത് യഹൂദ- ക്രിസ്തീയ പശ്ചാത്തലത്തിൽ നിന്നാണ്. വിവാഹം ഒരു വെറും കൊടുക്കൽ വാങ്ങലിനപ്പുറം മൂല്യവത്താണെന്നും പുരുഷാധിപത്യത്തിന്റെ ഒരു മേഖലയല്ലെന്നും അത് ലോകസുസ്ഥിതിയുടെ അടിസ്ഥാന ഘടകമാണെന്നും അതിൽ ധാർമ്മികതയുടെ ഒരു വലിയ പ്രശ്നമടങ്ങിയിട്ടുണ്ടെന്നും ഒക്കെയുള്ള മഹത്തായ ദർശനം ലോകത്തിന് നല്കുന്നതിൽ ക്രിസ്തീയസഭയുടെ പങ്ക് നിസ്തുലമാണ്. പ്രകൃതിയും ലോകവും ശരിവയ്ക്കുന്നതും ശാസ്ത്രം അംഗീകരിക്കുന്നതുമായ ഒരു വലിയ സത്യം അതിലന്തർലീനമാണ്. അത് നിലനിർത്തുവാനും അഭംഗുരം കാത്തു സൂക്ഷിക്കുവാനും സഭ എക്കാലവും ദത്തശ്രദ്ധയുമാണ്.

www.malankaralibrary.com

## സാക്ഷ്യത്തിന്റെ പ്രസക്തി വർദ്ധിക്കുന്നു:-

**വി**വാഹം പരിശുദ്ധമായ ഒരു കൂദാശയായും അഭേദ്യമായ ഒരു ബന്ധമായും പ്രഖ്യാപിച്ചുകൊണ്ട് സഭ ഇന്നും ആ നിർദ്ദേശങ്ങൾ അഭംഗം പാലിക്കുന്നു. **വിവാഹ മോചനങ്ങൾ ഏറിവരുന്ന ഇക്കാലത്ത് കുടുംബജീവിതം നയിക്കുന്ന ഓരോ ക്രൈസ്തവനും ജീവിതവിശുദ്ധിയുടെ സാക്ഷ്യം നൽകുവാൻ കടമയുണ്ട്.** ജറുസലേം കൗൺസിൽ സ്വീകരിച്ച ഒത്തുതീർപ്പ് വ്യവസ്ഥകൾ വിജാതീയ ക്രൈസ്തവരും യഹൂദക്രൈസ്തവരും തമ്മിൽ ബന്ധപ്പെട്ടും സഹകരിച്ചും പോകുവാനുള്ള സാദ്ധ്യത തുറന്നു. "ഇനി യഹൂദനെന്നോ യവനനെന്നോ അടിമയെന്നോ സ്വതന്ത്രനെന്നോ വ്യത്യാസമില്ല. എല്ലാവരും ക്രിസ്തുവിൽ ഒന്നായി തീർന്നിരിക്കുന്നു."

## യൂദവേദം പിന്തള്ളപ്പെടുന്നു:-

**ജ**റുസലേം കൗൺസലിന്റെ മറ്റൊരു നേട്ടം പൗലോസിന്റെ പരിശ്രമഫലമായി രൂപം പ്രാപിച്ച പരിഷ്കാരങ്ങൾ സഭ ഔദ്യോഗികമായി അംഗീകരിച്ചു എന്നുള്ളതാണ്. കൂടാതെ അദ്ദേഹത്തിന്റെ മിഷനറി യാത്രകളും വേലകളും സാർവ്വത്രികസഭ അംഗീകരിച്ചാശീർവദിക്കുകയും ചെയ്തു. തൽഫലമായി ജറുസലേമും യൂദവേദവും ചരിത്രത്തിൽ എന്നന്നേയ്ക്കുമായി പിന്നണിയിലേക്ക് പിൻതള്ളപ്പെടുകയും ചെയ്തു!

## കൗൺസിലിന്റെ ദൈവശാസ്ത്ര വിജയം:-

**ദൈ**വശാസ്ത്രപരമായി പറഞ്ഞാൽ ജറുസലേം കൗൺസിൽ **ക്രിസ്തീയ വിശ്വാസത്തിന്റെ താക്കോൽ വാക്യമാണ് രൂപപ്പെടുത്തി.യത്: "രക്ഷ പ്രാപിക്കുന്നത് കർത്താവായ യേശുവിന്റെ കൃപയാലാണ് എന്നു നാം വിശ്വസിക്കുന്നു" (അപ്പ. 15/11).**

**ര**ണ്ടാം വത്തിക്കാൻ സൂന്നഹദോസിന്റെ വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ ആദ്യത്തെ കൗൺസിൽ സ്വീകരിച്ച വിട്ടുവീഴ്ചയുടെയും ഒത്തുതീർപ്പിന്റെയും, കൊള്ളാനും കൊടുക്കാനുമുള്ള മനസ്സൊരുക്കത്തിന്റെയും ചൈതന്യം നമുക്ക് ഹൃദ്യമായി തോന്നാം. പരസ്പര ധാരണയോടും പ്രതിപക്ഷ ബഹുമാനത്തോടും കൂടിയ സമീപനമാണ് സഭാപരമായ തർക്കങ്ങളിൽ നാം എന്നും സ്വീകരിക്കേണ്ടത് എന്നതിന് ഒരു കൈ ചൂണ്ടികൂടിയാണിത്. സ്നേഹവും ബന്ധവും ബലികഴിച്ചുകൊണ്ട് നാം നിലനിർത്തുന്ന യാതൊരു മൂല്യവും ക്രൈസ്തവമല്ല. കാരണം:

ദൈവം സ്നേഹമാണ്;

സഭ ബന്ധമാണ്;

വേർപിരിയൽ മരണം തന്നെയാണ്!

'സ്നേഹവ്യാഹതി തന്നെ മരണം' എന്നല്ലേ കവിവാക്യം?

**ദൈ**വസ്നേഹത്തിലും സഭയുടെ ഉറ്റ ബന്ധത്തിലും പരസ്പരധാരണയിലും സൗമ്യമായും ഉള്ളുതുറന്നു പറഞ്ഞും പരിഹരിക്കേണ്ടതാണ് സഭയിലെ പ്രശ്നങ്ങൾ. ഈ ആത്മാർത്ഥതയും തുറവിയും പരിശുദ്ധാത്മാവിന്റെ ദാനങ്ങളാണ്. അത് കൂടാതെയുള്ള തന്ത്രങ്ങൾ ലോകത്തിന്റെ കൗശലങ്ങളാണ്. അത് ദൈവാത്മാവിന്റെ പ്രവർത്തനമല്ല. ക്രിസ്തുവിൽ ഏക ആത്മാവും ഏക ശരീരവുമായിരിക്കേണ്ടവരാണ് നാം.

ചുരുക്കത്തിൽ സഭയുടെ സാർവ്വത്രിക സ്വഭാവവും ശ്ലൈഹികം ഏകം വിശുദ്ധം എന്നീ ലക്ഷണങ്ങളും എന്നും കാത്തു സൂക്ഷിക്കേണ്ട മൂല്യങ്ങളാണെന്ന് നാം മനസ്സിലാക്കുന്നു. സഭൈക്യ കൂട്ടായ്മകളിലൊക്കെ ഈ മാനദണ്ഡം പുലർത്തി ഏക ആത്മാവും ഏക ശരീരവുമായിത്തീരുവാൻ ഉത്സാഹിക്കാനുള്ള ഉത്തരവാദിത്വം ഓരോ ക്രൈസ്തവന്റേതുമാണെന്ന് വിസ്മരിക്കാതിരിക്കുക. ഐക്യത്തിന്റെ ആത്മാവിനു വേണ്ടി നമുക്ക് കാത്തിരിക്കാം.

(തുടരും)

തയ്യാറാക്കിയത്:

മേരിഗിരി, തിരുവല്ല

11-11-1998

ഫാദർ ഏബ്രഹാം കാടമല

ഫാദർ ഏബ്രഹാം നടുവിലേടം

www.malankaralibrary.com

# അപ്പസ്തോല പ്രവർത്തനങ്ങൾ ഒരു പഠനം

## പൗലോസിന്റെ രണ്ടാം പ്രേഷിത യാത്ര

### അദ്ധ്യായം: 16-18

യഹൂദമതത്തിന്റെ ബന്ധനത്തിൽ നിന്ന് മുക്തി പ്രാപിച്ച് സാർവ്വത്രികമായിത്തീരുന്ന സുവിശേഷത്തെയും, എല്ലാ ജനപദങ്ങളിലേയ്ക്കും ലോകാതിർത്തികൾ വരെയും പടർന്ന് പന്തലിക്കുന്ന മഹത്തായ പ്രക്രിയയെയും പറ്റിയാണ് കഴിഞ്ഞ പഠനക്കുറിപ്പിൽ പ്രതിപാദിച്ചത്. 'വിജാതിയരുടെ പെന്തക്കുസ്താ' എന്ന് വിശേഷിപ്പിക്കാവുന്ന കൊർണേലിയുസിന്റെ മാനസാന്തരത്തിന്, ജറുസലേം സുന്നഹദോസുവഴി ലഭിച്ച ദൈവശാസ്ത്രപരമായ ന്യായീകരണം എന്ന സുപ്രധാനമായ വഴിത്തിരിവിലൂടെ, റോമാസാമ്രാജ്യത്തിന്റെ അറിയപ്പെട്ടിരുന്ന മിക്കവാറും കേന്ദ്രങ്ങളിലേയ്ക്കും വ്യാപിച്ച്, ഭൂമിയുടെ അതിർത്തികൾ വരെയും സഭ ചെന്നെത്തുന്നതിന്റെ ചരിത്രം അനാവരണം ചെയ്യുകയാണല്ലോ ഗ്രന്ഥരചനയുടെ ലക്ഷ്യം. യഹൂദരുടെ എതിർപ്പിന് വിഷയമായ 'ക്രിസ്തുസംഭവം', പരിശുദ്ധാത്മാവിന്റെ നിരന്തര പ്രചോദനത്താൽ സകല മനുഷ്യരെയും സ്വാധീനിക്കുന്ന 'വിജാതീയ ഘട്ട'മാണ് അപ്പസ്തോല പ്രവർത്തനങ്ങളുടെ രണ്ടാം ഘട്ടം. ഈ ഘട്ടത്തിന്റെ നേതാവാകട്ടെ വിജാതീയരുടെ അപ്പസ്തോലനായ പൗലോസും.

## സുന്നഹദോസ് നല്കിയ ആത്മധൈര്യം:-

ജറുസലെമിൽ വച്ചുനടന്ന ഒന്നാമത്തെ സുന്നഹദോസിന്റെ തീരുമാനങ്ങൾ ക്രൈസ്തവ സമൂഹത്തെ എത്രമാത്രം സ്വാധീനിച്ചു എന്നും, സഭയുടെ വളർച്ചയ്ക്ക് അത് എപ്രകാരം ഉപകരിച്ചു എന്നും ഈ പാഠത്തിൽ നമുക്ക് കാണാം. ജറുസലേമിൽ നിന്ന് വിജയശ്രീലാളിതനായിട്ടാണ് പൗലോസ് മടങ്ങിപ്പോന്നത്. തന്റെ മിഷൻ സംരംഭങ്ങൾ ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടു. മാത്രമല്ല വിജാതീയരിൽ നിന്ന് മാനസാന്തരപ്പെടുന്നവർക്ക് ലഭിച്ച അംഗീകാരം കൂടിയായിരുന്നു അത്. യഹൂദരുടെ അതികർശനമായ നിയമസംഹിതകൾ അവരുടെമേൽ അടിച്ചേല്പിക്കാതിരിക്കുവാനും പരിഛേദനം പോലെയുള്ള അനുഷ്ഠാനങ്ങളിൽ നിന്നും വിജാതീയ ക്രൈസ്തവർക്ക് വിടുതൽ നല്കാനും ഇടയായതിൽ പൗലോസിന് ഏറെ ചാരിതാർത്ഥ്യം ഉണ്ടായിക്കാണണം. ഇപ്രകാരമുള്ള അനുകൂല സാഹചര്യങ്ങൾ എല്ലാം കൈവന്നിരിക്കുന്നതിനാൽ ഇനിയങ്ങോട്ടുള്ള പ്രേഷിത പ്രവർത്തനം അനായാസവും ഫലദായകവും ആകുമെന്നുള്ള ആത്മധൈര്യത്തോടെ രണ്ടാമതൊരു പ്രേഷിത പര്യടനത്തിന് അദ്ദേഹം തിടുക്കം കൂട്ടി. അന്ത്യോക്യൻസഭ ഒട്ടാകെ വലിയ പ്രതീക്ഷയും ഉണർവ്വും ഉളവായി. ഒരു പക്ഷേ ഇതോടു

www.malankaralibrary.com

കുടി ലോകം മുഴുവൻ ക്രിസ്തുവിനെ സ്വീകരിക്കും എന്നവൻ ആശിച്ചു പോയി. കത്തിച്ചു കൈയ്യിൽ പിടിച്ചിരിക്കുന്ന വിശ്വാസമാകുന്ന ദീപശിഖയിൽ നിന്നും എല്ലാ മനുഷ്യരും തങ്ങളുടെ ആത്മാവിന് കൈത്തിരി കൊളുത്തും; ലോകം മുഴുവൻ പ്രകാശപൂരിതമാകാൻ ഇനി സമയം അധികം വേണ്ടി വരില്ല! എന്നൊക്കെ 'മലർപ്പൊടിക്കാരന്റെ സ്വപ്നം പോലെ' അവൻ വ്യാമോഹിച്ചിരിക്കണം. എന്നാൽ ഇത്രയും വലിയ പ്രതീക്ഷ വെറും ഭാവനാ സൃഷ്ടിമാത്രമാണെന്നും യാഥാർത്ഥ്യം കുറെക്കൂടി പരുക്കനാണെന്നും 16 മുതൽ 18 വരെ അദ്ധ്യായങ്ങളുടെ പഠനം നമ്മെ ബോദ്ധ്യപ്പെടുത്തും. പ്രശ്നങ്ങളും തടസ്സങ്ങളും തുടക്കം തൊട്ടേ തല ഉയർത്താൻ തുടങ്ങി. ഒരു തരത്തിൽ നോക്കിയാൽ രണ്ടാം പ്രേഷിതയാത്ര ഉട നീളം വിധി പൗലോസിനോട് വളരെ ക്രൂരമായിട്ടാണ് പെരുമാറിയത്. രണ്ടാം വത്തിക്കാൻ സുന്നഹദോസിനെ തുടർന്ന് (1962-65) ഒരു പുതുയുഗപ്പിറവിയ്ക്കായ് – നവയുഗസൃഷ്ടിക്കായ് – പരിശ്രമിക്കുന്ന നമുക്ക് പൗലോസിന്റെ അനുഭവം നല്ലൊരു സാധനപാഠം തന്നെയാണ്, സംശയമില്ല.

## രണ്ടാം പ്രേഷിതയാത്രയുടെ ആലോചനായോഗം:

ഈ പാഠം വാസ്തവത്തിൽ 15-ാമദ്ധ്യായത്തിലെ അവസാനത്തെ അഞ്ചു വാക്യങ്ങളിൽ നിന്നു തന്നെ ആരംഭിക്കേണ്ടിയിരിക്കുന്നു. ജറുസലേം കൗൺസിൽ കഴിഞ്ഞ് അന്ത്യോക്യയിൽ തിരിച്ചെത്തിയ പൗലേസ്, ഏറെത്താമസിയാതെ ആദ്യ യാത്രയിലെ കൂട്ടുകാരനായിരുന്ന ബർന്നബാസ്സിനെയും കൂട്ടിപ്പുറപ്പെടാം എന്നു തീരുമാനിച്ചു. അപ്പോഴതാ അപ്രതീക്ഷിതമായ ഒരു തടസ്സം! മർക്കോസിനെ കൂടെ ക്കൊണ്ടു പോകണമെന്ന് ബർണബാസ്സിന് അതിയായ ആഗ്രഹം. പൗലോസിനാ കട്ടെ അത് ഒട്ടുംതന്നെ സ്വീകാര്യവുമല്ല! രണ്ടു പേർക്കും ന്യായങ്ങൾ ഏറെ യുണ്ട്......!

## ഒരു വഴിപിരിയലിന്റെ ദുഃഖകഥ:–

"....... എന്നാൽ പാംഫീലിയായിൽ വച്ച് തങ്ങളിൽ നിന്ന് പിരിഞ്ഞു പോകയും പിന്നീട് ജോലിയിൽ തങ്ങളോട് ചേരാതിരിക്കുകയും ചെയ്ത ഒരുവനെ കൂടെ കൊണ്ടുപോകാതിരിക്കയാണ് നല്ലത് എന്നായിരുന്നു പൗലോസിന്റെ പക്ഷം. ശക്ത മായ അഭിപ്രായഭിന്നതമൂലം അവർ പിരിഞ്ഞു. മർക്കോസിനെയും കൂട്ടി ബർന്ന ബാസ് സൈപ്രസിലേയ്ക്ക് കപ്പൽ കയറി. സീലാസിനെ തെരഞ്ഞെടുത്ത് പൗലോസ് അവനോടുകൂടി യാത്ര തിരിച്ചു" (അപ്പ. 15/38-40).

ആദ്യത്തെ പ്രേഷിത യാത്രയിൽ മർക്കോസ് എന്നു കൂടി വിളിക്കപ്പെടുന്ന യോഹന്നാൻ (അപ്പ. 15/37) പൗലോസിന്റെയും ബർണ്ണബാസിന്റെയും സഹയാ ത്രികനും സഹപ്രവർത്തകനും സഹായിയുമായിരുന്നു. പ്രസ്തുത യാത്രയുടെ ഒരു ഘട്ടത്തിൽ മർക്കോസ് അവരെ വിട്ടുപിരിയുകയും, പിന്നീട് പ്രേഷിത വേല യിൽ സഹകരിക്കാതെ വിട്ടു നില്ക്കുകയും ചെയ്തു എന്ന് ഉദ്ധൃതവാക്യം വ്യക്ത മാക്കുന്നു. കാരണം വ്യക്തമല്ല. ഏതായാലും ആരോഗ്യപരമായ കാരണങ്ങളാ യിരുന്നില്ല; അത് ആരോഗ്യകരമായ ഒരു വിട്ടുപിരിയലുമായിരുന്നില്ല. മർക്കോ സിന്റെ സഹിഷ്ണതയേയും തീക്ഷ്ണതയെയും സ്ഥിരതയെയും സംബന്ധിച്ച്

www.malankaralibrary.com

പൗലോസിന് സംശയമേറെയുണ്ടായിരുന്നു എന്നു വ്യക്തം. അതുകൊണ്ട് സ്ഥിരതയും തീഷ്ണതയും ആവശ്യമായ പ്രേഷിത വൃത്തിക്ക് മർക്കോസിനെപ്പോലെയുള്ള ഒരുവനെ കൂടെകൊണ്ടുപോകുന്നതിനെ പൗലോസ് പിന്തുണച്ചില്ല.

ഇതാകട്ടെ ബർണബാസ് ഒട്ടും പ്രതീക്ഷിക്കാത്ത ഒരു നീക്കമായിരുന്നു. അവനാകട്ടെ തന്റെ ചാർച്ചക്കാരൻ കൂടിയായിരുന്ന (ബർണബാസിന്റെ പിതൃവ്യപുത്രനായ മർക്കോസ് നിങ്ങളെ അഭിവാദനം ചെയ്യുന്നു; കൊളോ. 4/10) മർക്കോസിനെ വിട്ടുപിരിയാൻ മനസ്സില്ല. പൗലോസിന് കൊണ്ടുപോകാൻ മനസ്സില്ല; ബർണ്ണബാസിന് വിട്ടുപിരിയാൻ മനസ്സില്ല! ഒരിക്കൽ പിൻവാങ്ങിയവനെങ്കിലും, പുത്തൻ തീരുമാനങ്ങളോടും പുതിയ പ്രതിജ്ഞയോടും നവോന്മേഷത്തോടും കൂടെ, സുവിശേഷ വേലയ്ക്ക് ഒരിക്കൽക്കൂടി സ്വയം സമർപ്പിച്ചിരിക്കുന്ന അവന്റെ ആത്മാർത്ഥതയെ മുഖവിലയ്ക്കെടുക്കുകയും അവനെ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുകയും കൈനീട്ടി സ്വീകരിക്കുകയും വേണമെന്ന് ബർണ്ണബാസ് വാദിച്ചു. പൗലോസ് വഴങ്ങിയില്ല. ശക്തമായ അഭിപ്രായഭിന്നത മൂലം പൗലോസും ബർണ്ണബാസ്സും വഴിപിരിഞ്ഞു! ബർണബാസ് മർക്കോസിനെയും കൂട്ടി ജന്മനാടായ സൈപ്രസിലേക്കും, സീലാസ് എന്ന പുതിയ സഹചാരിയെ തെരഞ്ഞെടുത്ത് പൗലോസ് ജന്മനാടായ കിലിക്യായിലേക്കും സിറിയായിലേക്കും യാത്ര തിരിച്ചു. (അപ്പ. 15/39-41).

## അഭിപ്രായവ്യത്യാസമാകാം; പിന്മാറ്റം പാടില്ല:

സഹകരിച്ചുള്ള പ്രവർത്തനരംഗങ്ങളിൽ, പിന്മാറ്റവും പിൻവാങ്ങലും സ്വാഭാവികം മാത്രം. മനുഷ്യന്റെ പരിമിതിയും സ്വാതന്ത്ര്യവും എന്നല്ലാതെ അതിനെപ്പറ്റി എന്നു പറയട്ടെ. ഇതാണ് മർക്കോസിന്റെ കാര്യത്തിൽ സംഭവിച്ചത്. എന്നാൽ അതിൽ നിന്ന് ഒരു ഉയർത്തെഴുന്നേൽപ്പ് പാടില്ലെന്നുണ്ടോ? നിഷ്ക്രിയത്വവും നിരുന്മേഷവുമൊക്കെ പ്രവർത്തനത്തിന്റെ ചില ഘട്ടങ്ങളിൽ നമ്മെ പിടികൂടിയേക്കാം. സൈക്കിൾ സവാരി പഠിച്ചതെങ്ങനെയെന്ന് ചോദിച്ച സുഹൃത്തിനോട് അപരൻ പറഞ്ഞ മറുപടി ചിന്താർഹമാണ്: "ഓരോ പ്രാവശ്യം വീണപ്പോഴും എഴുന്നേറ്റ് വീണ്ടും സവാരിക്ക് ശ്രമിച്ചതു വഴിയാണ്." അതേ, വീഴ്ചകളും പിന്മാറ്റങ്ങളും വന്നേക്കാം. എന്നാൽ ഓരോ പ്രാവശ്യവും തിരിച്ചുവരവിന് വഴി തുറക്കണം. വഴി അടച്ച് യാത്ര തുടരാതിരിക്കാൻ എപ്പോഴും ശ്രദ്ധിക്കണം.

## സഭാപ്രവർത്തനങ്ങളിലൊരെത്തി നോട്ടം:

സഭയുടെ വിവിധ പ്രവർത്തനങ്ങളിലേക്ക് വിമർശനബുദ്ധ്യാ ഒരെത്തിനോട്ടം സംഗതമായിരിക്കും. സഭയുടെ പ്രവർത്തനം എക്കാലത്തും സഹകരണാത്മകവും രചനാത്മകവുമാണ്. സഹകരണ രംഗത്ത് പിന്മാറ്റം നന്നല്ല. എന്നാൽ കേവലമനുഷ്യന് ചിലപ്പോഴെങ്കിലും അനുസ്യൂതം മുന്നോട്ടേയ്ക്ക് തന്നെ പോകുവാൻ സാധിക്കാതെ വന്നേക്കാം. പാളിച്ചകളും ഇടർച്ചകളും കണ്ടേക്കാം. പക്ഷേ ഇനി ഒരു തിരിച്ചു വരവിന് സ്ഥാനമില്ല എന്നു നാം ശഠിക്കരുത്. തിരിച്ചുവരവിനെ ഉൾക്കൊള്ളുവാൻ സഭാ തലങ്ങളിൽ സാധിക്കണം. "പുകഞ്ഞ കൊള്ളി പുറത്ത്" എന്ന നയം ക്രിസ്തീയമല്ല തന്നെ. സഭയുടെ വിവിധ സേവനരംഗങ്ങളിലും സ്ഥാനങ്ങളിലും തലങ്ങളിലും പ്രവർത്തിച്ച്, ചരിത്രനിയോഗം മൂലമോ, വ്യക്തിപരമോ ആരോഗ്യപരമോ ആയ കാരണങ്ങളാൽ കുറഞ്ഞൊരു കാലം വിട്ടുനിന്നവരു

www.malankaralibrary.com

ണ്ടാകാം. അത് മതാദ്ധ്യാപകരോ, യുവജന പ്രവർത്തകരോ, വിൻസെന്റ് ഡീ പോൾ സഖ്യാംഗങ്ങളോ, പ്രാർത്ഥനാ സംഖ്യാംഗങ്ങളോ ആകാം. എന്തിനേറെ സമർപ്പിതരായ സഭാ ശുശ്രുഷകൾ തന്നെയുമാകാം. ഒരിടവേളയ്ക്കു ശേഷം ആത്മാർത്ഥമായി മടങ്ങിവരുമ്പോൾ സർവ്വാത്മനാ അവനെ ഉൾക്കൊള്ളുവാനും ഇരുകരങ്ങളും നീട്ടി സ്വീകരിക്കുവാനും തയ്യാറാകുന്നതും ക്രിസ്തീയമാണ്. മറിച്ചാകുന്നത് അക്രൈസ്തവമാണ്. ആരും തെറ്റുകൾക്കും തെറ്റിദ്ധാരണകൾക്കും അതീതരല്ലെന്ന് സമ്മതിക്കുക തന്നെ വേണം. സഭാഗാത്രത്തെ ശക്തിപ്പെടുത്തുന്ന ഇത്തരം തിരിച്ചുവരവുകൾ ശ്ലാഘിക്കപ്പെടണം. രാഷ്ട്രീയത്തിൽ പോലും സംയോജനങ്ങളും ലയനങ്ങളും ഏകീകരണങ്ങളും പുത്തൻ സമവാക്യങ്ങളും പുത്തരിയല്ലല്ലോ. തന്ത്രപരമായ നീക്കങ്ങളാണെന്ന ശങ്കയ്ക്ക് ഇടം കണ്ടേക്കാം. 'ട്രോജൻ കുതിരകളെ' സുക്ഷിക്കുക തന്നെ വേണമെന്നതു ശരിയാണ്. പക്ഷേ ആത്മനടത്തിപ്പിനെ അവഗണിക്കാതിരിക്കാൻ ജാഗ്രത പുലർത്തുക തന്നെ വേണം.

സഭാതലത്തിൽ ഒരു ന്യുമാന്റെ പുനരൈക്യവും മലങ്കര കത്തോലിക്കാ സഭയുടെ പുനരൈക്യവും ഇത്തരം തിരിച്ചുവരവുകൾക്ക് മിഴിവാർന്ന ഉദാഹരണങ്ങൾ തന്നെയാണ്. അനുതാപ സങ്കീർത്തനങ്ങളിൽ ഇതല്ലേ നടക്കുന്നത്? കള്ള നാണയങ്ങളെ തിരിച്ചറിയുവാൻ മാർഗ്ഗങ്ങളുണ്ട്. വൃക്ഷത്തെ ഫലത്തിൽ നിന്നറിയാം.

ഇവിടെ പൗലോസിനെയും ബർണ്ണബാസിനെയും നാം വീക്ഷിക്കേണ്ടത് യഥാക്രമം ഒരു അപ്പന്റെയും അമ്മയുടെയും സ്ഥാനത്താണ്. അപ്പന്റെ കാർക്കശ്യം പൗലോസിലും അമ്മയുടെ സ്നേഹോദാരമായ പരിഗണന ബർണബാസിലും കാണാനാകും. ഇവ രണ്ടും ചേർന്നതാണ് സഭയുടെ മുഖമുദ്ര. ന്യായമായ വിട്ടുവീഴ്ചകൾ ചെയ്തും തിരിച്ചു വരുന്നവരെ ഉൾക്കൊള്ളാനുള്ള ഉത്സാഹം സഭയ്ക്ക് എന്നും കൈമുതലാകണം. അവൾ സ്നേഹമയിയായ അമ്മയാണല്ലോ. ഈ മനോഭാവങ്ങൾ രണ്ടും സമ്യക്കായി സമ്മേളിക്കുമ്പോഴാണ് സഭയുടെ പ്രവർത്തനം പൂർണ്ണമാകുന്നത്. നിയമം വേണ്ടെന്നോ ഔദാര്യം മാത്രം മതിയെന്നോ അല്ല ഇപ്പറഞ്ഞതിനർത്ഥം.

## നിഷ്ഠ പുലർത്തുന്ന പൗലോസ് - അപ്പന്റെ പ്രതീകം:

പൗലോസ് സ്വാഭാവത്തിൽ തന്നെ കർക്കശനും ഉന്നതമായ ആദർശങ്ങളാൽ ഭരിക്കപ്പെടുന്നവനും ജീവിതത്തിൽ നിഷ്ഠ (discipline) ഉള്ളവനും ആയിരുന്നു. ഇപ്രകാരം ഉന്നതചിന്തകളാൽ നയിക്കപ്പെടുന്ന ഒരു വ്യക്തിയോട് ചേർന്ന് പോകാൻ സാധാരണക്കാർക്ക് സാധിച്ചില്ലെന്നു വരാം. അതുകൊണ്ട് തന്നെ സഭയിൽ ഭിന്നസ്വരങ്ങളും ഭിന്നാഭിപ്രായങ്ങളും രുപം കൊള്ളാൻ സാദ്ധ്യതയുണ്ട്. കാർക്കശ്യവും കടുംപിടുത്തവും അസഹിഷ്ണതയും നന്നല്ലെന്ന് നമുക്കറിയാം. എന്നാൽ നിഷ്ഠകളും ചിട്ടകളും, അടുക്കും ക്രമവും ഒക്കെ ആവശ്യമാണെന്നും നാം സമ്മതിക്കും. അവ കുടാതെ ഏതൊരു സംഘടനയ്ക്കാണെങ്കിലും സമുഹത്തിനാണെങ്കിലും രാഷ്ട്രത്തിനു തന്നെയും എത്രകാലം മുമ്പോട്ട് പോകുവാൻ കഴിയും? നിയമങ്ങൾ ഒന്നും കുടാതെ മുന്നോട്ട് പോകുന്നത് സുഖമായിത്തോന്നാം; പക്ഷേ അധികകാലം അത് മുന്നോട്ട് പോകുകയില്ലെന്നത് അനുഭവം പഠിപ്പി

www.malankaralibrary.com

ക്കുന്ന പാഠം. പൗലോസിന്റെ ചിട്ടകളും നിഷ്ഠകളും കൂടാതെ മുന്നോട്ട് പോകാൻ സഭയ്ക്ക് സാധിക്കുകയില്ല. കത്തോലിക്കാസഭ കഴിഞ്ഞ 2000 വർഷം അടിപതറാതെ നിന്നത് ദൈവാത്മാവിന്റെ പ്രവർത്തനവും, ആത്മനിയന്ത്രണംവഴി ചിട്ടയും നിഷ്ഠയും പാലിക്കുന്നതിൽ അതീവ ജാഗ്രത പുലർത്തുന്നതിൽ എക്കാലവും ശ്രദ്ധിച്ചിരുന്നു എന്നതുകൊണ്ടുമാണ്.

റോഡ് സുരക്ഷിതത്വത്തിന് ട്രാഫിക് നിയമങ്ങൾ ആവശ്യമാണ്. അത് ചിലപ്പോൾ കയ്പേറിയ അനുഭവമായി തോന്നാമെങ്കിലും അത് കൂടാതെ ഒരു മണിക്കൂർ പോലും റോഡു യാത്ര സുരക്ഷിതമായിരിക്കുകയില്ല എന്ന് ആരും സമ്മതിക്കുമല്ലോ.

## സഹിഷ്ണതയുടെ സമീപനം – അമ്മയുടെ ഭാവം:

സഹിഷ്ണതയും വിട്ടുവീഴ്ചയും സ്വീകരിച്ച്, സഹകരണത്തിനും സമർപ്പണത്തിനും ഒരവസരം കൂടി കൊടുക്കുവാൻ ബർണ്ണബാസിന്റെ മാതൃക നമുക്ക് എന്നും പ്രേരകമാണ്. ബർണ്ണബാസ് എന്നതിനർത്ഥം ആശ്വാസപുത്രൻ എന്നാണ്. സഭയും ഒരു 'ബർണ്ണബാ' ആകണം. സഭയും സഭാസംവിധാനങ്ങളുമെല്ലാം ആശ്വാസം കൊടുക്കുവാനുള്ള ഉപകരണങ്ങളാകണം. വഴിതെറ്റിപ്പോയവരെ 'പടിയടച്ച് പിണ്ഡം വയ്ക്കുന്ന'തല്ല ക്രൈസ്തവധർമ്മവും സംസ്കൃതിയും. സുവിശേഷോപമയിലെ 'സ്നേഹധുർത്തനായ പിതാവി'നെപ്പോലെ വഴിതെറ്റിയകന്നവരുടെ മടങ്ങിവരവിന് വഴിക്കണ്ണുമായി കാത്തിരിക്കേണ്ടതും മടങ്ങി വരുന്ന അനുതാപിയെ നിറമനസ്സോടെ സ്വാഗതം ചെയ്ത് ഭവനത്തിലേക്ക് സ്വീകരിച്ച് വിരുന്നൊരുക്കേണ്ടതുമാണ്. പ്രതീകാത്മകമായി മാത്രമല്ല പ്രായോഗികമായും അനുദിന ജീവിതത്തിൽ അരങ്ങേറേണ്ട അനുഭവമായിരിക്കണം, ഇത്.

## വഴിപിരിയലുകളുടെ കാണാപ്പുറങ്ങൾ:

മറ്റൊരു കാഴ്ചപ്പാടിലൂടെ ഈ പ്രശ്നത്തെ നമുക്കൊന്നു വിലയിരുത്താം. എത്ര ചെറിയ ഒരു കാര്യത്തെ സംബന്ധിച്ചാണ് ഉന്നതഗോപുരങ്ങളായ രണ്ടപ്പസ്തോലന്മാർ തമ്മിൽ പടലപിണക്കം കാട്ടുന്നതും വഴിപിരിയുന്നതും എന്നു കാണുക! വലിയ പല വേർപാടുകളുടെയും വഴി പിരിയലുകളുടെയും കാര്യത്തിൽ പലപ്പോഴും വലിയ കാരണങ്ങൾ ഒന്നും കണ്ടു എന്നു വരില്ല. മുന്നാമതൊരാൾ കേട്ടാൽ മൂക്കത്തു വിരൽവെച്ച് പോകുന്ന നിസ്സാരമായ കാരണങ്ങൾ മാത്രമേ കാണൂ. ആജീവനാന്തം സ്നേഹബന്ധങ്ങളുടെ രസച്ചരട് ഈ വിധത്തിൽ പൊട്ടിയതിന് എത്ര എത്ര ഉദാഹരണങ്ങൾ! സഭാചരിത്രത്തിലും സമുദായ ചരിത്രത്തിലും എത്രയോ ഉദാഹരണങ്ങൾ!

## ചെറിയ കാര്യത്തിലും ശ്രദ്ധയാവശ്യം:

ഏത് ചെറിയ കാര്യവും വലിയ പിളർപ്പുളവാക്കുവാൻ പര്യാപ്തമായേക്കാം. നമ്മുടെ പെരുമാറ്റത്തിലും പ്രവർത്തനത്തിലും സംസാരത്തിലും എല്ലാം ഏറെ സൂക്ഷ്മതയും ജാഗ്രതയും പുലർത്തുക തന്നെ വേണം. മറ്റൊരു വിധത്തിൽപ്പറഞ്ഞാൽ വ്യക്തിബന്ധങ്ങളിൽ നിസ്സാരമായി ഒന്നുമില്ല; എല്ലാം പ്രധാനപ്പെട്ടവ

www.malankaralibrary.com

തന്നെ. മനുഷ്യനെ സംബന്ധിച്ചിടത്തോളം വികാരവുമായി ബന്ധപ്പെട്ടതെല്ലാം പ്രധാനപ്പെട്ടതും പ്രിയങ്കരവും തന്നെ. ഉദാസീനമായ വാക്കോ നോക്കോ എത്ര പേരെ തമ്മിലകറ്റിയിട്ടുണ്ട്. സത്യം പറയണം; സത്യമേ പറയാവൂ. എന്നാൽ അപ്രിയസത്യം പറയുമ്പോൾ വളരെ വളരെ ശ്രദ്ധ പുലർത്തേണ്ടിയിരിക്കുന്നു. വികാരങ്ങളെ മാനിക്കുവാൻ നാം മടിക്കരുത്.

## പരിശുദ്ധാത്മാവ് പഠിപ്പിക്കുന്ന പാഠം:

**ഇ**വിടെ പരിശുദ്ധാത്മാവ് നമ്മെ വലിയ ഒരു പാഠം പഠിപ്പിക്കുന്നു: "ഇടർച്ചകൾ ഉണ്ടാകാതിരിക്കുക അസ്സാദ്ധ്യമത്രേ." (ലൂക്കോ. 17/1). പല പ്രശ്നങ്ങളും നമുക്ക് പരിഹരിക്കാവുന്നതേയുള്ളു. ഒന്നിൽ കൂടുതൽ ആളുകൾ സംഘടിക്കുന്ന ഏതു രംഗത്തും ഇതൊക്കെ നാം പ്രതീക്ഷിക്കേണ്ടതുണ്ട്. ആരും പരിപൂർണ്ണരല്ല എന്ന ശാശ്വതസത്യം അതു നമ്മെ പഠിപ്പിക്കുന്നു. ആ ബോദ്ധ്യം നമ്മെ എളിമപ്പെടുത്തേണ്ടിരിക്കുന്നു. തിരുത്താൻ പറ്റാത്ത കുറവുകൾ ഉണ്ടെങ്കിൽ അവയെ അംഗീകരിച്ചുകൊണ്ടുതന്നെ, ദൈവഹിതത്തിന് അവയെല്ലാം അടിയറ വെച്ചുകൊണ്ടുതന്നെ, തിരുനാമ മഹത്വത്തിനായി പ്രവർത്തിക്കുമ്പോൾ ദൈവാത്മാവ് സജീവമായി പ്രവർത്തിക്കും. നമ്മുടെ ബലഹീനതകളും പരിമിതികളും കൂടുതൽ പ്രയോജനപ്രദവും ഫലപ്രദവുമായ വിധത്തിൽ രൂപാന്തരപ്പെടുവാൻ സഹായിക്കും എന്നതിനുള്ള ദൃഷ്ടാന്തം കൂടിയാണ് സുഖകരമല്ലെന്ന് തോന്നിക്കുന്ന ഈ സംഭവം. അവർ രണ്ടുപേരും വേർപെട്ടെന്നത് ശരിതന്നെ. എങ്കിൽതന്നെ തങ്ങൾ നടത്തിയ ഒന്നാമത്തെ പ്രേഷിത യാത്രയുടെ രണ്ടറ്റങ്ങളിൽകൂടിയും അവർ ഒരേ സമയം പ്രയാണം ചെയ്ത് മിഷൻ വേല പൂർത്തീകരിക്കുന്നത് നാം ശ്രദ്ധിക്കാതെ പോകരുത്: അവരെ നിഷ്ക്രിയരാക്കുവാൻ അതിന് കഴിഞ്ഞില്ല. രണ്ട് സംഘങ്ങൾക്ക് ഒറ്റ സംഘത്തെക്കാൾ ഇരട്ടി പ്രവർത്തനക്ഷമത കൈവരുമല്ലോ. ആദ്യത്തെ യാത്ര ആരംഭിച്ച അതേ സ്ഥലമായ സൈപ്രസ് ലക്ഷ്യമാക്കി ബർണ്ണബാസ് നീങ്ങി. പൗലോസാകട്ടെ ദെർബേ, ലിസ്ത്രാ എന്നീ സ്ഥലങ്ങൾ ലക്ഷ്യം വെച്ച് നീങ്ങി - ആദ്യത്തെ പ്രേഷിതയാത്രയ്ക്ക് അവസാനം കുറിച്ച സ്ഥലത്തുനിന്ന് രണ്ടാമത്തെ പ്രേഷിതയാത്ര ആരംഭിച്ചു! കാലതാമസം ഒഴിവാക്കാനും പ്രവർത്തനത്തിന് ആക്കം കൂട്ടാനും അത് ഉതകി എന്നു പറഞ്ഞാൽ മതിയല്ലോ. 'ഉർവ്വശീശാപം ഉപകാരമായി' എന്ന ചൊല്ല് അന്വർത്ഥമായി.

## വഴിപ്പിരിയൽ നിഷ്ക്രിയത്വമല്ല - വളർച്ചയാണ്:

**ഈ** അപ്പസ്തോലന്മാർ ഇരുവരും പിണങ്ങി പിരിഞ്ഞെന്നു തോന്നാമെങ്കിലും തങ്ങളുടെ അഭിപ്രായവ്യത്യാസങ്ങൾ മൂലം കർത്താവിന്റെ വേലയിൽനിന്ന് ഏതെങ്കിലും തരത്തിൽ പിൻതിരിയുന്നതിനോ, വിട്ടുപേക്ഷിക്കുന്നതിനോ അതിൽ മാന്ദ്യം സംഭവിക്കുന്നതിനോ ഇടയാക്കിയില്ല എന്നത് ശ്രദ്ധേയമാണ്. ഇവരുടെ മാതൃക വളരെ വിലപ്പെട്ട ഒരു ഗുണപാഠമാണ് ഇന്നത്തെ സഭയ്ക്ക് നല്കുന്നത്. നേതൃത്വഘടനകളിൽ സാരമായ വ്യതിയാനം സംഭവിക്കുകയും, അത്മായ നേതൃത്വം കൂടുതൽ കൂടുതൽ ഉയർന്നു വരുകയും ചെയ്യുന്ന ഇക്കാലഘട്ടത്തിൽ നീഷ്ണത കൈവെടിയാതെയും ധൈര്യം കൈവിടാതെയും ഊർജ്ജസ്വലരായി കർത്താവിന്റെ വേലയിൽ വ്യാപരിക്കുവാൻ ഓരോരുത്തരും ശ്രദ്ധിക്കേണ്ടതാണ്. ദൈവം വിളിച്ചിരിക്കുന്ന അവസ്ഥ എന്തുതന്നെയായാലും അവിടെ, അവനവന്റെ വേല വിശ്വസ്തതയോടെ ചെയ്യുവാൻ ഓരോരുത്തരും ബാദ്ധ്യസ്ഥരാണ്.

www.malankaralibrary.com

## രണ്ടാം യാത്രയുടെ തുടക്കം:

16-ാമദ്ധ്യായം ഒന്നാം വാക്യത്തിൽ തന്റെ പ്രേഷിത പര്യടനത്തിന് തുടക്കം കുറിക്കുന്ന പൗലോസിനെ നാം കാണുന്നു. ഒന്നാമത്തെ യാത്രപോലെ തന്നെ രണ്ടാം യാത്രയുടെ തുടക്കവും അന്ത്യോക്യായിൽ നിന്നു തന്നെയാണ്. ക്രിസ്തബ്ദം 50-നും 52-നും ഇടയ്ക്ക് നടത്തുന്ന ഈ യാത്ര സുമാർ 3 വർഷം നീണ്ടുനിന്ന ഒരു യജ്ഞമായിരുന്നു. ബർണ്ണബാസിനെപ്പോലെയുള്ള ഒരുത്തമ സുഹൃത്തിന്റെ നഷ്ടപ്പെട്ടതിലുള്ള ഹൃദയനൊമ്പരത്തോടെ യാത്രതിരിച്ച പൗലോസിന് മനുഷ്യഹൃദയങ്ങളെ അറിയുന്ന തമ്പുരാൻ യാത്രയുടെ തുടക്കത്തിൽ തന്നെ മനസ്സിനിണങ്ങിയ ഒരു സഹപ്രവർത്തകനെയും സഹചാരിയെയും ദർബയിൽ, ഒരുക്കി നിർത്തിയിരുന്നതായി നാം കാണുന്നു.

'ലിസ്ത്രായിൽ തീമോത്തിയോസ് എന്നു പേരുള്ള ഒരു ശിഷ്യനുണ്ടായിരുന്നു – വിശ്വാസിനിയായ ഒരു യഹൂദ സ്ത്രീയുടെ മകൻ...... ലിസ്ട്രാ, ഇക്കോണിയം എന്നിവിടങ്ങളിലെ സഹോദരർക്ക് അവനെപ്പറ്റി നല്ല മതിപ്പുണ്ടായിരുന്നു. അവനെ തന്റെ കൂടെ കൊണ്ടുപോകുവാൻ പൗലോസ് തീരുമാനിച്ചു" (അപ്പ. 16/1-3).

ആശ്വാസപുത്രനായ ബർണബാസിനെ കൈവിട്ടതുവഴി 'ആശ്വാസം നഷ്ടപ്പെട്ട' പൗലോസിന് സ്വർഗ്ഗത്തിൽ നിന്നുള്ള സമാശ്വാസം പോലെയാണ് തീമോത്തെയോസിനെ (=ദൈവഭയമുള്ളവൻ) ലഭിച്ചത്. ദൈവത്തിൽ നിന്നു ലഭിച്ച വിലയേറിയ ഒരു സമ്മാനമായി അദ്ദേഹമത് സ്വീകരിക്കുകയും ചെയ്തു.

## എല്ലാവർക്കും എല്ലാമാകാൻ:

തന്റെ ജോലിക്കായി കർത്താവയയ്ക്കുന്നതാരെയായാലും അവരെ ഹൃദയപൂർവ്വം സ്വീകരിക്കാനുള്ള സന്നദ്ധതയാണ് നമുക്കിന്നാവശ്യം. അവർ ദൈവത്താൽ നിയോഗിക്കപ്പെട്ട പാത്രങ്ങളാണെന്നു കരുതുവാനുള്ള വിനയവും വിവേകവും വിശ്വാസവും നമുക്ക് വേണം. പൗലോസ് പ്രടിപ്പിക്കുന്നത് ആ വിശ്വാസദാർഢ്യമാണ്. സാങ്കേതികമായിപ്പറഞ്ഞാൽ തീമോത്തെയോസ് ഒരു യഹൂദൻ തന്നെയായിരുന്നു. എങ്കിലും ഗ്രീക്കുകാരനായ പിതാവിൽ നിന്നു ജനിച്ചതിനാൽ പൊതുജനദൃഷ്ടിയിൽ അദ്ദേഹം സ്വീകാര്യനായില്ല. ഈ സാഹചര്യത്തിലാണവനെ പരിഛേദന വിധേയനാക്കിയത്. ഏതൊന്നിനെതിരായിട്ടാണോ ജറുസലേം കൗൺസിലിൽ താൻ ശക്തിയായി വാദിച്ചതും വിജയിച്ചതും. ആ പരിഛേദനം തന്നെ തീമോത്തിയോസിന് നൽകുന്നത് ആശ്ചര്യകരമായിത്തോന്നാം. തന്റെ വിശ്വാസത്തിലും ബോദ്ധ്യത്തിലും വിട്ടുവീഴ്ച ചെയ്യുന്നതിന് പൗലോസ് തയ്യാറാവുകയാണോ?

ഒറ്റനോട്ടത്തിൽ അങ്ങനെ തോന്നാമെങ്കിലും സത്യമതാണോ? അല്ല തന്നെ. പരിഛേദനം ആവശ്യമല്ലെന്ന് കൗൺസിൽ തീരുമാനിച്ചത് യഹൂദരെ സംബന്ധിച്ചല്ല. വിജാതീയരേ സംബന്ധിച്ചാണ്. തീമോത്തിയോസ് പൂർണ്ണമായി വിജാതീയനല്ലല്ലോ. മാത്രമല്ല പരിഛേദനം കൊണ്ടദ്ദേഹം കൂടുതൽ സ്വീകാര്യനായി മാറുകയാണുണ്ടായതും. എല്ലാറ്റിനെയുംകാൾ വലുത് കർത്താവിന്റെ വചനവും ദൈവസ്നേഹവുമാണെന്ന് മനസ്സിലാക്കിയ പൗലോസ്, ഇവയ്ക്കെതിരായി വരുന്ന എല്ലാ തടസ്സങ്ങളെയും മാറ്റിക്കൊണ്ട് നമുക്ക് ഒരു മാതൃക കാട്ടിത്തരുകയാണ്. ഇതുവഴി സുവിശേഷ വല്കരണത്തിന് സുപ്രധാനമായ ഒരു മാർഗ്ഗനിർദ്ദേശമാണ് നല്കുന്നത്. സുവിശേഷം ശ്രവിക്കുന്നതിന് തടസ്സമായി നില്ക്കുന്നത് എന്തുതന്നെയായാലും അതിനെ തുടച്ചു മാറ്റുവാൻ നാം പ്രതിജ്ഞാബദ്ധരാകണമെന്നതാണ്

www.malankaralibrary.com

ആ മാർഗ്ഗനിർദ്ദേശം. വിശ്വാസത്തിൽ വെള്ളം ചേർക്കാതെയും മായം ചേർക്കാതെയും ക്രിസ്തുവിന്റെ ദിവ്യസന്ദേശത്തെ വിവിധ സാഹചര്യങ്ങൾക്കും സംസ്കാരങ്ങൾക്കും ആളുകളുടെ അഭിരുചിക്കും അനുസരിച്ച് അനുരൂപപ്പെടുത്തുവാൻ നാം ശ്രദ്ധിക്കണം. വിശ്വാസത്തിനും സന്മാർഗ്ഗത്തിനും എതിരല്ലാത്ത കാര്യങ്ങളിൽ വിട്ടുവീഴ്ചക്കും അനുരൂപണത്തിനും തയ്യാറാകണം. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രാദേശിക സഭകളോട് ഇക്കാര്യം ശക്തമായ ഭാഷയിൽ ഓർമ്മിപ്പിക്കുന്നു എന്നതും പ്രസ്തുതത്തിൽ സ്മരണീയമാണ്.

## പിന്തിരിപ്പിക്കുന്ന പരിശുദ്ധാത്മാവ് (അപ്പ. 16/6)

## അനുവദിക്കാത്ത യേശുവിന്റെ ആത്മാവ് (16/8)

## ദർശനത്തിലൂടെ വിളിക്കുന്ന ദൈവം (16/10)

16-ാമദ്ധ്യായം 6 മുതൽ 10 വരെ വാക്യങ്ങൾ, പൗലോസിനും സഹപ്രവർത്തകർക്കും ലഭിക്കുന്ന ദൈവിക സന്ദേശമാണ്. ചില തീരുമാനങ്ങളിൽ നിന്ന് പിന്തിരിപ്പിക്കുന്ന പരിശുദ്ധാത്മാവിനെയും, ചില താല്പര്യങ്ങൾ അനുവദിക്കാത്ത യേശുവിന്റെ ആത്മാവിനെയും ദർശനത്തിലൂടെ മാർഗ്ഗനിർദ്ദേശം നല്കുന്ന ദൈവത്തെയും തിരിച്ചറിയുന്നതിൽ വിജയിക്കുന്ന പ്രേഷിതരെയാണ് നാമിവിടെ കണ്ടുമുട്ടുന്നത്. നമുക്കും പ്രയോജനപ്രദമായ ഒരു ദൈവിക സന്ദേശം പങ്കു വെയ്ക്കുന്നതാണ് ഈ വേദഭാഗം.

## മനുഷ്യൻ വിഭാവനം ചെയ്യുന്നു; ദൈവം നടത്തുന്നു:

എഫേസോസിലേയ്ക്ക് പോകാനാഗ്രഹിച്ച അവർ ഫ്രീജിയായിലേയ്ക്ക് പോകാനാണ് ആത്മാവിന്റെ നിർദ്ദേശം. ഫ്രീജിയായിൽ നിന്ന് ബിഥീനിയായിലേയ്ക്ക് പോകാനാണവരുടെ അന്തരാത്മാവ് അഭിലഷിച്ചതെങ്കിലും, ദൈവാത്മാവിന്റെ നിർദ്ദേശം യൂറോപ്പിലുള്ള മാസിഡോണിയായിലേയ്ക്ക് പോകാനായിരുന്നു!

നമ്മുടെ തീരുമാനങ്ങൾ എന്തുതന്നെയായാലും പരിശുദ്ധാത്മാവിന്റെ നിയന്ത്രണങ്ങൾക്കും നിമന്ത്രണങ്ങൾക്കും എതിരായി നമ്മുടെ ഹൃദയത്തെയും മനസ്സിനെയും കൊട്ടിയടയ്ക്കാൻ പാടില്ലെന്ന് ഈ സംഭവം നമ്മെ അനുസ്മരിപ്പിക്കുന്നു. നാം കർത്താവിന്റെ കയ്യിലെ ഉപകരണങ്ങളാണ്. നമ്മുടെ ചാലകശക്തി കർത്താവിന്റെ ആത്മാവ് തന്നെയാണെന്ന കാര്യം മറന്നുപോകരുത്. ആത്മാവിന്റെ നിമന്ത്രണങ്ങൾക്ക് നാം നിരന്തരം കാതോർക്കുന്നവരാകണം. ആത്മാവുമായി ആലോചിക്കാതെ തത്ക്കാല സൗകര്യം നോക്കി എടുത്തു ചാടിപ്പുറപ്പെടുന്നതും ആരംഭശൂരത്വം പ്രകടമാക്കുന്നതും സൂക്ഷിച്ച് വേണമെന്ന പാഠമാണ് ഈ വേദഭാഗം നമുക്ക് നല്കുന്നത്.

## 'ഞങ്ങൾ' പ്രയോഗം (അപ്പ. 16/10)

"മക്കദോനിയക്കാരെ സുവിശേഷമറിയിക്കുവാൻ ദൈവം ഞങ്ങളെ വിളിച്ചിരിക്കയാണെന്ന് അറിഞ്ഞ്, അവന് ദർശനമുണ്ടായ ഉടനെ ഞങ്ങൾ അങ്ങോട്ട് പോകാൻ ഉദ്യമിച്ചു" (അപ്പ. 16/10). ഇവിടെ തുടങ്ങുന്ന ഈ "ഞങ്ങൾ" പ്രയോഗം ഗ്രന്ഥത്തിന്റെ അവസാനം വരെ ആവർത്തിക്കുന്നുണ്ട്. ഞങ്ങൾ എന്ന ബഹുവചനം സൂചിപ്പിക്കുന്നത്, അപ്പസ്തോല പ്രവർത്തനങ്ങളുടെ കർത്താവായ ലൂക്കോസും ഈ പ്രേഷിതയാത്രയിൽ പൗലോസിനെ അനുഗമിച്ചിരുന്നു എന്നാണ്.

www.malankaralibrary.com

ഈ ഗ്രന്ഥത്തിലെ 16/10-17; 20/5-21; 27/1-28 എന്നീ ഭാഗങ്ങൾ പ്രത്യേകം ശ്രദ്ധേയമാണ്. സ്വന്തം അനുഭവങ്ങളുടെ പിൻബലത്തിലാണ്, വെറും കേട്ടുകേഴ്‌വിയുടെ വെളിച്ചത്തിലല്ല ലൂക്കോസ് ഗ്രന്ഥരചന നടത്തുന്നത്. സുവിശേഷ രചനയെത്തുടർന്ന് ഗ്രീസിലോ റോമിലോ വച്ച് ലൂക്കോസ് ഗ്രന്ഥരചന നടത്തി എന്ന് അനുമാനിക്കപ്പെടുന്നു.

## യൂറോപ്യൻ ഇതിഹാസത്തിന്റെ സമുൽഘാടനം (നിശ്ശബ്ദമായ ഒരു തുടക്കം)

16-ാമദ്ധ്യായം 11 മുതൽ 40 വരെ വാക്യങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. ക്രിസ്തുവിന്റെ രക്ഷാസന്ദേശവുമായി ചരിത്രത്തിൽ ആദ്യമായി ഒരു പ്രേഷിതൻ യുറോപ്പിന്റെ പടിവാതിൽ കടക്കുകയും, യുറോപ്പിന്റെ മണ്ണിൽ കാൽ കുത്തുകയുമാണ്. ലോകമതങ്ങളുടെയും പിള്ളത്തൊട്ടിൽ ഏഷ്യയാണെന്ന് ഒരുപക്ഷേ അറിയാമെങ്കിലും, ക്രിസ്തീയതയുടെ ഉത്ഭവം ഏഷ്യയാണെന്ന് പലർക്കും അറിയാൻ പാടില്ലെന്നതൊരു സത്യമാണ്. ക്രിസ്തുമതത്തെ ഒരു യുറോപ്യൻ (പാശ്ചാത്യ) ഇറക്കുമതിയായിട്ടാണ് ഭാരതത്തിൽ പലരും തെറ്റിദ്ധരിച്ചിരിക്കുന്നത് എന്ന് ഖേദപൂർവ്വം ഓർക്കുകയാണ്. മാസിഡോണിയ (ഗ്രീസ്)യിലെ ഫിലിപ്പി എന്ന പ്രസിദ്ധമായ പട്ടണത്തിലേക്ക് പടികടന്നു ചെല്ലുന്ന പൗലോസ് ഏറെ പ്രതീക്ഷയുള്ളവനാണ്. ഏഷ്യയിൽ നടത്തിയ സുവിശേഷ പ്രവർത്തനങ്ങളെ കണക്കിലെടുക്കുകയാണെങ്കിൽ യുറോപ്പിലെ പ്രവർത്തനം തുലോം തുച്ഛമായിരിക്കാം. ഒറ്റ നോട്ടത്തിൽ വളരെ കുറച്ചു കാര്യങ്ങളെ അദ്ദേഹമവിടെ ചെയ്തിട്ടുള്ളു. വളരെ ക്ലേശകരമായ അനുഭവങ്ങളെ നേരിടേണ്ടിയും വന്നു. ന്യായാധിപന്റെ മുമ്പിലേക്ക് ഏല്പിക്കപ്പെടുകയും കാരാഗൃഹവാസത്തിന് ശിക്ഷിക്കപ്പെടുകയും ചെയ്യുന്നത് ഇവിടെവെച്ചാണ്. ജയിലിലടക്കപ്പെടാനുള്ള കാരണമാകട്ടെ, ഒരു അടിമപ്പെൺകുട്ടിയെ പിശാചു ബാധ ഒഴിപ്പിച്ച് സൗഖ്യമാക്കി എന്നതും! റോമാപൗരത്വത്തിന്റെ പിൻബലത്തിൽ ജയിൽ വിമുക്തനാക്കപ്പെട്ടെങ്കിലും, തൽക്ഷണം നഗരം വിട്ടു പോകാൻ അന്ത്യശാസനം നൽകപ്പെടുന്നതും ശ്രദ്ധേയമായവ തന്നെ.

## വിശ്വത്തോളം വിശാലമാകുന്ന അടിത്തറ:

ചുരുങ്ങിയ കാലത്തെ വാസത്തിനിടയിൽ ഏതാനും പേരെ ക്രിസ്തുവിലേക്കാദായപ്പെടുത്തുവാൻ പൗലോസിനും സീലാസിനും സാധിച്ചു. അവരിൽ പേരെടുത്തു പറയപ്പെടേണ്ടവരാണ് ലിഡിയാ എന്ന മാന്യവനിത, അവരെ തടവിൽ പാർപ്പിച്ചിരുന്ന കാരാഗൃഹത്തിന്റെ പ്രമാണി, അവരാൽ സുഖപ്പെടുത്തപ്പെട്ട ഒരടിമ പെൺകുട്ടി എന്നിവർ. ഇതത്ര പ്രധാനപ്പെട്ടതല്ലെന്നു തോന്നിയേക്കാം. എന്നാൽ ഇവരെ കേവലം മുന്നു വ്യക്തികളായി മാത്രം കണ്ടാൽ പോരാ. **ക്രിസ്തുമതത്തിന്റെ അടിത്തറ എത്രമാത്രം വിശാലമായിത്തീരാം** എന്നതിന്റെ സുചനകളാണ് ഈ മുവർ. സഭയുടെ ഇരുപത് നുറ്റാണ്ട് നീണ്ട ചരിത്രം സ്പഷ്ടമായി തെളിയിക്കുന്ന ഒരു സംഗതി, ക്രൈസ്തവ സഭയിൽ സ്ത്രീയും പുരുഷനും, ജന്മിയും കുടിയാനും, അടിമയും സ്വതന്ത്രനും...... എല്ലാം ഒരുപോലെ സ്വീകാര്യമാണ് എന്നതത്രെ. ക്രിസ്തുവിലാകുന്നവൻ പുതിയ സൃഷ്ടിയാണെന്നും അവിടെ തരവ്യത്യാസമില്ലെന്നും അപ്പസ്തോലൻ പിന്നീട് ലേഖനങ്ങളിലുടെ വ്യക്തമാക്കുന്നുമുണ്ട്.

www.malankaralibrary.com

## കാരാഗൃഹത്തിലെ ക്രൈസ്തവസാക്ഷ്യം:

ഇതുപോലെതന്നെ സുപ്രധാനമായ ഒരു കാര്യമാണ് തടവറയിലെ സാക്ഷ്യം. പൗലോസും സീലാസും കാരാഗൃഹത്തിൽ കിടന്നു കൊണ്ട് നല്കിയ സാക്ഷ്യം ക്രൈസ്തവർക്ക് ഒരു ചുണ്ടുപലകയാണ്; സഹനത്തോടുള്ള ക്രൈസ്തവ സമീപനം എന്തായിരിക്കണമെന്നതിന്റെ ചുണ്ടുപലക. ജയിൽ ജീവിതം എത്രമാത്രം അരോചകവും അസഹനീയവും അഭിമാനക്ഷതവും നിരാശാ ജനകവുമാണെന്ന് ആർക്കാണറിയാത്തത്? അത് ഏതൊരു മനുഷ്യന്റെയും ആത്മശക്തിയെ എത്ര മാത്രം ചോർത്തിക്കളയുന്നതാണെന്നും നമുക്കെല്ലാവർക്കുമറിയാമല്ലോ. (ഒരിക്കലെങ്കിലും പോലീസ് സ്റ്റേഷനിലോ കോടതി വരാന്തയിലെങ്കിലുമോ കയറിയിറങ്ങിയവർക്കിത് വേഗം മനസ്സിലാകും) എന്നാൽ പൗലോസിന്റെയും സീലാസിന്റെയും പ്രതികരണം തികച്ചും അത്ഭുതാവഹം തന്നെയായിരുന്നു. ചങ്ങലകളാൽ ബന്ധിക്കപ്പെട്ടിരുന്നിട്ടും അവർ സ്തോത്രത്തിന്റെയും സ്തുതിയുടെയും ഈരടികൾ നീട്ടിപ്പാടുകയായിരുന്നു. മാത്രമല്ല അവരിൽ നിറഞ്ഞുനിന്ന സന്തോഷത്തിന്റെയും ഉത്സാഹത്തിന്റെയും അലയടികൾ മറ്റു തടവുകാരിലും ഉത്സാഹമുണർത്തി. കാരാഗൃഹത്തെ അവർ മണവറയായി കരുതി! '.... ബന്ധനം ബന്ധനം തന്നെ പാരിൽ'. എന്നാൽ മനസ്സിന്റെ സ്വാതന്ത്ര്യമാണ് യഥാർത്ഥ സ്വാതന്ത്ര്യം.

*"ദുഃഖത്തിന്റെ പാനപാത്രം*
*കർത്താവെന്റെ കയ്യിൽ തന്നാൽ*
*സന്തോഷത്തോടതുവാങ്ങി*
*ഹല്ലേലുയ്യാ പാടീടും ഞാൻ.*
*ദോഷമായിട്ടൊന്നും എന്നോട്*
*എന്റെ താതൻ ചെയ്കയില്ല*
*എന്നെ അവൻ അടിച്ചാലും*
*അവനെന്നെ സ്നേഹിക്കുന്നു."*

തടവറയിൽ സംഗീതമുതിർക്കുന്ന മധുര ഗായകന്റെ മനോഭാവമിതാണ്. മനസ്സിൽ തടവറകളാണ് തീർക്കുന്ന യഥാർത്ഥ തടവറകൾ.

**അ**വിടെ ഒരു ഭൂകമ്പമുണ്ടായതോ, തങ്ങളുടെ ചങ്ങലകളെല്ലാം പൊട്ടിവീണതോ; തടവു വിട്ടോടുവാൻ കിട്ടിയ സന്ദർഭമോ ഒന്നും തന്നെ അവർ അറിഞ്ഞുപോലുമില്ല. അതവരെ തെല്ലും സ്പർശിച്ചില്ല എന്നതാണ് സത്യം. അവരിൽ നിറഞ്ഞു നിന്ന ആത്മാവിന്റെ സന്തോഷത്തെ കെടുത്തുന്നതിന് അത് പര്യാപ്തമായില്ല. പക്ഷേ 'തുറന്ന ജയിൽ' കണ്ട് ജയിലധികാരി അന്ധാളിച്ചുപോയി. തടവുപുള്ളികളെല്ലാം രക്ഷപെട്ടിരിക്കുമെന്നവൻ കരുതി. അവന് സമാധാനമില്ല; അവനാകെ പരിഭ്രമിച്ചു പോയി! നോക്കുക, മനസ്സിൽ തടവറകൾ തീർക്കുന്ന മനുഷ്യന്റെ മനോഭാവമെന്താണെന്നതിന് മതിയായ ഉദാഹരണമല്ലേ ഇത്? ഒരു കാര്യം അദ്ദേഹമറിഞ്ഞില്ല. തന്റെ തടവുപുള്ളികളുടെ മനംമാറ്റവും മതംമാറ്റവും; **തന്റെ തടവുകാരെല്ലാം ക്രിസ്ത്യാനികളായിത്തീർന്ന വിവരം!**

www.malankaralibrary.com

## ക്രൈസ്തവ സാക്ഷ്യം:

ഏതു സാഹചര്യത്തെയും സമർത്ഥമായി ഉപയോഗിക്കുന്ന ദൈവിക പദ്ധതിയെപ്പറ്റി നാമാശ്ചര്യം കുറും. ആത്മഹത്യക്കൊരുങ്ങുന്ന ആ കാരാഗൃഹപ്രമാണിയെ, തങ്ങളുടെ ക്രൈസ്തവ സാക്ഷ്യവും ജീവിതമാതൃകയും വഴി മാനസാന്തരപ്പെടുത്തുന്നതിനു പോലും ഈ സംഭവം കാരണമായി.

ജയിലോ കൊലക്കളമോ എന്തുമാകട്ടെ, പരിശുദ്ധാത്മാവിന്റെ ശക്തികൊണ്ട് ഏതു സാഹചര്യത്തെയും പരിവർത്തന വിധേയമാക്കുവാൻ സാധിക്കുമെന്ന് അപ്പസ്തോലൻ നാടകീയമായി അവതരിപ്പിക്കുകയാണിവിടെ. നമ്മുടെ പൂർണ്ണസഹകരണമുണ്ടെങ്കിൽ ഏതു സാഹചര്യത്തിലും പരിശുദ്ധാത്മാവ് ജീവനും ശക്തിയും നല്കുവാൻ ഒരുക്കമത്രെ. പൗലോസിനെ സംബന്ധിച്ച് അത് കാരാഗൃഹത്തിന്റെ സാഹചര്യത്തിലാണ്. നമ്മെ സംബന്ധിച്ച് മറ്റൊരു വിപരീത സാഹചര്യത്തിലാകാം. പ്രതികൂലങ്ങളെ അനുകൂലമാക്കുവാൻ കർത്താവ് മതിയായവനാണെന്ന് നാം ഉറച്ച് വിശ്വസിക്കണം; ഉറക്കെപ്പാടണം; ഉച്ചൈസ്തരം ഉൽഘോഷിക്കണം. അതാണ് ക്രൈസ്തവ സാക്ഷ്യം. അതാണ് കാരാഗൃഹത്തിലെ ക്രൈസ്തവ സാക്ഷ്യം.

*എന്റെ യേശു എനിക്കു നല്ലവൻ*
*അവൻ എന്നുമെന്നും മതിയായവൻ*
*ആപത്തിൽ രോഗത്തിൽ വൻപ്രയാസങ്ങളിൽ*
*മനമേ അവൻ മതിയായവൻ (2)*

**ഈ** സാക്ഷ്യം നല്കുവാൻ നാം പ്രാപ്തരാണോ? ഇന്നിന്റെ ഇടവേളകളിൽ ഈ സാക്ഷ്യത്തിന് പ്രസക്തിയേറെയാണ്. ക്രിസ്തീയ സഭകളും സമൂഹവും, ക്രൈസ്തവ വ്യക്തികളുമെല്ലാം ഈ വെല്ലുവിളി ഏറ്റെടുക്കുവാൻ നിരന്തരം ഉത്സാഹിക്കണം. ആത്മാവിന്റെ ശക്തി നിരന്തരം പ്രാപിക്കണം.

## തെസ്സലോനിക്യാ സഭ – ദൈവരാജ്യത്തിന്റെ രാജപാത:

ഫിലിപ്പിയയിൽ നിന്ന് അദ്ദേഹം അനുചരരോടൊത്ത് തെസ്സലോനിക്യായിലേക്കാണ് പോയത്. പ്രശസ്തമായ ഒരു ക്രൈസ്തവസമൂഹം അവിടെ അദ്ദേഹം സ്ഥാപിച്ചു. (ഇതേസമയം കേരള സഭയുടെ അപ്പസ്തോലനായ മാർ തോമ്മാ ശ്ലീഹാ കൊടുങ്ങല്ലൂര് വന്നതും ഏഴരപ്പള്ളികൾക്ക് അഥവാ ക്രൈസ്തവസമൂഹങ്ങൾക്ക് രൂപം നല്കിയതും ചരിത്രത്തിന്റെ ഭാഗവും, ചിന്താമൃതവുമാണ്.) അവിടെനിന്ന് കിഴക്കോട്ടും പടിഞ്ഞാറോട്ടും – **ഏഷ്യയിലേക്കും യൂറോപ്പിലേക്കും** – സുവിശേഷം വ്യാപിക്കുന്നതിന് അത് ഇടയാക്കി. അങ്ങനെ നോക്കുമ്പോൾ ഈ സഭ ദൈവരാജ്യത്തിന്റെ രാജപാതയാണെന്ന് പറയാം. പൗലോസിന് ഒരു പതിവ് ശൈലിയുണ്ടല്ലോ. ഏതു പട്ടണത്തിൽ ചെന്നാലും ആദ്യത്തെ ശ്രമം ആ പട്ടണത്തിലെ യഹൂദന്മാരെ കണ്ടെത്തുകയും അവരുമായി സമ്പർക്കം പുലർത്തുകയും ചെയ്യുക എന്നതാണ് ആ ശൈലി. അതിനുവേണ്ടി അദ്ദേഹം അവിടെയുള്ള സിന്നഗോഗ് അന്വേഷിച്ചു പോകുന്നു. എന്നാൽ യഹൂദന്മാർ ആരും തന്നെ മാനസാന്തരപ്പെട്ടില്ലെന്നു മാത്രമല്ല അവർ അദ്ദേഹത്തോട് ശത്രുതയും പ്രതികാരവും പ്രക

www.malankaralibrary.com

ടിപ്പിക്കുവാൻ തുനിഞ്ഞിറങ്ങുകയുമാണ്. അതിനാൽ അപ്പസ്തോലൻ തന്റെ ശേഷിയും ശേമുഷിയും മുഴുവനായി വിജാതീയരിലേക്ക് തിരിച്ചു വിട്ടു. അവർ ഉത്സാഹപുർവ്വം സുവിശേഷം സ്വീകരിക്കുവാൻ തയ്യാറാകുകയും ചെയ്തു. എന്നാൽ യഹുദരുടെ സമ്മർദ്ദം ഏറുകയാൽ അവിടെനിന്ന് ബെറോയായിലേക്കും തുടർന്ന് ആഥൻസിലേക്കും തന്റെ പ്രവർത്തനരംഗം മാറ്റുന്നു.

## ആഥൻസും ആരിയോപാഗസ്സും:

പതിനേഴാമദ്ധ്യായം ആഥൻസു വാസത്തെപ്പറ്റി വിവരിക്കുന്നു. ആഥൻസിന്റെ പഴയകാല പ്രതാപമെല്ലാം അസ്തമിച്ചു കഴിഞ്ഞിരുന്നെങ്കിലും അപ്പോഴും അത് ലോകത്തിന്റെ വിജ്ഞാന വിതരണകേന്ദ്രം – സർവ്വകലാശാല – തന്നെയായി അറിയപ്പെട്ടിരുന്നു. അത് യവനസാംസ്കാരിക കേന്ദ്രമായിരുന്നു എന്നോർക്കുന്നത് നന്ന്.

തുറന്ന മനസ്സോടെ ആരെയും ശ്രവിക്കാനുള്ള മന:സ്ഥിതി ആഥൻസുകാരുടെ ഒരു സവിശേഷതയാണ്. ക്രൈസ്തവർക്ക് കൈവരാവുന്ന ഒരു വലിയ സാദ്ധ്യതയെ മുൻകുട്ടിക്കാണുവാൻ പൗലോസിന് സാധിക്കുന്നു. യവന സംസ്കാരത്തിന്റെ 'മെക്ക'യായ ആഥൻസിൽ ക്രിസ്തുമതം അംഗീകരിക്കപ്പെട്ടു കഴിഞ്ഞാൽ, ലോകത്തിന്റെ ഏതു കോണിലും അത് അനായാസം സ്വീകാര്യമാകുമെന്ന കാര്യം തീർച്ചയാണ്. വിജ്ഞാനികളെ നോക്കിയിരിക്കുന്ന ആരിയോപാഗസ്സിൽ ഒരു ദിവസം 'വന്നു, കണ്ടു, കീഴടക്കി' എന്ന ഭാവത്തോടെ പൗലോസ് കടന്നു ചെല്ലുകയാണ്. സർവ്വജ്ഞാനവും ബുദ്ധിയും യുക്തിയുമുപയോഗിച്ച്, കാച്ചിക്കുറുക്കി ചെത്തിമിനുക്കിയ ഭാഷയിൽ നല്ലൊരു സുവിശേഷ പ്രഘോഷണം നടത്തി. ഒരുപക്ഷേ പൗലോസിന്റെ ഏറ്റവും മികച്ച പ്രസംഗം – മാസ്റ്റർ പീസ്.

## രണ്ടു സന്ദേശങ്ങൾ:

(1) മനുഷ്യരെല്ലാം സമന്മാരാണ്;

അവരെല്ലാം ഏക ദൈവത്തിന്റെ സന്താനങ്ങളാണ്.

അനേകം ദൈവങ്ങളിൽ വിശ്വസിച്ചിരുന്ന യവന സമുഹത്തിന് (ഗ്രീക്കുകാർ) 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്' എന്ന നുതന സന്ദേശം, ബോദ്ധ്യപ്പെടുത്തി കൊടുക്കുവാൻ ഒരു വിഫല ശ്രമം നടത്തുന്ന പൗലോസിനെയാണ് നാമിവിടെ കാണുക.

(2) ഈ ദൈവം ന്യായാധിപനാണ്.

എല്ലാ മനുഷ്യരെയും അവൻ ന്യായം വിധിക്കും. മരിച്ചവരിൽ നിന്നുയർത്ത ദൈവമാണ് യേശു. 'അജ്ഞാത ദേവൻ' എന്ന് നിങ്ങൾ വിളിക്കുന്നത് അവനെയാണ്. അവനാണ് ന്യായാധിപൻ. യേശുവിന്റെ ഉയർപ്പ് മനുഷ്യരാശിയുടെ രക്ഷയിൽ നിർണ്ണായക പങ്കു വഹിക്കുന്ന മഹാരഹസ്യമാണ്.

## മാനസാന്തരത്തിന്റെ 'റൂഹാ' കടന്നു വന്നില്ല!

ആഥൻസുകാരുടെ പ്രതികരണം ആശാവഹമായിരുന്നില്ല. അത് ബൗദ്ധികമായ ഒരു കസർത്ത് എന്നതിൽ കവിഞ്ഞ ഒന്നുമായിരുന്നില്ല അവർക്ക്. വിജ്ഞാന കുതുകികളായ അവരുടെ അറിയാനുള്ള ആകാംക്ഷ, അവരെ നല്ല ശ്രോതാക്ക

www.malankaralibrary.com

ളാക്കി എന്നത് മാത്രമാണ് ഏക ആശ്വാസം. തടസ്സം കൂടാതെ പ്രസംഗിക്കുവാൻ സാധിച്ചു! ബുദ്ധിയുടെ തലത്തിൽ നിന്ന് ഒരിഞ്ചു പോലും മുന്നോട്ട് പോകുവാൻ ഈ പ്രസംഗം സഹായിച്ചില്ല എന്നു പറഞ്ഞാൽ **മാനസ്സാന്തരത്തിന്റെ ചെറുകാറ്റുപോലും ഊതിയില്ലെന്നർത്ഥം.**

**പ**രാജയത്തിന്റെ ഈ അനുഭവം നല്കുന്ന പാഠമെന്താണ്? നമ്മുടെ ഏറ്റവും മികച്ച പ്രവൃത്തികളും ഉത്തമമായ പരിശ്രമങ്ങളും ആത്മാർത്ഥമായ ശ്രമങ്ങളും പോലും പലപ്പോഴും പരാജയത്തിൽ കലാശിച്ചേക്കാം. പദ്ധതികൾ പാളിപ്പോയേക്കാം. അവാർഡ് ചിത്രം അധികനാൾ ഓടിയില്ലെന്നിരിക്കാം. ഗാലറി ശൂന്യമായേക്കാം. നമ്മുടെ പ്രസംഗമല്ല മാനസാന്തരത്തിന്റെ റൂഹായാണ് പ്രധാനം.

## വിശ്വാസം – ഒരു ദൈവദാനം:

**പ**ക്ഷേ, നമുക്കൊന്നാശ്വസിക്കാം. നമ്മുടെ ഒരുക്ക കുറവല്ല, പ്രകടന പരാജയമല്ല, ഫലസിദ്ധിക്കുറവിന്റെ യഥാർത്ഥ കാരണം. ദൈവികമായ കാര്യങ്ങൾ ഉൾക്കൊള്ളാനുള്ള ശ്രോതാക്കളുടെ കഴിവില്ലായ്മയും മനസ്സില്ലായ്മയുമാണതിന് കാരണം. വിശ്വാസം ഒരു ദൈവിക ദാനമെന്നാണല്ലോ നാം വിശ്വസിക്കുക. വിശ്വസിക്കാനും സ്വീകരിക്കാനും കഴിയുന്നില്ലെങ്കിൽ അവരുടെ വിശ്വാസ നിലവാരം, 'ഫെയ്ത്ത് കോഷൻറ്' – F.Q- അത്രയ്ക്കേ വികസിതമായിട്ടുള്ളു എന്നു കരുതുന്നതാണ് ഭംഗി. നമ്മുടെ വിശ്വാസത്തെ ഓർത്ത്, യേശുക്രിസ്തുവിലൂടെ അവൻ ചെയ്തിരിക്കുന്ന കൃപയെ ഓർത്ത് ദൈവത്തിന് നന്ദിയോടെ സ്തോത്രം ചെയ്യാം. സത്യമായും വിശ്വാസം വിലപ്പെട്ട ഒരു ദൈവദാനം തന്നെയാണ്. നമ്മുടെ വിശ്വാസത്തിന്റെ നാഥൻ യേശുതന്നെയാണ്.

## കോരിന്ത്യൻ മിഷൻ പര്യടനം – ഒരു നൂതന ശൈലിക്ക് തുടക്കം:

**ഏ**ഥൻസിൻ നിന്ന് കോരിന്തിലേക്കാണ് യാത്ര. ഇവ രണ്ടും അടുത്തടുത്ത ഗ്രീക്ക് നഗരങ്ങളാണ്. ഇവിടെ പ്രസംഗശൈലി മാത്രമല്ല പ്രവർത്തനശൈലിയും അദ്ദേഹം മാറ്റുകതന്നെ ചെയ്തു.സുവിശേഷ പ്രവർത്തന ചരിത്രത്തിൽ പൗലോസിന്റെ സാധാരണ ശൈലി എന്തായിരുന്നു ചെറിയ ഒരു ക്രൈസ്തവസമൂഹത്തെ രൂപീകരിച്ചതിന് ശേഷം തിടുക്കത്തിൽ അടുത്ത പ്രദേശത്തേക്ക് പോകുക എന്നതായിരുന്നു തുടക്കത്തിൽ അദ്ദേഹത്തിന്റെ പ്രവർത്തനശൈലി. എന്നാൽ ഇവിടെയാകട്ടെ ഒരുവർഷവും ആറുമാസവും സ്ഥിരമായി താമസിച്ചു. ഒരു യഹൂദക്രൈസ്തവ കുടുംബത്തോട് ബന്ധപ്പെട്ട് അവരുടെ കൂടെ താമസുച്ചു; അവരുടെ കൂടെ ജോലി ചെയ്തു; അവരെ പഠിപ്പിച്ചു; അവരുമായി നിരന്തരസമ്പർക്കം പുലർത്തി. നോക്കുക: പൗലോസ് അവരുടെയിടയിൽ ദൈവവചനം പഠിപ്പിച്ചുകൊണ്ട് അവിടെ ഒരു വർഷവും ആറുമാസവും താമസിച്ചു.(അപ്പ.18/11).

## വിജാതീയരിലേക്ക് പൂർണ്ണമായി തിരിയുന്നു:–

**ഇ**വിടെയും പതിവുപോലെ സിനഗോഗുകൾ സന്ദർശിക്കുകയും (സ്വകാര്യ പ്രാർത്ഥനക്കായി എന്ന് കരുതുന്നതിലും അപാകതയില്ല) ഉയർത്തെഴുന്നേറ്റ യേശുവിനെപ്പറ്റി അവരെ പ്രബോധിപ്പിക്കാൻ ഉത്സാഹിക്കുകയും ചെയ്തു,. സമയത്തും അസമയത്തും എല്ലാം (=സൗകര്യം കിട്ടുമ്പോഴെല്ലാം) യഹൂദരോടും വീജാതിയ

www.malankaralibrary.com

രോടും സുവിശേഷം പ്രസംഗിക്കുക അദ്ദേഹത്തിന്റെ ജീവിതശൈലിയായിരുന്നു. പക്ഷേ യഹൂദർ മറുതലിച്ചും ഇടം തടിച്ചും തന്നെ നിന്നു. തന്മൂലം യഹൂദരോട് സ്വാഭാവികമായി തനിക്ക് ഉണ്ടായിരുന്ന പ്രതിബദ്ധതയ്ക്ക വിരാമമിടുകയും വിജാ **തീയരിലേക്ക് പൂർണ്ണമായി തിരിയുകയും ചെയ്തു.**

കുറ്റം തന്റേതല്ല, അവരുടേതാണെന്ന് സ്പഷ്ടമായി പറയുകയും ചെയ്തു. 'ഇനി ഞാൻ വിജാതീയരുടെ അടുത്തേക്ക് പോകുന്നു'(അപ്പ.18/6). അവർ തങ്ങ ളുടെ പാദങ്ങളിലെ പൊടി അവർക്കെതിരായി തട്ടിക്കളഞ്ഞിട്ട്..... പോയി.(അപ്പ. 13/51). അതായിരുന്നല്ലോ യോശു തന്റെ ശിഷ്യന്മാർക്ക് കോടുത്ത നിർദ്ദേശം. പീഡനങ്ങൾ തല ഉയർത്തുന്ന ഇക്കാലത്തും യേശുവിന്റെ സന്ദേശം വ്യത്യസ്ഥ മായിരിക്കുമോ? ഈ ലോകം സ്വന്തമെന്ന് കരുതുന്നവർ ഏറുമ്പോൾ പ്രശ്നങ്ങൾ പെരുകുന്നത് സ്വാഭാവികമാണ്.

യഹൂദരോടുള്ള അകൽച്ചയുടെ അടയാളമായി അദ്ദേഹം തന്റെ താമസം തന്നെ തീസിയോസ് യുസ്തോസ് എന്നു പേരായ ദൈവഭക്തനായ ഒരു വീജാ തിയ ക്രൈസ്തവന്റെ വിട്ടിലേക്കു മാറ്റി(18/7). ഇത് പ്രതീകാത്മകമായ പ്രവർത്ത നമാണ്

കോരിന്തിലെ അനുഭവം അദ്ദേഹത്തിന്റെ മിഷനറി പ്രവർത്തന വളർച്ചയുടെ ഒരു ഉദാഹരണമാണ്.

## ശരീരമാദ്യം ഖലു ധർമ്മ സാധനം:-

സ്വയം സുക്ഷിക്കിന്നത് മിഷൽ പ്രവർത്തനത്തിന്റെ സുപ്രധാനമായ ഒരു കാര്യമാണ്. ശരീരമാദ്യം ഖലു ധർമ്മസാധനം എന്നാണല്ലോ ആയുർവ്വേദത്തിന്റെ യും അഷ്ടാംഗഹൃദയത്തിന്റെയും ബാലപാഠം. സാഹചര്യങ്ങൾ വിലയിരുത്തു ന്നതിലും അവശ്യാനുസരണം തന്റെ പ്രവർത്തനശൈലി മാറ്റുന്നതിലും അദ്ദേഹം ഒട്ടും മടിച്ചിരുന്നില്ല. മാത്രമല്ല മറ്റു ജോലികളിലേപ്പെടുന്നതിലും അങ്ങനെ മാന സ്സികമായും ശാരികമായും ഉന്മേഷം വീണ്ടെടുക്കുന്നതിലും അദ്ദേഹം ശ്രദ്ധിച്ചി രുന്നു എന്നോർക്കുന്നത് കൊളളാം.

നമ്മുടെ പരിമിതികൾ നാമും മനസ്സിലാക്കണം. പൗലോസിനെപ്പോലെ പ്രവർത്തിക്കുവാൻ ചെയ്യാൻ ശിലിക്കേണ്ടിയുമിരിക്കുന്നു. നിരന്തരമായ യാത്രയും കഠിനാദ്ധ്വാനവും കുടെക്കുടെ ഉണ്ടായ പരാജയങ്ങളും അദ്ദേഹത്തെ മാനസ്സിക മായും വൈകാരികമായും ക്ഷീണിതനാക്കി എന്നത് വസ്തുതയാണ്. യേശുവിന് വേണ്ടത് രോഗികളായ രക്തസാക്ഷികളെയല്ല യോഗികളായ പ്രവർത്തകരെയാ ണ്.

## ആത്മാവിന്റെ അത്ഭുതകരമായ ഇടപെടലുകൾ

പരിശുദ്ധാത്മാവിന്റെ അത്ഭുതകരമായ ഇടപെടലിന്റെ രണ്ട് അനുഭവങ്ങൾ കാണാം.

(1) ഈ ഘട്ടത്തിൽ ദൈവാത്മാവ് ഇടപെട്ട് അദ്ദേഹത്തെ ശക്തിപ്പെടുത്തുകയും സുവിശേഷപ്രസംഗം തുടർന്നുകൊണ്ടു പോകുവാൻ ആവശ്യപ്പെടുകയും ചെയ്യു ന്നു. യാതോരു കാരണവശാലും ഭയപ്പെടേണ്ടതില്ലെന്നും, ദൈവികസംര ക്ഷണംകൂടെ ഉണ്ടായിരിക്കുമെന്നും, അദ്ദേഹത്തിന്റെ പ്രവർത്തനഫലമായി അനേ

www.malankaralibrary.com

കർ വിശ്വാസത്തിലേക്ക് വരുമെന്നും ഉറപ്പ് നൽകുന്നു.(അപ്പ.18/9–10) അവിടുത്തെ പ്രത്യേക നടത്തിപ്പുകൾ ആവശ്യകമായി വരുമ്പോൾ കൂടെഇരുന്ന് സഹായിക്കുന്നവനാണ് പരിശുദ്ധാത്മാവ്.

(2) രണ്ടാമത്തെ അനുഭവവും ആത്മാവിന്റെ ദിവ്യനടത്തിപ്പായി മാത്രമേ കാണാൻ കഴിയു. യഹൂദർ സംഘടിതമായി നടത്തിയ ഒരുകടനാക്രമണ വേളയിലാണ് ഈ അനുഭവം പ്രകടമാക്കുന്നത് (അപ്പ.18/12). റോമൻ ഭരണകൂടത്തിന്റെ സഭയോടുള്ള പ്രതികരണം ഇവിടെ പ്രകടമാകുന്നുണ്ട്.

യഹൂദന്മാർ സഭക്കെതിരെയും അപ്പസ്തോലനെതിരെയുടെ തൊടുത്തുവിട്ട എല്ലാ വാദമുഖങ്ങളും ശ്രവിച്ചതിനുശേഷം റോമൻ ഉപസ്ഥാനപതി(പ്രോക്കുൺസുൾ) തീർപ്പ് കല്പിക്കുന്ന സന്ദർഭമാണത്. ക്രൈസ്തവമതം റോമൻ സാമ്രാജ്യത്തിനെതിരാണ്എന്നുള്ള വാദമുഖങ്ങളെ സ്വീകരിക്കുവാനോ ശരിവെക്കുവാനോ അദ്ദേഹം തയ്യാറായില്ല. മതപരമായ ആ വാഗ്വാദങ്ങളിൽ ഇടപെടാൻ പോലുമദ്ദേഹം ഇഷ്ടപ്പെട്ടില്ല. പൗലോസിന്റെ എതിർവാദം കേൾക്കാതെ തന്നെ കോടതിപിരിയുകയും പൗലോസിനെ വിട്ടയയക്കുകയുമാണ്.കോടതിയിൽ നിന്ന് ആട്ടിപ്പുറത്താക്കപ്പെട്ട യഹൂദർ മുറിവേറ്റ മൃഗത്തെപ്പോലെ അവരുടെ സിനഗോഗധികാരിയായി സ്വസ്തനായിരുന്ന സൊസ്തനോസിനെ കോടതിയുടെ മുമ്പിൽ വെച്ചുതന്നെ അടിച്ചു! ഫിലിസ്ത്യർ പരസ്പരം പടവെട്ടുകയും ഇസ്രായേൽ വിജയിക്കുകയും ചെയ്ത അനുഭവമാണോർമ്മയിൽ വരുക.

ക്രിസ്തുമതം റോമൽ ഭരണകൂടത്തിന് ഒരു ഭീഷണിയേയല്ലെന്നും, ഒരിക്കലുമായിരുന്നില്ലെന്നുമുള്ളതിന്റെ ചരിത്രസാക്ഷ്യമാണീ രേഖ. ഈ സംഭവങ്ങളെയെല്ലാം പരിശുദ്ധാത്മാവ്തനിക്കനുകൂലമായി പകർത്തുന്നത് അത്ഭുതാദരങ്ങളോടെ പൗലോസ് നോക്കിനിന്നു പോയി. അതുകൊണ്ടുകൂടിയാണ് നീണ്ട ഒരു വർഷവും ആറുമാസവും കോരിന്തിൽ താമസിച്ച് അദ്ദേഹം സുവിശേഷവേല ചെയ്യുന്നത്.

## മൂവാണ്ടുനീണ്ട യാത്രയുടെ അന്ത്യം

കേസറിയായിലെത്തി അവിടുത്തെ സഭയെ അഭിവാദനം ചെയ്തശേഷം അവൻ അന്ത്യോക്യായിലേക്ക് പോയി.(അപ്പ.(18/22). രണ്ടാം പ്രേഷിതയാത്രയുടെ ഒരു വൃത്തം പൂർത്തിയാക്കുന്ന സമാപനക്കുറിപ്പാണ് ഈ വരികൾ. അന്ത്യോക്യായിൽ നിന്ന് മൂന്നു വർഷം മുമ്പ് യാത്രതിരിച്ച പൗലോസ്സ് (അപ്പ.15/35,40) യാത്രയുടെ അവസാനം അന്ത്യോക്യായിൽ തന്നെ എത്തുന്നതാണ് നാം കാണുന്നത്

## പ്രേഷിതവൃത്തി – ഒരു ജീവിത ശൈലി

അപ്പസ്തോലിക യാത്രയിൽ തെളിഞ്ഞുവന്ന ഒന്ന് രണ്ട് കാര്യങ്ങൾ കൂടി പറഞ്ഞുകൊണ്ട് ഈ പഠനം സമാപിപ്പിക്കാം.

(1) രണ്ടാം പ്രേഷിതയാത്രയാകെ കാറ്റും കോളും നിറഞ്ഞതും കാർമേഘാവൃതവുമായിരുന്നു. സുവിശേഷ പ്രചരണ പ്രവർത്തനങ്ങൾ അന്നും ഇന്നും എളുപ്പമുള്ള കാര്യമല്ല. കഠിനമായ കഷ്ടപ്പാടും നിരന്തരമായ ക്ലേശവും ഏറെ ത്യാഗവും സ്വയം ശൂന്യവൽക്കരണവും ആവശ്യമായ ഒരു യജ്ഞവേദിയാണത്.

www.malankaralibrary.com

പൂർണ്ണ ആത്മാവോടും പൂർണ്ണമനസ്സോടും മുഴുഹൃദയത്തോടും കൂടി തന്റെ കർത്താവിനെ സ്നേഹിക്കുന്ന ഒരാൾക്ക് മാത്രമേ സുവിശേഷ ദൗത്യം ഏറ്റെടുക്കുവാൻ സാധിക്കുകയുള്ളു.അവർ തങ്ങളുടെ ശാരീരികവും മാനസ്സികവും വൈകാരികവും ആദ്ധ്യാത്മികവുമായ കഴിവുകൾ മുഴുവൻ അതിനായി വിനിയോഗിക്കേണ്ടതുണ്ട്. അതൊരു മുഴുവൻ സമയ ജീവിതശൈലിയാണ്, പാർട്ടൈം തൊഴിലല്ല.

മനുഷ്യന്റെ പ്രയത്നങ്ങൾ എത്രതന്നെ കാര്യക്ഷമമായിരുന്നാലും സുവിശേഷ പ്രചരണ പ്രവർത്തനങ്ങൾ യേശുവിന്റെ ആത്മാവിനാൽ മാത്രമേ വിജയിക്കൂ. എന്നെ ശക്തിപ്പെടുത്തുന്നവനിൽ എനിക്കെല്ലാം ചെയ്യാൻ സാധിക്കും എന്നാണ് അപ്പസ്തോലൻ അതിനെപ്പറ്റി പറയുന്നത്.

*തിരുവചനം ഘോഷിക്കുവാൻ*

*തിരുവചനം സാക്ഷിക്കുവാൻ*

*ഉണർവിൻ ശക്തി അയയ്ക്കേണമേ*

*ഈ ശിഷ്യരാം നിൻ ദാസരിന്മേൽ(2)*

*ആത്മാവിൽ ശ്ക്തിയോടെ ജീവിപ്പാൻ*

*ആത്മനൽവരങ്ങൾ നിത്യവും പ്രകാശിപ്പാൻ*

*ആത്മദായകാ നിരന്തരമായെന്നിൽ*

*ആത്മദാനങ്ങൾ പകരണമേ*

സുവിശേഷം സന്തോഷമാണ്(അപ്പ.8/8,39;9/31;13/52;15/3;16/34)സുവിശേഷകൻ ശക്തിപകരുന്നവനാണ്.അവൻ സഞ്ചരിച്ച് എല്ലാ ശിഷ്യർക്കും ശക്തിപകർന്നുകൊണ്ടിരുന്നു.(അപ്പ. 18/23). അവൻ ആത്മാവിന്റെ ഉനർവ്വോടെ പഠിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നവനാണ് (അപ്പ 18/25). നമുക്കെപ്പോഴും ബോദ്ധ്യമുണ്ടായിരിക്കണം, നാം ദൈവത്തിന്റെ വേലയാണ് ചെയ്യുന്നതെന്ന്. അത് നമ്മുടെ വേലയല്ല. നാം അവന്റെ കൂട്ടുവേലക്കാരണ്. സഭ അവന്റെ വയലും വീടുമാണ്.

കർത്താവായ യേശുവിന്റെ സുവിശേഷസന്ദേശം പ്രചരിപ്പിക്കുന്നത് മറ്റേതു പ്രവർത്തനത്തെക്കാൾ മഹിമയുള്ളതാണ്. അത് രക്ഷാകര പ്രവർത്തനങ്ങളാണ്. അത് നിത്യസമ്മാനത്തിന് നമ്മെ അർഹരാക്കുന്നതുമാണ്.

(തുടരും)

തയ്യാറാക്കിയത്:

മേരിഗിരി, തിരുവല്ല, ഫാദർ ഏബ്രഹാം കാടമല.

30-11-1998. ഫാദർ ഏബ്രഹാം നടുവിലേടം.

www.malankaralibrary.com

# അപ്പസ്തോല പ്രവർത്തനങ്ങൾ

# ഒരു പഠനം

## പൗലോസിന്റെ മൂന്നാം പ്രേഷിതയാത്ര

അദ്ധ്യായം: 18/23-21/26

വിജാതീയരുടെ അപ്പസ്തോലനായ പൗലോസ് നയിച്ച മൂന്ന് പ്രേഷിത യാത്രകളെപ്പറ്റി അപ്പസ്തോല പ്രവർത്തനങ്ങൾ വെളിച്ചം വീശുന്നുണ്ട്. 16 മുതൽ 18 വരെ അദ്ധ്യായങ്ങളിൽ പരന്നു കിടക്കുന്ന രണ്ടാം പ്രേഷിതയാത്ര യെക്കുറിച്ചാണല്ലോ കഴിഞ്ഞ പഠനക്കുറിപ്പിൽ നാം കണ്ടത്. മൂന്നു യാത്ര കളും അന്ത്യോക്യയിൽനിന്ന് ആരംഭിക്കുന്നു എന്നത് ശ്രദ്ധേയമാണ്. (അപ്പ. 13/3; 15/35-36; 18/23).

"**അവൻ അന്ത്യോക്യായിലേയ്ക്ക് പോയി. കുറെക്കാലം അന്ത്യോക്യാ യിൽ ചെലവഴിച്ചതിനു ശേഷം അവൻ യാത്ര പുറപ്പെട്ട്** ഗലാത്തിയാ, ഫ്രീജിയാ എന്നീ പ്രദേശങ്ങളിലൂടെ സഞ്ചരിച്ച് എല്ലാ ശിഷ്യർക്കും ശക്തി പകർന്നുകൊണ്ടിരുന്നു." (അപ്പ. 18/23). സാക്ഷ്യജീവിതത്തിന്റെ പുതിയ ഒരു തുടക്കത്തിന്റെ സ്പന്ദനം ഈ വരികളിൽ തുടിച്ചുനില്ക്കുന്നു. മൂന്നാം പ്രേഷി തയാത്രയുടെ ആരംഭം കുറിക്കുന്നതിവിടെക്കാണാം.

### മിഷൻ പ്രവർത്തനത്തിലെ ജാഗ്രതയും വ്യഗ്രതയും:

മിഷൻ പ്രവർത്തനത്തിൽ അപ്പസ്തോലൻ പ്രകടിപ്പിച്ച ഏകാഗ്രതയും ജാഗ്രതയും 'വ്യഗ്രതയും' ആവേശവും അനിതരസാധാരണമെന്നേ പറയാ. നാവു. ലോകം മുഴുവൻ സുവിശേഷം അറിയിക്കുവാനുള്ള ആത്മാവിന്റെ നിയോഗത്തിന് തടസ്സമായി നില്ക്കുന്ന യാതൊന്നും തന്റെ വ്യക്തിജീവി തത്തെ സ്വാധീനിക്കാൻ അദ്ദേഹം സമ്മതിക്കുകയില്ല. ഇതിൽപരം എന്താണ് ഒരു യഥാർത്ഥ സുവിശേഷകനിൽ നിന്നും നാമാഗ്രഹിക്കുന്നത്? സുവിശേഷ വ്യാപനത്തിനുവേണ്ടി കൂടുതലായി എന്താണ് ചെയ്യേണ്ടത് എന്നായിരുന്നു അനുദിനം തന്നോടുതന്നെ അദ്ദേഹം ചോദിച്ചിരുന്നത്. കൊളോസോസു കാർക്ക് എഴുതുന്നത് ശ്രദ്ധിക്കുക: "നിങ്ങൾക്കു വേണ്ടിയുള്ള ക്രിസ്തുവിന്റെ വിശ്വസ്തനായ ശുശ്രൂഷകനാണ് എപ്പഫ്രാസ്. ആത്മാവിലുള്ള നിങ്ങളുടെ സ്നേഹത്തെക്കുറിച്ച് അവൻ ഞങ്ങളോട് പറഞ്ഞിട്ടുണ്ട്. തൻമൂലം അതേ ക്കുറിച്ച് കേട്ട നാൾ മുതൽ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിൽ നിന്ന് ഞങ്ങൾ വിരമിച്ചിട്ടില്ല. നിങ്ങൾ പൂർണ്ണമായ ജ്ഞാനവും ആത്മീയ അറിവും വഴി, ദൈവഹിതത്തെക്കുറിച്ചുള്ള ഉൾക്കാഴ്ചകൊണ്ട് നിറയാൻ വേണ്ടിയാണ്, ഞങ്ങൾ പ്രാർത്ഥിക്കുന്നത്." (കൊളോ. 1/7-9). **സുവിശേഷകൻ നിരന്തരം**

www.malankaralibrary.com

പ്രവർത്തിക്കുകയും, പ്രവൃർത്തികളുടെ സൽഫലത്തിനായി നിരന്തരം പ്രാർത്ഥിക്കുകയും ചെയ്യേണ്ടവനാണ്. "നിങ്ങൾക്കുവേണ്ടിയും എന്റെ മുഖം നേരിട്ടു കണ്ടിട്ടില്ലാത്ത അനേകർക്കു വേണ്ടിയും ഞാൻ എത്ര ശക്തമായി പോരാടുന്നെന്ന് നിങ്ങൾ അറിയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു" (കൊളോ. 2/1). പ്രേഷിത വിജയത്തിനും മുന്നേറ്റത്തിനും വേണ്ടി വിശ്വാസികളും ഇതു തന്നെ ചെയ്യണമെന്ന് അപ്പസ്തോലൻ ഉദ്ബോധിപ്പിക്കുന്നത് കാണാം. "പ്രസംഗിക്കുവാൻ എനിക്കുള്ള ഉത്തരവാദിത്വമനുസരിച്ച് ആ രഹസ്യം ഞാൻ പ്രസ്പഷ്ടമാക്കുവാൻ ഇടയാക്കുന്നതിനുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കുവിൻ" (കൊളോ. 4/4).

## ആവേശത്തോടെയുള്ള മൂന്നാം പ്രേഷിതയാത്ര:

മേൽപ്രസ്താവിച്ചപോലെ പൗലോസ് അനുദിനം സ്വയം ചോദിച്ചിരുന്ന ഈ ചോദ്യത്തെപ്പറ്റിത്തന്നെയാണ് ഈ പാഠത്തിൽ നാം കാണാൻ പോകുന്നത്. ഇനിയും ഇനിയും, വളരെ വളരെ, കുടുതലായി പലതും തിരുനാമമഹത്വത്തിനായി – സുവിശേഷവ്യാപനത്തിനായി – തനിക്ക് ചെയ്തു തീർക്കാനുണ്ടെന്നുള്ള ആവേശത്തോടെ മൂന്നാം പ്രേഷിതയാത്ര ആരംഭിക്കുന്നു.

## പ്രേഷിതവേല ഒരു ഓഫീസ് ജോലിയല്ല:

പത്തൊമ്പതാമദ്ധ്യായത്തിന്റെ ഇരുപത്തിയൊന്നാം വാക്യത്തിൽ നാം വായിക്കുന്നതിങ്ങനെയാണ്: "ആത്മാവിന്റെ പ്രേരണയനുസരിച്ച് മക്കദോനിയാ, അക്കായിയാ എന്നീ പട്ടണങ്ങൾ കടന്ന് ജറുസലേമിലേയ്ക്ക് പോകുവാൻ പൗലോസ് തീരുമാനിച്ചു. അവിടെയെത്തിയതിനു ശേഷം തനിക്ക് റോമ്മായും സന്ദർശിക്കണമെന്ന് അവൻ പറഞ്ഞിരുന്നു."

ഇതഃപര്യന്തം കാറ്റിന്റെ ഗതിക്കൊത്ത് ശാന്തമായി നീങ്ങിക്കൊണ്ടിരുന്ന തന്റെ ജീവിതനൗക ഇനി കാറ്റിനെതിരെ സഞ്ചരിക്കുവാൻ കെട്ടഴിച്ചുവിടുന്ന പ്രതീതിയാണു നമുക്ക് ലഭിക്കുക. ഈ നിമിഷം വരെ വ്യക്തമായ ഒരു 'ടൈംടേബിൾ' പ്രകാരമല്ല പ്രത്യുത സംഭവങ്ങളുടെ ഗതിക്കൊത്ത് നീങ്ങിക്കൊണ്ട് സുവിശേഷപ്രചരണ പ്രവർത്തനങ്ങൾ അപ്പപ്പോൾ തന്നോട് ആവശ്യപ്പെടുന്നിടത്തേയ്ക്കൊക്കെ കടന്ന് ചെന്ന് പ്രവർത്തിക്കുന്ന പൗലോസിനെയാണ് കാണുക. സുവിശേഷപ്രവർത്തനം ഒരു ഓഫീസ് ജോലിയല്ല. മുൻകുട്ടി പ്ലാൻ ചെയ്തു നീങ്ങാവുന്നവയല്ലല്ലോ ഒരു സുവിശേഷകന്റെ ജോലി. വേണ്ടുവോളം സമയമെടുത്ത് അവധാനപൂർവ്വം വേണം സുവിശേഷകൻ പ്രവർത്തിക്കുവാൻ. ചുണ്ടയിട്ട് മീൻപിടിക്കുന്നവർ കാണിക്കുന്ന ക്ഷമാശീലവും കാത്തിരുപ്പും സ്ഥിരതയുമാണ് അവൻ മാതൃകയാക്കേണ്ടത്. മണിക്കുറുകളുടെ കാത്തിരുപ്പ്; ഏകാഗ്രതയോടെയുള്ള കാത്തിരുപ്പ്; ചിലപ്പോൾ 'രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല' എന്ന അവസ്ഥ! ഇതുവരെയുള്ള പൗലോസിന്റെ പ്രവർത്തനം ഇത്തരത്തിലുള്ളതായിരുന്നു എന്ന് കഴിഞ്ഞ അദ്ധ്യായത്തിൽ നാം കണ്ടുകഴിഞ്ഞു. എന്നാൽ ഇനി മുതൽ അദ്ദേഹത്തിന്റെ ജീവിതഗതി

www.malankaralibrary.com

യിലും പ്രവർത്തനശൈലിയിലും സാരമായ മാറ്റം നമുക്ക് കാണാം. അവ്യക്തമെങ്കിലും സുനിശ്ചിതമായ ഒരു ലക്ഷ്യവും ഭാവിയും ഉന്നംവെച്ച് നീങ്ങുന്ന ഓരോട്ടക്കാരന്റെ പ്രതീതി ജനിപ്പിക്കുന്നതാണ് ഇനിയുള്ള അദ്ദേഹത്തിന്റെ നീക്കങ്ങൾ.

## പ്രേഷിതന്റെ ഈറ്റുനോവ്:

എന്തിനാണ് ഇപ്പോൾ ജറുസലേമിലേയ്ക്കും അവിടെനിന്നും റോമിലേയ്ക്കും പോകാൻ ഉദ്ദേശിക്കുന്നതെന്ന് ഗ്രന്ഥകാരനായ ലൂക്കോസ് വ്യക്തമാക്കുന്നില്ല. ഏതോ ഒരു ഉൾപ്രേരണ അദ്ദേഹത്തെ നയിക്കുന്ന പ്രതീതിയാണുള്ളത്. ഇതുവരെ ആഴിപ്പരപ്പിൽ കാറ്റിന്റെ ഗതിവിഗതികൾക്കൊത്ത് അങ്ങോട്ടുമിങ്ങോട്ടും ആന്ദോളനം ചെയ്യുകയും ആടിയുലയുകയും ചെയ്തിരുന്ന തന്റെ ജീവിത നൗക തീരത്തണയാറായെന്നുള്ള തോന്നൽ അദ്ദേഹത്തെ ആവേശഭരിതനാക്കി. യേശുക്രിസ്തുവിന്റെ അപ്പസ്തോലന്റെ വിഗ്രഹംപണി തന്നിൽ പുർത്തിയാക്കുന്നതിന്റെ അവസാന മിനുക്കുപണിയിലേർപ്പെടുന്ന പൗലോസിനെയാണ് ഇവിടെ നാം കണ്ടുമുട്ടുക. എത്ര വികാര തീവ്രതയോടെയും ഭാവതരളിതനുമായാണ് അദ്ദേഹം തന്റെ വിളിയെ – ദൈവവിളിയെ – സ്വീകരിച്ചതെന്ന് ഗലാത്തിയാക്കാർക്കുള്ള കത്തിൽ നാം വായിക്കുന്നു. "എന്റെ കുഞ്ഞുമക്കളേ, ക്രിസ്തു നിങ്ങളിൽ രുപപ്പെടുന്നതുവരെ വീണ്ടും ഞാൻ നിങ്ങൾക്കുവേണ്ടി ഈറ്റുനോവ് അനുഭവിക്കുന്നു" (ഗലാ. 4/19).

## പ്രേഷകന്റെയും പ്രേഷിതന്റെയും സമാനതകൾ:

ഇനിയങ്ങോട്ടുള്ള പൗലോസിന്റെ ജീവിതത്തിനും യാത്രയ്ക്കും യേശുവിന്റെ ജീവിതത്തോട് വളരെയേറെ സാധർമ്മ്യവും സമാനതയും കാണാവുന്നതാണ്. യേശുവിന്റെ പരസ്യജീവിതത്തിന്റെ ആദ്യകാലങ്ങൾ, പ്രസംഗങ്ങളും പഠനക്ലാസ്സുകളും രോഗശാന്തി ശുശ്രൂഷയുടേതുമായ തികച്ചും തിരക്കാർന്ന കാലഘട്ടമായിരുന്നു. പൗലോസിന്റെ പ്രവർത്തനങ്ങളിൽ നാം കണ്ടതും അതു തന്നെയാണല്ലോ. **എന്നാൽ ജറുസലേമിലെത്തി കാൽവരിയിൽ സമാപിക്കേണ്ടതാണ് തന്റെ ജീവിതപ്രയാണം** എന്നു നിശ്ചയമായിക്കഴിഞ്ഞതോടെ യേശുവിന്റെ പ്രവർത്തനങ്ങളുടെ സാന്ദ്രതയിലും ഗതിയിലും സാരമായ വ്യത്യാസം ഉണ്ടായി. "തന്റെ ആരോഹണത്തിന്റെ ദിവസങ്ങൾ പുർത്തിയായിക്കൊണ്ടിരിക്കവേ, അവൻ ജറുസലേമിലേയ്ക്ക് പോകാൻ ഉറച്ചു" (ലൂക്കോ. 9/51). ``അവൻ പന്ത്രണ്ട് പേരെ അടുത്തുവിളിച്ചു പറഞ്ഞു: ഇതാ നമ്മൾ ജറുസലേമിലേക്ക് പോകുന്നു" (ലൂക്കോ. 18/31). ശേഷിച്ച ഓരോ നിമിഷവും വിലപ്പെട്ടതായി; പറയാനുള്ളതെല്ലാം പറയുക എന്നതും, വ്യക്തമായി പറഞ്ഞു മനസ്സിലാക്കുക എന്നതും ഏറ്റവും പ്രധാനപ്പെട്ടതായി; ശേഷിച്ച സമയം മുഴുവൻ അതിനായി മാറ്റിവെയ്ക്കുകയായി. ഇവിടെ നാം പഠിക്കുന്ന പൗലോസിന്റെ ജീവിതത്തിലും കാണുന്നത് ഇതുതന്നെയാണ്. 19 മുതൽ 21 വരെ അദ്ധ്യായങ്ങളിൽ നിന്ന് നാം സ്വന്തമാക്കേണ്ട ഗുണപാഠവും മറ്റൊന്നല്ല.

www.malankaralibrary.com

### നമ്മിലേയ്ക്ക് തിരിയാം:

ഇവിടെയൊരല്പ സമയം നിന്നിട്ട് നമുക്ക് നമ്മിലേക്ക് തന്നെ തിരിയാം. നമ്മുടെ ജീവിതം എങ്ങനെയുള്ളതാണ്? അതു ലക്ഷ്യമുള്ളതോ, ലക്ഷ്യബോധമുള്ളതോ? മഹത്തായ വല്ല കാര്യങ്ങൾക്കുവേണ്ടിയും വിളിക്കപ്പെട്ടവരാണ് നാമെന്നുള്ള അവബോധം നമുക്കുണ്ടോ? ചരിത്രത്തിൽ എന്റെ സ്ഥാനം എന്താണെന്നു സ്രഷ്ടാവിന് എന്നെക്കുറിച്ചുള്ള പദ്ധതി എന്താണെന്നും ഞാൻ ഗ്രഹിച്ചിട്ടുണ്ടോ? എനിക്ക് ഒരു ജീവിത ലക്ഷ്യമുണ്ടോ? ലക്ഷ്യത്തിനു വേണ്ടി മരിക്കേണ്ടി വന്നാൽ അതിനും ഞാൻ ഒരുക്കമാണോ? പരിശുദ്ധാത്മാവ് നയിക്കുന്നിടത്തേയ്ക്ക് പോകുവാൻ ഞാൻ ഒരുക്കമുള്ളവനോ? ചുരുക്കത്തിൽ ഭാവിയെപ്പറ്റിയുള്ള എന്റെ പ്രത്യാശയും പ്രതീക്ഷയും എപ്രകാരമാണ് എന്റെ വർത്തമാനകാലത്തെ സ്വാധീനിക്കുന്നത്? സ്വാതന്ത്ര്യസമരകാലത്ത് കേരളീയന്റെ ചുണ്ടിലൊരു മന്ത്രമുണ്ടായിരുന്നത് ഓർത്തുപോകുകയാണ്:

*'ഭാരതമെന്നാൽ പാരിൻ നടുവിൽ*
*കേവലമൊരുപിടി മണ്ണല്ല.*
*ജനകോടികൾ നമ്മെ നാമായ് മാറ്റിയ*
*ജന്മഗൃഹമല്ലോ' (2)*

നാം വെറും മണൽത്തരികളോ, മണ്ണാങ്കട്ടകളോ മാംസപിണ്ഡങ്ങളോ അല്ല. ശരീരംപോലെ, അതിലേറെ, പവിത്രവും അനശ്വരവുമായ ആത്മാവിന്റെ ഉടമകളാണ് നാം; ചരിത്രവിധാതാക്കളാണ് നാം, പുരാണകീടങ്ങളല്ല. നിത്യമായ ജീവിതവും സ്വർഗ്ഗസൗഭാഗ്യവും സ്വപ്നം കാണുന്നവരും ലക്ഷ്യം വെച്ച് നീങ്ങുന്നവരുമാണ് നാം.

### എഫേസോസിലെ മിഷൻ സന്ദർശനം:

പത്തൊമ്പതാമദ്ധ്യായത്തിന്റെ ആരംഭത്തിൽ പൗലോസ് എഫേസോസിലേക്ക് പോകുന്നതായി വിവരിക്കുന്നു. നേരത്തെ നല്കിയ ഒരു വാഗ്ദാനം നിറവേറ്റാനാണ് അങ്ങോട്ട് പോകുന്നത്. ഹ്രസ്വമായ ഒരു സന്ദർശനം എന്ന് തുടക്കത്തിൽ കരുതിയ ആ യാത്ര മൂന്നു വർഷം നീണ്ടു നിൽക്കുകയാണുണ്ടായത്. എഫേസോസിലെ ആദ്യകാല സംഭവങ്ങളും സുഹൃത്തുക്കളും പൗലോസിനെ അത്രകണ്ട് സ്വാധീനിച്ചിരുന്നു. മനസ്സിനിണങ്ങിയവരുടെ ഇടയിലും ഇടങ്ങളിലും പ്രതീക്ഷിക്കുന്നതിലധികം സമയം ചെലവഴിക്കുന്നത് മനുഷ്യസഹജമാണല്ലോ. സാഹചര്യത്തിനടിമല്ല മനുഷ്യനെങ്കിലും പലപ്പോഴും സാഹചര്യത്തിന്റെ നിർബ്ബന്ധത്തിനും വീണ്ടുവിചാരത്തിനും വിട്ടുകൊടുക്കേണ്ടി വരും.

എഫേസൂസ്, മെഡിറ്ററേനിയൻ തീരത്തുള്ള ആധുനിക ടർക്കിയുടെ പടിഞ്ഞാറെ തീരത്ത് സ്ഥിതി ചെയ്യുന്ന തുറമുഖനഗരമാണ്. സ്മിർണാ എന്ന പുരാതന ക്രിസ്തീയ കേന്ദ്രം എഫേസൂസിനടുത്താണ്. 'ആർത്തെമിസ് ദേവിയുടെ ക്ഷേത്രത്തിന്റെ സംരക്ഷകൻ' എന്ന് ഈ നഗരത്തെ വിശേഷിപ്പിച്ചിരു

www.malankaralibrary.com

ന്നു. കാരണം ആർത്തെമിസ് ദേവിയുടെ ക്ഷേത്രം അവിടെയായിരുന്നു. A.D. 52-ൽ രണ്ടാം പ്രേഷിതയാത്രയിൽ (അപ്പ. 18/19) ആണ് ക്രിസ്തുമതം അവിടെയെത്തുന്നത്. ക്രിസ്തുമതത്തിന് പലപ്പോഴും ഇവിടെവച്ച് ശത്രുക്കളെ നേരിടേണ്ടി വന്നിട്ടുണ്ട് (അപ്പ. 18/19; 19/17; 20/17; 21/29, 1കൊരി. 15/32; 16/9; 2കൊരി. 1/8; 1തിമോ. 1/4; 2തിമോ. 4/12; വെളി. 1/11; 2/1).

## ആത്മാഭിഷേകം – ക്രൈസ്തവ ജീവിതത്തിന്റെ സമ്പൂർണ്ണത:

**ഇ**ത്തവണ എഫേസോസിൽ അദ്ദേഹം കണ്ടുമുട്ടുന്നത് സ്നാപകയോഹന്നാന്റെ പക്ഷക്കാരെയാണ്. സ്നാപകന്റെ സ്നാനത്തെക്കുറിച്ചല്ലാതെ മറ്റൊന്നിനെക്കുറിച്ചും അവർ കേട്ടിരുന്നതേയില്ല. മാത്രമല്ല പരിശുദ്ധാത്മാവിനെക്കുറിച്ചും അവർ കേട്ടിട്ടുപോലുമില്ല. പൗലോസ് അവരെ പഠിപ്പിച്ചു. അവർ ക്രിസ്തുവിലൂടെയുള്ള രക്ഷയെപ്പറ്റി അറിഞ്ഞു. മാത്രമല്ല ക്രൈസ്തവ ജീവിതത്തിന്റെ സമ്പൂർണ്ണതയിലേക്ക് – **പരിശുദ്ധാത്മാഭിഷേകത്തിലേയ്ക്ക്** – അവരെ ആനയിച്ചു. മാമോദീസായ്ക്ക് ശേഷം നൽകുന്ന പ്രാരംഭ കൂദാശയായ സൈ്ഥര്യലേപനം അഥവാ **മുറോൻ അഭിഷേകം എന്ന കൂദാശയായി ഈ സംഭവത്തെ നമുക്ക് മനസ്സിലാക്കാം.** പാപബോധവും പശ്ചാത്താപവും ഉള്ളവർക്ക് നല്കുന്ന അനുതാപത്തിന്റെ സ്നാനമാണ് യോഹന്നാൻ നൽകിയതെന്നും, അത് ക്രിസ്തീയ ജീവിതത്തിന്റെ സമ്പൂർണ്ണതയോ തികവോ അല്ലെന്നും അതിലേയ്ക്കുള്ള ആദ്യത്തെ ചുവട്വെയ്പ് മാത്രമാണെന്നും അവരെ ബോദ്ധ്യപ്പെടുത്തുന്നതിൽ അദ്ദേഹം വിജയിച്ചു. നന്മ പ്രവർത്തിക്കാൻ നാം കടപ്പെട്ടവരാണെന്നും, തിന്മ പ്രവർത്തിക്കുന്നവർക്ക് ന്യായവിധി വരാനിരിക്കുന്നു എന്നുമാണ് സ്നാപകൻ പഠിപ്പിച്ചത്. **ഈ അറിവു മാത്രമല്ല അതോടൊപ്പം അനുഗ്രഹവും നല്കുന്നതാണ് യേശുവിലുള്ള സ്നാനം.** ഈ സ്നാനം നന്മ പ്രവർത്തിക്കാനാവശ്യമായ വരപ്രസാദം (Grace) നമ്മിലേയ്ക്കൊഴുക്കിത്തരുന്നു. പരിശുദ്ധാത്മാവിന്റെ കൃപ അഥവാ സഹായം അതോടെ നമുക്ക് ലഭിക്കുന്നു. ശിഷ്യന്മാർ വൻകാര്യങ്ങൾ ചെയ്യാൻ പ്രാപ്തരായിത്തീർന്നത് യേശുവിലുള്ള മാമോദീസാ മൂലമാണ്; **പരിശുദ്ധാത്മ അഭിഷേകം മൂലമാണ്.**

## അനുഭവങ്ങളിലൂടെ വളരുന്ന വിശ്വാസജീവിതം:

ഒരുപക്ഷേ ഈ അനുഭവമായിരിക്കണം സ്വയം ചിന്തിക്കുവാൻ പൗലോസിന് മുഖാന്തരമായത്. തന്റെ പ്രവൃത്തികൾക്ക് പൂർണ്ണത പകരുവാൻ ആവശ്യമായ എന്തെങ്കിലും ഇനിയും ചെയ്യുവാനുണ്ടോ? എന്ന വീണ്ടുവിചാരത്തിന് പൗലോസിനെ ഇത് പ്രേരിപ്പിച്ചിരിക്കാം. ജറുസലേമിലേക്കും പിന്നെ റോമായിലേയ്ക്കും പോകുവാൻ തന്നെ പ്രേരിപ്പിച്ചതും ഒരുപക്ഷേ ഈ സാഹചര്യമായിരിക്കണം. ജീവിതാനുഭവങ്ങൾ നമ്മെ പുത്തൻ പാഠങ്ങൾ പഠിപ്പിക്കും. അനുഭവമാണ് ഏറ്റവും നല്ല ഗുരുനാഥൻ എന്നു പറയാറുണ്ടല്ലോ. അനുഭവങ്ങളാണ് കെട്ടുകഥകളെക്കാൾ യഥാർത്ഥമായത്. വിശ്വാസജീവിതത്തിലുള്ള

www.malankaralibrary.com

ഒരു വളർച്ചയാണ് ഇവിടെ സംഭവിക്കുന്നത്. നമ്മുടെ വിശ്വാസജീവിതം അനുഭവങ്ങളിലൂടെ വളരുന്നതാണോ? കെട്ടുകഥകളുടെ ഉപരിപ്ലവതയാണോ അനുഭവങ്ങളുടെ ആഴമാണോ നമ്മെ നയിക്കുക? 'ബലത്തിനു മേൽ ബലം പ്രാപിക്കുന്ന'താണോ, മുരടിച്ചും മരവിച്ചും മരിക്കുന്നതാണോ നമ്മുടെ വിശ്വാസം? വേദപാഠക്ലാസ്സിൽ മുടങ്ങാതെ പോകുകയും, ആരാധനയ്ക്കോടിയെത്തുന്നതിൽ ഉത്സാഹിക്കുകയും അൾത്താരശുശ്രൂഷയിലഭിമാനിക്കുകയും ഭക്തസംഘടനകളിൽ പതിവായി പങ്കെടുക്കുകയും ഒക്കെ ചെയ്തിരുന്ന ഒരു ബാല്യം. കോളേജുപഠനവും ഹോസ്റ്റൽ ജീവിതവും വിദേശവാസവും പിന്നെ കൊഴുത്ത ശമ്പളവുമൊക്കെയായപ്പോൾ എല്ലാം ഓരോർമ്മയായി ചുരുങ്ങിപ്പോയി! ഒരു കടങ്കഥയായി മാറിപ്പോയി! പലരുടെയും അനുഭവമിതാണോ? മണ്ണിനോട് മല്ലടിച്ചും പ്രകൃതിയോട് പടവെട്ടിയും ഒഴുക്കിനെതിരേ നീന്തിത്തുടിച്ചും അഞ്ചെട്ടു മക്കളടങ്ങുന്ന വലിയ കുടുംബത്തെ 'അക്കരകടത്താൻ' അദ്ധ്വാനിച്ചു. മക്കളെല്ലാം ഭാഗ്യവശാൽ വിദേശത്ത് നല്ല നിലയിൽ കഴിയുന്നു. പഴയ കൊച്ചു കൂരയുടെ സ്ഥാനത്ത് മനോഹരമായ ഒരു രമ്യഹർമ്മ്യം. വീട്ടുമുറ്റം 'മുഗൾഗാർഡനെ' വെല്ലുന്ന പൂന്തോപ്പ്. അന്നു രണ്ടു നേരവും പ്രാർത്ഥന മുടങ്ങാതെയുണ്ടായിരുന്നു. ഇന്നാകട്ടെ പള്ളിയിലൊന്നു വരാനേ സമയമില്ല! തിരക്കൊഴിഞ്ഞിട്ട് വേണ്ടേ! അവധിക്കു വന്നാൽ അയലത്തെ സഹപാഠിയെ ഒന്നു കാണാനോ, കണ്ടാൽതന്നെ ഒരു കുശലം പറയാനോ ഒരു അരുതായ്കയും ആകായ്കയും. നാമാകെ മാറിപ്പോയി; നമ്മുടെ മനുഷ്യത്വം വറ്റി വരണ്ടുപോയി. ചിന്തിക്കുക, നമ്മുടെ വിശ്വാസം വളരുകയോ നാം തകരുകയോ? നമ്മുടെ സംസ്കാരം ജീവന്റെയോ ജീർണ്ണതയുടെയോ? ഭൗതികതയുടെ ഇത്തരം വെല്ലുവിളികളെ സമർത്ഥമായി നേരിടാൻ നാം നന്നായി പരിശീലിക്കണം.

### ചിന്തിപ്പിക്കുന്ന അനുഭവങ്ങൾ:

യേശുവിന്റെ ശിഷ്യത്വം സ്വീകരിക്കാത്തവരായ ചില യഹൂദർ യേശുനാമമുപയോഗിച്ച് പിശാചുക്കളെ ബഹിഷ്കരിക്കുവാൻ വിഫലശ്രമം നടത്തുന്നതിനെപ്പറ്റി ഈ ഭാഗത്ത് നാം വായിക്കുന്നു. വിശ്വാസികളെയും അവിശ്വാസികളെയും മാത്രമല്ല, പൗലോസിനെത്തന്നെയും ഈ സംഭവം ഏറെ സ്വാധീനിച്ചു. പിശാചു ബാധിതൻ പറയുന്നത് ശ്രദ്ധിക്കുക: 'യേശുവിനെ എനിക്കറിയാം; പൗലോസിനെയും അറിയാം; എന്നാൽ നിങ്ങൾ ആരാണ്?' പൗലോസിനെപ്പോലുള്ള ഒരു അപ്പസ്തോലനെപ്പോലും ആത്മശോധനയ്ക്ക് പ്രേരിപ്പിക്കാൻ പോന്നതായിരുന്നു ഈ സംഭവം. വിശ്വാസപരമായ കാര്യങ്ങൾ എത്ര സമർത്ഥമായി അവതരിപ്പിക്കാൻ കഴിയുമെന്നുള്ളതല്ല, പ്രത്യുത അതിൽ എത്രത്തോളം ലയിച്ചു ചേർന്നിട്ടുണ്ടെന്നുള്ളതാണ്. പ്രധാനം. പ്രസംഗത്തിന്റെ വിഷയമെന്നതിനെക്കാൾ ജീവിതത്തിന്റെ അവിഭാജ്യഘടകമായി വിശ്വാസ വിഷയങ്ങൾ തീർന്നിട്ടുണ്ടോ എന്നതാണ് പ്രധാനം.

www.malankaralibrary.com

### നമ്മെ എളിമപ്പെടുത്തുന്ന അനുഭവങ്ങൾ:

ഒരുപക്ഷേ ഈ സംഭവവും ക്രിസ്തുവിന്റെ കാലടികളെ പിൻതുടർന്ന് ജറുസലേമിലേക്കും, തന്റെ ബലിവേദിയായ റോമായിലേയ്ക്കും പേകുവാൻ പൗലോസിനെ പ്രേരിപ്പിച്ചിട്ടുണ്ടാകാം. സ്വയം ശുന്യവല്ക്കരിക്കുവാനും ക്രൂശു പാത പിന്തുടരുവാനും ഈ സംഭവം പ്രേരണ നല്കി. കോരിന്ത്യാ ലേഖനത്തിൽ പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക: "മറ്റുള്ളവരോട് സുവിശേഷം പ്രസംഗിച്ച ഞാൻ തന്നെ തിരസ്കൃതനാകാതിരിക്കുവാൻ എന്റെ ശരീരത്തെ ഞാൻ കർശനമായി നിയന്ത്രിച്ചു കീഴടക്കുന്നു" (1 കോരി. 9/27). ഗലാത്തിയർക്കെഴുതുന്നത് ശ്രദ്ധിക്കുക: "യേശുക്രിസ്തുവിനുള്ളവർ തങ്ങളുടെ ജഡത്തെ അതിന്റെ വികാരങ്ങളോടും മോഹങ്ങളോടും കുടെ ക്രൂശിച്ചിരിക്കുന്നു" (ഗലാ. 5/24).

### ക്രിസ്തുമാർഗ്ഗം അടുത്തറിയുക:

നമ്മുടെ വിശ്വാസ സംഹിതകളെ എത്രത്തോളം നാം സ്വായത്തമാക്കിയിട്ടുണ്ടെന്ന് ചിന്തിക്കുന്നത് നല്ലതാണ്. ക്രൈസ്തവൻ സുവിശേഷോപദേശങ്ങളെയും ക്രിസ്തുമാർഗ്ഗത്തെയും എത്രമാത്രം അടുത്തറിയുന്നവനാണ്? ക്രൈസ്തവൻ എന്ന നാമത്തിന് ഞാൻ യോഗ്യത നേടുന്നുണ്ടോ? ക്രിസ്തുശിഷ്യൻ എന്ന അളവുകോലുപയോഗിച്ച് എനിക്ക് മാർക്കിട്ടാൽ എത്ര ശതമാനം ഞാൻ നേടും? മനസ്സാക്ഷിയുടെ കോടതിയിൽ നമുക്ക് വിചാരണ ചെയ്യപ്പെടാം. അവിടെ യേശുക്രിസ്തുവിനെ സാക്ഷിയായി നിർത്താം.

### നിർണ്ണായകതീരുമാനമെടുക്കുവാൻ അറച്ചും മടിച്ചും നില്ക്കരുത്:

ഈ സംഭവത്തിനു ശേഷം ഉടനെതന്നെ ജറുസലേമിലേക്കും റോമിലേക്കും പോകാൻ പൗലോസ് തീരുമാനിച്ചതും പെട്ടെന്നുള്ള ഈ തീരുമാനത്തിന് കാരണം ഒന്നും ലൂക്കോസ് രേഖപ്പെടുത്താതിരുന്നതും മുൻപറഞ്ഞ നിഗമനത്തിലേക്കാണ് നമ്മെ നയിക്കുന്നത്. ആരെല്ലാം മുന്നറിയിപ്പു നല്കിയിട്ടും തന്റെ തീരുമാനത്തിൽ നിന്ന് അദ്ദേഹം അണുവിട വ്യതിചലിക്കുന്നുമില്ല. ഇനിയങ്ങോട്ടുള്ള പൗലോസിന്റെ ജീവിതവും പ്രവർത്തനങ്ങളുമെല്ലാം ഈ ഒരേ ഒരു ലക്ഷ്യം മുമ്പിൽ കണ്ടുകൊണ്ടാണ് (19-ാമദ്ധ്യായത്തിന്റെ ശേഷിച്ച ഭാഗങ്ങൾ പരിശോധിച്ചാൽ ഈ ധീരമായ തീരുമാനത്തിന്റെ അനന്തരഫലങ്ങൾ കാണാൻ സാധിക്കും.)

### ദർശനസ്ഥിരത കൈവരിക്കണം:

ഇതിനെ 'ദർശനസ്ഥിരത' എന്നു വിളിക്കാം. വ്യക്തിയുടെയും സമുഹത്തിന്റെയും പ്രവർത്തന വിജയത്തിനാവശ്യമാണ് ദർശനസ്ഥിരത. പലപ്പോഴും നമുക്കില്ലാത്തതും ഇതുതന്നെയല്ലേ? നമ്മുടെ പദ്ധതികൾ പ്രതീക്ഷിക്കുന്നതുപോലെ വിജയിക്കാത്തതിന് കാരണം തേടി മറ്റെങ്ങും അലയേണ്ടതില്ല. നമ്മുടെ വിശ്വാസ ദാർഢ്യക്കുറവിന്റെ കാരണവും മറ്റൊന്നല്ല. നമ്മുടെ സഭാപരവും സമുഹപരവും സംഘടനാപരവും വ്യക്തിപരവുമായ എല്ലാ പ്രവർത്ത

www.malankaralibrary.com

നങ്ങളും സ്ഥിരമായ കാഴ്ചപ്പാടോടും ദൃഢമായ നിശ്ചയത്തോടും ധീരമായ കാൽവെപ്പുകളോടും കുടിയാകണം. പ്രവർത്തനത്തിന്റെ ആത്മികവും ഭൗതികവുമായ വിജയത്തിനിതാവശ്യമാണ്. സ്ഥിരതയോടെ പ്രാർത്ഥിക്കണമെന്നല്ലേ യേശു പഠിപ്പിച്ചത്? ചഞ്ചലചിത്തനായ മനുഷ്യൻ കർത്താവിൽ നിന്ന് ഒന്നും പ്രതീക്ഷിക്കേണ്ട എന്നല്ലേ യാക്കോബ് ശ്ലീഹാ ഓർമ്മിപ്പിക്കുക? ഇരുമനസ്സുള്ളവരെ കർത്താവിന് വെറുപ്പാണെന്നല്ലേ വിശുദ്ധ ഗ്രന്ഥം നമ്മോട് പറയുക? ലക്ഷ്യത്തിൽ മുന്നേറാൻ ഇതാവശ്യമാണ്. അതില്ലായിരുന്നെങ്കിൽ കാൽവരി കയറുവാൻ കർത്താവിനോ, എവറസ്റ്റ് കീഴടക്കുവാൻ ടെൻസിങ്ങിനോ, സ്വാതന്ത്ര്യസമരത്തെ വിജയപഥത്തിലെത്തിക്കുവാൻ മഹാത്മഗാന്ധിയ്ക്കോ സാധിക്കുമായിരുന്നില്ല.

## ദർശനസ്ഥിരതയിലുള്ള പ്രവർത്തനത്തിന്റെ പ്രതിഫലനം:

*ടിറാനസിന്റെ പ്രസംഗശാലയിൽ രണ്ടു വർഷം നിരന്തരം പഠിപ്പിച്ചുകൊണ്ടിരുന്നതിന്റെ ഫലം എഫേസോസിലെ വ്യാപാരരംഗത്താണ് പ്രകടമായത്. "പരിഷ്കൃത മനുഷ്യന്റെ മർമ്മസ്ഥാനം അവന്റെ പോക്കറ്റാണ്" എന്ന റാംസെയുടെ വാക്കുകൾ സ്മരണീയമാണ്.

ഒരു ദൈവമേ ഉള്ളൂ എന്നും, "കൈകൊണ്ടുണ്ടാക്കിയ ദൈവങ്ങൾ ദൈവങ്ങളേയല്ലെന്നും, വിഗ്രഹാരാധന ദൈവദൂഷണം തന്നെയെന്നുമൊക്കെയുള്ള പൗലോസിന്റെ രണ്ടു വർഷത്തെ ഉപദേശം **സമൂഹത്തിൽ ചലനങ്ങൾ സൃഷ്ടിച്ചു.** അത് പ്രകടമായത് അർത്തേമിസ് ദേവിയുടെ അമ്പലത്തിന്റെ മാതൃക (മെഡൽ) നിർമ്മിച്ചു വിറ്റിരുന്ന പ്രതിമാ നിർമ്മാതാക്കളുടെ വ്യാപാരമാന്ദ്യത്തിലാണ്. കന്യകകളുടെ സംരക്ഷകയും ഗ്രീക്കുകാരുടെ ആരാധനാമൂർത്തിയുമായിരുന്ന അർത്തേമിസിന്റെ പ്രതിമ സ്വർഗ്ഗത്തിൽ നിന്ന് നിപതിച്ചതെന്നായിരുന്നു വിശ്വാസം. തങ്ങളുടെ ഉപജീവനമാർഗ്ഗം കൈവിട്ടുകളയാൻ പ്രേരിപ്പിക്കുന്ന പുതിയ വിശ്വാസത്തെ സഹിഷ്ണതയോടെ നോക്കിക്കാണുവാൻ ഡിമിട്രിയസും കൂട്ടരും ഒരുക്കമായിരുന്നില്ല. 'അനീതിയുടെ മാമ്മോൻ' എന്ന് ഭൗതികസമ്പത്തിനെ ഈശോ വിശേഷിപ്പിച്ചത് വെറുതെയല്ല. സനാതന മൂല്യങ്ങൾക്ക് വിലങ്ങു തടിയായി നില്ക്കുന്നത് മിക്കപ്പോഴും ഈ 'ചക്രാ'യുധമാണ്. ജീവന്റെ മാർഗ്ഗത്തിൽ നിന്ന് വ്യതിചലിക്കാനും സത്യവിശ്വാസത്തെ തള്ളിക്കളയാനും നമ്മെ പ്രേരിപ്പിക്കുന്നത് 'പണ'ബോധമല്ലേ? പണം ഭൗതികമാണെങ്കിലും അത് മതവിശ്വാസത്തിന്റെ പരിവേഷത്തോടെയാണ് രംഗപ്രവേശം ചെയ്തത്. ലഹളകളും വർഗ്ഗീയ കലാപങ്ങളും ഏറിവരുന്ന ഇക്കാലത്തും വിലയേറിയ പാഠമാണിത് നല്കുന്നത്. മുമ്പായിരുന്നെങ്കിൽ എതിർപ്പുള്ള സ്ഥലങ്ങളിൽ നിന്നും നിശ്ശബ്ദനായി മാറിപ്പോകുകയാണ് പൗലോസിന്റെ പതിവ്.

"ആരെങ്കിലും നിങ്ങളെ സ്വീകരിക്കാതെയോ നിങ്ങളുടെ വചനം ശ്രവിക്കാതെയോ ഇരുന്നാൽ, ആ ഭവനം അഥവാ പട്ടണം വിട്ടുപോരുമ്പോൾ നിങ്ങളുടെ പാദങ്ങളിലെ പൊടി തട്ടിക്കളയുവിൻ" (മത്താ. 10/14) എന്ന വചനങ്ങളായിരുന്നു ഇതുവരെ തനിക്ക് വഴികാട്ടി. എന്നാൽ പതിവിന് വിരുദ്ധമായി

*ടിറാനസ് എന്ന തത്വശാസ്ത്രജ്ഞന്റെ പഠനക്കളരി അഥവാ ലക്ച്ചർഹോൾ ആയിരുന്നിരിക്കാമെന്ന് വേദപണ്ഡിതനായ സിമ്മർമാൻ അഭിപ്രായപ്പെടുന്നു. ആർക്കും ഏതു സമയവും കടന്നു ചെന്ന് പ്രസംഗിക്കാവുന്ന ലണ്ടൻ നഗരത്തിലെ മാഡിസൺ സ്ക്വയർ ഉദാഹരണം.

www.malankaralibrary.com

സമരരംഗത്തേക്കെടുത്തു ചാടാനാണ് പൗലോസ് പ്രേരിതനായത്. സ്നേഹിതരുടെയും ശിഷ്യരുടെയും നിർബ്ബന്ധത്തിന് വഴങ്ങി മാത്രമാണ് കലഹ രംഗത്തുനിന്ന് അദ്ദേഹം വിട്ടുനിന്നത്. ഈ ഭാവമാറ്റമാണ് നാം ശ്രദ്ധിക്കേണ്ടത്. ജറുസലേം യാത്ര തന്റെ അന്ത്യയാത്രയാണെന്നുള്ള ബോധമാണ് ഓരോ പ്രശ്നങ്ങളെയും പരിഹരിച്ചും ഓരോ ജോലിയും പുർത്തികരിച്ചതും മുന്നോട്ട് പോകുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. "ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പുർത്തിയാക്കി; വിശ്വാസം കാത്തു" (2തിമോ. 4/7) എന്നു പറയുവാൻ പൗലോസിനെ ഒടുവിൽ പ്രാപ്തനാക്കിയത് ഈ നിഷ്ഠയാണ്.

## സ്ഥിരത – പരിശുദ്ധാത്മാവിന്റെ നൽവരം:

താൻ തുടങ്ങിവെച്ച വേല പുർത്തിയാക്കുവാൻ ഉള്ള ആവേശത്തിൽ സ്വയം മറന്ന് ആ ലഹളക്കിടയിലേക്ക് കുതിയ്ക്കാൻ തയ്യാറായ പൗലോസിനെയാണ് നാമിവിടെ കാണുക. തന്റെ ജീവിതലക്ഷ്യം സ്പഷ്ടമായി കൺമുമ്പിൽ കണ്ട, ദർശനസ്ഥിരത കൈവരിച്ച, പൗലോസിന് ഇനി ഭയപ്പെടാനൊന്നുമില്ല. ലക്ഷ്യത്തെ മുമ്പിൽ സ്പഷ്ടമായി കാണുന്നവൻ എപ്പോഴും അങ്ങനെയാണ്. കേട്ടിട്ടില്ലേ, ഒരു കൂട്ടം പട്ടികളുടെ ഓട്ടത്തിന്റെ കഥ. മുമ്പിലൊരു പട്ടി നിർത്താതെ കുരച്ചുകൊണ്ടോടുകയാണ്; പിന്നാലെ കുറെ പട്ടികളും. കുറെ ഓടിക്കഴിഞ്ഞപ്പോൾ ഏറ്റം പുറകിലത്തെ പട്ടി മുതൽ ഓരോന്നോരോന്നായി ഓട്ടം നിർത്തി, വാല് ചുരുട്ടി വടക്കോട്ടേയ്ക്ക് നായുടെ പതിവു യാത്ര തുടർന്നു. അപ്പോഴും ഏറ്റം മുമ്പിലോടിയ പട്ടി നിർത്താതെ ഓടി; തന്റെ ഇരയുടെ പിന്നാലെ! **സ്ഥിരത പരിശുദ്ധാത്മാവിന്റെ നൽവരമാണ്.** ഒരുപക്ഷേ എന്നത്തേക്കാളുപരി പരിശുദ്ധാത്മാവിന്റെ ശക്തി അദ്ദേഹത്തിന് ലഭിച്ചിരിക്കണം. "ഭയപ്പെടേണ്ട; ഞാൻ നിന്നോടുകുടിയുണ്ട്; ആരും നിന്നെ ഉപദ്രവിക്കുകയോ ആക്രമിക്കുകയോ ഇല്ല" (അപ്പ. 18/9-10) എന്നുള്ള പരിശുദ്ധാത്മാവിന്റെ ഉറപ്പ് അദ്ദേഹം ഓർമ്മിച്ചിരിക്കണം; അത് ആവർത്തിച്ചിരിക്കണം. ഈ ആന്തരിക ശക്തിയും ആവേശവും ധൈര്യവുമെല്ലാം ജറുസലേമിനെ ലക്ഷ്യം വെച്ച് നീങ്ങുന്ന യേശുവിലും നമുക്ക് കാണാം. ഈ സാമ്യം വെറും യാദൃശ്ചികം എന്ന് പറയാമോ? ഈ സാമ്യം നാം മനസ്സിലാക്കണമെന്ന് ഗ്രന്ഥകാരനായ ലൂക്കോസിന് നിർബ്ബന്ധമുണ്ട്. മാത്രമല്ല നമ്മുടെയൊക്കെ ജീവിതം ചിലപ്പോഴൊക്കെ നിയതിയുടെ ഗതിക്കൊത്ത് നീങ്ങുന്ന അനുഭവം ഉണ്ടാകുമ്പോൾ നഷ്ടധൈര്യരാകാതിരിക്കാനും വ്യക്തിപരമായി നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

## ഗുരുവിന്റെയും ശിഷ്യന്റെയും ജീവിതസമാനതകൾ:

20-ാമദ്ധ്യായത്തിന്റെ തുടക്കത്തിൽ നാം കാണുന്നത്, എഫേസോസിൽ നിന്ന് ജറുസലേമിലേക്ക് യാത്ര പുറപ്പെടാൻ തീരുമാനിച്ചുറച്ച പൗലോസിനെയാണ്. എതിരാളികളാൽ നാടുകടത്തപ്പെട്ടതല്ല, മറിച്ച് പരിശുദ്ധാത്മാവിന്റെ ദിവ്യനടത്തിപ്പിന് വഴങ്ങിക്കൊടുത്തതാണ്. തുടർന്നുള്ള യാത്രയിലും യേശുവിന്റെ യാത്രയുടെ സാമ്യം നാം കാണുന്നു. വാസ്തവത്തിൽ ജറുസലേമിൽ

www.malankaralibrary.com

യേശുവിനെ കാത്തിരുന്ന രക്തസാക്ഷിത്വത്തിന്റെ തനിയാവർത്തനമാണിത്. "തന്റെ ആരോഹണത്തിന്റെ ദിവസങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കവേ അവൻ (യേശു) ജറുസലേമിലേയ്ക്ക് പോകുവാനുറച്ചു" (ലൂക്കോ. 9/51). "ആത്മാവിന്റെ പ്രേരണയനുസരിച്ച് പൗലോസ് ജറുസലേമിലേക്ക് പോകുവാൻ തീരുമാനിച്ചു" (അപ്പ. 19/21).

☆ യേശുവിന്റെ യാത്ര പീഢാനുഭവത്തിലേയ്ക്കും മരണത്തിലേയ്ക്കുമാണെന്ന് യേശുവിനറിയാമായിരുന്നു.

☆ തന്റെ ജറുസലേം പ്രവേശനം ക്ലേശഭൂയിഷ്ഠമായിരിക്കുമെന്ന് പൗലോസിന് മുന്നറിയിപ്പ് ലഭിച്ചിരുന്നു.

☆ ശിഷ്യന്മാരും സ്നേഹിതന്മാരും വഴി, പ്രവചനരൂപത്തിൽ നൽകപ്പെട്ട മുന്നറിയിപ്പുകൾ രണ്ടുപേരും തള്ളിക്കളയുന്നു!

20-ാമദ്ധ്യായത്തിൽ തന്നെ ഇനിയും സാമ്യങ്ങൾ ഏറെയുണ്ട്:

☆ തന്റെ പ്രിയ ശിഷ്യന്മാരോടൊത്താണ് യേശു യാത്ര ചെയ്യുന്നത്; സഹായികളും സഹയാത്രികരുമായി ഏതാനും ശിഷ്യന്മാർ പൗലോസിന് ഒപ്പവുമുണ്ട് (അപ്പ. 19/22; 20/4).

☆ ത്രോവാസിൽ വച്ച് അപ്പം മുറിക്കൽ ശുശ്രൂഷയിൽ പങ്കെടുക്കുന്ന ദൃശ്യം, യേശുവിന്റെ അന്ത്യഅത്താഴത്തിന്റെ തനിയാവർത്തനമല്ലേ? (അപ്പ. 20/7- 12).

☆ തന്റെ ജറുസലേം യാത്രക്കിടയിൽ ലാസറിനെ യേശു ഉയർപ്പിച്ചു; പൗലോസാകട്ടെ എവുത്തിക്കോസിനെ ജീവിപ്പിക്കുന്നു (അപ്പ. 20/9-12).

☆ യായിറോസിന്റെ മകളെക്കുറിച്ച് യേശു പറഞ്ഞ ആശ്വാസവചനവും, എവുത്തിക്കോസിന്റെ മരണത്തെക്കുറിച്ചുള്ള പൗലോസിന്റെ പരാമർശവും തമ്മിൽ എത്രയേറെ സാമ്യമാണുള്ളത്! "കരയേണ്ട: അവൾ മരിച്ചിട്ടില്ല; ഉറങ്ങുകയാണ് (ലൂക്കോ. 8/52). "ഭയപ്പെടേണ്ട: അവന് ജീവനുണ്ട് (അപ്പ. 20/11). തീർച്ചയായും, നാഥന്റെ കാലടികളെയാണ് താൻ പിൻതുടരുന്നതെന്ന ബോദ്ധ്യം പൗലോസിനുണ്ടായിരുന്നു.

## കണ്ണീർക്കടലിലെ വിടവാങ്ങൽ:

20-ാമദ്ധ്യായത്തിന്റെ ഏറ്റം ശ്രദ്ധേയമായ കാര്യം, എഫേസോസിലെ ശ്രേഷ്ഠന്മാരോട് പൗലോസ് വിടവാങ്ങുന്നതാണ്. "ഇതാ ഞാൻ പരിശുദ്ധാത്മാവിനാൽ നിർബ്ബന്ധിതനായി ജറുസലേമിലേയ്ക്ക് പോകുന്നു..... എന്റെ ഓട്ടം പൂർത്തിയാക്കണമെന്നും ദൈവത്തിന്റെ കൃപയുടെ സുവിശേഷത്തിന് സാക്ഷ്യം നൽകാൻ കർത്താവായ യേശുവിൽ നിന്ന് ഞാൻ സ്വീകരിച്ചിട്ടുള്ള ദൗത്യം നിർവ്വഹിക്കണമെന്നും മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളു" (അപ്പ. 20/22, 24). താൻ വിധിയുടെ ബലിമൃഗമായി മാറിക്കഴിഞ്ഞതായി അദ്ദേഹത്തിന് ബോദ്ധ്യമായിക്കഴിഞ്ഞു എന്നു വ്യക്തം.

യേശുവിനെപ്പോലെ തന്നെ തന്റെ സന്തത സഹചാരികളോട് വിടവാങ്ങുവാൻ പൗലോസും അതിയായി ആഗ്രഹിക്കുന്നു. ഈ സംഗമവേദിയിൽവെച്ച് തന്റെ അന്ത്യാത്താഴവേളയിൽ യേശു ചെയ്തതുപോലെ, തന്റെ

www.malankaralibrary.com

അന്തിമാഭിലാഷം (Will and Testament) പൗലോസ് അവതരിപ്പിക്കുന്നു. അതിൽ മൂന്നു കാര്യങ്ങൾ എടുത്തു പറയുന്നുണ്ട്.

(1) കഴിഞ്ഞ കാലങ്ങളിൽ ദൈവം ചെയ്ത കരുണയും രക്ഷാകര പ്രവർത്തനങ്ങളും എന്നെന്നുമോർക്കുവാനും ഏവരേയുമോർപ്പിക്കുവാനും ഓരോ സഭാശ്രേഷ്ഠനും ബാദ്ധ്യസ്ഥനാണ് (അപ്പ. 20/28).

(2) വിശ്വാസത്തിന്റെ തനിമയിൽ അതിനെ നിലനിർത്തുവാനും അതിൽ ദത്തശ്രദ്ധരാകുവാനും ഇക്കാര്യത്തിൽ താൻ കാണിച്ച ശുഷ്കാന്തി മാതൃകയാക്കുവാനും നിർദ്ദേശിക്കുന്നു (അപ്പ. 20/29-33).

(3) സംഭവിക്കുവാൻ പോകുന്ന കാര്യങ്ങൾ പ്രവചനരൂപത്തിൽ വിവരിച്ചുകൊണ്ട്, ജാഗ്രതയോടെയിരിക്കുവാൻ അവരോടാഹ്വാനം ചെയ്യുന്നു (അപ്പ. 20/28-30).

ചുരുക്കത്തിൽ തന്നെപ്പോലെതന്നെ ആത്മാർത്ഥതയുള്ള ഉത്തമ നേതാക്കന്മാരാകാൻ പൗലോസ് അവരോട് ആഹ്വാനം ചെയ്യുന്നു. തങ്ങൾ നേതൃസ്ഥാനമലങ്കരിക്കുന്ന സമൂഹത്തിന്റെ ജീവിതത്തോട് സമ്പൂർണ്ണമായി ഇഴുകിച്ചേരുവാനും, സമൂഹദൃഷ്ടിയിൽ സുതാര്യമായ ജീവിതം നയിക്കുവാനും, മറയ്ക്കാനോ ഒളിക്കാനോ ഇല്ലാത്ത സത്യസന്ധമായ നേതൃത്വം നൽകുവാനും അദ്ദേഹം ശ്രേഷ്ഠന്മാരെ ഉൽബോധിപ്പിക്കുന്നു.

എത്ര വികാരനിർഭരവും സ്നേഹസാന്ദ്രവും സ്നിഗ്ദവുമായ ഒരു യാത്രയയപ്പാണ് അവർ പൗലോസിന് നൽകുന്നതെന്ന് നോക്കുക. അദ്ദേഹം അവരുടെ ഇടയിൽ നടത്തിയ ശുശ്രൂഷ എത്ര പരിപൂർണ്ണവും നിസ്വാർത്ഥവുമായിരുന്നു എന്നതിന് വേറെ തെളിവാവശ്യമില്ലതന്നെ. വീണ്ടും കാണാൻ സാദ്ധ്യമല്ല എന്ന് കേട്ട് അവർ ഹൃദയം നൊന്തു കരയുന്നത് സ്വാഭാവികവും ആത്മാർത്ഥവുമായ പ്രതികരണമാണ്. അദ്ദേഹത്തിന്റെ അഭാവം അപരിഹാര്യമായ വിടവുതന്നെയാണുണ്ടാക്കുക എന്ന് എല്ലാവർക്കുമറിയാം. കാരണം പൗലോസിനു പകരം പൗലോസല്ലാതെ മറ്റാരുമില്ല.

'ഗഗനം ഗഗനം പോലെ
സാഗരം സാഗരോപമം.'

അണപൊട്ടിയൊഴുകിയ കണ്ണീർക്കടലിന്റെ അകമ്പടിയിൽ പ്രാർത്ഥനാമന്ത്രങ്ങളോടെ അവർ അദ്ദേഹത്തെ യാത്രയാക്കി. യേശുവിന്റെ ജീവിതം പോലെ തന്നെ പൗലോസിന്റെ ജീവിതവും മായ്ക്കാനും മറയ്ക്കാനും മറക്കാനും കഴിയാത്ത ഒരടയാളം ശേഷിപ്പിച്ചിട്ടാണ് കടന്നു പോയത്.

## വെല്ലുവിളി ഉയർത്തുന്ന ജീവിതം:

തന്റെ ജീവിതംകൊണ്ട് പൗലോസ് നമ്മുടെ മുമ്പിൽ ഒരു വെല്ലുവിളി ഉയർത്തുകയാണ്. വെല്ലുവിളി ഇതാണ്. നമുക്ക് യേശു എത്രത്തോളം യഥാർത്ഥമാണ്? യേശു നമുക്ക് തരാൻ ആഗ്രഹിച്ചതെല്ലാം സ്വീകരിക്കാൻ നാം തയ്യാറാണോ? അദ്ദേഹം പറയുന്നത് ശ്രദ്ധിക്കുക. "എല്ലാ കാര്യങ്ങളിലും ഞാൻ നിങ്ങൾക്ക് മാതൃക നല്കിയിരിക്കുന്നു" (അപ്പ. 20/35). യേശുവിനെ ഉദ്ധരിച്ചുകൊണ്ട് അത്യപൂർവ്വമായ ഒരു പ്രസ്താവന പൗലോസ് നല്കുന്നുണ്ട്.

www.malankaralibrary.com

സുവിശേഷകന്മാരാരും രേഖപ്പെടുത്താത്ത ഒന്നാണിത്. "സ്വീകരിക്കുന്നതിനേക്കാൾ കൊടുക്കുന്നതാണ് ശ്രേയസ്കരം" (അപ്പ. 20/35). ഈ ഉപദേശം സ്വീകരിക്കുവാൻ തക്കവണ്ണം നമ്മുടെ ഹൃദയങ്ങളെ നാം ഒരുക്കിയിട്ടുണ്ടോ? ആർജ്ജനത്വരയാണെവിടെയും. വാരിക്കൂട്ടുവാനും വെട്ടിപ്പിടിക്കുവാനുമുള്ള നെട്ടോട്ടമാണെങ്ങും. എത്ര കിട്ടിയാലും മതിവരാത്ത അവസ്ഥയാണെവിടെയും. പ്രവാചകന്റെ ഭാഷയിൽ 'വയലോട് വയല് ചേർക്കയും വീടോട് വീട് ചേർക്കയും ചെയ്യുന്ന പ്രവണത! ഒരിക്കലും മതിവരാത്ത മൂന്നു കാര്യങ്ങളെക്കുറിച്ച് വിജ്ഞാന ഗ്രന്ഥകാരൻ പറയുന്നതും ശ്രദ്ധിക്കുമല്ലോ. "പാതാളവും നരകവും ഒരിക്കലും തൃപ്തിയടയുന്നില്ല; മനുഷ്യന്റെ കണ്ണുകൾ ഒരിക്കലും സംതൃപ്തമാകുന്നില്ല" (സുഭാ. 27/20). ``പാതാളം, വന്ധ്യമായ ഉദരം, വെള്ളം കൊതിക്കുന്ന ഭൂമി, മതിവരാത്ത അഗ്നി" (സുഭാ. 30/16). ``കണ്ടിട്ടു കണ്ണിനോ, കേട്ടിട്ട് ചെവിക്കോ മതി വരുന്നില്ല" (സഭാ. 1/8). ആർത്തിയുടെ ലോകത്തിൽ ഈ വചനം നമ്മോടുപദേശിക്കുന്നത് അവഗണിക്കുവാൻ പാടില്ല. "സംതൃപ്തിയാണ് സന്തോഷത്തിലേക്കുള്ള കുറുക്കുവഴി" (Contentment is the best way to happiness) എന്നത് മറക്കാതിരിക്കുക. ഓരോ ക്രൈസ്തവനോടുമുള്ള ഓർമ്മപ്പെടുത്തലാണിതെന്ന് മറക്കരുത്. ഈ ഉപദേശം സ്വീകരിക്കുവാൻ തക്കവണ്ണം നമ്മുടെ ഹൃദയം ഒരുങ്ങിയിട്ടുണ്ടോ? ഹൃദയങ്ങളെ നമുക്കൊരുക്കാം.

## അദ്ധ്യായം 21

ജറുസലേമിലെത്താൻ വെമ്പൽ കൊള്ളുന്ന പൗലോസിന്റെ ദൃഢനിശ്ചയത്തിന്റെ വിവരണമാണ് 21-ാമദ്ധ്യായത്തിന്റെ ആദ്യഭാഗം. അവിടെ, അപ്പസ്തോലനെ കാത്തിരിക്കുന്നത് വലിയ കൊടുങ്കാറ്റു തന്നെയാണെന്ന മുന്നറിയിപ്പ് നല്കുന്നതായിരുന്നു; യാത്രക്കിടയിലെ ഓരോ സംഭവവും സൂചനകളും. ജറുസലെമിൽ, തന്നെ കാത്തിരിക്കുന്ന അപകടത്തെക്കുറിച്ച് പരിശുദ്ധാത്മാവുതന്നെ അദ്ദേഹത്തെ അറിയിച്ചിരുന്നു. യേശുവിന്റെ ജീവിതവും ഇതേവിധമായിരുന്നു. യേശുവിന്റെ മനോഭാവം തന്നെയായിരുന്നു പൗലോസിനും. "ധീരന്മാർ ഒരിക്കൽ മരിക്കുന്നു; ഭീരുക്കൾ ജീവിതത്തിൽ പല തവണയും." ക്രിസ്തുവിന്റെ ധീരത തന്നെയാണ് ക്രൈസ്തവന്റെ ധീരത. മരണത്തിന്റെ മുമ്പിലും പതറാത്ത ധീരത. പരിശുദ്ധാത്മാവ് നൽകുന്ന ധീരതയാണത്.

**ക്വോ വാദിസ്? = നിന്റെ യാത്ര എങ്ങോട്ട്?**

അത്ഭുതമെന്നു പറയട്ടെ, പൗലോസ് പോയ എല്ലാ സ്ഥലങ്ങളിലും ഒരു ക്രൈസ്തവസമൂഹം അദ്ദേഹത്തെ എതിരേറ്റ് സ്വീകരിക്കാനുണ്ടായിരുന്നു. ഒരുപക്ഷേ തന്റെ അന്ത്യയാത്രയിലെ ഏറ്റവും ആശ്വാസകരമായ അനുഭവവും ഇതായിരിക്കണം. ജറുസലേമിലേക്ക് പോകരുതെന്ന് 3 പ്രാവശ്യമെങ്കിലും മുന്നറിയിപ്പ് ലഭിക്കുന്നുണ്ട്. അവിടെ പതിയിരിക്കുന്ന അപകടത്തെപ്പറ്റി അറിയാവുന്നവർ വേറെയുമുണ്ടായിരുന്നു എന്നർത്ഥം. ഇവിടെയും പൗലോസിന് യേശുവിനോടുള്ള സാധർമ്യം നാം കാണുന്നു. ജറുസലേമിലേക്ക് പോകരുതെന്ന് ശിഷ്യപ്രധാനിതന്നെ യേശുവിനെ വിളിച്ചുമാറ്റി നിർത്തി ഉപദേശിച്ച

www.malankaralibrary.com

താണല്ലോ. **ജറുസലേമിൽ എത്തിയതോടുകൂടി പൗലോസിന്റെ മൂന്നാം പ്രേഷിതയാത്ര അവസാനിക്കുന്നു.** സുവിശേഷ പ്രചരണ ഘോഷയാത്ര യുടെ ഒരു സമ്പൂർണ്ണ വൃത്തം പൂർത്തിയാകുകയാണിവിടെ. ഒരശ്വമേധത്തിന്റെ പരിസമാപ്തി. 13 വർഷങ്ങൾക്കു മുമ്പ് അദ്ദേഹം യാത്ര പുറപ്പെട്ടത് ഇവിടെ നിന്നായിരുന്നല്ലോ. വീണ്ടുമിതാ ഒരിക്കൽകൂടി അദ്ദേഹം മാതൃസഭയുടെ ആശീർവ്വാദത്തിനായി ജറുസലേമിൽ എത്തിയിരിക്കുന്നു. എന്നാൽ പൗലോ സിനെ സംബന്ധിച്ച് വളരെ നിർഭാഗ്യകരമായ അന്തരീക്ഷമായിരുന്നു ജറു സലേമിൽ. യഹൂദ ജനതയുടെയും ജൂതസാമ്രാജ്യത്തിന്റെയും ഊർദ്ധശ്വാസം വലിയാണ് അദ്ദേഹം അവിടെ കേട്ടത്!* അണയാൻ പോകുന്ന തിരിയുടെ ആളിക്കത്തലാണവിടെ കണ്ടത്! അവരുടെ കോപവും താപവും, വെറുപ്പും വിദ്വേഷവും എല്ലാം തിളച്ചു മറിയുന്നതും അണപൊട്ടിയൊഴുകുന്നതുമാണ വിടെ നാം കാണുക.

## ജറുസലേം മുതൽ ജറുസലേം വരെ!

ദീർഘകാലങ്ങൾക്ക് ശേഷം മാതൃസഭാകേന്ദ്രത്തിലേക്ക് മടങ്ങി വന്ന പൗലോസിന് **'ജറുസലേം സഭ'** നല്ല സ്വാഗതവും സ്വീകരണവുമാണ് നല്കി യത് (അപ്പ. 21/17). കാര്യങ്ങൾ പ്രതീക്ഷിച്ചതിലും ശോഭനമെന്ന് അദ്ദേഹ ത്തിനു തന്നെ തോന്നിയിരിക്കണം. കർത്താവിന്റെ സഹോദരനായ ചെറിയ യാക്കോബായിരുന്നു പത്രോസിന്റെ അസാന്നിദ്ധ്യത്തിൽ ജറുസലേമിലെ മെത്രാൻ. ജറുസലേം സുന്നഹദോസിൽ സംസാരിച്ചത് ഈ യാക്കോബാണ് (അപ്പ. 15/13). തന്റെ കരങ്ങൾ വഴി വിജാതീയരുടെ ഇടയിൽ ദൈവം പ്രവർത്തിച്ച വൻകാര്യങ്ങളെക്കുറിച്ച് യഥാതഥമായ ഒരു വിവരണം പൗലോസ് അവർക്ക് നല്കി. എല്ലാവരും ദൈവത്തെ മഹത്വപ്പെടുത്തി.

## ആരും പ്രതീക്ഷിക്കാത്ത അപകടം:

യഹൂദനിയമങ്ങൾ വിജാതീയരുടെമേൽ അടിച്ചേല്പിക്കേണ്ടെന്ന് തന്നെ യാണ് കൗൺസിൽ തീർപ്പു കല്പിച്ചത് (അപ്പ. 15/19-28). ഇതു മാത്രമാണ് പൗലോസ് പഠിപ്പിച്ചതും. എന്നാൽ ആരും പ്രതീക്ഷിക്കാത്ത ഒരപകടം പതി യിരിപ്പുണ്ടായിരുന്നു. വിശ്വാസം സ്വീകരിച്ച വിജാതീയർക്ക് പരിഛേദനം കഴി ക്കാതെ തന്നെ വിശ്വാസികളായിരിക്കാൻ കഴിയുമെങ്കിൽ, വിശ്വാസം സ്വീക രിച്ച യഹൂദന്മാർക്ക് പരിഛേദനം സ്വീകരിച്ചില്ലെങ്കിലും കുഴപ്പമില്ല എന്ന വാസ്തവം ഒരു ചിന്താക്കുഴപ്പത്തിലേക്ക് വാസ്തവത്തിൽ അവരെ ആനയിച്ചു. നൂറ്റാണ്ടുകളുടെ – ഒന്നര സഹസ്രാബ്ദത്തിന്റെ – അനുഷ്ഠാനത്തിലൂടെ ചിര പ്രതിഷ്ഠ നേടിയ ഛേദനാചാരത്തിന് പ്രസക്തി നഷ്ടപ്പെടുന്നതായി നാം കാണുന്നു. മാറാനോ മാറ്റാനോ പറ്റാത്ത അനുഷ്ഠാനങ്ങൾ ഒന്നുമില്ല എന്നുള്ള ബോദ്ധ്യം നമ്മിൽ ജനിപ്പിക്കുവാൻ പരിശുദ്ധാത്മാവ് ആഗ്രഹിക്കു ന്നതായി നമുക്കിവിടെ കാണാം. ആചാരാനുഷ്ഠാനങ്ങളുടെ പേരിൽ കല ഹിക്കുന്നവർ ഇക്കാര്യം ഓർത്തിരുന്നെങ്കിൽ എത്ര നന്നായിരുന്നു!

* A.D.70- ൽ ജറുസലേം തകർക്കപ്പെട്ടു! യഹൂദ ജനത ചിതറിക്കപ്പെട്ടു!

www.malankaralibrary.com

## തെറ്റ് ചെയ്യാതെയും തെറ്റിദ്ധാരണ പരക്കാം.:

തെറ്റൊന്നും ചെയ്തില്ലെങ്കിലും പൗലോസിനെക്കുറിച്ച് തെറ്റിദ്ധാരണകൾ നാടുമുഴുവൻ പരന്നു! നല്ല ധാരണകളെക്കാൾ വേഗം പരക്കുന്നത് തെറ്റിദ്ധാരണകളാണല്ലോ. "സത്യം യാത്രയ്ക്കുവേണ്ടി ചെരുപ്പിടുമ്പോൾ അസത്യം ലോകം ഒരു വട്ടം ചുറ്റിക്കഴിഞ്ഞിരിക്കും" എന്നാണ് ചൊല്ല്. പ്രശ്നപരിഹാരത്തിനായി സഭാശ്രേഷ്ഠന്മാർ മുന്നോട്ടുവെച്ച ഉപാധി പൂർണ്ണമനസ്സോടും വിധേയത്വത്തോടും കൂടി പൗലോസ് സ്വീകരിച്ചു."യഹൂദരെ നേടേണ്ടതിന് ഞാൻ അവരുടെയിടയിൽ യഹൂദനെപ്പോലെയായി"(1കോരി.9/20). നിയമം പരസ്യമായി അനുസരിച്ചുകൊണ്ടും ശുദ്ധീകരണത്തിന്റെ അനുഷ്ഠാനങ്ങൾ സ്വയം ഏറ്റെടുത്തുകൊണ്ടും തന്റെ വിധേയത്വവും യഹൂദപാരമ്പര്യത്തിലും നിയമങ്ങളിലുമുള്ള നിഷ്ഠയും അദ്ദേഹം വ്യക്തമാക്കി. പ്രശ്നങ്ങൾ അതുവഴി പരിഹരിക്കപ്പെടുമെന്ന് കരുതി. പക്ഷേ അപ്രതീക്ഷിതമായത് തന്നെയാണ് സംഭവിച്ചത്.

## പൊതുജനത്തിന്റെ വധശിക്ഷാവിധി!

ഓശാന വിളികളുടെ അകമ്പടിയോടെ പെസഹാത്തിരുനാളിന് മുമ്പ് ജറുസലേമിൽ സ്വാഗതം ചെയ്യപ്പെട്ട യേശുവിനെ കാത്തിരുന്നത് കഷ്ടപ്പാടും കുരിശുമരണവുമായിരുന്നല്ലോ. ഒരു യഥാർത്ഥ ക്രിസ്തു ശിഷ്യനും അതിൽ കുറഞ്ഞ എന്തെങ്കിലും പ്രതീക്ഷിക്കാമോ?. വിവരണാതീതമായ വേദനയും വ്യാകുലവുമാണ് പൗലോസിനെയും കാത്തിരുന്നത്. അദ്ദേഹത്തെ കുടുക്കിൽ പെടുത്തിയതാകട്ടെ യാക്കോബിന്റെ നിർദ്ദേശം സ്നേഹപൂർവ്വം ഏറ്റെടുത്തതും! തന്റെ പിതാവിന് മരണത്തോളം, അതേ ക്രൂശുമരണത്തോളം, വിധേയനായിരുന്ന യേശുവാണ് ഇവിടെ വഴികാട്ടിയാകുന്നത്. വധശിക്ഷ ലഭിക്കുവാൻ തക്ക കുറ്റാരോപണങ്ങളുമായി ഏഷ്യയിൽ നിന്നും വന്ന യഹൂദർ പൗലോസിനെതിരെ മുന്നോട്ടു വന്നു. വിജാതീയരെ ദേവാലയത്തിൽ പ്രവേശിപ്പിച്ചു എന്ന വ്യാജപ്രസ്താവനയുമായാണ് അവർ മുന്നോട്ടു വന്നത്. ദേവാലയം നശപ്പിക്കും എന്ന് പറഞ്ഞതായിരുന്നുവല്ലോ യേശുവിനെതിരെയുള്ള പ്രധാന കുറ്റാരോപണം. കേട്ടത് സത്യമോ എന്നന്വേഷിക്കാനുള്ള ക്ഷമയും നീതിബോധവും ജനക്കൂട്ടത്തിൽ നിന്നു പ്രതീക്ഷിക്കുന്നത്, പ്രതീക്ഷിക്കാവുന്നതിലേറെയായിരിക്കും. പൊതുജനമെന്നു പറഞ്ഞാൽ തന്നെ വീണ്ടുവിചാരമില്ലാത്ത കൂട്ടമെന്നാണല്ലോ അർത്ഥം. യേശുവിനെതിരെയും ജനക്കൂട്ടത്തിന്റെ മുറവിളി എന്തായിരുന്നു? ജനക്കൂട്ടം നീതിബോധമുള്ള ന്യായാധിപസംഘമല്ല തന്നെ. തലമുറകൾക്ക് ശാപം ഏറ്റുവാങ്ങുന്നതിന് ജനക്കൂട്ടത്തിനൊരിക്കലും മനസ്സാക്ഷിക്കടിയുമില്ല! പൗലോസിനോടുള്ള വൈരാഗ്യം അവരെ അന്ധരാക്കുകതന്നെ ചെയ്തു. നിയതമായ പദ്ധതികൾ പൗലോസിനെക്കുറിച്ച് യേശുവിന് ഉണ്ടായിരുന്നതുകൊണ്ട് മാത്രമാണ്. ജറുസലേമിൽ വെച്ചുതന്നെ അവന്റെ രക്തം ചിന്തപ്പെടാഞ്ഞത്. "സദാസമയവും അപകടം അഭിമുഖീകരിക്കുന്നവനും, പ്രതിദിനം മരിച്ചുകൊണ്ടിരിക്കുന്നവനും",ആയി സ്വയം വിശേഷിപ്പിച്ചത് എത്ര ശരി (1 കോരി 15/31) "കൊല്ലാൻ

www.malankaralibrary.com

കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെ" ( ഏശാ 53/7; അപ്പ.8/32).സ്വയം വിട്ടുകൊടുക്കുന്ന കാഴ്ചയാണിത്. പടയാളികളെ വിട്ട് റോമൻസൈന്യാധിപൻ പൗലോസിനെ രക്ഷിക്കുകയാണ്! യേശുവിനെപ്പോലെതന്നെ പൗലോസും യഹുദന്മാരുടെ കോപാഗ്നിക്കിരയായിത്തീർന്നു. ഇനി രക്ഷപെടാൻ സാദ്ധ്യമല്ല! ഭാഗധേയം നിർണ്ണയിക്കപ്പെട്ടു കഴിഞ്ഞു. അങ്ങനെ രക്ഷപെടണമെന്ന് അദ്ദേഹത്തിനാഗ്രഹവുമില്ല. തന്റെ ശത്രുക്കളായി മാറിയവരോട് സംസാരിക്കുവാനുള്ള അനുവാദം പൗലോസ് ചോദിച്ചുവാങ്ങി. ചെന്നായ്ക്കളുടെ ഇടയിൽ കുഞ്ഞാടുപോലെ അവൻ നിന്നു. യേശുവിനെപ്പോലെ തന്നെ ഒറ്റയ്ക്ക് നിന്ന് തന്റെ ശത്രുക്കളെ നേരിടുന്ന പൗലോസിനെയാണ് നാം കാണുന്നത്. ഈ ജീവന്മരണ സമരത്തിന്റെ പരിണതിയെപ്പറ്റി അടുത്ത പാഠത്തിൽ പഠിക്കാം.

### ഒന്നു നില്ക്കൂ!

ഇവിടെ നമുക്ക് ഒരു നിമിഷം വിശ്രമിക്കാം. ഒരു തിരിഞ്ഞു നോട്ടത്തിന് തയ്യാറെടുക്കാം. പൗലോസിന് സംഭവിച്ചത് എന്താണെന്ന് ഒരു നിമിഷം ആലോചിക്കാം. പൗലോസിന്റെ ജീവിതത്തിൽ പരിശുദ്ധാത്മാവ് വ്യക്തമായി ഇടപെട്ട് വളരെ വളരെ ഫലം പുറപ്പെടുവിക്കുന്ന കാഴ്ചയാണ് ഈ പാഠത്തിൽ നാം കാണുന്നത്.*കാട്ടിലെ പാഴ്മുളന്തണ്ടിൽ നിന്നും പാട്ടിന്റെ പാലാഴിതീർത്ത കലാകാരനെപ്പോലെ*യാണ് പരിശുദ്ധാത്മാവ് പൗലോസിൽ പ്രവർത്തിച്ചത്. ദൈവസ്നേഹവും സുവിശേഷ ചൈതന്യവുമെന്ന അഗ്നിയിൽ ആളിക്കത്തി ജാജ്വല്യമാനമായ വൈഡൂര്യമായി മാറിയ കരിക്കട്ടയാണ് പൗലോസ്! പരിശുദ്ധാത്മാവിന്റെ വിളിക്ക് സർവ്വാത്മനാ സമർപ്പിച്ച, മരണത്തോളം അനുസരണയുള്ള, ദൈവദാസനാണ് പൗലോസ്. തുടർച്ചയായ പരിവർത്തനത്തിന് തന്റെ ജീവിതത്തെ അദ്ദേഹം വിധേയമാക്കി. എന്നാൽ എപ്പോഴും ദർശനസ്ഥിരത അഥവാ ജീവിതലക്ഷ്യം കൺമുമ്പിൽ തന്നെ ഉറപ്പിച്ചിരുന്നു താനും.

മാനസികമോ ശാരീരികമോ ആയ യാതൊരു ക്ലേശവും, വേദനയുടെ നേർപാതയിൽ നിന്ന് വ്യതിചലിക്കുവാൻ പ്രേരകമായില്ല. ക്രിസ്തുവിനെപ്പോലെ തന്നെ തന്റെ സ്വന്തം ഇഷ്ടം മാറ്റിവെച്ചുകൊണ്ട് ദൈവേഷ്ടം ചെയ്യുവാൻ പൗലോസ്സ് സദാ തയ്യാറായി.

*"എന്റെ ഇഷ്ടം ഒന്നും വേണ്ടപ്രിയനെ*

*നിന്റെ ഇഷ്ടം എന്നിൽ പൂർണ്ണമാക്കണേ"*

സമർപ്പണപാതയിൽ സഞ്ചരിച്ചവരെല്ലാം ഈ മനോഭാവം വെച്ചു പുലർത്തിയവരാണ്. ദൈവേഷ്ടത്തിന് സ്വയം വിട്ടുകൊടുക്കുവാനുള്ള ആ മനോഭാവം വളർത്തുവാൻ നാം പരിശീലിക്കണം. കർത്തൃപ്രാർത്ഥനയിൽ ദിനന്തോറും നാം ചൊല്ലുന്നതും അതുതന്നെയല്ലേ? നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണം.

www.malankaralibrary.com

നമ്മുടെ സമർപ്പണം എങ്ങനെയുള്ളതാണ്? ഇഛപിഴച്ചാൽ ഇട്ടേച്ചുപോകുന്നതാണോ എന്റെ വിശ്വാസ ജീവിതം.? വിശ്വാസജീവിതം വളരാനും വളർത്താനും സാദ്ധ്യതയുള്ളതാണെന്ന് ഞാൻ വിശ്വസിക്കുന്നുണ്ടോ? വലുതായ വിശ്വാസത്തിലേയ്ക്കും ഉപരിയായ സമർപ്പണത്തിലേയ്ക്കും ഉയരാനുള്ള സാദ്ധ്യത ഞാൻ തള്ളിക്കളഞ്ഞിട്ടില്ലേ? പെന്തക്കുസ്താ അനുഭവം, കഴിഞ്ഞകാല സംഭവമല്ല. അത് ഓരോ വ്യക്തിയിലുടെയും, ഓരോ സമൂഹത്തിലുടെയും ഇന്നിന്റെ ഇടവഴികളിലുടെയും വ്യക്തിജീവിതത്തിന്റെ ഊടുവഴികളിലുടെയും തുടരേണ്ട യാഥാർത്ഥ്യമാണ്. ഈ ചോദ്യം നാം നിരന്തരം നമ്മോടു തന്നെ ചോദിക്കേണ്ടതാണ്. ഓരോ വ്യക്തിയും, ഓരോ കുടുംബവും ഓരോ സമൂഹവും ഓരോ നാളും ചോദിക്കേണ്ടതാണ്.

**പെന്തക്കുസ്താ അനുഭവം ഇന്നുമുണ്ടാകണം, സംശയമില്ല.** നമ്മെയെല്ലാമോ നമ്മിലാരെയെങ്കിലുമോ തന്റെ ശ്രേഷ്ഠമായ ശുശ്രൂഷയ്ക്ക് ഇന്നും പരിശുദ്ധാന്മാവ് വിളിച്ചേക്കാം. "ദൈവമേ അവിടുത്തെ ഇഷ്ടം നിറവേറ്റുവാൻ ഇതാ,ഞാൻ വന്നിരിക്കുന്നു...... അവിടുത്തെ ഹിതം നിറവേറ്റാൻ ഇതാ, ഞാൻ വന്നിരിക്കുന്നു" (ഹെബ്രാ.10/7-9). പരിശദ്ധാന്മാവേ, എന്നെ മുഴുവനായി സ്വീകരിക്കേണമേ,തിരുഹിതം പോലെ എന്നെ വഴി നടത്തേണമേ; തിരുവിഷ്ടം ചെയ്യുവാൻ എന്നെ പ്രാപ്തനാക്കണമേ, എന്ന് പ്രാർത്ഥിക്കികയും സമർപ്പിക്കുകയും വേണം. നമ്മുടെ ക്രൈസ്തവവീക്ഷണം വ്യക്തവും സ്പഷ്ടവുമായിത്തീരട്ടെ. പൗലോസിനെപ്പോലെ നമ്മുടെ ദൈവവിളി തിരിച്ചറിഞ്ഞ് അതിൽ മുഴുകി ജീവിപ്പാൻ നമുക്കോരോരുത്തർക്കും സാധിക്കുമാറാകട്ടെ.

പ്രാർത്ഥന:

*"പരിശുദ്ധാത്മാവേ എഴുന്നള്ളി വരുക*
*നിന്റെ വിശ്വാസികളുടെ ഹൃദയങ്ങളെ നിറയ്ക്കുക*
*പരിശുദ്ധാത്മാവേ എഴുന്നള്ളി വരുക.*
*നിന്റെ സ്നേഹാഗ്നിയെ അവരിൽ ഉജ്വലിപ്പിക്കുക*
*അപ്പോൾ ഭുമുഖം നവീകരിക്കപ്പെടും;*
*സകലവും പുതുതാക്കപ്പെടുകയും ചെയ്യും."*

(തുടരും)

തയ്യാറാക്കിയത്:

**മേരിഗിരി, തിരുവല്ല.** — **ഫാദർ ഏബ്രഹാം കാടമല**

**12-12-1998** — **ഫാദർ ഏബ്രഹാം നടുവിലേടം.**

www.malankaralibrary.com

# അപ്പസ്തോല പ്രവർത്തനങ്ങൾ
# ഒരു പഠനം

## യേശുവിനുവേണ്ടി മരിക്കുന്നതിനേക്കാൾ പ്രധാനം യേശുവിനുവേണ്ടി ജീവിക്കുന്നത്

അദ്ധ്യായം 22-24

അപ്പസ്തോലന്മാരിൽ വേറിട്ട് നില്ക്കുന്ന ഒരു പ്രതിഭാസമാണ് വിശുദ്ധ പൗലോസ്. വ്യാഴവട്ടക്കാലത്തിലേറെ മെഡിറ്ററേനിയൻ തീരത്ത് നെടുകെയും കുറുകെയും ഓടി നടന്ന് സുവിശേഷമറിയിച്ച അപ്പസ്തോലനാണ് പൗലോസ്. ഏതൊരപ്പസ്തോലനെക്കാളുമേറെ നടന്നവൻ. ചരിത്രത്തിലെ ദീർഘദൂരയാത്രക്കാരുടെ കൂടെ ഇടം ലഭിച്ചവൻ. മഹാത്മാഗാന്ധിയും വിനോബാഭാവേയും മാവോസേതുങ്ങും എല്ലാം ദീർഘദൂരം നടന്നവരാണ്. ഓരോ മിഷനറിയും സഞ്ചാരിയാണ്. നദി ഒഴുകിയും സന്ന്യാസി സഞ്ചരിച്ചും അതിന്റെ വിശുദ്ധി പരിരക്ഷിക്കുന്നു എന്നാണ് പ്രമാണം. ജറുസലേമിൽ നിന്ന് 13 വർഷം മുമ്പാരംഭിച്ച ആ പദയാത്ര – ആ ദേശാടനം – ജറുസലേമിൽ തിരിച്ചെത്തുന്നതിന്റെ വിവരണമായിരുന്നു കഴിഞ്ഞ പാഠം.

### സമാനതകളുടെ രണ്ട് ജീവിതങ്ങൾ:

പൗലോസിന്റെ ജീവിതയാത്രയുടെ ലക്ഷ്യം ഭാഗികമായിട്ടെങ്കിലും സാധിച്ചു കഴിഞ്ഞതായിട്ടാണല്ലോ അവിടെ നാം പറഞ്ഞു നിർത്തിയത്. ദുരിതപൂർണ്ണവും ദുഷ്കരവുമായ ജീവിതസാഹചര്യങ്ങളെ സാഹസികമായി അതിജീവിച്ച് ആ യാത്ര തുടങ്ങിയ ബിന്ദുവിൽ എത്തി ചേർന്നതായി നാം കണ്ടു. യേശുവിന്റെ ജറുസലേം യാത്രയും പൗലോസിന്റെ ജറുസലേം യാത്രയും താരതമ്യപ്പെടുത്തി രണ്ടിലെയും സമാനതകൾ 14-ാം പാഠത്തിൽ നാം കണ്ടു. ഇരുവരുടെയും ലക്ഷ്യവും വഴിത്താരയും, ലക്ഷ്യത്തിൽ അവരെ എതിരേറ്റ രീതിയും, പതിയിരുന്ന അപകടവും അവിടെ നമുക്ക് കാണുവാൻ കഴിഞ്ഞു.

മുൻകുറിയിലും സൂചനകളിൽപോലും സമാനത കാണുവാൻ കഴിയും. അപകടം അവരെ കാത്തിരിക്കുന്നതിനാൽ 'അങ്ങോട്ടു അരുതെന്ന' വിലക്കുകളെ അവർ അവഗണിച്ചു. ദൈവാത്മാവിനാൽ നയിക്കപ്പെടുന്ന ആ പുണ്യാത്മാക്കൾ തങ്ങളുടെ സുരക്ഷിതത്വത്തെയല്ല ദൈവഹിതത്തെയാണ് മാനിക്കുന്നത്. എന്റെ ജീവിതം വിലപ്പെട്ട ഏതുമായി ഞാൻ കരുതുന്നില്ലെന്നല്ലേ ഒരു ഘട്ടത്തിൽ അപ്പസ്തോലൻ പറയുന്നത്? ഗോതമ്പുമണി നിലത്തു വീണ് അഴിയണമെന്നല്ലേ

www.malankaralibrary.com

നാഥൻ ഒരിക്കൽ പഠിപ്പിച്ചത്? അവരുടെ പരമമായ ലക്ഷ്യം ദൈവേഷ്ടം നിറവേറ്റുക എന്നതായിരുന്നു. വിശുദ്ധ അസ്സീസ്സിയുടെയും ഇഗ്നേഷ്യസിന്റെയും ഫ്രാൻസീസ് സേവ്യറുടെയും ആയിരക്കണക്കിന് പ്രേരിതവര്യരുടെയും ലക്ഷ്യവും അതുതന്നെയായിരുന്നു; അതു മാത്രമായിരുന്നു. **എനിക്കോ? നിങ്ങൾക്കോ?**

## പ്രതികരണ വ്യത്യാസം?

യേശുവും പൗലോസും തമ്മിലുള്ള സാമ്യങ്ങൾ കഴിഞ്ഞ പാഠത്തിൽ നാം കണ്ടുകഴിഞ്ഞു. ഗുരുവിൽ നിന്നു തൂലോം വ്യത്യസ്ഥമായി പ്രതികരിക്കുന്ന ശിഷ്യനെയാണ് ഈ പാഠം അവതരിപ്പിക്കുന്നത്. ജീവിതാന്ത്യത്തിലെ പ്രതിസന്ധിഘട്ടത്തിൽ വ്യത്യസ്ഥമായി പ്രതികരിക്കുന്നതിന്റെ കാരണം കണ്ടെത്തുവാനും അതിനു പിന്നിലെ ചേതോവികാരം മനസ്സിലാക്കുവാനുമാണ് ഇവിടെ നാം ശ്രമിക്കുക. 'ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽനിന്നു പഠിക്കുകയും ചെയ്യുവിൻ (മത്താ. 11/29; ഏശാ. 53/7=അപ്പ. 8/32) എന്നു ക്ഷണിച്ച യേശുവിന്റെ നിശ്ശബ്ദ സഹനത്തോട് യാതൊരു തരത്തിലും യോജിക്കുന്നതായിരുന്നില്ലല്ലോ ഒരു ക്രിമിനൽ വക്കീലിനെപ്പോലെ തന്റെ അവകാശങ്ങൾക്കായി വാദിച്ച പൗലോസിന്റെ പ്രതികരണം. അടിയും മുൾമുടിയും, അപമാനവും അപഹാസവും വധശിക്ഷയുമായ 'ദുഃഖത്തിന്റെ പാനപാത്രം സന്തോഷത്തോടെ ഏറ്റുവാങ്ങി ഹല്ലേലുയ്യാ പാടിയ' യേശു എവിടെ? സ്വന്തജീവൻ രക്ഷിക്കാൻ ഒന്നിനുപുറകെ ഒന്നായി വാദമുഖങ്ങൾ അവതരിപ്പിച്ചുകൊണ്ട്, കീഴ്ക്കോടതിയിലും മേൽക്കോടതിയിലും എന്തിനേറെ സുപ്രീം കോടതി വരെയും അപ്പീലുമായിപ്പോകാൻ തയ്യാറായ താർസൂസുകാരൻ വക്കീലെവിടെ? ഈ പ്രതികരണമാണോ നാം ഒരു ക്രിസ്തുശിഷ്യനിൽ നിന്ന് പ്രതീക്ഷിക്കുന്നത്? പൗലോസിനെക്കുറിച്ച് നാമെന്താണ് മനസ്സിലാക്കേണ്ടത്? പടിക്കൽ കുടമുടച്ചു കളഞ്ഞവനെന്നോ? (സഭാപ്ര. 12/6). മരണത്തെ ഭയമില്ലെന്ന് പറഞ്ഞവൻ മരണത്തിന്റെ മുമ്പിൽ പതറിയെന്നോ? മരണത്തെ മുഖാമുഖം കണ്ടപ്പോൾ യേശുവിനെ മറന്നുപോയെന്നോ? കുരിശിൽ കിടന്നുകൊണ്ടു പോലും സ്നേഹപൂർവ്വം തന്റെ ശത്രുക്കൾക്ക് വേണ്ടി പ്രാർത്ഥിച്ചുകൊണ്ട് സ്വജീവൻ സമർപ്പിക്കാൻ തയ്യാറായ തന്റെ നാഥനെ അനുകരിക്കുവാൻ എന്തുകൊണ്ട് പൗലോസ് തയ്യാറായില്ല? ഒരു പ്രഹേളികയായിത്തോന്നാം.

## ഓരോ വിളിയും തനിമയുള്ളത്:

വ്യത്യസ്തവും വ്യതിരിക്തവുമായ വഴികളിലൂടെ തന്റെ തനതാത്മകതയും തനിമയും നിലനിർത്തിക്കൊണ്ട്, പരിശുദ്ധാത്മാവിനോട് പരമാവധി സഹകരിക്കുന്ന പൗലോസിന്റെ ഉദാത്തമായ പാഠമാണ് ഈ അദ്ധ്യായത്തിൽ നാം പഠിക്കുവാൻ പോകുന്നത്. പൗലോസിന്റെ ജീവിതവും അനുഭവങ്ങളും യേശുവിന്റെ ജീവിതത്തോടും ജീവിതാനുഭവങ്ങളോടും തട്ടിച്ചു നോക്കുന്നതും താരതമ്യപ്പെടുത്തുന്നത് ആപല്കരമായിരിക്കും; യേശുവിന്റെ പ്രതികരണം പൗലോസിൽ നിന്ന് പ്രതീക്ഷിക്കുന്നത് അധികപ്പറ്റുമായിരിക്കും. ക്രൈസ്തവരെന്ന നിലയിൽ

www.malankaralibrary.com

നാമറിഞ്ഞിരിക്കേണ്ട സുപ്രധാനമായ ഒരു സത്യം ഇവിടെ അനാവരണം ചെയ്യപ്പെടുന്നു. ദൈവം നമ്മെ ഓരോരുത്തരെയും അവനവന്റെ തനിമയിൽ (Unique-ness) സൃഷ്ടിച്ചിരിക്കുന്നു എന്നതാണാ സത്യം. ചരിത്രത്തിന്റെ ഒരു പ്രത്യേക മുഹൂർത്തത്തിൽ, ഒരു പ്രത്യേക സ്ഥലത്ത്, ഒരു പ്രത്യേക വിധത്തിൽ (തനതാത്മകത നിലനിർത്തി) ക്രൈസ്തവീകത അവതരിപ്പിക്കുവാൻ ദൈവം നമ്മെ ഓരോരുത്തരേയും നിയമിച്ചിരിക്കുന്നു എന്നതാണാ സത്യം. പത്രോസിന് പൗലോസാകാൻ സാദ്ധ്യമല്ല; യാക്കോബിന് യോഹന്നാനാകാൻ സാദ്ധ്യമല്ല. ഇരട്ടപിറന്നവരായ 'ഇടിമക്കൾക്കും' തനതാത്മകതയുണ്ട്. ഈ വ്യക്തിത്വദർശനം നാം പാടേ വിട്ടുകളയുന്നത് അപകടകരമാണ്. സ്ഥലകാല സാഹചര്യങ്ങൾക്കനുസൃതമായി **പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനൊത്തുവേണം** നാം ജീവിക്കുവാനും പ്രവർത്തിക്കുവാനും. ചരിത്രം രചിച്ചുകൊണ്ടിരിക്കുന്ന, കാലചക്രം തിരിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവ് നമ്മെയും നയിച്ചുകൊണ്ടിരിക്കുകയാണ്. സ്ഥലകാല സാഹചര്യങ്ങൾക്ക് യോജിച്ച രീതിയിലായിരിക്കണം നാം നമ്മുടെ ക്രൈസ്തവ ജീവിതം നയിക്കുവാൻ. ഈ അദ്ധ്യായങ്ങളിൽ വിവരിക്കുന്നതുപോലെയും, ഈ പാഠത്തിൽ പഠിക്കുന്നതുപോലെയുമുള്ള പൗലോസിന്റെ പ്രവർത്തനരീതി നമുക്ക് അംഗീകരിക്കുവാൻ കഴിയുമോ? അതിലേറെ ഇന്നിന്റെ ജീവിത സാഹചര്യങ്ങളിൽ ആത്മാവിന്റെ നടത്തിപ്പും നിർദ്ദേശവും മാനിച്ചും പാലിച്ചുമാണോ നാം ക്രൈസ്തവരായിരിക്കുന്നത്? സാഹചര്യങ്ങളുടെ സമ്മർദ്ദങ്ങളും കാലത്തിന്റെ വെല്ലുവിളികളും എന്തു തന്നെയായാലും ശരി, നമ്മുടെ ജീവിതവും വിശ്വാസജീവിതവും സജീവവും ഊർജ്ജസ്വലവുമായി നിലനിർത്താൻ നമുക്ക് സാധിക്കണം.

## അദ്ധ്യായം 22

ലഹളക്കാരായ ജറുസലേമിലെ യഹൂദന്മാരെ അഭിസംബോധന ചെയ്ത് സംസാരിക്കുന്ന പൗലോസിനെയാണ് 22-ാമദ്ധ്യായത്തിൽ നാം കാണുന്നത്. പൗലോസിന്റെ ജീവനിൽ കുറഞ്ഞ ഒന്നുകൊണ്ടും അവർ തൃപ്തരല്ല തന്നെ. ചോരയ്ക്കുവേണ്ടി കൊതിക്കുന്ന ചെന്നായ്ക്കളെപ്പോലെയാണവർ. ബാശാനിലെ കാട്ടുപോത്തുകളെപ്പോലെയാണവർ കൂട്ടം കൂടിയത്. "കൊല്ലുക, കൊല്ലുക, അവനെ തൂക്കുക തൂക്കുക" എന്ന മുറവിളി മാത്രമാണവർക്ക്. ബറാബ്ബായല്ല രാജാവെന്ന് വിളിക്കപ്പെടുന്ന യേശുവാണവരുടെ ലക്ഷ്യം! അവർ അക്രമാസക്തരാണ്; കടിച്ച് കീറുവാൻ വെമ്പുന്ന ക്രൂര ചെന്നായ്ക്കളെപ്പോലെയാണവർ. 'മാസ്സ് ഹിസ്റ്റീരിയാ' ബാധിച്ചവരെപ്പോലെയാണവർ. അവരുടെ അസൂയ അണപൊട്ടിയൊഴുകിക്കഴിഞ്ഞു. എന്നിട്ടും തന്നെ ശ്രവിക്കാൻ പാകത്തിൽ അവൻ അവരെ നിശ്ശബ്ദരാക്കുന്നു. അവരുടെ സ്വന്തം ഭാഷയായ ഹെബ്രായയിൽ സംസാരിക്കുന്നതോടെ അവരുടെ ആദരം പിടിച്ചുപറ്റാൻ അവന് കഴിഞ്ഞു. ഭാഷയ്ക്ക് അതിന്റെ മനഃശാസ്ത്രമുണ്ട്. ഭാഷ ഒരുമയുടെ സിംബലാണ്, പ്രതീകമാണ്. മാതൃഭാഷ പെറ്റമ്മയെപ്പോലെയാണ്. പത്തമ്മ ചമഞ്ഞാലും പെറ്റമ്മയ്ക്കൊപ്പമാകയില്ലല്ലോ.

www.malankaralibrary.com

**ഒന്നാമത്തെ ന്യായവാദം:**

പൗലോസ് നടത്തുന്ന 3 ന്യായവാദങ്ങൾ ഇവിടെ കാണാം. ഒന്നാമത്തെ ഈ ന്യായവാദം വാസ്തവം പറഞ്ഞാൽ നിയമപരമായ ഒരു നടപടി ക്രമമേയല്ല. നിയമത്തിന്റെയും ന്യായത്തിന്റെയും അകമ്പടിയോടെയല്ല, ഇവിടെ അദ്ദേഹം സ്വയം ന്യായീകരിക്കുന്നത്. വാദിച്ച് സ്ഥാപിക്കാനോ, എതിർവാദം വഴി ഖണ്ഡിക്കാനോ പറ്റാത്ത സ്വന്തം ജീവിതാനുഭവം മുൻനിർത്തിയാണ് അദ്ദേഹം ആ യഹൂദന്മാരെ നേരിട്ടത്. ആവേശം മുത്ത് ലഹള കൂട്ടുന്ന അവരോട് അദ്ദേഹം തന്റെ ജീവിതത്തിലെ **ആത്മനിറവിന്റെയും അതുവഴി തന്നിൽ ശക്തിപ്പെട്ട മതതീഷ്ണതയുടെയും തീവ്രമായ** അനുഭവസാക്ഷ്യം നല്കുകയാണ്. സാഹചര്യം അനുകൂലമായിരുന്നാലും ഇല്ലെങ്കിലും സുവിശേഷം പ്രസംഗിക്കണമെന്നതാണല്ലോ അദ്ദേഹത്തിന്റെ മുദ്രാവാക്യം (1കൊരി. 9/16). ഒരു യഥാർത്ഥ പ്രേഷിതന്റെ മനോഭാവം കണ്ടാലും.

**സ്വയസമർത്ഥനം – അപ്പളോജിയാ പ്രോ വീത്താ സുവാ:**

(1) ഒന്നാമതായി താൻ കുലീനനായ ഒരു യഹൂദനാണെന്നും സുവ്യക്തവും സുശക്തവുമായ ഭാഷയിൽ അദ്ദേഹം അവതരിപ്പിക്കുന്നു.

(2) മാത്രമല്ല യഹൂദർ ആരോപിക്കുന്നതുപോലെ പരമ്പരാഗതമായ വിശ്വാസത്തിന് കോട്ടം തട്ടുന്ന യാതൊന്നും പറയുകയോ പഠിപ്പിക്കുകയോ ചെയ്തിട്ടില്ല എന്ന് തറപ്പിച്ചു പറയുന്നു.

(3) താൻ താർസോസുകാരനായ ഒരു യഹൂദൻ എന്നതിലുപരി വിത്തം കൊണ്ടും വിദ്യകൊണ്ടും റബ്ബിയെന്ന അതുല്യപദവിയുള്ളവനുമാണ്.

(4) അതിലുപരിയായി മതതീഷ്ണതയിൽ താൻ ആർക്കും പിന്നിലല്ലെന്നു മാത്രമല്ല തന്നെ അതിശയിക്കുവാൻ പോന്നവരായി ആരുമുണ്ടാകയില്ല. എന്നു മാത്രമല്ല ഇന്നു താൻ ആരുടെ വക്താവായി അവരുടെ മുമ്പിൽ നില്ക്കുന്നുവോ ആ ക്രിസ്തുമാർഗ്ഗികളെ നിഷ്ക്കരുണം പീഡിപ്പിച്ചവനാണെന്നും സമർത്ഥിക്കുന്നു.

(5) ഇങ്ങനെ തങ്ങളെ ഒന്നിപ്പിക്കുന്ന ഘടകങ്ങൾ ഒട്ടനവധിയാണെന്നും, ഇപ്പോൾ ഏതെങ്കിലും കാര്യത്തിൽ അവരിൽ നിന്നു വ്യത്യസ്തനായി തോന്നുന്നെങ്കിൽ അത്, **യേശുക്രിസ്തു സകലരുടെയും രക്ഷകൻ** ആണെന്നുള്ള തന്റെ അതിനൂതനമായ ബോദ്ധ്യത്തിൽ മാത്രമാണെന്നു അദ്ദേഹം സമർത്ഥിക്കുന്നു.

(6) എല്ലാവർക്കും പിതാവായ ദൈവത്തെ യഥാർത്ഥമായി അടുത്തറിയുവാൻ പൗലോസ് അവരെ സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു.

(7) **ദൈവം നല്ലവൻ; എല്ലാവർക്കും വല്ലഭൻ:**

ഇസ്രായേൽക്കാർ ഇതുവരെ കരുതിയത് ദൈവം തങ്ങളുടെ സ്വന്തമാണെന്നും, തങ്ങളെ മാത്രമേ ദൈവം സ്നേഹിക്കുന്നുള്ളു എന്നുമാണ്. എല്ലാവരെയും സകലജനപദങ്ങളെയും സ്നേഹിക്കുകയും രക്ഷിക്കുകയും ചെയ്യുന്ന ഒരു ദൈവമാണ് ഇസ്രായേലിന്റെ ദൈവമെന്നുള്ള ബോദ്ധ്യം ആദ്യമായല്ലെങ്കിലുംശക്തമായി അവതരിപ്പിക്കുന്നത് ഒരുപക്ഷേ പൗലോസാണ്.

www.malankaralibrary.com

## ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവനിർമ്മിതി

താൻ എന്തായിരിക്കുന്നുവോ അത് പൂർണ്ണമായും 'ദൈവനിർമ്മിതി'യാണെന്ന് ധീരമായി ഉൽഘോഷിക്കുകയാണ് ശ്ലീഹാ. താൻ യാതൊരു വിധത്തിലും കുറ്റക്കാരനല്ലെന്ന് സമർത്ഥിക്കുകയാണ് ആ സമർത്ഥനായ വക്കീൽ. യഹൂദനായി ജനിക്കുവാനും യഹൂദ പാരമ്പര്യത്തിൽ വളരാനും യഹൂദവിശ്വാസം മുറുകെപ്പിടിക്കുവാനും ഇടയായത് ദൈവകൃപയാലാണ്. ദൈവാത്മാവിന്റെ നിർദ്ദേശങ്ങൾക്കും നിയന്ത്രണങ്ങൾക്കും നടത്തിപ്പിനും പൂർണ്ണമായി തന്നെത്തന്നെ വിധേയനാക്കിയതിന്റെ പരിണതഫലമാണ് തന്റെ ചലനവും 'വ്യതിചലന'വുമെന്ന് തറപ്പിച്ചു പറയുവാൻ പൗലോസിന് സാധിച്ചു. പൗലോസിനെപ്പോലെ വിളിച്ചു പറയുവാൻ നമുക്ക് സാധിക്കുമോ? പൗലോസ് അഭിമാനിക്കുന്ന പ്രകാരം ഒരു ക്രിസ്ത്യാനിയായി ജനിക്കുകയും ജീവിക്കുകയും ചെയ്യാൻ വരം ലഭിച്ചവരാണെന്ന് അഭിമാനിക്കുവാൻ നമ്മിലേറെപ്പേർക്കും സാധിക്കുന്നില്ലേ? അവനെപ്പോലെ അപ്പപ്പോൾ ദൈവം നടത്തിയ വഴികളിലൂടെ മാത്രമാണോ നാം നടന്നിട്ടുള്ളത്? ദൈവവഴികളിലൂടെ മാത്രമേ ഞാൻ നടന്നിട്ടുള്ളൂ എന്ന് ആത്മാർത്ഥമായിപ്പറയുവാൻ നമ്മിലെത്രപേർക്ക് ധൈര്യമുണ്ട്? "യഹോവയുടെ വഴികളെ അനുധാവനം ചെയ്യുകയും, വചനങ്ങളെ രാപകൽ ധ്യാനിക്കുകയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ" (സങ്കീ. 1/2) എന്ന് സങ്കീർത്തകൻ ഉദീരണം ചെയ്യും. അവ്വിധം ഭാഗ്യവാനാണോ ഞാൻ? **"ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാലാണ്"** (1കോരി. 15/10) എന്ന് ആത്മാർത്ഥതയോടെ ഏറ്റുപറയുവാൻ അപ്പസ്തോലന് കഴിഞ്ഞു. സത്യം അതാണ്. നാം ഇപ്പോൾ ആയിരിക്കുന്നതത്രയും ദൈവകൃപയാലാണ്. അത് ദൈവവുമായി വീണ്ടും **പങ്കുവെക്കുവാൻ** നമുക്ക് സാധിക്കണം. ഒരു ആദ്ധ്യാത്മിക ചിന്തകൻ പറഞ്ഞതുപോലെ: "ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവത്തിൽനിന്നുള്ള സമ്മാനമാണ്; ഞാൻ എന്തായിത്തീരുന്നുവോ അത് ദൈവത്തിനുള്ള പ്രതിസമ്മാനവും."

What I am is a gift from God;

What I become is my gift to God!

## ക്രൈസ്തവനാകുകയെന്നാൽ.... ശ്രേഷ്ഠനാകുക:

**പൗ**ലോസിനെപ്പോലെ ഓരോ സുവിശേഷകനും, ഓരോ മിഷനറിയും, ഓരോ സമർപ്പിതനും, ഓരോ വിശ്വാസിയും - ഞാനും നിങ്ങളും നാമെല്ലാവരും - ആരുടെ ജോലിയിലായിരിക്കുന്നുവോ ആ യേശുവിനോട് അടുത്തിടപെടണം. പൗലോസിനെ സംബന്ധിച്ച് പറഞ്ഞാൽ തന്റെ ക്രൈസ്തവവിശ്വാസം താൻ ജന്മനാ ആയിരിക്കുന്ന യഹൂദവിശ്വാസത്തിന് യാതൊരു വിധത്തിലും മങ്ങലേല്പിക്കുന്നില്ല. നേരെ മറിച്ച് അതിനെ കൂടുതൽ സമ്പുഷ്ടമാക്കുകയാണ്. ചിലർ തെറ്റിദ്ധരിക്കുന്നതുപോലെ യഹൂദവിശ്വാസത്തെ തള്ളിക്കളയലല്ല ക്രൈസ്തവീകത. മറിച്ച് അതിനെ പരിപൂർണ്ണമാക്കുന്നതാണ്. ക്രൈസ്തവനായിരിക്കെതന്നെ നല്ലൊരു യഹൂദനുമായിരിക്കാനാണ് പൗലോസ് ഇഷ്ടപ്പെട്ടത്. ഒരു 'ദ്വിജൻ' ക്രൈസ്തവനാകുമ്പോൾ അവൻ മ്ലേച്ഛനാകുകയല്ല; കുറെക്കൂടെ മെച്ചപ്പെട്ട ദ്വിജൻ ആകുകയാണ്. അവന്റെ ആഹാരത്തിലും നീഹാരത്തിലും, ആചാര

www.malankaralibrary.com

ത്തിലും വിചാരത്തിലും, പെരുമാറ്റത്തിലും പ്രവൃത്തിയിലും ശ്രേയസ്സ് കൈവിടുകയല്ല ശ്രേഷ്ഠത കൈവരിക്കുകയാണ്. താൻ വിജാതീയരിലേക്കിറങ്ങിച്ചെന്നത് ദൈവീകപദ്ധതിയുടെ ഭാഗമായി മാത്രമാണ്. ചുരുക്കത്തിൽ പൗലോസ് ഒരു മതത്യാഗിയേ അല്ല. ക്രിസ്തുവും ക്രൈസ്തവീകതയും യഹൂദ വിശ്വാസത്തിൽ രൂപം പ്രാപിച്ച ഒരു പാഷണ്ഡതയല്ല; മറിച്ച് അതിന്റെ പൂർണ്ണതയും പൂർത്തീകരണവുമാണ്. വാഗ്ദാനങ്ങളുടെ പൂർത്തീകരണമാണ് യേശു. പ്രവചനങ്ങളുടെയും വെളിപാടുകളുടെയും നിവർത്തനമാണ് യേശുക്രിസ്തുവിലൂടെയുള്ള രക്ഷ. അത് യഥാവിധി ഗ്രഹിക്കുവാനുള്ള വെളിപാടും വരവും കൃപയും കിട്ടുകയാണ് സർവ്വപ്രധാനം. ചുരുക്കിപ്പറഞ്ഞാൽ ക്രൈസ്തവനെന്നാൽ കുറെക്കൂടി മെച്ചപ്പെട്ട സംശുദ്ധനായ മനുഷ്യൻ എന്നാണർത്ഥം!

## വിജാതീയനാമം – വിപ്ലവത്തിനു വിത്തുപാകി:

**ആ**വേശകരവും ഉജ്ജ്വലവുമായ പൗലോസിന്റെ പ്രസംഗം വീർപ്പടക്കി കേട്ടുകൊണ്ടിരുന്ന ജനം പക്ഷേ വിജാതീയരുടെ നാമം ഉച്ചരിച്ച മാത്രയിൽ പൊട്ടിത്തെറിച്ചുപോയി. കുരിശു കണ്ട പിശാചിനപ്പോലെ, ചുവപ്പു കണ്ട കാളയെപ്പോലെ അവർ ഇളകിയാടുവാൻ ആരംഭിച്ചു. വിജാതീയർ എന്നു കേൾക്കുന്നതു തന്നെ അവർക്കസഹ്യമായിത്തീർന്നു. വർണ്ണവെറി പിടിച്ചവരെപ്പോലെയും മതഭ്രാന്തന്മാരെപ്പോലെയും അവർ സ്വയം മറന്നു. ജറുസലേമിന്റെയും യുദമതത്തിന്റെയും പ്രാധാന്യത്തെ നിഷേധിക്കുന്ന ഒരു അനാവശ്യഘടകമായിട്ടാണ് ആ പദം അവർക്കനുഭവപ്പെട്ടത്.!

## വർഗ്ഗീയഭീകരത ദുരമൂത്ത ദുരാത്മാവിന്റെ പ്രവൃത്തി:

**വ**ർഗ്ഗീയത അല്ലെങ്കിലും എപ്പോഴും അങ്ങനെതന്നെയാണ്. തങ്ങൾക്കന്യമായ ഒന്നും അംഗീകാരയോഗ്യമല്ലെന്നും, തങ്ങൾ ഒഴിച്ചാക്കും ജീവിക്കാനവകാശമില്ലെന്നും, വാശിപിടിക്കുന്ന മനസ്സിന്റെ സമനില തെറ്റിയവനാണ് വർഗ്ഗീയവാദി. മതത്തിലും ഇസത്തിലും, വർണ്ണത്തിലും ഭാഷയിലുമെല്ലാം, വർഗ്ഗീയത കടന്നുവരാം. സഹിഷ്ണത ഇല്ലായ്മയാണ്, ഉന്മൂലനവ്യഗ്രതയാണ് അവരെ ബാധിച്ചിരിക്കുന്ന ദുർഭൂതം. ഇന്നത്തെ ലോകത്തിൽ വർഗ്ഗീയദുർഭൂതം ഏറെ കലാപം കടത്തിവിടുന്നുണ്ട്. അത് ദുരമൂത്ത ദുരാത്മാവിന്റെ പ്രവർത്തനമല്ലാതെ മറ്റെന്താണ്?

വിജാതീയരെ അംഗീകരിച്ചാൽ പുണ്യനഗരമായ ജറുസലേമും, പരിപാവനമായ ദേവാലയവും, പരമ്പരാഗതമായ പിതാക്കന്മാരുടെ വിശ്വാസവും, സ്വന്തമായ ആചാരാനുഷ്ഠാനങ്ങളും കൈവിട്ടുപോകുമോ എന്ന വ്യർത്ഥഭയം അവരെ വെറിപിടിപ്പിച്ചു. അവരുടെ ക്രൂരമായ അട്ടഹാസവും ആക്രോശവും വസ്ത്രം വലിച്ചു കീറലും പൂഴി വാരിയെറിയലും എല്ലാം കാണിക്കുന്നത് അവർക്ക് "കലി" ബാധിച്ചു കഴിഞ്ഞു എന്നും, അവർ പൗലോസിനെ പൂർണ്ണമായും എന്നന്നേയ്ക്കുമായും തിരസ്കരിച്ചു കഴിഞ്ഞു എന്നുമാണ്. അപ്പോൾ അദ്ദേഹത്തിന്റെ രക്ഷക്കെത്തുന്നതോ തീരെ പ്രതീക്ഷിക്കാത്ത ഒരു ദിശയിൽനിന്ന്; വിജാതീയ

www.malankaralibrary.com

നായ ഒരു റോമൻ പട്ടാള ഓഫീസറിൽ നിന്ന്. ഈ വിഷയം ലൂക്കോസ് ആവർത്തിച്ചാവർത്തിച്ച് വ്യക്തമാക്കുന്നുണ്ട്. യഹൂദന്മാർ തന്നെ തള്ളിക്കളയുന്ന സ്ഥാനത്ത്, അന്നത്തെ വിജാതീയ ഭരണകൂടം – റോമാക്കാർ – യാതൊരു തെറ്റു കാണുന്നില്ല. മാത്രമല്ല പലപ്പോഴും അവർ രക്ഷകന്മാരുടെ റോളിൽ കടന്നു വരുന്നുമുണ്ട്!

ക്രിസ്തുമതം ആർക്കും ഒരു ഭീഷണിയല്ലെന്നും അതിനാൽത്തന്നെ റോമൻ സാമ്രാജ്യത്തിലെവിടെയും അതിന് നിലനില്ക്കാനവകാശമുണ്ടെന്നുമുള്ള സത്യം വ്യക്തമാക്കുകയാണ് ലൂക്കോസ്. കാര്യം ഇങ്ങനെയൊക്കെയാണെന്നത് ശരി എങ്കിലും, ഈ പ്രത്യേക സന്ദർഭത്തിൽ കാര്യം അല്പം സീരിയസ്സായി" കൈകാര്യം ചെയ്യാൻതന്നെ സഹസ്രാധിപൻ ഉറച്ചു. ഈ ബഹളത്തിന്റെ ഒക്കെ അടിത്തട്ടിൽ കിടക്കുന്ന കാരണമെന്തെന്നറിയണമല്ലോ. പൗലോസിനെ ചമ്മട്ടി യടിക്ക് വിധേയനാക്കിയതിന് ശേഷം ചോദ്യം ചെയ്യാൻ സഹസ്രാധിപൻ കല്പിച്ചു. എന്നാൽ ആ ശ്രമത്തെ വളരെ സൂക്ഷ്മതയോടു കുടി പൗലോസ് ഒഴിവാക്കുന്നത് ശ്രദ്ധിക്കുക. റോമൻ പൗരത്വം നൽകുന്ന സുരക്ഷിതത്വവും മാന്യതയും ആനുകൂല്യവും ശിക്ഷ ഒഴിവാക്കുക മാത്രമല്ല പ്രത്യേക പരിഗണന നേടിക്കൊടുക്കുകയും ചെയ്യുന്നു.

## പീVകളിൽ പതറുകയോ?..... യേശുവിനുവേണ്ടി ജീവിക്കുകയാണാവശ്യം:

23-ാമദ്ധ്യായത്തിലേക്ക് കടക്കുന്നതിന് മുമ്പ് ശാരീരിക പീഢനത്തിൽ നിന്നും പൗലോസ് സ്വയം രക്ഷപ്പെടുന്നതിനെക്കുറിച്ച് വിലയിരുത്തേണ്ടതാവശ്യമെന്ന് തോന്നുന്നു. യേശുവിലുള്ള പൗലോസിന്റെ വിശ്വാസവും സമർപ്പണവും ചോദ്യം ചെയ്യപ്പെടാവുന്നതല്ല. മറ്റാരേക്കാൾ യേശുവിൽ വിശ്വസിക്കുകയും തനിക്കായി അവനൊരുക്കിയ ജീവിത പന്ഥാവിനെ പുർണ്ണമനസ്സോടെ സമാശ്ലേഷിക്കുകയും ചെയ്തവനുമാണ് പൗലോസ്. റോമിലേക്കെത്തിപ്പെടുക എന്നത് ദൈവനിയോഗമാണ്. അപ്പോൾപ്പിന്നെ ചോദ്യം ചെയ്യലിന് അകമ്പടിയായ ഭേദ്യം ചെയ്യലിന് നിന്നുകൊടുക്കുക എന്നാൽ മിക്കവാറും മരണമാണ് പരിണതഫലം. കുറഞ്ഞ പക്ഷം അംഗവൈകല്യമെങ്കിലുമുറപ്പാണ്. അടിയെ പേടിയുണ്ടായിട്ടല്ല. എത്രവട്ടം അടികൊണ്ടിട്ടുണ്ട് (2കോരി. 11/23-28). ക്രിസ്തുവിനുവേണ്ടി മരിക്കാൻ പൗലോസിന് മടിയില്ല. പക്ഷേ, അദ്ദേഹത്തിന് ഒന്നറിയാം. ക്രിസ്തുവിനുവേണ്ടി ജീവിക്കുവാനാണ്, ലോകാതിർത്തികൾ വരെ അവന്റെ സുവിശേഷമെത്തിക്കുവാനായി തെരഞ്ഞെടുക്കപ്പെട്ട പാത്രമാണ് താൻ. ഈ അവബോധം റോമായിലെത്തിച്ചേരുവാൻ അദ്ദേഹത്തെ നിർബ്ബന്ധിച്ചു. **യേശുവിനെ സ്വീകരിക്കുകയെന്നാൽ ഈ പ്രത്യേക സാഹചര്യത്തിൽ ജീവിക്കുക എന്നുതന്നെയാണർത്ഥം; മരിക്കുക എന്നല്ല.** അതിന് തന്റെ പൗരാവകാശം – റോമാപൗരനെന്ന വിശിഷ്ടമായ അവകാശം – അദ്ദേഹം സമർത്ഥമായി പ്രയോജനപ്പെടുത്തുന്നു. അമൂല്യമായ ഒരു ഗുണപാഠമാണദ്ദേഹം നമുക്ക് നല്കുന്നത്. നൂറ്റാണ്ടുകളുടെ ചരിത്രത്തിലൂടെ,

www.malankaralibrary.com

ഭക്താത്മാക്കളുടെ ചരിത്രത്തിലൂടെ, ക്രിസ്തുവിശ്വാസികളുടെ ചരിത്രത്തിലൂടെ കണ്ണോടിച്ച് കടന്നുപോയാൽ ഒരു കാര്യം വ്യക്തമാകും: അനേകർക്ക് "രക്ത സാക്ഷി കോംപ്ലക്സ്" ഉണ്ട്. മതജീവിതവും ആദ്ധ്യാത്മിക വെളിച്ചവും കിട്ടിയി ട്ടുള്ള എത്രയോ പേർ ക്രിസ്തുവിനും മതത്തിനും മതത്തിന്റെ മൂല്യങ്ങൾക്കും അതിന്റെ അനുഷ്ഠാനങ്ങൾക്കും വേണ്ടി വെല്ലുവിളിക്കാനും പോരടിക്കാനും കൊല്ലും കൊലയും നടത്തുവാനും ആത്മാഹുതി ചെയ്യുവാനും ഒക്കെ തയ്യാ റാണ്!! എന്നാൽ യേശുവിനുവേണ്ടി മരിക്കാൻ തയ്യാറാണോ എന്നതിനേക്കാൾ പരമമായ ചോദ്യം. **യേശുവിനുവേണ്ടി ജീവിക്കുവാൻ തയ്യാറാണോ?** എന്ന താണ്. പൗലോസിനെപ്പോലെ തന്നെ നാമും ആത്മാവിന്റെ നിമന്ത്രണങ്ങളെ വിവേചിച്ചറിയാൻ കഴിവുള്ളവരാകണം. എല്ലാ സഹനവും രക്ഷണീയവും രക്ഷാ കരവുമല്ലെന്ന് നാം മനസ്സിലാക്കണം. കാൽവരിയിൽ 3 കുരിശുകളാണുള്ളത്. മൂന്നുപേർ ക്രൂശിക്കപ്പെട്ടു. മൂവർക്കും ശിക്ഷയും പീഢനവും ഒപ്പമാണ്. പക്ഷേ രണ്ടുപേരേ പറുദീസാ പുകിയുള്ളു! ദൈവതിരുമനസ്സിന് വിരോധമായി വർത്തിച്ച് ത്യാഗവും കുരിശും വരിച്ചാൽ രക്ഷ പ്രാപിക്കുവാൻ പറ്റില്ല. ഈശോയുടെ വാക്കു കൾ സ്മരിക്കുക: "നിങ്ങൾ സർപ്പങ്ങളെപ്പോലെ വിവേകികളും പ്രാവുകളെ പ്പോലെ നിഷ്കളങ്കരുമായിരിക്കുവീൻ" (മത്താ. 10/16). **ദൈവതിരുമനസ്സിന് വിരോധമായി പ്രവർത്തിച്ചല്ല, വിധേയമായി ജീവിച്ചാണ്** ദൈവരാജ്യം വളർത്തേ ണ്ടതും സ്വർഗ്ഗഭാഗ്യം നേടേണ്ടതും.

## അദ്ധ്യായം 23

### രണ്ടാമത്തെ ന്യായവാദം:

ജറുസലേമിൽവെച്ച് പൗലോസ് നടത്തുന്ന രണ്ടാമത്തെ ന്യായവാദമാണ് 23-ാമദ്ധ്യായത്തിൽ വിവരിക്കുന്നത്. ഇത്തവണ ആലോചന സമിതിയും യഹൂദ സമു ദായത്തിന്റെ പരമോന്നത കോടതിയുമായ സാൻഹെദ്രീൻ സംഘത്തിന്റെ മുമ്പി ലാണ് പൗലോസ് തന്റെ ന്യായവാദം അവതരിപ്പിക്കുന്നതും വാദമുഖങ്ങൾ ഉന്ന യിക്കുന്നതും. മോശയുടെ കാലത്തോളം പൗരാണികമായ ന്യായശാസനമാണ്, നീതിപീഠമാണ് സാൻഹെദ്രിൻ (ഹീബ്രു: സനെദ്രിൻ; ഗ്രീക്ക്: സ്യൂനെദ്രിയോൺ). 71 പേരടങ്ങുന്ന ഈ ന്യായാധിപസംഘത്തലവൻ മഹാപുരോഹിതനാണ്. പുരോ ഹിതസംഘവും, സമൂഹത്തിലെ മേല്ത്തട്ടിൽ (ക്രീമിലെയർ)പ്പെട്ട സദുക്കായ പ്രമാണിമാരും, ഫരീസേയവിഭാഗത്തിൽപ്പെട്ട നിയജ്ഞരുടെ പ്രതിനിധികളുമട ങ്ങിയതായിരുന്നു സാൻഹെദ്രിൻ. നിയമജ്ഞർ ന്യൂനപക്ഷമായിരുന്നെങ്കിലും പൊതുജനാടിത്തറയുള്ളവരും സംഘത്തിന്റെ തീരുമാനങ്ങളെ നിർണ്ണായകമായി സ്വാധീനിക്കാൻ കഴിവുള്ളവരുമായിരുന്നു. ദേവാലയ സമുച്ചയത്തിലെ പൂമുഖ ത്തിന്റെ തെക്കുഭാഗത്തുള്ള കൽത്തളത്തിലാണ് സംഘം സമ്മേളിക്കേണ്ടത്. മോശയുടെ നിയമത്തെപ്പറ്റിയുള്ള അവസാനവാക്ക് സെൻഹെദ്രിനായിരുന്നു.

www.malankaralibrary.com

ജറുസലെം ദേവാലയത്തിനുള്ളിൽ **അനധികൃതമായി കടന്നുവരുന്ന വിജാതീയരെ വധിക്കാൻ സാൻഹെദ്രിന് അധികാരമുണ്ടായിരുന്നതായി കരുതപ്പെടുന്നു.** പൗലോസിനെ ബന്ധനത്തിലാക്കിയതിന്റെ അടിസ്ഥാനപ്രശ്നം ഇതായിരുന്നു (അപ്പ. 21/28). A.D. 70-ൽ റോമൻ സൈന്യം ജറുസലേം വളയുകയും ദേവാലയം തകർക്കുകയും സാൻഹെദ്രിൻ സംഘത്തെ വധിക്കുകയും ചെയ്തതോടെ ഒന്നര സഹസ്രാബ്ദം പൗരാണികത്വമുള്ള ആ സംവിധാനം അസ്തമിച്ചുപോയി. വിധിയുടെ ക്രൂരതയോ നിയതിയുടെ നിശ്ചയമോ?

## പൗലോസിന്റെ വാദമുഖങ്ങൾ:

**അടി**സ്ഥാനപരമായി താൻ എന്നുമൊരു യഹൂദനാണ്. തന്റെ പ്രഥമ കടമ, താൻ യേശുവിൽ കണ്ട 'ആശ്വാസത്തിൻ പൂർണ്ണതയി'ലേയ്ക്ക് തന്റെ ജനങ്ങളെ ആനയിക്കുക എന്നതാണ്. താൻ ഒരു ഫരിസേയനാണ്. നിയമാനുഷ്ഠാനങ്ങളിൽ കാർക്കശ്യം പാലിച്ചിരുന്ന ഫരിസേയനെന്ന നിലയിൽ ഇന്നുവരെ തന്റെ വിശ്വാസവും പാരമ്പര്യങ്ങളും നിലനിർത്തിയിട്ടുണ്ടെന്ന് പരസ്യമായി പ്രഖ്യാപിക്കാൻ തനിക്ക് മടിയില്ല. മാത്രമല്ല **ഫരിസേയനെന്ന നിലയിൽ, മിശിഹാവരും എന്നുള്ള പ്രത്യാശയിലും മരിച്ചവരുടെ ഉത്ഥാനത്തിലും അടിയുറച്ചു വിശ്വസിക്കുന്നവനുമാണ്.** ഈ അടിസ്ഥാന വിശ്വാസമാണ് ക്രിസ്തുവിൽ വിശ്വസിക്കുവാൻ തനിക്കു പ്രേരണയായത് എന്ന് യഹൂദനേതാക്കന്മാരുടെ സംഘത്തിന്റെ മുമ്പിൽ പരസ്യമായി പ്രഖ്യാപിക്കുവാൻ ചങ്കൂറ്റം കാണിക്കുകയാണ് പൗലോസ്. **യഹൂദമതവിശ്വാസത്തിന്റെ നിരാസമല്ല, മറിച്ച് അതിന്റെ പ്രത്യേകതകൾ പൂവണിഞ്ഞതാണ് ക്രൈസ്തവമതം എന്ന് പൗലോസ് വാദിച്ച് സമർത്ഥിക്കുന്നു.**

പൂവും കായും തമ്മിൽ പിണങ്ങേണ്ട കാര്യമുണ്ടോ? യഹൂദമതത്തിന് ക്രൈസ്തവദർശനത്തെ തള്ളിപ്പറയേണ്ടതുണ്ടോ? പൗലോസിന്റെ പ്രസ്താവന ആ സംഘത്തിൽ വലിയ കോളിളക്കമാണ് സൃഷ്ടിച്ചത്. ഫരിസേയരും സദുക്കായരുമടങ്ങുന്ന ആ സംഘം രണ്ടു ചേരികളായി തിരിഞ്ഞെങ്കിൽ അതിൽ അത്ഭുതപ്പെടാനില്ല. ഫരിസേയർ പൗലോസിനെ ശക്തമായി ന്യായീകരിക്കുന്നതായി ആ അദ്ധ്യായത്തിൽ നമുക്ക് കാണാൻ കഴിയും (അപ്പ. 23/9-10) ഫരിസേയനായ പൗലോസിന്റെ ആശയങ്ങൾ തള്ളിക്കളയാൻ അവർക്കാകുന്നതെങ്ങനെ? തത്വങ്ങൾക്കുവേണ്ടി മനുഷ്യൻ ചിലപ്പോൾ വർഗ്ഗവും വർണ്ണവും ലിംഗവും ഒക്കെ മറക്കുവാൻ തയ്യാറാകുന്നത് സ്വാഭാവികമാണ്. അവർ പൗലോസിന്റെ പക്ഷം പിടിച്ചു. സംഘത്തിലെ സദുക്കായരാകട്ടെ, പൗലോസിനെപ്പോലെയുള്ള ഒരു താത്വികനെയും താർക്കികനെയും വച്ചു പൊറുപ്പിക്കുന്നതു വഴി ഭാവിയിൽ തങ്ങൾക്കുണ്ടാകുന്ന കൊടിയ വിപത്തിനെപ്പറ്റി മുമ്പെന്നത്തെക്കാളേറെ ബോധവാന്മാരുമായി! ഫലമോ? വീണ്ടുമൊരു ലഹളയ്ക്ക് തീ കൊളുത്തിയ അനുഭവമാണ്. ആദ്യത്തെ ലഹള പൊതുജനങ്ങളുടെ ഇടയിലായിരുന്നെങ്കിൽ രണ്ടാമത്തേത് സാൻഹെദ്രിൻ സംഘത്തിനകത്തുതന്നെ. യഹൂദസമുദായത്തിന്റെ പരമോന്നത നീതിന്യായ കോടതിയിൽ!

www.malankaralibrary.com

## പ്രതിസന്ധിയിലെ രക്ഷകൻ - വിജാതീയൻ

ഇവിടെയും പൗലോസിന്റെ രക്ഷക്കെത്തുന്നത് റോമൻ കമാണ്ടർ തന്നെ. ലഹളയ്ക്ക് വഴിമരുന്നിടുവാൻ വേണ്ടി പൗലോസ് ഉപയോഗിച്ച സൂത്രമാണിതെന്ന് കരുതുന്നവർ ഉണ്ട്. എന്നാൽ അത് കേവലം ബാലിശമായ ചിന്തയാണ്. കാരണം അല്പം മുമ്പ് ജനമദ്ധ്യത്തിൽ ചെയ്ത ന്യായവാദവും ഇതഃപര്യന്തം യഹൂദന്മാരായ തന്റെ സഹോദരലക്ഷങ്ങളെ ബോദ്ധ്യപ്പെടുത്താൻ ചെയ്തിട്ടുള്ള നിസ്തന്ദ്രപരിശ്രമങ്ങളും കണക്കിലെടുക്കുമ്പോൾ പൗലോസിനെക്കുറിച്ച് ഇങ്ങനെയൊരാരോപണത്തിന് സാംഗത്യം കാണുന്നില്ല. പൗലോസ് ഒരിക്കലും തന്റെ യഹൂദ പാരമ്പര്യം നിഷേധിച്ചിട്ടില്ല; തന്റെ ജനങ്ങളെ തള്ളിപ്പറഞ്ഞിട്ടുമില്ല. എല്ലായ്പോഴും അവരുടെ ഉന്നമനത്തിനായി ഉദ്യമിച്ചിട്ടേയുള്ളു. മാനസാന്തരത്തിനായി പരിശ്രമിച്ചിട്ടേയുള്ളു. അവർക്ക് നന്മമാത്രമേ ആഗ്രഹിച്ചിട്ടുള്ളു. എങ്ങനെയും കുറെപ്പേരെ നേടാൻ വേണ്ടി തന്റെ കഴിവ് ഉപയോഗിച്ചിട്ടേയുള്ളു. തന്റെ സഹോദരങ്ങളെ ബോദ്ധ്യപ്പെടുത്താൻ തനിക്കാകുന്നില്ലല്ലോ എന്ന ഏകദുഃഖമേ അദ്ദേഹത്തെ അലട്ടിയിരുന്നുള്ളു എന്നതാണ് സത്യം. ആ വാദപ്രതിവാദങ്ങളിൽ മൂല്യങ്ങളൊക്കെ മുങ്ങിപോയി. സാൻഹെദ്രിൻസംഘം തന്റെ ന്യായമായ ന്യായവാദങ്ങളെ ഐകകണ്ഠ്യേന തീരുമാനത്തിലെത്തിക്കുമെന്ന സ്വപ്നം മാമ്പുപോലെ മാഞ്ഞുപോയി; ഉണ്ണിമാങ്ങപോലെ വീണുപോയി! തന്റെ വിശ്വാസം അവരെ ഭിന്നിപ്പിക്കാനും കലക്കാനും തമ്മിലടിപ്പിക്കാനും മാത്രമേ ഉപകരിക്കു എന്ന് ഏറെക്കുറെ വ്യക്തമായി. ഈ മുഹൂർത്തത്തിലാണ് കർത്താവവന് പ്രത്യക്ഷനായി ധൈര്യം പകരുന്നതും ജറുസലേമിൽ കെട്ടടങ്ങുന്നതല്ല അവന്റെ സാക്ഷ്യമെന്നും അത് ലോകത്തിന്റെ അതിർത്തികളോളം, ഭൂസീമകളോളം എത്തേണ്ടിയിരിക്കുന്നു എന്ന് ഉറപ്പ് നൽകുന്നതും. 'ലോകത്തിന്റെ തലസ്ഥാനമായ' റോമായിൽ എത്തുമെന്ന് അവനുറപ്പായി (അപ്പ. 23/11).

## കടിഞ്ഞാൺ കയ്യിലെടുത്തിരിക്കുന്ന യേശു:

കലക്കത്തിന്റെയും പ്രകമ്പനങ്ങളുടെയും ഇടയിൽ യേശുതന്നെയാണ് കടിഞ്ഞാൻ കയ്യിലെടുത്തിരിക്കുന്നതെന്ന് അവന് ബോദ്ധ്യമായ നിമിഷമാണത്. 23-ാമദ്ധ്യാം 12 മുതൽ 35 വരെ വാക്യങ്ങൾ പരിശോധിച്ചാൽ ഇതുവരെ നാം കണ്ടെത്തിയ മൂന്ന് സുപ്രധാനകാര്യങ്ങളും ഒന്നിച്ച് വിളക്കിച്ചേർത്തിരിക്കുകയാണെന്ന് മനസ്സിലാകും.

[1] ക്രിസ്തുമാർഗ്ഗത്തോട് യഹൂദർക്ക് പൊതുവേയും സാൻഹെദ്രിൻ സംഘത്തിന് പ്രത്യേകിച്ചും ഉള്ള **തീർത്താൽ തീരാത്ത വിരോധം** (The animosity of the Jews). അവനെ ഇല്ലായ്മ ചെയ്യുന്നതുവരെ ജലപാനം പോലും ചെയ്യുകയില്ലെന്ന് പ്രതിജ്ഞ എടുക്കാൻ തക്കവണ്ണം അവരുടെ വൈരാഗ്യം അത്രയ്ക്ക് മുർച്ഛിച്ചിരിക്കുന്നു (അപ്പ. 23/12).

[2] **പൗലോസിന്റെ നിരപരാധിത്വം** (The Innocence of Paul).

ഈ സംഭവം അദ്ദേഹത്തിന്റെ നന്മയും സദുദ്ദേശവും വ്യക്തമാക്കുന്നു. തന്റെ

www.malankaralibrary.com

ജനത്തിനോ യുദമതത്തിനോ യാതൊരു ദ്രോഹവും അവനാഗ്രഹിക്കുന്നില്ല. നേരെ മറിച്ച് തന്റെ നാടിനെയും നാട്ടാരേയും അദ്ദേഹം അളവറ്റ സ്നേഹിക്കുക യല്ലേ ചെയ്തിട്ടുള്ളു.?

[3] **റോമാക്കാരുടെ നീതിനിഷ്ഠ (Tവല ഞ്ചിമ്മി )ൗങ്ങശേരല).**

റോമൻ നീതി ലോകപ്രസിദ്ധമാണ്. നീതിന്യായ വ്യവസ്ഥിതി രാഷ്ട്രഭരണ ത്തിൽ ആഴത്തിൽ പോരാടുവാൻ റോമിന്റെ സംഭാവന വലുതാണെന്ന് ചരിത്ര വിദ്യാത്ഥികൾക്കറിയാം. ഓരോ പൗരനും അവകാശപ്പെട്ടത് നൽകുന്നതിൽ റോമാ ക്കാർ കാണിക്കുന്ന താല്പര്യം അത്ഭുതകരം തന്നെ. ഓരോരുത്തർക്കും അവ കാശപ്പെട്ടത് അവന് നല്കുക (Give each one his due). ഇതാണ് നീതിയുടെ അടിസ്ഥാനം. ഇത്രയും വേഗം ഇത്രയും നല്ല സേവനം പൗരന്മാർക്ക് നൽകുന്ന ഒരു ഗവൺമെന്റ് ഏത് രാജ്യത്താണുള്ളത്? 'വൈകി ലഭിക്കുന്ന നീതി, നിഷേ ധിക്കപ്പെട്ടന്നതാണ് തത്വം; അതാണ് സത്യം. സമയത്തിന് വളരെ പ്രാധാന്യമുണ്ട്.

**പത്മവ്യൂഹത്തിലകപ്പെട്ട പൗലോസ്:**

മഹാഭാരതയുദ്ധത്തിൽ കൗരവരുടെ പത്മവ്യൂഹത്തിലായ അഭിമന്യുവിനെ പ്പോയെയായി പൗലോസ്. കുരുക്കിലകപ്പെട്ട പേടമാനെപ്പോലെ. അവന്റെ ജീവൻ തുലാസിൽ ആടുവാൻ തുടങ്ങി. ജറുസലേമിലെ സുരക്ഷിതത്വം അപര്യാപ്ത മെന്ന് കണ്ട് അദ്ദേഹത്തെ കേസറിയായിലേക്ക് മാറ്റി. എത്ര കുതിരപ്പട്ടാളത്തിന്റെ അകമ്പടിയോടാണാ 'കുറ്റവാളി' ആനയിക്കപ്പെടുന്നത്! പ്രശസ്തനായ രാഷ്ട്രീ യത്തടവുകാരനായിത്തീർന്ന പോലെ; വി.ഐ.പി. സംരക്ഷണവും Z കാറ്റഗറി യിലുമായി പൗലോസ്.

## പീലാത്തോസ് Vs. ഫേലിക്സ്:

**ഇ**നി മുതൽ ഫേലിക്സ് എന്ന റോമൻ ഗവർണ്ണറുടെ കീഴിലാണ് പൗലോസ്! പീലാത്തോസെന്ന റോമൻ ഗവർണ്ണരുടെ കാരുണ്യത്തിലായിരുന്നുവല്ലോ അവന്റെ ഗുരു! പൗലോസിന്റെ വിരോധികൾ കേസ്സറിയായിലെത്തി പരാതി ബോധിപ്പി ക്കുന്നതുവരെ അവനെ ബന്ധനത്തിലും പാറാവിലും സൂക്ഷിച്ചു. ഫേലിക്സിന്റെ ന്യായാസനത്തിൻ മുമ്പാകെ വിചാരണ ആരംഭിച്ചപ്പോഴേ പൗലോസിന് ഒരു കാര്യം വ്യക്തമായി. യേശുവിലുള്ള വിശ്വാസവും പ്രത്യാശയും മാത്രമേ തനിക്ക് ആലംബവും അത്താണിയുമായുള്ളുവെന്ന്. തന്റെ മുമ്പിൽ നില്ക്കുന്നവർ മാന്യ തയുടെയും മര്യാദയുടെയും സീമകൾ ലംഘിക്കുവാൻ വരെ തയ്യാറുള്ള കാട്ടു കൂട്ടമാണ്. ലോകത്തിനു തന്നെ ഭ്രാന്തുപിടിച്ച മട്ടാണ്; ചങ്ങലയ്ക്ക് പോലും ഭ്രാന്തുപിടിച്ചാലത്തെ സ്ഥിതി ഒന്നോർത്തു നോക്കൂ. നീതിക്കും ന്യായത്തിനും ന്യായവാദത്തിനും സത്യസന്ധതക്കും മനുഷ്യാവകാശത്തിനും യാതൊരു വിലയും കല്പിക്കാത്ത ലോകം! ഒക്കെയാണെങ്കിലും ഒന്നുറപ്പാണ്. ഒന്നും ദൈവ മറിയാതെയല്ല. ഒന്നും അവനെക്കൂടാതെയല്ല. മനുഷ്യനിൽ ആശ്രയിക്കുന്നതി നെക്കാൾ ദൈവത്തിലാശ്രയിക്കുന്നതാണ് ഉത്തമം. ഇനിയെല്ലാം അവിടുത്തെ

www.malankaralibrary.com

കരങ്ങളിലാണ്. "പിതാവേ എന്റെ ആത്മാവിനെ നിന്റെ കരങ്ങളിൽ സമർപ്പിക്കുന്നു" (ലൂക്കോ. 23/46). പൗലോസ് ചെയ്തതും അതുതന്നെയാണ്. യേശുവിൽ ശരണം ഗമിക്കുക.

## ജീവിതത്തെ കർത്തൃകരങ്ങളിലേല്പിക്കുക:

നമ്മുടെ ജീവിതത്തെ കർത്തൃകരങ്ങളിലേല്പിക്കാൻ, ജീവിതം ശോകസാന്ദ്രമാകുന്നതുവരെ കാത്തിരിക്കണമെന്നോ? "ഒന്നിലും സന്തോഷം തോന്നുന്നില്ല എന്ന് നീ പറയുന്ന ദുർദിനങ്ങളും വർഷങ്ങളും ആഗമിക്കും മുമ്പേ യൗവ്വനകാലത്ത് സ്രഷ്ടാവിനെ സ്മരിക്കുക (സഭാ.പ്ര. 12/1). താർശീശുകാരൻ പൗലോസിന്റെ ദൈവവിശ്വാസം ഇന്നും ഇന്നലെയും തുടങ്ങിയതല്ല. ഒരു ജീവിതകാലം മുഴുവനും അവൻ 'ദൈവസേവ'യിലായിരുന്നു. യേശുവിലാണവന്റെ ആശ്രയം; യേശുവിനുവേണ്ടി അവൻ തന്നെത്തന്നെ സമ്പൂർണ്ണമായി സമർപ്പിച്ചിരുന്നു. അതിനാൽ തകർച്ചയുടെയും തളർച്ചയുടെയും കാലത്ത് തകരാതെയും തളരാതെയും പ്രത്യാശയോടെ ഉയർന്നു നില്ക്കുവാൻ അവന് സാധിച്ചു.

"എൻ കാൽകളെ പാറമേൽ നിർത്തി
എൻ ഗമനത്തെ സുസ്ഥിരമാക്കി
പുതിയൊരു പാട്ടെനിക്കു നല്കി
എൻ കർത്താവിനു സ്തുതിതന്നെ"

സങ്കീർത്തകനോടൊത്ത് ഇങ്ങനെ പാടാനവനായി. "ഞെരുക്കത്തിന്റെ അപ്പം തന്നാലും ദുഃഖത്തിന്റെ കണ്ണീരു തന്നാലും, എന്റെ ഗുരു എന്നിൽ നിന്നു മറഞ്ഞിരിക്കുകയില്ല." (ഏശ 30/20) എന്ന പ്രവാചകവചനമവന് തണലേകി.

## നമ്മുടെ അഭയം കർത്താവാകണം:

നമ്മുടെ ജീവിതവും ഇപ്രകാരം കരുതലുള്ളതാണോ? ആപത്തുകാലത്ത് നമ്മുടെ അഭയം കർത്താവാണ്. 'സന്താപകാലത്തും സന്തോഷകാലത്തും' നമ്മുടെ അഭയം കർത്താവാകണം.

"കർത്താവിലെന്നും എന്റെ ആശ്രയം
കർത്തൃസേവ ഒന്നെന്റെ ആഗ്രഹം
കഷ്ടമോ നഷ്ടമോ എന്തുവന്നീടിലും
കർത്താവിൻ പാദം ചേർന്നു പോകും ഞാൻ.
ആർത്തുപാടി ഞാൻ ആനന്ദത്തോടെ
കീർത്തനം ചെയ്തെന്നും വാഴ്ത്തുമേശുവേ....."

www.malankaralibrary.com

## അദ്ധ്യായം – 24

### മൂന്നാമത്തെ ന്യായവാദം:

ഈ അദ്ധ്യാത്തിൽ പൗലോസിന്റെ മൂന്നാമത്തെ ന്യായവാദപ്രസംഗം വിവരിക്കുന്നു. തന്റെ വിശ്വാസജീവിതത്തെപ്പറ്റിയാണ് സന്മാർഗ്ഗജീവിതത്തെപ്പറ്റിയല്ല വിസ്തരിക്കപ്പെടുന്നതെന്നോർക്കണം. കേസ്സും വിസ്താരവുമൊക്കെ നമുക്കും സുപരിചിതം തന്നെ. അതിൽ വിജയിക്കാനുള്ള വഴികളും കുറുക്കുവഴികൾ പോലും നമുക്ക് ഒരുപക്ഷേ സുപരിചിതമാകാം. എന്നാൽ നമ്മുടെ വിശ്വാസത്തെപ്പറ്റി വിസ്തരിക്കപ്പെടുവാൻ ഇടയായാൽ നാം എന്തു പറയുമെന്നും എങ്ങനെ പറയുമെന്നും ഒരു നിമിഷം ആലോചിക്കുന്നത് നല്ലതാണ്. “വിശ്വാസമല്ലോ വിളക്ക് മനുഷ്യന്.” വിശ്വാസം വിസ്തരിക്കപ്പെട്ടപ്പോഴാണ് കാർഡിനൽ ന്യൂമാൻ – ആ ഓക്സ്ഫോർഡ് പണ്ഡിതൻ – അപ്പളോജിയാ പ്രോ വീത്താ സുവാ = എന്റെ വിശ്വാസ വിശദീകരണം എന്ന പേരിൽ ആത്മകഥ എഴുതിയത്. ആ പുസ്തകം ഇന്നും ലോക ക്ലാസ്സിക്കുകളിൽ ഒന്നായി തുടരുന്നു. നമ്മുടെ വിശ്വാസം വെള്ളത്തിലെ ഉതളങ്ങയല്ല; കാറ്റിലുഞ്ഞാലാടുന്ന ഞാങ്ങണയല്ല; നീർക്കുമിളയല്ല; കരിന്തിരി കത്തുന്ന വിളക്കല്ല; ചീട്ടുകൊട്ടാരമല്ല. അത് ഉറച്ച ബോദ്ധ്യങ്ങളിൽ ഊന്നി നില്ക്കുന്നതായിരിക്കണം. അത് വിശദീകരിക്കപ്പെടുവാൻ സജ്ജമായിരിക്കണം. വിസ്തരിക്കപ്പെടാൻ മാത്രം പ്രാമാണ്യവുമായിരിക്കണം. ഈ വിശ്വാസ പരിശീലനം (Faith Formation) ആണ് സഭയുടെ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടത് എന്ന കാര്യവും മറന്നുകൂടാ.

### വിദഗ്ധമായ കെണിയിൽ നിന്നു വഴുതിമാറി

കുറ്റവിചാരണയിലേക്ക് തന്നെ നമുക്ക് മടങ്ങാം. പൗലോസ് കുർമ്മബുദ്ധിയാണെന്ന് നമുക്കറിയാം. കാക്ക കണ്ടറിയും, കൊക്ക് കൊണ്ടറിയും! ഫേലിക്സിന്റെ മുമ്പിൽ നടന്ന ന്യായവിസ്താരം തനിക്കു മാത്രമല്ല താൻ വിശ്വസിക്കുന്ന ക്രൈസ്തവസഭയ്ക്കും ശാശ്വതമായ കോട്ടം വരുത്തുവാൻ പോന്നതും ദൂരവ്യാപകദുരന്ത ഫലങ്ങൾ ഉളവാകുന്നതുമാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. യഹൂദമഹാപുരോഹിതന്റെ അഭിഭാഷകനായ തെർത്തുളൂസ് വളരെ വിശാലമായ വലവിരിച്ച് കെണി ഒരുക്കുകയായിരുന്നു. അപകടം മണത്തറിഞ്ഞ പൗലോസ് അവസരത്തിനൊത്തുയരുന്നതായി നാം കാണുന്നു. ജ്ഞാനത്തിന്റേയും ബുദ്ധിയുടെയും, അറിവിന്റെയും ആലോചനയുടെയും ധീരതയുടെയും പരിശുദ്ധാത്മാവാണല്ലോ അവനെ നയിക്കുക. പൗലോസ്സും ക്രിസ്തുമാർഗ്ഗവും യഹൂദമതത്തിന്റെ ഭാഗമല്ലെന്ന് ഫെലിക്സിനെ ബോദ്ധ്യപ്പെടുത്തുക എന്നതായിരുന്നു ആ യഹൂദ വക്കീലിന്റെ ലക്ഷ്യം. വാദമുഖങ്ങൾകൊണ്ട് അക്ഷൗഹിണിപ്പടയൊരുക്കി. കാലാകാലങ്ങളായി റോമാക്കാർ യഹൂദമതത്തെ അംഗീകരിച്ചു പോന്നിട്ടുള്ളതാണ്. അതിന് നിയമസാധുതയുമുണ്ട്; അഥവാ യഹൂദമതത്തിന് ‘റോമൻ പാദ്രവാദോ’ (Patronage = സംരക്ഷണം) ഉണ്ട്. തങ്ങളുടെ മത

www.malankaralibrary.com

വിശ്വാസം സംരക്ഷിക്കപ്പെടാനും വളർത്താനും സർക്കാരിന്റെ നിയമപരമായ സംരക്ഷണമുണ്ട്.

## പ്രതിയോഗിയെ സമർത്ഥമായി നേരിടുന്ന പൗലോസ്

**ഇ**നി ക്രിസ്തുമാർഗ്ഗത്തിലേക്ക് തിരിയാം. ക്രിസ്തുമാർഗ്ഗം യഹൂദമതത്തിന്റെ ഒരു ഭാഗമല്ലെന്ന് സമർത്ഥിക്കപ്പെട്ടാൽ അത് ഒരു പുതിയ മതമാണെന്ന് വരും. അതിനാൽത്തന്നെ ഔദ്യോഗികമായി സംരക്ഷണം നഷ്ടമാകും! അപ്പോൾ അതിന്റെ നിലനില്പുതന്നെ അപകടത്തിലാകും. പുതിയ മതത്തെ റോമാസാമ്രാജ്യം അംഗീകരിക്കുമെന്നുറപ്പില്ല! അടിത്തറ നഷ്ടപ്പെടും. കടൽക്കോളിൽ നിന്നു രക്ഷപെടാനുള്ള നങ്കൂരമാണ് കപ്പലിന്റെ സംരക്ഷണോപാധി. നങ്കൂരമറുത്താലോ? അങ്ങനെയായാൽ യഹൂദന്മാരുടെ ഭാഗത്തു നിന്നു മാത്രമല്ല റോമൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പീഢനം പ്രതീക്ഷിക്കണം. അഭയമറ്റാൽ ഭയം മിച്ചം. അങ്ങനെയൊരു പരിണാമം യേശു ആഗ്രഹിക്കുന്നില്ല. 'ഞങ്ങൾ യേശുവിന്റെ മനസ്സറിയുന്നു' എന്ന് ഉദ്ഘോഷിച്ച പൗലോസിന് അതറിയാം.

തെർത്തുള്ളൂസിന്റെ വാദങ്ങൾ എങ്ങോട്ടാണ് വിരൽചൂണ്ടുന്നതെന്ന് മനസ്സിലാക്കിത്തന്നെയാണ് പൗലോസിന്റെ നീക്കം. അങ്കക്കോഴികളുടെ ജാഗ്രതയാണല്ലോ സമർത്ഥരായ അഭിഭാഷകർക്ക്. തെർത്തുള്ളൂസിന്റെ വാദമുഖങ്ങൾ ഓരോന്നായി അദ്ദേഹം ഖണ്ഡിക്കുകയാണ്. തന്നെയും തന്റെ മതവിശ്വാസത്തെയും, ക്രിസ്തുമാർഗ്ഗത്തെയും വളരെ വിദഗ്ദ്ധമായി അദ്ദേഹം കുറ്റാരോപണമുക്തവും സ്വീകാര്യയോഗ്യവുമാക്കുന്നു. പക്ഷേ പലപ്പോഴും സംഭവിക്കുന്നതുപോലെ ഇവിടെയും സംഭവിക്കുന്നു. സത്യവും നീതിയും ന്യായാസനത്തിങ്കൽ പിൻതള്ളപ്പെടുന്നു. ഫേലിക്സ് എടുത്ത തീരുമാനം ഈ കേസ്സിൽ ഒരു തീരുമാനം എടുക്കേണ്ട എന്നായിരുന്നു!! കാരണം നിരപരാധിയായ പൗലോസിനനുകൂലമായി വിധിച്ചാൽ പ്രബലരായ യഹുദസമുദായത്തിന്റെ ശത്രുത ഏറ്റു വാങ്ങുകയാവും. ഈ ഒറ്റയാൾ പട്ടാളത്തെ രക്ഷിച്ചതുകൊണ്ട് തനിക്കെന്തു നേട്ടം? പീലാത്തോസിന്റെ അതേ മനോഭാവം തന്നെ. സത്യം എന്നാൽ എന്താകുന്നു? എന്നു ചോദിച്ചുകൊണ്ട് (യോഹ. 18/38) സത്യത്തിനെതിരായി ആ 'അന്യായാധിപൻ' കണ്ണടച്ചില്ലെ? സത്യത്തിനെന്നും ശരശയ്യമാത്രം എന്നത് എത്രയോ ശരി!

ഒരു പക്ഷേ കാലതാമസം തനിക്ക് ഗുണം ചെയ്തേക്കും. ഭരണാധിപന്മാരുടെയും വഞ്ചകരുടെയും അടവാണല്ലോ ദീർഘസൂത്രം. ഒരു പക്ഷേ രണ്ടു കൂട്ടരും പാരിതോഷികങ്ങളും കൈക്കൂലിയുമായി തന്റെ അടുത്തു വന്നേക്കും. വരട്ടെ; അപ്പോൾ ആലോചിക്കാം. രണ്ടു കൂട്ടരുടേയും പക്കൽ നിന്ന് കിട്ടാവുന്നിടത്തോളം വാങ്ങിയെടുക്കാം എന്നൊക്കെ അദ്ദേഹം കണക്കു കൂട്ടിയിരിക്കാം. അധികാരസ്ഥാനങ്ങളെ ദുർവിനിയോഗം ചെയ്യുന്നവരുടെ ഒരു പ്രതീകവും പ്രതിനിധിയുമാണ് ഗവർണ്ണർ ഫേലിക്സ്! 24-ാം അദ്ധ്യായത്തിന്റെ അവസാനത്തോടെ പൗലോസ് ശരിക്കും 'ലിംബോ'യിലായി (Limbo) എന്നു പറയാം – ത്രിശങ്കു

www.malankaralibrary.com

സ്വർഗ്ഗത്തിൽ! കുറ്റമില്ലെന്നു കണ്ടിട്ടും പ്രബലസമുദായത്തെ പിണക്കാൻ മടി മൂലം കുറ്റമില്ലാത്തവനെ വധിക്കാൻ വിധിക്കുന്ന പീലാത്തോസിനെക്കാൾ ഒട്ടും ധാർമ്മികമായി മെച്ചമല്ല, ഗവർണ്ണർ ഫെലിക്സ്! എക്കാലത്തെയും അധികാര ദുർവിനിയോഗത്തിന്റെയും ഭീരുത്വത്തിന്റെയും പ്രതീകവും ക്ലാസിക്കൽ ഉദാഹരണവുമാണിവരിരുവരും. എത്ര നല്ല നിയമവും മോശം വ്യക്തികളുടെ കൈയ്യിലെത്തിയാൽ കൈമോശം വരും. നിയമം മാത്രം നന്നായാൽ പോരാ നിയമപാലകർകൂടി നന്നായിരിക്കണം. ജനാധിപത്യം ചരിത്രത്തിലേറ്റം മെച്ചപ്പെട്ട ഭരണവ്യവസ്ഥിതിയാണ്; പക്ഷേ കുരങ്ങന്റെ കയ്യിൽ പൂമാല കിട്ടിയാൽ?

## കുറ്റം തെളിയിക്കപ്പെട്ടില്ലെങ്കിലും ശിക്ഷാവിധി!

**പൗ**ലോസിന്റെ പേരിൽ കുറ്റം തെളിയിക്കപ്പെട്ടില്ല. എങ്കിലും വിധി പ്രഖ്യാപിക്കാത്തതിനാൽ ബന്ധനത്തിൽ തന്നെ തുടരാനാണ് വിധി! വേദപ്രചരണത്തിനുള്ള സ്വാതന്ത്ര്യമാണ് നഷ്ടമാകുക. സുവിശേഷമാണ് ബന്ധിക്കപ്പെടുക; യേശുവാണ് ക്രൂശിക്കപ്പെടുക. റോമാസാമ്രാജ്യത്തിന്റെയും യഹൂദസമുദായത്തിന്റെയും അധികാരപ്രമത്തതയുടെ ബലിയാടായ പൗലോസ് വീട്ടുതടങ്കലിൽ ഇരിക്കുന്ന അവസ്ഥയിൽ ഈ പാഠം നാമിവിടെ നിർത്തുകയാണ്. എന്നാൽ 'ലിംബോ'യിലല്ല നരകത്തിലായാൽ തന്നെയും ആത്മാഭിമാനവും ആത്മസ്വാതന്ത്ര്യവും ഊർജ്ജസ്വലതയും പൗലോസ് കൈവിടുമെന്ന് കരുതേണ്ട. യേശുവിനുവേണ്ടി ജീവിക്കുന്നത് മരിക്കുന്നതിനേക്കാൾ ദുഷ്കരമാണെങ്കിലും, യേശുവിനുവേണ്ടി ജീവിക്കുവാൻ പൗലോസ് ധീരമായ തീരുമാനമെടുത്തു. റോമിൽ സുവിശേഷം പ്രസംഗിക്കുന്നത് ദൈവഹിതമാണെന്ന് മനസ്സിലാക്കിക്കഴിഞ്ഞ പൗലോസ്, ആ പദ്ധതി നടത്തിപ്പിന് താൻ ജീവിച്ചിരിക്കേണ്ടത് അവശ്യം ആവശ്യമാകയാൽ ആവർത്തിച്ചാവർത്തിച്ച് സ്വയം സംരക്ഷിക്കുന്ന (self-defence) കാഴ്ചയാണ് നാമിവിടെ കാണുക. ദൈവഹിതം നിറവേറ്റുവാനാണ് സ്തേഫാനോസ് രക്തസാക്ഷിയായത്; അതേ **ദൈവഹിതം നിറവേറ്റുവാനാണ് പൗലോസ് ജീവിച്ചിരിക്കുന്നത്.**

## ഉൾക്കൊള്ളേണ്ട ഗുണപാഠങ്ങൾ:

**ഈ** പാഠത്തിൽ നമുക്ക് ലഭിക്കുന്ന ആദ്ധ്യാത്മികവെളിപാടെന്താണ്? ജീവിച്ചാലും മരിച്ചാലും ശരി ദൈവതിരുനാമം മഹത്വപ്പെടുത്തണം. ദൈവം നമ്മിൽനിന്നും ആവശ്യപ്പെടുന്നതെന്താണെന്നറിയാനുള്ള വിവേകത്തിനായി. നമുക്ക് പ്രാർത്ഥിക്കാം. ക്രിസ്തുമാർഗ്ഗം യഹൂദസഭയ്ക്കോ മറ്റാർക്കെങ്കിലുമോ ഒരു ഭീഷണിയല്ല എന്നു സമർത്ഥിക്കാനാണ് പൗലോസ് കിണഞ്ഞ് പരിശ്രമിക്കുന്നത്. ക്രൈസ്തവസഭയുടെ സംഘടിത ശക്തിയും ധനശേഷിയും ആർക്കും ഒരു ഭീഷണിയല്ലെന്നുറപ്പു വരുത്തുവാനും എല്ലാവർക്കും സഹായകരവും ആശ്വാസകരവുമായ നല്ല സമരിയാക്കാരാകുവാനും നമുക്കു ശ്രദ്ധിക്കാം. ആരുമായും സമരത്തിൽ കഴിയുവാനല്ല എല്ലാവരുമായും സമരസത്തിൽ കഴിയുവാൻ ക്രൈസ്തവർക്ക് സാധിക്കണം. സഭയ്ക്കുള്ളിലെ ഉത്പതിഷ്ണുക്കളും യാഥാ

www.malankaralibrary.com

സ്ഥിതികരും (Progressives and conservatives) ധാരണയോടെ കഴിയുവാൻ പരിശുദ്ധാത്മാവ് സഹായിക്കും. വേർതിരിവുകൾ പലതും ഉണ്ടായേക്കാം. എന്നാൽ അവയ്ക്കടിമപ്പെടുന്നതിലല്ല അവയെ അതിജീവിക്കുവാൻ നാം പ്രാപ്തരാകുന്നതുവഴിയാണ് നമ്മിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിനെ ലോകം മനസ്സിലാക്കുന്നത്. സാക്ഷ്യത്തിന്റെ വിശിഷ്ട ജീവിതത്തിനായി അനന്തമായ സാദ്ധ്യതയാണ് അനുദിനം നമ്മുടെ മുമ്പിൽ ഇതൾ വിരിയുന്നത്. പൗലോസ് അപ്പസ്തോലനെപ്പോലെ നമുക്കും അനുദിനം അവനോടൊപ്പം മരിക്കുകയും ജീവിക്കുകയും ചെയ്ത് അവനുവേണ്ടി **നിത്യം ജീവിക്കുവാൻ തീരുമാനിക്കാം.** അപ്പോൾ:

"ലോകവ്യാപകമാം ശാന്തി
തിരുസ്സഭതന്നിൽ സംപ്രീതി
ഇവയെല്ലാമുളവാക്കീടണമെ"

ഐക്യവും ശാന്തിയും സഭയിലും ലോകം മുഴുവനിലും ഉളവാകും. അപ്പോൾ: "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനവും" ഉളവാകും (ലൂക്കോ. 2/14).

HAPPY CHRISTMAS

(തുടരും)

തയ്യാറാക്കിയത്:

മേരിഗിരി, തിരുവല്ല — ഫാദർ ഏബ്രഹാം കാടമല

25-12-1998 — ഫാദർ ഏബ്രഹാം നടുവിലേടം

N.B:- അടുത്ത ലക്കത്തോടുകൂടി ഈ പരമ്പര സമാപിക്കുന്നതാണ്. (പ്രസാധകർ)

www.malankaralibrary.com

# അപ്പസ്തോല പ്രവർത്തനങ്ങൾ ഒരു പഠനം

## ഭൂമിയുടെ അതിർത്തികൾ വരെ സാക്ഷികളായിരിക്കുക [അപ്പ. 1/8]

അദ്ധ്യായം: 25-28

ദൈവഹിതം നിറവേറ്റുവാൻ വേണ്ടി ജീവിക്കുവാൻ തീരുമാനിക്കുകയും അതിനുവേണ്ടി വാദിക്കുവാൻ തയ്യാറാകുകയും ചെയ്യുന്ന അപ്പസ്തോലനായ പൗലോസിനെയാണ് കഴിഞ്ഞ പാഠത്തിൽ നാം കണ്ടത്. റോമിൽ സുവിശേഷം പ്രസംഗിക്കുന്നത് കർത്താവിന്റെ പദ്ധതിയാണെന്ന് മനസ്സിലാക്കിയ നിമിഷം മുതൽ പ്രതിസന്ധികളോരോന്നും നിശ്ചയദാർഢ്യത്തോടെ അതിജീവിക്കുവാൻ ആവുംവിധം പരിശ്രമിക്കുന്നതിന്റെ ചിത്രമാണവിടെ തെളിഞ്ഞു നില്ക്കുന്നത്. അനുദിനം മരിക്കുന്നതുവഴി നിത്യം ജീവിക്കുന്ന ക്രൈസ്തവ പ്രതിഭാസത്തിന്റെ ഉദാത്ത മാതൃകയും ഉത്തമോദാഹരണവുമാണ് അപ്പസ്തോലൻ. ഈ അദ്ധ്യായത്തോടെ ഈ പഠനം നാം അവസാനിപ്പിക്കുകയാണ്.

### ജീവചരിത്രമല്ല രക്ഷാകരചരിത്രമാണ്

അപ്പസ്തോലന്മാരായ പത്രോസിന്റെയും പൗലോസിന്റെയും ജീവചരിത്രം എഴുതാനല്ല ലൂക്കോസ് ഉദ്ദേശിച്ചത്. അങ്ങനെയായിരുന്നെങ്കിൽ ഈ രൂപത്തിൽ പുസ്തകം അവസാനിപ്പിക്കുന്നത് കണ്ട് നിരാശപ്പെടേണ്ടി വരുമായിരുന്നു. കാരണം ജീവചരിത്ര സംബന്ധിയായ അത്രയും കുറച്ചു കാര്യങ്ങൾ മാത്രമേ ഗ്രന്ഥത്തിൽ കാണപ്പെടുന്നുള്ളു. പുസ്തകം അവസാനിപ്പിച്ചിരിക്കുന്ന രീതിയാകട്ടെ അതിനെക്കാൾ സവിശേഷമാണ്. പൗലോസിന്റെ ജീവിതം നിലംതൊടാതെ ത്രിശങ്കുസ്വർഗ്ഗത്തിൽ തൂങ്ങിക്കിടക്കുന്ന പ്രതീതിയാണ് പുസ്തകം വായിച്ചു നിർത്തുമ്പോഴുണ്ടാകുന്നത്. പൗലോസിന് പിന്നെ എന്തു സംഭവിച്ചു എന്നതിനെപ്പറ്റി ഒരു വാക്കു പോലും പറയാതെയാണ് പുസ്തകം സമാപിക്കുന്നത്! റോമിലെത്തിച്ചതോടെ എല്ലാമായി എന്നായിരിക്കുമോ ലൂക്കോസ് കരുതുക?

www.malankaralibrary.com

## പൗലോസ് – ശ്രേഷ്ഠനായ അപ്പസ്തോലൻ

കാര്യമിങ്ങനെയൊക്കെ ആണെങ്കിലും സുവിശേഷ പ്രസംഗകനും മിഷനറിയുമായ പൗലോസിനെ അവന്റെ സർവ്വമഹത്വത്തോടും കുടി ഇവിടെ അവതരിപ്പിച്ചിരിക്കുന്നു എന്നുള്ള കാര്യം നമ്മെ ആഹ്ലാദിപ്പിക്കുക തന്നെ ചെയ്യും. പൗലോസിന്റെ വൈവിധ്യമാർന്ന രുപം, പ്രത്യേകിച്ചും അദ്ദേഹത്തിന്റെ ആദ്ധ്യാത്മിക ജീവിതത്തിന്റെ വിവിധ വശങ്ങളെ കോർത്തിണക്കിക്കൊണ്ടുള്ള ഒരു മനോഹരശില്പം കഴിഞ്ഞ മൂന്നുനാലു പാഠങ്ങളിലായി ലുക്കോസ് നമുക്കായി മെനയുകയായിരുന്നു.

പരിശുദ്ധാത്മാവിനാൽ പരിപൂരിതനായ നല്ലൊരു ക്രിസ്ത്വനുയായിയാണ് പൗലോസെന്ന് നാം മനസ്സിലാക്കി. ലുക്കോസ് എഴുതിയ സുവിശേഷത്തിന്റെ രണ്ടാം ഭാഗമെന്ന് കൂടി വിശേഷിപ്പിക്കപ്പെടുന്ന അപ്പസ്തോലപ്രവർത്തനങ്ങൾ എന്ന ഗ്രന്ഥത്തിന്റെ പരിസമാപ്തിയിൽ നാം എത്തിനില്ക്കുന്ന ഈ സന്ദർഭത്തിൽ അപ്പസ്തോലനെക്കുറിച്ച് ഈ ഗ്രന്ഥത്തിൽ വിവരിക്കുന്ന മഹത്തായ കാര്യങ്ങൾ, ഈ പഠനപരമ്പരയിൽ പങ്കുചേർന്ന ഓരോരുത്തരെക്കുറിച്ചും പറയുവാൻ ഇടയാക്കട്ടെ എന്നാണ് ആത്മാർത്ഥമായ പ്രാർത്ഥന. ഈ പഠനം നാമവസാനിപ്പിക്കുമ്പോൾ നമുക്ക് ഒരു കൃതാർത്ഥതയുണ്ട്. ചരിത്രം കണ്ട വലിയ വിശുദ്ധന്മാരിൽ ഒരാളും പ്രേഷിതാഗ്രേസരനും സഭയുടെ ശില്പിയുമായ പൗലോസിനെക്കുറിച്ച് പരിമിതമായിട്ടാണെങ്കിൽക്കുടി വളരെ അടുത്തറിഞ്ഞു എന്ന ചാരിതാർത്ഥ്യമാണ് നമുക്കുള്ളത്. സ്വർഗ്ഗത്തിലേയ്ക്കുള്ള നമ്മുടെ ഈ തീർത്ഥാടനത്തിൽ വിശുദ്ധ പൗലോസിന്റെ ജീവിതം ആശ്വാസകരമായ ഒരു വെല്ലുവിളിയായി ഭവിക്കട്ടെ എന്നു നമുക്കാശിക്കാം.

## നീതിന്യായകോടതിയിലെ 'അന്യായം'

ജറുസലേമിൽ വെച്ച് പിടിക്കപ്പെട്ട പൗലോസ് രണ്ടു വർഷത്തിലേറെ തടവിൽ സൂക്ഷിക്കപ്പെടുന്നതായി നാമവിടെ വായിക്കുന്നു (അപ്പ. 24/27). ഇതിനിടെ നാടുവാഴി (ദേശാധിപതി)യായ ഫെലിക്സിന് സ്ഥലം മാറ്റമായി. ഫയലുകളെല്ലാം ഒപ്പിട്ട് തീർത്ത് സ്വസ്തമായി റിട്ടയർ ചെയ്യുകയോ സ്ഥലം മാറുകയോ ചെയ്യുന്നവരുടെ പ്രതിനിധിയൊന്നുമായിരുന്നില്ല ഫെലിക്സ്. പൗലോസെന്ന തടങ്കൽപ്പുള്ളി തടവിൽ തന്നെ. ഫെസ്തുസ് എന്ന പുതിയ ഗവർണ്ണർ ചുമതല ഏല്ക്കുന്നതായി25-ാം അദ്ധ്യായത്തിന്റെ തുടക്കത്തിൽ നാം കാണുന്നു. പ്രഥമദൃഷ്ട്യാ അദ്ദേഹം കുറെക്കൂടെ മനസ്സാക്ഷിയുള്ള ഒരു മേലധികാരിയായി തോന്നാം. അദ്ദേഹം ചുമതലയേറ്റ ഉടനെ തന്നെ പൗലോസിന്റെ കേസ്സ് വിചാരണ ആരംഭിക്കുന്നു. അതുപോലെ തന്നെ, വിചാരണ ജറുസലേമിലേയ്ക്ക് മാറ്റണമെന്ന യഹൂദപക്ഷത്തിന്റെ നിർബ്ബന്ധത്തിന് ആദ്യം അദ്ദേഹം വഴങ്ങുന്നുമില്ല. കേസ്സ് കേസ്സറിയായിൽതന്നെ നടക്കട്ടെ എന്നാണദ്ദേഹത്തിന്റെ ഉത്തരവ്. ഒരുപക്ഷേ

www.malankaralibrary.com

പുതിയ ന്യായാസനത്തിൽ നിന്ന് പൗലോസിന് നീതി ലഭിച്ചേക്കാമെന്ന് അനുവാചകർക്ക് തോന്നിയേക്കാം. എന്നാൽ അത് വെറും വ്യാമോഹം മാത്രമാണെന്ന് തുടക്കത്തിലേ തന്നെ പൗലോസിന് ബോദ്ധ്യമായി. രണ്ടു സംവത്സരം പിന്നിട്ടിട്ടും യഹൂദന്മാരുടെ കലി അല്പം പോലും അടങ്ങിയിട്ടില്ലെന്നു കാണാം. പൗലോസ് പഠിപ്പിക്കുകയും വിശ്വസിക്കുകയും മുറുകെപ്പിടിക്കുകയും ചെയ്യുന്ന സകലവും അവർ കഠിനമായി എതിർക്കുകയാണുണ്ടായത്. പൗലോസിനെ ശിക്ഷിക്കുവാൻ വേണ്ടി എന്തുകള്ളവും പറയുവാൻ യഹൂദനേതാക്കൾ ഒരുങ്ങിക്കഴിഞ്ഞു. യഹൂദരുടെ പ്രീതി പിടിച്ചു പറ്റാൻവേണ്ടി പൗലോസിനെ ജറുസലേമിലേയ്ക്ക് വിചാരണയ്ക്ക് തിരിച്ചയയ്ക്കാൻ പോലും ഫേസ്തൂസ് തയ്യാറായി! നോക്കണേ ലോകത്തിന്റെ ഗതി. ഈ സന്ദർഭത്തിൽ പൗലോസ് എങ്ങനെ പ്രതികരിക്കുമെന്ന് നമുക്കൂഹിക്കാൻ കഴിയും. തന്റെ പ്രശ്നം തനിക്കൊഴികെ എല്ലാവർക്കും ഒരു തമാശ മാത്രമാണെന്ന് ഇതിനോടകം പൗലോസ് മനസ്സിലാക്കിക്കഴിഞ്ഞു. യഹൂദന്മാരുടെ കയ്യിലെങ്ങാനും അകപ്പെട്ടാൽ മരണമല്ലാതെ മറ്റൊന്നും ഉറപ്പില്ല. രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി നീതിയും ന്യായവും, നിയമവും ചട്ടവും ബലി കഴിക്കുവാൻ ഫേലിക്സിനെപ്പോലെ തന്നെ ഫെസ്തൂസും തയ്യാറാണെന്നും തെളിഞ്ഞുകഴിഞ്ഞു. ഈ സാഹചര്യത്തിലാണ് തന്റെ നിരപരാധിത്വം പരസ്യമായി പ്രഖ്യാപിച്ചുകൊണ്ട് സീസറിന്റെ സന്നിധിയിൽ അപ്പീൽ ബോധിപ്പിക്കുവാൻ ആഗ്രഹം പ്രകടിപ്പിച്ചത്. ഏതൊരു റോമാപൗരനും ചക്രവർത്തിയുടെ പക്കൽ നീതിക്കായി അപ്പീൽ ബോധിപ്പിക്കാവുന്നതാണ്. വധശിക്ഷ വിധിക്കപ്പെട്ട ഇന്ത്യൻ പൗരന് രാഷ്ട്രപതിയുടെ സമക്ഷം ദയാഹർജി സമർപ്പിക്കുവാൻ അവകാശമുള്ളതുപോലെ. സീസറിന്റെ ന്യായാസനത്തിങ്കൽ അപ്പീൽ സമർപ്പിച്ചാൽ അതോടെ കേസ്സിന്റെ മറ്റെല്ലാ നടപടി ക്രമങ്ങളും ഒന്നാകെ നിർത്തലാക്കപ്പെടും. ഗവർണ്ണർ ഫേസ്തൂസിന് ആ അപേക്ഷ അനുവദിക്കാനേ കഴിയുമായിരുന്നുള്ളു.

## കപടതയില്ലാത്ത തന്ത്രം

ക്രൈസ്തവ ജീവിതത്തിന്റെ സമുന്നതമായ ഒരു മാർഗ്ഗനിർദ്ദേശമാണ് പൗലോസ് ഇവിടെ ആവിഷ്കരിക്കുന്നത്. ദൈവരാജ്യത്തിന്റെ സന്ദേശം പരത്തുവാനും ദൈവനാമ മഹത്വത്തിനായി ജീവിക്കുവാനും വേണ്ടതെല്ലാം ചെയ്യാൻ അദ്ദേഹം ഒരുക്കമാണ്. ഫെസ്തൂസിന്റെ അധികാരസീമയിൽ ഇരിക്കുന്നതും ജറുസലേമിലേയ്ക്ക് മടങ്ങുന്നതും ഒരുപോലെ മരണം വിലയ്ക്കു വാങ്ങുകയാണ്. ആവശ്യമില്ലാതെ തന്റെ ജീവിതം സമാപിക്കുവാൻ അദ്ദേഹം വിസമ്മതിച്ചു. റോമിലെത്തേണ്ടത് തന്റെ ജീവിതലക്ഷ്യമാണെന്നും ദൈവതിരുമനസ്സാണെന്നും മനസ്സിലാക്കിയ പൗലോസ് തന്റെ ജീവിതത്തിൽ ദൈവതിരുവിഷ്ടം നിറവേറ്റാൻ വേണ്ട മുൻകരുതലുകൾ

www.malankaralibrary.com

എടുക്കുകയാണ്. തന്റെ അപ്പസ്തോലന്മാർ പ്രാവിനെപ്പോലെ നിഷ്കള ങ്കരും പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും ആയിരിക്കണമെന്നുള്ള യേശു വിന്റെ ഉപദേശത്തിന് ഇവിടെ പ്രായോഗികമായ വ്യാഖ്യാനം നല്കുക യാണ് പൗലോസ്.

എല്ലാ അർത്ഥത്തിലും പൗലോസ് നല്ലൊരു അപ്പസ്തോലനത്രെ. ഒരു പക്ഷേ മറ്റാരേക്കാളും കുറെക്കൂടി ശ്രേഷ്ഠനായ ഒരപ്പസ്തോലൻ. നിലവി ലിരുന്ന രാഷ്ട്രീയ സാഹചര്യത്തെ അദ്ദേഹം തന്റെ ലക്ഷ്യപ്രാപ്തിക്കായി പ്രയോജനപ്പെടുത്തുകയാണിവിടെ. ഓരോ ക്രൈസ്തവന്റെയും മുമ്പിൽ – എന്റെയും നിങ്ങളുടെയും മുമ്പിൽ – പൗലോസ് ഒരു വെല്ലുവിളി ഉയർത്തി യിരിക്കയാണ്. നാം യേശുവിനായി വേണം ജീവിക്കുവാൻ. യേശുവിൽ, യേശുവിനുവേണ്ടി, യേശുവിനോടൊത്ത്. സത്യസന്ധതയും ആത്മാർത്ഥ തയും നിലനിർത്തിക്കൊണ്ടു തന്നെ, ബുദ്ധിപൂർവ്വം ദൈവഹിതം നിറവേ റ്റുവാൻ നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു. സ്വന്തം പ്രവൃത്തിയും മാതൃ കയും കൊണ്ട് പൗലോസ് നമ്മെ ഉദ്ബോധിപ്പിക്കുന്നത്, നാം രാഷ്ട്രീയ ബോധമുള്ളവരും പാവനമായി കരുതുന്നവയെ സംരക്ഷിക്കുവാൻ രാഷ്ട്രീയ സ്വാധീനം പ്രയോജനപ്പെടുത്തുന്നവരുമായിരിക്കണമെന്നുമാണ്. നമ്മുടെ സത്വര ശ്രദ്ധ തിരിയേണ്ട എത്ര എത്ര മേഖലകളുണ്ട്. ഭ്രൂണ ഹത്യ, ഗർഭഛിദ്രം, ശിശുപീഢനം, ബാലവേല എന്നിങ്ങനെ എത്രയെത്ര ജീവന്റെ പ്രശ്നങ്ങൾ! വൃദ്ധജന പ്രശ്നങ്ങൾ, മാറാരോഗത്തിന്റെ തീരാ പ്രശ്നങ്ങൾ, ഭു–ഭവന– തൊഴിൽ എന്നിങ്ങനെയുള്ള രഹിതരുടെ ജീവത പ്രശ്നങ്ങൾ! തൊഴിലില്ലായ്മ, തൊഴിൽ ചെയ്യായ്മ, ഇവ മൂലമുള്ള പട്ടി ണിയുടെ പ്രശ്നങ്ങൾ, അസംഘടിത തൊഴിലാളികളും പ്രശ്നങ്ങൾ, സംഘടനാ ബലത്തിന്റെ അതിപ്രസരങ്ങൾ...... എത്ര എത്ര മേഖലകളിൽ നീതിയും സുരക്ഷിതത്വവും ഉറപ്പു വരുത്തേണ്ടതായിട്ടുണ്ട്. നാം നിലനി ല്ക്കുന്നത് ഭൂമിയുടെ ഉപ്പാകാനാണെങ്കിൽ, ലോകത്തിന്റെ പ്രകാശമാകാ നാണെങ്കിൽ തീർച്ചയായും ആ രസവും ആ പ്രകാശവും പൊലിഞ്ഞു പോകാതെ നോക്കാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. നാം അലസരായി രുന്നുകൊണ്ട്, രാഷ്ട്രീയത്തിൽ ഇടപെടുന്നത് നമ്മുടെ അന്തസ്സിനു ചേർന്ന തല്ലെന്ന് കരുതിയാൽ കുരുതി കഴിക്കപ്പെടുന്നത് സനാതനമൂല്യങ്ങളായി രിക്കും. മൂല്യങ്ങൾ സംരക്ഷിക്കപ്പെടുവാൻ നാം സദാ ജാഗ്രത പുലർത്തേ ണ്ടതാവശ്യമാണ്. മറിച്ച് നാം രാഷ്ട്രീയത്തിൽ മുങ്ങി മുഴുകിക്കഴിയുകയും അതേസമയം നമ്മുടെ സ്വാർത്ഥമോഹങ്ങളുടെ പൂരണത്തിന് രാഷ്ട്രീയം ഒരായുധമായി ഉപയോഗിക്കുകയും ചെയ്യുന്നതാണ് നമ്മുടെ ശൈലിയെ ങ്കിൽ നിശ്ചയമായും അത് വർജ്യമാണ്. ഇങ്ങനെ അപചയം സംഭവിക്കാൻ സാദ്ധ്യതയുള്ളതിനാൽ നാം സദാ ജാഗ്രത പുലർത്തുകതന്നെ വേണം. നാം എന്തൊക്കെ ചെയ്തു എന്നതിനെക്കാൾ പ്രധാനമാണ് എങ്ങനെ ചെയ്തു എന്ന്; മൂല്യങ്ങൾക്ക് നാം എന്തു വില കല്പിച്ചു എന്ന് വിലയി രുത്തപ്പെടേണ്ടതാവശ്യമാണ്.

www.malankaralibrary.com

## അന്തിമപ്രതിരോധം

25-ാമദ്ധ്യാത്തിന്റെ തുടർന്നുള്ള ഭാഗത്ത് തന്റെ ജീവിതത്തെയും വിശ്വാസത്തെയും കാഴ്ചപ്പാടുകളെയും അവസാനമായി ഒരിക്കൽക്കൂടി അവതരിപ്പിക്കുന്നതിന് പൗലോസ് സാഹചര്യമൊരുക്കുന്നതായി നമുക്ക് കാണാം. സീസറിനെ അഭയം തേടിയതിനാൽ, അവന്റെ പേരിലുള്ള ആരോപണത്തിന്റെ സൂക്ഷ്മമായ വിവരണം സീസറിന് നൽകാൻ ഫെസ്തൂസ് ബാദ്ധ്യസ്ഥനായിത്തീർന്നു. ഫെസ്തുസിനെപ്പോലെയുള്ള ഒരു പട്ടാളമേധാവിക്ക് മതപരമായ തർക്കവിഷയങ്ങളിൽ അവഗാഹം ഉണ്ടാകാനിടയില്ലല്ലോ. അതിലും പ്രത്യേകിച്ച് മറ്റൊരു മതത്തിന്റെ പ്രശ്നത്തിൽ. അങ്ങനെ കുഴങ്ങിയിരിക്കുമ്പോഴാണ് അഗ്രിപ്പാരാജാവിന്റെ ഒരു സന്ദർശനമുണ്ടാകുന്നത്. അദ്ദേഹം യഹൂദനായിരുന്നു. മതപരമായ കാര്യങ്ങളിൽ അഗ്രിപ്പാവിനുള്ള ജ്ഞാനവും യഹൂദപാരമ്പര്യങ്ങളിലുള്ള അറിവും പ്രയോജനപ്പെടുത്തുവാൻ ഫെസ്തൂസ് തീരുമാനിച്ചു. അഗ്രിപ്പാരാജാവ് ജഡ്ജിയായ കോടതിയിൽ വീണ്ടുമൊരു വിസ്താരത്തിന് പൗലോസിനെ ഹജരാക്കി! രാജാവിന്റെ മുമ്പിൽ പൗലോസ് ചെയ്ത ന്യായവാദം തന്റെ ജീവിതത്തിന്റെ ദർശനവും വിശ്വാസവും വിളിച്ചറിയിക്കുന്ന മറ്റൊരവസരമായിത്തീരുകയാണ്. ഒരു പുരുഷായുസ്സ് മുഴുവൻ ജീവിച്ചും അനുഭവിച്ചും ആർജ്ജിച്ചെടുത്ത ഉത്തമ ബോദ്ധ്യങ്ങളവതരിപ്പിക്കുവാൻ കൈവന്ന ഒരു സുവർണ്ണാവസരമാണ്. തന്റെ വിശ്വാസപ്രഖ്യാപന വേദിയാകട്ടെ രാജാവ്, ഗവർണ്ണർ തുടങ്ങിയ ഉന്നത ശീർഷരായ അനേകം മഹാന്മാരുടെ സദസ്സും!

ഇവിടെ ചില കാര്യങ്ങൾ നമ്മുടെ ശ്രദ്ധയിൽപ്പെടുന്നത് ഒരു നിമിഷം ചിന്തിച്ചതിനു ശേഷം മുമ്പോട്ടു പോകാം. രാജാവിന്റെ മുമ്പിലും സുവിശേഷം പ്രസംഗിക്കുന്നത് ഒരു അപൂർവ്വബഹുമതിയല്ലെങ്കിൽ പിന്നെയെന്താണ്? 23 വർഷങ്ങൾക്ക് മുമ്പ് ക്രിസ്തുവിനാൽ പിടിക്കപ്പെട്ടപ്പോൾ, പൗലോസിനെപ്പറ്റി ദൈവാത്മാവ് അനനിയാസിന് നല്കിയ ദൂത് എന്തായിരുന്നു? “കർത്താവ് അവനോട് പറഞ്ഞു: നീ പോവുക; വിജാതീയരുടെയും രാജാക്കന്മാരുടെയും ഇസ്രായേൽ മക്കളുടെയും മുമ്പിൽ എന്റെ നാമം വഹിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ട പാത്രമാണ് അവൻ. എന്റെ നാമത്തെപ്രതി ഏറെ സഹിക്കേണ്ടി വരുമെന്ന് അവന് ഞാൻ കാണിച്ചുകൊടുക്കും” (അപ്പ. 9/15-16). ആ ദർശനം ഇവിടെ നിറവേറുന്നത് മധുരതരമായ ഒരു തിരിച്ചറിവാണ്.

മറ്റൊന്ന് തന്റെ അന്ത്യവിചാരണയിൽ തന്റെ മുമ്പാകെ വിസ്തരിക്കപ്പെടുന്ന യേശു ഗലീലിയക്കാരനാണെന്നു കേട്ട പീലാത്തോസ് അവൻ ഹേറോദേസിന്റെ അധികാരത്തിൽപ്പെട്ടവനാണെന്ന് അറിഞ്ഞപ്പോൾ അവന്റെ അടുത്തേയ്ക്ക് അയച്ചു. ആ ദിവസങ്ങളിൽ ഹേറോദേസ് ജറുസലേമിൽ ഉണ്ടായിരുന്നു” (ലൂക്കോ. 23/6-12) “മറ്റൊരു ക്രിസ്തു” എന്ന് വിശേഷിപ്പിക്കപ്പെടാവുന്ന പൗലോസും റോമൻ ഗവർണ്ണരായ ഫേസ്തു

www.malankaralibrary.com

സിന്റെ നിർദ്ദേശപ്രകാരം ഹേറോദേസ് അഗ്രിപ്പാ രാജാവിന്റെ അടുക്കൽ വിസതരിക്കപ്പെടുന്നത് (അപ്പ. 25/13-26/32) അവഗണിക്കപ്പെടാനാവാത്ത ഒരു സമാനതയാണ്. ഗവർണ്ണർ പൗലോസിനെപ്പറ്റി അഗ്രിപ്പാരാജാവിന് പരിചയപ്പെടുത്തുന്നതു തന്നെ ശ്രദ്ധിക്കുക"..... ഈ മനുഷ്യനെ (യോഹ. 18/40) നിങ്ങൾ കാണുന്നുവല്ലോ. ഇവനെതിരായിട്ടാണ്, യഹൂദജനത മുഴുവൻ, ജറുസലേമിൽ വെച്ചും ഇവിടെവെച്ചും ഇവന് ഇനി ജീവിക്കുവാൻ അർഹതയില്ല എന്ന് പറഞ്ഞ് ബഹളം കൂട്ടി എന്നോട് പരാതിപ്പെട്ടത്. എങ്കിലും വധശിക്ഷയ്ക്ക് അർഹമായ കുറ്റമൊന്നും ഇവൻ ചെയ്തിട്ടുള്ളതായി ഞാൻ കണ്ടിട്ടില്ല" (അപ്പ. 25/25). യേശുവിനെപ്പറ്റി പറഞ്ഞതുപോലെ തന്നെ. ഇങ്ങനെ സമാനതകളുടെ ഘോഷയാത്ര തുടരുകയാണ്.

## ഹേറോദേസ് രാജാക്കന്മാർ

ക്രിസ്തബ്ദം 63-ൽ റോമൻ ചക്രവർത്തി പോംപെ പലസ്തീനാ കീഴടക്കി. വലിയ ഹേറോദേസ് എന്ന ഹേറോദേസ് മഹാരാജാവിന് (B.C 65-4) ഗലീലിയുടെ ഗവർണ്ണരും B.C-40-ൽ യൂദാരാജാവുമായി റോമൻ സെനറ്റ് അധികാരം നല്കുന്നു. B.C-4 വരെ യൂദയാ ഭരിച്ച ഇദ്ദേഹത്തിന്റെ കാലത്താണ് യേശു ജനിച്ചത്. പത്തു ഭാര്യമാരുണ്ടായിരുന്ന ഇദ്ദേഹമാണ് തനിക്ക് ഭീഷണിയെന്ന തെറ്റിദ്ധാരണയിൽ "യേശുരാജാവിനെ" നിഗ്രഹിക്കാനുള്ള ശ്രമത്തിൽ ബേത്‌ലഹേമിലെ ആയിരക്കണക്കിന് ശിശുക്കളെ കൊന്നൊടുക്കിയത്! ഇദ്ദേഹത്തിന്റെ പുത്രൻ അരിസ്റ്റോബുലസ്; അരിസ്റ്റോബുലസിന്റെ പുത്രൻ ഹേറോദേസ് അഗ്രിപ്പാ ഒന്നാമൻ. അദ്ദേഹത്തിന്റെ പുത്രൻ ഹേറോദേസ് അഗ്രിപ്പാ II-മൻ A.D-50 മുതൽ യൂദയായുടെ ഭരണം നടത്തി. ഈ അഗ്രിപ്പായുടെ മുമ്പിലാണ് A.D-60-ൽ പൗലോസ് ഹാജരാക്കപ്പെടുന്നത്.

AD-41 മുതൽ 44 വരെ പലസ്തീനായിൽ ഭരണം നടത്തിയ ഹേറോദേസ് അഗ്രിപ്പാ ഒന്നാമന്റെ കാലത്താണ് ക്രിസ്ത്യാനികൾക്കെതിരെ മതപീഢനം പലസ്തീനായിലാരംഭിച്ചത്. സെബദിപുത്രനായ യാക്കോബ് (വലിയ യാക്കോബ്) ശിരഛേദം ചെയ്യപ്പെട്ട് രക്തസാക്ഷിയാകുന്നത് ഇക്കാലത്താണ് (അപ്പ. 12/1-4. A.D-44-ൽ കേസറിയായിൽ വെച്ച് ദൈവശിക്ഷ ലഭിച്ചു (അപ്പ. 12/20-23). നമ്മുടെ കർത്താവിന്റെ സഹോദരൻ എന്ന അപരനാമത്തിലറിയപ്പെടുന്ന ചെറിയ യാക്കോബ് A.D-62-ൽ ജറുസലേമിൽ വെച്ച് വധിക്കപ്പെട്ടു. "ഊർശ്ലേമിന്റെ ഒന്നാമന്റെ പ്രധാനാചാര്യനും ശ്ലീഹായും സഹദായു"മെന്ന് വി. കുർബ്ബാന മദ്ധ്യേയുള്ള മദ്ധ്യസ്ഥപ്രാർത്ഥയിൽ സുചിതമാകുന്നതിതാണ്. പൗലോസ് A.D- 58-ൽ ജറുസലേമിൽ വെച്ച് ബന്ധനസ്ഥനാക്കപ്പെടുകയും 60-ൽ റോമിലേക്ക് പോകുകയും 64/67-ൽ രക്തസാക്ഷിത്വം വരിക്കുകയും ചെയ്തു.

www.malankaralibrary.com

## വ്യക്തിപരമായ അടുപ്പം യേശുവിനോട്

നമുക്ക് പൗലോസിലേക്ക് തന്നെ തിരികെ വരാം. പൗലോസിനെ സംബന്ധിച്ചു പറഞ്ഞാൽ തന്റെ അക്ഷീണമായ അദ്ധ്വാനങ്ങളുടെയും ഒരിക്കലും തളരാത്ത പോരാട്ടത്തിന്റെയുമെല്ലാം ശക്തിപ്രഭവം അടിയുറച്ച ദൈവവിശ്വാസമാണ്; അതിലേറെ യേശുക്രിസ്തുവിനോടുള്ള വ്യക്തിപരമായ അടുപ്പമാണ്. ദൈവത്തിന്റെ വ്യക്തിപരമായ സാന്നിദ്ധ്യമാണ് പരിശുദ്ധാത്മാവിലൂടെ യേശുക്രിസ്തുവിൽ സാക്ഷാല്കൃതമായ സത്യം. പൗലോസിന്റെ അനിഷേദ്ധ്യവും അലംഘ്യവുമായ വിശ്വാസമാണിത്. ഈ വിശ്വാസം ഒന്നു മാത്രമാണ് സർവ്വസംഗപരിത്യാഗിയായ താപസനെയും ക്രാന്തദർശിയായ പ്രവാചകനെയും അദ്ദേഹത്തിൽ സമന്വയിപ്പിച്ചത്; യോഗിയുടെയും കർമ്മയോഗിയുടെയും കർമ്മപഥത്തിൽ ഒരേ സമയം ചരിക്കുവാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയത്. ക്രിസ്തുസാക്ഷിയുടെയും രക്തസാക്ഷിയുടെയും മുദ്ര ഒരേസമയം സ്വജീവിതത്തിൽ പതിപ്പിച്ചത്.

## അവസാനത്തെ വേദിയും സുവിശേഷ സാക്ഷ്യത്തിന്:

ഒടുവിലത്തെ വിസ്താരവേളയും മുമ്പെന്നത്തെയും പോലെ തന്നെ പൗലോസിന് ലഭിച്ച മറ്റൊരു പ്രസംഗവേദിയും സാക്ഷ്യവേദിയുമായിരുന്നു. ഈ രംഗവേദിയിൽ ഉറച്ചുനിന്നുകൊണ്ട് തന്റെ വിശ്വാസജീവിതം ഉൽഘോഷിക്കുകയും അനുഭവസാക്ഷ്യം പങ്കുവയ്ക്കുകയും ചെയ്യുന്ന കാഴ്ചയാണ് നാമിവിടെ കാണുന്നത്. തന്റെ ജീവൻ ത്രാസിൽ തൂങ്ങുമ്പോഴും, പ്രാണൻ കഴുമരത്തിൽ കിടന്നാടുമ്പോഴും, അതൊന്നും അത്ര കാര്യമല്ലെന്ന ഭാവത്തിൽ, അക്ഷരാർത്ഥത്തിൽ തന്നെ സുവിശേഷ പ്രസംഗം നടത്തുവാൻ ധൈര്യം കാട്ടുന്ന പൗലോസിനെ നാം കാണുന്നു. മാനസാന്തരപ്പെടുവാൻ തുറന്നടിച്ച് രാജാവിനോടും ദേശാധിപതിയോടും ആഹ്വാനം ചെയ്യുവാൻ കുസലേതുമില്ല. ക്രിസ്തുമതം സ്വീകരിക്കുവാൻ ഒരേ സമയം രണ്ട് വ്യത്യസ്ഥ മതങ്ങളുടെ പ്രതിനിധികളായ ആ രണ്ട് അധികാരികളോട് അനുനയപൂർവ്വം ആഹ്വാനം ചെയ്യുകയാണ്. ഇത് ധീരതയല്ലെങ്കിൽ പിന്നെന്താണ്? ഈ ചങ്കുറ്റമല്ലാതെ മറ്റെന്താണ് സുവിശേഷകന് കൈമുതലാകേണ്ടത്. ഇതൊക്കെയല്ലേ നമുക്കിന്ന് കൈമോശം വന്നിരിക്കുന്നതും? പഠിപ്പും പ്രാഗത്ഭ്യവും അനുകൂല സാഹചര്യങ്ങളും പതിന്മടങ്ങ് വർദ്ധിച്ചിട്ടും, "ഫോർ വാണ്ട് ഓഫ് ഏ നെയിൽ" – കുതിരയുടെ ലാടത്തിലെ ആണിയുടെ കുറവ് ഒന്നുകൊണ്ട് മാത്രം – യുദ്ധം പരാജയപ്പെടുന്ന ദാരുണമായ കാഴ്ചയാണെങ്ങും. പറയാനുള്ള ചങ്കുറ്റം എങ്ങോ, എവിടെയോ നഷ്ടപ്പെട്ടുപോയി! പ്രവാചകന്മാരെയും ശ്ലീഹന്മാരെയും രക്തസാക്ഷികളെയും ധീരതകൊണ്ട് ആയുധമണിയിച്ച ആത്മാവിനോട് ചേർന്ന് നില്ക്കുമ്പോൾ മാത്രമാണ് ഈ ഭാവം സ്വായത്തമാക്കാൻ ആകുന്നത്. പ്രാർത്ഥനയിൽ നിന്നും പരിത്യാഗത്തിൽ നിന്നും ജീവിതവിശുദ്ധിയിൽ നിന്നുമാണീ

www.malankaralibrary.com

ധീരത മുളപൊട്ടുകയെന്ന് മറക്കാതിരിക്കാം. ആസക്തികളിൽ ആണ്ടുപോകുമ്പോഴും പ്രാർത്ഥന വിട്ടകലുമ്പോഴും ആത്മധൈര്യം ചോർന്നുപോകും. "മറ്റുള്ളവരോട് പ്രസംഗിച്ചതിനു ശേഷം ഞാൻ തന്നെ പരിത്യക്തനാകാതിരിക്കാൻ എന്റെ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടു കൂടി ക്രൂശിച്ചിരിക്കുന്നു" (1കോരി. 9/27). ``യേശുക്രിസ്തുവിനുള്ളവർ തങ്ങളുടെ ജഡത്തെ അതിന്റെ വികാരങ്ങളോടും രാഗമോഹങ്ങളോടും കൂടി ക്രൂശിച്ചിരിക്കുന്നു. നമുക്ക് ആത്മാവിൽ വ്യാപരിക്കാം" (ഗലാ. 5/24-25). ഞാൻ ക്രിസ്തുവിനോടു കൂടി ക്രൂശിതനായിരിക്കുന്നു. ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്. എന്റെ ഇപ്പോഴത്തെ ഐഹികജീവിതം എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും ചെയ്ത ദൈവപുത്രനിൽ വിശ്വസിച്ചുകൊണ്ടുള്ള ജീവിതമാണ്. ദൈവത്തിന്റെ കൃപ ഞാൻ നിരാകരിക്കുന്നില്ല" (ഗലാ. 2/20). കാലമേറെക്കഴിഞ്ഞാലും വേറെ കുറുക്കു വഴികൾ ഇതിനില്ലെന്ന് ബോദ്ധ്യപ്പെടാൻ ഉത്സാഹിക്കാം. തനിക്ക് കിട്ടുന്ന ഓരോ അവസരവും തന്റെ പ്രവാചകധർമ്മം നിർവ്വഹിക്കുവാൻ പൗലോസ് ദത്തശ്രദ്ധനായിരുന്നു എന്ന് കഴിഞ്ഞ പാഠങ്ങളിൽ കണ്ടുകഴിഞ്ഞതാണ്. ഇമ്മട്ടിലുള്ള പ്രവാചക ധീരത തന്നെയല്ലേ ഇന്നും ഓരോ ക്രൈസ്തവനിലും ഉണ്ടാകേണ്ടത്?

## ആദരം നല്കുവാൻ മടിക്കേണ്ട:

യഹൂദനിയമവും പാരമ്പര്യങ്ങളും നല്ലവണ്ണമറിയാവുന്ന യഹൂദൻ തന്നെയായ അഗ്രിപ്പാ രാജാവിനെ ഉന്നംവെച്ചാണ് തന്റെ വാക്കുകളും വാദമുഖങ്ങളും അവൻ അവതരിപ്പിക്കുന്നത്. നിലം തികഞ്ഞ ആദരവോടു കൂടിയാണ് അവൻ സംസാരിക്കുന്നത്. തന്റെ അനാദരവോ അശ്രദ്ധയോ മൂലം ദൈവനാമം പരിത്യജിക്കപ്പെടുവാൻ ഇടയാകരുതെന്ന് അദ്ദേഹത്തിന് നിർബ്ബന്ധമുണ്ട്. റോമാക്കാർക്കെഴുതുന്നത് ശ്രദ്ധിച്ചാലും: "മനഃസാക്ഷിയെ മാനിച്ചും വിധേയത്വം പാലിക്കുവിൻ. ഓരോരുത്തർക്കും അവകാശപ്പെട്ടിരിക്കുന്നത് കൊടുക്കുവിൻ..... ആദരം അർഹിക്കുന്നവന് ആദരം; ബഹുമാനം നൽകേണ്ടവന് ബഹുമാനം" (റോമ. 13/4-7).

ഫരിസേയർ വിശ്വസിക്കുകയും പ്രത്യാശയോടെ കാത്തിരിക്കുകയും ചെയ്യുന്ന എല്ലാറ്റിന്റെയും പൂർത്തീകരണമാണ് ക്രിസ്തുമതമെന്നാണ് പൗലോസ് വീണ്ടും വീണ്ടും വാദിച്ചുകൊണ്ടിരിക്കുന്നത്. മരിച്ചവരുടെ പുനരുത്ഥാനമുണ്ട് എന്നതാണല്ലോ ഫരിസേയരുടെ വിശ്വാസവും പഠിപ്പിക്കലും. യേശുവിന്റെ ഉത്ഥാനത്തിൽ പൂർത്തീകരിക്കപ്പെട്ടത് ഈ പ്രത്യാശയാണ്. ഇപ്രകാരം യഹൂദനായ അഗ്രിപ്പാരാജാവിന്റെ വിശ്വാസത്തെ മാനിച്ചുകൊണ്ടും അതിൽ സ്വീകാര്യമായതെല്ലാം നിലനിർത്തിക്കൊണ്ടും യേശുവിന്റെ സുവിശേഷം അവതരിപ്പിക്കുന്ന പൗലോസിനെ വാസ്തവത്തിൽ

www.malankaralibrary.com

കണ്ടു പഠിക്കേണ്ടതു തന്നെയാണ്. കേഴ്‌വിക്കാരന്റെ പശ്ചാത്തലവും കാഴ്ചപ്പാടും കണ്ടറിഞ്ഞ്, അതിനെ കുറെക്കൂടി സമ്പന്നമാക്കാൻ പോരുന്ന രീതിയിൽ യേശുവിനെ അവതരിപ്പിക്കുന്ന പൗലോസ് സുവിശേഷ പ്രസംഗകർക്ക് എക്കാലവും മാതൃകയും പ്രചോദനവും പ്രേരണയുമാണ്. സാഹചര്യത്തെ നന്നായി വിലയിരുത്തുവാനുള്ള ഒരു മനോധർമ്മവും പ്രത്യുല്പന്നമതിത്വവും പൗലോസിൽ സമ്പന്നമായി നമുക്ക് കാണാം. അഗ്രിപ്പാ രാജാവിലും ഗവർണ്ണറായ ഫെസ്തൂസിലും ഈ പ്രസംഗം വലിയ സ്വാധീനം ചെലുത്തുകതന്നെ ചെയ്തു. അവരുടെ സ്വകാര്യ സംഭാഷണം അതിന് തെളിവാണ് (അപ്പ. 26/31).

ആ സദസ്സിനെ മുഴുവൻ മാനസാന്തപ്പെടുത്തുവാനും ക്രിസ്തുവിലേയേക്ക് ആദായപ്പെടുത്തുവാനും കഴിഞ്ഞിരുന്നെങ്കിൽ എന്ന് അപ്പസ്തോലൻ ആത്മാർത്ഥമായി ആഗ്രഹിച്ചുപോയി. ഈ ആഗ്രഹമാണ്. ഏതൊരു സുവിശേഷകന്റെയും ജീവശക്തി. ഈ ഉത്സാഹം കൂടാതെ ഒരു പ്രവർത്തനത്തിലും വിജയം നേടാനൊക്കുകയില്ല. "നക്ഷത്രങ്ങളെ ലക്ഷ്യം വെച്ചാൽ മാത്രമേ വൃക്ഷാഗ്രത്തിൽ എത്താനാകു" എന്നാണ് പ്രമാണമെന്നോർക്കുക. ശരിയായ ലക്ഷ്യമില്ലെങ്കിൽ ഒരു പ്രവർത്തനവും വിജയിക്കുകയില്ല. പലപ്പോഴും നമ്മുടെ പല പ്രവർത്തനങ്ങളുടെയും പരാജയകാരണം തേടി മറ്റെങ്ങും അലയേണ്ട ആവശ്യവുമില്ല. അത്രത്തോളമൊന്നും സംഭവിച്ചില്ലെന്നു സമ്മതിച്ചാൽ തന്നെ, ഇതിൽ അല്പം കാര്യമുണ്ടെന്നു കണ്ടെത്തുവാൻ അവരെ പ്രേരിപ്പിച്ചത് പൗലോസിന്റെ സാമർത്ഥ്യമാണെന്ന് പറയാതെ വയ്യാ. പൗലോസിന്റെ നിരപരാധിത്വം രാജാവിനും 'നാടുവാഴിത്തമ്പുരാനും' ഏറെക്കുറെ വ്യക്തമായി. ചക്രവർത്തിയെ (സീസർ) അഭയം തേടിയിരുന്നില്ലെങ്കിൽ അവനെ വിട്ടയയ്ക്കാനും അവർ ധാരണയിലായി! ഇത് തീരെ ചെറിയ കാര്യമല്ല. പ്രായോഗികമായി പരാജയപ്പെട്ടു എങ്കിൽ തന്നെ താത്വികമായ ഒരു വിജയമാണത്. പൗലോസിന്റെ വാക്കുകൾ അഗ്രിപ്പാ രാജാവിനെ നന്നായി സ്വാധീനിക്കുകയുണ്ടായി. പിന്നീട് എന്തു സംഭവിച്ചു എന്ന് നമുക്കറിഞ്ഞുകൂടെങ്കിലും അദ്ദേഹത്തിന്റെ ഹൃദയത്തിൽ ആത്മരക്ഷയുടെ വിത്തു വിതറുവാൻ തീർച്ചയായും സാധിച്ചു. ഒരു പ്രേഷിതന്റെ യഥാർത്ഥ ദൗത്യം അതാണ്.

## തെറ്റായ മനസ്സാക്ഷി തകർക്കുക – സുവിശേഷലക്ഷ്യം

ഏതു സുവിശേഷ പ്രചാരകനും അറിഞ്ഞിരിക്കേണ്ട സത്യമാണിത്. മറ്റൊരാളുടെ തെറ്റായ മനസ്സമാധാനം തകർക്കുവാനും കുറ്റകരമായ അനാസ്ഥയെ കുറ്റപ്പെടുത്താനും, നിഷ്ക്രിയത്തെ തട്ടി ഉണർത്താനും സുവിശേഷത്തിന് കഴിയണം. അവിടെ വീണ്ടുവിചാരത്തിന്റെ ഒരു കൊച്ചു വിത്ത് വിതയ്ക്കാൻ കഴിഞ്ഞാൽ ഒരുപക്ഷേ മാനസ്സാന്തരത്തിലേക്കുള്ള ആദ്യത്തെ കാൽവെയ്പായിരിക്കും. ഒരുപക്ഷേ ശ്രോതാവിന്റെ മനസ്സിൽ

www.malankaralibrary.com

ഒരു കൊച്ചു ചോദ്യചിഹ്നം ഇട്ടാൽ ബാക്കി പരിശുദ്ധാത്മാവ് ഏറ്റെടുത്തു കൊള്ളും. നമ്മുടെ വിശ്വാസ ജീവിതംകൊണ്ടും സാക്ഷ്യവചനം കൊണ്ടും ധാർമ്മിക ജീവിതശുദ്ധി കൊണ്ടും ആത്മിക നൈർമല്യം കൊണ്ടും ഒക്കെ, കല്ലുപോലുള്ള ഉള്ളങ്ങളിൽ സ്നേഹത്തിന്റെ ചെറുചലനം സൃഷ്ടിക്കുവാനും സ്പന്ദനമുണർത്തുവാനും സാധിച്ചാൽ നാം വിജയിച്ചു.

## ഉദ്വേഗജനകമായ ഒരു ഉപാഖ്യാനം:

27-ാമദ്ധ്യാവും 28-ാമദ്ധ്യാത്തിന്റെ ആദ്യ പകുതിയും അപ്പസ്തോലന്റെ നിയമയുദ്ധത്തിനിടയിലെ ഉദ്വേഗജനകമായ ഒരുപാഖ്യാനമാണ്. ഈ യാത്രയിൽ – റോമ്മാ ചക്രവർത്തി നീറോയുടെ (A.D 54-68) സമക്ഷം പരാതി ബോധിപ്പിക്കാൻ പുറപ്പെട്ട പൗലോസിന്റെ കൂടെ – ഗ്രന്ഥകാരനായ ലൂക്കോസും ഉണ്ടായിരുന്നെന്ന സൂചനയാണ് "ഞങ്ങൾ പ്രയോഗം" നൽകുന്നത്. 44 പ്രാവശ്യം ആവർത്തിച്ചു കടന്നു വരുന്ന പ്രയോഗമാണിത്. ഈ യാത്രാവിവരണമൊരു ചലച്ചിത്രമാക്കിയാൽ ഏതു വീരകഥകളെയും അതിശയിക്കും. "ഒരപ്പസ്തോലന്റെ പുറങ്കടലിലെ വീരപരാക്രമങ്ങൾ" എന്നോ മറ്റോ പേരും നല്കാം. എത്രയെത്ര കൊടുങ്കാറ്റുകളും കപ്പൽ ഛേദങ്ങളും! എത്ര എത്ര ലഹളകളും ഭീഷണികളും! ഒരു ഫീനിക്സ് പക്ഷിയെപ്പോലെ ഇവയിൽ നിന്നൊക്കെ ഉയിർത്തെഴുന്നേല്ക്കുന്നത് അത്ഭുതാദരങ്ങളോടെ മാത്രമേ കാണാനാവൂ. ഇതുവരെ കണ്ടതിനെയും കേട്ടതിനെയുംകാൾ ഏറെ കാര്യങ്ങൾ ഈ വിവരണം നമുക്ക് നല്കുന്നു. ദൈവകരം എത്ര അത്ഭുതകരമായ രീതിയിലാണദ്ദേഹത്തെ ഈ ആപത്തനർത്ഥങ്ങളിലൂടെ നടത്തുന്നതെന്നു കണ്ടാലും!

## അത്യുന്നതന്റെ സംരക്ഷണം:

പ്രകൃതിക്ഷോഭങ്ങളെക്കാളും മനുഷ്യരുടെ ക്രൂരമായ ഇടപെടലുകളെക്കാലും എത്രോ ശക്തമാണ് ദൈവേഷ്ടം! "അത്യുന്നതന്റെ സംരക്ഷണത്തിൽ വസിക്കുന്നവനും സർവ്വശക്തന്റെ തണലിൽ കഴിയുന്നവനും, കർത്താവിനോട് എന്റെ സങ്കേതവും എന്റെ കോട്ടയും ഞാൻ ആശ്രയിക്കുന്ന എന്റെ ദൈവവുമെന്ന് പറയും" (സങ്കീ. 91/1-2). സർവ്വശക്തന്റെ സംരക്ഷണയിലും സുരക്ഷിതകരങ്ങളിലുമാണ് താൻ ജീവിക്കുന്നതെന്ന ഉറച്ച ബോദ്ധ്യമാണ് നിർഭയനും അചഞ്ചലനുമായിരിക്കുവാൻ അദ്ദേഹത്തെ ശക്തനാക്കിയത്. തിരമാലകൾ ആഞ്ഞടിക്കുമ്പോഴും യാതൊരു ഭീതിയും ഭാവഭേദവും കൂടാതെ കല്ലോലമാലിക്കിടയിൽ കല്പൊത്തിൽ സസുഖം വിശ്രമിക്കുന്ന കുഞ്ഞുപക്ഷിയുടെ ചിത്രമാണ് സമാധാനത്തിന് ചിത്രരൂപം നൽകുവാൻ ശ്രമിച്ച കലാകാരൻ വരച്ചത്.! സുരക്ഷിതത്വത്തിന്റെ പരസ്യങ്ങളിലെ ചിത്രീകരണവും മറ്റൊന്നല്ല. ഇതിന് സമാനമാണ് പൗലോസിന്റെ ജീവിതചിത്രം.

www.malankaralibrary.com

എത്ര സുസ്ഥിരവും സുധീരവുമാണ് അപ്പസ്തോലന്റെ വിശ്വാസം എന്ന് നമുക്കിവിടെ കാണുവാൻ സാധിക്കും. നമ്മുടെ വിശ്വാസം അത്ര ദൃഢമാണോ? ദൈവതിരുഹിതമാണോ നമ്മുടെ ജീവിതത്തിന്റെ അത്താണി? ജീവിത പ്രശ്നങ്ങളിൽ നമ്മുടെ സാധാരണ സമീപനമെന്താണ്?

ഈ വിവരണങ്ങൾക്കിടയിൽ തെളിഞ്ഞു കാണുന്ന മറ്റൊരു സവിശേഷത പൗലോസിന്റെ വ്യക്തിപ്രഭാവമാണ്. ബന്ധനസ്ഥനായ ഒരു കുറ്റവാളിയുടെ പരുങ്ങലല്ല, വിജയശ്രീലാളിതനായ ഒരു പടത്തലവന്റെ തലയെടുപ്പാണ് പൗലോസിൽ കാണുന്നത്. യാത്രയുടെ ദുർഘട ഘട്ടങ്ങളിലെല്ലാം ഏറ്റവും വലിയ ശക്തിയും സ്വാധീനവും ചെലുത്തുന്നത് പൗലോസാണ്.

> *"ഭയമറിയാത്ത മനസ്സും ഉയർന്ന ശിരസ്സും എവിടെയാണോ*
> *വാക്കുകൾ ഹൃദയത്തിന്റെ അഗാധമായ ഉറവിട*
> *ത്തിൽ നിന്നുയരുന്നതെവിടെയാണോ*
> *ചിന്തയുടെ സ്രോതസ്സ് ദുരാചാരങ്ങളുടെ*
> *വരണ്ട മരുഭൂമിയിൽ പ്രവേശിച്ച് അതിന്റെ സ്വതന്ത്രഗതിക്ക്*
> *വിഘ്നം വരുത്താതിരിക്കുന്നതെവിടെയോ*
> *പൗരുഷം നുറുനുറായി നുറുങ്ങിപ്പോകാതിരിക്കുന്നതെവിടെയോ*
> *ആ സ്വാതന്ത്ര്യസ്വർഗ്ഗത്തിലേയ്ക്ക്, അല്ലയോ പിതാവേ*
> *എന്റെ രാജ്യത്തെ ഉയർത്തേണമെ."* (ഗീതാഞ്ജലി 35)

എന്ന ഗീതാഞ്ജലിയിലെ പ്രാർത്ഥനയാണ് ഇവിടെ ഓർത്തുപോകുന്നത്.

ദൈവത്തോടുള്ള അനുസ്യൂതമായ അടുപ്പവും സ്വജീവിതത്തിൽ ദൈവഹിതം ഏറ്റുവാങ്ങുന്നതിനുള്ള ഉത്സാഹവുമാണ് തന്റെ സ്ഥിതിക്കും പരിസ്ഥിതിക്കും അതീതമായ ആ മനസാന്നിദ്ധ്യത്തിനും ശക്തിക്കും നിദാനം. ദൈവശക്തിക്ക് അസ്സാദ്ധ്യമായി ഒന്നുമില്ലെന്ന് അദ്ദേഹമുറച്ച് വിശ്വസിച്ചു.

## 'ഇനി രക്ഷയില്ല!'

ദൈവശക്തിയെ വിലകുറച്ചു കാണാതിരിക്കുവാൻ നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഉയരത്തിൽ പറന്നുകൊണ്ടിരുന്ന ഒരു യാത്രാ വിമാനത്തിന്റെ എൻജിനുകളെല്ലാം പൊടുന്നനെ കേടായി. എന്തോ പന്തികേടുണ്ടെന്ന് യാത്രക്കാർക്ക് ബോദ്ധ്യമായ നിമിഷം. കോക്ക്പിറ്റിൽ നിന്നും ഇറങ്ങിവന്ന പൈലറ്റ്, വിഹ്വലരായ യാത്രക്കാരോട് പറഞ്ഞു: 'ഇനി ദൈവം നോക്കിയാലേ നമ്മെ രക്ഷിക്കാൻ കഴിയൂ.' ഇതൊന്നുമറിയാതെ മയക്കത്തിലായിരുന്ന ഒരു വൈദികൻ കണ്ണുതുറന്ന് തന്റെ അടുത്തിരുന്ന സഹയാത്രികനോട്, പൈലറ്റു പറഞ്ഞതെന്താണെന്ന് അന്വേഷിച്ചപ്പോൾ കേട്ട ഉത്തരം:

www.malankaralibrary.com

"ഇനി രക്ഷയില്ല". വാസ്തവത്തിൽ പൈലറ്റ് പറഞ്ഞതങ്ങനെയായിരുന്നില്ല. ഭയപ്പെടേണ്ട, ഇനിയും ദൈവം നമുക്ക് തുണയായിരിക്കും എന്നാണ്. എന്നാൽ ആ യാത്രക്കാരൻ ദൈവത്തെ സൗകര്യപൂർവ്വം മറന്നു കളഞ്ഞു! പ്രയാസങ്ങളിലെ നമ്മുടെ പ്രതികരണം ഇതിലേത് വിധത്തിലാണ്?

ഉരയ്ക്കുമ്പോൾ മാറ്റു തെളിയുന്ന സ്വർണ്ണം പോലെ നമ്മുടെ വിശ്വാസം മാറ്റു തെളിയിക്കേണ്ടത് ദുർഘടഘട്ടങ്ങൾ വരുമ്പോഴാണ്. വെല്ലുവിളികളുടെ മുമ്പിലാണ് പൗരുഷം ഉണരേണ്ടത്. മാലാഖ മറിയത്തോട് പറഞ്ഞു: "ദൈവത്തിന് ഒന്നും അസ്സാദ്ധ്യമല്ല" (ലൂക്കോ. 1/38). അതേ, നമ്മിൽ അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ ദൈവത്തിന് കഴിയും. നമ്മിലേറ്റവും ചെറിയവൻ പോലും നന്നായി സഹകരിച്ചാൽ ദൈവകരങ്ങളിലെ നല്ലൊരുപകരണമായിത്തീരാം. പീഢകനായ ശൗലിനെ അപ്പസ്തോലന്മാരിൽ അതിശ്രേഷ്ഠനാക്കിയത് അവിടുന്നാണ്. നമുക്കുവേണ്ടിയും അവൻ കരുതുന്നതെന്താണെന്ന് തിരിച്ചറിയുവാൻ നാം കാത്തിരിക്കണം.

## അന്ത്യയാത്രയിലെ സ്നേഹസാന്ത്വനം:

കാൽവരിയിലേക്കുള്ള യാത്രയിൽ കെറുറീൻകാരൻ ശെമഓന്റെയും വെറോനിക്ക തുടങ്ങിയ ഭക്തസ്ത്രീകളുടെയും സ്നേഹശുശ്രൂഷയിൽ യേശു ആശ്വാസം കണ്ടെത്തിയതുപോലെ, തന്റെ അന്ത്യയാത്രയിലും മറ്റുള്ളവരിൽ നിന്ന് സാന്ത്വനവും ആശ്വാസവും ആനന്ദവും പ്രാപിക്കുന്ന പൗലോസിനെ നമുക്ക് കാണാനാവും. റോമൻ ശതാധിപൻ ജൂലിയസ്, ഗ്രാമത്തലവനായ പുബ്ലിയുസ് എന്നിവർ എത്ര കരുണയോടെയാണ് പൗലോസിനോട് പെരുമാറിയതെന്നു നോക്കുക. 28-ാമദ്ധ്യായം രണ്ടാം വാക്യത്തിൽ മാൾട്ടാ-നിവാസികൾ കാണിക്കുന്ന അനിതര സാധാരണമായ ആതിഥ്യ മര്യാദ നമുക്ക് കാണാം. ഇറ്റലിയിലെത്തിയപ്പോഴും അദ്ദേഹത്തെ സ്വീകരിക്കുവാൻ വിശ്വാസികളുടെ വിവിധ സമൂഹങ്ങൾ തയ്യാറായി. ഈ അനുകൂല സാഹചര്യങ്ങളെ ദൈവവേലയ്ക്കായി അദ്ദേഹം പ്രയോജനപ്പെടുത്തുന്നു. നാമോരോരുത്തരും ചെയ്യേണ്ടതതാണ്. എത്രമാത്രം അനുകൂല സാഹചര്യങ്ങളാണ് നമുക്കിന്ന് ദൈവം തന്നിട്ടുള്ളത്. അതൊക്കെ എങ്ങനെയാണ് നാം സുവിശേഷ പ്രചാരണത്തിനനുകൂലമായി ഉപയോഗിക്കുന്നത് എന്ന് ആത്മശോധന ചെയ്തു നോക്കേണ്ടതാണ്.

അവസാനമായി, പൗലോസിന്റെ ദൈവസ്നേഹത്തിനൊപ്പം നില്ക്കുന്ന മനുഷ്യസ്നേഹത്തെക്കൂടി നമുക്ക് ഒന്നു കാണാം. ആത്മാർത്ഥമായ സ്നേഹവും കരുതലും കൊണ്ട് നല്ലൊരു ശുശ്രൂഷകനായി മാറുന്നു പൗലോസ്. ആ കപ്പലിന്റെ നാവീകരെയും സഹയാത്രികരെയും ഒരമ്മയെപ്പോലെ നിർബ്ബന്ധിച്ചും പ്രോത്സാഹിപ്പിച്ചും ഭക്ഷണം കഴിപ്പിക്കുന്ന കാഴ്ച രോമാഞ്ചജനകം തന്നെ. അവർക്ക് ശാരീരിക ഭക്ഷണവും ഒപ്പം ആത്മാവിന് പോഷണവും പകർന്നു നല്കുകയാണ് അപ്പസ്തോലൻ.

www.malankaralibrary.com

അതുവഴി അവരെല്ലാവരും രക്ഷപ്രാപിക്കുവാൻ കാരണമായി. പുബ്ലിയുസിന്റെ പിതാവിനെയും ആ ദ്വീപുനിവാസികളിൽ രോഗികളായവരെയെല്ലാം അദ്ദേഹം സൗഖ്യമാക്കുന്നു. കുരിശിൽ കിടന്ന യേശുവിനെപ്പോലെ മറ്റുള്ളവരിലേക്ക്, തന്റെ വിഷമഘട്ടത്തിൽ പോലും സ്നേഹം ചൊരിയുകയും ആശ്വാസം പകരുകയും ചെയ്യുന്ന പൗലോസ്, എക്കാലത്തെയും സാമൂഹ്യ പ്രവർത്തകന്റെ ഉദാത്തമാതൃകയാണ്. വ്യക്തിപരമായ തകർച്ചകളും മുറിവുകളും ഒന്നും തന്നെ തന്റെ ദൈവസ്നേഹത്തിൽ നിന്നോ മനുഷ്യ സേവനത്തിൽ നിന്നോ അദ്ദേഹത്തെ പിൻതിരിപ്പിക്കുന്നില്ല. അവന്റെ ധീരമായ ഉദീരണം കേട്ടാലും: "ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് ആരു നമ്മെ വേർപെടുത്തും? ക്ലേശമോ ദുരിതമോ പീഢനമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ?...... നമ്മേ സ്നേഹിച്ചവൻ മുലം ഇവയിലെല്ലാം നാം പൂർണ്ണ വിജയം വരിക്കുന്നു. എന്തെന്നാൽ മരണത്തിനോ ജീവനോ, ദൂതന്മാർക്കോ അധികാരങ്ങൾക്കോ, ഇക്കാലത്തുള്ളവയ്ക്കോ വരാനിരിക്കുന്നവയ്ക്കോ, ശക്തികൾക്കോ, ഉയരത്തിനോ, ആഴത്തിനോ, മറ്റേതെങ്കിലും സൃഷ്ടിക്കോ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള **ദൈവസ്നേഹത്തിൽ നിന്ന് നമ്മെ വേർപെടുത്താൻ കഴിയുകയില്ലെന്ന് എനിക്കുറപ്പുണ്ട്** (റോമ. 8/35-39). ആ വാക്കിന്റെ എല്ലാ അർത്ഥത്തിലും പൗലോസ് ഉത്തമനായ ഒരു ക്രിസ്തുശിഷ്യനാണ്.

## ലക്ഷ്യം കാണുന്ന യാത്ര:

28-ാമദ്ധ്യായത്തിൽ 16-ാം വാക്യത്തിൽ യാത്രയുടെ ലക്ഷ്യത്തിലെത്തിച്ചേരുന്ന പൗലോസിനെ നാം കാണുന്നു. ഇക്കാലമത്രയും ഏവിടം ലക്ഷ്യം വെച്ചാണോ പരിശുദ്ധാത്മാവ് തന്നെ നയിച്ചു കൊണ്ടിരുന്നത് ആ റോമാ നഗരത്തിന്റെ ഹൃദയത്തിൽ കാലുറപ്പിച്ച് നില്ക്കുന്ന പൗലോസിന്റെ ചിത്രം 'എഫേസോസിലെ കോളോസ്സസ്സിന്റ' രൂപമാണ് നമ്മുടെ മനസ്സിൽ ജനിപ്പിക്കുക. കർത്താവായ യേശുക്രിസ്തുവിന്റെ സവിശേഷമായ സുവിശേഷ ദൂത് റോമ്മാ നഗരത്തിലും – അതുവഴി ലോകത്തിന്റെ അതിർത്തികൾ വരെയും – പ്രഘോഷിക്കാനുള്ള ക്രോസ് കൺട്രി ഓട്ടത്തോട് അഥവാ മാരത്തോൺ ഓട്ടത്തോട് ഇതിനെ ഉപമിക്കാം.

## അതെന്തേ?

സുദീർഘമായൊരു യാത്രാവിവരണത്തിനു ശേഷം വെറും 'ഒരു മുറി വാചകത്തിൽ' അദ്ദേഹത്തിന്റെ റോമാവാസത്തെ ഒതുക്കി നിർത്തിയിരിക്കുന്നത് നമ്മെ പ്രത്യേകം ചിന്തിപ്പിക്കും. അമരക്കാരനായ പൗലോസിനെയും കൊണ്ട് 'സുവിശേഷത്തോണി' കുതിച്ചുപായുന്ന കാഴ്ച കാണാൻ ആകാംക്ഷയോടെ കാത്തിരുന്ന നമ്മെ അങ്ങനെതന്നെ വിട്ടുകൊണ്ട്

www.malankaralibrary.com

പൗലോസിനെ റോമിൽ എത്തിച്ചതിന് ശേഷം ലൂക്കോസ് നിശ്ശബ്ദം പിൻവാങ്ങുന്നതായി നാം കാണുന്നു. കൂടുതലൊന്നും പറയാതെയും ഏറെയൊന്നും വിവരിക്കാതെയും ഒരു കൊച്ചു വാചകത്തിൽ ഈ നീണ്ടകഥ ഉപസംഹരിച്ചിരിക്കുന്നു. 28-ാമദ്ധ്യായം 31-ാം വാക്യമിങ്ങനെ വായിക്കുന്നു: "അവൻ ദൈവരാജ്യം പ്രസംഗിക്കുകയും കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ച് നിർബാധം, ധൈര്യപൂർവ്വം പഠിപ്പിക്കുകയും ചെയ്തു." എന്താണ് ഈ സമാപനം ഇത്രയും ഹ്രസ്വമാകാൻ കാരണം? ഈ പാഠത്തിന്റെ തുടക്കത്തിൽ പറഞ്ഞത് ഓർക്കുക. പത്രോസിന്റെയും പൗലോസിന്റെയും ജീവചരിത്രം രചിക്കുകയായിരുന്നില്ല ഗ്രന്ഥകാരനായ ലൂക്കോസിന്റെ ലക്ഷ്യം. നേരേ മറിച്ച് അദ്ദേഹം തന്റെ രചനാ ലക്ഷ്യം ഒന്നാമദ്ധ്യായം എട്ടാം വാക്യത്തിൽ തന്നെ വ്യക്തമാക്കിയിരിക്കുന്നു: "ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും **നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കുകയും** ചെയ്യും." പൗലോസ് റോമിലെത്തിയതോടെ ആ കല്പന പൂർത്തീകൃതമായി. ലൂക്കോസിനെ സംബന്ധിച്ചിടത്തോളം കഥ പൂർത്തിയായിക്കഴിഞ്ഞു. ഇനി പൗലോസിനെക്കുറിച്ച് എഴുതിയാൽ അത് ക്രിസ്തുവിന്റെ പുനരുത്ഥാന സദ്വാർത്തയ്ക്ക് ഉപരി പൗലോസിനെ പ്രതിഷ്ഠിക്കുന്നതു പോലെയാകും. സുവിശേഷം പ്രഘോഷിക്കപ്പെടുകയെന്നതാണ് ഇവിടെ സർവ്വപ്രധാനം. വ്യക്തിപ്രഭാവമെല്ലാം അതിനു താഴെയേ വരൂ; പൗലോസായാൽപ്പോലും. ലൂക്കോസിന്റെ ഈ ദർശനമായിരിക്കണം സഭയ്ക്ക് എന്നും വഴികാട്ടി. വ്യക്തികളുടെ സ്ഥാനവലിപ്പമോ പുകഴ്ചയോ സുവിശേഷ ദൗത്യത്തെ നിഷ്പ്രഭമാക്കാതിരിക്കാൻ നാം ജാഗ്രത പുലർത്തണം. "അവൻ വളരണം, ഞാനോ കുറയണം' (യോഹ. 3/30) എന്ന സ്നാപകന്റെ സ്വരം ശ്രദ്ധേയമാണ്. സന്ദേശ വാഹകനെക്കാൾ സർവ്വപ്രധാനം സന്ദേശമാണ്.

## റോമിലെത്തിയ ക്രിസ്തുവിന്റെ പടയാളി

പൗലോസിന്റെ റോമ്മാവാസത്തെക്കുറിച്ച് തീരെക്കുറച്ച് വാക്കുകളെ രേഖപ്പെടുത്തിയിട്ടുള്ളു എന്നുവരികിലും റോമിലെ സുവിശേഷ വേലയുടെ ചില പ്രത്യേകതകൾ ആ വരികൾക്കിടയിലൂടെ പ്രകാശിക്കുന്നത് കാണാം. അതുകൂടി കണ്ടിട്ട് അപ്പസ്തോല പ്രവർത്തനങ്ങളുടെ ഈ പഠനം നമുക്ക് സമാപിക്കാം.

## സുവിശേഷ ആലോചനായോഗം

"മൂന്നു ദിവസം കഴിഞ്ഞതിനു ശേഷം സ്ഥലത്തെ യഹൂദ നേതാക്കന്മാരെ അവൻ വിളിച്ചു കൂട്ടി" (അപ്പ. 28/17). വചനം ശ്രവിക്കുവാൻ (സ്വീക

www.malankaralibrary.com

രിക്കുവാനും!) അവർ സന്നദ്ധരാണോ എന്നറിയുവാനായിരുന്നു ഈ സമ്മേളനം വിളിച്ചുകൂട്ടിയത്. എത്ര എത്ര പ്രാവശ്യമാണ് യഹൂദർ പൗലോസിനെയും പൗലോസിന്റെ സന്ദേശം തന്നെയും തള്ളിക്കളഞ്ഞിരിക്കുന്നത്! എന്നുവരികിലും ഭഗ്നാശനാകാതെ എല്ലായ്പോവും എല്ലാ സ്ഥലത്തും, എപ്പോഴും എവിടെയും, രക്ഷയുടെ ദൂത് ആദ്യമേ യഹൂദന്മാരുടെ മുമ്പിൽ വിളമ്പിക്കൊടുക്കുവാൻ അദ്ദേഹം നിഷ്ഠ കാണിച്ചിരുന്നു. ക്രിസ്തുമാർഗ്ഗം യഹൂദമതത്തിന്റെ പൂർത്തീകരണമാണെന്നും യൂദന്മാർ അതുവഴി വാസ്തവത്തിൽ കൂടുതൽ മഹത്വീകരിക്കപ്പെടുമെന്നും അദ്ദേഹം ഉറപ്പായി വിശ്വസിച്ചിരുന്നു. തന്റെ അന്ത്യശ്വാസം വരെ അത് യഹൂദരെ ബോദ്ധ്യപ്പെടുത്തുവാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു; പ്രവർത്തിച്ചിരുന്നു. തന്റെ സ്വന്തം ജനത്തെ പൗലോസ് ഒരിക്കലും ഉപേക്ഷിച്ചില്ല. നാമോരോരുത്തരോടും അദ്ദേഹം ആഹ്വാനം ചെയ്യുന്നതും മറ്റൊന്നല്ല. നമ്മുടെ കരുതലിനും കാവലിനും ഏല്പിക്കപ്പെട്ട ജനത്തെ അവസാനനിമിഷം വരെ നാം കരുതുകയും കാക്കുകയും വേണം. അന്ത്യം വരെ നാം വിശ്വസ്തരായിരിക്കുമോ?

## നിഷേധിക്കപ്പെട്ട സുവിശേഷം

നിർഭാഗ്യവശാൽ മുൻപെന്നത്തേപ്പോലെ തന്നെ റോമിലും സംഭവിക്കുന്നു. യഹൂദന്മാർ പൗലോസിന്റെ ഔദാര്യം നിഷേധിച്ചു കളഞ്ഞു. അതിനാൽ അദ്ദേഹം വിജാതീയരിലേക്ക് തിരിഞ്ഞു. യഹൂദന്മാർ മാനസാന്തരപ്പെടാത്തതിന്റെ കുറ്റം യാതൊരു കാരണവശാലും പൗലോസിന്റെ മേൽ ആരോപിക്കപ്പെടുകയില്ലെന്ന് ലൂക്കോസ് ആവർത്തിച്ച് നമ്മെ ബോദ്ധ്യപ്പെടുത്തുകയാണ്. റോമിലെ സഭ മുഖ്യമായും വിജാതീയ ക്രൈസ്തവരുടെതാകാൻ കാരണമെന്തെന്നും ഇവിടെ സ്പഷ്ടമാക്കുന്നു. മാത്രമല്ല ദൈവവചനം ഒരിക്കലും നിഷ്ഫലമാകയില്ല. ഒരിടത്ത് അത് സ്വീകരിക്കപ്പെട്ടില്ലെങ്കിൽ മറ്റൊരിടത്ത് അത് ഫലം പുറപ്പെടുവിക്കുകതന്നെ ചെയ്യും. സുവിശേഷ പ്രചരണത്തിൽ ഏർപ്പെട്ടിരിക്കുന്നവർ യാതൊരു കാരണവശാലും നിരാശപ്പെടേണ്ട കാര്യമില്ല.

## ഭൂമിയുടെ അതിർത്തിയിലെ ധീരസാക്ഷി

28-ാമദ്ധ്യായത്തിന്റെ സമാപനവാക്യങ്ങൾ ഇതുവരെ പറഞ്ഞവയുടെയെല്ലാം ഉപസംഹാരമായി നിലകൊള്ളുന്നു. "അവൻ രണ്ടു വർഷം മുഴുവൻ അവിടെ താമസിച്ചു. തന്നെ സമീപിച്ചവരെ എല്ലാവരെയും അവൻ സ്വാഗതം ചെയ്തിരുന്നു. അവൻ ദൈവരാജ്യം പ്രസംഗിക്കുകയും കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ച് നിർബാധം, ധൈര്യപൂർവ്വം പഠിപ്പിക്കുകയും ചെയ്തു" (അപ്പ. 28/30-31). കേൾക്കാൻ തയ്യാറുള്ള ആരോടും യേശുക്രിസ്തുവിനെക്കുറിച്ച് പറയുക എന്നതായിരുന്നു പൗലോസിന്റെ

www.malankaralibrary.com

ഏറ്റം വലിയ ആനന്ദം. അനുദിനം വ്യക്തിപരമായും അനൗപചാരികമായും കണ്ടുമുട്ടിയ ഓരോ വ്യക്തികളോടും തന്റെ ജീവിതത്തെ സ്പർശിച്ച, തന്നെ രക്ഷിച്ച, മാനസാന്തരത്തിലേക്ക് നയിച്ച രക്ഷകനായ യേശുക്രിസ്തുവിനെക്കുറിച്ച് പറയുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. പൗലോസിനെക്കുറിച്ചുള്ള ലൂക്കോസിന്റെ ഈ അന്തിമ വചനങ്ങൾ വായനക്കാരായ നമ്മെ വെല്ലുവിളിക്കുകയാണ്. നാമെത്ര ഉന്നതരാകട്ടെ എളിയവരാകട്ടെ, തടവിലോ രോഗശയ്യയിലോ ആകട്ടെ, നാം ക്രിസ്തുവിനെ പ്രഘോഷിക്കുക തന്നെ വേണം. അതും വല്ലപ്പോഴുമല്ല, ദിനംപ്രതി. ജീവനും രക്ഷയും പ്രദാനം ചെയ്യുന്ന കർത്താവായ യേശുവിനെയും ജീവദായകമായ അവന്റെ സുവിശേഷത്തെയും നമ്മെ സമീപിക്കുന്ന ഓരോരുത്തർക്കും നാം കണ്ടുമുട്ടുന്ന ഏവർക്കും പൗലോസപ്പോസ്തലനെപ്പോലെ നമ്മുടെ ജീവിതത്തിലൂടെ നാമും അവതരിപ്പിക്കണം. അങ്ങനെ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഇവിടെ സമാഗതമാകണം.

*ഏവർക്കും നവവത്സരത്തിന്റെ മംഗളങ്ങൾ*

*Happy New Year*

തയ്യാറാക്കിയത്:

മേരിഗിരി, തിരുവല്ല

31-12-1998

ഫാദർ ഏബ്രഹാം കാടമല

ഫാദർ ഏബ്രഹാം നടുവിലേടം

**A.M.D.G**

www.malankaralibrary.com